ആധുനികാനന്തര സാഹിത്യസിദ്ധാന്തങ്ങൾ

Course Code: M21ML12DC

Discipline Core Course
Postgraduate Programme in
Malayalam Language and Literature



SREENARAYANAGURU
OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU OPEN UNIVERSITY

Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

Pathway

Access and Quality define Equity.

ആധുനികാനന്തര സാഹിത്യസിദ്ധാന്തങ്ങൾ

Course Code: M21ML12DC

Semester - IV

Discipline Core Course
Postgraduate Programme
Malayalam Language and Literature
Self Learning Material

SGOU

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

ആധുനികാനന്തര സാഹിത്യസിദ്ധാന്തങ്ങൾ

Course Code: M21ML12DC
Discipline Core Course
MA Malayalam
Semester - IV

SREENARAYANAGURU OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University.
Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-973709-1-5

DOCUMENTATION

Academic Committee

Prof. Dr. V. A Valsalan
Prof. Dr. R. B. Sreekala
Dr. T. Anithakumary
Dr. Santhosh Manichery
Dr. Rajani N.
Dr. Santhoshkumar T. K.
Dr. Ajith G. Krishna
Prof. Thomas Thamarassery

Development of the Content
Dr. Jaya R.S.

Review
Content : Prof. Prasannarajan
Format : Dr. I.G. Shibi
Linguistics : Prof. Thomas Thamarassery

Edit
Prof. Prasannarajan

Scrutiny
Aswani A.P., Deepam S., Dr. Thara S. S., Dr. Deepthi V.S., Dr. Lathika A.C.

Co-ordination
Dr. I.G. Shibi and Team SLM

Design Control
Azeem Babu T. A.

Cover Design
Jobin J.

Production
September 2024

Copyright
© Sreenarayanaguru Open University 2024

YouTube

MESSAGE FROM VICE CHANCELLOR

Dear learner,

I extend my heartfelt greetings and profound enthusiasm as I warmly welcome you to Sreenarayanaguru Open University. Established in September 2020 as a state-led endeavour to promote higher education through open and distance learning modes, our institution was shaped by the guiding principle that access and quality are the cornerstones of equity. We have firmly resolved to uphold the highest standards of education, setting the benchmark and charting the course.

The programmes offered by the Sreenarayanaguru Open University aim to strike a quality balance, ensuring students are equipped for both personal growth and professional excellence. The University embraces the widely acclaimed "blended format," a practical framework that harmoniously integrates Self-Learning Materials, Classroom Counseling, and Virtual modes, fostering a dynamic and enriching experience for both learners and instructors.

The university aims to offer you an engaging and thought-provoking educational journey. The MA Malayalam programme has been meticulously designed to meet rigorous academic and literary standards. This programme blends classical and modern approaches to Malayalam language and literature. We are confident that you will find it intellectually stimulating and personally fulfilling. The Self-Learning Material has been meticulously crafted, incorporating relevant examples to facilitate better comprehension.

Rest assured, the university's student support services will be at your disposal throughout your academic journey, readily available to address any concerns or grievances you may encounter. We encourage you to reach out to us freely regarding any matter about your academic programme. It is our sincere wish that you achieve the utmost success.



Regards,
Dr. Jagathy Raj V. P.

01-09-2024

Contents

BLOCK-01 പാഠവിമർശനവും വ്യവഹാര വിശകലനവും 1

Unit 1 ഘടനാവാദാനന്തരചിന്തകൾ 2
Unit 2 റൊളാങ് ബാർത്ത് 12
Unit 3 വ്യവഹാരങ്ങൾ 23
Unit 4 മിഷേൽ ഫൂക്കോയുടെ മാതൃകകൾ 33

BLOCK-02 മനോവിജ്ഞാനീയം, നവമാർക്സിസം, സംസ്കാരപഠനം 44

Unit 1 മന:ശാസ്ത്രം 45
Unit 2 നവമാർക്സിസം 59
Unit 3 സാംസ്കാരിക ഭൗതികവാദം 73
Unit 4 മൂന്നാംലോകത്തിന്റെ സാംസ്കാരിക സങ്കല്പങ്ങൾ 99

BLOCK-03 അധിനിവേശവിമർശം-അധീശത്വവിമർശം 123

Unit 1 കോളനിയാനന്തര വിമർശനം 124
Unit 2 കോളനിയാനന്തര സാഹിത്യം 149
Unit 3 കീഴാള പഠനം 163
Unit 4 സാഹിത്യത്തിലെ വംശീയത 175

BLOCK-04 സ്ത്രീവാദവും പാരിസ്ഥിതിക പഠനങ്ങളും 190

Unit 1 സ്ത്രീവാദം വികാസഘട്ടങ്ങൾ 191
Unit 2 മൂന്നാംലോക സ്ത്രീവാദം 212
Unit 3 പാരിസ്ഥിതികചിന്തകൾ 222
Unit 4 പാരിസ്ഥിതിക സ്ത്രീവാദം 231

SGOU

പാഠവിമർശനവും വ്യവഹാര വിശകലനവും

BLOCK-01

Block Content

യൂണിറ്റ് - 1 ഘടനാവാദാനന്തരചിന്തകൾ

യൂണിറ്റ് - 2 റൊളാങ് ബാർത്ത്

യൂണിറ്റ് - 3 വ്യവഹാരങ്ങൾ

യൂണിറ്റ് - 4 മിഷേൽ ഫൂക്കോയുടെ മാതൃകകൾ

Unit 1

ഘടനാവാദാനന്തരചിന്തകൾ

Learning Outcomes

- ഘടനാവാദാനന്തരചിന്തയെക്കുറിച്ച് ധാരണയുണ്ടാകുന്നു
- ഴാക് ദെറിദയുടെ ചിന്താപദ്ധതികളെ മനസിലാക്കുന്നു
- ഡിഫർ-ഡെഫർ-ഡിഫറൻസ് എന്നിവയെക്കുറിച്ചറിയുന്നു
- അപനിർമാണത്തെക്കുറിച്ച് മനസിലാക്കുന്നു

Background

സാമ്പ്രദായികഭാഷാസമീപനരീതികളിൽ സമൂലമായ പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവാണ് ഇക്കഴിഞ്ഞ നൂറ്റാണ്ട്. നിലനിന്നു പോന്ന വ്യാകരണബദ്ധമായ ഭാഷാ അപഗ്രഥന രീതിയിൽ നിന്നും മുന്നോട്ടുപോയി ശാസ്ത്രീയമായ സമീപനവും രീതിശാസ്ത്രവും ഭാഷാപഠനത്തിൽ സ്വീകരിക്കപ്പെട്ടു. ഭാഷയെ ഒരു വ്യവസ്ഥയെന്ന രീതിയിൽ സമീപിക്കുവാനും അതിന്റെ ഘടകങ്ങളെ ഇഴപിരിച്ച് അപഗ്രഥിക്കുവാനുമുള്ള ശ്രമം പ്രബലമായി. ശാസ്ത്രീയമായ ഭാഷാപഗ്രഥനം അന്തർവിദ്യാപരമായ ജ്ഞാനസാധ്യതകൾക്ക് വഴിയൊരുക്കി. എല്ലാ മാനവിക ശാസ്ത്ര ശാഖകളിലും ഘടനാപരമായ സമീപന രീതി വികാസം പ്രാപിച്ചു. ഭാഷാശാസ്ത്രത്തിന്റെ വിവിധ വശങ്ങളും രീതിശാസ്ത്രവും അടിസ്ഥാനമാക്കി വികാസം പ്രാപിച്ച സാഹിത്യ വിശകലന സമ്പ്രദായമാണ് ഘടനാവാദം. ഈ ഭാഷാശാസ്ത്ര സാഹിത്യവിമർശനപ്രസ്ഥാനം 1960-കളോടെ അമേരിക്കയിലെയും യൂറോപ്പിലെയും സാഹിത്യ വിമർശന രംഗത്ത് സർവതലസ്പർശിയായ സ്വാധീനം ചെലുത്തി. ഭാഷയെ ചിഹ്ന വ്യവസ്ഥയായി കാണുകയും ചിഹ്നങ്ങളുടെ വ്യത്യസ്തമായ ഘടകങ്ങളിൽ നിന്നാണ് അർഥമുണ്ടാകുന്നതെന്ന് സിദ്ധാന്തിക്കുകയും ചെയ്യുന്ന ചിന്താപദ്ധതിയാണ് ഘടനാവാദം. മനുഷ്യ സംസ്കാരത്തിന്റെ എല്ലാ തലങ്ങളും ഒരു ചിഹ്നവ്യവസ്ഥയുടെ ഭാഗം എന്ന നിലയിൽ വർത്തിക്കുന്നു എന്ന് അവർ വാദിക്കുന്നു. സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനന്റ് ഡി സൊസ്യൂറിന്റെ (Ferdinand de Saussure) കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ് (1916) (Course in General Linguistics) എന്ന ഗ്രന്ഥം ഘടനാവാദത്തിന്റെ ആവിർഭാവത്തിനും വികാസത്തിനും നിർണായക സംഭാവനകൾ നൽകി.

സാമൂഹ്യനരവംശശാസ്ത്രജ്ഞനായ ക്ലോദ് ലെവിസ്ട്രോസ് (Claude Levi Srauss) റഷ്യൻ ഫോർമലിസ്റ്റായ റോമൻ യാക്കോബ്സൺ (Roman Jakobson) തുടങ്ങിയവരുടെ ദർശനങ്ങൾ ഘടനാവാദത്തിന് പ്രേരകമായിട്ടുണ്ട്. സാഹിത്യ സാംസ്കാരിക വിമർശകനായ റൊളാങ് ബാർത്ത്, (Roland Barthes} മനോവിശകലന വിദഗ്ധനായ ലകാൻ (Jacques Lacan), ചരിത്രകാരനായ മിഷൽ ഫുക്കോ (Michel Foucault), മാർക്സിസ്റ്റ് സൈദ്ധാന്തികനായ ലൂയി അൾത്തൂസർ (Louis Althusser) എന്നിവർ ഘടനാവാദത്തെ സാഹിത്യ സിദ്ധാന്തം എന്ന നിലയിൽ വികസിപ്പി

ക്കുന്നതിന് മികച്ച സംഭാവനകൾ നൽകി.

നിലവിലുള്ള പഠന വിജ്ഞാന മേഖലകളുടെയെല്ലാം അപഗ്രഥനരീതിയിൽ നിന്നും വ്യത്യസ്തമാണ് ഘടനാവാദത്തിന്റെ അപഗ്രഥനരീതി. സ്വയം ഒരു വ്യവസ്ഥയാകാതെ, എല്ലാ വ്യവസ്ഥകളും എങ്ങനെ എന്ത് സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് അന്വേഷിക്കാനുള്ള ഇടം നൽകുകയാണ് ഘടനാവാദം. സാഹിത്യത്തിലൂടെ നാം അനുഭവിക്കുന്നത് എന്താണ് എന്നതിനേക്കാൾ എങ്ങനെയാണ് ഒരു ഭാഷാ വ്യവസ്ഥയെ നാം സാഹിത്യമായി തിരിച്ചറിയുന്നത്, അതിന്റെ സാഹചര്യങ്ങൾ എന്തൊക്കെയാണ്, എന്തെല്ലാം സൂചനകളാണ് സാഹിത്യപരമായ അർഥമോ അനുഭവമോ നമുക്ക് നൽകുന്നത് എന്നെല്ലാം അന്വേഷിക്കാൻ ഘടനാവാദ സാഹിത്യ വിശകലനരീതി ശ്രമിക്കുന്നു.

Keywords

ഘടനാവാദാനന്തരചിന്ത-വ്യത്യസ്തത-അപകേന്ദ്രം-സ്വതന്ത്രലീല-എഴുത്ത്-ഡിഫറൻസ് (differance) - അപനിർമാണം

Discussion

- ഘടനാവാദോത്തരചിന്ത

ഘടനാവാദത്തിനുശേഷം പാശ്ചാത്യ സാഹിത്യ ചിന്തയുടെയും സംസ്കാരപഠനത്തിന്റെയും മേഖലകളിൽ വികസിച്ചുവന്ന സൈദ്ധാന്തിക മുന്നേറ്റമാണ് ഘടനാവാദാനന്തരചിന്ത. നവമാർക്സിസം, ആധുനികോത്തരത, നവചരിത്രവാദം, സാംസ്കാരിക ഭൗതികവാദം ഫെമിനിസം, കോളനിയാനന്തരവ്യവഹാരം, അനുവാചകപ്രതികരണ സിദ്ധാന്തങ്ങൾ, നവമനോവിജ്ഞാനീയ സിദ്ധാന്തങ്ങൾ തുടങ്ങിയവയിൽ എല്ലാം ഘടനാവാദോത്തരചിന്തയുടെ സ്വാധീനങ്ങൾ കാണാം. സൊസ്യൂറിന്റെ ഉൾക്കാഴ്ചകൾ ചില പരിഷ്കരണങ്ങളോടെ ഘടനാവാദാനന്തരചിന്തയിലും നിലനിൽക്കുന്നു. അതിനാലാണ് ഘടനാവാദാനന്തരചിന്ത ഘടനാവാദത്തിന്റെ ഒരു വിപുലനമായി കണക്കാക്കുന്നത്.

അതേസമയം ഘടനാവാദത്തിന്റെ ചില സൈദ്ധാന്തിക പരിമിതികൾ മറികടക്കാനുള്ള ശ്രമവും ഘടനാവാദാനന്തരതയിൽ കാണാം. ദെറിദയുടെ (Jacques Derrida) ചിന്താപദ്ധതികളിൽ ആണ് ഘടനാനന്തരവാദത്തെ സംബന്ധിച്ച സിദ്ധാന്തങ്ങൾ രൂപപ്പെട്ട് തുടങ്ങിയത്. ലവിസ്ട്രോസ് (Claude Levi Strauss) ഒഴികെയുള്ള പ്രമുഖ ഘടനാവാദചിന്തകരെല്ലാം 1980-കൾക്ക് ശേഷം ഘടനാവാദാനന്തരചിന്തകളുടെ വക്താക്കളായി പരിഗണിക്കപ്പെടുന്നുണ്ട്. എല്ലാറ്റിനേയും ഭാഷാഘടനയിലേക്ക് ചുരുക്കി കാണുന്ന ഘടനാവാദരീതികളെ വിമർശിച്ചുകൊണ്ടാണ് ഘടനാവാദാനന്തരചിന്തയുടെ ആവിർഭാവം. പാഠത്തിന്റെ ആഖ്യാനത്തെ നിർണയിക്കുന്ന ഘടകങ്ങളായി ഘടനാവാദം കരുതുന്ന സൂചകം (Signifier), സൂചിതം (Signified), ചിഹ്നം (Sign) എന്നിവയെ ഘടനാവാദാനന്തരചിന്ത പ്രശ്നവല്കരിക്കുന്നു. സമാനതകളെക്കാൾ വ്യത്യാസത്തിൽ ഊന്നുന്നതിനാണ് ഘടനാവാദാനന്തരചിന്ത

ശ്രമിച്ചത്. ഘടനാവാദത്തിന്റെ 'അടഞ്ഞ ഘടന' എന്ന സമീപനത്തിന് പകരം 'തുറന്ന'തും 'ആയിത്തീരുന്നതു'മായ ഒന്നിനെയാണ് ഘടനാനന്തരവാദം വിശകലനം ചെയ്യുന്നത്. പാഠം, അധികാരം, കർതൃത്വം, വ്യവഹാരം എന്നിവയെക്കുറിച്ചെല്ലാം പുതിയ ചിന്താ പദ്ധതികൾ ഘടനാവാദാനന്തര ചിന്തയിൽ വികസിച്ചു വന്നു. നവമനോവിജ്ഞാനീയം, നവമാർക്സിസം, അപനിർമാണം, സ്ത്രീവാദം, നവചരിത്രവാദം, അപകോളനീകരണചിന്ത എന്നിവയെല്ലാം ഘടനാവാദത്തിന്റെ പരികൽപ്പനകളെ ചോദ്യംചെയ്യുന്നു. അതിനാൽ അവയെല്ലാം ഘടനാവാദാനന്തരചിന്തയുടെ ഭാഗമായി പരിഗണിക്കപ്പെടുന്നു.

❍ സമാനതകളെക്കാൾ വ്യത്യാസത്തിൽ ഊന്നുന്നതിനാണ്

ഴാക് ദെറിദ (Jacques Derrida)



ഴാക് ദെറിദ

1960-കളുടെ അവസാനത്തോടെ അമേരിക്കയിലെയും യൂറോപ്പിലെയും സാഹിത്യ വിമർശനരംഗത്ത് വളരെയധികം ശ്രദ്ധിക്കപ്പെട്ട ഫ്രഞ്ച് തത്വചിന്തകൻ ആണ് ഴാക് ദെറിദ. ചിഹ്നം, പാഠം, വായന എന്നിവയെ സംബന്ധിച്ച് നൂതന ചിന്താപദ്ധതികൾ അവതരിപ്പിച്ചവരിൽ പ്രമുഖനാണ് അദ്ദേഹം. ഘടനാവാദത്തിനെതിരെ ദാർശനിക തലത്തിൽ സൂക്ഷ്മമായ വിമർശനങ്ങൾ ഉയർത്തി. തന്റെ L-'Ecriture et la difference എന്ന കൃതിയിൽ ഘടനാവാദത്തിനുമപ്പുറത്തേക്ക് പോകുന്നതിന്റെ ആവശ്യകത ദെറിദ ഊന്നിപ്പറഞ്ഞു. ജ്ഞാനത്തിന്റെ സ്ഥാപനവൽകൃതമായ ആശയങ്ങളും വിശ്വാസങ്ങളും ന്യായീകരിക്കുന്ന തത്വചിന്തയിലെ മൗലിക സങ്കല്പനങ്ങളെ അദ്ദേഹം ചോദ്യം ചെയ്തു. സാമ്പ്രദായികമായി വായനയെ നിയന്ത്രിച്ച ഘടകങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ചു .

❍ ചിഹ്നം, പാഠം, വായന

വിഭിന്നമായ ഒരു വായനയാണ് ദെറിദയുടെ രചനകൾ ആവശ്യപ്പെടുന്നത്. നിലനിന്നു പോരുന്ന സാഹിത്യ നിരൂപണ സങ്കല്പങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് തത്വചിന്താപരമായ സമീപനത്തിന് ദെറിദ തന്റെ രചനകളിൽ പ്രാധാന്യം നൽകി. സാഹിത്യം/സാഹിത്യേതരം, ദർശനം/ദർശനേതരം തുടങ്ങിയ വിഭിന്നതകളെ അതിലംഘിക്കാനുള്ള ബോധപൂർവമായ ഉദ്യമം ദെറിദയുടെ കൃതികളുടെ സവിശേഷതയാണ്. സാഹിത്യ നിരൂപണങ്ങൾക്ക് അടിസ്ഥാനമായി നിലനിന്നിരുന്ന പല ആശയങ്ങളെയും അവയുടെ പ്രസക്തിയെയും ദെറിദ ചോദ്യം ചെയ്തു. ചിഹ്നങ്ങളുടെ വ്യത്യാസം കൊണ്ടാണ് ഭാഷ സദാ പ്രവർത്തിക്കുന്നതെന്നും അതുകൊണ്ട് സുസ്ഥിരമായ ഒരു അർഥത്തെ കണ്ടെത്താൻ ശ്രമിക്കുന്നതിന് പകരം അർഥോദ്പാദന സാധ്യതയാണ് അന്വേഷിക്കേണ്ടത് എന്ന് ദെറിദ വിശദീകരിച്ചു. അർഥം സദാ വായനക്കാരിൽ നിന്ന് വഴുതിമാറിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ അർഥം ഉല്പാദിപ്പിക്കപ്പെടുകയാണ് എന്ന് പറയേണ്ടിവരുന്നു. "ഗ്രന്ഥകാരനും അയാളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രസക്തമല്ലാത്ത വാങ്മയ സൂചകങ്ങളുടെ തലങ്ങും വിലങ്ങും ആയ സ്വച്ഛന്ദ വിതരണം മാത്രമേ ഉള്ളൂ സൂചകപദങ്ങൾക്ക്. അവ മുൻപ് പ്രയുക്തമായിട്ടുള്ള സമസ്ത സന്ദർഭങ്ങളിലും ഉണ്ടായിരുന്ന

അർഥമൂല്യത്തിന്റെ അവശിഷ്ടങ്ങൾ സ്വയം സന്നിഹിതത്വം ഇല്ലാതെ തന്നെ പുതിയ പ്രകരണത്തിൽ മുങ്ങിയും പൊങ്ങിയും ഈ വിഹരണത്തിൽ പങ്കുവഹിക്കുന്നു. പാഠ്യസൂചകങ്ങൾ അന്യപാഠങ്ങളിലെ അർഥങ്ങളിലേക്ക് ഉദ്ഗമിക്കുന്നവയാകും. അർഥങ്ങൾ പാഠ്യത്തിൽ നിന്ന് പടിയിറങ്ങുന്നു. ഇത്തരം പടിയിറങ്ങൽ അവയ്ക്ക് അന്യപാഠ്യങ്ങളുമായി പാരസ്പര്യമുള്ളതിനാലാണ്. ഇക്കാരണങ്ങളാൽ സുസ്ഥിരവും ഏകീകൃതവും കേന്ദ്രീയവുമായ അർഥം എന്നൊന്നില്ല. അർഥത്തെ വ്യാഖ്യാനിച്ച് വിശദീകരിക്കുന്ന സമ്പ്രദായത്തിന്റെ സ്ഥാനത്ത് അപനിർമാണത്തിൽ സന്ദിഗ്ധങ്ങളും അനിശ്ചിതങ്ങളും അനുലോമങ്ങളും പ്രതിലോമങ്ങളും എല്ലാം ആയി അസംഖ്യം അർഥങ്ങളെ സൃഷ്ടിക്കാൻ ഭാഷയ്ക്ക് എങ്ങനെ എന്തുകൊണ്ട് കഴിയുന്നു. ഈ അർഥങ്ങൾ പാഠ്യത്തെ എങ്ങനെ അട്ടിമറിക്കുന്നു എന്ന അന്വേഷണമാണ് സംഭവിക്കുന്നത്''(എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, പുറം 480).

- അർഥം ഉല്പാദിപ്പിക്കപ്പെടുകയാണ്

ഭാഷയെ ചിഹ്നവ്യവസ്ഥയായി കാണുകയും ചിഹ്നങ്ങളുടെ വ്യത്യസ്തമായ ഘടകങ്ങളിൽ നിന്നാണ് അർഥമുണ്ടാകുന്നത് എന്ന് സിദ്ധാന്തിക്കുകയും ചെയ്യുകയായിരുന്നു ഘടനാവാദം. ചിഹ്നത്തെ സൂചകമെന്നും സൂചിതം എന്നും രണ്ടായി വിഭജിക്കുന്ന ഘടനാവാദ സിദ്ധാന്തത്തിൽ നിന്നും വ്യത്യസ്തമായി, സൂചിതങ്ങൾ ഇല്ല സൂചകങ്ങളേ ഉള്ളൂവെന്നും ഒരു വാക്കിന്റെ അർഥം എന്നത് സൂചകങ്ങളുടെ ശ്രേണിയാണെന്നും ദെറിദ വിശദീകരിച്ചു. സൂചകം വ്യക്തമായി നിർണയിക്കപ്പെട്ട ഒരു സൂചിതത്തെ വഹിക്കുന്നില്ല എന്നും സൂചകത്തിന് കീഴിലൂടെ സൂചിതം തെന്നിമാറിക്കൊണ്ടിരിക്കുന്നു എന്നും ദെറിദ അഭിപ്രായപ്പെട്ടു.

- സൂചിതങ്ങൾ ഇല്ല സൂചകങ്ങളേ ഉള്ളൂ

അർഥമെന്നത് സുനിശ്ചിതമല്ല. അതുകൊണ്ട് കൃതിക്ക് സ്ഥിരമായ ഒരു അർഥം ഇല്ല. അർഥം ഒരിക്കലും സ്വയം പൂർണമോ സാന്നിധ്യമോ ആയി ചിഹ്നത്തിൽ തളയ്ക്കപ്പെടുന്നില്ല. അർഥം എന്നത് വ്യത്യസ്തതകളുടെ ഫലമാണ്. അത് എപ്പോഴും നീക്കിവയ്ക്കപ്പെടുന്നു. ഓരോ പാഠവും ഭാഷയുടെ നിരന്തരം മാറിക്കൊണ്ടിരിക്കുന്ന അതിർത്തികളുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. സൂചകങ്ങളുടെ ശൃംഖലാ പ്രവർത്തനത്തിൽ നിശ്ചിതമായ ഒരു സൂചനാർഥത്തിന് സ്ഥാനമില്ല. പാഠത്തിനപ്പുറം ഒന്നുമില്ല എന്ന പരാമർശം ശ്രദ്ധേയമാണ്. ഓരോ പാഠവും ഓരോ സന്ദർഭം അനുസരിച്ച് മാറിക്കൊണ്ടിരിക്കും.

- പാഠത്തിനപ്പുറം ഒന്നുമില്ല

സ്വതന്ത്ര ലീല

ദെറിദ അവതരിപ്പിച്ച മറ്റൊരു ആശയമാണ് സ്വതന്ത്ര വായന അഥവാ സ്വതന്ത്ര ലീല എന്നത്. ഒരു പാഠത്തിന് നിശ്ചിതമായ ഒരു കേന്ദ്രം ഇല്ലാതായിത്തീരുമ്പോൾ സ്വാഭാവികമായും വായന അനന്തമായ മാറ്റിവയ്ക്കലുകൾക്കും വ്യാഖ്യാനങ്ങൾക്കും ഇടം നൽകുന്നു. ഒരു അതീന്ദ്രിയസൂചിതം അഥവാ കേന്ദ്രസൂചിതം ഇല്ലാതാകുമ്പോൾ അർഥോല്പാദനത്തിന്റെ കളി അനന്തമായി നീളുന്നു എന്നാണ് ദെറിദ പ്രസ്താവിക്കുന്നത്. ഓരോ സൂചകത്തിലും ഭൂതകാലത്തിന്റേതായ അടയാളം ഉണ്ട്. തന്മൂലം അർഥോല്പാദന സന്ദർഭത്തിൽ സൂചകത്തിൽ ഉൾച്ചേർന്നിരിക്കുന്ന അടയാളങ്ങൾ കൂടി പ്രവർത്തിക്കും. ഇത് വിവിധങ്ങളായ അർഥങ്ങൾ ഉണ്ടാകുവാൻ കാരണമാകുന്നു.

വചനത്തിന് എഴുത്തിനേക്കാൾ പ്രാധാന്യം നൽകുന്ന (logocentrism) പരമ്പരാഗത സമീപനത്തെ ദെറിദ നിരാകരിച്ചു. വചനകേന്ദ്രിതത്വവും ശബ്ദകേന്ദ്രിതത്വവും അതീത യാഥാർഥ്യത്തോടും (transcendental reality) ആത്മീയ വാദത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഇവ ഭാഷാ പ്രതിഭാസത്തെ ദ്വിധ്രുവക്രമ(bipolar)മായി കാണാൻ പ്രേരിപ്പിക്കുന്നു. ബാഹ്യമായതിനോട് അല്ലെങ്കിൽ ഗോചരമായതിനോട്, ശാരീരികമായതിനോട് അവഗണന കാട്ടുന്ന ആത്മീയവാദ നിലപാടിന്റെ സ്വാധീനമാണ് എഴുത്തിനെ രണ്ടാംതരമായി വീക്ഷിക്കുന്നതിനു പിന്നിലുള്ളത്.

- വിവിധങ്ങളായ അർഥങ്ങൾ ഉണ്ടാകുവാൻ കാരണമാകുന്നു

എഴുത്ത്

വചനത്തിന്റെ പ്രാധാന്യത്തെ ചോദ്യം ചെയ്തുകൊണ്ട് ദെറിദ രേഖാകേന്ദ്രിതവും അതീത യാഥാർഥ്യനിഷേധാത്മകവുമായ ഒരു നിലപാട് അവതരിപ്പിച്ചു. 'എഴുത്താ'ണ് വാക്കിന്റെ മുൻഗാമി എന്നാണ് ദെറിദയുടെ നിലപാട്. ഭാഷയിൽ ഉച്ചരിക്കപ്പെടുന്ന വാക്കിന് നൽകിവരുന്ന പ്രത്യേക അവകാശത്തെ അദ്ദേഹം ചോദ്യം ചെയ്തു. ഒരു വചനകേന്ദ്രിതയുക്തിയെ ആധാരമാക്കി മറ്റ് അർഥോല്പാദന സാധ്യതകളെയെല്ലാം അനുബന്ധമോ രണ്ടാംതരമോ ആക്കി മാറ്റുന്ന പ്രക്രിയയെ ദെറിദ നിരാകരിക്കുന്നു. വാചികമായ പാരമ്പര്യത്തിന് സത്യത്തിന്റെ മുഖവും ലിഖിത പാരമ്പര്യത്തിന് അധമസ്ഥാനവും നൽകുന്ന മതാത്മക നിലപാട് ശരിയല്ല എന്നായിരുന്നു ദെറിദയുടെ അഭിപ്രായം. ഉച്ചരിക്കപ്പെടുന്ന ശബ്ദം നൈമിഷികവും, ശബ്ദം വെളിപ്പെടുത്തിയ ശേഷം അവസാനിക്കുന്നതും ആണ്. വക്താവും ശ്രോതാവും ഇല്ലാതായിക്കഴിഞ്ഞാലും ലിഖിതത്തിന് നിലനിൽപ്പുണ്ട്. ഭാഷയുടെ ഭൗതിക സ്വഭാവം തന്നെ ശബ്ദത്തേക്കാൾ നന്നായി ലിഖിതം വെളിപ്പെടുത്തുന്നു. എഴുത്തിന് സ്ഥിരമായ ഒരു അഭിപ്രായമോ കേന്ദ്രമോ ഇല്ല. രചനയുടെ സന്ദർഭം ഭാഷയുടെ അനവധി പ്രവേശന സന്ദർഭങ്ങളിൽ ഒന്നു മാത്രമാണ്.

- 'എഴുത്താ'ണ് വാക്കിന്റെ മുൻഗാമി

അപകേന്ദ്രം

പ്രാചീന കാലം മുതൽ ആധുനിക കാലം വരെ ചിന്തകർ ബോധപൂർവമോ അല്ലാതെയോ ഏതെങ്കിലും ഒരു നിശ്ചിത കേന്ദ്രത്തെ ആധാരമാക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ആണ് ചെയ്തു പോകുന്നത് എന്ന് ദെറിദ സിദ്ധാന്തിക്കുന്നു. ഇത്തരം ഏകകേന്ദ്രമായ യുക്തി പല പ്രശ്നങ്ങളെയും പ്രാന്തവൽക്കരിക്കും എന്ന് ചൂണ്ടിക്കാട്ടുന്നു. 'ഘടന-ചിഹ്നം-ലീല' എന്ന ലേഖനത്തിൽ അപകേന്ദ്രത്തെ സംബന്ധിച്ച ആശയം അവതരിപ്പിക്കുന്നു. അതോടൊപ്പം അനുബന്ധ യുക്തിയെ വിശദീകരിക്കുകയും ചെയ്യുന്നു. അനുബന്ധം അഥവാ കൂട്ടിച്ചേർക്കൽ ഏകകേന്ദ്രിത ചിന്തയുടെ പരിമിതിയാണ്. ഒന്ന് മറ്റൊന്നിന്റെ അനുബന്ധമായി മാറുമ്പോൾ അത് രണ്ടാംസ്ഥാനത്തോ അപകൃഷ്ടസ്ഥാനത്തോ അടയാളപ്പെടുകയാണ്. ഭാഷണത്തിന് പ്രാമുഖ്യം കൽപ്പിക്കുന്ന ചിന്താ പദ്ധതിയിൽ ലിഖിതഭാഷ അനുബന്ധമായി മാറുകയും അതിന് ആധികാരികത നഷ്ടപ്പെടുകയും ചെയ്യുന്നു. ദ്വന്ദങ്ങളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെടുന്ന കൃതികളിൽ ഒന്നിനെ മറ്റൊന്നിനേക്കാൾ മികച്ചതായി കൽപ്പിക്കുന്ന ഗണനാശ്രേണി പാശ്ചാത്യ തത്വചിന്തയും സംസ്കാരവും പിന്തുടർന്നു പോരുന്നു. ഈ ഗണനാശ്രേണിയെ അപനിർമിക്കേണ്ടത് അതിഭൗതികവാദത്തിൽ നിന്ന് പാശ്ചാത്യ ചിന്തയെ മോചിപ്പിക്കുന്നതിന് അനിവാര്യമാണെന്ന് ദെറിദ സ്ഥാപിച്ചു.

- ഘടന-ചിഹ്നം-ലീല

ഡിഫറൻസ് (Differance)

വ്യത്യാസമാണ് അർഥങ്ങളെ സൃഷ്ടിക്കുന്നതെന്ന സൊസ്യൂറിന്റെ വിശദീകരണത്തെ ദെറിദ വിപുലീകരിക്കുന്നു. സൂചകവും സൂചിതവും ചേർന്ന് ചിഹ്നം ഉണ്ടാകുന്നു എന്നും സൂചകത്തിന് അർഥമുണ്ടാകുന്നത് മറ്റു സൂചകങ്ങളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നത് കൊണ്ടാണ് എന്നും സൂചകങ്ങളുടെ വ്യത്യാസങ്ങൾ സൂചിതങ്ങളെ വ്യത്യസ്തമാക്കുന്നു എന്നും സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം ആർബിട്രറി ആണെന്നുമാണ് സൊസ്യൂർ വിശദീകരിച്ചത്. ദെറിദയുടെ അഭിപ്രായത്തിൽ ഈ വ്യത്യാസം (difference) മാത്രമല്ല ഉള്ളത്. സൂചിതങ്ങളുടെ അർഥം നീട്ടിവെക്കപ്പെടുകയും (defer) ചെയ്യുന്നു. അതായത് ഒരു പദത്തിന്റെ പ്രയുക്ത സന്ദർഭത്തിലെ അർഥമൂല്യം അതിന്റെ നിയതാർഥത്തെ തടഞ്ഞ് അന്യ അർഥവാഹകമായി മാറുന്നതിനെ കൂടി അവലംബിച്ചിരിക്കുന്നു. differ, defer എന്നീ രണ്ട് പരികൽപ്പനകളെയും ഉൾക്കൊള്ളുന്നതിന് പര്യാപ്തമായ differance എന്ന സംജ്ഞ ദെറിദ അവതരിപ്പിച്ചു. ആന എന്ന ശബ്ദമോ എഴുത്തോ യഥാർഥ ആനയെ അവതരിപ്പിക്കുന്നില്ല. അത് യഥാർഥ വസ്തുവിന് പകരം ഉള്ള ഒരു സൂചന (mark or sign) മാത്രമാകുന്നു. യഥാർഥ വസ്തു/സാന്നിധ്യം (presence)/അർഥം നൽകുന്നതിന് പകരം നാം അത് മാറ്റിവയ്ക്കുന്നു. ഇതിനെയാണ് ഡിഫറൻസ് എന്ന് പറയുന്നുന്നത്.

ഡിഫറൻസ് (differance) എന്ന പദം സാമ്പ്രദായിക അർഥോദ്പാദന രീതിയെ ചോദ്യം ചെയ്യാനാണ് ദെറിദ ഉപയോഗിച്ചിരിക്കുന്നത്. നിഘണ്ടുവിലോ പ്രയോഗത്തിലോ ഇല്ലാത്ത ഒരു പദമാണ് ഡിഫറൻസ്. ഈ പദത്തിൽ r നുശേഷം e എന്ന അക്ഷരത്തിനു പകരം a എന്ന അക്ഷരം ഉപയോഗിച്ചിരിക്കുന്നു. കേൾക്കുമ്പോൾ തിരിച്ചറിയാൻ സാധിക്കാത്തതും എന്നാൽ വായിക്കുമ്പോൾ അതായത് കാണുമ്പോൾ തിരിച്ചറിയാൻ കഴിയുന്നതുമായ ഒരു പദമാണ് ഡിഫറൻസ് Differance. ഒരേ സമയം വ്യത്യാസം(differ)എന്ന വാക്കിനെയും മാറ്റിവയ്ക്കൽ(defer) എന്ന വാക്കിനെയും പ്രതിനിധീകരിക്കാൻ വേണ്ടിയാണ് ഈ ഒരു പ്രത്യേക പദം അവതരിപ്പിക്കുന്നത്. ഭാഷകൾ അർഥം ഉൽപാദിപ്പിക്കുന്നത് മറ്റു ചിഹ്നങ്ങളിൽ നിന്ന് അവ വ്യത്യാസപ്പെടുത്തുന്നതിലൂടെയും അതേസമയം പൂർണമായ അർഥം പ്രകാശിപ്പിക്കുന്നതിന് പകരം പലതും മാറ്റിവെച്ചു കൊണ്ടുമാണ്. ഭാഷയിൽ നടക്കുന്ന ഈ മാറ്റിവയ്ക്കലുകളും വൈജാത്യങ്ങളും തിരിച്ചറിയാൻ ഭാഷയെത്തന്നെയാണ് അവലംബിക്കേണ്ടത് എന്ന് ദെറിദ വിശദമാക്കുന്നു. സാഹിത്യ അപഗ്രഥനത്തിൽ പുതിയൊരു ചക്രവാളം തുറക്കുന്നതായിരുന്നു ദെറിദയുടെ ഈ നിരീക്ഷണം. ഒരു സൃഷ്ടിയുടെ അർഥം എന്നത് എങ്ങിനെ എവിടെ ആർക്കു വേണ്ടി ഉൽപാദിപ്പിക്കപ്പെടുന്നു എന്ന ചോദ്യം പ്രസക്തമായി മാറിയത് സ്ത്രീപക്ഷ, ദളിത്, കോളനിയാനന്തര പഠനങ്ങൾക്ക് വഴിയൊരുക്കി. "ഏക കേന്ദ്രീതമായ രീതിശാസ്ത്രങ്ങളുടെ പരിമിതി മറികടക്കാനും വായനയിൽ എന്ന പോലെ സാമൂഹികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിലും ബഹുത്വസംസ്കാരത്തെയും സ്ത്രീവാദത്തെയും അംഗീകരിക്കാനും ആവശ്യമായ ദാർശനിക അടിത്തറ സംഭാവന ചെയ്തത് ദെറിദയാണ്'' (ഡോക്ടർ പി. കെ. പോക്കർ ദെറിദ -അപനിർമാണത്തിന്റെ തത്വചിന്തകൻ, പുറം 87).

> കേൾക്കുമ്പോൾ തിരിച്ചറിയാൻ സാധിക്കാത്തതും കാണുമ്പോൾ തിരിച്ചറിയാൻ കഴിയുന്നതുമായ ഒരു പദമാണ് ഡിഫറാൻസ് (Differance)

അപനിർമാണം (De-Construction)

ഒരു സാഹിത്യ വിമർശന പദ്ധതി എന്ന നിലയിലും വായനാതന്ത്രം എന്ന നിലയിലും ഴാക് ദെറിദ വികസിപ്പിച്ചെടുത്ത തത്വചിന്താപദ്ധതിയാണ് അപനിർമാണം. 1966-ൽ അമേരിക്കയിലെ ജോൺ ഹോപ്പ് കിൻസ് ഹ്യൂമാനിറ്റി സെന്ററിൽ ദെറിദ ചെയ്ത *സ്ട്രക്ചർ സൈൻ ആൻഡ് പ്ലേ ഇൻ ദ ഡിസ്കോഴ്സ് ഓഫ് ഹ്യൂമൻ സയൻസസ്* (Structure Sign and play in the discourse of the human sciences) എന്ന പ്രഭാഷണത്തോടെ അപനിർമാണം എന്ന നിരൂപണ പദ്ധതി സജീവ ചർച്ചാവിഷയമായി. *ഓഫ് ഗ്രാമറ്റോളജി* (Of Gramatology), *സ്പീച്ച് ആൻഡ് ഫിനോമിനൻ* (Speech and Phenomena), *റൈറ്റിങ് ആൻഡ് ഡിഫറൻസ്* (Writing and Difference) എന്നിവയാണ് അപനിർമാണം വിശദീകരിക്കുന്ന മുഖ്യ ഗ്രന്ഥങ്ങൾ. ഘടനാവാദത്തിന്റെ വിപുലീകരണമായി കണക്കാക്കാവുന്ന അപനിർമാണത്തിന് ചെയ്തത് പൂർവസ്ഥിതിയിലാക്കുക, തിരിച്ചിടുക എന്നൊക്കെയാണ് അർഥം. ഒരു കൃതിയുടെ ഘടകങ്ങൾ അഴിച്ച് പരസ്പരം വേർപെടുത്തി ആന്തരാർഥം കണ്ടെത്തി വീണ്ടും കൂട്ടിച്ചേർത്ത് പുതിയ രീതിയിൽ രൂപം നൽകി അവതരിപ്പിക്കുന്ന പ്രക്രിയയാണ് അപനിർമാണം. അപകേന്ദ്രീകരണം ഘടനാവാദോത്തര ചിന്തയിലെ പ്രധാനപ്പെട്ട ഘടകമാണ്. കേവലനിരൂപണമോ മൂല്യനിർണയമോ അല്ല വായനയിലൂടെ പുതിയ അർഥങ്ങളും മൂല്യങ്ങളും ആർജിക്കുന്ന പുതിയൊരു രചനയാണത്. വായനക്കാരന്റെ രാഷ്ട്രീയവും തത്വചിന്താപരവും സാഹിതീയവും പ്രത്യയശാസ്ത്രപരവുമായ താത്പര്യങ്ങൾ ഈ വായനയിൽ സ്വാധീനം ചെലുത്താം. ഭാഷ എന്നത് നിശ്ചിതമായ അർഥമില്ലാത്ത വ്യത്യാസങ്ങളുടെ വ്യവസ്ഥയാണ് എന്ന ഭാഷാ തത്വചിന്തയാണ് അപനിർമാണത്തിന് അടിസ്ഥാനം. അർഥത്തെ വ്യാഖ്യാനിച്ച് വിശദീകരിക്കുന്ന സമ്പ്രദായിക രീതി നിരാകരിച്ചു കൊണ്ട്, ഭാഷക്ക് എങ്ങനെ അസംഖ്യം അർഥങ്ങളെ സൃഷ്ടിക്കാൻ കഴിയുന്നു എന്നും ഈ അർഥങ്ങൾ പാഠത്തെ എങ്ങനെ മാറ്റിമറിക്കുന്നു എന്നുമുള്ള അന്വേഷണമാണ് അപനിർമാണത്തിലൂടെ ദെറിദ ചെയ്യുന്നത്. പാഠത്തോട് ചേർന്ന് നിന്നുകൊണ്ട് തന്നെ അത് പാഠത്തെ ചോദ്യം ചെയ്യുന്നു. സ്ഥിരവും നിശ്ചിതവുമായ ഒരു അർഥത്തിലേക്ക് കൃതിയെ ചുരുക്കുന്നതിനെ അപനിർമാണം ചെറുക്കുന്നു.

> ❍ ഭാഷ എന്നത് നിശ്ചിതമായ അർഥമില്ലാത്ത വ്യത്യാസങ്ങളുടെ വ്യവസ്ഥയാണ്

ഒരു വായനക്കാരനും ഒരു കൃതിയെയും പൂർണമായ അർഥത്തിൽ സമഗ്രമായി വായിക്കുന്നില്ല. എല്ലാ വായനയും ഭാഗികമാണ്. അതുകൊണ്ടാണ് ഒരേ പാഠത്തിന്റെ വിഭിന്ന വ്യാഖ്യാനങ്ങൾ വരുന്നത്. ഒരു സമീപനവും സമഗ്രമല്ല. അർഥസമ്പാദനവും കാവ്യാസ്വാദനവും എല്ലാം സൂചകത്തിന്റെ നിരന്തരമായ ലീല മാത്രമാണ്. മൗലികാർഥം എന്നൊന്നില്ല സ്വതന്ത്ര വിഹാരമേ ഉള്ളൂ. അപനിർമാണം കൃതിയെ നിരന്തരം ചോദ്യം ചെയ്യുന്നു. ഒരു കൃതിക്കും ഏകാർഥം മാത്രമല്ല ഉള്ളത്. കൃതിക്ക് ഏക അർഥവും കേന്ദ്രീകൃതത്വവും നൽകാൻ വേണ്ടി വൈരുദ്ധ്യങ്ങളെയും ബഹുസ്വരങ്ങളെയും പാർശ്വശബ്ദങ്ങളെയും അവഗണിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുന്നത് അപനിർമാണം ചെറുക്കുന്നു. കൃതിക്ക് ഒരു കേന്ദ്രം കണ്ടെത്താൻ ശ്രമിക്കുകയല്ല മറിച്ച് പാഠത്തിന്റെ അരികുകളിലേക്കും അതിരുകളിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് അപനിർമാണത്തിലൂടെ സാധിക്കുക. കൃതിയിലെ ആന്തരികവൈരുദ്ധ്യങ്ങൾ, പൊരുത്തക്കേടുകൾ, സന്ദേ

ഹങ്ങൾ തുടങ്ങി വിഭിന്ന ഘടകങ്ങൾ അനാവരണം ചെയ്യുന്ന പ്രക്രിയയാണ് അപനിർമാണം. അത് അർഥത്തിന്റെ സന്ദിഗ്ധതയിൽ ഊന്നുന്നു. ഓരോ സൂചകത്തിനും അസംഖ്യം സൂചിതങ്ങൾ ഉണ്ടെന്നും അർഥം ഓരോ വായനയിലും മാറിക്കൊണ്ടിരിക്കും എന്നും അത് വായനക്കാരന്റെ സ്വാതന്ത്ര്യ പ്രഖ്യാപനമാണെന്നും മുൻകൂട്ടി നിശ്ചയിച്ച ഒരു അർഥത്തിൽ എത്തൽ അല്ല വിമർശനമെന്നും നിരന്തര പരിണാമ വിധേയമാണ് കലാസൃഷ്ടികൾ എന്നും ഉള്ള നിലപാടാണ് അപനിർമാണം മുന്നോട്ടുവക്കുന്നത്. മൂല്യനിർണയവും വിവേചനവും അപനിർമാണത്തിന്റെ പരിധിയിൽ വരുന്നില്ല.

- അർഥത്തിന്റെ സന്ദിഗ്ധതയിൽ ഊന്നുന്നു

Summarised Overview

ഭാഷാശാസ്ത്രാധിഷ്ഠിതമായി പ്രാപഞ്ചിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്ന സമീപന രീതിയാണ് ഘടനാവാദം. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഘടനാവാദം സ്വാധീനിച്ചിട്ടുണ്ട്. സ്വിസ് ഭാഷാ ശാസ്ത്രജ്ഞനായ ഫ്രഡിനാൻഡ് ഡി സൊസ്യൂറിന്റെ കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സ് എന്ന ഗ്രന്ഥം ഘടനാവാദത്തിന്റെ ചരിത്രത്തിൽ സുപ്രധാന സ്ഥാനം വഹിക്കുന്നു. സാഹിത്യരൂപം, സാഹിത്യ ചരിത്രം എന്നിവയെക്കുറിച്ചും കൃതിയും വായനക്കാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും കൃതിയും കർത്താവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഘടനാവാദം സവിശേഷമായ നിലപാടുകൾ അവതരിപ്പിച്ചു. ഘടനാവാദം ഭാഷണത്തേക്കാൾ ഭാഷാ വ്യവസ്ഥയ്ക്കും സൂചിതത്തെക്കാൾ സൂചകത്തിനും ചരിത്രാത്മക പഠനത്തേക്കാൾ ഏകകാലിക പഠനത്തിനും ലംബതലബന്ധത്തേക്കാൾ അക്ഷതല ബന്ധത്തിനും പ്രാധാന്യം നൽകി.

ഘടനാവാദത്തിനു ശേഷം പാശ്ചാത്യ സാഹിത്യ ചിന്തയുടെയും സംസ്കാര പഠനത്തിന്റെയും മേഖലകളിൽ വികസിച്ചുവന്ന സൈദ്ധാന്തിക മുന്നേറ്റമാണ് ഘടനാവാദോത്തര ചിന്ത. ഘടനാവാദത്തിൽ നിന്നും വികസിച്ചു വന്ന പുതിയ ഭാഷാശാസ്ത്ര ചിന്തകൾ, മനോവിജ്ഞാനീയ സിദ്ധാന്തങ്ങൾ, അനുവാചക പ്രതികരണ സിദ്ധാന്തങ്ങൾ, നവചരിത്രവാദം, കോളനിയാനന്തരവാദം, സാംസ്കാരികഭൗതികവാദം, നവമാർക്സിസം, സ്ത്രീവാദം, ഉത്തരാധുനികത തുടങ്ങിയവയിൽ എല്ലാം ഘടനാനന്തരചിന്തകളുടെ സ്വാധീനം പ്രകടമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ മേൽപ്പറഞ്ഞ സൈദ്ധാന്തിക സമീപനങ്ങളുടെയെല്ലാം ആകെത്തുകയാണ് ഘടനാവാദോത്തരചിന്ത. പ്രത്യക്ഷത്തിൽ വ്യത്യസ്തമെന്ന് തോന്നുന്ന വിവിധ വ്യവഹാരങ്ങളെ ഏകോപിപ്പിച്ചു നിർത്തുന്ന ഒരു സങ്കല്പനം ആണ് അത്.

ഘടനാനന്തരവാദത്തിൽ, ഒരു സൂചകത്തിന്റെ അർഥമായി വരുന്നത് മറ്റൊരു സൂചകമാണ്. സൂചകത്തിന്റെ സൂചിതം തേടിയുള്ള അന്വേഷണം ഭാഷയുടെ തിരശ്ചീനതലത്തിൽ അസന്നിഹിതമായ സൂചകങ്ങളുടെ ഒരു ശൃംഖലയിലേക്കാണ് അന്വേഷകനെ നയിക്കുന്നത്. അപ്രകാരം ഘടനാവാദോത്തരചിന്തയിൽ ചിഹ്ന വ്യത്യാസത്തെ സംബന്ധിച്ച സൊസ്യൂറിന്റെ സങ്കല്പനത്തിന്റെ ഒരു തിരിച്ചിടലാണ് നടക്കുന്നത്. സൊസ്യൂറിന്റെ ഭാഷാശാസ്ത്ര നിരീക്ഷണങ്ങളിൽ നവീകരണങ്ങൾ നടത്തി അവതരിപ്പിച്ച ഫ്രഞ്ച് ദാർശനികനാണ് ഴാക് ദെറിദ. ഒരു സാഹിത്യ വിമർശന പദ്ധതി എന്നനിലയിലും വായനാതന്ത്രം എന്ന നിലയിലും ഴാക് ദെറിദ വികസിപ്പിച്ചെടുത്ത തത്വചിന്താപദ്ധതിയാണ് അപനിർമാണം. ഒരു കൃതിയുടെ ഘടകങ്ങൾ അഴിച്ച് പരസ്പരം വേർപെടുത്തി ആന്തരാർഥം കണ്ടെത്തി വീണ്ടും കൂട്ടിച്ചേർത്ത് പുതിയ രീതിയിൽ രൂപം നൽകി അവതരിപ്പിക്കുന്ന പ്രക്രിയയാണ് അപനിർമാണം.

എഴുത്ത്, വ്യത്യാസം എന്നിവ ദെറിദ പ്രാധാന്യത്തോടെ കണ്ട സൈദ്ധാന്തിക സങ്കല്പ നങ്ങളാണ്. എഴുത്തിനെക്കുറിച്ചുള്ള സൊസ്യൂറിന്റെ ചിന്തകളോട് വിയോജിച്ചു. വാമൊഴിയെക്കാൾ വരമൊഴിക്ക്-എഴുത്തിന് പ്രാധാന്യം നൽകി. പാശ്ചാത്യ തത്വശാസ്ത്ര പാരമ്പര്യത്തിന്റെ പൊതുവായ രീതിയായ വചനകേന്ദ്രീകരണത്തെ നിരാകരിച്ചു. ഒരു കൃതിയിലെ പാഠ്യത്തിന് അസംഖ്യം വ്യാഖ്യാനസാധ്യതകൾ ഉണ്ടെന്ന് ദെറിദ സിദ്ധാന്തിച്ചു. സൂചകങ്ങൾ അനവരതം വിഭിന്ന അർഥങ്ങളെ ദ്യോതിപ്പിച്ചു കൊണ്ടിരിക്കുന്നു. എഴുത്തുകാരനും അയാളുടെ ഉദ്ദേശ്യല ക്ഷ്യങ്ങളും പ്രസക്തമല്ല.

Assignments

1. ഘടനാവാദത്തെക്കുറിച്ച് വിവരിക്കുക.
2. ഘടനാവാദാനന്തര ചിന്തകളുടെ സവിശേഷതകൾ ക്രോഡീകരിക്കുക.
3. ഴാക് ദെറിദയുടെ സൈദ്ധാന്തിക സങ്കല്പനങ്ങൾ വിവരിക്കുക.
4. അപനിർമ്മാണത്തെക്കുറിച്ച് വിവരിക്കുക.
5. ഡിഫറൻസ് എന്ന പദത്തെ നിർവ്വചിക്കുക.

Suggested Readings

1. ടി. വിജയൻ, നവസാഹിത്യ സിദ്ധാന്തങ്ങൾ, എൻ.ബി.എസ്, കോട്ടയം.
2. സി.ബി. സുധാകരൻ, ഉത്തരാധുനികത, ഡി.സി. ബുക്സ്, കോട്ടയം.
3. സി.ജെ. ജോർജ്, ചിഹ്നശാസ്ത്രവും ഘടനാവാദവും, ഡി.സി. ബുക്സ്, കോട്ടയം.

References

1. എം. അച്യുതൻ, പാശ്ചാത്യ സാഹിത്യ ദർശനം, ഡി.സി. ബുക്സ്, കോട്ടയം.
2. ഗോപിചന്ദ് നാരംഗ്, വിവ പി. കൃഷ്ണൻ, ഘടനാവാദവും ഉത്തര ഘടനാവാദവും പൗരസ്ത്യകാവ്യസിദ്ധാന്തവും, കേന്ദ്രസാഹിത്യ അക്കാഡമി, ഡൽഹി.
3. പി.കെ. പോക്കർ, ദെറിദ അപനിർമാണത്തിന്റെ തത്വചിന്തകൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഷാജി ജേക്കബ് (എഡിറ്റർ), ആധുനികാനന്തര മലയാള സാഹിത്യ വിമർശനം, സൈകതം ബുക്സ്, കോതമംഗലം.
5. പി.പി. രവീന്ദ്രൻ, ആധുനികാനന്തരം വിചാരം വായന, എൻ. ബി. എസ്., കോട്ടയം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

റൊളാങ് ബാർത്ത്

Learning Outcomes

- റൊളാങ് ബാർത്തിനെക്കുറിച്ചറിയുന്നു
- പാഠം, കൃതി എന്നിവയെ കുറിച്ച് ധാരണയുണ്ടാകുന്നു
- ഴാക് ദെറിദയെക്കുറിച്ച് അറിയുന്നു
- ജൂലിയ ക്രിസ്തേവയുടെ അപഗ്രഥനങ്ങൾ മനസിലാക്കുന്നു

Background


സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനാന്റ് സൊസ്യൂർ ആവിഷ്ക്കരിച്ച വിമർശനപദ്ധതിയാണ് ഘടനാവാദം. ഭാഷാശാസ്ത്രാധിഷ്ഠിതമായി പ്രാപഞ്ചിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യുന്ന സമീപന രീതിയാണ് ഘടനാവാദം. ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഘടനാവാദം സ്വാധീനിച്ചിട്ടുണ്ട്. സാഹിത്യരൂപം, സാഹിത്യ ചരിത്രം എന്നിവയെക്കുറിച്ചും കൃതിയും വായനക്കാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും കൃതിയും കർത്താവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ഘടനാവാദം സവിശേഷമായ നിലപാടുകൾ അവതരിപ്പിച്ചു. ഘടനാവാദം ഭാഷണത്തേക്കാൾ ഭാഷാ വ്യവസ്ഥയ്ക്കും സൂചിതത്തെക്കാൾ സൂചകത്തിനും ചരിത്രാത്മക പഠനത്തേക്കാൾ ഏകകാലിക പഠനത്തിനും ലംബതലബന്ധത്തെക്കാൾ അക്ഷതല ബന്ധത്തിനും പ്രാധാന്യം നൽകി. ഘടനാവാദത്തിനു ശേഷം പാശ്ചാത്യ സാഹിത്യ ചിന്തയുടെയും സംസ്കാര പഠനത്തിന്റെയും മേഖലകളിൽ വികസിച്ചുവന്ന സൈദ്ധാന്തിക മുന്നേറ്റമാണ് ഘടനാവാദോത്തര ചിന്ത. ഘടനാവാദത്തിൽ നിന്നും വികസിച്ചു വന്ന പുതിയ ഭാഷാശാസ്ത്ര ചിന്തകൾ മനോവിജ്ഞാനീയ സിദ്ധാന്തങ്ങൾ, അനുവാചക പ്രതികരണ സിദ്ധാന്തങ്ങൾ, നവചരിത്രവാദം, കോളനിയനന്തരവാദം, സാംസ്കാരികഭൗതികവാദം നവമാർക്സിസം, സ്ത്രീവാദം, ഉത്തരാധുനികത തുടങ്ങിയവയിൽ എല്ലാം ഘടനാനന്തരചിന്തകളുടെ സ്വാധീനം പ്രകടമാണ്. ശബ്ദവും അർഥവും ചേർന്നതാണ് ഭാഷ. ശബ്ദം സൂചകവും അർഥം സൂചിതവുമാണ്. ഘടനാവാദത്തിന്റെ അടിസ്ഥാനത്തിൽ ഭാഷ സ്വയം പര്യാപ്തമായ ഒരു ഘടനയായി വ്യാഖ്യാനിക്കപ്പെടുന്നു. ഘടനാനന്തരവാദത്തിൽ, ഒരു സൂചകത്തിന്റെ അർഥമായി വരുന്നത് മറ്റൊരു സൂചകമാണ്.

Keywords

റൊളാങ് ബാർത്ത്-പാഠം-എഴുത്തുകാരന്റെ മരണം-പാരായണം-ജൂലിയ ക്രിസ്തേവ

Discussion

റൊളാങ് ബാർത്ത് (Roland Barthes)



റൊളാങ് ബാർത്ത്

ഘടനാവാദത്തെയും ഘടനാവാദാനന്തര സമീപനത്തെയും തമ്മിൽ ബന്ധിപ്പിച്ച ഫ്രഞ്ച് സാഹിത്യ ചിന്തകനാണ് റൊളാങ് ബാർത്ത്. ആദ്യകാലത്ത് ഘടനാവാദസിദ്ധാന്തങ്ങളെ പിന്തുടർന്നു കൊണ്ടുള്ള സാഹിത്യദർശനം അവതരിപ്പിച്ച ബാർത്ത് പിന്നീട് ഘടനാവാദത്തിന്റെ അപര്യാപ്തതകൾ തുറന്നുകാട്ടുകയും ദെറിദയുടെ അപനിർമാണത്തിന്റേതായ മാർഗം സ്വീകരിക്കുകയും ചെയ്തു. കോളേജ് ദി ഫ്രാൻസിൽ സെമിയോളജി പ്രൊഫസർ ആയിരുന്നു ബാർത്ത്. അധ്യാപനത്തോടൊപ്പം ബാർത്ത് ഭാഷാശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും ഗൗരവതരമായ പഠനങ്ങൾ നടത്തി. ഘടനാപരമായ അപഗ്രഥനത്തെയും ചിഹ്നങ്ങളുടെ പഠനത്തെയും വിശാലമായ സാംസ്കാരിക പ്രതിഭാസത്തിലേക്ക് വ്യാപിപ്പിച്ചു. പാഠങ്ങളെക്കുറിച്ചുള്ള വിശാലവും മൗലികവുമായ ആയ ആശയങ്ങൾ അവതരിപ്പിക്കുകയും സംസ്കാരത്തിൽ പാഠത്തിന്റെ പങ്കെന്തെന്ന് വിശദീകരിക്കുകയും ചെയ്തു. ഫെർഡിനന്റ് ഡി സൊസ്യൂർ (Ferdinand de Saussure), സാർത്ര് (Sartre), ബ്രെഹ്ത് തുടങ്ങിയവരിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രചിച്ച 'റൈറ്റിംങ് ഡിഗ്രി സിറോ' (Writing Degree Zero) എന്ന ആദ്യ ഗ്രന്ഥം ഫ്രഞ്ച് സാഹിത്യ ശൈലിയെക്കുറിച്ചുള്ളതാണ്. 1957-ൽ രചിച്ച 'Mythologies' ശ്രദ്ധേയമായ നിരൂപണഗ്രന്ഥമാണ്. കൃതിയും പാഠവും തമ്മിലുള്ള വ്യത്യാസമാണ് 'ഫ്രം വർക്ക് ടു ടെക്സ്റ്റ്' (From Work to Text)എന്ന പ്രബന്ധത്തിൽ പരിശോധിക്കുന്നത്. ക്രിയാസംബന്ധിയും ക്രിയാസംബന്ധിയല്ലാത്തതുമായ (verbal and nonverbal) ചിഹ്നങ്ങളെ (sign) ക്കുറിച്ചാണ് 'എലിമെൻസ് ഓഫ് സെമിയോളജി' (Elements of Semiology) എന്ന പ്രബന്ധത്തിൽ പ്രതിപാദിക്കുന്നത്.

- ഫ്രം വർക്ക് ടു ടെക്സ്റ്റ്

ലകാന്റെയും (Lacan) ദെറിദയുടെയും (Derrida) ആശയങ്ങൾ ബാർത്തിന്റെ വീക്ഷണങ്ങളെ വിപുലീകരിച്ചു. വായനയിലൂടെ ഉല്പാദിതമാകുന്ന കൃതിയുടെ പുതിയ അർഥത്തെ പറ്റിയുള്ള ചിന്തയിലേക്ക് എത്തുന്ന ബാർത്ത് എഴുത്തുകാരന്റെ മരണം വിലയായി നൽകിക്കൊണ്ട് മാത്രമേ വായനക്കാരൻ ജനിക്കുന്നുള്ളൂ എന്ന് പ്രഖ്യാപിച്ചു. 'ദ ഡെത്ത് ഓഫ് ദി ഓതർ' (death of the author), "ഫ്രം വർക് ടു ടെക്സ്റ്റ്" (From Work to Text)എന്നീ ലേഖനങ്ങളിൽ കൂടിയാണ് വായനയെ സംബന്ധിച്ചുള്ള തന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചത്. ഉത്ഭവം എങ്ങനെയെന്ന് നിർണയിക്കാനാകാത്ത പ്രക്രിയയാണ് എഴുത്ത് എന്ന് അദ്ദേഹം പ്രസ്താവിച്ചു. അതിലൂടെ എഴുത്തിന്റെ കൈകാര്യ കർതൃത്വം വായനക്കാരിലേക്ക് മാറ്റി സ്ഥാപിച്ചു. സാഹിത്യത്തിന്റെ കേന്ദ്രത്തെ ആത്മനിഷ്ഠമായ വ്യാഖ്യാനത്തിനും ജീവചരിത്രാധിഷ്ഠിത നിരൂപണത്തിനും പുറത്തേക്ക് പ്രതിഷ്ഠിച്ചു. എഴുത്തുകാരന് ഉണ്ടായിരുന്ന സമഗ്രാധിപത്യത്തെ തിരസ്കരിക്കുകയായിരുന്നു ബാർത്ത്.

- എഴുത്തുകാരന്റെ മരണം

പാഠം (text)

കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതി വരെ പാഠം (text) എന്ന പദം കൃതി (work) എന്ന വാക്കിനു സമാനാർഥകമായാണ് പ്രയോഗിച്ചു പോന്നിരുന്നത്. കൈകളിൽ എടുത്തു വായിക്കാവുന്ന അച്ചടിച്ച പുസ്തകമോ പുസ്തക ഭാഗമോ ആയിരുന്നു പാഠം എന്ന് വിവക്ഷിക്കപ്പെട്ടത്. അച്ചടിയിലൂടെ പൂർണതയിൽ എത്തുന്ന ഒരു ഉൽപന്നമായി പാഠത്തെ കാണുന്നതിന് പകരം അനവരതം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയായി പാഠത്തെ സമീപിക്കുന്ന രീതിയാണ് ഘടനാവാദ-ഘടനാവാദാനന്തരചിന്തകളിലും സംസ്കാരപഠനത്തിലും പ്രബലമായിട്ടുള്ളത്. ടെക്സ്റ്റ് എന്നത് തുണിയുമായി ബന്ധപ്പെട്ട പദമാണ് texere, textus എന്നീ ലാറ്റിൻ മൂലപദങ്ങളുടെ വാച്യാർഥം, തുണി നെയ്യുക വലകെട്ട് എന്നൊക്കെയാണ്. ചിന്തയുടെ അല്ലെങ്കിൽ എഴുത്തിന്റെ ഊടും പാവുമിട്ട് നെയ്യുന്ന തുണിയോ വലയോ ആണ് പാഠം എന്ന അർഥത്തിലാണ് ഈ പദം സ്വീകരിച്ചിരിക്കുന്നത്. 1930കളിൽ ഫ്രഞ്ച് നോവലിസ്റ്റായ മാർസൽ പ്രൂസ്റ്റി (Marcell Proust)നെക്കുറിച്ചുള്ള വാൾട്ടർ ബഞ്ചമിന്റെ പഠനത്തിൽ പാഠവും തുണി നെയ്ത്തുമായുള്ള ബന്ധത്തെ സംബന്ധിച്ച വിശകലനം കാണാം. എന്നാൽ 1960 കളിൽ ശക്തിപ്രാപിച്ച ഘടനാവാദ ചിന്തയിലാണ് പാഠത്തെ സംബന്ധിച്ച് മൗലികവും ശ്രദ്ധേയവുമായി നിരീക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടത്. അറുപതുകളിലെ ചിഹ്നവിജ്ഞാനത്തിന്റെ വരവോടെ കൃതിയെയും പാഠത്തെയും വ്യവച്ഛേദിച്ച് പറയാനും കൃതിയിൽ അന്തർലീനമായി കിടക്കുന്ന പാഠഭേദങ്ങളെക്കുറിച്ച് ഗൗരവത്തോടെ ചിന്തിക്കാനും ഉള്ള പ്രവണത പ്രബലമായി. ചിഹ്നവിജ്ഞാന പാഠം (semiological text) രണ്ടാംപാഠം (second text) ഉൾപാഠം (under text) തുടങ്ങിയവയെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ വ്യാപകമായി. ഫിലിപ്പ് സോളേർസിന്റെ പത്രാധിപത്യത്തിൽ 1960-ൽ ആരംഭിച്ച ടെൽകൽ എന്ന ഫ്രഞ്ച് മാസികയിൽ, ഘടനാവാദ-ഘടനാവാദാനന്തരചിന്തയുടെ പ്രമുഖ വക്താക്കളായ ലൂയി അൾത്തൂസർ, റോളാങ് ബാർത്ത് പിയർ മാഷേ, മിഷേൽ ഫൂക്കോ, ഴാക് ദെറിദ, ജൂലിയ ക്രിസ്തീയ തുടങ്ങിയവരൊക്കെ പാഠത്തെയും പാഠ്യതയും സംബന്ധിച്ച സങ്കല്പങ്ങളെ ഗൗരവമുള്ള ചർച്ചാവിഷയമായി അവതരിപ്പിച്ചു. എഴുത്തിന്റെയും വായനയുടെയും ഉൽപ്പന്നമായി പാഠത്തെ സമീപിക്കേണ്ടതിന്റെ പ്രാധാന്യം അവർ ഉയർത്തിപ്പിടിച്ചു.

- എഴുത്തിന്റെയും വായനയുടെയും ഉൽപ്പന്നമായി പാഠം

ഴാക് ദെറിദ (Jaques Derrida)

പാഠത്തെ എഴുത്തിന്റെ സവിശേഷമായ ഉൽപ്പന്നമായി അവതരിപ്പിച്ചവരിൽ പ്രമുഖൻ ഴാക് ദെറിദയായിരുന്നു. ദെറിദയുടെ *ഓഫ് ഗ്രാമറ്റോളജിയിലെ (Of Grammatology)* കൃതിയുടെ *അന്ത്യവും എഴുത്തിന്റെ തുടക്കവും (The End of the Book and the Beginning of Writing)* എന്ന ഒന്നാം ഭാഗം പാഠം എന്ന സങ്കല്പനത്തിന്റെ വിശകലനം കൂടിയാണ്. എഴുത്ത് എന്ന് ദെറിദ വിശേഷിപ്പിക്കുന്ന സവിശേഷ വ്യവഹാരത്തിന്റെ പ്രത്യക്ഷമായാണ് പാഠത്തെ അദ്ദേഹം വ്യാഖ്യാനിച്ചത്. വായനയിലൂടെ സവിശേഷമായ ഉൽപ്പന്നമായി പാഠത്തെ കാണുന്നവർ ആയിരുന്നു അൾത്തൂസറിനെപ്പോലുള്ളവർ. അൾത്തൂസറിന്റെ മാർക്സ് വായനകൾ വിശേഷിച്ച് 'മൂലധനം വായിക്കുമ്പോൾ' എന്ന കൃതിയിൽ മാർക്സിന്റെ മൂലധനത്തിന് കൊടുക്കുന്ന പാഠഭേദങ്ങൾ ശ്രദ്ധേയമാണ്.

പഴയ കൃതികൾക്ക് സമകാലികപാഠങ്ങൾ അനിവാര്യമാണെന്ന സന്ദേശം സാഹിത്യ ചിന്തയിൽ പ്രബലമായത് പാഠത്തെ സംബന്ധിച്ച ഇത്തരം അറിവുകളുടെ പശ്ചാത്തലത്തിൽ ആയിരുന്നു. വായനയിലൂടെ പുതിയ പാഠങ്ങൾ ഉല്പാദിക്കപ്പെടുന്നു. എന്നുമാത്രമല്ല ഗ്രന്ഥകർത്താവിന്റെ ആധികാരികതയിൽ അധിഷ്ഠിതമായ സാമ്പ്രദായിക പാഠസങ്കല്പം പ്രസക്തമല്ലാതായിത്തീരുകയും ചെയ്തു. റൊളാങ് ബാർത്ത് 1971-ൽ പ്രസിദ്ധീകരിച്ച കൃതിയിൽ നിന്നും 'പാഠത്തിലേക്ക്' എന്ന ലേഖനമാണ് പാഠവുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ആദ്യത്തെ പ്രബന്ധം

- കൃതിയിൽ നിന്നും പാഠത്തിലേക്ക്

കൃതി (work), പാഠം (text) എന്നീ സങ്കേതങ്ങളെ ബാർത്ത് വിശദീകരിച്ചു. കൃതി നിർവചിക്കപ്പെട്ട ഒരു വസ്തുവാണ്. അത് കയ്യിലെടുക്കാവുന്നതാണ്. (The work can be held in hand, the text is held in language) കൃതിയെ നോവൽ, കവിത, കഥ എന്നിങ്ങനെ വേർതിരിക്കാനാവും. കൃതിക്ക് ഒരു സ്രഷ്ടാവ് ഉണ്ടാകും. കൃതി പാഠത്തിനുള്ള ക്ഷണം മാത്രമാണ്. ഒരു കൃതിയിലും സ്ഥിരമായ പാഠം നിലനിൽക്കുന്നില്ല. വ്യവഹാരമണ്ഡലങ്ങളുടെ മാറ്റത്തിന് അനുസരിച്ച് കൃതികളുടെ പാഠവും മാറിക്കൊണ്ടിരിക്കും. കൃതിയും പാഠവും തമ്മിൽ സ്ഥിരമായ ഒരു ജൈവബന്ധം നിലനിൽക്കുന്നില്ല. എങ്കിലും കൃതിയുടെ പ്രത്യേകതകളെക്കൂടി അടിസ്ഥാനമാക്കിയാണ് ഒരു വ്യവഹാര മണ്ഡലത്തിന് പാഠം സൃഷ്ടിക്കാൻ സാധിക്കുന്നത്. പാഠം ആകട്ടെ ഭാഷയിൽ മാത്രം കാണപ്പെടുന്നതാണ്. പാഠം നിയതമായ നിയമാവലികൾ അനുസരിച്ച് ഭാഷയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന വ്യവഹാരമാണ്. അത് രീതീശാസ്ത്രപരമാണ്. വ്യാവഹാരികതയ്ക്കുള്ളിൽ ആണ് പാഠം നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ പാഠത്തിന് അന്ത്യമില്ല. പാഠം വികേന്ദ്രീകൃതവും വിരുദ്ധതകളിൽ നിലനിൽക്കുന്നതും ആകുന്നു. അത് ബഹുസ്വരവും ആണ്. പാഠത്തിന്റെ ബഹുസ്വരത അർഥത്തിന്റെ ബഹുസ്വരതയിലാണ് നിലനിൽക്കുന്നത്. വിവിധങ്ങളായ ആർഥികബന്ധങ്ങളും അർഥസാധ്യതകളും പാഠം ഉൾക്കൊള്ളുന്നു. ഓരോ പാഠത്തിനും ഉള്ളിൽ അനേകം പാഠങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. എഴുത്തുകാരന് സൃഷ്ടിയുടെ മേലുള്ള അധികാരത്തെ പാഠം എന്ന സങ്കല്പം പൊളിച്ചെഴുതുന്നു. പാഠത്തിലേക്കുള്ള എഴുത്തുകാരന്റെ തിരിച്ചുവരവ് ഒരു അതിഥിയെ പോലെ ആയിരിക്കും എന്നാണ് ബാർത്ത് വിശദീകരിക്കുന്നത്. പാഠത്തിന്റെ കേന്ദ്രത്തിൽനിന്ന് എഴുത്തുകാരൻ ഒഴിവാക്കപ്പെടുകയും ഭാഷ തന്നെ അവിടെ പ്രതിഷ്ഠിക്കപ്പെടുകയും ആണ് ചെയ്യുന്നത്. എഴുത്തുകാരൻ പാഠത്തിന്റെ തന്നെ ഭൂതമാണ്. പാഠമാണ് വർത്തമാനം. പാഠത്തിന്റെ വർത്തമാനം ഒരു ഭാഷാ ശില്പമാണ്. വായനക്കാരന്റെ ജ്ഞാന പരിസരവും അനുഭവലോകവും ചേർന്നാണ് കൃതി പാഠമായി പരിവർത്തിക്കുന്നത്.

- കൃതി പാഠത്തിനുള്ള ക്ഷണം മാത്രമാണ്
- ഓരോ പാഠത്തിനും ഉള്ളിൽ അനേകം പാഠങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു

ഇപ്രകാരം, ഗ്രന്ഥകർത്താവിന് പാഠത്തിനുമേൽ യാതൊരു സ്വാധീനവും ഇല്ലെന്ന് ബാർത്ത് പ്രഖ്യാപിക്കുന്നു. പാഠത്തിന്റെ സ്വാതന്ത്ര്യമാണ് മുഖ്യം. ഏകീകൃതമോ നിയന്ത്രിതമോ ആയ അർഥം പാഠത്തിനുമേൽ അടിച്ചേല്പിക്കാൻ ഗ്രന്ഥകർത്താവിന് കഴിയുകയില്ല. ഗ്രന്ഥകർത്താവ് വിഭാവനം ചെയ്ത സന്ദർഭത്തിനോ അയാളുടെ ഉദ്ദേശത്തിനോ ഗ്രന്ഥത്തിനുമേൽ യാതൊരു സ്വാധീനവും ഇല്ല. വായനക്കാരൻ സൃഷ്ടിക്കുന്ന പാഠത്തിനാണ് പ്രാധാന്യം. എഴുതുന്ന ആൾ എന്ന

തിൽ കവിഞ്ഞ പ്രാധാന്യമൊന്നും ഗ്രന്ഥകർത്താവിനില്ല. ഭാഷക്കാണ് പ്രാധാന്യം. ഭാഷയിൽ കർത്താവിനാണ് പ്രാധാന്യം. വ്യക്തിയല്ല കർത്താവാണ് ഭാഷയെ പ്രവർത്തനക്ഷമമാക്കുന്നത്. അതുകൊണ്ട് ഗ്രന്ഥകർത്താവിന് പ്രാധാന്യം നൽകേണ്ട ആവശ്യമില്ലെന്ന് ബാർത്ത് വിശ്വസിച്ചു.

പാരായണം

പാരായണ പ്രക്രിയകളിൽ കൂടി അർഥബഹുത്വം കൈവരുന്നതിനെക്കുറിച്ചും സൂചക-സൂചിത ബന്ധത്തെക്കുറിച്ചും ബാർത്ത് വിശദമായ പഠനം നടത്തി. പാഠങ്ങളിൽ അനന്തമായ അർഥസാധ്യതകൾ അന്തർഭവിച്ചിരിക്കുന്നു എന്നാണ് മുഖ്യമായും ബാർത്ത് വിശദീകരിച്ചത്. സൂചകത്തിന് സുസ്ഥിരമായ ഒരു സൂചിതാർഥം ഇല്ല. സൂചകം വ്യത്യസ്ത അർഥങ്ങളെ സൂചിപ്പിക്കും. ഒരു സൂചകത്തിൽ നിന്ന് മറ്റൊന്നിലേക്ക് അർഥത്തിന്റെ വഴുതിപ്പോക്കും സംഭവിക്കും. ഇക്കാരണത്താൽ അർഥപരമായ അനിശ്ചിതത്വവും സന്ദിഗ്ദ്ധതയും വന്നുചേരും. അതിനാൽ ഗ്രന്ഥകാരനും പാഠത്തിന്റെ അർഥത്തിനും സ്ഥിരവും കൃത്യവും നിത്യവുമായ ഒരു അവസ്ഥ ഇല്ലെന്ന് വരുന്നു. സ്വതന്ത്ര പാരായണത്തിലൂടെ വായനക്കാരന് സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന ആശയങ്ങളുടെ പ്രാഗ്രൂപം മാത്രമാണ് കൃതി എന്ന് ബാർത്ത് വാദിക്കുന്നു. അങ്ങനെ എഴുത്തുകാരനെ പരിപൂർണമായും പിന്തള്ളിക്കൊണ്ട് കൃതിയിൽ വായനക്കാരന്റെ ആധിപത്യം ഉറപ്പിക്കുന്ന ഒരു വിമർശന തന്ത്രത്തെ അവതരിപ്പിക്കുന്നു. പാഠത്തിന്റെ പാരായണം, അർഥപരമായ അനിശ്ചിതത്വം വഹിക്കുന്നു. പാരായണം ഒരു ശാശ്വത ഘടന അനുസരിച്ചായിരിക്കരുത്. എഴുത്തുകാരൻ സൃഷ്ടിച്ച ഘടന, ഓരോ ആസ്വാദകനും സ്വയം സൃഷ്ടിച്ച് കൃതിയെ എല്ലായ്പ്പോഴും നവീകരിച്ചു കൊണ്ടിരിക്കണം. പാഠാപഗ്രഥനം ഒരു കൃതിയുടെ ഘടനയെ അതേ തരത്തിൽ നിർവചിക്കലല്ല. അതുപോലെ പാഠനിർണയോപാധിയെ കണ്ടുപിടിക്കുക നിരൂപകധർമവും അല്ല. പാഠം ഏതെല്ലാം മേഖലയിലേക്ക് വിഘടിച്ച് വ്യാപിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയാണ് പ്രധാനം.

- സൂചകം വ്യത്യസ്ത അർഥങ്ങളെ സൂചിപ്പിക്കും

പൂർണമായും നിഗൂഢം അല്ലാത്തതും എന്നാൽ സുവ്യക്തമല്ലാത്തതുമായ ഒരു അനിശ്ചിതാർഥമാണ് വായനക്കാരനു മുന്നിലുള്ള സാഹിത്യകൃതികൾക്ക് ഉള്ളത്. ഒരു ചിഹ്നതന്ത്രം (system of significance) എന്ന നിലയിൽ അത് വായനക്കാരന് സ്വയം സമർപ്പിക്കുകയും അതേസമയം ചിഹ്നിതരൂപം (signified object) എന്ന നിലയിൽ വായനക്കാരന്റെ ധാരണയിൽ നിന്ന് തെന്നിമാറുകയും ചെയ്യുന്നു. ഒരു രചന വായനക്കാരന് ലഭിക്കുന്ന ഒരു പാഠമായിത്തീരുമ്പോൾ എഴുത്തുകാരൻ എന്ന വ്യക്തി അപ്രസക്തമാകുന്നതായി ബാർത്ത് വിശദീകരിക്കുന്നു. ഒരു രചന സംസാരിക്കുന്നത് അതിന്റെ ഭാഷയിലൂടെയാണ്. ഭാഷാപരമായി ഒരു എഴുത്തുകാരനായ വ്യക്തി (person) ഒരു കർത്താവായാണ് (subject) നിലനിൽക്കുന്നത്. അതായത് ഒരു കൃതി രൂപീകരിക്കപ്പെടുകയും നിർവചിക്കപ്പെടുകയും ചെയ്യുന്ന സന്ദർഭത്തിലൂടെ വായനക്കാരന് ഉല്പാദിപ്പിക്കാൻ കഴിയുന്ന കർത്താവ് അഥവാ രചയിതാവ് മാത്രമാണ് നിലനിൽക്കുന്നത്. രചയിതാവ്/രചന എന്ന ദ്വന്ദ്വത്തിൽ രചയിതാവ് ആദ്യവും രചന രണ്ടാമതുമാണ്. രചനയെ പോഷിപ്പിക്കുന്ന ഒരു രചയിതാവിനെ സങ്കൽപ്പിക്കുന്ന രീതിയെയാണ് ബാർത്ത് ചോദ്യം ചെ

യ്യുന്നത്. രചനയോടൊപ്പം ജനിക്കുന്ന ഒരു രചയിതാവിനെയാണ് ബാർത്ത് സങ്കൽപ്പിക്കുന്നത്. എഴുത്തിന് മുന്നിലോ ശേഷമോ നില നിൽക്കാത്ത രചയിതാവാണ് ആധുനിക എഴുത്തുകാരൻ എന്ന് ബാർത്ത് വിശദമാക്കുന്നു. എഴുതപ്പെട്ട ഭാഷ സ്വതന്ത്രമായി നിലനിൽക്കുന്ന പാഠമായിത്തീരുകയും വായനക്കാരൻ എഴുത്തുകാരനെപ്പോലെ മറ്റൊരു രചയിതാവായിത്തീരുകയും ചെയ്യുന്ന പ്രക്രിയയാണ് ബാർത്ത് ചിത്രീകരിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു രചനയെ പാഠമായി കാണുമ്പോൾ പുസ്തകം എന്ന അടഞ്ഞ സമീപനം ഉപേക്ഷിക്കേണ്ടിവരുന്നു.

- ഒരു രചന സംസാരിക്കുന്നത് അതിന്റെ ഭാഷയിലൂടെയാണ്

പാഠത്തിൽ അന്തർഗതമായ വിവിധ അർഥങ്ങളെ പാരായണത്തിൽ കൂടി കണ്ടെടുക്കുന്നതിനായി ബാർത്ത് പാഠത്തെ ചെറിയ ഏകകങ്ങളായി വിശ്ലേഷണം ചെയ്ത്, ഓരോ യൂണിറ്റും ഭിന്നതലങ്ങളിൽ വ്യത്യസ്തങ്ങളായ അർഥങ്ങളെ സൂചിപ്പിക്കുന്നത് എങ്ങനെയെന്ന് കണ്ടെത്തുവാൻ ശ്രമിച്ചു. ഇപ്രകാരം വിഭജിച്ചെടുത്ത ഏകകങ്ങളെ ലക്സിയാസ് (lexias) എന്ന് പറയുന്നു. ബൽസ്സാക്കിന്റെ (Honore de Balzac) *സാരസിൻ* (Sarrasine) എന്ന കഥയെ ഇങ്ങനെ പല ഭാഗങ്ങളായി അടർത്തിയെടുത്ത് അർഥാന്വേഷണം നടത്തി എസ് വൈ എസ് എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

- ബാർത്ത് പാഠത്തെ ചെറിയ ഏകകങ്ങളായി വിശ്ലേഷണം ചെയ്തു

രചയിതാവിന്റെ മരണം (The death of the author)

ആദിമസമൂഹങ്ങളിൽ ആഖ്യാനം ഒരു വ്യക്തിയല്ല ഏറ്റെടുത്തിരുന്നത്. മറിച്ച് ഒരു മധ്യസ്ഥനോ, മന്ത്രവാദിയോ, പ്രാസംഗികനോ ആയിരുന്നു. അയാളുടെ പ്രകടനം ആഖ്യാനപാടവം എന്നിവയാണ് ശ്രദ്ധിക്കപ്പെട്ടിരുന്നത്. 'രചയിതാവ്' ഒരു ആധുനിക സങ്കല്പമാണ്. ഇത് ഇംഗ്ലീഷ് അനുഭവവാദം, ഫ്രഞ്ച് യുക്തിവാദം, മതനവീകരണം ഇവയുടെ സന്തതിയാണ്. രചയിതാവ് എന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ കൃതികളെയും അദ്ദേഹത്തിന്റെ സ്വകാര്യ രചനകളിലൂടെ യോജിപ്പിച്ചു കാണാൻ ശ്രമിക്കുന്ന സാഹിത്യചരിത്രങ്ങളിലും ജീവചരിത്ര സംബന്ധിയായ ധാരണകളിലും മാസികകളിലെ അഭിമുഖ സംഭാഷണങ്ങളിലും ഈ രചയിതാവ് തങ്ങിനിൽക്കുന്നു. വർത്തമാനകാല സംസ്കാരത്തിന്റെ സാഹിത്യ പ്രതിരൂപം തന്നെ സാഹിത്യകാരന്റെ വ്യക്തിത്വത്തിലും, ജീവചരിത്രത്തിലും, ഇഷ്ടാനിഷ്ടരൂചിഭേദങ്ങളിലും വികാരങ്ങളിലും ഒക്കെ അധിഷ്ഠിതമാണ്. ഇന്നും രചയിതാവിന്റെ സാമ്രാജ്യം വളരെ ശക്തമാണെങ്കിലും വളരെ കാലമായിട്ടുതന്നെ ഒരു കൃതിയുടെ വ്യാഖ്യാനം അതെഴുതിയ ആളിൽ തന്നെ കല്പിക്കാനുള്ള ശ്രമം എന്ന ആശയത്തെ തകർക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. ഫ്രാൻസിൽ മലാർമെയയായിരുന്നു വ്യക്തിക്കുപകരം ഭാഷയെ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ അതിന്റെ അനന്തസാധ്യതകളോടെ മുൻകൂട്ടി മനസിലാക്കിയത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രചയിതാവല്ല മറിച്ച് ഭാഷയാണ് സംസാരിക്കുന്നത്. മലാർമെയുടെ കാവ്യശാസ്ത്രം തന്നെ എഴുതുന്നതിന്റെ പ്രാധാന്യം കാണിക്കാൻ രചയിതാവിനെ താഴ്ത്തിക്കെട്ടുന്ന രീതിയാണ്. ആധുനികതയുടെ അവസാനം നിലനിന്ന സർ റിയലിസത്തിന് ഭാഷയ്ക്ക് സമുന്നതമായ ഒരു സ്ഥാനം നൽകാൻ കഴിഞ്ഞില്ല. കാരണം ഭാഷ ഒരു പദ്ധതിയാണ്.

അതേസമയം, എല്ലാ സംജ്ഞകളുടെയും നേരിട്ടുള്ള അധോമുഖീകരണമാണിവിടെ അർഥമാക്കുന്നത്. ഒരു കൃതി എന്നാൽ ഒരു പ്രത്യേക ദൈവശാസ്ത്രാർഥം വിനിമയം ചെയ്യുന്ന കുറേ പദങ്ങളടങ്ങിയ വരികൾ മാത്രമല്ല. മൗലികമെന്ന് ഒന്നിനെപ്പോലും വിശേഷിപ്പിക്കാൻ കഴിയാത്തതും യോജിക്കുകയും വിയോജിക്കുകയും ചെയ്യുന്നതുമായ വിവിധ രചനാസമ്പ്രദായങ്ങൾ മേളിക്കുന്ന അനേകം മാനങ്ങളുടെ സഞ്ചയമാണ്. രചയിതാവ് അപ്രത്യക്ഷനായിക്കഴിഞ്ഞാൽ ഒരു കൃതിയെ മനസിലാക്കുക എന്ന അവകാശവാദം തന്നെ ഉപയോഗശൂന്യമായിത്തീരുന്നു. ഒരു കൃതിക്ക് ഒരു രചയിതാവിനെ നൽകുക എന്നാൽ കൃതിക്ക് ഒരതിര് അടിച്ചേൽപിക്കുക, കൃതിയുടെ മേൽ ഒരു അന്തിമ സംജ്ഞ ആരോപിക്കുക, എഴുത്തിന് വിരാമമിടുക എന്നൊക്കെയാവും അർഥം. ഒരു കൃതിയുടെ രൂപൈക്യം അതിന്റെ ഉത്ഭവത്തിലല്ല മറിച്ച് ലക്ഷ്യത്തിലാണ്. ഈ ലക്ഷ്യം വൈയക്തികമല്ല. വായനക്കാരന് ചരിത്രമോ ആത്മകഥയോ മനഃശാസ്ത്രമോ ഇല്ല. ക്ലാസിക്കൽ വിമർശനസമ്പ്രദായത്തിൽ വായനക്കാരൻ ഒരു പ്രശ്നമേയായിരുന്നില്ല. കാരണം എഴുത്തുകാരൻ മാത്രമാണ് സാഹിത്യമണ്ഡലത്തിലെ ഒരേയൊരു വ്യക്തി.

- ഒരു കൃതിയുടെ രൂപൈക്യം അതിന്റെ ഉത്ഭവത്തിലല്ല മറിച്ച് ലക്ഷ്യത്തിലാണ്

ജൂലിയ ക്രിസ്തേവ (Julia Kristeva)



ജൂലിയ ക്രിസ്തേവ

ഫ്രഞ്ച് ഫെമിനിസ്റ്റ് ചിന്തകരിൽ പ്രമുഖയാണ് ജൂലിയ ക്രിസ്തേവ. ഭാഷാശാസ്ത്രം, മാനസിക വിശകലനം തുടങ്ങിയ വൈജ്ഞാനിക മേഖലകളുമായി ഗാഢബന്ധം പുലർത്തുന്നതാണ് ക്രിസ്തേവയുടെ അപഗ്രഥനങ്ങൾ. ഭാഷയെയും കർതൃത്തെയും കുറിച്ച് ജൂലിയ ക്രിസ്തേവ ഗൗരവതരമായ പഠനം നടത്തിയിട്ടുണ്ട്. സ്ത്രീത്വം എന്ന തത്വം അംഗീകരിക്കാത്ത ജൂലിയ ക്രിസ്തേവ പാർശ്വവത്കരണത്തിന്റെയും ഒഴിവാക്കലിന്റെയും രീതിശാസ്ത്രമാണ് അപഗ്രഥിക്കുന്നത്. വായനയുടെ ബഹുത്വത്തെയും സ്വത്വത്തിന്റെ ശകലിതാവസ്ഥയെയും വെളിപ്പെടുത്തുന്നു ക്രിസ്തേവയുടെ ഭാഷാദർശനം. 'കാവ്യഭാഷയിലെ വിപ്ലവം' എന്ന ഗ്രന്ഥത്തിൽ കാവ്യഭാഷയിൽ അന്തർഭവിച്ചിരിക്കുന്ന സ്ത്രൈണമായ ഊർജപ്രവാഹങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നു. ശാസ്ത്രത്തിന്റെയും ഗണിതത്തിന്റെയും ഭാഷാകേന്ദ്രിതവും ഉറച്ചതും ആണെന്നും എന്നാൽ കാവ്യ ഭാഷ ചിഹ്നവ്യൂഹത്താൽ സമ്പന്നവും അനേകം മാനങ്ങളിലേക്ക് വ്യാപിക്കുന്നതും ആണെന്നും നിരീക്ഷിക്കുന്നു.

- കാവ്യ ഭാഷ ചിഹ്ന വ്യൂഹത്താൽ സമ്പന്നം

സൊസ്യൂറിന്റെ (Saussure) *ഭാഷാശാസ്ത്രം*, മാർക്സ് (Marx), ഫ്രോയിഡ്, നീത്ഷേ തുടങ്ങിയവരുടെ ചിന്താ പദ്ധതികൾ ലകാന്റെ മാനസികാപഗ്രഥനം എന്നിവ ആധാരമാക്കി ഭാഷാപരമായ സൈദ്ധാന്തിക അടിത്തറയോടു കൂടി വിമർശനം നടത്തുകയാണ് ക്രിസ്തേവ. ഭാഷാശാസ്ത്രത്തെയും സൗന്ദര്യശാസ്ത്രത്തെയും അലങ്കാരശാസ്

ത്രത്തെയും അപനിർമിക്കുകയും ചിഹ്നശാസ്ത്രത്തിന്റെ നിർമിതി നടത്തുകയും ചെയ്തു. ഭാഷ അചഞ്ചലമായ ഒരു പദ്ധതി അല്ല എന്നും സങ്കീർണമായ ഒരു സൂചകപ്രക്രിയ ആണെന്നും നിരീക്ഷിക്കുന്നു. സ്ത്രീ ഒരു ചിഹ്നം ആയിരിക്കെ അത് പുരുഷ മേധാവിത്വ വ്യവസ്ഥിതിയുടെ നിർമിതിയാണെന്ന് സമർഥിച്ചു. ജൂലിയ ക്രിസ്തേവയെ സംബന്ധിച്ച് എല്ലാ ചിഹ്ന പ്രക്രിയകളും രണ്ടുതരം രീതി വ്യവസ്ഥകളാണ് പാലിക്കുന്നത്. ഒന്ന് ചിഹ്നമാതൃകയും മറ്റൊന്ന് പ്രതീകാത്മകവുമാണ്. ചിഹ്നമാതൃക എന്നത് ലകാന്റെ സാങ്കല്പിക ക്രമവും ഫ്രോയിഡിന്റെ ഈഡിപ്പൽ പൂർവ ഘട്ടവും ആയി ബന്ധം പുലർത്തുന്നു.

❍ ഭാഷ അചഞ്ചലമായ ഒരു പദ്ധതി അല്ല

സ്ത്രൈണതയുടെ മേഖലയും വ്യാപാരവും എന്തെന്ന് അന്വേഷിക്കുന്ന ക്രിസ്തേവ ഈ ചിഹ്നമാതൃകാഘട്ടത്തെ തികച്ചും സ്ത്രൈണമായ ഒരു വ്യവഹാരമായി കാണുന്നു. അത് മാതൃ ശരീരത്തിന്റെ ആധിപത്യ ഘട്ടം കൂടിയാണ്. ഇതിന് അടുത്ത ഘട്ടമാണ് ക്രിസ്തേവയുടെ പ്രതീകാത്മകം. ലകാനിയൻ പ്രതീകാത്മക ക്രമവുമായി ഇതിന് വ്യത്യാസമുണ്ട്. നിലനിൽക്കുന്ന പുരുഷകേന്ദ്രിത സംസ്കാരത്തിന്റെ മേഖലയാണ് പ്രതീകാത്മകക്രമം. ചിഹ്നമാതൃകയിൽ നിന്ന് പ്രതീകാത്മകത്തിലേക്ക് പരിവർത്തനം ചെയ്യിച്ചാണ് ഓരോ മനുഷ്യനെയും സംസ്കാരം ഉൾക്കൊള്ളുന്നത്. ഇത് ഈഡിപ്പൽ മേഖലയാണ്. ഒരു കുട്ടിയുടെ വളർച്ചയുടെ ഈ ഘട്ടത്തിൽ (ഈഡിപ്പൽ) ആണ് പിതാവ് കടന്നുവരുന്നതും കുട്ടി മാതാവുമായുള്ള ബന്ധം വിച്ഛേദിക്കുകയും ലിംഗ വ്യത്യാസം മനസിലാക്കുകയും ചെയ്യുന്നതും. ഈ ഘട്ടത്തിൽ കുട്ടി ഭാഷയുടെ ലോകത്ത് എത്തുന്നതായും ലിംഗവ്യത്യാസം മനസിലാക്കുന്നതായും അതോടുകൂടി ഭാഷയുടെ ഘടനയും വ്യത്യസ്തമാണെന്ന് അറിയുന്നതായും ലകാൻ സമർഥിക്കുന്നു. എല്ലാ അർഥത്തിലും കൃത്രിമവും നിയമനിഷ്ഠവും പക്ഷപാതപരവും ആണ് പ്രതീകാത്മകം എന്നും അവിടെ സ്ത്രീയ്ക്ക് നീതി ലഭിക്കുകയില്ല എന്നും ക്രിസ്തേവ വിലയിരുത്തുന്നു. ചിഹ്നമാതൃകകളെ പ്രതീകാത്മകം അമർച്ചചെയ്യുന്നു. എന്നാൽ ഭ്രാന്തിലും, ദിവ്യത്വത്തിലും, കവിതയിലും ചിഹ്നമാതൃക ഉണരുകയും പ്രതീകാത്മകത്തിനെതിരെ അത് അട്ടിമറി പ്രവർത്തനം നടത്തുകയും ചെയ്യുമെന്ന് ക്രിസ്തേവ പ്രത്യാശിക്കുന്നു.

❍ ചിഹ്നമാതൃകകളെ പ്രതീകാത്മകം അമർച്ചചെയ്യുന്നു

ചിഹ്നമാതൃകയുടെ ശക്തി പ്രകടമാകുന്ന അവാങ്ഗാദ് എഴുത്തുകാരെ ക്രിസ്തേവ ഉയർത്തിക്കാട്ടുന്നു. ഇവ ഈഡിപ്പൽ പൂർവമാതാവുമായുള്ള ചിഹ്നമാതൃകാപരമായ ബന്ധം സ്ഥാപിക്കാൻ സഹായിക്കുന്നു. പ്രതീകാത്മക ഘട്ടത്തിലാണ് ക്രിസ്തേവ സ്ത്രൈണതയുടെ സ്ഥാന നിർണയം നടത്തുന്നത്. സ്വഭാഷയിലെ വാക്യ രചനാ ശാസ്ത്രത്തെ ആസ്പദമാക്കിയാണ് ഒരാളുടെ വ്യക്തിത്വം സൃഷ്ടിക്കപ്പെടുന്നത്. 'ഞാൻ' എന്ന രൂപം അധികാരത്തിന്റെയും ഉടമസ്ഥതതയുടേതുമാകുന്നതിനാൽ അതിനെ ലകാൻ പുരുഷ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. ലകാന്റെ സിദ്ധാന്തത്തെ ക്രിസ്തേവ പുനർവായികയും പുരുഷ മേധാവിത്വവ്യവസ്ഥിതിയിലൂടെ ആണ് ഭാഷ രൂപപ്പെടുന്നതെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. ഞാൻ എന്ന സ്ഥിതി പുരുഷന്റേതും നിഷേധാവസ്ഥ സ്ത്രീയുടേതുമാകുന്നു. പ്രതീകാത്മക ക്രമത്തിന്റെ അഥവാ ഭാഷാപരിജ്ഞാനത്തിന്റെ ഘട്ടത്തിൽ സാങ്കൽപ്പികതയ്ക്ക് വാക്പ്രയോഗം

അസാധ്യമാക്കുകയും അത് അബോധതലത്തിൽ അമർച്ച ചെയ്യപ്പെടുകയും ചെയ്യുന്ന അനുഭവമാണ് ക്രിസ്തേവയുടെ സെമിയോട്ടിക്സിന് ആധാരം. ക്രിസ്തേവയുടെ ഭാഷാ സിദ്ധാന്തത്തിൽ ഭാഷയും സ്ത്രൈണതയും തമ്മിലുള്ള ബന്ധം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ചിഹ്നശാസ്ത്രം പരമ്പരാഗതമായ ലിംഗ വിവേചനത്തെ ബലഹീനമാക്കുന്നു. സ്ത്രൈണതയ്ക്കും ചിഹ്നശാസ്ത്രത്തിനും പ്രാന്തസ്ഥാനീയത എന്ന പൊതുവായ ഒരു ഘടകമുള്ളതായി നിരീക്ഷിക്കുന്നു. സ്ത്രൈണത പുരുഷ മേധാവിത്വ വ്യവസ്ഥിതിയിൽ പ്രാന്ത സ്ഥാനീയമായിരിക്കുന്നതുപോലെ തന്നെ ചിഹ്നശാസ്ത്രം ഭാഷയിലും പ്രാന്തസ്ഥാനീയമായിരിക്കുന്നു. അതുകൊണ്ടാണ് സ്ത്രൈണതയെയും ചിഹ്നശാസ്ത്രത്തെയും സംയോജിപ്പിച്ചുകൊണ്ട് ക്രിസ്തേവ സിദ്ധാന്തരൂപീകരണം നടത്തുന്നത്.

- ക്രിസ്തേവയുടെ സെമിയോട്ടിക്സിന് ആധാരം

Summarised Overview

ഘടനാവാദത്തെയും ഘടനാവാദാനന്തര സമീപനത്തെയും തമ്മിൽ ബന്ധിപ്പിച്ച ഫ്രഞ്ചു സാഹിത്യ ചിന്തകനാണ് റൊളാങ് ബാർത്ത്. ഭാഷാശാസ്ത്രത്തിലും സാമൂഹ്യശാസ്ത്രത്തിലും ഗൗരവതരമായ പഠനങ്ങൾ അദ്ദേഹം നടത്തി. ലക്കാന്റെയും ദെറിദയുടെയും ആശയങ്ങൾ ബാർത്തിന്റെ വീക്ഷണങ്ങളെ വിപുലീകരിച്ചു. പാഠത്തെയും പാഠ്യത്തെയും സംബന്ധിച്ച സങ്കല്പങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങളും ശ്രദ്ധേയമാണ്. ഴാക് ദെറിദ പാഠത്തെ എഴുത്തിന്റെ സവിശേഷമായ ഉൽപ്പന്നമായി അവതരിപ്പിച്ചു. വായനയിലൂടെ സവിശേഷമായ ഉൽപ്പന്നമായി പാഠത്തെ കാണുകയാണ് അൾത്തൂസർ. ഏകീകൃതമോ നിയന്ത്രിതമോ ആയ അർഥം പാഠത്തിനുമേൽ അടിച്ചേല്പിക്കാൻ ഗ്രന്ഥകർത്താവിന് കഴിയില്ലെന്ന് ബാർത്ത് വ്യക്തമാക്കുന്നു സ്വതന്ത്ര പാരായണത്തിലൂടെ വായനക്കാരന് സൃഷ്ടിച്ചെടുക്കാൻ കഴിയുന്ന ആശയങ്ങളുടെ പ്രാഗ്രൂപം മാത്രമാണ് കൃതി എന്ന് ബാർത്ത് വാദിക്കുന്നു. രചനയെ പോഷിപ്പിക്കുന്ന ഒരു രചയിതാവിനെ സങ്കല്പിക്കുന്ന രീതിയെയാണ് ബാർത്ത് ചോദ്യം ചെയ്യുന്നത്. പാഠത്തോടൊപ്പം ജീവിക്കുന്ന ഒരു രചയിതാവിനെയാണ് ബാർത്ത് സങ്കല്പിക്കുന്നത്. തുടർന്ന് ഫെമിനിസ്റ്റ് ചിന്തകരിൽ പ്രമുഖയായ ജൂലിയ ക്രിസ്തേവയുടെ അപഗ്രഥനങ്ങൾ ചർച്ച ചെയ്യുന്നു. ഭാഷയെയും കർതൃത്തെയും കുറിച്ച് ജൂലിയ ക്രിസ്തേവയ്ക്ക് വ്യക്തമായ വീക്ഷണങ്ങൾ ഉണ്ട്. ഭാഷ അചഞ്ചലമായ ഒരു പദ്ധതി അല്ല എന്നും സങ്കീർണമായ ഒരു സൂചക പ്രക്രിയ ആണെന്നും ജൂലിയ ക്രിസ്തേവ നിരീക്ഷിക്കുന്നു. പ്രതീകാത്മകമായ ഒരു ഘട്ടത്തെക്കുറിച്ചാണ് പിന്നീട് വിവരിക്കുന്നത്. എല്ലാ അർഥത്തിലും നിയമനിഷ്ഠവും പക്ഷപാതപരവും ആണ് പ്രതീകാത്മകം എന്നും അവിടെ സ്ത്രീക്ക് നീതിലഭിക്കുകയില്ല എന്നും ക്രിസ്തേവ വിലയിരുന്നു.ഒ

Assignments

1. പാഠത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ വിവരിക്കുക
2. കൃതി, പാഠം എന്നിവയെക്കുറിച്ച് ബാർത്തിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക
3. ജൂലിയ ക്രിസ്തേവയുടെ വിമർശനരീതി വിലയിരുത്തുക.
4. പാരായണപ്രക്രിയയെക്കുറിച്ച് ബാർത്തിന്റെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

Suggested Readings

1. ഇ.എം.എസ്, പി. ഗോവിന്ദപിള്ള, ഗ്രാംഷിയൻ വിചാരവിപ്ലവം, ചിന്ത പബ്ലിക്കേഷൻസ്.
2. സി.ജെ. ജോർജ്, ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ, ബുക്ക്വേം, തൃശൂർ.
3. വി.സി. ശ്രീജൻ, വിമർശനാത്മക സിദ്ധാന്തം, ഡി.സി. ബുക്സ്, കോട്ടയം.

References

1. സി.ജെ. ജോർജ്, ചിഹ്നശാസ്ത്രവും ഘടനാവാദവും, ഡി.സി. ബുക്സ്, കോട്ടയം.
2. ഡോ.പി.കെ. പോക്കർ, ദെറിദ അപനിർമാണത്തിന്റെ ചിന്തകൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, ഡി.സി. ബുക്സ്, കോട്ടയം.
4. കെ.എം. തരകൻ, പാശ്ചാത്യ സാഹിത്യതത്ത്വശാസ്ത്രം, എസ്.പി.സി.എസ്, കോട്ടയം.
5. ഡോ. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
6. ബിപിൻ ബാലചന്ദ്രൻ, ചുറ്റഴിയുന്ന ചിഹ്നങ്ങൾ റൊളാങ് ബാർത്തിന്റെ ചിന്താലോകം ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

വ്യവഹാരങ്ങൾ

Learning Outcomes

- വ്യവഹാരത്തെക്കുറിച്ചറിയുന്നു
- മിഷേൽ ഫൂക്കോയുടെ തത്വചിന്താപദ്ധതിയെക്കുറിച്ച് ധാരണയുണ്ടാകുന്നു
- മിഖായേൽ ബക്തിന്റെ ആശയങ്ങളെക്കുറിച്ചറിയുന്നു
- ക്രിട്ടിക്കൽ ഡിസ്കോഴ്സ് വിശകലനം എന്താണെന്ന് അറിയുന്നു

Background

ഘടനാവാദം പുലർത്തിപ്പോന്ന അതിഭൗതിക ധാരണകളിൽ നിന്ന് സാംസ്കാരിക വിമർശനത്തെ മോചിപ്പിച്ചു കൊണ്ട് അപകേന്ദ്രീകരണ പ്രകിയയെ മുന്നോട്ടു കൊണ്ടു പോകുകയാണ് ഘടനാവാദാനന്തര ചിന്തകർ ചെയ്യുന്നത്. ഘടനാവാദാനന്തര ചിന്തയുടെ ഉദയവും വികാസവും ഫ്രാൻസിൽ ആണ് ഉണ്ടായത്. റൊളാങ് ബാർത്തും, ഴാക്ക് ദെറിദയുമാണ് ഘടനാവാദാനന്തര വിമർശനത്തിന് അടിസ്ഥാനമായ പ്രധാന സങ്കല്പനങ്ങൾ മുന്നോട്ടു വച്ചത്. കൃതിയെയും പാഠത്തെയും വേർതിരിച്ചു കൊണ്ടുള്ള ബാർത്തിന്റെ വിശദീകരണം ശ്രദ്ധേയമാണ്. ദെറിദയുടെ അപനിർമാണവും ഭാഷാവ്യവസ്ഥയെ ഗൗരവമായാണ് സമീപിക്കുന്നത്. പാഠപാരായണങ്ങളിലൂടെ സ്വഭാവികമെന്ന പോലെ ആദരിക്കപ്പെട്ടു പോരുന്ന ധാരണകളുടെ അടിസ്ഥാനത്തെ അപനിർമിക്കുകയാണ് ദെറിദ ചെയ്യുന്നത്. സൂചക-സൂചിതങ്ങൾ തമ്മിലുള്ള ബന്ധത്തെ അസ്ഥിരപ്പെടുത്തുകയും രൂപപരവും ഉപദാനപരവുമായ ഭാഷാ വ്യാപാരങ്ങളെ ഉയർത്തിക്കാണിക്കുകയും ചെയ്തു കൊണ്ട് ഏതൊരു പാഠത്തിനും അത് പറയുന്നതായി ഭാവിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ ഒരു പാരായണം സാധ്യമാണെന്ന് ദെറിദ കാണിച്ചു. ഏറ്റവും യുക്തിസഹമായ ഒരർഥത്തെ നിർധാരണം ചെയ്ത് സ്ഥാപിച്ചെടുക്കുന്നതിനു പകരം അപനിർമാണപരമായ പാരായണം നടത്തുമ്പോൾ ഏകാർഥം സാധ്യമാകുന്നയുക്തിയെ അട്ടിമറിക്കുന്ന സൂചനകൾ ഉയർന്നു വരുന്നതായി കാണാം. അങ്ങനെ പാഠം അതിന്റെ അടിത്തറയിളക്കുന്നു. പാഠത്തിന്റെ ഏകീകൃതനാട്യത്തെ തകർക്കുന്ന ഈ പ്രക്രിയയാണ് അപനിർമാണം.

മാനവികതാവാദചിന്തയെ തകർത്തുകൊണ്ട് അപകേന്ദ്രിതമായ ഒരു ലോകവീക്ഷണം അവതരിപ്പിക്കുകയാണ് ദെറിദയുടെയുടെ ലക്ഷ്യം. ദെറിദയുടെ ചിന്താപദ്ധതികളിലും വിമർശനരീതിയിലും അവലംബിക്കുന്ന മുഖ്യമായ ഒരു സംപ്രത്യയമാണ് എഴുത്ത്. ഭാഷണത്തിന് പ്രാധാന്യം നൽകുന്ന ചിന്താരീതിക്ക് എതിരായി എഴുത്തിന് പ്രാധാന്യം നൽകുന്ന ഒരു സമീപനത്തിനാണ് ഗ്രാമറ്റോളജിയിലൂടെ ദെറിദ രൂപം കൊടുത്തത്. ഘടനാവാദാനന്തര ചിന്തയുമായി ബന്ധപ്പെട്ട് വികസിച്ചു വന്ന പാശ്ചാത്യസാഹിത്യത്തിലെ ശക്തമായ സ്വരങ്ങളിലൊന്ന് ഫ്രഞ്ച് ദാർശനികനായ മിഷേൽ ഫൂക്കോവിന്റേതാണ്. മറ്റൊരു ചിന്തകനായ മിഖായിൽ

ബക്തിൻ കൃതിയിൽ ഏകത കണ്ടെത്താൻ ശ്രമിക്കുന്ന ഘടനാവാദ സമീപനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഭിന്നമായ സ്വരങ്ങളെ കണ്ടെത്തുകയാണ് ചെയ്തത്. മനഃശാസ്ത്രജ്ഞനായ ഴാക് ലകാൻ പ്രമുഖനായ ഘടനവാദാനന്തര ചിന്തകനാണ്. ഘടനാവാദാനന്തര ചിന്തകർ ഘടനാവാദത്തിന്റെ പരിമിതികൾ മറികടക്കുകയും സത്യം, കർതൃത്വം, സ്വത്വം തുടങ്ങിയവ യെക്കുറിച്ച് നിലനിന്നിരുന്ന സങ്കല്പങ്ങളെ അപനിർമിച്ചു കൊണ്ട് അവയിൽ അന്തർലീനമാ യിരിക്കുന്ന അതിഭൗതിക ധാരണകളെ ചോദ്യം ചെയ്യുകയും ചെയ്തു.

Keywords

വ്യവഹാരം-മിഷേൽ ഫൂക്കോ-വിവേചനപരമായ രൂപീകരണം-മിഖായേൽ ബക്തിൻ- ഹെ റ്ററോഗ്ലോസിയ-കാർണിവലസ്ക്-ക്രോണോ ടോപ്പ്-ക്രിട്ടിക്കൽ ഡിസ്കോഴ്സ്

Discussion

വ്യവഹാരം (Discourse)

ഒരു വിഷയത്തെപ്പറ്റി ഔപചാരികമായി നടത്തുന്ന പ്രതിപാദന ത്തെയോ പ്രഭാഷണത്തെയോ കുറിക്കാനാണ് വ്യവഹാരം എന്ന പ ദം സാമാന്യമായി ഉപയോഗിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ വ്യവഹാരം എന്ന വാക്കിന് കൂടുതൽ അർഥവ്യാപ്തി സംഭവിച്ചു. സാഹിത്യനിരൂപണം, സാമൂഹ്യശാസ്ത്രം, ചരിത്രം, ഭാഷാശാസ്ത്രം എന്നിവയിലും സാംസ്കാരിക പഠനം, താരതമ്യ സാഹിത്യ പഠനം, സ്ത്രീവാദ പഠനം, സിനിമാ പഠനം മുതലായ മേഖലകളിലും വ്യവഹാരം എന്ന പദം പ്രയോഗിച്ചു പോരുന്നു. ഭാഷ എപ്രകാരം വാക്യങ്ങളുടെ അനുസ്യൂതിയിലൂടെ ആശയപൊരുത്തവും യുക്തിഭദ്രമായ ബന്ധങ്ങളും രൂപപ്പെടുത്തി അർഥദ്യോദനം നടത്തുന്നു എന്ന അന്വേഷണമാണ് ഭാഷാശാസ്ത്രത്തിൽ വ്യവഹാരാപഗ്രഥനം നിർവഹിക്കുന്നത്.

❍ ഭാഷാശാസ്ത്രത്തിൽ വ്യവഹാരാപഗ്രഥനം

വ്യവഹാരത്തിന്റെ നിയന്ത്രണം ലോകത്തെ എങ്ങനെ കാണുന്നു എന്നതിനെ നിയന്ത്രിക്കുന്നതിന് തുല്യമായതിനാൽ, സാമൂഹിക സിദ്ധാന്തം വ്യവഹാരത്തെ പലപ്പോഴും അധികാരത്തിലേക്കുള്ള ഒരു ജാലകമായി പഠിക്കുന്നു. പൊളിറ്റിക്കൽ സയൻസ് വ്യവഹാരത്തെ രാഷ്ട്രീയം, നയരൂപീകരണം എന്നിവയുമായി അടുത്ത ബന്ധമുള്ളതായി കാണുന്നു. വ്യവഹാരങ്ങളുടെ നിയന്ത്രണം എന്നത് യാഥാർഥ്യത്തെ നിയന്ത്രിക്കുന്നതിനാൽ (ഉദാ. ഒരു സംസ്ഥാനം മാധ്യമങ്ങളെ നിയന്ത്രിക്കുകയാണെങ്കിൽ, അവർ 'സത്യം നിയന്ത്രിക്കുന്നു.) വ്യവഹാരം അനിവാര്യമാണ്. ഭാഷയുടെ ഏതൊരു ഉപയോഗവും വ്യക്തിഗത വീക്ഷണങ്ങളിൽ സ്വാധീനം ചെലുത്തും. അറിവും അധികാരവും തമ്മിലുള്ള ബന്ധത്തെ അനാവരണം ചെയ്യാനും ചരിത്രത്തിന്റെ കർതൃനിരപേക്ഷ സ്വഭാവം വ്യക്തമാക്കാനും മാനവിക വിഷയങ്ങളുടെ ആപേക്ഷിക പദ്ധതിയെ നിർവചിക്കാനും സമർഥമായ മാർഗം വ്യവഹാരത്തെ അപഗ്രഥിക്കുക എന്നതാണ്.

❍ വ്യവഹാരത്തെ അപഗ്രഥിക്കുക

മിഷേൽ ഫൂക്കോ (Michel Foucault)



മിഷേൽ ഫൂക്കോ

വ്യവഹാരം എന്ന പദത്തിന് സാമൂഹ്യവും ദാർശനികവുമായ അടിത്തറ ഉണ്ടാക്കിയത് മിഷേൽ ഫൂക്കോ (Michel Foucault), മിഖായേൽ ബക്തിൻ (Mikhail Bekthin) എന്നിവരുടെ ഗവേഷണപഠനങ്ങളാണ്. വ്യവഹാരത്തെക്കുറിച്ചുള്ള മിഷേൽ ഫൂക്കോയുടെ വിശകലനങ്ങൾ അദ്ദേഹത്തിന്റെ തത്വചിന്തയുടെ ഒരു പ്രധാന വശമാണ്. സമൂഹത്തിനുള്ളിൽ ശക്തിയും അറിവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം പരിശോധിച്ചു. സാമൂഹിക മാനദണ്ഡങ്ങളും അധികാര ഘടനകളും രൂപപ്പെടുത്തുന്നതിലും നിയന്ത്രിക്കുന്നതിലും വ്യവഹാരം പ്രധാന പങ്ക് വഹിക്കുന്നുവെന്ന് അദ്ദേഹം വാദിച്ചു. വ്യവഹാരം എങ്ങനെ, സാമൂഹിക യാഥാർഥ്യങ്ങളെ നിർമിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു എന്ന് ഫൂക്കോ അന്വേഷിക്കുന്നു. തത്വചിന്ത, സാമൂഹ്യശാസ്ത്രം, സാംസ്കാരിക പഠനം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ വ്യവഹാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. അധികാര രൂപം എന്ന നിലയിൽ വ്യവഹാരം എങ്ങനെ ജ്ഞാനോദ്പാദനത്തിന്റെ മാധ്യമമായി സ്ഥാപനങ്ങളെ നിർമിച്ച് നിലനിർത്തുന്നുവെന്ന് ഫൂക്കോ വ്യക്തമാക്കുന്നു.

- സമൂഹത്തിനുള്ളിൽ ശക്തിയും അറിവും

എല്ലാ ജ്ഞാനമേഖലകളും വ്യവഹാര വ്യവസ്ഥകളിൽ അധിഷ്ഠിതമാണ്. സത്യത്തെ പറ്റിയുള്ള അവകാശവാദങ്ങൾ ഇത്തരം ജ്ഞാനവ്യവഹാരങ്ങൾ മുന്നോട്ടുവെക്കുന്നത് അവരുടെ വ്യാവഹാരിക ക്രമത്തിനകത്ത് മാത്രമാണ് പ്രാമാണികമാകുന്നത്. അക്കാരണത്താൽ സത്യത്തിന് സാർവലൗകികതയും ശാശ്വതത്വവും അവകാശപ്പെടാൻ ആകാത്ത അവസ്ഥയുണ്ടാകുന്നു. മനുഷ്യചരിത്രത്തിനകത്ത് രൂപപ്പെടുന്ന വ്യവഹാര വ്യവസ്ഥകൾ മാറിക്കൊണ്ടിരിക്കും. ഭാഷാപ്രയോഗങ്ങളും നിത്യജീവിതത്തിലെ പ്രവർത്തന രീതികളും ഒരുമിക്കുന്നിടത്താണ് വ്യവഹാരം ഉടലെടുക്കുന്നത്. ഓരോ കാലഘട്ടത്തെയും അടയാളപ്പെടുത്തുന്ന ജ്ഞാനിമങ്ങൾ (episteme) ഉണ്ട്. ഒരു കാലഘട്ടത്തിലെ ചിന്തകളെയും വ്യവഹാരങ്ങളെയും നിർണയിക്കുന്ന സങ്കല്പനങ്ങളുടെ ആകെത്തുകയാണ് ജ്ഞാനിമങ്ങൾ. അതിന്റെ നിയന്ത്രണത്തിന് വിധേയമാണ് വ്യക്തിയും സമൂഹവും. ഒരു കാലഘട്ടത്തിലെ എല്ലാ വ്യവഹാരങ്ങളെയും ഈ ജ്ഞാനിമങ്ങൾ നിയന്ത്രിക്കും. നിയമസംവിധാനങ്ങൾ മുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരെയും മതം മുതൽ ദേശരാഷ്ട്രം വരെയും ഉള്ള സ്ഥാപനങ്ങളെ നിലനിർത്തുന്നത് വ്യവഹാരക്രമങ്ങളുടെ ശൃംഖലകളാണ്. ഈ വ്യവഹാരങ്ങളെ അംഗീകൃതമാക്കുന്ന ധാരണകളും വിശ്വാസങ്ങളും സമൂഹത്തിന് അദൃശ്യമാകുന്നതിനു കാരണം വ്യവഹാരങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന പ്രത്യയശാസ്ത്രങ്ങളാണ്. ഒരു പ്രത്യേക കാലഘട്ടത്തിലെ വ്യവസ്ഥാ ക്രമം അക്കാലത്തെ വ്യവഹാരങ്ങളുടെ പ്രവർത്തന ഫലമാണ്. ഒരു കാലഘട്ടത്തിൽ പ്രബലമാകുന്ന

വൈവിധ്യമാർന്ന വ്യവഹാരങ്ങളെ സാധൂകരിക്കുന്ന അടിസ്ഥാന പ്രമാണങ്ങൾ അക്കാലത്തെ സാമൂഹ്യ ജീവിതത്തിൽ, സാമൂഹ്യഘടനയിൽ ഉണ്ടാകും. ഒരു ചിന്തകനെ, ദാർശനികനെ രൂപപ്പെടുത്തുന്ന ജീവിത സാഹചര്യങ്ങളിലാണ് അദ്ദേഹത്തിന്റെ ദർശനത്തിന്റെ ഭാഷ്യങ്ങൾ ഊന്നേണ്ടത്. അറിവിന്റെ മൂലകങ്ങൾ മാറി വരുന്നതോടെ വ്യവഹാരങ്ങളുടെ ക്രമം തിരുത്തപ്പെടുകയും സമൂഹത്തിലെ വ്യവസ്ഥാ ക്രമം മാറുകയും ചെയ്യും.

❍ ജ്ഞാനിമങ്ങൾ

വിവേചനപരമായ രൂപീകരണം

അറിവും ശക്തിയും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള ഫൂക്കോയുടെ വിശകലനത്തിന്റെ കേന്ദ്രബിന്ദുവാണ് അദ്ദേഹത്തിന്റെ വിവേചനപരമായ രൂപീകരണം എന്ന ആശയം. ഫൂക്കോ തന്റെ *ദി ആർക്കിയോളജി ഓഫ് നോളജ്* *(The Archaeology of Knowledge 1969)* എന്ന പുസ്തകത്തിൽ 'വിവേചനപരമായ രൂപീകരണം' എന്ന പദം അവതരിപ്പിച്ചത് ഒരു പ്രത്യേക വ്യവഹാരത്തിനുള്ളിലെ പ്രസ്താവനകളുടെ നിർമാണത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെയും ഘടനകളെയും വിവരിക്കുന്നതിന് വേണ്ടിയാണ്. വ്യവഹാരം എന്നാൽ വെറും സംസാരമോ എഴുത്തോ അല്ല, മറിച്ച് ഒരു കൂട്ടർ സംസാരിക്കുന്ന വസ്തുക്കളെ വ്യവസ്ഥാപിതമായി രൂപപ്പെടുത്തുന്ന പ്രസ്താവനകളുടെ ഒരു സംവിധാനമാണ്. വ്യവഹാരത്തിൽ ഭാഷയേക്കാൾ കൂടുതൽ സമ്പ്രദായങ്ങൾ, സ്ഥാപനങ്ങൾ, സാമൂഹിക ബന്ധങ്ങൾ എന്നിവ ഉൾപ്പെടുന്നു.

❍ ദി ആർക്കിയോളജി ഓഫ് നോളജ്

എന്താണ് പറയേണ്ടത്, ആർക്കൊക്കെ സംസാരിക്കാൻ കഴിയും, ഏത് തരത്തിലുള്ള അറിവാണ് നിയമാനുസൃതമെന്ന് നിർണയിക്കുന്ന നിയമങ്ങൾ തുടങ്ങിയവ വ്യവഹാര രൂപീകരണങ്ങളെ നിയന്ത്രിക്കുന്നു. ഈ നിയമങ്ങൾ പലപ്പോഴും അവ്യക്തവും അബോധാവസ്ഥയിൽ പ്രവർത്തിക്കുന്നതുമാണ്. അവ വ്യക്തമായ അവബോധമില്ലാതെ അറിവിന്റെ ഉൽപാദനത്തെ രൂപപ്പെടുത്തുന്നു. വ്യവഹാര രൂപങ്ങൾ ചരിത്രപരമായി സവിശേഷമാണ്. കാലക്രമേണ അവ പ്രത്യക്ഷപ്പെടുകയും മാറുകയും അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അവ എങ്ങനെ വികസിച്ചുവെന്ന് മനസിലാക്കാൻ വ്യവഹാരങ്ങളുടെ ചരിത്രപരമായ പാളികൾ വിശകലനം ചെയ്യേണ്ടതാണ്. ഈ മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള ഫൂക്കോയുടെ രീതിയെ 'പുരാവസ്തുശാസ്ത്രം' എന്ന് വിളിക്കുന്നു. ഫൂക്കോയെ സംബന്ധിച്ചിടത്തോളം അറിവും ശക്തിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വിവേചനപരമായ രൂപീകരണങ്ങൾ അറിവിന്റെ നിഷ്പക്ഷ സംവിധാനങ്ങൾ മാത്രമല്ല; അവ അധികാര ബന്ധങ്ങളിൽ ഉൾച്ചേർന്നിരിക്കുന്നു. അവ ഏതൊന്നിനെയും ശരിയോ തെറ്റോ, സാധാരണമോ അസാധാരണമോ ആയി കണക്കാക്കുന്നതിനെ നിർവചിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. അങ്ങനെ സാമൂഹിക പ്രവർത്തനങ്ങളിലും സ്ഥാപനങ്ങളിലും അവ കാര്യമായ സ്വാധീനം ചെലുത്തുന്നു.

❍ അറിവും ശക്തിയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

വ്യവഹാര രൂപീകരണങ്ങളും ആത്മനിഷ്ഠതയെ രൂപപ്പെടുത്തുന്നു. വ്യക്തികൾ തങ്ങളെത്തന്നെയും ലോകത്തിലെ അവരുടെ സ്ഥാനത്തെയും എങ്ങനെ മനസിലാക്കുന്നു എന്നതിനെ അത് സ്വാധീനിക്കുന്നു.

വ്യവഹാരങ്ങൾ സ്ഥാപനങ്ങളിലും പ്രയോഗങ്ങളിലും ഭൗതികവത്ക്കരിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, വൈദ്യശാസ്ത്രത്തിന്റെ വ്യവഹാരം ആശുപത്രികൾ, മെഡിക്കൽ പ്രാക്ടീസുകൾ, പ്രൊഫഷണൽ റോളുകൾ എന്നിവയിൽ ഉൾക്കൊള്ളുന്നു. ഈ സ്ഥാപനങ്ങളും സമ്പ്രദായങ്ങളും വ്യവഹാര രൂപീകരണത്തെ ശക്തിപ്പെടുത്തുകയും ശാശ്വതമാക്കുകയും ചെയ്യുന്നു. വിജ്ഞാനത്തിന്റെ ഉല്പാദനത്തിലൂടെയും നിയന്ത്രണത്തിലൂടെയും അധികാരം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിവേചനാത്മക രൂപങ്ങളെക്കുറിച്ചുള്ള ഫൂക്കോയുടെ വിശകലനം വെളിപ്പെടുത്തുന്നു. വ്യവഹാരത്തിന്റെ നിയമങ്ങളും ഘടനകളും പരിശോധിച്ചുകൊണ്ട്, ലോകത്തെയും നമ്മളെയും കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്ന അധികാരത്തിന്റെ മറഞ്ഞിരിക്കുന്ന സംവിധാനങ്ങൾ കണ്ടെത്താനാണ് ഫൂക്കോ ലക്ഷ്യമിടുന്നത്

- വ്യവഹാരങ്ങൾ സ്ഥാപനങ്ങളിലും പ്രയോഗങ്ങളിലും ഭൗതികവത്ക്കരിക്കപ്പെട്ടിരിക്കുന്നു

മിഖായേൽ ബക്തിൻ (Mikhail Balkhtin)



മിഖായേൽ ബക്തിൻ

റഷ്യൻ തത്വചിന്തകനും സാഹിത്യ നിരൂപകനുമായ മിഖായേൽ ബക്തിന് വ്യവഹാരത്തെക്കുറിച്ച് അഗാധമായ ഉൾക്കാഴ്ചകൾ ഉണ്ടായിരുന്നു ഡയലോഗിസം (Dialogism), ഹെറ്ററോഗ്ലോസിയ (Heteroglossia), കാർണിവലസ്ക് (Carnivalesque), ക്രോണോടോപ്പ് (chronotope) പോളിഫോണി (Polyphony) തുടങ്ങിയ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. ഡയലോഗിസം എന്ന ആശയത്തിലൂടെ, എല്ലാ ഭാഷകളും സംഭാഷണപരമാണെന്ന് ബക്തിൻ നിർദ്ദേശിച്ചു. എല്ലാ പ്രസ്താവനകളും ഒരു വലിയ വ്യവഹാരത്തിന്റെ ഭാഗമാണ്. മുൻ വ്യവഹാരങ്ങളാൽ സ്വാധീനിക്കപ്പെട്ടതും ഭാവി പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നതും ആണ്. ഭാഷ ഒറ്റപ്പെട്ടതല്ല. അത് എപ്പോഴും മറ്റ് ശബ്ദങ്ങൾ, സന്ദർഭങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവയുമായി സംഭാഷണത്തിലാണ്. ഈ ഇടപെടൽ വാക്കുകൾക്കും ഉച്ചാരണങ്ങൾക്കും അർഥം നൽകുന്നു.

- എല്ലാ ഭാഷകളും അന്തർലീനമായി സംഭാഷണപരമാണ്

ഹെറ്ററോഗ്ലോസിയ (heteroglossia) ഒരൊറ്റ ഭാഷയിലോ വ്യവഹാരത്തിലോ ഉള്ള ഒന്നിലധികം ശബ്ദങ്ങളുടെയും വീക്ഷണകോണുകളുടെയും സഹവർതിത്വത്തെ വിവരിക്കാൻ ബക്തിൻ ഹെറ്ററോഗ്ലോസിയ എന്ന ആശയം അവതരിപ്പിച്ചു. വിവിധ വ്യവഹാരങ്ങളുടെ പരസ്പര ബന്ധത്തിലൂടെയാണ് അർഥം നിർമിക്കപ്പെടുന്നത്. വ്യത്യസ്ത സാമൂഹിക സാംസ്കാരിക പ്രത്യയശാസ്ത്രനിലപാടുകളെ ആണ് ഈ ശബ്ദ വൈവിധ്യം പ്രതിഫലിപ്പിക്കുന്നത്. ഏകീകൃത ഭാഷ അല്ലെങ്കിൽ അർഥം എന്ന ആശയത്തെ ഹെറ്ററോഗ്ലോസിയ വെല്ലുവിളിക്കുന്നു.

- ഏകീകൃത ഭാഷ അല്ലെങ്കിൽ അർഥം എന്ന ആശയത്തെ വെല്ലുവിളിക്കുന്നു

കാർണിവലസ്ക് (Carnivalesque) നർമം, അരാജകത്വം, ശാരീരിക പ്രവർത്തനങ്ങൾ എന്നിവയിലൂടെ പരമ്പരാഗത ശ്രേണികളും മാനദണ്ഡങ്ങളും അട്ടിമറിക്കപ്പെടുന്ന കാർണിവലസ്ക് എന്ന ആശയം ബക്തിൻ വിശകലനം ചെയ്തു. അധികാരത്തിന്റെ സ്ഥാപിത ഘടനകളെ എങ്ങനെ വെല്ലുവിളിക്കാനും അസ്ഥിരപ്പെടുത്താനും വ്യവഹാരങ്ങൾക്ക് കഴിയുമെന്ന് ഈ ആശയം വ്യക്തമാക്കുന്നു. കാർണിവലസ്ക് വ്യവഹാരം ആവിഷ്കാര സ്വാതന്ത്ര്യത്തിനും സാമൂഹിക മാനദണ്ഡങ്ങളുടെ വിപരീതത്തിനും ബദൽ വീക്ഷണങ്ങൾക്കും ശബ്ദങ്ങൾക്കും ഇടം നൽകുന്നു.

- പരമ്പരാഗത ശ്രേണികളും മാനദണ്ഡങ്ങളും അട്ടിമറിക്കപ്പെടുന്ന കാർണിവലസ്ക് എന്ന ആശയം

ക്രോണോടോപ്പ് (Chronotope) ബക്തിന്റെ ക്രോണോടോപ്പ് എന്ന ആശയം സാഹിത്യത്തിലെ താൽക്കാലികവും സ്ഥലപരവുമായ വിഭാഗങ്ങളുടെ ആന്തരിക ബന്ധത്തെ സൂചിപ്പിക്കുന്നു. വിവരണത്തിൽ സമയവും സ്ഥലവും എങ്ങനെ പ്രതിനിധീകരിക്കപ്പെടുന്നുവെന്നും ഈ പ്രതിനിധാനങ്ങൾ എങ്ങനെ സാമൂഹിക യാഥാർഥ്യങ്ങളാൽ രൂപപ്പെടുന്നുവെന്നും ഇത് എടുത്തുകാണിക്കുന്നു. വ്യത്യസ്ത വിഭാഗങ്ങളും ഗ്രന്ഥങ്ങളും സാംസ്കാരികവും ചരിത്രപരവുമായ പ്രത്യേക സന്ദർഭങ്ങളെ പ്രതിഫലിപ്പിക്കുന്ന വ്യത്യസ്ത ക്രോണോടോപ്പുകൾ സൃഷ്ടിക്കുന്നു.

- സാഹിത്യത്തിലെ താൽക്കാലികവും സ്ഥലപരവുമായ ബന്ധങ്ങളുടെ ആന്തരിക ബന്ധത്തെ സൂചിപ്പിക്കുന്നു

പോളിഫോണി (Polyphony) ഓരോന്നിനും അതിന്റേതായ സാധുതയും അധികാരവും ഉള്ള ഒന്നിലധികം, സ്വതന്ത്രമായ ശബ്ദങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊള്ളുന്ന സൃഷ്ടികളെ, പ്രത്യേകിച്ച് നോവലുകളെ വിവരിക്കാൻ ബക്തിൻ പോളിഫോണി എന്ന പദം ഉപയോഗിച്ചു. ഈ ആശയം ഏകാഗ്രമായ വ്യവഹാരത്തെ എതിർക്കുന്നു. അവിടെ ഒരൊറ്റ ആധികാരിക ശബ്ദം ആധിപത്യം പുലർത്തുന്നു. ബഹുസ്വര ഗ്രന്ഥങ്ങളിൽ, വിവിധ ശബ്ദങ്ങളുടെ ഇടപെടൽ സമ്പന്നവും കൂടുതൽ സങ്കീർണവുമായ അർഥം സൃഷ്ടിക്കുന്നു.

- ഏകാഗ്രമായ വ്യവഹാരത്തെ എതിർക്കുന്നു

സാമൂഹിക സന്ദർഭത്തിനും പ്രവർത്തനത്തിനും അനുസൃതമായി വ്യത്യസ്തമായ വിവിധ വ്യവഹാരവിഭാഗങ്ങൾ അല്ലെങ്കിൽ ഉച്ചാരണ തരങ്ങൾ ബക്തിൻ തിരിച്ചറിഞ്ഞു. ദൈനംദിന സംഭാഷണങ്ങൾ, ഔദ്യോഗിക രേഖകൾ, കലാസാഹിത്യങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും വ്യത്യസ്ത സ്വഭാവങ്ങളും നിയമങ്ങളും ഉണ്ട്. ഈ വിഭാഗങ്ങളെ മനസിലാക്കുന്നത് സമൂഹത്തിനുള്ളിൽ വ്യത്യസ്തമായ വ്യവഹാര രൂപങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും ആശയവിനിമയത്തെ സ്വാധീനിക്കുന്നുവെന്നും വിശകലനം ചെയ്യാൻ സഹായിക്കുന്നു. ബക്തിന്റെ സിദ്ധാന്തങ്ങൾ വ്യവഹാരത്തിന്റെ ആപേക്ഷികവും ചലനാത്മകവുമായ സ്വഭാവത്തെ ഊന്നിപ്പറയുന്നു. ആശയവിനിമയത്തിലൂടെയും ശബ്ദങ്ങളുടെ വൈവിധ്യത്തിലൂടെയും അർഥം എങ്ങനെ സംയോജിപ്പിക്കപ്പെടുന്നുവെന്ന് എടുത്തുകാണിക്കുന്നു. സാഹിത്യ സിദ്ധാന്തം, ഭാഷാശാസ്ത്രം, സാംസ്കാരിക പഠനം, തത്വചിന്ത തുടങ്ങിയ മേഖലകളിൽ അദ്ദേഹത്തിന്റെ കൃതികൾ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

- വ്യവഹാരത്തിന്റെ ആപേക്ഷികവും ചലനാത്മകവുമായ സ്വഭാവത്തെ ഊന്നിപ്പറയുന്നു

ക്രിട്ടിക്കൽ ഡിസ്കോഴ്സ് (critical discourse)

മറഞ്ഞിരിക്കുന്ന അർഥങ്ങൾ, ശക്തി ഘടനകൾ, സാമൂഹിക സ്വാധീനങ്ങൾ എന്നിവ കണ്ടെത്തുന്നതിന് ഭാഷ, ആശയവിനിമയം, വാചകം എന്നിവയുടെ വിശകലനവും വിലയിരുത്തലും വിമർശനാത്മക വ്യവഹാരം സൂചിപ്പിക്കുന്നു. സാമൂഹിക മാനദണ്ഡങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, ശക്തി, ചലനാത്മകത എന്നിവ രൂപപ്പെടുത്തുന്നതിനും പ്രതിഫലിപ്പിക്കുന്നതിനും ഭാഷ എങ്ങനെ ഉപയോഗിക്കപ്പെടുന്നുവെന്ന് പരിശോധിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. ഈ സമീപനം പലപ്പോഴും പക്ഷപാതങ്ങൾ, പ്രചരണം, നിലവിലുള്ള അധികാര, നിയന്ത്രണ സംവിധാനങ്ങളെ ശക്തിപ്പെടുത്താനോ വെല്ലുവിളിക്കാനോ കഴിയുന്ന രീതി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭാഷാശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാധ്യമപഠനം തുടങ്ങിയ മേഖലകളിൽ ഭാഷ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ സന്ദർഭങ്ങളെ എങ്ങനെ സ്വാധീനിക്കുന്നുവെന്നും പ്രതിഫലിപ്പിക്കുന്നുവെന്നും പരിശോധിക്കാൻ ക്രിട്ടിക്കൽ ഡിസ്കോഴ്സ് വിശകലനം സാധാരണയായി ഉപയോഗിക്കുന്നു. സാമൂഹിക പ്രയോഗത്തിൽ ഭാഗമാകുന്ന ചിന്തയാണ് വ്യവഹാരം. ചില കാലഘട്ടങ്ങളിൽ ചിലതരം പ്രസ്താവങ്ങൾ മാത്രം സാധ്യമാകുന്നത് എന്തുകൊണ്ടെന്ന് വ്യവഹാര പഠനം അന്വേഷിക്കുന്നു. ചില കാലങ്ങളിൽ ചില പ്രസ്താവങ്ങൾ സത്യവും മറ്റ് ചിലത് അസത്യവുമായി ഗ്രഹിക്കപ്പെടുന്നു. സത്യത്തിന് സാധാരണയായി നാം കൊടുക്കാറുള്ള സാർവലൗകികവും ചരിത്രനിരപേക്ഷവുമായ നിർവചനങ്ങൾക്ക് പ്രസക്തി ഇല്ലാതാവുകയാണ്. പ്രത്യേക പ്രസ്താവങ്ങൾ സത്യാത്മകവും നീതിയുക്തവുമാകുന്നത് ആ പ്രസ്താവങ്ങൾ നടത്താനാവശ്യമായ സാഹചര്യങ്ങൾ സംജാതമാകുമ്പോഴാണ്.

- ചില കാലങ്ങളിൽ ചില പ്രസ്താവങ്ങൾ സത്യവും ചിലവ അസത്യവുമായി ഗ്രഹിക്കപ്പെടുന്നു

Summarised Overview

ഫ്രഞ്ച് തത്വചിന്തകനും സാമൂഹിക സൈദ്ധാന്തികനുമാണ് മിഷേൽ ഫൂക്കോ. വ്യവഹാരങ്ങളെയും സമൂഹത്തിൽ അവയുടെ പങ്കിനെയും മനസിലാക്കുന്നതിൽ ഗണ്യമായ സംഭാവന നൽകിയ വ്യക്തിയാണ് അദ്ദേഹം. ഭാഷയിലൂടെയും പ്രയോഗങ്ങളിലൂടെയും പ്രകടിപ്പിക്കുന്ന ചിന്തകൾ, ആശയങ്ങൾ അല്ലെങ്കിൽ അറിവ് എന്നിവയുടെ ഒരു സംവിധാനമായാണ് ഫൂക്കോ വ്യവഹാരത്തെ നിർവചിച്ചത്. ഇത് കേവലം പ്രസ്താവനകളുടെ ഒരു കൂട്ടം മാത്രമല്ല, ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് ചിന്തിക്കാനും സംസാരിക്കാനുമുള്ള ഘടനാപരമായ രീതിയാണ്. വ്യവഹാരങ്ങൾ ശക്തിയുമായും അറിവുമായും അടുത്ത ബന്ധമുള്ളതാണെന്ന് ഫൂക്കോ വാദിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അറിവ് വസ്തുതകളുടെ ഒരു നിഷ്പക്ഷ ശേഖരം മാത്രമല്ല. അവ അധികാര ഘടനകളുടെ താൽപ്പര്യങ്ങൾ നിറവേറ്റുന്ന വ്യവഹാരങ്ങളിലൂടെ സൃഷ്ടിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യപ്പെടുന്നവ കൂടിയാണ്. ശക്തിയും അറിവും പരസ്പരാശ്രിതമാണ്; ശക്തി അറിവ് ഉൽപാദിപ്പിക്കുന്നു, അറിവ് ശക്തിയെ ബലപ്പെടുത്തുന്നു. ചരിത്രപരവും സാമൂഹികവുമായ പ്രത്യേക സന്ദർഭങ്ങളിൽ ഉയർന്നുവരുന്ന വ്യവഹാര മാതൃകകളായ 'വ്യവഹാര രൂപീകരണങ്ങൾ' എന്ന ആശയം ഫൂക്കോ അവതരിപ്പിച്ചു. ഈ രൂപീകരണങ്ങൾ എന്താണ് പറയേണ്ടത്, ആർക്കൊക്കെ സംസാരിക്കാൻ കഴിയും, എന്തിനെയൊക്കെയാണ് ശരിയായോ തെറ്റായോ കണക്കാക്കേണ്ടത് എന്നിവ നിർവചിക്കുന്നു. അറിവിന്റെ ഉല്പാദനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും മാനദണ്ഡങ്ങളും അവ സ്ഥാപിക്കുന്നു.

'ദി ആർക്കിയോളജി ഓഫ് നോളജ്' എന്ന തന്റെ പുസ്തകത്തിൽ ഫൂക്കോ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്ന അടിസ്ഥാന നിയമങ്ങളും ഘടനകളും കണ്ടെത്തി വിശകലനം ചെയ്യുന്നതിനുള്ള ഒരു രീതി അവതരിപ്പിച്ചു. ചില പ്രസ്താവനകൾ പ്രത്യക്ഷപ്പെടാനും അറിവായി അംഗീകരിക്കപ്പെടാനും അനുവദിക്കുന്ന ചരിത്രപരമായ സാഹചര്യങ്ങൾ പരിശോധിക്കുന്നത് ഈ സമീപനത്തിൽ ഉൾപ്പെടുന്നു.

അച്ചടക്ക അധികാരം വിനിയോഗിക്കുന്നതിന് വ്യവഹാരങ്ങൾ എങ്ങനെ സഹായിക്കുന്നുവെന്ന് ഫൂക്കോ വിശകലനം ചെയ്തു. വ്യക്തികളെ നിയന്ത്രിക്കാനും അവരുടെ പെരുമാറ്റവും ചിന്തയും രൂപപ്പെടുത്താനും ആധുനിക സമൂഹങ്ങൾ വ്യവഹാരങ്ങൾ ഉപയോഗിക്കുന്നുവെന്ന് അദ്ദേഹം വാദിച്ചു. ജയിലുകൾ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങൾ വ്യക്തികളുടെ മേൽ അധികാരം ചെലുത്താനും ചില സ്വഭാവങ്ങൾ സാധാരണ നിലയിലാക്കാനും പ്രത്യേക വ്യവഹാരങ്ങൾ ഉപയോഗിക്കുന്നു. വ്യവഹാരങ്ങളെക്കുറിച്ചുള്ള ഫൂക്കോയുടെ വിശകലനം, അവ എങ്ങനെ ആത്മനിഷ്ഠതയെയും സ്വത്വത്തെയും രൂപപ്പെടുത്തുന്നു എന്നതിലേക്കും വ്യാപിക്കുന്നു. വ്യക്തികൾ സ്വയംഭരണാധികാരമുള്ള ഏജന്റുമാരല്ലെന്നും അവർ ആരാണെന്നും അവർ എങ്ങനെ പെരുമാറണമെന്നും നിർവചിക്കുന്ന വ്യവഹാരങ്ങളിലൂടെയാണ് ആത്മനിഷ്ഠതയും സ്വത്വവും സൃഷ്ടിക്കപ്പെടുന്നതെന്നും അദ്ദേഹം വിശ്വസിച്ചു. സാമൂഹിക സ്വത്വങ്ങളും വിഭാഗങ്ങളും നിർമിക്കുന്നതിൽ വ്യവഹാരങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. വ്യവഹാരങ്ങളുടെ വ്യാപകമായ സ്വാധീനം ഉണ്ടായിരുന്നിട്ടും, ചെറുത്തുനിൽപ്പിന്റെയും പരിവർത്തനത്തിന്റെയും സാധ്യതകളെ ഫൂക്കോ ഊന്നിപ്പറയുകയും ചെയ്തു. വ്യവഹാരങ്ങൾ ഏകശിലാരൂപമല്ലെന്നും അവയെ വെല്ലുവിളിക്കാനും മാറ്റാനും കഴിയുമെന്നും അദ്ദേഹം വാദിച്ചു. പ്രബലമായ വ്യവഹാരങ്ങളെ ചോദ്യം ചെയ്യുകയും പുനർനിർമിക്കുകയും ചെയ്യുന്നതിലൂടെ, പാർശ്വവൽക്കരിക്കപ്പെട്ട ശബ്ദങ്ങൾക്ക് ചിന്തയുടെയും പ്രവർത്തനത്തിന്റെയും പുതിയ വഴികൾ സൃഷ്ടിക്കാൻ കഴിയും. വ്യവഹാരങ്ങളെക്കുറിച്ചുള്ള മിഷേൽ ഫൂക്കോയുടെ വീക്ഷണങ്ങൾ ഭാഷയും അറിവും ശക്തിയും തമ്മിലുള്ള സങ്കീർണമായ ബന്ധത്തെ എടുത്തുകാണിക്കുന്നു. വ്യവഹാരങ്ങൾ എങ്ങനെ യാഥാർഥ്യത്തെ രൂപപ്പെടുത്തുന്നു, സാമൂഹിക സമ്പ്രദായങ്ങളെ സ്വാധീനിക്കുന്നു, വ്യക്തിഗത സ്വഭാവത്തെ നിയന്ത്രിക്കുന്നു, അതേസമയം വിമർശനത്തിനും മാറ്റത്തിനുമുള്ള സാധ്യതകൾ എങ്ങനെയെല്ലാം തുറക്കുന്നു എന്നെല്ലാം അദ്ദേഹത്തിന്റെ വിശകലനങ്ങൾ വ്യക്തമാക്കുന്നു.

റഷ്യൻ തത്ത്വചിന്തകനും സാഹിത്യ നിരൂപകനുമായിരുന്ന മിഖായേൽ ബക്തിൻ ഭാഷയുടെ സംഭാഷണ സ്വഭാവത്തെക്കുറിച്ചും നോവലിനെ ഒരു വിഭാഗമെന്ന നിലയിൽ വിശകലനം ചെയ്യുന്നതിനെക്കുറിച്ചും ഡയലോഗിസം, കാർണിവലസ്ക്, ക്രോണോടോപ്പ്, ഹെറ്ററോഗ്ലോസിയ (Heteroglossia) തുടങ്ങിയ ആശയങ്ങൾ അവതരിപ്പിച്ചു. ഭാഷയും അർഥവും അന്തർലീനമായി സംഭാഷണപരമാണെന്നും, വ്യത്യസ്ത ശബ്ദങ്ങൾ അല്ലെങ്കിൽ കാഴ്ചപ്പാടുകൾ തമ്മിലുള്ള ഇടപെടലുകളിൽ (ഡയലോഗിസം) നിന്നാണ് അവ ഉണ്ടാകുന്നത് എന്നും ബക്തിൻ വിശദീകരിച്ചു. നർമത്തിലൂടെയും അരാജകത്വത്തിലൂടെയും പ്രബലമായ ശൈലിയുടെയോ അന്തരീക്ഷത്തിന്റെയോ അനുമാനങ്ങളെ അട്ടിമറിക്കുകയും സ്വതന്ത്രമാക്കുകയും ചെയ്യുന്ന സാഹിത്യരീതിയെ (കാർണിവലസ്ക്) ബക്തിൻ അവതരിപ്പിച്ചു. ഒരു വാചകത്തിനുള്ളിലെ, പ്രത്യേകിച്ച് നോവലിലെ ശബ്ദങ്ങളുടെ ബഹുത്വത്തെ വിശദീകരിക്കുന്ന ഹെറ്ററോഗ്ലോസിയ (Heteroglossia) എന്ന ആശയം അവതരിപ്പിച്ചു. സാഹിത്യത്തിലെ കാലപരവും സ്ഥലപരവുമായ ഭാഗങ്ങളുടെ അന്തർലീനമായ ബന്ധത്തെ ക്രോണോടോപ്പ് എന്ന ആശയത്തിലൂടെ ബക്തിൻ വിവരിച്ചു.

Assignments

1. വ്യവഹാരങ്ങളെയും സമൂഹത്തിൽ അവയുടെ പങ്കിനെയും മനസിലാക്കുന്നതിൽ മിഷേൽ ഫൂക്കോ നൽകിയ സംഭാവനകൾ വിവരിക്കുക.
2. വിവേചനപരമായ രൂപീകരണം എന്ന പദത്തെ വിശകലനം ചെയ്ത് വിവരിക്കുക.
3. വ്യവഹാരത്തെക്കുറിച്ച് റഷ്യൻ തത്വചിന്തകനായ മിഖായേൽ ബക്തിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.
4. ക്രിട്ടിക്കൽ ഡിസ്കോഴ്സ് എന്ന പദത്തെ വിശകലനം ചെയ്യുക.
5. വ്യവഹാരത്തെക്കുറിച്ച് മിഖായേൽ ബക്തിൻ അവതരിപ്പിച്ച ആശയങ്ങൾ വിവരിക്കുക.

Suggested Readings

1. എൻ.ആർ. ഗോപിനാഥപിള്ള, ഡി. ബഞ്ചമിൻ, സാഹിത്യ സിദ്ധാന്തങ്ങൾ പാശ്ചാത്യവും പൗരസ്ത്യവും, കേരള സർവകലാശാല, തിരുവനന്തപുരം.
2. ഡോ. എം. ലീലാവതി, സാഹിത്യനിരൂപണത്തിലെ ദിശാബോധം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
3. പി.പി. രവീന്ദ്രൻ, ആധുനികാനന്തരം വിചാരം വായന, കറന്റ് ബുക്സ്, തൃശൂർ.

References

1. പി.പി. രവീന്ദ്രൻ, മിഷേൽ ഫൂക്കോ: വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. സി.ജെ. ജോർജ് (എഡി), ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ, ബുക്ക് വേം പബ്ലിക്കേഷൻസ്, തൃശൂർ.
3. ഷാജി ജേക്കബ് (എഡി), ആധുനികാനന്തര മലയാള സാഹിത്യ വിമർശനം, സൈകതം ബുക്സ്, കോതമംഗലം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

മിഷേൽ ഫൂക്കോയുടെ മാതൃകകൾ

Learning Outcomes

- മിഷേൽ ഫൂക്കോയുടെ തത്വചിന്താ പദ്ധതിയെകുറിച്ച് ധാരണയുണ്ടാകുന്നു
- വംശാവലി ചരിതം എന്ന വിശകലന രീതി മനസിലാക്കുന്നു
- മിഷേൽ ഫൂക്കോയുടെ കൃതികളെക്കുറിച്ച് അറിയുന്നു

Background

ഘടനാവാദാനന്തരചിന്തകൾക്ക് നിമിത്തമായത് ഴാക് ദെറീദ ഭാഷയെക്കുറിച്ച് നൽകിയ അപനിർമാണപരമായ സങ്കല്പനങ്ങളാണ്. റൊളാങ് ബാർത്ത്, ഫൂക്കോ എന്നിവരുടെ രചനകളും ഘടനാനന്തര ചിന്തകൾക്ക് ആക്കം കൂട്ടി. ഭാഷണത്തെക്കാൾ പ്രധാനമാണ് എഴുത്ത് എന്നാണ് ദറിദയുടെ വാദം. ദെറിദയുടെ പ്രസിദ്ധമായ സംപ്രത്യയമാണ് ഡിഫറൻസ്. ദറിദയുടെ മറ്റൊരു സംപ്രത്യയമാണ് സ്വതന്ത്ര ലീല. റൊളാങ് ബാർത്തിന്റെ പാഠവുമായി ബന്ധപ്പെടുത്തി ദെറിദ ഇതവതരിപ്പിക്കുന്നു. ദെറിദയുടെ സംപ്രത്യയങ്ങളായ എഴുത്ത്, ഡിഫറൻസ് സ്വതന്ത്രലീല തുടങ്ങിയവ ഭാഷാശാസ്ത്രത്തിലും തത്വചിന്തയിലും മാത്രമല്ല സാഹിത്യവിമർശനത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. കൃതിയിൽ അർഥമുത്പാദിപ്പിക്കുന്നത് ഗ്രന്ഥകാരനല്ല പാഠവും വായനക്കാരുമാണ് എന്ന് റൊളാങ് ബാർത്ത് തെളിയിച്ചിട്ടുണ്ട്. ഘടനാവാദാനന്തര ചർച്ചകളിൽ പ്രധാനമാണ് മിഖായിൽ ബക്തിന്റെ കൃതികൾ. ഫോർമലിസത്തെക്കുറിച്ചുള്ള ബക്തിന്റെ ചിന്തകൾ ഘടനാവാദോത്തര വിമർശനത്തിന്റെ ഒരു പൂർവ ദർശനമാണ്. മറ്റൊരു ഫ്രഞ്ച് തത്ത്വചിന്തകനും സാമൂഹിക സൈദ്ധാന്തികനുമാണ് മിഷേൽ ഫൂക്കോ. വ്യവഹാരങ്ങളെയും സമൂഹത്തിൽ അവയുടെ പങ്കിനെയും മനസിലാക്കുന്നതിൽ ഗണ്യമായ സംഭാവന അദ്ദേഹം നൽകി. ഭാഷയിലൂടെയും പ്രയോഗങ്ങളിലൂടെയും പ്രകടിപ്പിക്കുന്ന ചിന്തകൾ, ആശയങ്ങൾ അല്ലെങ്കിൽ അറിവ് എന്നിവയുടെ ഒരു സംവിധാനമായാണ് ഫൂക്കോ വ്യവഹാരത്തെ നിർവചിച്ചത്. വ്യവഹാരങ്ങളെക്കുറിച്ചുള്ള മിഷേൽ ഫൂക്കോയുടെ വീക്ഷണങ്ങൾ ഭാഷയും അറിവും ശക്തിയും തമ്മിലുള്ള സങ്കീർണമായ ബന്ധത്തെ എടുത്തുകാണിക്കുന്നു.

Keywords

മിഷേൽ ഫൂക്കോ-ദി ആർക്കിയോളജി ഓഫ് നോളേജ്-പനോപ്റ്റിസിസം-എപ്പിസ്റ്റം

Discussion

മിഷേൽ ഫൂക്കോ

തത്വചിന്ത, സാമൂഹ്യശാസ്ത്രം തുടങ്ങി വിവിധ മേഖലകളിൽ ശ്രദ്ധേയമായ വീക്ഷണങ്ങൾ അവതരിപ്പിച്ച പ്രമുഖ ഫ്രഞ്ച് തത്വചിന്തകനും സാമൂഹിക സൈദ്ധാന്തികനും ചരിത്രകാരനുമാണ് മിഷേൽ ഫൂക്കോ. അധികാരം, അറിവ്, സാമൂഹിക സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള ബന്ധം, അറിവിന്റെ സ്വഭാവം, വ്യവഹാരം, സമൂഹത്തിൽ അധികാരം എങ്ങനെ പ്രവർത്തിക്കുന്നു എന്നിവയെക്കുറിച്ചുള്ള ഫൂക്കോയുടെ വിശകലനങ്ങൾ ജ്ഞാനശാസ്ത്രത്തിന്റെയും വിജ്ഞാനത്തിന്റെയും തത്വചിന്തയുടെയും പഠനത്തിൽ ശാശ്വതമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഫൂക്കോയുടെ ആശയങ്ങൾ വസ്തുനിഷ്ഠതയെയും സത്യത്തെയും കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളെ വെല്ലുവിളിച്ചു. അറിവ് സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളാൽ രൂപപ്പെട്ടതാണെന്ന് വാദിച്ചു. അറിവായി നാം കരുതുന്നതിനെ സ്ഥാപനങ്ങളും വ്യവഹാരങ്ങളും എങ്ങനെ സ്വാധീനിക്കുന്നു എന്ന് മനസിലാക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. ഫൂക്കോവിന്റെ സൈദ്ധാന്തിക പരികല്പനകളെ ഏകോപിപ്പിക്കുന്ന സങ്കല്പനങ്ങളാണ് വ്യവഹാരം, അധികാരം, സ്വത്വം എന്നിവ. *മാഡ്നസ് ആൻഡ് സിവിലൈസേഷൻ* (Madness and Civilization), *ദി ബർത്ത് ഒഫ് ദി ക്ലിനിക്* (The Birth of The Clinic) *ദി ഓർഡർ ഓഫ് തിങ്സ് (The Order of Things) ദി ആർക്കിയോളജി ഓഫ് നോളജ്* (The Archaeology of Knowledge)എന്നീ കൃതികളിൽ വ്യവഹാരം കേന്ദ്ര വിഷയമായി വരുന്നു. ഉന്മാദത്തിന്റെയും വൈദ്യശാസ്ത്രത്തിന്റെയും മാനവിക ശാസ്ത്രത്തിന്റെയും പുരാവസ്തു ശാസ്ത്രമാണ് ഈ പുസ്തകങ്ങളിൽ അന്വേഷണവിഷയം ആക്കുന്നത്. വ്യവഹാരങ്ങളിലൂടെയും വ്യവഹാര രൂപീകരണത്തിലൂടെയും ഉന്മാദവും മനുഷ്യശരീരവും മനുഷ്യൻ തന്നെയും എങ്ങനെ ജ്ഞാന വിഷയമായി മാറുന്നു എന്നാണ് ഈ ഘട്ടത്തിൽ വിശകലനം ചെയ്യുന്നത്.

- വ്യവഹാരം, അധികാരം, സ്വത്വം

വിജ്ഞാനത്തിന്റെ പുരാവസ്തുശാസ്ത്രം

മിഷേൽ ഫൂക്കോ എഴുതിയ *'ദി ആർക്കിയോളജി ഓഫ് നോളജ്'* എന്ന കൃതിയിൽ, വിജ്ഞാനത്തിന്റെ സ്വഭാവവും അത് എങ്ങനെ നിർമിക്കപ്പെടുന്നു, സംഘടിപ്പിക്കപ്പെടുന്നു എന്നും വിശദമാക്കുന്നു. ഇതോടൊപ്പം, ചരിത്രപരവും പുരാവസ്തുശാസ്ത്രപരവുമായ രീതിയിൽ അറിവ് പരിശോധിക്കുന്നതിനുള്ള ഒരു ആശയം അവതരിപ്പിക്കുന്നു. ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്ന വ്യവഹാരങ്ങളെയും വിജ്ഞാന സംവിധാനങ്ങളെയും വിശകലനം ചെയ്യുന്നതിനുള്ള രീതിയായി അദ്ദേഹം 'പുരാവസ്തു' എന്ന ആശയം അവതരിപ്പിക്കുന്നു. അറിവിന്റെ ചരിത്രപരവും സാന്ദർഭികവുമായ വശങ്ങൾ അന്വേഷിക്കുന്നതിനും ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്ന മറഞ്ഞിരിക്കുന്ന ഘടനകളെയും ശക്തികളെയും കണ്ടെത്തുന്നതിനുമുള്ള ഒരു മാർഗമാണ് 'വിജ്ഞാനത്തിന്റെ

- മറഞ്ഞിരിക്കുന്ന ഘടനകളെയും ശക്തികളെയും കണ്ടെത്തുന്നതിനുള്ള മാർഗം

പുരാവസ്തുശാസ്ത്രം'. അറിവിന്റെ ഉള്ളടക്കം പഠിക്കുന്നതിനുപകരം, കാലക്രമേണ അറിവ് എങ്ങനെ നിർമിക്കപ്പെടുകയും ക്രമപ്പെടുത്തുക യും ചെയ്തുവെന്ന് വിശകലനം ചെയ്യണമെന്ന് ഫൂക്കോ നിർദ്ദേശി ക്കുന്നു.

വ്യത്യസ്ത ചരിത്ര സന്ദർഭങ്ങളിൽ ആശയങ്ങൾ എങ്ങനെ വിക സിക്കുകയും രൂപപ്പെടുകയും ചെയ്തുവെന്ന് മനസിലാക്കാൻ വ്യവ ഹാരങ്ങൾ, അറിവിന്റെ സംവിധാനങ്ങൾ, അവയെ നിയന്ത്രിക്കുന്ന നിയമങ്ങൾ എന്നിവ പഠനവിധേയമാക്കണം. ചിന്തയുടെയും അറി വിന്റെയും സംവിധാനങ്ങൾ അല്ലെങ്കിൽ വ്യവഹാര രൂപങ്ങൾ വ്യാക രണത്തിനും യുക്തിക്കും അപ്പുറത്തുള്ള നിയമങ്ങളാൽ നിയന്ത്രിക്ക പ്പെടുന്നു എന്നും, അത് വ്യക്തിഗത വിഷയങ്ങളുടെ ബോധത്തിന് കീഴിൽ പ്രവർത്തിക്കുകയും ആശയപരമായ ഒരു വ്യവസ്ഥയെ നിർ വചിക്കുകയും ചെയ്യുന്നു എന്നും ഉള്ളതാണ് പുരാവസ്തുഗവേഷണ രീതിയുടെ പ്രധാന ആശയം. പുരാവസ്തുഗവേഷണം ചിന്തയുടെ ചരിത്രകാരനെ അബോധതലത്തിൽ പ്രവർത്തിക്കാൻ അനുവദിച്ചു. അത് പുരാവസ്തുശാസ്ത്രത്തിലും പരമ്പരാഗത ചരിത്രരചനയിലും കാണപ്പെടുന്ന വിഷയത്തിന്റെ പ്രാഥമികതയെ മാറ്റിമറിച്ചു. പുരാവ സ്തുശാസ്ത്രം മുഖ്യമായും, വിവിധ കാലഘട്ടങ്ങളിലെ വിവേചനാ ത്മക രൂപങ്ങളുടെ താരതമ്യത്തിൽ പരിമിതപ്പെടുത്തിയിരിക്കുന്നു. അത്തരം താരതമ്യങ്ങൾ മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ആളുകൾ വളരെ വ്യത്യസ്തമായി ചിന്തിച്ചിരുന്നുവെന്ന് കാണിക്കുന്നതിലൂടെ, ഒരു പ്രത്യേക ചിന്താഗതിയുടെ ആകസ്മികത സൂചിപ്പിച്ചു തരുന്നു. അതേസമയം ഒരു ചിന്താരീതിയിൽ നിന്ന് മറ്റൊന്നിലേക്കുള്ള പരിവർ ത്തനത്തിന്റെ കാരണങ്ങളെ വിശദമാക്കുന്നില്ല. അതിനാൽ വേരൂന്നിയ സമകാലിക നിലപാടുകളുടെ ആകസ്മികതയുടെ ഏറ്റവും ശക്തമായ സാഹചര്യത്തെ അവഗണിക്കേണ്ടിവന്നു.

- പുരാവസ്തുഗവേ ഷണ രീതിയുടെ പ്രധാന ആശയം

വംശാവലി ചരിതം

അധികാരത്തെക്കുറിച്ചും സമൂഹത്തിലെ അധികാര ബന്ധങ്ങളെ ക്കുറിച്ചും ഉള്ള ഫെഡറിക് നീത്ഷെ (Friedrich Nietzsche)യുടെ ചിന്താ പദ്ധതിയുടെ തുടർച്ചയായി ഫൂക്കോ വികസിപ്പിച്ചെടുത്ത ചരിത്ര വിശ കലന രീതിയുമായി ബന്ധപ്പെട്ട സംജ്ഞയാണ് വംശാവലി ചരിതം. ഇന്നത്തെ അറിവിന്റെയും അധികാരത്തിന്റെയും സംവിധാനങ്ങൾ കാലക്രമേണ എങ്ങനെ വികസിച്ചുവെന്ന് മനസിലാക്കാൻ ശ്രമിക്കുന്ന ചരിത്രപരമായ വിശകലനത്തിന്റെ ഒരു രീതിയാണിത്. വിവിധ ആശ യങ്ങൾ, സമ്പ്രദായങ്ങൾ, സ്ഥാപനങ്ങൾ എന്നിവയുടെ ചരിത്രപരമായ വികാസവും അധികാര ഘടനയും പരിശോധിക്കുന്നതിനുള്ള ഒരു നിർ ണായക രീതിയാണ് ഫൂക്കോയുടെ വംശാവലി സമീപനം. ശക്തിയും അറിവും വികസിക്കുകയും കാലക്രമേണ വിവിധ ആശയങ്ങളെയും സാമൂഹിക വ്യവസ്ഥകളെയും കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെ ടുത്തുകയും ചെയ്ത ഒന്നിലധികം സങ്കീർണവും പലപ്പോഴും മറഞ്ഞി രിക്കുന്നതുമായ വഴികൾ അന്വേഷിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു.

- സങ്കീർണവും പലപ്പോഴും മറഞ്ഞി രിക്കുന്നതുമായ വഴികൾ അന്വേഷി ക്കുന്നത്

ആധുനികസംസ്കാരം ബലപ്രയോഗത്തിൽ അധിഷ്ഠിതമാണെന്ന് വിശദീകരിച്ചുകൊണ്ട് ആ ബലപ്രയോഗത്തിന്റെ നിയമങ്ങളും തന്ത്ര

ങ്ങളും അന്വേഷിക്കുകയാണ് ഫൂക്കോ വംശാവലി ചരിതപഠനത്തിൽ. സത്യത്തിന്റെയും അതിന് ജന്മം കൊടുത്ത ജ്ഞാന വ്യവഹാരത്തിന്റെയും ചരിത്രപരമായ സാധ്യതയ്ക്ക് അടിസ്ഥാനമായ പശ്ചാത്തലങ്ങളാണ് പുരാവസ്തുശാസ്ത്ര പഠനങ്ങളിൽ വിശകലനം ചെയ്തത്. വംശാവലി പഠനങ്ങളിൽ സത്യത്തിന്റെയും അറിവിന്റെയും വ്യവഹാരത്തെ രാഷ്ട്രീയവത്കരിക്കുകയാണ് ചെയ്യുന്നത്. സ്ഥാപിതമായ അധികാര സംവിധാനങ്ങളുടെ നിയമസാധുതയെ ചോദ്യം ചെയ്യാനും ഫൂക്കോ വംശാവലി ഉപയോഗിച്ചു. സാരാംശത്തിൽ, വംശാവലി നമ്മുടെ ഇന്നത്തെ സാമൂഹിക ഘടനകളുടെ അടിത്തറ മനസിലാക്കുന്നതിനുള്ള വിമർശനാത്മക സമീപനമാണ്. *'ദി ബർത്ത് ഓഫ് ദി ക്ലിനിക്ക്'* (The Birth of Clinic), *'അച്ചടക്കവും ശിക്ഷയും'* (Discipline and Punishment) *'ലൈംഗികതയുടെ ചരിത്രം'* (The History of Sexuality) തുടങ്ങിയ കൃതികളിൽ, അറിവ്, സാമൂഹിക മാനദണ്ഡങ്ങൾ, അധികാരം എന്നിവയുടെ രൂപീകരണവും പരിവർത്തനവും സൂക്ഷ്മമായി പരിശോധിക്കാൻ ഈ വംശാവലി രീതി ഉപയോഗിക്കുന്നു. അദ്ദേഹത്തിന്റെ വംശാവലി സമീപനം, നമ്മുടെ വിശ്വാസങ്ങളുടെയും സ്ഥാപനങ്ങളുടെയും ആചാരങ്ങളുടെയും ഉത്ഭവത്തെയും ഫലങ്ങളെയും ചോദ്യം ചെയ്യാനും അവയെ സ്വാധീനിക്കുന്ന അടിസ്ഥാന അധികാര ഘടനകളെ തിരിച്ചറിയാനും നമ്മെ പ്രോത്സാഹിപ്പിക്കുന്നു

- സത്യത്തിന്റെയും അറിവിന്റെയും വ്യവഹാരത്തെ രാഷ്ട്രീയവത്കരിക്കുക

സത്യത്തിന്റെ ശാസനം

സത്യവ്യവസ്ഥകളും അധികാര ഘടനകളും തമ്മിലുള്ള സംയോജനത്തിന്റെ ഫലമായി വികസിക്കുന്ന സത്യത്തിന്റെ ശാസനത്തെക്കുറിച്ച് ഫൂക്കോ വിവരിക്കുന്നു. അധികാരവും അറിവും ചേർന്നാണ് സത്യത്തിന്റെ ശാസനം സൃഷ്ടിക്കുന്നത്. ജ്ഞാനത്തിന്റെ ചരിത്രപരമായ പുനക്രമീകരണം അധികാരത്തിന്റെയും അധീശത്തിന്റെയും പുതിയ രൂപങ്ങൾ കൂടിയായി മാറുന്നു. 18–19 നൂറ്റാണ്ടുകളിൽ പാശ്ചാത്യലോകത്ത് നിലനിന്ന വിവിധതരം ശിക്ഷാ മുറകളുടെ ചരിത്രത്തെ ഫൂക്കോ വിശകലനം ചെയ്യുന്നു. പതിനെട്ടാം നൂറ്റാണ്ടിന് മുൻപത്തെ അപരിഷ്കൃതവും അമാനുഷികവുമായ ശിക്ഷാരീതികൾ 19 നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി തടവറകളായി മാറുന്നു

- അധികാരവും അറിവും ചേർന്നാണ്

പനോപ്റ്റിസിസം (Panopticism)

മിഷേൽ ഫൂക്കോ തന്റെ 'അച്ചടക്കവും ശിക്ഷയും: ജയിലിന്റെ ജനനം' എന്ന കൃതിയിൽ അവതരിപ്പിച്ച ആശയമാണ് 'പനോപ്റ്റിസിസം'. ജയിലുകളും മറ്റ് അച്ചടക്കഘടനകളും പോലുള്ള ആധുനിക സ്ഥാപനങ്ങൾ വ്യക്തികളുടെ മേൽ നിയന്ത്രണവും നിരീക്ഷണവും നടത്തുന്ന രീതിയെ മുൻനിറുത്തി സാമൂഹിക സിദ്ധാന്തത്തെ അവതരിപ്പിക്കുന്നു. എല്ലാ അന്തേവാസികളെയും സദാ അവർ അറിയാതെ തന്നെ നിരീക്ഷിക്കാൻ ഒരൊറ്റ കാവൽക്കാരനെ അനുവദിക്കുന്ന ഒരു തരം സ്ഥാപന കെട്ടിടത്തിന്റെ രൂപകൽപ്പനയിൽ നിന്നാണ് ഈ പദം ഉരുത്തിരിഞ്ഞത്.

- വ്യക്തികളുടെ മേൽ നിയന്ത്രണവും നിരീക്ഷണവും

ജ്ഞാനിമം (Episteme)

'ദി ഓർഡർ ഓഫ് തിംഗ്സ്' എന്ന പുസ്തകത്തിൽ ഫൂക്കോ പരിചയപ്പെടുത്തുന്ന ഈ പദം, ഒരു പ്രത്യേക സമയത്തും സ്ഥലത്തും ശാസ്ത്രീയ വിജ്ഞാനത്തിന്റെ ഉല്പാദനത്തിന് അടിവരയിടുന്ന ചിട്ടയായ 'അബോധാവസ്ഥയിലുള്ള' ഘടനകളെ സൂചിപ്പിക്കുന്നു. അതായത് ഒരു കാലഘട്ടത്തിലെ ചിന്തകളെയും വ്യവഹാരങ്ങളെയും നിർണയിക്കുന്ന സങ്കല്പനങ്ങളുടെ ആകെ തുകയാണ് ജ്ഞാനിമം. അതിന്റെ നിയന്ത്രണത്തിന് വിധേയമാണ് വ്യക്തിയും സമൂഹവും. ഒരു നിശ്ചിത സമയത്തും സ്ഥലത്തും അറിവിന്റെ സാധ്യതയുടെ വ്യവസ്ഥകൾ രൂപപ്പെടുത്തുന്നത് 'ജ്ഞാനശാസ്ത്ര മേഖല' ആണ്. പുരാവസ്തുവിജ്ഞാനീയം ജ്ഞാനിമങ്ങളെ അവലംബിച്ചാണ് ചരിത്ര ഘട്ടങ്ങളെ മനസിലാക്കുന്നത്. ഒരു ജ്ഞാനിമം തിരോഭവിച്ച് മറ്റൊന്ന് പിറക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ ആവില്ല. ഒരു ജ്ഞാനിമത്തിന്റെ പിറവി ഒരു കാലഘട്ടത്തിന്റെ പിറവിയാണ്. ജ്ഞാനിമം എങ്ങനെ കാലഘട്ടത്തെ നയിക്കുകയും നിയമിക്കുകയും ചെയ്യുന്നുവെന്ന് *ദി ഓർഡർ ഓഫ് തിംഗ്സിൽ* വിവരിക്കുന്നു.

- ദി ഓർഡർ ഓഫ് തിംഗ്സ്

എന്താണ് ഒരു രചയിതാവ്

എന്താണ് ഒരു രചയിതാവ് (1969-ൽ) എന്ന ലേഖനത്തിൽ, കർതൃത്വത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കൽപങ്ങളെയും സാഹിത്യ-ബൗദ്ധിക വ്യവഹാരങ്ങളിലെ രചയിതാവിന്റെ പങ്കിനെയും ഫൂക്കോ വെല്ലുവിളിക്കുന്നു. എഴുത്തുകാരൻ എന്ന ആശയം സാഹിത്യ ചരിത്രത്തിലെ താരതമ്യേന സമീപകാല വികാസമാണെന്നും ഗ്രന്ഥങ്ങളിൽ അധികാരവും നിയന്ത്രണവും സ്ഥാപിക്കാൻ ഇത് ഉപയോഗിച്ചുവെന്നും അദ്ദേഹം വാദിക്കുന്നു. ഈ ലേഖനം സാഹിത്യ സിദ്ധാന്തത്തിന്റെയും സാംസ്കാരിക പഠനത്തിന്റെയും മേഖലകളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാരണം രചയിതാവിനെ ഏകവചനവും ആധികാരികവുമായ വ്യക്തിയായി നിശ്ചയിക്കുന്നതിനുപകരം, ഗ്രന്ഥങ്ങൾ നിർമിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന വിശാലമായ സന്ദർഭങ്ങൾ പരിഗണിക്കാൻ പണ്ഡിതന്മാരെ പ്രോത്സാഹിപ്പിക്കുന്നു. ഒരു വാചകത്തിലെ അർഥത്തിന്റെ ഉറവിടം എന്ന നിലയിൽ രചയിതാവിനെ കേന്ദ്രീകരിക്കുന്നത് വ്യാഖ്യാനത്തെയും ധാരണയെയും പരിമിതപ്പെടുത്തുമെന്ന് ഫൂക്കോ വാദിക്കുന്നു. സാംസ്കാരികവും സാമൂഹികവും ചരിത്രപരവുമായ സന്ദർഭങ്ങളാൽ ഗ്രന്ഥങ്ങൾ രൂപപ്പെടുന്ന രീതികൾ അദ്ദേഹം വിശകലനം ചെയ്യുന്നു. കൂടാതെ ഒരു ഗ്രന്ഥം മനസിലാക്കുന്നതിൽ ഒരു രചയിതാവിന്റെ ഉദ്ദേശ്യങ്ങൾ കേന്ദ്രമാണെന്ന ആശയത്തെ അദ്ദേഹം ചോദ്യം ചെയ്യുന്നു. രചയിതാവ് ഒരു നിയമവ്യവസ്ഥയുടെ ഭാഗമാണ്. രചയിതാവിന്റെ പ്രവർത്തനം സാർവത്രികമല്ല. വിഷയാനുസൃതമായും കാലാനുസൃതമായും അതിന് വ്യത്യസ്തതയുണ്ട്.

- രചയിതാവ് ഒരു നിയമവ്യവസ്ഥയുടെ ഭാഗമാണ്

മുൻകാലങ്ങളിൽ സാഹിത്യകൃതികളിൽ രചയിതാവിന്റെ പേര് പ്രസക്തമല്ലായിരുന്നു. മതത്തിന്റെ അധികാരം സമൂഹത്തിനുമേൽ ശക്തമായിരുന്ന കാലഘട്ടത്തിൽ ഗ്രന്ഥങ്ങളുടെ ആശയങ്ങളെ വിശുദ്ധം, അവിശുദ്ധം എന്നിങ്ങനെ വേർതിരിച്ചിരുന്നു. ആധിപത്യ മതപ്രത്യയ

ശാസ്ത്രത്തിന്റെ താൽപ്പര്യങ്ങൾക്കനുസൃതമായ ഗ്രന്ഥം പവിത്രമായും മറ്റുള്ളവ അവിശുദ്ധമായും കണക്കാക്കപ്പെട്ടു. സമൂഹത്തിന്റെ താൽപ്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ധാർമിക കഥകൾ ഉൾക്കൊള്ളുന്നവയ്ക്ക് ആ നിലയിൽ സ്വീകാര്യത ലഭിച്ചു. 18-ാം നൂറ്റാണ്ടിന് ശേഷം, രചയിതാവിനെ നിയമവിധേയമാക്കുക എന്ന ആശയം നിലവിൽ വരികയും രചയിതാവിന്റെ പേര് ഗ്രന്ഥങ്ങളുടെ ഒരു പ്രധാന ഭാഗമായി മാറുകയും ചെയ്തു. രചയിതാവ് കേവലം ഒരു വാചകത്തിന്റെ നിഷ്പക്ഷ സ്രഷ്ടാവല്ല, മറിച്ച് സമൂഹത്തിൽ ഒരു പ്രത്യേക പ്രവർത്തനം നിർവഹിക്കുന്ന ചരിത്രപരവും സാംസ്കാരികവുമായ ഒരു നിർമിതിയാണെന്ന് ഫൂക്കോ വാദിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വിജ്ഞാനത്തെ നിയമാനുസൃതമാക്കാനും ഒരു വാചകം വ്യാഖ്യാനിക്കുന്നതിനുള്ള ചട്ടക്കൂട് നൽകാനും സഹായിക്കുന്ന ഒരു വ്യക്തിയാണ് രചയിതാവ്. ഗ്രന്ഥകാരന്റെ പ്രാധാന്യം അദ്ദേഹം പൂർണമായും തള്ളിക്കളയുന്നില്ലെങ്കിലും, ഒരു ഗ്രന്ഥത്തെ വ്യാഖ്യാനിക്കുന്നതിൽ രചയിതാവിന്റെ പങ്കിനോടൊപ്പം ചരിത്രപരവും സാംസ്കാരികവുമായ പശ്ചാത്തലം പോലുള്ള മറ്റ് ഘടകങ്ങളും കണക്കിലെടുക്കണമെന്ന് ഫൂക്കോ നിർദ്ദേശിക്കുന്നു.

- രചയിതാവ് കേവലം ഒരു വാചകത്തിന്റെ നിഷ്പക്ഷ സ്രഷ്ടാവല്ല

'ലൈംഗികതയുടെ ചരിത്രം' (History of Sexuality)

മിഷേൽ ഫൂക്കോയുടെ മൂന്ന് വാല്യങ്ങളുള്ള ഒരു കൃതിയാണ് '*ലൈംഗികതയുടെ ചരിത്രം*'. (1976 നും 1984 നും ഇടയിൽ പ്രസിദ്ധീകരിച്ചു) ശക്തി, അറിവ്, ലൈംഗികത എന്നിവ തമ്മിലുള്ള ബന്ധത്തെക്കുറിച്ചും ലൈംഗികത എന്ന സങ്കല്പത്തിന്റെ വികാസത്തെക്കുറിച്ചും വിവിധ സാമൂഹിക, സാംസ്കാരിക, ചരിത്രപരമായ ഘടകങ്ങളാൽ അത് എങ്ങനെ രൂപപ്പെട്ടുവെന്നതിനെക്കുറിച്ചും ചർച്ച ചെയ്യുന്നു. പതിനേഴാം നൂറ്റാണ്ട് മുതൽ പാശ്ചാത്യ വ്യവഹാരത്തിന്റെ കേന്ദ്രബിന്ദു ലൈംഗികതയാണെന്ന് ഫൂക്കോ വാദിക്കുന്നു. അത് കേവലം വ്യക്തികളെ വിമോചിപ്പിക്കുക മാത്രമല്ല, നിയന്ത്രണത്തിന്റെ ഉപാധിയാക്കുക കൂടിയായെന്നും അദ്ദേഹം വാദിക്കുന്നു. കാലക്രമേണ പാശ്ചാത്യ സമൂഹം, ലൈംഗികതയെ വിവിധ വ്യവഹാരങ്ങളിലൂടെ നിയന്ത്രിക്കുകയാണുണ്ടായതെന്ന് നിരീക്ഷിക്കുന്നു.

- പാശ്ചാത്യ സമൂഹം, ലൈംഗികതയെ വിവിധ വ്യവഹാരങ്ങളിലൂടെ നിയന്ത്രിച്ചു

ലൈംഗികതയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങളും അനുഭവങ്ങളും എല്ലായ്പ്പോഴും പരമ്പരാഗത സാംസ്കാരിക ധാരണകളുടെയും അധികാര സംവിധാനങ്ങളുടെയും ഫലമാണെന്നും അവയിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കാൻ കഴിയില്ലെന്നും കാണിച്ചുകൊണ്ട് ഫൂക്കോ അടിച്ചമർത്തൽ വീക്ഷണത്തെ വെല്ലുവിളിച്ചു. നമ്മുടെ അടിച്ചമർത്തപ്പെട്ട ലൈംഗികതയെ മോചിപ്പിക്കാനുള്ള ദൗത്യം അടിസ്ഥാനപരമായി തെറ്റിദ്ധരിക്കപ്പെട്ടു. കാരണം മോചിപ്പിക്കാൻ ആധികാരികമോ സ്വാഭാവികമോ ആയ ലൈംഗികത ഇല്ലായിരുന്നു. ലൈംഗികതയും അടിച്ചമർത്തൽ ശക്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ആധിപത്യ വീക്ഷണത്തെ വെല്ലുവിളിക്കുന്നതിന്, ഫൂക്കോയ്ക്ക് അധികാരത്തിന്റെ സ്വഭാവം പുനർനിർമിക്കേണ്ടിവന്നു. അധികാരം അടിസ്ഥാനപരമായി അടിച്ചമർത്തലല്ല, മറിച്ച് ഉല്പാദനപരമാണ് എന്നതാണ് അദ്ദേഹത്തിന്റെ പ്രധാന അവകാശവാദം. സ്വാഭാവിക ലൈംഗികത

യുടെ യഥാർഥവും ആധികാരികവുമായ ആവിഷ്കാരങ്ങളെ അടിച്ചമർത്തുകയും നിരോധിക്കുകയും ചെയ്തുകൊണ്ട് ഇത് പ്രവർത്തിക്കുന്നില്ല. പകരം, സാംസ്കാരിക മാനദണ്ഡങ്ങളിലൂടെയും ശാസ്ത്രീയ വ്യവഹാരങ്ങളിലൂടെയും, നമ്മുടെ ലൈംഗികതയെ നാം അനുഭവിക്കുന്നതും വിഭാവനം ചെയ്യുന്നതുമായ വഴികൾ അത് ഉൽപാദിപ്പിക്കുന്നു. നമ്മുടെ ലൈംഗിക ഐഡന്റിറ്റികളുടെ 'ആന്തരിക വ്യവസ്ഥകൾ' ആണ് അധികാര ബന്ധങ്ങൾ.

- അധികാരം അടിസ്ഥാനപരമായി അടിച്ചമർത്തലല്ല, മറിച്ച് ഉല്പാദനപരമാണ്

അധികാരം-അറിവ്

അധികാരവും അറിവും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഊന്നിപ്പറയാൻ ഫൂക്കോ അധികാരം-അറിവ്' എന്ന ആശയം അവതരിപ്പിക്കുന്നു. മനുഷ്യന്റെ ലൈംഗികതയെ നിയന്ത്രിക്കാനും വർഗീകരിക്കാനും വിജ്ഞാനസംവിധാനങ്ങൾ (മനഃശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവ) ഉപയോഗിച്ചിട്ടുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു. മതപരവും മനഃശാസ്ത്രപരവുമായ ആചാരങ്ങളുടെ ഭാഗമായി മാറിയ കുമ്പസാരം, വ്യക്തിഗത സ്വത്വങ്ങളെ രൂപപ്പെടുത്തുന്നതിൽ ഒരു പങ്കുവഹിക്കുകയും 'ആത്മരതി' എന്ന ആശയത്തിന്റെ വികാസത്തിന് സംഭാവന നൽകുകയും ചെയ്തു. ലൈംഗികതയെ ചികിത്സാവൽകരണം ചെയ്യുന്നതിലും നിയന്ത്രിക്കുന്നതിലും വൈദ്യശാസ്ത്രം എങ്ങനെയാണ് പ്രധാന പങ്ക് വഹിച്ചതെന്ന് ഫൂക്കോ പരിശോധിക്കുന്നു. ലൈംഗിക വൈകൃതങ്ങൾ, ലൈംഗിക മാനദണ്ഡങ്ങൾ തുടങ്ങിയ ആശയങ്ങൾ അതിന്റെ ഫലമായി ഉയർന്നുവന്നു. വൈദ്യശാസ്ത്രപരവും മനഃശാസ്ത്രപരവുമായ വ്യവഹാരങ്ങളുടെ ഫലമായി സ്വവർഗരതി ഒരു പ്രത്യേക വിഭാഗമായി മാറിയത് എങ്ങനെയെന്നും ഫൂക്കോ ചർച്ച ചെയ്യുന്നു. മൊത്തത്തിൽ, 'ലൈംഗികതയുടെ ചരിത്രം', ശക്തി, അറിവ്, സാമൂഹിക വ്യവഹാരങ്ങൾ എന്നിവ കാലക്രമേണ മനുഷ്യ ലൈംഗികതയെക്കുറിച്ചുള്ള നമ്മുടെ ധാരണയെ എങ്ങനെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്തുവെന്ന് എടുത്തുകാണിക്കുന്നു.

- ലൈംഗിക വ്യവഹാരങ്ങൾ ലൈംഗികതയെക്കുറിച്ചുള്ള ധാരണ രൂപപ്പെടുത്തുന്നു

Summarised Overview

ഫ്രഞ്ച് തത്വചിന്തകനും സാമൂഹിക സൈദ്ധാന്തികനുമായിരുന്നു മിഷേൽ ഫൂക്കോ (1926-1984). സൈക്യാട്രി, മെഡിസിൻ, ജയിൽ വ്യവസ്ഥ, മനുഷ്യ ലൈംഗികതയുടെ ചരിത്രം എന്നിവയുൾപ്പെടെ വിവിധ സാമൂഹിക സ്ഥാപനങ്ങളെക്കുറിച്ചുള്ള വിമർശനാത്മക പഠനങ്ങൾക്ക് പേരുകേട്ട വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹത്തിന്റെ കൃതികൾ അധികാരം, അറിവ്, പ്രഭാഷണം എന്നിവ തമ്മിലുള്ള ബന്ധം വിശകലനം ചെയ്തു. ഫൂക്കോയുടെ ചിന്തയിലെ പ്രധാന ആശയങ്ങളിൽ ജൈവശക്തി, അച്ചടക്ക ശക്തി, അറിവിന്റെ പുരാവസ്തു, വംശാവലി എന്നിവ ഉൾപ്പെടുന്നു. 'ഭ്രാന്തും നാഗരികതയും', 'അച്ചടക്കവും ശിക്ഷയും', 'ലൈംഗികതയുടെ ചരിത്രം' എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. സോഷ്യോളജി, കൾച്ചറൽ സ്റ്റഡീസ്, ക്രിട്ടിക്കൽ തിയറി തുടങ്ങിയ മേഖലകളിൽ ഫൂക്കോയുടെ ആശയങ്ങൾ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്. മിഷേൽ ഫൂക്കോയുടെ 'എന്താണ് ഒരു എഴുത്തുകാരൻ?' എന്ന ഉപന്യാസം രചയിതാവും വാചകവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു. കർതൃത്വത്തെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളെയും സാഹിത്യത്തിൽ രചയിതാവിന്റെ പങ്കിനെയും ചോദ്യം ചെയ്യുന്നു. സാഹിത്യ വ്യാഖ്യാനത്തിലെ കേന്ദ്ര വ്യക്തിയെന്ന നിലയിൽ രചയിതാവിനുള്ള

പരമ്പരാഗത സ്ഥാനത്തെ വെല്ലുവിളിക്കുന്നു. വാചകത്തിലേക്കും അതിന്റെ സന്ദർഭത്തിലേക്കും അതിന്റെ അർഥത്തെ രൂപപ്പെടുത്തുന്ന വിശാലമായ വ്യവഹാര ഘടനയിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കാൻ ആവശ്യപ്പെടുന്നവയായിരുന്നു അദ്ദേഹത്തിന്റെ ആശയങ്ങൾ.

ഫൂക്കോ 'കൃതികളും' 'പാഠങ്ങളും' തമ്മിൽ വേർതിരിക്കുന്നു. ഒരു പാഠം മനസിലാക്കുന്നതിൽ രചയിതാവിന്റെ വ്യക്തിത്വം കേന്ദ്രമാണെന്ന ആശയത്തെ ഈ വ്യത്യാസം വെല്ലുവിളിക്കുന്നു. 'രചയിതാവിന്റെ മരണം' എന്ന റൊളാങ് ബാർത്തിന്റെ ആശയത്തെ അടിസ്ഥാനമാക്കി, ഗ്രന്ഥകാരന്റെ ജീവചരിത്രം, ഉദ്ദേശ്യങ്ങൾ, വ്യക്തിഗത ചരിത്രം എന്നിവ ഒരു വാചകം വ്യാഖ്യാനിക്കുന്ന പ്രാഥമിക ഉപാധി ആയിരിക്കരുത് എന്ന് ഫൂക്കോ വാദിക്കുന്നു. പകരം, പാഠത്തിലും അതിന്റെ വിശാലമായ സന്ദർഭത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് അദ്ദേഹത്തിന്റെ വാദം. വ്യവഹാരങ്ങൾ എങ്ങനെ നിർമിക്കപ്പെടുന്നു, വർഗീകരിക്കപ്പെടുന്നു, മനസിലാക്കുന്നു എന്നതിനെ സ്വാധീനിക്കുന്ന അറിവിന്റെയും ശക്തിയുടെയും സംവിധാനങ്ങളെ സൂചിപ്പിക്കുന്ന വ്യവഹാര രൂപീകരണം എന്ന ആശയം അവതരിപ്പിച്ചു. വ്യത്യസ്ത ചരിത്ര കാലഘട്ടങ്ങളിലും സാംസ്കാരിക സന്ദർഭങ്ങളിലും ഗ്രന്ഥകാരന്റെ പങ്കും പ്രാധാന്യവും വ്യത്യസ്തമാണെന്ന് ഫൂക്കോ ഊന്നിപ്പറഞ്ഞു. സ്വന്തം കൃതികൾ സൃഷ്ടിക്കുക മാത്രമല്ല, മറ്റ് ഗ്രന്ഥങ്ങൾക്കും വ്യവഹാരങ്ങൾക്കും സാധ്യത സൃഷ്ടിക്കുകയും ചെയ്യുന്ന രചയിതാക്കളുടെ വ്യതിരിക്തമായ സ്ഥാനത്തെ ഫൂക്കോ ചർച്ച ചെയ്തു.

ചരിത്രപരമായ വ്യവഹാരങ്ങൾ വിശകലനം ചെയ്യുന്നതിനായി മിഷേൽ ഫൂക്കോ വികസിപ്പിച്ചെടുത്ത ഒരു രീതിയാണ് 'വിജ്ഞാനത്തിന്റെ പുരാവസ്തു' എന്ന ആശയം. സംഭവങ്ങളുടെ കാലാനുസൃതമായ വിവരണത്തേക്കാൾ കാലക്രമേണ അറിവും പ്രഭാഷണവും രൂപപ്പെടുത്തുന്ന അടിസ്ഥാന നിയമങ്ങളിലും ഘടനകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇത് പരമ്പരാഗത ചരിത്രത്തിൽ നിന്ന് വ്യത്യസ്തമാകുന്നു. വ്യവഹാരരൂപീകരണങ്ങൾ, രൂപീകരണനിയമങ്ങൾ, ആർക്കൈവുകൾ, എപ്പിസ്റ്റെം, വ്യവഹാരസമ്പ്രദായങ്ങൾ തുടങ്ങിയവയെല്ലാം ഫൂക്കോ വിശകലന വിധേയമാക്കുന്നു. വിവിധ പ്രസ്താവനകളും ആശയങ്ങളും എങ്ങനെയാണ് ചിന്താ സമ്പ്രദായങ്ങളായി അല്ലെങ്കിൽ വ്യവഹാരങ്ങളായി ക്രമീകരിച്ചിരിക്കുന്നത് എന്ന് ഫൂക്കോ പരിശോധിക്കുന്നു. ഒരു പ്രത്യേക ചരിത്ര സന്ദർഭത്തിൽ സാധുവായ അറിവ് എന്താണെന്ന് നിർണയിക്കുന്ന പരോക്ഷമായ നിയമങ്ങളും വ്യവസ്ഥകളും അദ്ദേഹം തിരിച്ചറിയുന്നു. രേഖീയ പുരോഗതി എന്ന ആശയത്തെ വെല്ലുവിളിച്ച് ചരിത്രത്തിലെ ഇടവേളകൾക്കും വിച്ഛേദങ്ങൾക്കും ഫൂക്കോ ഊന്നൽ നൽകുന്നു. പുതിയ വ്യവഹാര രൂപങ്ങൾ എങ്ങനെ ഉയർന്നുവരുന്നു, മുൻപുണ്ടായിരുന്നവ എങ്ങനെ രൂപാന്തരപ്പെടുന്നു അല്ലെങ്കിൽ മാറ്റിസ്ഥാപിക്കുന്നു എന്നതിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പ്രസ്താവനകളുടെ രൂപീകരണത്തിന്റെയും രൂപാന്തരത്തിന്റെയും പൊതു സംവിധാനമായി ഫൂക്കോ ആർക്കൈവുകളെ അവതരിപ്പിക്കുന്നു. ഒരു യുഗത്തെ നിർവചിക്കുന്ന അനുമാനങ്ങളുടെയും ചിന്താരീതികളുടെയും അടിസ്ഥാന ഗണമായി എപ്പിസ്റ്റെം എന്നതിനെ അവതരിപ്പിച്ചു.

ആശയങ്ങളുടെയോ സംഭവങ്ങളുടെയോ പരിണാമം കണ്ടെത്തുന്നതിനുപകരം, പ്രത്യേക വ്യവഹാരങ്ങളെ ഉയർന്നുവരാനും ആധിപത്യം നേടാനും പ്രാപ്തമാക്കുന്ന ചരിത്രപരമായ സാഹചര്യങ്ങൾ കണ്ടെത്താൻ ഫൂക്കോയുടെ പുരാവസ്തു രീതി ശ്രമിക്കുന്നു. ഈ സമീപനം, അറിവിന്റെ ഉല്പാദനത്തിൽ അന്തർലീനമായ സ്വാതന്ത്ര്യങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ നൽകിക്കൊണ്ട് ചരിത്രം, സാമൂഹ്യശാസ്ത്രം, സാഹിത്യ നിരൂപണം എന്നിവയുൾപ്പെടെ വിവിധ മേഖലകളെ സ്വാധീനിക്കുന്നു. അധികാരം, അറിവ്, ലൈംഗികത എന്നിവ തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന മൂന്ന് വാല്യങ്ങളുള്ള പരമ്പരയാണ് മിഷേൽ ഫൂക്കോയുടെ 'ലൈംഗികതയുടെ ചരിത്രം'.

ലൈംഗികതയെക്കുറിച്ചുള്ള വ്യവഹാരങ്ങൾ സാമൂഹിക സ്വഭാവങ്ങളെയും മാനദണ്ഡങ്ങളെയും രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തിയുടെ ഒരു രൂപമാണെന്നും. വിക്ടോറിയൻ കാലഘട്ടം മുതൽ, പാശ്ചാത്യ സമൂഹങ്ങൾ ചരിത്രപരമായി ലൈംഗികതയെ അടിച്ചമർത്തിയിട്ടുണ്ടെന്നും വാദിക്കുന്ന ഫൂക്കോ 'അടിച്ചമർത്തൽ സിദ്ധാന്തത്തെ' വെല്ലുവിളിക്കുന്നു. ജീവൻ, ആരോഗ്യം, പ്രത്യുൽപ്പാദനം എന്നിവ നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള ബയോപവറിന്റെ പ്രധാന വശമാണ് ലൈംഗികതയുടെ നിയന്ത്രണം എന്ന് ഫൂക്കോ വാദിക്കുന്നു. ലൈംഗികതയെക്കുറിച്ച് സംസാരിക്കുന്നതിനും ചിന്തിക്കുന്നതിനുമുള്ള വഴികൾ എങ്ങനെ ലൈംഗിക സ്വത്വങ്ങളും മാനദണ്ഡങ്ങളും നിർമിക്കുന്നുവെന്ന് ഫൂക്കോ പരിശോധിക്കുന്നു. ലൈംഗികതയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യത്തെ രൂപപ്പെടുത്തുന്ന വ്യവഹാരങ്ങൾ വിവിധ സ്ഥാപനങ്ങൾ (മരുന്ന്, മനോരോഗചികിത്സ, നിയമം) എങ്ങനെ നിർമിക്കുന്നുവെന്ന് അദ്ദേഹം അന്വേഷിക്കുന്നു. വിശാല രാഷ്ട്രീയവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾക്കായി വിവിധ സാമൂഹിക സ്ഥാപനങ്ങളിൽ ലൈംഗികത എങ്ങനെ തന്ത്രപരമായി 'വിനിയോഗിക്കപ്പെട്ടു' എന്ന് ഫൂക്കോ വിവരിക്കുന്നു. ലൈംഗികത കേവലം ഒരു സ്വകാര്യമോ ജീവശാസ്ത്രപരമോ ആയ കാര്യമല്ല, മറിച്ച് അത് സാമൂഹിക അധികാര ബന്ധങ്ങളിലും വിജ്ഞാന ഉല്പാദനത്തിലും ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഒന്നാണെന്ന് ഫൂക്കോയുടെ ആശയങ്ങൾ വ്യക്തമാക്കുന്നു.

Assignments

1. അധികാരവും അറിവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഫൂക്കോയുടെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.
2. രചയിതാവിന്റെ സ്ഥാനത്തെക്കുറിച്ച് ഫൂക്കോയുടെ നിലപാടുകൾ വിശദമാക്കുക.
3. ലൈംഗിക വ്യവഹാരങ്ങളെക്കുറിച്ചുള്ള മിഷേൽ ഫൂക്കോയുടെ വാദഗതികൾ വിലയിരുത്തുക.
4. മിഷേൽ ഫൂക്കോയുടെ കൃതികളെക്കുറിച്ച് വിവരിക്കുക.
5. 'എന്താണ് ഒരു രചയിതാവ്' എന്ന ലേഖനത്തെക്കുറിച്ച് വിലയിരുത്തുക.

Suggested Readings

1. ഡോ.നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
2. പി.പി. രവീന്ദ്രൻ, സംസ്കാരപഠനം ഒരാമുഖം, ഡി.സി. ബുക്സ് കോട്ടയം.
3. ഡോ. തോമസ്ക്കറിയ, സമകാലിക സാഹിത്യ വിമർശനം, ബുക്ക് മീഡിയ, പാല.
4. പി.പി.രവീന്ദ്രൻ, മിഷേൽ ഫൂക്കോ: വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

References

1. ഡോ. ജോസ് കെ. മാനുവൽ (എഡിറ്റർ), സാഹിത്യ സിദ്ധാന്തങ്ങൾ പൗരസ്ത്യവും പാശ്ചാത്യവും, ആത്മാ ബുക്സ്, കോഴിക്കോട്.
2. ഡോ. തോമസ് സക്കറിയാ, സമകാലിക സാഹിത്യ വിമർശനം, ബുക്ക് മീഡിയ, പാല.
3. ഡോ.പി.കെ. പോക്കർ, ആധുനികോത്തരതയുടെ കേരളീയ പരിസരം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, ലൈറ്റ് ബുക്സ്.
4. സി.ജെ. ജോർജ്, ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ, ബുക്ക് വേം പബ്ലിക്കേഷൻസ്, തൃശൂർ.
5. ഷാജി ജേക്കബ് (എഡി), ആധുനികാനന്തര മലയാള സാഹിത്യവിമർശനം, സൈകതം ബുക്സ്, കോതമംഗലം.
6. എം. അച്യുതൻ, പാശ്ചാത്യസാഹിത്യ ദർശനം, ഡി.സ്.ബുക്സ്, കോട്ടയം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

മനോ വിജ്ഞാനീയം, നവമാർക്സിസം, സംസ്കാരപഠനം

BLOCK-02

Block Content

യൂണിറ്റ് – 1 മനഃശാസ്ത്രം

യൂണിറ്റ് – 2 നവമാർക്സിസം

യൂണിറ്റ് – 3 സാംസ്കാരിക ഭൗതികവാദം

യൂണിറ്റ് – 4 മൂന്നാംലോകത്തിന്റെ സാംസ്കാരിക സങ്കല്പങ്ങൾ

Unit 1

മന:ശാസ്ത്രം

Learning Outcomes

- ലകാനിയൻ മനോവിശകലനത്തെക്കുറിച്ചറിയുന്നു
- ഫ്രോയിഡിന്റെ ആശയങ്ങൾ മനസിലാക്കുന്നു
- ഭാഷയും അബോധവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗ്രഹിക്കുന്നു
- കലയും പ്രത്യയശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യുന്നു

Background

ആധുനികാനന്തര സാഹിത്യ സമീപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മനോവിജ്ഞാനീയം. മനസിനെക്കുറിച്ചുള്ള ശസ്ത്രീയമായ കാഴ്ചപ്പാട് അവതരിപ്പിച്ചവരിൽ പ്രധാനിയായിരുന്നു സിഗ്മണ്ട് ഫ്രോയ്ഡ്. അനുഭവങ്ങളുടെയും ചിന്തകളുടെയും ഉൾക്കാഴ്ചകളിലേക്ക് ഫ്രോയിഡ് പുതിയ വെളിച്ചങ്ങൾ പകർന്നു. ഒരു കുഞ്ഞു ജനിക്കുമ്പോൾ തൊട്ട് അതിന്റെ മാനസിക വ്യാപാരങ്ങൾ ആരംഭിച്ചു തുടങ്ങുന്നുവെന്നും ആ മനസിൽ തന്നെ ലൈംഗികതയുടെ വിവിധ ഭാവങ്ങൾ വ്യത്യസ്ത കാലഘട്ടങ്ങളിൽ പരിണമിക്കുന്നവയാണെന്നും ഫ്രോയിഡ് കണ്ടെത്തി. സ്വപ്നം, ദിവാസ്വപ്നം തുടങ്ങി മനുഷ്യന്റെ വ്യത്യസ്തങ്ങളായ ചിന്തകൾക്ക് നമ്മുടെ ജീവിതത്തിൽ അർഥങ്ങളുണ്ടെന്ന് ഫ്രോയിഡ് ശാസ്ത്രലോകത്തോട് വിളിച്ചു പറഞ്ഞു. അബോധശക്തികളും അടങ്ങാത്ത ആഗ്രഹങ്ങളുമാണ് മനുഷ്യനെ സ്വപ്നം കാണാൻ പ്രേരിപ്പിക്കുന്നതെന്ന് ഫ്രോയിഡ് പറയുന്നു. ആഗ്രഹപൂർത്തീകരണത്തിന്റെ പ്രതിബിംബങ്ങളായാണ് മനുഷ്യനിൽ സ്വപ്നങ്ങൾ പ്രവർത്തിക്കുന്നത് ഒരോ മനുഷ്യന്റെയും അബോധ മനസിൽ നടക്കുന്ന ചിന്താപ്രക്രിയകളെക്കുറിച്ച് അറിയാനുള്ള വാതിലായി അദ്ദേഹം സ്വപ്നങ്ങളെ കണ്ടു. ഈഡിപ്പസ്, ഇലക്ട്രാ കോംപ്ലക്സുകളിലൂടെ മനുഷ്യന്റെ സൈക്കോസെക്ഷ്വൽ ഘട്ടങ്ങളെ അദ്ദേഹം വിലയിരുത്തി. ഫ്രോയിഡിയൻ തത്വങ്ങളെ ഘടനാവാദ പശ്ചാത്തലത്തിൽ പുന:പരിശോധിച്ചുകൊണ്ട് ഫ്രഞ്ച് മന:ശാസ്ത്രജ്ഞനായ ലകാൻ മാനസികാപഗ്രഥനത്തിന് പുതിയ മാനം നൽകി.


ലകാന്റെ ആശയങ്ങൾ സങ്കീർണവും മനഃശാസ്ത്രവിശകലന പാരമ്പര്യത്തിന്റെ ഭാഗവുമാണ്. ഭാഷാ അവബോധാവസ്ഥ സ്വത്വത്തിന്റെ രൂപീകരണം എന്നിവയിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചു. ലകാന്റെ സിദ്ധാന്തത്തിൽ ആഗ്രഹവും അഭാവവും മനുഷ്യമന:ശാസ്ത്രം മനസ്സിലാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ആഗ്രഹം എപ്പോഴും അന്തർലീനമായ അഭാവബോധത്താൽ അടയാളപ്പെടുത്തുന്നുവെന്ന് അദ്ദേഹം വാദിച്ചു. മന:ശാസ്ത്രവിശകലനം, സാഹിത്യം, സാംസ്കാരിക സിദ്ധാന്തം തുടങ്ങിയ മേഖലകളിൽ ലകാന്റെ സിദ്ധാന്തങ്ങൾ സ്വാധീനം ചെലുത്തുന്നു. ഭാഷ, സ്വത്വം, ആഗ്രഹം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ, ആത്മാവിനെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ വെല്ലുവിളിക്കുകും നാം ആരാണെന്ന് മനസിലാക്കുന്നതിൽ അബോധവും സാമൂഹ്യവുമായ ഘടനകളുടെ പങ്ക് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

Keywords

ദർപ്പണഘട്ടം-ക്രമം-സാങ്കല്പിക ക്രമം-പ്രതീകാത്മക ക്രമം-യാഥാർഥ്യ ക്രമം-കർതൃത്വം അപരം-ഭാഷയും അബോധവും

Discussion

ലകാനിയൻ മനോവിശകലനം



ലകാൻ

ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും ശ്രദ്ധേയനായ മനോവിശ്ലേഷണ സൈദ്ധാന്തികനാണ് ഴാക് ലകാൻ (Jacques Lacan). മനോവിശ്ലേഷണം, ദർശനം, സാംസ്കാരിക വിമർശനം, സാഹിത്യ സിദ്ധാന്തം, ചലച്ചിത്ര സിദ്ധാന്തം തുടങ്ങി ഒട്ടനവധി മേഖലകളിൽ വ്യാപരിക്കുന്നവയാണ് ലകാന്റെ നിരീക്ഷണങ്ങൾ. ലകാൻ, മനോവിജ്ഞാനീയത്തെ ഭാഷാശാസ്ത്രം, ചിഹ്നശാസ്ത്രം, സാംസ്കാരിക നരവംശശാസ്ത്രം, സാഹിത്യ വിമർശനം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വികസിപ്പിച്ചു. തന്റെ കാലത്തെ ബൗദ്ധികരീതികളുമായി നിരന്തരം കലഹിച്ചുകൊണ്ടിരുന്നു. പ്രതിഭാസ വിജ്ഞാനീയത്തിന്റെ മനുഷ്യ കേന്ദ്രവാദ ശാഠ്യങ്ങളെ അദ്ദേഹം എതിർത്തു. കർതൃത്വത്തെ നിലനിർത്തുന്ന ഭൂതകാല ഓർമകൾ, സർഗാത്മകത, ബുദ്ധിശക്തി തുടങ്ങിയവയിലൂടെ വ്യക്തിത്വത്തിന്റെ ശാസ്ത്രമന്വേഷിച്ചു. സർറിയലിസ്റ്റിക് വക്താക്കളായ ആന്ദ്രേ ബ്രിട്ടൻ, സാൽവദോർ ഡാലി, പിക്കാസോ തുടങ്ങിയവരുമായി ബന്ധം പുലർത്തിയിരുന്ന ലകാന്റെ ചിന്തകളെ സർറിയലിസത്തിന്റെ പ്രത്യേകതകൾ സ്വാധീനിച്ചിട്ടുണ്ട്. ആഴ്ചതോറും നടത്താറുള്ള സെമിനാറുകളിലൂടെ ലകാൻ തന്റെ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചു. അവയിലൂടെ മനോവിശ്ലേഷണത്തിന് പുതിയ അർഥതലങ്ങൾ കണ്ടെത്തി. 1960-ൽ 'എത്തിക്സ് ഓഫ് സൈക്കോ അനാലിസിസ്' (The ethics of Psycho analysis)എന്ന പ്രബന്ധത്തിലൂടെ ലകാൻ മനോവിശ്ലേഷണത്തെ സംബന്ധിച്ച് നൂതനവും പ്രസക്തവുമായ ആശയങ്ങൾ അവതരിപ്പിച്ചു. മനോവിശ്ലേഷണത്തെ തത്വചിന്താപരമായി ബലപ്പെടുത്താൻ ശ്രമം നടത്തിയ ലകാൻ സാഹിത്യം, ചരിത്രം, തത്വചിന്ത, ശാസ്ത്രം, ഭാഷാശാസ്ത്രം തുടങ്ങി ഇതര വിഷയങ്ങളുമായി സമന്വയിച്ച് മനോവിശ്ലേഷണത്തിന് പുതിയ വ്യാഖ്യാനം നൽകി. ലെവിസ്ട്രോസിന്റെയും അൽത്തൂസറിന്റെയും സഹകരണത്തോടെ മനോവിശ്ലേഷണത്തിന്റെ നാല് അടിസ്ഥാന തത്വങ്ങൾ എന്ന പ്രഭാഷണം ആരംഭിച്ചു. 1966-ൽ ലകാന്റെ പ്രഭാഷണങ്ങൾ എക്രിട്സ് (ecrits) എന്ന പേരിൽ പുറത്തിറങ്ങി.

- മനോവിശ്ലേഷണത്തിന്റെ നാല് അടിസ്ഥാന തത്വങ്ങൾ

1970-കളിൽ എത്തുമ്പോൾ ഭാഷാശാസ്ത്രത്തിന്റെയും തത്വചിന്തയുടെയും മാനങ്ങളെ കടന്ന് ടോപ്പോളജിയുടെയും ഗണിതത്തിന്റെയും

തലങ്ങളിലൂടെയുള്ള വ്യാഖ്യാനങ്ങൾ അവതരിപ്പിച്ചു. ഗണിതമാത്ര, കർതൃത്വസ്ഥലരാശി തുടങ്ങിയ സങ്കല്പങ്ങളിലൂടെ മനോവിശ്ലേഷണം വ്യാപിപ്പിച്ചു. ഭ്രമാത്മകതയിൽ അധിഷ്ഠിതമായ രോഗലക്ഷണങ്ങളിൽ കേന്ദ്രീകരിച്ചുള്ള കർതൃത്വ വിശകലനവും യാഥാർഥ്യത്തെക്കുറിച്ചുള്ള ദീർഘനിരീക്ഷണങ്ങളുമാണ് ലകാൻ അവസാന ഘട്ടങ്ങളിൽ നടത്തിയത്. തന്റെ സൈദ്ധാന്തിക വ്യാപാരത്തെ ഫ്രോയിഡിലേക്കുള്ള മടക്കയാത്ര എന്നാണ് ലകാൻ വിശേഷിപ്പിച്ചിട്ടുള്ളത്. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളെ ലകാൻ ആഴത്തിൽ പഠിക്കുന്നുണ്ട്. ഫ്രോയിഡിന്റെ പുനർവായനയ്ക്കായി സമകാലീന തത്വചിന്ത, ഭാഷാശാസ്ത്രം, മനുഷ്യസ്വഭാവശാസ്ത്രം, ജീവശാസ്ത്രം വംശീയ പഠനങ്ങൾ തുടങ്ങിയ വിവിധ ചിന്താപദ്ധതികളെ സമന്വയിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. ഭാഷയെ കർതൃത്വത്തിന്റെ കേന്ദ്ര ആശയമായി കല്പിച്ചുകൊണ്ട് കർതൃത്വം, ഇച്ഛ, അറിവ് തുടങ്ങിയ സങ്കല്പനങ്ങളിലൂടെ ഫ്രോയിഡിയൻ അബോധത്തെ പുനരവതരിപ്പിച്ചു.

- ഫ്രോയിഡിലേക്കുള്ള മടക്കയാത്ര

ഫ്രോയിഡിയൻ സങ്കല്പനത്തിൽ നിന്നുള്ള വ്യത്യാസം

സിഗ്മണ്ട് ഫ്രോയിഡ് വികസിപ്പിച്ചെടുത്ത ഫ്രോയിഡിയൻ ആശയങ്ങൾ മനസിന്റെ ഘടനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നിവയും, പെരുമാറ്റം രൂപപ്പെടുത്തുന്നതിൽ അബോധാവസ്ഥയിലുള്ള ആഗ്രഹങ്ങളുടെയും ബാല്യകാല അനുഭവങ്ങളുടെയും പങ്ക് എന്നിവ ഉൾപ്പെടുന്നു. പ്രതിരോധ സംവിധാനങ്ങൾ, സൈക്കോസെക്ഷ്വൽ വികസനം തുടങ്ങിയ ആശയങ്ങളും ഫ്രോയിഡ് അവതരിപ്പിച്ചു. ലകാനിയൻ ആശയങ്ങൾ മനസിനെ മനസിലാക്കുന്നതിൽ ഭാഷയ്ക്കും ഭാഷാശാസ്ത്രത്തിനും ഊന്നൽ നൽകുന്നു. സ്വത്വരൂപീകരണത്തിൽ ഭാഷയുടെ പങ്ക് എടുത്തുകാണിച്ചുകൊണ്ട് പ്രതീകാത്മകവും സാങ്കല്പികവും യഥാർഥവുമായ മേഖലകളെക്കുറിച്ചുള്ള ആശയം ലകാൻ അവതരിപ്പിച്ചു. ഫ്രോയിഡും ലകാനും അബോധാവസ്ഥയും ആദ്യകാല അനുഭവങ്ങളുടെ സ്വാധീനവും വിശകലനം ചെയ്യുന്നുണ്ട്. ലകാനിയൻ മനോവിശ്ലേഷണം പ്രതീകാത്മക ക്രമത്തിലും അബോധാവസ്ഥയുടെ ഭാഷാപരമായ സ്വഭാവത്തിലും ശക്തമായ ഊന്നൽ നൽകുന്നു എന്നത്, ഫ്രോയിഡിയൻ മനോവിശ്ലേഷണത്തിൽ നിന്ന് അതിനെ വേർതിരിക്കുന്നു.

- ഭാഷയ്ക്കും ഭാഷാശാസ്ത്രത്തിനും ഊന്നൽ നൽകുന്നു

കണ്ണാടി ഘട്ടം

കണ്ണാടി ഘട്ടം എന്ന പ്രബന്ധത്തിൽ ആണ് ലകാൻ ഭാഷയിലൂടെ കർതൃത്വ രൂപീകരണ പ്രക്രിയയെ വിശകലനം ചെയ്യാൻ ഉള്ള പഠനം ആരംഭിക്കുന്നത്. 1936-ൽ അന്താരാഷ്ട്ര മനോവിശ്ലേഷണ സംഘടനയിൽ ഈ പ്രബന്ധം അവതരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അംഗങ്ങളുടെ എതിർപ്പുമൂലം പൂർത്തിയാക്കാൻ സാധിച്ചില്ല. 1949-ൽ പ്രബന്ധം പുനരവതരിപ്പിച്ചു. കണ്ണാടി ഘട്ടത്തിലൂടെ ഈഡിപ്പൽ സങ്കൽപ്പനത്തിലേക്കും ഭാഷയിലേക്കും പ്രവേശിക്കുന്ന മനുഷ്യകർതൃത്വത്തെ, ഭാഷ അബോധകല്പനകളിലൂടെ വിശകലനം ചെയ്യാൻ ലകാൻ ശ്രമിച്ചു. ആറിനും 18 നും ഇടയ്ക്കുള്ള മാസങ്ങളിൽ ഒരു കുട്ടി കണ്ണാടികളിലോ അതുപോലുള്ള ഉപാധികളിലോ തന്റെ തന്നെ പ്രതിബിംബം കാണുമ്പോൾ ഉണ്ടാകുന്ന പ്രതികരണങ്ങളെ അടിസ്ഥാനമാക്കിയാ

ണ് ലകാൻ കണ്ണാടി ഘട്ടം എന്നതിനെ അവതരിപ്പിച്ചത്. ആറുമാസം വരെ ഒരു കുട്ടിക്ക് ചുറ്റുപാടുകളിൽ നിന്നും വേറിട്ട ഒന്നായി സ്വയം മനസിലാക്കാൻ കഴിയുന്നില്ല. ശരീരഭാഗങ്ങൾ പരസ്പരം കണ്ണിചേരാത്ത വേറിട്ട ഘടകങ്ങൾ ആയിട്ടാവും ആ കാലയളവിൽ കുഞ്ഞിന് അനുഭവപ്പെടുക. കുഞ്ഞിന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും സംവേദനങ്ങളും എല്ലാം കൂടി കുഴഞ്ഞ് ഒന്നിനൊന്ന് ഇഴ പിരിച്ചെടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ ആയിരിക്കും. ഹോംലെറ്റ് എന്ന പദം ഉപയോഗിച്ചാണ് ഈ അവസ്ഥയെ ലകാൻ വിവരിക്കുന്നത്. വളർച്ചയുടെ ആദ്യ മാസങ്ങളിൽ കുഞ്ഞ്, പരസ്പരം കൂട്ടിച്ചേർത്തിട്ടില്ലാത്ത കുറെ വസ്തുക്കളുടെ സമാഹാരമാണ്. ക്രമരഹിതമായ ശരീരത്തിന്റെ വളർച്ച, കുട്ടിയെ സംബന്ധിച്ച് തന്റെ ശരീരമെന്നത് കുറേ തുണ്ടുമുറികളുടെ കൂട്ടിച്ചേർപ്പായി അനുഭവപ്പെടുന്നു

❍ കണ്ണാടി ഘട്ടത്തിലൂടെ മനുഷ്യകർതൃതാ ഈഡിപ്പൽ സങ്കൽപ്പനത്തിലേക്കും ഭാഷയിലേക്കും പ്രവേശിക്കുന്നു

ആറുമാസം വരെ ഒരു കൈ, ഒരു കാൽ എന്നിങ്ങനെ ഏതെങ്കിലും ഒരു അംഗമായി മാത്രം സ്വയം മനസിലാക്കിയിരുന്ന അതായത് ഏകരൂപസ്വത്വമുള്ളതായി സ്വയം മനസിലാക്കാതിരുന്ന കുട്ടി ദർപ്പണ ഘട്ടത്തിൽ തന്റെ പരിപൂർണതയാർന്നതും ഏകരൂപമാർന്നതുമായ രൂപത്തെ ദർപ്പണത്തിൽ ദർശിക്കുന്നു. മൂന്ന് ഘട്ടങ്ങളിലായി ഈ പ്രക്രിയ നടക്കുന്നു എന്നാണ് വിശദീകരിക്കുന്നത്. പ്രായപൂർത്തിയായ ഒരാളോടൊപ്പം തന്റെ പ്രതിബിംബം കാണുന്ന കുട്ടി തന്റെ പ്രതിബിംബത്തെ മറ്റേ ആളായി തെറ്റിദ്ധരിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ പ്രതിഫലനം എന്ന പ്രതിഭാസത്തെപ്പറ്റി ബോധം ഉണ്ടാകുന്ന കുട്ടി അതൊരു യാഥാർഥ്യമല്ല എന്ന് തിരിച്ചറിവിന് ഉടമയാകുന്നു. അവസാനമായി മിഥ്യയാണെന്നാലും അത് തന്റെ പ്രതിരൂപമാണെന്നും അത് മറ്റുള്ളവരുടേതിൽനിന്നും വിഭിന്നമാണെന്നും മനസിലാക്കുന്നു. ഒരാൾക്ക് ഇല്ലാത്ത പൂർണത എന്ന മിത്തിന്റെ സാക്ഷാത്കാരമാണ് ഈ ദർശനത്തിലൂടെ ലഭിക്കുന്നത്. അതായത് യാഥാർഥ്യത്തിലുള്ളതിനേക്കാൾ കെട്ടുറപ്പും സ്ഥിരതയും സമനിലയും ഉള്ള ഒരു വസ്തുവാണ് താൻ എന്ന ബോധം ശിശുവിന് ഉണ്ടാകുന്നു. ബാഹ്യമായ ഒരു ദർപ്പണ ബിംബത്തെ കുട്ടി സ്വന്തമാക്കുന്നു.

❍ ബാഹ്യമായ ഒരു ദർപ്പണ ബിംബത്തെ കുട്ടി സ്വന്തമാക്കുന്നു

കണ്ണാടിയിൽ തന്റെ പ്രതിബിംബം കാണുന്ന കുട്ടി സവിശേഷമായ രീതിയിൽ ആഹ്ളാദത്തിൽ എത്തപ്പെടുന്നു. കുട്ടിക്ക് അതുവരെ സ്വായത്തമാക്കാൻ സാധിച്ചിട്ടില്ലാത്ത ശാരീരികമായ ഏകതയാണ് കണ്ണാടി ബിംബം വാഗ്ദാനം ചെയ്യുന്നത്. ബിംബം അയഥാർഥമാണെങ്കിലും കുട്ടിയെ സംബന്ധിച്ച് താനാർജിക്കേണ്ടുന്ന ഉദ്ഗ്രഥിതാവസ്ഥയാണത്. അതിനാലാണ് കുട്ടിയിൽ എന്തെന്നില്ലാത്ത ആനന്ദം ഉണ്ടാകുന്നത്. പക്ഷേ ഈ ആത്മജ്ഞാനം ഒരു അപരവുമായി താദാത്മ്യം പ്രാപിക്കാനുള്ള ശ്രമമാണെന്നും താൻ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ട ഭാവി താദാത്മ്യങ്ങളുടെയെല്ലാം മുന്നോടിയാണെന്നും കുട്ടി തിരിച്ചറിയുന്നില്ല. ഒരു കുട്ടി എങ്ങനെ തന്റെ വ്യക്തിത്വത്തിന് അടിസ്ഥാനമായി, ഒരു ശരീരത്തിന്റെ ഉടമയാണ് താനെന്നബോധം സ്വായത്തമാക്കുന്നു എന്നതിനെക്കുറിച്ചുള്ള ഹെൻറിവാലന്റെ ശിശു മന:ശാസ്ത്ര നിരീക്ഷണങ്ങൾ ലകാൻ തന്റെ സിദ്ധാന്തരൂപീകരണത്തിന് ഉപയുക്തമാക്കുന്നുണ്ട്. കണ്ണാടി ബിംബം കണ്ട് ആഹ്ലാദിക്കുന്ന കുട്ടിയുടെ അതേ പ്രായത്തിലുള്ള ഒരു ചിമ്പാൻസി തന്റെ പ്രതിബിംബം കാണുമ്പോൾ ഇത്തരത്തിലുള്ള പ്രതികരണമല്ല പ്രകടിപ്പിക്കുന്നത്.

❍ ശാരീരികമായ ഏകതയാണ് കണ്ണാടി ബിംബം വാഗ്ദാനം ചെയ്യുന്നത്

കണ്ണാടിയിലെ പ്രതിബിംബം മറ്റൊരു ചിമ്പാൻസി അല്ലെന്ന് തിരിച്ചറിയുന്നതോടെ ചിമ്പാൻസിക്കുഞ്ഞിന് പ്രതിബിംബത്തോടുള്ള താൽപര്യം ഇല്ലാതാകുന്നു. എന്നാൽ അങ്ങനെ തിരിച്ചറിയുമ്പോഴും മനുഷ്യശിശു കണ്ണാടിയിലെ പ്രതിബിംബത്തെ വർധിച്ച അത്ഭുതത്തോടും ആഹ്ലാദത്തോടും ആണ് എതിരേൽക്കുന്നത്. ദർപ്പണ പ്രതിബിംബത്തോടുള്ള കുട്ടിയുടെ താല്പര്യം 'അഭാവ'ത്തെക്കുറിച്ച് അവനുള്ള തിരിച്ചറിവുമായി കൂടിച്ചേരുന്നു. കുട്ടികൾ കാണിക്കുന്ന വിചിത്രമായ പ്രതികരണം ശൈശവകാലത്ത് മനുഷ്യന് ആവശ്യമായി വരുന്ന അപരത്തിന്റെ സാന്നിധ്യമാണ് സൂചിപ്പിക്കുന്നത്. കുഞ്ഞ് തന്നെത്തന്നെ തിരിച്ചറിയുവാൻ ശ്രമിക്കുകയും അപ്പോഴെല്ലാം അന്യത്തിന്റെ സാന്നിധ്യം ബോധ്യപ്പെടുകയും ചെയ്യുന്നു. തികച്ചും ആന്തരികമായ ജൈവശാസ്ത്ര പ്രക്രിയ എന്നതിൽ നിന്ന് ഭാഷാപരമായി ഘടിതമായതും സാമൂഹികമായി നിയന്ത്രിക്കേണ്ടതുമായ ഒരു ബന്ധത്തിലേക്ക് കണ്ണാടി ഘട്ടം കുട്ടിയെ വഴി നയിക്കുന്നു

❍ ദർപ്പണ പ്രതിബിംബത്തോടുള്ള കുട്ടിയുടെ താല്പര്യം 'അഭാവ'ത്തെ കുറിച്ച് അതിനുള്ള തിരിച്ചറിവുമായി കൂടിച്ചേരുന്നു

കുട്ടി കണ്ണാടിയിൽ താനെന്ന അനുഭവസാകല്യത്തെയാണ് ദർശിക്കുന്നത്. വരാനിരിക്കുന്ന ഒരു സ്വത്വത്തിന്റെ ഏകത ഈ സമാഹൃത ദൃശ്യബിംബത്തിൽ നിഴലിച്ചു കാണുന്നുണ്ട്. അതുകൊണ്ട് ഈ അവസ്ഥ ഒരുതരം അപജ്ഞാനമാണ് കുട്ടിക്ക് നൽകുന്നത്. തന്റെ പ്രതിബിംബത്തിലൂടെ താനെന്ന സാങ്കല്പിക ഏകതയെ കണ്ടെത്തുകയാണ് കുട്ടി. ഒരു ബാഹ്യ ബിംബത്തിലൂടെ തന്നെ തെറ്റായി തിരിച്ചറിയുന്ന കുട്ടി ആത്മാന്യവൽക്കരണത്തിലൂടെയാണ് അത് സാധിക്കുന്നത്. കണ്ണാടിയിലെ മാതൃകാ ബിംബത്തെ ഒരേ സമയം അത് സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്നുണ്ടാകാം. കാരണം തനിക്ക് ഇല്ലാത്ത സമഗ്രത കുട്ടിക്ക് നൽകുന്നത് ഈ ബിംബമാണ്. എന്നാൽ അത് കുട്ടിയിൽ നിന്നും വേറിട്ടതുമാണ്. അപ്പോൾ ഒരേസമയം കുട്ടി ബിംബവുമായി താദാത്മ്യപ്പെടുകയും തന്നിൽ നിന്നുതന്നെ അന്യവൽക്കരിക്കയും ചെയ്യുന്നു. അന്യവുമായുള്ള താദാത്മ്യങ്ങളിലൂടെയും കാമനാവിനിമയങ്ങളിലൂടെയും കുട്ടി തന്നെയും അതോടൊപ്പം തന്റെ ശാരീരിക ഏകതയേയും രൂപപ്പെടുത്തുന്ന മാനസികാവസ്ഥയുടെ രൂപീകരണങ്ങളെയാണ് കണ്ണാടി ഘട്ടം പ്രതിനിധാനം ചെയ്യുന്നത്. ആറുമാസം മുതൽ പതിനെട്ടാം മാസം വരെ നീണ്ടുനിൽക്കുന്ന കണ്ണാടി ഘട്ടം ഈഡിപ്പസ് കോംപ്ലക്സിൽ ലയിച്ച് അപ്രത്യക്ഷമാവുകയാണ്.

❍ കുട്ടി തന്നെയും അതോടൊപ്പം തന്റെ ശാരീരിക ഏകതയേയും രൂപപ്പെടുത്തുന്ന മാനസികാവസ്ഥ

ക്രമം

ഭാഷയും മനുഷ്യകർതൃത്വവും തമ്മിലുള്ള ബന്ധത്തിൽ ഊന്നുന്ന ലകാനിയൻ സൈദ്ധാന്തികതയുടെ പ്രധാന മേഖലകളാണ് സാങ്കല്പികം, പ്രതീകാത്മകം, യഥാർഥം എന്നീ ക്രമങ്ങൾ. ക്രമം എന്നതിന് നിയതമായ ശ്രേണി ബലമുള്ള മേഖല എന്ന് അർഥമല്ല ലകാൻ നൽകുന്നത്. വിഷയിയുടെ പരസ്പരം കൂടി കുഴഞ്ഞു നിൽക്കുന്ന അനുഭവമേഖലകളുടെ പരസ്പര താദാത്മ്യം സാധ്യമാകുന്ന ഇടം മാത്രമാണ് അത്. ലകാൻ സ്വത്വരൂപീകരണത്തെ സാങ്കല്പികം, പ്രതീകാത്മകം, യഥാർഥം എന്നിങ്ങനെ മൂന്ന് ക്രമങ്ങളുമായി ചേർത്ത് വിഭജിച്ച് വ്യാഖ്യാനിച്ചു.

സാങ്കല്പികക്രമം

കണ്ണാടി ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന വിഷയിയിലെ, താദാത്മീകരണവും ദ്വന്ദാത്മകതയും പ്രബലമായി നിൽക്കുന്ന അനുഭവങ്ങളുടെ ക്രമത്തെ ആണ് സാങ്കല്പികം എന്ന് വിളിക്കുന്നത്. സുഖകരവും ആദർശവൽക്കരിക്കപ്പെട്ടതുമായ അവസ്ഥയാണ് സാങ്കല്പിക ക്രമം. മാതാവും ശിശുവും തമ്മിലുള്ള ഗാഢവും ഇടപെടലുകളിൽ നിന്ന് മുക്തവുമായ ബന്ധത്തിന്റെ ഘട്ടമാണത്. ആവശ്യങ്ങളും ആഗ്രഹങ്ങളും സംവേദനങ്ങളും ഒക്കെ കൂടി കുഴഞ്ഞു കിടക്കുന്ന അമൂർത്ത അവസ്ഥയിൽ നിന്ന് കണ്ണാടി ഘട്ടത്തിലേക്ക് പ്രവേശിക്കുന്ന ശിശു കെട്ടിപ്പടുക്കുന്ന മിഥ്യാത്മക മേഖലയായി സാങ്കല്പിക ക്രമത്തെ കാണാനാകും. മിഥ്യയായ പൂർണതാ ബോധത്തിന്റെ മണ്ഡലമായ സാങ്കല്പിക ക്രമത്തിൽ കുട്ടിയുടെ ബോധാവസ്ഥയിൽ നിന്നും ബോധത്തിന്റെ പ്രവർത്തനങ്ങളും മനോഭാവവും മറച്ചു പിടിക്കപ്പെടുകയും തൽഫലമായി തന്നിൽനിന്ന് അകന്നതും വ്യത്യസ്തവും പൂർണവുമായ ഒരു വ്യക്തിസങ്കല്പത്തെ കുട്ടി കരുപിടിപ്പിക്കുകയും ചെയ്യുന്നു.

- മിഥ്യയായ പൂർണതാ ബോധത്തിന്റെ മണ്ഡലമാണ് സാങ്കല്പികം

കണ്ണാടി ബിംബങ്ങളുടെയും താദാത്മ്യങ്ങളുടെയും പ്രതിഭാവങ്ങളുടെയും കലവറയാണ് സാങ്കല്പികം. ഈഗോ രൂപീകരിക്കപ്പെട്ട താദാത്മ്യ പ്രക്രിയകൾ ആവർത്തിക്കുകയും പുനർദൃഢീകരിക്കുകയുമാണ് സാങ്കല്പികത്തിൽ സംഭവിക്കുന്നത്. മനസിന്റെ അകത്തേക്കും പുറത്തേക്കുമുള്ള പ്രവർത്തനങ്ങൾക്കു തമ്മിൽ ഒരു പാലം പണിയുകയാണ് സാങ്കല്പികത്തിന്റെ ധർമം. വിഷയിയെ പ്രതീകാത്മകത്തിലേക്ക് മെരുക്കിയെടുക്കുന്ന ധർമമാണ് സാങ്കല്പികത്തിന് ഉള്ളത്. പ്രതീകാത്മകത്തിന്റെ വിലക്കുകളുടെയും നിയമങ്ങളുടെയും ഒക്കെ ആഘാതം നേരിട്ടേൽക്കാത്ത വിധം നമ്മളെ അതിനു നേരത്തെ തന്നെ സജ്ജമാക്കുന്നത് സാങ്കല്പികമാണ്. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന്റെ തലത്തിലാണ് സങ്കല്പിക ക്രമം പ്രബലമാകുന്നത്. കണ്ണാടി ഘട്ടം, കുട്ടി അഭാവത്തെക്കുറിച്ചും സ്വത്വം അപരം എന്നിവയെക്കുറിച്ചും മനസിലാക്കുന്ന സമയമാണ്. ജൈവപരമായ അപര്യാപ്തതയെ ഒരു അപരത്തിന്റെ ബിംബം തിരിച്ചറിയുന്നതിലൂടെ പൂരിപ്പിക്കാനുള്ള ശ്രമം ഈ ഘട്ടത്തിൽ കുട്ടിയിലുണ്ടാകുന്നു. അഭാവത്തിന്റെ തിരിച്ചറിവ് ശിശുവിനും യാഥാർഥ്യത്തിനും ഇടയിൽ പിളർപ്പുണ്ടാക്കുന്നു. അങ്ങനെ സ്വന്തം സ്ഥിരതയുടെയും നിത്യതയുടെയും ഒരു തന്മയ ബിംബത്തെ കുട്ടി അന്വേഷിക്കുകയായി. ഭാഷയിലൂടെ പ്രതീകാത്മകതയിലൂടെ അഭാവപൂരണം സാധ്യമാണെന്ന് കുഞ്ഞ് ആഗ്രഹിച്ചു തുടങ്ങുകയും ചെയ്യുന്നു.

- വിഷയിയെ പ്രതീകാത്മകത്തിലേക്ക് മെരുക്കിയെടുക്കുന്ന ധർമമാണ് സാങ്കല്പികത്തിന് ഉള്ളത്

പ്രതീകാത്മകക്രമം

പ്രതീകാത്മകക്രമം, ഭാഷയുമായും ലോകത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ രൂപപ്പെടുത്തുന്ന പ്രതീകാത്മക സംവിധാനങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ ക്രമത്തിനുള്ളിൽ നമ്മുടെ സ്വത്വം രൂപപ്പെടുത്തുന്നതിൽ ഭാഷയും സാമൂഹിക മാനദണ്ഡങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭാഷയുടെ അഥവാ ഒരുകൂട്ടം പ്രതീകങ്ങളുടെ മണ്ഡലമാണ് പ്രതീകക്രമം. ദർപ്പണ ഘട്ടത്തോടും സാങ്കല്പിക ക്രമത്തോടും ചേർന്ന് കിടക്കുകയും അവയെ പിന്തുടരുകയും ചെയ്യുന്ന ഈ ക്രമം മാതാവ്-ശിശു എന്ന ദ്വന്ദബന്ധത്തിലേക്ക് പിതാവ്, ഭാഷ

- ഭാഷയുടെ അഥവാ ഒരുകൂട്ടം പ്രതീകങ്ങളുടെ മണ്ഡലമാണ് പ്രതീകക്രമം

എന്നിവയുടെ കടന്നുവരവോടെയാണ് സംഭവിക്കുന്നത്.

സംസ്കാരത്തിന്റെ ഈഡിപ്പസ്ഘടന വെളിപ്പെടുത്തുന്നതാണ് പ്രതീക ക്രമം. ഇവിടെ പരാമർശിക്കുന്ന പിതാവിന് യഥാർഥ പിതാവുമായി ബന്ധമില്ല. അത് പ്രതീകാത്മക പിതാവാണ്. ജീവിച്ചിരിക്കുന്ന സമൂഹത്തിന്റെ പ്രഖ്യാപിത നിയമങ്ങളുടെ അവതാരമായാണ് ഈ പിതാവിന്റെ വരവ്. 'പിതൃനാമം' എന്ന സംജ്ഞയാണ് ലകാൻ ഉപയോഗിക്കുന്നത്. നിയമപരവും ശിക്ഷാസ്വഭാവം ഉള്ളതുമായ ഒരു അധികാരസ്ഥാനമാണിത്. കുട്ടിക്കാലം മുതൽക്ക് തന്നെ ഇച്ഛയെ അടിച്ചമർത്തുകയും ഷണ്ഡീകരണഭീതികൊണ്ട് മെരുക്കുകയും ചെയ്യുന്ന നിയമസ്വരൂപം. പിതാവ് തന്റെ ലിംഗം ഛേദിച്ചു കളയുമോ എന്ന ഭയത്തെ മൂർത്തമായോ അമൂർത്തമായോ കണക്കിലെടുക്കാതെ അതിനെ ഭാഷാപരിപ്രേക്ഷ്യത്തിനകത്ത് വെച്ചാണ് ലകാൻ കാണുന്നത്. മാതാവിൽ നിന്നും കുട്ടിയെ അകറ്റുന്നതിലൂടെ പൂർണമായും പ്രതീകാത്മകമായാണ് പിതാവ് ഛേദം നടത്തുന്നത്. ഈ നിരാശാബോധം പിന്നീട് പിതാവുമായി താദാത്മ്യം പ്രാപിക്കാനും അപ്രകാരം തന്റെ അഭിലാഷം പൂർത്തിയാക്കുവാനും കുട്ടിയെ പ്രാപ്തനാക്കുന്നു

- സംസ്കാരത്തിന്റെ ഈഡിപ്പസ്ഘടന വെളിപ്പെടുത്തുന്നതാണ് പ്രതീക ക്രമം

അസ്തിത്വതലത്തിലും അർഥതലത്തിലും 'ഞാൻ' എന്ന കേന്ദ്രീകൃത ആശയത്തിൽ അഭിലാഷങ്ങളുടെ അടിച്ചമർത്തലുകളും ഭാഷയും ചേർന്ന് സൃഷ്ടിക്കുന്ന വിള്ളലിലൂടെയാണ് ശിശു പ്രതീകക്രമത്തിലേക്ക് പ്രവേശിക്കുന്നത്. പ്രകൃതിക്ക് വിരുദ്ധമായി വളർന്നുവരുന്ന സംസ്കാരം എന്ന നിർമിതിയുടെ പ്രകടരൂപമായി നിലകൊള്ളുന്ന പ്രതീകക്രമം തന്റെ ആഗ്രഹങ്ങളെ മാറ്റിവയ്ക്കുന്നതിലൂടെയോ കുഴിച്ചുമൂടുന്നതിലൂടെയോ വ്യക്തിക്ക് തന്നെപ്പറ്റിയുള്ള തിരിച്ചറിവ് നൽകുന്നു. താൻ പൂർണനാണ് എന്ന മിഥ്യാബോധത്തിൽ നിന്നുള്ള വിടുതലും അപൂർണതയുടെ തിരിച്ചറിവുമാണ് പ്രതീക ക്രമത്തിന്റെ പ്രത്യേകതകൾ. ലിംഗഭേദത്തെക്കുറിച്ചുള്ള ബോധവും പൂർണത എന്നത് അപ്രാപ്യമാണെന്ന അറിവും പ്രതീകക്രമം നൽകുന്നു.

- ലിംഗഭേദത്തെക്കുറിച്ചുള്ള ബോധവും പൂർണത എന്നത് അപ്രാപ്യമാണെന്ന അറിവും പ്രതീകക്രമം നൽകുന്നു

യാഥാർഥ്യക്രമം

മനോവിശ്ലേഷണത്തിന്റെ നാല് അടിസ്ഥാനപരികല്പനകൾ എന്ന പ്രബന്ധത്തിന്റെ അഞ്ചാം അധ്യായത്തിലാണ് യാഥാർഥ്യക്രമത്തെ ലകാൻ വിശദീകരിക്കുന്നത്. ട്യൂഷേ (tuche), ഓട്ടോമേഷൻ (automation) എന്നീ സംജ്ഞകളാണ് ഇതിനായി ലകാൻ സ്വീകരിച്ചിരിക്കുന്നത്. ട്യൂഷേ എന്നത് യാഥാർഥ്യവുമായി ഉള്ള ഏറ്റുമുട്ടലായും ഓട്ടോമേഷൻ എന്നത് സൂചകങ്ങളുടെ ശൃംഖലയുമായി കല്പിക്കുന്നു.

- മനോവിശ്ലേഷണത്തിന്റെ നാല് അടിസ്ഥാന പരികല്പനകൾ

പ്രതീകാത്മകത്തിനും അപ്പുറമാണ് യാഥാർഥ്യത്തിന്റെ സ്ഥാനം. യാഥാർഥ്യമെന്നത് കേവല യാഥാർഥ്യങ്ങൾക്കപ്പുറത്തുള്ള മേഖലയാകുന്നു. വിഷയിക്ക് ഒരിക്കലും മുറിച്ചു കടക്കാനാവാത്തതും അതിനായുള്ള പ്രതീതികൾ മാത്രം സാധ്യമാവുന്നതുമായ ഒരു പ്രതിഭാസമായി ലകാൻ യാഥാർഥ്യത്തെ കണ്ടെത്തുന്നു. സ്വപ്നാവസ്ഥയിൽ നിന്നും വ്യത്യസ്തമായി അസാധ്യം എന്നോ അനിർവചനീയം എന്നോ പറയാവുന്ന തലത്തിലേക്ക് യാഥാർഥ്യം അടുത്തു വരുന്നതായി കാണാം. വിലക്കുകളുടെയും വിഭജനങ്ങളുടെയും നിരന്തരകേളിയിലൂടെ ഭ്രമാത്മകമായി മാത്രം തിരിച്ചറിയാവുന്ന ഒന്നായി യാഥാർഥ്യം മാറുന്നു.

അനിയന്ത്രിതമായ ആഹ്ളാദലോകത്ത് വലയിൽ അകപ്പെട്ട തടവുകാരനാണ് യാഥാർഥ്യമെന്ന് ലകാൻ സ്ഥാപിക്കുന്നു. വിഭ്രമകരമായ നിമിഷങ്ങളിൽ മാത്രം അത് പുറത്തുവരുന്നു. 'ഉള്ളവ'യിൽ അന്തർലീനമായ വൈരുദ്ധ്യമായി, ഒരു വിടവായി യാഥാർഥ്യം ഉണ്ട്. 'ഉള്ളവ'യെ പൂർണമായും അതായിരിക്കാൻ അനുവദിക്കാത്ത ഒന്നാണ് അത്. വാക്കുകൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്ന ഉള്ളിന്റെ ഉള്ളിലെ അനുഭവം എന്നും ഭാഷയിലൂടെ ആവിഷ്കരിക്കാൻ ആവാത്ത-അവാച്യമായ-ജീവിത സത്യങ്ങളുടെ മണ്ഡലം എന്നും ഭാഷവൽക്കരിക്കപ്പെടാത്ത, പരിഭാഷപ്പെടാത്ത അനുഭവങ്ങളുടെ തലം എന്നും അതിനെ പറയാം.

- ഭ്രമാത്മകമായി മാത്രം തിരിച്ചറിയാവുന്ന ഒന്നായി യാഥാർഥ്യം മാറുന്നു

യാഥാർഥ്യത്തെ നേരിട്ട് അനുഭവിക്കാനാവില്ല. സാങ്കല്പികവും പ്രതീകാത്മകവുമായ ക്രമങ്ങളുടെ അരിച്ചെടുക്കലിനും പുതുക്കിപ്പണിയലിനും വിധേയമായി വികലീകരിച്ചു മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ. അഭാവത്തിന്റെ അഭാവമാണ് അത്. യാഥാർഥ്യത്തിൽ നിന്നും ഉള്ള നമ്മുടെ അകലമാണ് മാനസികവും ശാരീരികവുമായ അല്ലെങ്കിൽ സാമൂഹികവും മനഃശാസ്ത്രപരവുമായ നമ്മുടെ വളർച്ചയുടെ അളവുകോൽ. യാഥാർഥ്യത്തിന് അതിർത്തികളോ അരികുകളോ വിഭജനങ്ങളോ വിപരീതങ്ങളോ ഇല്ല. അത് അസംസ്കൃത വസ്തുക്കളുടെ ഒരു നൈരന്തര്യമാണ്. ലകാൻ മനോവിശ്ലേഷണത്തിലേക്ക് ഭാഷയുടെയും ഭാഷണത്തിന്റെയും മേഖലയെ യോജിപ്പിച്ചു. 'മനോവിശ്ലേഷണത്തിൽ ഭാഷണത്തിന്റെയും ഭാഷയുടെയും ധർമവും വ്യാപ്തിയും' എന്ന പ്രബന്ധവും (റോം പ്രഭാഷണം-1953) 1957-ലെ 'അബോധത്തിൽ അക്ഷരത്തിന്റെ ദൗത്യം അഥവാ ഫ്രോയിഡ് മുതൽക്കുള്ള യുക്തിചിന്ത' എന്ന പ്രബന്ധവും ആണ് മനോവിശ്ലേഷണ മണ്ഡലത്തിലേക്ക് ഭാഷണത്തിന്റെയും ഭാഷയുടെയും മേഖലയെ കൂട്ടിച്ചേർത്തു കൊണ്ടുള്ള വീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്.

- 'മനോവിശ്ലേഷണത്തിൽ ഭാഷണത്തിന്റെയും ഭാഷയുടെയും ധർമവും വ്യാപ്തിയും'

കർതൃത്വം, സ്വത്വം, അപരം

കർതൃത്വം

മനോവിശ്ലേഷണത്തിന്റെ പശ്ചാത്തലത്തിൽ ലകാൻ കർതൃത്വം എന്ന ആശയം വിശകലനം ചെയ്തു. കർതൃത്വം രൂപപ്പെടുത്തുന്നതിൽ ഭാഷയുടെ പങ്കിനും പ്രതീകാത്മക ക്രമത്തിനും അദ്ദേഹം ഊന്നൽ നൽകി. ലകാനെ സംബന്ധിച്ചിടത്തോളം, വിഷയി സ്വയം നിലകൊള്ളുന്ന ഒന്നല്ല, മറിച്ച് ഭാഷ, സാമൂഹിക ഘടനകൾ, അബോധാവസ്ഥയിലുള്ള ആഗ്രഹങ്ങൾ എന്നിവയിലൂടെ രൂപപ്പെടപ്പെട്ടതാണ്. കർതൃത്വം പ്രതീകങ്ങളിലൂടെ തിരിച്ചറിയുന്നതിലൂടെ ഈഗോയുടെ രൂപീകരണം സംഭവിക്കുന്നത് അദ്ദേഹം കണ്ണാടി ഘട്ടം എന്ന ആശയത്തിലൂടെ വിശദീകരിച്ചു. കർതൃത്വ രൂപീകരണത്തിൽ അബോധാവസ്ഥയും ഭാഷയും സാമൂഹിക സ്വാധീനങ്ങളും തമ്മിലുള്ള സങ്കീർണമായ ബന്ധം ലകാൻ വിശദീകരിച്ചു.

- കർത്തൃത്വവും ഭാഷയും സമൂഹവും

സ്വത്വം

ലകാന് സ്വത്വം എന്ന ആശയത്തെക്കുറിച്ച് സവിശേഷമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ സങ്കീർണവും മനോവിശ്ലേഷണ സിദ്ധാന്തത്തിൽ വേരൂന്നിയതുമാണ്. കണ്ണാടി

- സ്വത്വബോധത്തിന്റെ രൂപീകരണം

ഘട്ടത്തിലാണ് സ്വത്വം രൂപപ്പെടുന്നത് എന്ന് ലകാൻ വിശദീകരിച്ചു. കണ്ണാടിഘട്ടത്തിൽ, ഒരു കുട്ടി, കണ്ണാടിയിൽ അതിന്റെ പ്രതിഫലനം കാണുമ്പോൾ, ഒരു ആദ്യകാല സ്വത്വബോധം രൂപപ്പെടുമെന്ന് ലകാൻ വിശദീകരിച്ചു. കണ്ണാടിയിൽക്കൂടി സ്വയം തിരിച്ചറിയുകയും ഐക്യവും സമ്പൂർണതയും അനുഭവിക്കുകയും ചെയ്യുമ്പോൾ കുട്ടിയിൽ ഒരു പ്രത്യേക സ്വത്വം വികസിക്കാൻ തുടങ്ങുന്നു.

- ഭാഷ, സംസ്കാരം, അബോധാവസ്ഥ

സ്വത്വം ഒരിക്കലും പൂർണമായി ഏകീകരിക്കപ്പെടുന്നില്ലെന്നും നമ്മുടെ സ്വത്വങ്ങൾ വൈരുധ്യങ്ങളാലും സംഘർഷങ്ങളാലും രൂപപ്പെട്ടതാണെന്നും ലകാൻ വിശ്വസിച്ചു. നമ്മുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നതിൽ ഭാഷ, സംസ്കാരം, അബോധാവസ്ഥ എന്നിവയുടെ പങ്ക് ലകാൻ ഊന്നിപ്പറഞ്ഞു. ഭാഷ, സാമൂഹിക മാനദണ്ഡങ്ങൾ, അബോധാവസ്ഥയിലുള്ള ആഗ്രഹങ്ങൾ എന്നിവയാൽ സ്വത്വത്തിന് ഛിന്നഭിന്നാവസ്ഥയാണുള്ളതെന്ന് ലകാൻ വാദിച്ചു. ഏകീകൃത സ്വത്വം എന്ന പരമ്പരാഗത സങ്കൽപ്പങ്ങളെ ലകാൻ വെല്ലുവിളിക്കുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ ഉത്തരാധുനിക, ഫെമിനിസ്റ്റ് സ്വത്വ സിദ്ധാന്തങ്ങളെ വളരെയധികം സ്വാധീനിച്ചു.

അഭാവം

- അഭാവബോധം

സ്വയം ഒരിക്കലും പൂർണമായി തൃപ്തനാകാത്ത അടിസ്ഥാനപരമായ ഒരു കുറവോ വിടവോ ഉണ്ടെന്ന് ലകാൻ വിശ്വസിച്ചു. ഈ അഭാവബോധം ആഗ്രഹം ജനിപ്പിക്കുകയും അർഥത്തിനും സ്വത്വത്തിനും വേണ്ടിയുള്ള നമ്മുടെ അന്വേഷണത്തെ നയിക്കുകയും ചെയ്യുന്നു

ഇച്ഛ

- അഭാവവും ഭാഷയും

ഇച്ഛ സർവമാനുഷിക വ്യാപാരങ്ങളുടെയും ഏക പ്രചോദനമാണെന്നും അത് ആത്മബോധത്തിന്റെ ഏറ്റവും ലളിതവും പുരാതനവുമായ മാതൃകയാണെന്നും ലകാൻ വിശദീകരിക്കുന്നു. അഭാവവും ഭാഷയും പൂർത്തീകരണത്തിനായുള്ള തിരയലും തമ്മിലുള്ള സങ്കീർണമായ ഇടപെടലാണിത്. ഇച്ഛയെ മൂന്നു തലങ്ങളുമായി ബന്ധപ്പെടുത്തിയാണ് ലകാൻ വികസിപ്പിക്കുന്നത്. ഒന്ന് പ്രാകൃതികമോ ജൈവികമോ ആയ ആവശ്യം. അത് 'യഥാർഥക്രമ'ത്തിൽ പ്രകടമാണ്. ആവശ്യപ്രകടനമാണ് രണ്ടാമത്തേത്. അത് സാങ്കല്പിക ക്രമവുമായി ബന്ധപ്പെട്ടിരിക്കുന്നു. മൂന്നാമത്തേതായ ഇച്ഛ പ്രതീകാത്മക ക്രമത്തോടും അബോധാവസ്ഥയാൽ നയിക്കപ്പെടുന്ന നേടാനാകാത്ത വസ്തുക്കളുടെ ശാശ്വതമായ അന്വേഷണത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

അപരം

- അപരം, ഭാഷാ, സാംസ്കാരിക, മനഃശാസ്ത്രപരമായ മാനങ്ങൾ

ലകാനിയൻ മനോവിശ്ലേഷണത്തിൽ, പരസ്പരബന്ധിതമായ നിരവധി വശങ്ങളെ സൂചിപ്പിക്കുന്ന സങ്കീർണവും കേന്ദ്രീകൃതവുമായ ആശയമാണ് അപരം. ഭാഷാ, സാംസ്കാരിക, മനഃശാസ്ത്രപരമായ മാനങ്ങൾ ഉൾക്കൊള്ളുന്ന ലക്കാന്റെ അപരം എന്ന ആശയം, മനുഷ്യന്റെ കർതൃത്വം രൂപപ്പെടുത്തുന്നതിൽ ഭാഷയുടെയും സാമൂഹിക ഘടനകളുടെയും അബോധാവസ്ഥയുടെയും പങ്ക് ഊന്നിപ്പറയുന്നു.

പ്രതീകാത്മകമായഅപരം

ഇത് ഭാഷ, സംസ്കാരം, സാമൂഹിക മാനദണ്ഡങ്ങൾ എന്നിവയുടെ മേഖലയെ പ്രതിനിധീകരിക്കുന്നു. വ്യക്തികൾ ഭാഷയും സാംസ്കാരിക അർഥങ്ങളും നേടുകയും അവരുടെ വക്തിത്വം രൂപപ്പെടുത്തുകയും ചെയ്യുന്ന മേഖലയാണ് പ്രതീകാത്മകമായ അപരം.

- വ്യക്തിയും ഭാഷയും

സാങ്കല്പികമായ അപരം

ഇത് മറ്റുള്ളവരെ തിരിച്ചറിയുന്നതിലൂടെയും പ്രതിഫലിപ്പിക്കുന്നതിലൂടെയും സ്വയം-സ്വത്വത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'കണ്ണാടി ഘട്ടം' വികസിപ്പിക്കുന്നതിൽ സാങ്കല്പിക അപരം നിർണായകമാണ്. അവിടെ ഒരു വ്യക്തി മറ്റുള്ളവരുമായി തിരിച്ചറിയുന്നതിലൂടെ സ്വയം ഒരു ബോധം സ്ഥാപിക്കുന്നു.

- സ്വയം ഒരു ബോധം സ്ഥാപിക്കുന്നു

യഥാർഥം

ഭാഷയ്ക്കും ചിത്രങ്ങൾക്കും അപ്പുറം, യഥാർഥമായത് അവ്യക്തവും അജ്ഞാതവുമായ ഒരു മാനമാണ്. സ്വയം അല്ലെങ്കിൽ മറ്റുള്ളവരെ പൂർണമായി മനസിലാക്കുന്നതിലെ അന്തർലീനമായ ബുദ്ധിമുട്ടിനെ പ്രതിനിധീകരിക്കുന്ന, അഭാവത്തിന്റെയും അപ്രാപ്യതയുടെയും ഒരു ബോധം ഇതിന് ഉളവാക്കാൻ കഴിയും.

- അഭാവത്തിന്റെയും അപ്രാപ്യതയുടെയും ഒരു ബോധം

ഭാഷയും അബോധവും

ലകാൻ, മനോവിശ്ലേഷണത്തിലേക്ക് ഭാഷയുടെയും ഭാഷണത്തിന്റെയും മേഖലയെ യോജിപ്പിച്ചു. 'മനോവിശ്ലേഷണത്തിൽ ഭാഷണത്തിന്റെയും ഭാഷയുടെയും ധർമവും വ്യാപ്തിയും' എന്ന പ്രബന്ധവും (റോം പ്രഭാഷണം-1953) 1957-ലെ അബോധത്തിൽ അക്ഷരത്തിന്റെ ദൗത്യം അഥവാ ഫ്രോയിഡ് മുതൽക്കുള്ള യുക്തിചിന്ത എന്ന പ്രബന്ധവും ആണ് മനോവിശ്ലേഷണ മണ്ഡലത്തിലേക്ക് ഭാഷണത്തിന്റെയും ഭാഷയുടെയും മേഖലയെ കൂട്ടിച്ചേർത്തു കൊണ്ടുള്ള വീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്.

- ഭാഷയുടെയും ഭാഷണത്തിന്റെയും മേഖലയെ യോജിപ്പിച്ചു

അബോധം

അബോധത്തെ അകാരണവും സ്വേച്ഛാനുസാരിയും വ്യത്യാസങ്ങളിൽ അധിഷ്ഠിതവുമായ ചിഹ്നങ്ങളാൽ രൂപീകൃതമായ ആപേക്ഷിക വ്യവസ്ഥയായ (പരിമിതികൾ മാത്രമുള്ള) ഭാഷയുടെ അസംഖ്യം നിർമിതികളിൽ ഒന്നുമാത്രമായി കാണുകയാണ് ലകാൻ ചെയ്തത്. വ്യക്തമായ അതിർവരമ്പുകൾ ബോധവും അബോധവും തമ്മിൽ കാണാനാവില്ല. യാഥാർഥ്യത്തെ ഉൽപാദിപ്പിക്കുന്നതാണ് ഭാഷ. ഈ ഭാഷ അപൂർണത നിറഞ്ഞതുമാണ്. ഭാഷയോടൊപ്പമാണ് അബോധ മനസ് ജനിക്കുന്നത്. ബോധപൂർവം എന്ന് പരാമർശിക്കപ്പെടുന്ന ഓരോ പ്രവർത്തനത്തിന്റെയും അടിയിൽ അബോധം നിലകൊള്ളുന്നു.

- ബോധപൂർവം എന്ന് പരാമർശിക്കപ്പെടുന്ന ഓരോ പ്രവർത്തനത്തിന്റെയും അടിയിൽ അബോധം നിലകൊള്ളുന്നു

റോം പ്രഭാഷണത്തിൽ ലകാൻ 'അബോധം ഭാഷ പോലെ സുഘടിതമാണ്' എന്നും 'അബോധം അന്യത്തിന്റെ വ്യവഹാരമാണ്' എന്നും പ്രഖ്യാപിച്ചു. മനോവിശ്ലേഷണത്തിന്റെ പ്രധാന ഘടകം രോഗിയുടെ ഭാഷണമാണ്. സൊസ്യൂറിന്റെയും യാക്കോബ് സൺന്റെയും ലെവിസ്

ട്രോസിന്റെയും ഘടനാവാദ സിദ്ധാന്തങ്ങൾ പ്രാരംഭത്തിൽ ലകാൻ സ്വീകരിക്കുന്നുണ്ട്. ഓരോ രോഗിക്കും സവിശേഷമായുള്ള ഭാഷ ഘടകങ്ങൾ ഒരേസമയം വ്യാഖ്യാനവും അപഗ്രഥനവും ആവശ്യപ്പെടുന്നുണ്ട്. രോഗിയുടെ കർതൃത്വം രൂപീകരിക്കപ്പെടുന്ന അതേ ഭാഷയിലൂടെ തന്നെയാണ് അവന്റെ രോഗലക്ഷണങ്ങളും മനസിലാക്കപ്പെടുന്നത്. ലകാനെ സംബന്ധിച്ചിടത്തോളം രോഗലക്ഷണം എന്നത് വിഷയിയുടെ ബോധത്തിൽ നിന്നും ദമനം ചെയ്യപ്പെട്ട ഒരു സൂചിതത്തിന്റെ സൂചകമാണ്.

❍ അബോധം ഭാഷ പോലെ സുഘടിതമാണ്

ഫ്രോയിഡിന്റെ മനശാസ്ത്രത്തിലെ സാന്ദ്രീകരണം (condensation), സ്ഥാനാന്തരീകരണം (displacement) എന്നീ സംജ്ഞകളെ റോമൻ യാക്കോബ്സന്റെ തിരഞ്ഞെടുപ്പ് (selection) സംയോജനം (combination) എന്നിവയുമായി ബന്ധപ്പെടുത്തി വിശദീകരിക്കുന്നു. അബോധനിർമിതിയെ സംബന്ധിച്ചുള്ള വിശകലനത്തിൽ രൂപകം (metaphor) ലക്ഷണ (metonymy) എന്നീ സംജ്ഞകൾ ലകാൻ ഉപയോഗിക്കുന്നു. ഫ്രോയിഡിന്റെ സാന്ദ്രീകരണത്തോട് രൂപകത്തെ ബന്ധിപ്പിക്കുന്നു. സ്ഥാനാന്തരീകരണത്തോട് ലക്ഷണയേയും. അബോധം ബോധജീവിതത്തിൽ ഒരു പ്രാതിനിധ്യം സമ്പാദിക്കുന്നത് രൂപകത്തിലൂടെയും സംലക്ഷണയിലൂടെയും ആണെന്നും അവ രണ്ടും അഭിധാവ്യത്തിയുടെ അടിസ്ഥാനമായി നിലകൊള്ളുന്നു എന്നും ലകാൻ വിശദീകരിക്കുന്നു.

❍ സാന്ദ്രീകരണം, സ്ഥാനാന്തരീകരണം

സൂചകസൂചിത ബന്ധം

സൂചകവും സൂചിതവും തമ്മിലുള്ള ബന്ധത്തെ ലകാൻ തന്റെ മനോവിശ്ലേഷണ മണ്ഡലത്തിൽ സവിശേഷമായ രീതിയിൽ അവതരിപ്പിക്കുന്നു. സൊസ്യൂറിന്റെ സമവാക്യത്തെ S/s തലതിരിച്ചിട്ടു കൊണ്ട് ലകാൻ തന്റെ വിശദീകരണം നടത്തുന്നു. സൂചിതത്തിന്റെ സ്ഥാനം സൂചകത്തെ അപേക്ഷിച്ച് താഴെ മാത്രമാണെന്നും സൂചകം പരമാധികാരിയും ആനുകൂല്യങ്ങൾ ഉള്ളതുമായ ഒരു അവസ്ഥയിലാണെന്നും സ്ഥാപിക്കുന്നു. വലിയ അക്ഷരത്തിൽ റോമൻ ടൈപ്പിൽ മുകൾഭാഗത്ത് സൂചകത്തെ പ്രതിഷ്ഠിക്കുകയും ചെറിയ അക്ഷരത്തിൽ ഇറ്റാലിക് ടൈപ്പിൽ താഴെനിലയിൽ സൂചിതത്തെ രേഖപ്പെടുത്തുകയും ആണ്. അതോടെ സൂചിതം എല്ലായ്പ്പോഴും സൂചകത്തിന് കീഴിൽ തെന്നി മാറിക്കൊണ്ടേയിരിക്കും. അതിനെ കണ്ടെത്താനും തിരിച്ചറിയാനും ഉള്ള എല്ലാ ശ്രമങ്ങളെയും അത് തകർത്തു കൊണ്ടേയിരിക്കും. ഇതിലെ വിഭാജകരേഖ സൂചകത്തെ പ്രതിരോധിക്കുന്ന ഒന്നാണെന്നും അത് അർഥഗ്രഹണത്തിന്റെ അന്തർജ്ഞാന സാധ്യതകളെ തടയുന്നു എന്നും ലകാൻ പറയുന്നു. സൂചകത്തിന്റെ മണ്ഡലം സ്വതന്ത്രവും സ്വാശ്രിതവുമാണ്. സൂചകത്തിന്റെ അർഥം അന്വേഷിക്കുന്ന ഒരാൾക്ക് ഭാഷയിലൂടെ സഞ്ചരിക്കുകയല്ലാതെ മറ്റു വഴിയില്ല. ഓരോ നിമിഷത്തിലും സൂചകങ്ങൾ അവയുടെ വ്യാപ്തി വികസിപ്പിച്ചു കൊണ്ടേയിരിക്കും.

❍ സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം

ഒടുവിൽ സൂചിതം കൈയ്യകലത്തിൽ എത്തി എന്ന് തോന്നുന്ന നിമിഷത്തിൽ അത് വീണ്ടും ചിന്നി ഒരു കൂട്ടം സൂചകങ്ങളായി മാറുകയും ചെയ്യും. ഒരു സൂചകത്തിന് അതിന്റെ ധർമമോ ഉള്ളടക്കമോ അനുസരിച്ചല്ല, മറ്റു സൂചകങ്ങളുമായുള്ള അതിന്റെ ബന്ധം കണക്കിലെടുത്താണ് പ്രാധാന്യം. സൂചകം വാസ്തവത്തിൽ ഒന്നും തന്നെ സൂചിപ്പിക്കുന്നില്ല. അത് അടയാളമോ ശബ്ദമോ മാത്രമാണ്. ഒരു ഭാഷകൻ

തന്റെ സവിശേഷമായ പ്രയോഗത്തിലൂടെ സാക്ഷാത്കരിക്കുന്ന ഒന്നു മാത്രമാണ് അത്. അതിന് വസ്തുവുമായോ സൂചിതവുമായോ അന്തർ ബന്ധം ഒന്നും ഇല്ല. സൂചകത്തിന് സൂചിതത്തിന്മേൽ അധിനിവേശ ശക്തിയുണ്ടെന്ന് നിരീക്ഷിക്കുന്നു. സൂചകം അതിന്റെ സൂചിതത്തെ മുന്നേ കാണുന്നുണ്ട്. അത് സൂചിതത്തെ അതിക്രമിച്ച് കടക്കുന്നുണ്ട്. ലകാന്റെ അഭിപ്രായത്തിൽ ഒരു വിഷയി/ കർത്താവ് ഒരു സൂചകത്തിലൂടെ ഒരാശയത്തെ മറ്റൊരു വിഷയിയുടെ/കർത്താവിന്റെ മുന്നിൽ പ്രതിനിധാനം ചെയ്യുന്നില്ല. മറിച്ച് ഒരു വിഷയിയെ ഒരു സൂചകം മറ്റൊരു സൂചകത്തിന് മുമ്പാകെ പ്രതിനിധാനം ചെയ്യുകയാണ്.

- വിഷയിയെ ഒരു സൂചകം മറ്റൊരു സൂചകത്തിന് മുമ്പാകെ പ്രതിനിധാനം ചെയ്യുന്നു

Summarised Overview

ഫ്രഞ്ച് സൈക്കോ അനലിസ്റ്റും സൈക്യാട്രിസ്റ്റുമായ ലകാൻ, സിഗ്മണ്ട് ഫ്രോയിഡിന് ശേഷം മനോവിശ്ലേഷണത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ വ്യക്തികളിൽ ഒരാളാണ്. സൂചക -സൂചിത ശൃംഖല, കണ്ണാടി ഘട്ടം, സാങ്കല്പികം പ്രതീകാത്മകം യാഥാർഥ്യം എന്നീ ക്രമങ്ങൾ, പിതൃനാമം, ഇച്ഛ, അന്യത്തിന്റെ വ്യവഹാരം എന്നിവയിലൂടെ കർത്തൃത്വവിശകലനങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു ഘട്ടവും ദർശനപരവും ഗണിതശാസ്ത്രപരവുമായ അപഗ്രഥനങ്ങളിലൂടെ മനുഷ്യ വിഷയയിൽ കേന്ദ്രീകരിക്കുന്ന ഘട്ടവും ലകാന്റെ ചിന്താപദ്ധതിയിൽ കാണാം.

ദ മിറർ സ്റ്റേജ്: ആറ് മുതൽ പതിനെട്ട് മാസം വരെ പ്രായമുള്ള ശിശുക്കൾ ഒരു 'മിറർ സ്റ്റേജിലൂടെ' കടന്നുപോകണമെന്ന് ലകാൻ നിർദ്ദേശിച്ചു. ഈ ഘട്ടത്തിൽ, ശിശു കണ്ണാടിയിൽ തന്റെ പ്രതിബിംബം തിരിച്ചറിയുന്നു, ഇത് കുട്ടിയിൽ സ്വയം ഒരു ഇമേജ് തിരിച്ചറിയുന്നതിന്റെ തുടക്കം കുറിക്കുന്നു. ഈ തിരിച്ചറിവ് പ്രാധാന്യമർഹിക്കുന്നു, കാരണം അത് അഹംഭാവത്തിന്റെയും 'ഞാൻ' എന്ന ആശയത്തിന്റെയും വികാസത്തിന് തുടക്കമിടുന്നു.

യഥാർഥം, സാങ്കല്പികം, പ്രതീകാത്മകം എന്നിങ്ങനെ മൂന്ന് ക്രമങ്ങളെ അദ്ദേഹം അവതരിപ്പിച്ചു. സാങ്കല്പിക ക്രമത്തിൽ ബിംബങ്ങളും മിഥ്യാധാരണകളും ആധിപത്യം പുലർത്തുന്നു, അവിടെയാണ് അഹം രൂപംകൊള്ളുന്നത്. വ്യക്തി സ്വന്തം പ്രതിച്ഛായയെ മറ്റുള്ളവരുടെ ചിത്രങ്ങളുമായി വേർതിരിച്ചറിയുന്നത് സാങ്കല്പിക ക്രമത്തിലാണ്.

ഭാഷ, നിയമം, സാമൂഹിക ഘടന എന്നിവയുടെ മേഖലയാണ് പ്രതീകാത്മക ക്രമം. ചിഹ്നങ്ങളിലൂടെ അർഥം സൃഷ്ടിക്കുന്നതും സാമൂഹിക ക്രമത്തിൽ വ്യക്തികൾ അവരുടെ സ്ഥാനം കണ്ടെത്തുന്നതും ഇവിടെയാണ്.

യഥാർഥ്യക്രമം പ്രതീകപ്പെടുത്താനോ സങ്കൽപ്പിക്കാനോ കഴിയാത്തതാണ് അത് ഭാഷയ്ക്കും പ്രാതിനിധ്യത്തിനും പുറത്താണ്. യാഥാർഥ്യക്രമം മനുഷ്യന്റെ ധാരണയുടെ പരിമിതികളെയും അസ്തിത്വത്തിന്റെ വശങ്ങളെയും പ്രതിനിധീകരിക്കുന്നു.

അബോധത്തിന് ഭാഷയുടെ ഘടനയാണ് ഉള്ളത് എന്ന് ലകാൻ അവകാശപ്പെട്ടു. അബോധാവസ്ഥയിലുള്ള പ്രക്രിയകൾ ക്രമരഹിതമല്ലെന്നും അവ ഭാഷാ ഘടനകളെ പിന്തുടരുന്നുവെന്നും അദ്ദേഹം വാദിച്ചു. ഈ ഉൾക്കാഴ്ച അബോധ മനസിനെയും മനുഷ്യന്റെ ആത്മനിഷ്ഠതയെയും രൂപപ്പെടുത്തുന്നതിൽ ഭാഷയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു.

അദ്ദേഹം ഇച്ഛ, അഭാവം എന്നിവയെ കുറിച്ച് മൗലികമായ ആശയങ്ങൾ അവതരിപ്പിച്ചു. മനുഷ്യന്റെ ആഗ്രഹം അടിസ്ഥാനപരമായി രൂപപ്പെടുന്നത് അഭാവത്തിൽ നിന്നാണ് എന്ന് ലകാൻ

വിശ്വസിച്ചു. ഈ അഭാവം സ്വയവും ലോകവും തമ്മിലുള്ള വേർപിരിയലിൽ നിന്നാണ് ഉണ്ടാകുന്നത്. ചെറുത്, വലുത് എന്ന് രണ്ട് അപരങ്ങളെ (The Other and the Big Other) തമ്മിൽ ലകാൻ വേർതിരിച്ചു. ചെറിയ അപരം എന്നത് നമ്മുടെ ആഗ്രഹങ്ങളെയും സ്വത്വങ്ങളെയും പ്രതിഫലിപ്പിക്കുന്ന മറ്റ് ആളുകളെ സൂചിപ്പിക്കുന്നു. വലിയ അപരം പ്രതീകാത്മക ക്രമത്തെ പ്രതിനിധീകരിക്കുന്നു, സാമൂഹിക മാനദണ്ഡങ്ങൾ, ഭാഷ, നിയമം എന്നിവ ഉൾക്കൊള്ളുന്നു. വ്യക്തികൾ അവരുടെ ജീവിതത്തിൽ അർഥവും ഘടനയും കണ്ടെത്തുന്നത് വലിയ അപരത്തിലൂടെയാണ്. വിഷയി (വ്യക്തി) അന്തർലീനമായി വിഭജിക്കപ്പെട്ടതാണെന്ന് ലകാൻ ഉറപ്പിച്ചു. ബോധപൂർവമായ സ്വത്വത്തിനും അബോധാവസ്ഥയിലുള്ള ആഗ്രഹങ്ങൾക്കും ഇടയിൽ എല്ലായ്പ്പോഴും ഒരു വിഭജനമുണ്ട്.

Assignments

1. കണ്ണാടി ഘട്ടത്തെക്കുറിച്ചുള്ള ലകാന്റെ നിരീക്ഷണങ്ങൾ എഴുതുക
2. അപരം, സ്വത്വം, കർതൃത്വം എന്നിവയെക്കുറിച്ചുള്ള ലകാന്റെ നിരീക്ഷണങ്ങൾ സംക്ഷേപിക്കുക
3. ഭാഷയും അബോധവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ലകാന്റെ നിരീക്ഷണങ്ങൾ എഴുതുക

Suggested Readings

1. Greenblatt, Stephen, editor. The Power of Forms in the English Renaissance. Pilgrim Books, 1982.
2. Veeser, H. Aram, editor. The New Historicism. Routledge, 1989.
3. Brannigan, John. New Historicism and Cultural Materialism. St. Martin's Press, 1998.
4. Dollimore, Jonathan, and Alan Sinfield, editors. Political Shakespeare: New Essays in Cultural Materialism. Manchester University Press, 1985.
5. Tillyard, E. M. W. The Elizabethan World Picture. Vintage Books, 1959.
6. Lacan, Jacques. Écrits: A Selection. Translated by Alan Sheridan, Norton, 1977.
7. Lacan, Jacques. The Four Fundamental Concepts of Psychoanalysis. Edited by Jacques-Alain Miller, Translated by Alan Sheridan, Norton, 1998.

References

1. ടി. ശ്രീവത്സൻ, നവമനോവിശ്ലേഷണം, ഡി.സി. ബുക്സ്, കോട്ടയം.
2. സെബാസ്റ്റ്യൻ വട്ടമറ്റം, ലകാനും സിസേക്കും മനസ്സ് മതം മാർക്സിസം, പുസ്തകലോകം, കോഴിക്കോട്.
3. പി. പ്രസീത, മനോവിജ്ഞാനവും സാഹിത്യ വിമർശവും, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

Unit 2

നവമാർക്സിസം

Learning Outcomes

- നവമാർക്സിസത്തെക്കുറിച്ച് അറിവു നേടുന്നു
- ഫ്രാങ്ക്ഫർട്ട്സ്കൂളിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- സാംസ്കാരവ്യവസായം എന്ന പരികല്പനയെക്കുറിച്ച് മനസിലാക്കുന്നു
- അഡോർണൊ, ഹൊർഖൈമർ, ലൂയി അൽത്തൂസർ എന്നിവരുടെ ചിന്തകൾ പരിചയപ്പെടുന്നു

Background

പരമ്പരാഗത അല്ലെങ്കിൽ ക്ലാസിക്കൽ മാർക്സിസത്തോടുള്ള പ്രതികരണമായും ചിലപ്പോൾ വിമർശനമായും ഉയർന്നുവന്ന വിവിധ ചിന്താധാരകളെയും വ്യാഖ്യാനങ്ങളെയും നിയോ മാർക്സിസം സൂചിപ്പിക്കുന്നു. മാർക്സിന്റെ രചനകളിലെ, സാമ്പത്തികാടിസ്ഥാനത്തിലൂന്നിയ വിശകലനങ്ങളേക്കാൾ പ്രാധാന്യം നിയോ-മാർക്സിസ്റ്റുകൾ വർഗ സംഘട്ടനത്തിന്റെ സാംസ്കാരിക വശങ്ങൾക്ക് നല്കുന്നു. ഹെർബർട്ട് മാർക്കസ്, ലൂയി അൽത്തൂസർ, അന്റോണിയോ ഗ്രാംഷി തുടങ്ങിയ നിയോ മാർക്സിസ്റ്റ് ചിന്തകർ സംസ്കാരം, പ്രത്യയശാസ്ത്രം, മുതലാളിത്ത വ്യവസ്ഥകൾ നിലനിർത്തുന്നതിൽ ഭരണകൂടത്തിന്റെ പങ്ക് തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിച്ചു.

വിശാലമായ സിദ്ധാന്തങ്ങളെയും ചിന്തകരെയും ഉൾക്കൊള്ളുന്ന നിയോ മാർക്സിസത്തിന് സാർവത്രികമായി അംഗീകരിക്കപ്പെട്ട ഒരു നിയോ മാർക്സിസ്റ്റ് ചട്ടക്കൂട് ഇല്ലെന്നതും ശ്രദ്ധിക്കേണ്ടതാണ്. നിയോമാർക്സിസത്തിനുള്ളിലെ വ്യത്യസ്ത പണ്ഡിതന്മാർക്കും പ്രസ്ഥാനങ്ങൾക്കും വ്യത്യസ്ത വീക്ഷണങ്ങൾ ഉണ്ടായിരിക്കാം. ഏകീകൃതമായ ഒരു നിയോ-മാർക്സിസ്റ്റ് സിദ്ധാന്തം ഇല്ലെങ്കിലും, താഴെ പറയുന്ന ചില പൊതുവായ വിഷയങ്ങളും ആശയങ്ങളും അതിൽ ഉൾപ്പെടുന്നു.

Keywords

നവമാർക്സിസം-ഫ്രാങ്ക്ഫർട്ട്സ്കൂൾ-സാംസ്കാരവ്യവസായം എന്ന പരികല്പന- തിയോഡോർ അഡോർണൊ (Theodor W. Adorno)-മാർക്സ് ഹൊർഖൈമർ(Max Horkheimer)-ലൂയി അൽത്തൂസർ(Louis Athusser)

Discussion

നിയോമാർക്സിസം (Neo-Marxism)

- സംസ്കാരം, പ്രത്യയശാസ്ത്രം, സാമ്പത്തികേതരഘടകങ്ങൾ

സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ സംസ്കാരം, പ്രത്യയശാസ്ത്രം, സാമ്പത്തികേതരഘടകങ്ങൾ എന്നിവയ്ക്കുള്ള പങ്കിൽ നിയോമാർക്സിസ്റ്റുകൾ പലപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അധികാരത്തിന്റെയും അസമത്വത്തിന്റെയും മുതലാളിത്ത വ്യവസ്ഥകൾ നിലനിർത്തുന്നതിൽ ആശയങ്ങളും മൂല്യങ്ങളും സാംസ്കാരിക മാനദണ്ഡങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് അവർ വാദിക്കുന്നു.

- മറ്റ് വിമർശനാത്മക സിദ്ധാന്തങ്ങളിൽ നിന്നുള്ള ആശയങ്ങൾ

വിവിധ തരത്തിലുള്ള അടിച്ചമർത്തലുകളും അസമത്വവും എങ്ങനെ നിലനിന്നുപോരുന്നു എന്ന് വിശകലനം ചെയ്യുന്നതിനായി ഫെമിനിസം, ക്രിട്ടിക്കൽറേസ് തിയറി എന്നിവ പോലുള്ള മറ്റ് വിമർശനാത്മക സിദ്ധാന്തങ്ങളിൽ നിന്നുള്ള ആശയങ്ങൾ നിയോ മാർക്സിസം ഉൾക്കൊള്ളുന്നു. ഈ വീക്ഷണം വർഗം, വംശം, ലിംഗഭേദം, മറ്റ് സാമൂഹിക വിഭാഗങ്ങൾ എന്നിവയുടെ പരസ്പരബന്ധിതമായ സ്വഭാവത്തെ ഊന്നിപ്പറയുന്നു.

- ക്ലാസിക്കൽ മാർക്സിസത്തിൽ നിന്ന് ഒരളവുവരെ വ്യതിചലിക്കുന്നു

നിയോ മാർക്സിസ്റ്റുകൾ ഭരണകൂടത്തെക്കുറിച്ചുള്ള അവരുടെ വീക്ഷണങ്ങളിൽ ക്ലാസിക്കൽ മാർക്സിസത്തിൽ നിന്ന് ഒരളവുവരെ വ്യതിചലിക്കാറുണ്ട്. ഭരണകൂടം കേവലം മുതലാളിത്ത വർഗത്തിന്റെ ഉപകരണമല്ലെന്നും അതിന് അതിന്റേതായ സ്വയംഭരണാവകാശമുണ്ടെന്നും അവ മുതലാളിത്ത വ്യവസ്ഥകളെ നിയന്ത്രിക്കുന്നതിലും ശാശ്വതമാക്കുന്നതിലും ഒരു പങ്ക് വഹിക്കുന്നുണ്ടെന്നും അവർ വാദിക്കുന്നു.

- അധികാരവും നിയോ മാർക്സിസവും

അന്റോണിയോ ഗ്രാംഷിയുടെ സാംസ്കാരിക മേധാവിത്വ സങ്കൽപ്പം പിന്തുടരുന്ന നിയോ മാർക്സിസ്റ്റുകൾ, സാംസ്കാരിക മാനദണ്ഡങ്ങളും മൂല്യങ്ങളും രൂപപ്പെടുത്തുന്നതിലൂടെ പ്രബല ഗ്രൂപ്പുകൾ എങ്ങനെ നിയന്ത്രണം നിലനിർത്തുന്നു എന്നും, അതുവഴി അവരുടെ അധികാരം എങ്ങനെ നിയമാനുസൃതമാക്കുന്നു എന്നും അന്വേഷിക്കുന്നു. നിയോ മാർക്സിസം പലപ്പോഴും സാമൂഹ്യ പ്രസ്ഥാനങ്ങൾക്കും കൂട്ടായ പ്രവർത്തനത്തിനും നിലവിലുള്ള അധികാര ഘടനകളെ എങ്ങനെ വെല്ലുവിളിക്കാനും തടസപ്പെടുത്താനും കഴിയുമെന്ന് അന്വേഷിക്കുന്നു.

ഫ്രാങ്ക്ഫർട്ട് സ്കൂൾ (Frankfurt School)

- കാൾ ഗ്രൂൻബർഗ്, ഫ്രഡറിക് പൊല്ലോക്ക്, മാർക്സ് ഹൊർഖൈമർ, ഹെർബർട്ട് മാർക്യൂസ്, തിയോഡോർ അഡോർണെ, എറിക് ഫ്രോം, വാൾട്ടർ ബെഞ്ചമിൻ

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മധ്യം വരെ (1923) ജർമനിയിലെ ഫ്രാങ്ക്ഫർട്ട് യൂണിവേഴ്സിറ്റിയുടെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ റിസർച്ചിൽ പ്രവർത്തിച്ചിരുന്ന ഏതാനും മാർക്സിസ്റ്റ് തത്വചിന്തകർ രൂപം കൊടുത്ത ആശയ ചർച്ച വേദിയാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ. ജർമനിയിൽ മാർക്സിസ്റ്റ് പഠനങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഫെലിക്സ് വെയ്ലിന്റെ പ്രവർത്തനങ്ങളെ പിന്തുടർന്ന് 1923-ലാണ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. കാൾ ഗ്രൂൻബർഗ്, ഫ്രഡറിക് പൊല്ലോക്ക് എന്നിവർ അടിത്തറയിട്ട ഈ

സിദ്ധാന്തക്കളരി അഥവാ ആശയചർച്ചാവേദിയിലെ പ്രമുഖർ മാർക്സ് ഹൊർഖൈമർ, ഹെർബർട്ട് മാർക്യൂസ്, തിയോഡോർ അഡോർണൊ, എറിക് ഫ്രോം, വാൾട്ടർ ബെഞ്ചമിൻ തുടങ്ങിയവരാണ്.

- കൊളംബിയ സർവകലാശാലയിൽ

1933-ന് ശേഷം, അത് അടച്ചുപൂട്ടാൻ നിർബന്ധിതരായി, ഇൻസ്റ്റിറ്റ്യൂട്ട് അമേരിക്കയിലേക്ക് മാറ്റി, അവിടെ ന്യൂയോർക്ക് സിറ്റിയിലെ കൊളംബിയ സർവകലാശാലയിൽ ആതിഥ്യം കണ്ടെത്തി. സംസ്കാരം, സമൂഹം, രാഷ്ട്രീയം എന്നിവ മനസിലാക്കുന്നതിനുള്ള വിമർശനാത്മക സിദ്ധാന്തത്തിനും ഇന്റർ ഡിസിപ്ലിനറി സമീപനത്തിനും പേരുകേട്ടതാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ.

- മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ മണ്ഡലത്തിൽ ചർച്ച ചെയ്യപ്പെടുന്ന സിദ്ധാന്തങ്ങൾ

മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ മണ്ഡലത്തിൽ ഇന്നും ചർച്ച ചെയ്യപ്പെടുന്ന സിദ്ധാന്തങ്ങൾ ഫ്രാങ്ക്ഫർട്ട്സ്കൂളിൽ നിന്നും രൂപം കൊണ്ടു. സംസ്കാരം, സമൂഹം, മുതലാളിത്തം എന്നിവ പരിശോധിക്കുന്ന നിർണായക സിദ്ധാന്തങ്ങൾ അവർ വികസിപ്പിച്ചെടുത്തു, റിയലിസത്തെ നിരാകരിക്കുക എന്ന നിലപാടാണ് സ്കൂൾ കൈക്കൊണ്ടത്. മാർക്സിസ്റ്റ് ചിന്തയിൽ പ്രമുഖമായ അടിത്തട്ട് മേൽത്തട്ട് സങ്കല്പത്തിലെ മേൽത്തട്ട് ഘടകത്തിൽ മാത്രമാണ് ഇവർ ശ്രദ്ധിച്ചത്. സാമൂഹ്യശാസ്ത്രം, തത്വചിന്ത തുടങ്ങിയ മേഖലകളെ സ്വാധീനിച്ചു. സംസ്കാരം, സമൂഹം, പ്രത്യയശാസ്ത്രം എന്നിവയിൽ സ്വാധീനമുള്ള ആശയങ്ങൾ സംഭാവന ചെയ്തു. മാർക്സിസത്തിൽ വേരൂന്നിയ അവരുടെ ചിന്തകൾ, സാംസ്കാരിക വ്യവസായം, ബഹുജന മാധ്യമങ്ങൾ, അവബോധം രൂപപ്പെടുത്തുന്നതിൽ മുതലാളിത്തത്തിന്റെ സ്വാധീനം എന്നിവയുടെ പങ്ക് ഊന്നിപ്പറയുന്നു.

- ഹെഗെലിയൻ മാർക്സിസത്തെയും ഫ്രോയിഡിയൻ അപഗ്രഥനത്തെയും കൂട്ടിയിണക്കി

ഹെഗെലിയൻ മാർക്സിസത്തെയും ഫ്രോയിഡിയൻ അപഗ്രഥനത്തെയും കൂട്ടിയിണക്കി കൊണ്ടുള്ള ഒരു വിശകലനസമ്പ്രദായമാണ് സ്കൂൾ പിന്തുടർന്നത് ക്രിട്ടിക്കൽ തിയറി അഥവാ വിമർശനാത്മക സിദ്ധാന്തം എന്നൊരു ആശയരൂപം അഡോർണൊയും കൂട്ടരും അവതരിപ്പിച്ചു. ബഹുജന സംസ്കാരത്തിന്റെ മാനകീകരണത്തെയും ചരക്ക്വൽക്കരണത്തെയും വിമർശിച്ചു, അത് സാമൂഹിക അനുരൂപതയ്ക്കും അന്യവൽക്കരണത്തിനും എങ്ങനെ സംഭാവന നൽകുമെന്ന് എടുത്തുകാണിച്ചു. മാധ്യമങ്ങൾ, ഉപഭോക്തൃത്വം, സാമൂഹിക മാറ്റത്തിനുള്ള സാധ്യതകൾ എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ 'സാംസ്കാരിക വ്യവസായം' എന്ന ആശയം പ്രസക്തമായി തുടരുന്നു.

ക്രിട്ടിക്കൽ തിയറി (Criticial Theory)

- അധികാര ഘടനകൾ, പ്രത്യയശാസ്ത്രങ്ങൾ, സാംസ്കാരിക മാനദണ്ഡങ്ങൾ

മാനുഷിക അനുഭവങ്ങളെയും സാമൂഹിക ബന്ധങ്ങളെയും രൂപപ്പെടുത്തുന്ന അധികാര ഘടനകൾ, പ്രത്യയശാസ്ത്രങ്ങൾ, സാംസ്കാരിക മാനദണ്ഡങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമൂഹത്തെ വിശകലനം ചെയ്യുന്നതിനുള്ള വിശാലമായ ചട്ടക്കൂടാണ് വിമർശനാത്മകസിദ്ധാന്തം. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഫ്രാങ്ക്ഫർട്ട് സ്കൂളിൽ നിന്ന് ഉത്ഭവിച്ച വിമർശനാത്മക സിദ്ധാന്തം, സമൂഹത്തിലെ അന്തർലീനമായ ബലതന്ത്രങ്ങളെയും അസമത്വങ്ങളെയും കണ്ടെത്താനും പരിഹരിക്കാനും നിലവിലെ അവസ്ഥയെ വിമർശിക്കാനും വെല്ലുവിളിക്കാനും ശ്രമിക്കുന്നു.

സാമൂഹിക ഘടനകൾ, സ്ഥാപനങ്ങൾ, സാംസ്കാരിക സമ്പ്രദായങ്ങൾ എന്നിവയിലൂടെ അധികാരവും അസമത്വവും എങ്ങനെ നിലനിർത്തപ്പെടുന്നുവെന്നും പുനർനിർമിക്കപ്പെടുന്നുവെന്നും വിമർശനാത്മക സിദ്ധാന്തം പരിശോധിക്കുന്നു. അടിച്ചമർത്തലിന്റെയും ആധിപത്യത്തിന്റെയും സംവിധാനങ്ങൾ വെളിപ്പെടുത്തുകയും വെല്ലുവിളിക്കുകയും ചെയ്തുകൊണ്ട് സാമൂഹിക മാറ്റത്തെയും വിമോചനത്തെയും പ്രോത്സാഹിപ്പിക്കുക എന്നതാണ് വിമർശന സിദ്ധാന്തത്തിന്റെ ആത്യന്തിക ലക്ഷ്യം.

- അധികാരവും അസമത്വവും

പ്രബലമായ പ്രത്യയശാസ്ത്രങ്ങൾ ശക്തമായ ഗ്രൂപ്പുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും ആളുകളുടെ ധാരണകളും പെരുമാറ്റങ്ങളും രൂപപ്പെടുത്തുകയും ചെയ്യുന്നത് എങ്ങനെയെന്ന് അന്വേഷിക്കുന്നു, പലപ്പോഴും സാമൂഹിക അസമത്വങ്ങൾ നിലനിറുത്തുന്ന വിധത്തിൽ, സാമൂഹിക പ്രതിഭാസങ്ങളെ അവയുടെ ചരിത്രപരവും സാന്ദർഭികവുമായ ക്രമീകരണങ്ങളിൽ മനസിലാക്കേണ്ടതിന്റെ പ്രാധാന്യം വിമർശനാത്മക സിദ്ധാന്തം ഊന്നിപ്പറയുന്നു.

- വിമർശനാത്മക സിദ്ധാന്തം

മാക്സ് ഹോർക്കൈമർ, തിയോഡോർ അഡോർണൊ, ഹെർബർട്ട് മാർക്കസ്, പിന്നീട് ജർഗൻ ഹേബർമാസ് തുടങ്ങിയ പണ്ഡിതന്മാരും വിമർശനാത്മക സിദ്ധാന്തത്തിന്റെ വികാസത്തിലെ പ്രമുഖരാണ്. അവരുടെ പ്രവർത്തനം ഫെമിനിസ്റ്റ് സിദ്ധാന്തം, വിമർശനാത്മക വംശ സിദ്ധാന്തം, പോസ്റ്റ് കൊളോണിയൽ സിദ്ധാന്തം എന്നിവയുൾപ്പെടെ വിവിധ മേഖലകളെയും പ്രസ്ഥാനങ്ങളെയും സ്വാധീനിച്ചിട്ടുണ്ട്, ഇവയെല്ലാം സാമൂഹിക ജീവിതത്തിന്റെ പ്രത്യേക മേഖലകളിലേക്കുള്ള വിമർശനാത്മക സമീപനത്തെ വിപുലീകരിക്കുന്നു.

- വിമർശനാത്മക സിദ്ധാന്തത്തിന്റെ വികാസത്തിലെ പ്രമുഖർ

തിയോഡോർ ഡബ്ലിയു അഡോർണൊ (Theodor W. Adorno)


തിയോഡോർ അഡോർണൊ

ഫ്രാങ്ക്ഫർട്ട് സ്കൂളുമായി ബന്ധപ്പെട്ട ഒരു ജർമൻ തത്വചിന്തകനും സാമൂഹ്യശാസ്ത്രജ്ഞനും സംസ്കാര വിമർശകനും സംഗീതജ്ഞനുമായിരുന്ന തിയോഡോർ അഡോർണൊ (1903-1969). 1930-കളിലാണ് ഔദ്യോഗികമായി ഫ്രാങ്ക്ഫർട്ട്സ്കൂളുമായി ബന്ധം പുലർത്തിയത്. ഹിറ്റ്ലറുടെ ഫാസിസ്റ്റ് ഭരണകൂടം അധികാരത്തിൽ എത്തിയതിനെ തുടർന്ന് 1933-ൽ ഫ്രാങ്ക്ഫർട്ട്ചിന്തകർ ജർമനിയിൽ നിന്നും നാടുകടത്തപ്പെട്ടു. അതിനുശേഷം 1950-ൽ ആണ് അഡോർണൊയും ഹോക്കീമറും ഫ്രാങ്ക്ഫർട്ടിൽ മടങ്ങിയെത്തിയത്. അമേരിക്കൻ വാസം അഡോർണൊയുടെ ചിന്താമണ്ഡലത്തെ വളരെയധികം സ്വാധീനിക്കുകയുണ്ടായി. സംസ്കാര വ്യവസായം എന്ന അഡോർണൊയുടെ സങ്കല്പനത്തിന് അടിത്തറ ഇട്ടത് അമേരിക്കയിലെ ജീവിതമാണ്. അദ്ദേഹത്തിന്റെ പ്രമുഖ സൃഷ്ടികളെല്ലാം വെളിച്ചം കണ്ടത് അമേരിക്കൻ ജീവിത കാലയളവിൽ ആയിരുന്നു.

- ജർമൻ തത്വചിന്തകനും സാമൂഹ്യശാസ്ത്രജ്ഞനും

മാർക്സ്, ഹെഗൽ, ഫ്രോയിഡ് തുടങ്ങിയവരുടെ ആശയങ്ങളെ

അടിസ്ഥാനമാക്കി ആധുനിക സമൂഹത്തെ വിശകലനം ചെയ്യാൻ ശ്രമിച്ച അഡോർണൊ, ഫാസിസത്തിന്റെ വിമർശകൻ എന്ന നിലയിൽ ശ്രദ്ധേയനായി. ജ്ഞാനോദയം, യുക്തി, സംസ്കാരം, സമൂഹം, വ്യക്തിഗത അവബോധം, സാമൂഹിക അടിച്ചമർത്തൽ എന്നിവ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന വിമർശനാത്മക സിദ്ധാന്തം അവതരിപ്പിച്ചു. അഡോർണായുടെ കൃതികളിൽ 'ഡയലക്റ്റിക് ഓഫ് എൻലൈറ്റൻമെന്റ്' (മാക്സ് ഹോർഖൈമറുമായി ചേർന്ന് എഴുതിയത്) 'നെഗറ്റീവ് ഡയലക്റ്റിക്സ്' എന്നിവ ഉൾപ്പെടുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾ സാമൂഹ്യശാസ്ത്രം, സൗന്ദര്യശാസ്ത്രം, സാംസ്കാരിക പഠനം തുടങ്ങിയ മേഖലകളെ സ്വാധീനിച്ചു.

- ഫാസിസത്തിന്റെ വിമർശകൻ

ഒരു സംഗീതജ്ഞൻ എന്ന നിലയിൽ പ്രശസ്തനായ അഡോർണൊ മുതലാളിത്ത ലോകത്ത് സംഗീതത്തിന് സംഭവിക്കുന്ന പരിണാമങ്ങളെ ദാർശനികമായി വിലയിരുത്തുന്ന നിരവധിപ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. മനഃശാസ്ത്ര തത്വങ്ങളെ കൂട്ടി ഇണക്കി കൊണ്ടാണ് അദ്ദേഹം ഫാസിസത്തെ വിലയിരുത്തുന്ന പ്രബന്ധങ്ങൾ രചിച്ചിട്ടുള്ളത്. കാഫ്ക, തോമസ് മാൻ തുടങ്ങിയവരുടെ സാഹിത്യ രചനങ്ങളെ വിശകലനം ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുമായി നിരന്തര സംവാദത്തിൽ ഏർപ്പെട്ട അഡോർണൊ മാധ്യമ വിമർശകൻ എന്ന നിലയിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. മുതലാളിത്തത്തിനെതിരെ നിരന്തരം പ്രതിരോധം ഉയർത്തി കൊണ്ടിരുന്ന അദ്ദേഹം യുദ്ധാനന്തര ജർമനിയിലെ ഭരണകൂട ഭീകരതയുടെ ലക്ഷണങ്ങളെ തുറന്നു കാട്ടുവാനും എതിർക്കുവാനും ശ്രമിച്ചിരുന്നു. മാധ്യമങ്ങളിലെ മൂലധന കുത്തകയ്ക്കെതിരെയും അദ്ദേഹം ശബ്ദമുയർത്തി. കല പ്രതിരോധത്തിന്റെ അരങ്ങാണ് എന്ന് അദ്ദേഹം സമർഥിച്ചു. സാഹിത്യത്തിന് യാഥാർഥ്യവുമായി നേരിട്ട് ബന്ധമില്ല എന്നും യാഥാർഥ്യത്തിൽ നിന്ന് വേർതിരിഞ്ഞാണ് കല നിൽക്കുന്നതെന്നും ഈ അകൽച്ചയ്ക്ക് സവിശേഷമായ ശക്തിയും പ്രാധാന്യവും നൽകുന്നുണ്ട് എന്നും അഡോർണൊ വാദിച്ചു. ആധുനിക എഴുത്ത് യാഥാർഥ്യത്തിൽ നിന്നും അകലം പുലർത്തുന്നു. അതിനാൽ മോഡേണിസ്റ്റ് രചനക്ക് യാഥാർഥ്യത്തെ വിമർശിക്കാൻ സാധിക്കും. യഥാർഥ ലോകത്തിന്റെ നിഷേധാത്മക ജ്ഞാനമാണ് കല എന്ന് പ്രഖ്യാപിച്ചു. സാമൂഹ്യവ്യവസ്ഥയെ അതേപടി പ്രതിഫലിപ്പിക്കാൻ കലക്ക് സാധിക്കില്ല എന്ന നിലപാടായിരുന്നു അഡോർണൊ പുലർത്തിയത്. ഡയലക്ടിക്സ് ഓഫ് എൻലൈറ്റ്മെൻറ് എന്ന കൃതി 20 നൂറ്റാണ്ടിലെ മുതലാളിത്ത സംസ്കൃതിയെയും, നവോഥാനത്തെ കുറിച്ചുള്ള സങ്കല്പങ്ങളെയും വിമർശന വിധേയമാക്കുന്നു. പ്രബുദ്ധത അവതരിപ്പിച്ച ആശയ മണ്ഡലത്തെ വിമർശനാത്മകമായി വിശകലനം ചെയ്യുന്നു.

- യഥാർഥ ലോകത്തിന്റെ നിഷേധാത്മക ജ്ഞാനമാണ് കല

ആധുനികതയുടെ വിമർശകൻ

ആധുനിക സമൂഹത്തെ കുറിച്ച് ഗൗരവകരമായ വിമർശനങ്ങൾ നടത്തിയ അഡോർണൊ, ആധുനികത ഹിംസാത്മകമാണെന്ന് നിരീക്ഷിച്ചു. സമൂഹത്തിന് ആകമാനം ശാന്തി ലഭ്യമാകാൻ സാധിക്കാത്ത വിധം ലോകം അസ്ഥിരവും അസന്നിഗ്ദ്ധവുമായതിൽ ആധുനികതക്കുള്ള പങ്കിനെ അഡോർണൊ വിശകലന വിധേയമാക്കി. സംഗീത ജ്ഞനായിരുന്ന അഡോർണൊ സംഗീതത്തെയും തത്വചിന്തയെയും

- സംഗീതത്തെയും തത്വചിന്തയെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ആശയങ്ങൾ

ബന്ധിപ്പിച്ചുകൊണ്ടുള്ള ആശയങ്ങൾ അവതരിപ്പിച്ചു. സാഹിത്യ വിമർശനത്തെ തത്വചിന്താപരവും സാമൂഹ്യശാസ്ത്രപരവും ചരിത്രപരവും സൗന്ദര്യാത്മകവുമായ ചിന്തകളുമായി ഇണക്കിചേർത്ത് കൊണ്ടുമാത്രമേ നിരീക്ഷിക്കാൻ ആവൂ എന്ന വീക്ഷണമാണ് അഡോർണൊയ്ക്ക് ഉണ്ടായിരുന്നത്.

നിരൂപണം ദാർശനികമായ ഉൾക്കാഴ്ചയുള്ളതായിരിക്കണം

- നിരൂപണം ദാർശനികമായ ഉൾക്കാഴ്ചയായിരിക്കണം

നിരൂപണം ദാർശനികമായ ഉൾക്കാഴ്ചയുള്ളതായിരിക്കണം എന്നാണ് അഡോർണൊയുടെ നിലപാട്. "സാഹിത്യസൃഷ്ടി/കലാസൃഷ്ടി ആസ്വാദകനിൽ ഉണ്ടാക്കുന്ന പ്രതികരണം എന്താണ്, ആ പ്രതികരണ രൂപീകരണത്തിന് കലാകാരൻ/സാഹിത്യകാരൻ എന്തെല്ലാം സങ്കേതങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്, ആ സൃഷ്ടി എങ്ങനെയാണ് ആ കലയെ കല എന്നനിലയ്ക്ക് മുന്നോട്ടു കൊണ്ടുപോകുന്നത് എന്നെല്ലാം അറിയാനാണ് നിരൂപകൻ ശ്രമിക്കേണ്ടത് എന്ന് അഭിപ്രായപ്പെടുന്ന അഡോർണൊ ഇത്തരത്തിൽ ജെയിംസ് ജോയ്സിന്റെ നോവലുകളെ പഠനവിധേയമാക്കുന്നുണ്ട്" (കെ.എം. അനിൽ, സംസ്കാരനിർമിതി, പുറം 98). നിരൂപകൻ അടിസ്ഥാനപരമായ ചില ദാർശനിക ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ബാധ്യസ്ഥനാണ് എന്ന് വാദിക്കുന്ന അഡോർണൊ, കല/സാഹിത്യ നിരൂപണത്തിന് ദാർശനികമായ ഉൾക്കാഴ്ച ഉണ്ടാവണമെന്നും ആ കലാസൃഷ്ടി/ സാഹിത്യസൃഷ്ടി നിർമിക്കപ്പെടുകയും വ്യവഹരിക്കപ്പെടുകയും ചെയ്യുന്ന സമൂഹത്തെക്കുറിച്ചും സാമൂഹ്യ അനുഭവത്തെക്കുറിച്ചും ദാർശനികമായ നിലപാട് ഉള്ളവനായിരിക്കണം നിരൂപകൻ എന്നും ഉറപ്പിച്ച് പറയുന്നുണ്ട്. കലയിലെ അല്ലെങ്കിൽ സാഹിത്യത്തിലെ സാമൂഹിക അനുഭവം എന്നത് ദൈനംദിന വിമർശനമാണ് എന്നാണ് അഡോർണൊ അഭിപ്രായപ്പെട്ടത്.

അഡോർണൊയുടെ സംഗീതനിരൂപണങ്ങൾ

- സംഗീതത്തിന്റെ ബൗദ്ധികത

സംഗീതത്തെയും കലയെയും അവ ഉണ്ടാവുകയും ആസ്വദിക്കപ്പെടുകയും ചെയ്യുന്ന സാമൂഹ്യ സന്ദർഭങ്ങളുമായി ബന്ധിപ്പിച്ച് പഠിക്കാൻ അഡോർണൊ ശ്രമിച്ചു. സംഗീതത്തെ തത്വചിന്തയുമായി ബന്ധിപ്പിക്കുവാനും അതിലൂടെ സംഗീതത്തിന്റെ ബൗദ്ധികത ഉയർത്തിക്കാട്ടാനും അഡോർണൊ ശ്രമിച്ചു. സംഗീതം എപ്രകാരമൊക്കെയാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത് എന്നും അത് സത്യാസത്യങ്ങളുമായി എങ്ങനെയൊക്കെ ബന്ധപ്പെട്ടിരിക്കുന്നു എന്നും ഉള്ള കാര്യങ്ങൾ അഡോർണൊ വിശകലന വിധേയമാക്കി. സാമ്പ്രദായികമായ ആസ്വാദനത്തിനും അപ്പുറം സംഗീതത്തിന് ദാർശനികവും സാമൂഹികവും ആയ അർഥതലങ്ങൾ ഉണ്ടെന്ന് അഡോർണൊ വിശദീകരിച്ചു.

സംസ്കാര വ്യവസായം

1940-കളിൽ അഡോർണൊയും ഹോക്കീമറും ചേർന്ന് വികസിപ്പിച്ചെടുത്ത സങ്കല്പനമാണ് സംസ്കാര വ്യവസായം എന്നത്. അഡോർണൊ 1936 മാർച്ച് മൂന്നിന് വാൾട്ടർ ബെഞ്ചമിനെഴുതിയ ഒരു കത്തിൽ പ്രാരംഭം കുറിക്കുകയും 1938ൽ എഴുതിയ On the Fetish Character in Music and the Regression of listening എന്ന ലേഖനത്തിൽ വിപുലീകരിക്കുകയും ചെയ്ത ആശയമാണ് സംസ്കാര വ്യവസായം. ബെഞ്ചമിന്റെ

The work of art in the age of mechanical reproduction എന്ന പ്രബന്ധത്തിനുള്ള പ്രതികരണമായാണ് 38-ലെ ലേഖനം അഡോർണെ എഴുതിയത്. പിന്നീട് ഹോക്കീമറും മായി ചേർന്ന് 1947-ൽ എഴുതിയ The Cultural Industry: Enlightenment as mas deception എന്നപ്രബന്ധത്തിലാണ് സംസ്കാര വ്യവസായത്തിന്റെ തത്വചിന്താപരവും ചരിത്രപരവുമായ വിശകലനം നടക്കുന്നത്. നവോഥാനത്തിൽ യുക്തികൊണ്ട് മനുഷ്യൻ പ്രകൃതിക്കും മിത്തിക് ശക്തികൾക്കും മേൽ നേടിയ വിജയം അവയുടെ തന്നെ പുതിയ രൂപങ്ങൾക്ക് കൂടുതൽ കീഴടങ്ങുന്ന അവസ്ഥ സംജാതമായിരിക്കുന്നു എന്ന വിമർശനമാണ് അഡോർണൊ ഉയർത്തുന്നത്. പ്രബുദ്ധതയെ ഒരു ചരിത്ര ഘട്ടം എന്ന നിലയിൽ അല്ല പകരം സവിശേഷമായ ഒരു സങ്കല്പനം എന്ന നിലയ്ക്കാണ് അഡോർണൊയും ഹോക്കീമറും കണ്ടത്. പ്രബുദ്ധതയുടെ ആത്മാവായി വർത്തിക്കുന്നത് യുക്തിയാണ്. അതിനാൽ യുക്തിയുടെ വിപരീതമായ മിത്തിനു വിപരീതമായ ചിന്ത എന്ന നിലയിലാണ് അഡോർണൊയും ഹോക്കീമറും പ്രബുദ്ധതയെ വീക്ഷിക്കുന്നത്. പ്രബുദ്ധത സ്വയം അതിന്റെ അതിരുകളെ ലംഘിച്ചാണ് മിത്തായിത്തീരുന്നതെന്ന് ഇവർ സമർഥിക്കുന്നു.

- അഡോർണൊയും ഹോക്കീമറും ചേർന്ന് വികസിപ്പിച്ചെടുത്ത സങ്കൽപ്പനമാണ് സംസ്കാര വ്യവസായം

ഏറ്റവും പുരോഗമനപരമായ ചിന്തയെന്ന് വിശേഷിപ്പിക്കപ്പെട്ട പ്രബുദ്ധതയുടെ പ്രഖ്യാപിത സവിശേഷതകളായിരുന്നു. മനുഷ്യനെ ഭയത്തിൽ നിന്നും മുക്തരാക്കുക, മനുഷ്യരെ അവരുടെ സ്വയം വിധാതക്കൾ ആക്കുക എന്നിവ. എന്നാൽ ഇത്തരം പ്രതീക്ഷകൾക്ക് വിരുദ്ധമായി പ്രബുദ്ധത ദുരന്തങ്ങളുടെ വിജയമായിത്തീരുന്ന കാഴ്ചയാണ് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധമാവുമ്പോൾ കാണുന്നത് മനുഷ്യനെ ഭയത്തിൽ നിന്ന് മുക്തമാക്കുകയാണ് പ്രബുദ്ധതയുടെ പരമമായ ലക്ഷ്യമെങ്കിലും മനുഷ്യൻ കൂടുതൽ ഭയത്തിൽ ജീവിക്കേണ്ട സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിനാൽ തന്നെ പ്രബുദ്ധതയുടെ പ്രഖ്യാപിത സവിശേഷതകൾ അസംബന്ധമാണ് എന്ന പ്രസ്താവനയോട് കൂടിയാണ് ഡയലക്ടിക്സ് ഓഫ് എൻലൈറ്റ്മെൻറ് ആരംഭിക്കുന്നത്. 'ആധുനിക മുതലാളിത്ത സമൂഹത്തിന്റെ സാമ്പത്തിക ഘടന നവോഥാനത്തിന്റെ സ്വയം നാശത്തിനുള്ള സാഹചര്യം ഒരുക്കുന്നുവെന്നും മുതലാളിത്തത്തിനുകീഴിൽ മുഴുവൻ ഉല്പാദനവും വിപണിക്ക് വേണ്ടിയാണെന്നും മനുഷ്യന്റെ ആവശ്യങ്ങളും താല്പര്യങ്ങളും അനുസരിച്ചല്ല ലാഭത്തിനു വേണ്ടിയും കൂടുതൽ മൂലധനം ആചരിക്കുന്നതിന് വേണ്ടിയും ആണ് ഈ ഉൽപാദനം നടക്കുന്നതെന്നും അഡോർണൊ വിമർശനം ഉന്നയിച്ചു.

- ഉൽപാദനവും മൂലധനവും

മുതലാളിത്തത്തിന് കീഴിൽ കലയും സാഹിത്യവും ഉൾപ്പെടെ മനുഷ്യന്റെ സകല സർഗാത്മക വ്യവഹാരങ്ങളും വിപണിക്ക് അധീനപ്പെടുന്ന സാഹചര്യമാണ് ദൃശ്യമാകുന്നത്. സംസ്കാരം തന്നെ വ്യവസായമായി തീരുകയും എല്ലാം ചരക്കുവൽക്കരിക്കപ്പെടുകയും ചെയ്യുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് സംസ്കാര വ്യവസായം എന്ന സങ്കല്പം ഉടലെടുക്കുന്നത്. കലയെ ഗൗരവപൂർണമായ വ്യവഹാരമായി കണ്ട അഡോർണൊ സംസ്കാര വ്യവസായം മനുഷ്യനെ ആനന്ദിപ്പിക്കുക എന്നതിന് മാത്രമാണ് പ്രാധാന്യം നൽകുന്നതെന്നും അവ മനുഷ്യന്റെ വിശ്രമസമയത്തെ ആനന്ദത്താൽ നിറയ്ക്കാനുള്ള മാർഗങ്ങളാണ് ഉൽപാദിപ്പിക്കുന്നത് എന്നും നിരീക്ഷിച്ചു. യഥാർഥ കല മനുഷ്യനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത് കൂടിയാണ്. സംസ്കാര

- സംസ്കാര വ്യവസായം ചിന്തയുടെ സാധ്യത ഇല്ലാതാക്കുന്നു

വ്യവസായം ചിന്തയുടെ സാധ്യത ഇല്ലാതാക്കുന്നു, അതിനാൽ അവ പ്രതിലോമകരമാണ് എന്ന് അഡോർണൊ വിമർശിച്ചു. സംസ്കാര വ്യവസായത്തിനകത്ത് കലയിലെ ഉച്ചനീചത്വങ്ങൾ ഇല്ലാതാകുന്നു അതേ സമയം കലയുടെ ധർമങ്ങൾ സംരക്ഷിക്കപ്പെടുകയുണ്ടായില്ല.


- ഉപഭോഗപരത, ഉദാരവാദം, കുത്തകവൽക്കരണം, മുതലാളിത്തം, കമ്പോളവൽക്കരണം

സാങ്കേതികവത്കരണം, ഉപഭോഗപരത, ഉദാരവാദം, കുത്തകവൽക്കരണം, മുതലാളിത്തം, കമ്പോളവൽക്കരണം ഇവയുമായി ബന്ധപ്പെടുത്തിയാണ് സംസ്കാര വ്യവസായം എന്ന സങ്കൽപ്പനത്തെ അഡോർണൊ വിശദീകരിക്കുന്നത്. സംസ്കാരത്തിനകത്ത് മതങ്ങൾക്ക് ഉണ്ടായിരുന്ന ശക്തമായ സ്വാധീനം ഇരുപതാം നൂറ്റാണ്ടിൽ പരിമിതപ്പെടുകയും തത്സ്ഥാനത്ത് സാങ്കേതികവിദ്യ കടന്നു വരികയും ചെയ്തു ഓരോരുത്തരും ഉപയോഗിക്കുന്ന സാങ്കേതികതയുടെ മികവിന്റെ അടിസ്ഥാനത്തിൽ മനുഷ്യർക്കിടയിൽ വിഭാഗീയത ജനിക്കുവാൻ തുടങ്ങി. ഉപഭോഗസംസ്കാരത്തിന്റെ വളർച്ചയോടുകൂടി ഉപഭോഗം ഒരു വിനോദമായി മാറി. സംസ്കാരത്തിന്റെ മേഖലയിൽ ആണ് ഇന്ന് ഏറ്റവും അധികം മൂലധനം ചെലവഴിക്കപ്പെടുന്നത്. ഇവയെല്ലാം സംസ്കാര വൈവിധ്യത്തെ ഇല്ലാതാക്കുകയും ഏകമാനമായ ഒരു സംസ്കാരം വികസിക്കുകയും ചെയ്തു. കലയുടെ അനന്യത നഷ്ടമായി. എല്ലാ കലയും എല്ലാവരും കലാകാരന്മാരും എന്ന സ്ഥിതി സംജാതമായി.

സാങ്കേതികതയും മൂലധനവും കൂടിച്ചേർന്ന് അമിത ഉല്പാദനവും വ്യവസായവത്കൃതമായ ഒരു സംസ്കാരത്തിന്റെ വികാസവും സൃഷ്ടിച്ചു. അമിത ഉല്പാദനം അമിത ഉപഭോഗത്തിൽ എത്തുകയും ഉപഭോഗം എന്നത് ജീവിതനിലവാരത്തെ നിർണയിക്കുന്ന നിയാമകഘടകമായി മാറുകയും ചെയ്യുന്നു. സംസ്കാര വ്യവസായത്തിന്റെ പ്രത്യയശാസ്ത്രവും ഉപഭോഗപരത തന്നെയാണ്. ഉപഭോഗ പരത മനുഷ്യന്റെ അബോധത്തെ സ്വാധീനിച്ച് മനുഷ്യനെ സദാ വേവലാതിപ്പെടുത്തുകയും കൂടുതൽ ഉപഭോഗത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ ഉപഭോഗാസക്തിയെ പോഷിപ്പിക്കുവാൻ സംസ്കാരവ്യവസായം ശ്രമിക്കുന്നു. ഉദാരവാദത്തിൽ നിന്നാണ് സംസ്കാര വ്യവസായത്തിന്റെ ഉള്ളടക്കവും സംവർഗങ്ങളും ഘടകങ്ങളും രൂപപ്പെടുന്നത്. സംസ്കാരം തന്നെ കുത്തകയായി തീരുന്നു. 'അടിത്തറ' സംസ്കാരത്തെ രൂപീകരിക്കുകയാണ് എന്നതിൽ നിന്നും മാറി സംസ്കാരം തന്നെ അടിത്തറയെ സ്വാധീനിക്കുന്ന പ്രബല ശക്തിയായി പരിണമിച്ചു. സംസ്കാര വ്യവസായം ഉൽപാദിപ്പിക്കുന്ന സാംസ്കാരിക അന്തരീക്ഷത്തോട് യോജിച്ചുകൊണ്ട് മാത്രമേ മനുഷ്യന് അതിജീവിക്കുവാൻ കഴിയുകയുള്ളൂ എന്ന അവസ്ഥ വന്നു. മുതലാളിത്ത ശക്തികളാണ് സംസ്കാര വ്യവസായത്തിന്റെ ഉൽപാദകരും പ്രചാരകരും ആയതിനാൽ മൂലധനവും സംസ്കാരവും തമ്മിൽ സൂക്ഷ്മബന്ധങ്ങൾ ഉണ്ടാവുകയും സംസ്കാരത്തിന്റെ നിയന്ത്രണം മൂലധനം വഴിയാവുകയും ചെയ്യുന്നു.

- സംസ്കാര വ്യവസായത്തിന്റെ പ്രത്യയശാസ്ത്രം ഉപഭോഗപരത തന്നെയാണ്


മാക്സ് ഹോർഖൈമർ (Max Horkheimer)


മാക്സ് ഹോർഖൈമർ

ഒരു ജർമൻ തത്വചിന്തകനും ഫ്രാങ്ക്ഫർട്ട് സ്കൂൾ ഓഫ് ക്രിട്ടിക്കൽ തിയറിയുമായി ബന്ധപ്പെട്ട പ്രധാന വ്യക്തികളിൽ ഒരാളുമായിരുന്നു മാക്സ് ഹോർഖൈമർ. 1895-ൽ ജനിച്ച അദ്ദേഹം വിമർശനാത്മക സിദ്ധാന്തം വികസിപ്പിക്കുന്നതിൽ, പ്രത്യേകിച്ച് ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ പശ്ചാത്തലത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചു. തത്വചിന്ത, സാമൂഹ്യശാസ്ത്രം, സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും വിമർശനാത്മക വിശകലനം എന്നിവയുടെ വിഭജനത്തിൽ ഹോർഖൈമറുടെ കൃതി ശ്രദ്ധ കേന്ദ്രീകരിച്ചു. സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ പ്രത്യയശാസ്ത്രം, സംസ്കാരം, മാധ്യമങ്ങൾ എന്നിവയുടെ പങ്ക് മനസിലാക്കുന്നതിനുള്ള സംഭാവനകൾക്ക് അദ്ദേഹം പ്രശസ്തനാണ്. തിയോഡോർ അഡോർണോയ്ക്കൊപ്പം രചിച്ച 'ഡയലക്റ്റിക് ഓഫ് എൻലൈറ്റൻമെന്റ്', എന്ന കൃതിയും ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ റിസർച്ചിലെ നേതൃത്വവും അദ്ദേഹത്തെ വളരെ ശ്രദ്ധേയനാക്കുന്നു.

- ഡയലക്റ്റിക് ഓഫ് എൻലൈറ്റൻമെന്റ്

ലൂയി അൽത്തൂസർ (Louis Althusser)


ലൂയി അൽത്തൂസർ

ഫ്രഞ്ച് മാർക്സിസ്റ്റ് തത്വചിന്തകനായ ലൂയി അൽത്തൂസർ മാർക്സിസ്റ്റ് സിദ്ധാന്തത്തിന് ഗണ്യമായ സംഭാവന നൽകി. അൽത്തൂസറിന്റെ കൃതികൾ സമകാലിക മാർക്സിസ്റ്റ് ചിന്തയെ, പ്രത്യേകിച്ച് സാമൂഹ്യശാസ്ത്രം, സാംസ്കാരിക പഠനം, സാഹിത്യ സിദ്ധാന്തം എന്നീ മേഖലകളിൽ കാര്യമായി സ്വാധീനിച്ചു. പ്രത്യയശാസ്ത്രത്തെയും ഭരണകൂട ഉപകരണങ്ങളെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ വിമർശനാത്മക സിദ്ധാന്തത്തിലും പോസ്റ്റ്-സ്ട്രക്ചറലിസ്റ്റ് പഠനങ്ങളിലും അടിസ്ഥാന ആശയങ്ങളായി മാറിയിരിക്കുന്നു. അസ്തിത്വവാദത്തിന്റെയും മാനവവാദത്തിന്റെയും വഴികളിൽ നിന്നും ഹഗേലിയൻ സ്വാധീനത്തിൽ നിന്നും മാർക്സിസ്റ്റ് ചിന്തയെ വീണ്ടെടുത്ത് ചരിത്രപരമായ ഭൗതികവാദത്തെ ഉറപ്പിച്ച് എടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ സമീപനത്തിന്റെ സവിശേഷത. മാർക്സിസ്റ്റ് അപഗ്രഥന രീതികളുടെ പുനർവായനയിലും സാഹിത്യസാംസ്കാരിക സാഹിത്യ വിചാരങ്ങളിലും സജീവമായി ഇടപെട്ടു അൽത്തൂസറിന്റെ സിദ്ധാന്തപരമായ അന്വേഷണങ്ങൾ ഘടനാവാദവുമായി പല സന്ദർഭങ്ങളിലും ഇഴ ചേരുന്നുണ്ട്. അതിനാൽ അദ്ദേഹത്തെ മാർക്സിസ്റ്റ് സ്ട്രക്ചറലിസ്റ്റ് എന്ന് അടയാളപ്പെടുത്താറുണ്ട്. ഘടനാനന്തരവാദത്തിലെ പ്രധാന ചിന്താധാരയായ ഡിസ്കോഴ്സ് തിയറിക്ക് അൽത്തൂസറിന്റെ ചിന്തകൾ അടിസ്ഥാനമായിട്ടുണ്ട്. ഐഡിയോളജി ആൻഡ് ഐഡിയോളജിക്കൽ സ്റ്റേറ്റ് അപാരറ്റസ് എന്ന പ്രബന്ധത്തിൽ ഇക്കാര്യം വിശദമാക്കുന്നുണ്ട്.

- സാമൂഹ്യശാസ്ത്രം, സാംസ്കാരിക പഠനം, സാഹിത്യ സിദ്ധാന്തം എന്നീ മേഖലകളിൽ

ഫോർ മാർക്സ് (1969), റീഡിംഗ് ക്യാപിറ്റൽ (1970), ലെനിൻ ആൻഡ് ഫിലോസഫി ആൻഡ് അദർ എസ്സെസ്സ്, പൊളിറ്റിക്സ് ആൻഡ് ഹിസ്റ്ററി (1972) എന്നിവ പ്രമുഖ കൃതികളാണ്. മുതലാളിത്ത പ്രത്യയ ശാസ്ത്രം നിലനിർത്തുന്നതിൽ വിദ്യാഭ്യാസം, മാധ്യമങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നുവെന്ന് സൂചിപ്പിക്കുന്ന 'ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പാരറ്റസുകൾ' (ISAs) ആണ് ഒരു പ്രധാന ആശയം. സമൂഹങ്ങളെ രൂപപ്പെടുത്തുന്നതിൽ പ്രത്യയശാസ്ത്രത്തിന്റെയും സ്ഥാപനങ്ങളുടെയും പങ്കിനെക്കുറിച്ചുള്ള ചർച്ചകളെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. ഒരു പ്രത്യേക സാമൂഹിക ക്രമത്തിൽ വ്യക്തികളുടെ സ്വത്വങ്ങളെ രൂപപ്പെടുത്തുന്നതിനും നിർവചിക്കുന്നതിനും പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നുവെന്ന് സൂചിപ്പിക്കുന്ന ഇന്റർപെല്ലേഷൻ എന്ന ആശയത്തിന് അൽത്തൂസർ ഊന്നൽ നൽകി. അൽത്തൂസറിന്റെ ഇന്റർപെല്ലേഷൻ ഐഡിയോളജിയെ കുറിച്ചുള്ള ക്ലാസിക്കൽ മാർക്സിസ്റ്റ് കാഴ്ചപ്പാടിനെ പുനർ സിദ്ധാന്തത്തിന് പാകപ്പെടുത്തുകയാണ് ചെയ്തത്.

- ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പാരറ്റസുകൾ

ഹെഗേറിയൻ ആദർശവാദ നിരാസം

മാർക്സിസ്റ്റ് തത്വശാസ്ത്രങ്ങളിൽ പ്രകടമാകുന്ന ഹെഗേറിയൻ ആദർശവാദത്തെ പ്രത്യേകിച്ച് അതിലെ സമഷ്ടി സിദ്ധാന്തത്തെ അൽത്തൂസർ നിരാകരിച്ചു. പൂർണമായ ഒന്നിന്റെ സത്ത അതിന്റെ എല്ലാ ഘടകങ്ങളിലും അവയവങ്ങളിലും ആവിഷ്കൃതമാകും എന്ന 'സമഷ്ടിസിദ്ധാന്ത'ത്തോട് അൽത്തൂസറിന് യോജിപ്പുണ്ടായിരുന്നില്ല. അത് തീർത്തും അയുക്തികം ആണെന്ന് സ്ഥാപിക്കുന്നു.

- സമഷ്ടിസിദ്ധാന്തം

സോഷ്യൽ സിസ്റ്റം അഥവാ സമൂഹസമ്പ്രദായം സോഷ്യൽ ഓർഡർ അഥവാ സാമൂഹ്യ സംവിധാനം എന്നീ പ്രയോഗങ്ങളെ ഒഴിവാക്കാനാണ് ശ്രമിച്ചത്. അവ ഒരു ഘടനയെ സൂചിപ്പിക്കുന്നു എന്നതും ഏത് ഘടനക്കും ഒരു കേന്ദ്രം ഉണ്ട് എന്നതുമാണ് അൽത്തൂസറിന്റെ വിയോജിപ്പിനടിസ്ഥാനം. ഈ കേന്ദ്രം വ്യവസ്ഥയിൽ നിന്ന് അഥവാ സിസ്റ്റത്തിൽ നിന്ന് ഉത്ഭവിക്കുന്ന സർവത്തിന്റെയും രൂപം നിർണയിക്കുന്നു. ഈ വാദത്തെ നിരാകരിച്ചുകൊണ്ട് അതിനുപകരം സോഷ്യൽ ഫോർമേഷൻ അഥവാ സാമൂഹ്യമായ രൂപീകരണം എന്ന സങ്കല്പനം അവതരിപ്പിച്ചു. അത് വികേന്ദ്രീകൃതമായ ഘടനയാണ്. അവിടെ കേന്ദ്രത്തിന്റെ സർവാധിപത്യം എന്ന അവസ്ഥയോ പൊതുവായ ഒരു ഏകഭാവമോ നിയന്ത്രിക്കുന്ന പ്രമാണമോ പ്രകടമല്ല.

- കേന്ദ്രം വ്യവസ്ഥയിൽ നിന്ന് ഉത്ഭവിക്കുന്ന സർവത്തിന്റെയും രൂപം നിർണയിക്കുന്നു .

സാമൂഹിക രൂപീകരണം

അൽത്തൂസറിന്റെ ചിന്തയിൽ, സാമൂഹിക രൂപീകരണം എന്നത് ഒരു സമൂഹത്തിനുള്ളിലെ സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം, പ്രത്യയശാസ്ത്രം, സാമൂഹിക സമ്പ്രദായങ്ങൾ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ തമ്മിലുള്ള സങ്കീർണമായ പരസ്പര ബന്ധങ്ങളെ ഉൾക്കൊള്ളുന്നു. ഒരു ഭരണവർഗത്തിന്റെ ആധിപത്യം നിലനിർത്തുന്നതിൽ പ്രത്യയശാസ്ത്രത്തിന്റെ പങ്കിനെ അൽത്തൂസർ ഊന്നിപ്പറയുകയും നിലവിലുള്ള സാമൂഹികക്രമം നിലനിർത്തുന്നതിൽ വിദ്യാഭ്യാസവും ഭരണകൂടവും പോലുള്ള സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിക്കുന്നുവെന്ന് വാദിക്കുകയും ചെയ്തു. ഈ ആശയം പരമ്പരാഗത മാർക്സിസ്റ്റ് ആശയ

- സമ്പദ്വ്യവസ്ഥ, രാഷ്ട്രീയം, പ്രത്യയശാസ്ത്രം, സാമൂഹിക സമ്പ്രദായങ്ങൾ എന്നിങ്ങനെയുള്ള വിവിധ ഘടകങ്ങൾ

ങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനത്തിന്റെ കേന്ദ്രബിന്ദുവാണ്, സമൂഹങ്ങൾ എങ്ങനെ രൂപപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള സൂക്ഷ്മമായ ധാരണ നൽകുന്നു.

ആപേക്ഷിക സ്വയംഭരണം (Relative autonomy)& അതിനിർണയം/നാനാകാരണവാദം (over determinism)

മാർക്സിന്റെ അടിത്തറ മേൽപ്പുര ബന്ധത്തെ സംബന്ധിച്ച ലളിതമായ വ്യാഖ്യാനങ്ങളെ ആപേക്ഷിക സ്വയം ഭരണം (Relative autonomy)& അതിനിർണയം/നാനാകാരണവാദം (over determinism) എന്നീ സങ്കൽപ്പനങ്ങളെ ഉപയോഗിച്ചുകൊണ്ട് അൽത്തൂസർ നിരാകരിക്കുന്നു. വിവിധ കാരണങ്ങളിൽ നിന്നുണ്ടാകുന്ന ഫലം ആണ് നാനാകരണവാദം/അതിനിർണയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാമൂഹിക പ്രതിഭാസങ്ങളെ ഒരൊറ്റ കാരണത്താൽ (സമ്പദ്ഘടന അല്ലെങ്കിൽ അടിത്തറ)നിർണയിക്കുന്നതിനുപകരം, അവ ഒന്നിലധികം, ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുന്നുണ്ട് എന്ന ആശയം അൽത്തൂസർ അവതരിപ്പിച്ചു. ഭരണകൂടവും പ്രത്യയശാസ്ത്രവും പോലുള്ള സാമൂഹിക ഘടനകൾക്ക് (മേൽപ്പുരയ്ക്ക്) സമൂഹത്തിന്റെ സാമ്പത്തിക അടിത്തറയിൽ നിന്ന് ഒരു പരിധിവരെ സ്വാതന്ത്ര്യമുണ്ടെന്ന ആശയത്തെ ഇത് സൂചിപ്പിക്കുന്നു. ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ സാമ്പത്തിക ഘടകങ്ങൾ അടിസ്ഥാനപരമായ പങ്ക് വഹിക്കുമ്പോൾതന്നെ ഈ ഉപരിഘടനകൾക്ക് ഒരു നിശ്ചിത തലത്തിലുള്ള സ്വയംഭരണാവകാശമുണ്ടെന്നും സമൂഹത്തിന്റെ വികസനത്തെ സ്വന്തം നിലയിൽ സ്വാധീനിക്കാൻ കഴിയുമെന്നും അൽത്തൂസർ വാദിച്ചു. സാമൂഹിക രൂപീകരണത്തിൽ സാമ്പത്തികം, രാഷ്ട്രീയം, ആശയപരം എന്നിങ്ങനെ മൂന്ന് തലങ്ങളിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും ചരിത്രത്തിന്റെ ചില ഘട്ടങ്ങളിൽ ഇവയിൽ ഏതെങ്കിലും ഒന്നിന് മേൽക്കോയ്മ സംഭവിക്കാമെന്നും അല്ലാതെ എല്ലാ കാലത്തും സമ്പത്ത് ഘടകം മുഖ്യ അടിസ്ഥാനമായി വർത്തിക്കുന്നില്ല എന്നും സാരം. സാമൂഹിക സ്വരൂപത്തിലെ പല തലങ്ങളും പരസ്പരം അതിക്രമിക്കാറുണ്ട്.

- ആപേക്ഷിക സ്വയംഭരണം (Relative autonomy)& അതിനിർണയം/നാനാകാരണവാദം (over determinism)

കലയും പ്രത്യയശാസ്ത്രവും

കലയെ പ്രത്യയശാസ്ത്രത്തിന്റെ ഒരു രൂപമായോ വകഭേദമായോ അൽത്തൂസർ വ്യവഹരിക്കുന്നില്ല. ലെറ്റർ ഓൺ ആർട്ട് എന്ന പാഠത്തിൽ അദ്ദേഹം കലയെ ഐഡിയോളജിയുടെയും ടെക്നോളജിയുടെയും നടുക്കാണ് പ്രതിഷ്ഠിക്കുന്നത്. ഒരു മഹത്തായ സാഹിത്യസൃഷ്ടി യാഥാർഥ്യത്തെ കുറിച്ചുള്ള ആശയപരമായ അറിവ് നമുക്ക് സമ്മാനിക്കുന്നില്ല. അത് ഏതെങ്കിലും ഒരു വർഗത്തിന്റെ പ്രത്യയശാസ്ത്രം പ്രകാശിപ്പിക്കുന്നതുമില്ല. പ്രത്യശാസ്ത്രം അബോധകരമാണ് അത് ഭൂരിപക്ഷത്തിനും മേൽ സ്വേച്ഛാപൂർവമായി അടിച്ചേൽപ്പിക്കപ്പെട്ട ഒരു ഘടനയാണ്. മനുഷ്യരും അവരുടെ ലോകവും തമ്മിലുള്ള അബോധാത്മക സംബന്ധത്തിന്റെ പ്രതിഫലിത രൂപമാണ് പ്രത്യയശാസ്ത്രം.

- ലെറ്റർ ഓൺ ആർട്ട്

Summarised Overview

ഫ്രാങ്ക്ഫർട്ട് സ്കൂളുമായി ബന്ധപ്പെട്ട ശ്രദ്ധേയരായ ചിന്തകരിൽ മാക്സ് ഹോർഖൈമർ, തിയോഡോർ അഡോർണൊ, ഹെർബർട്ട് മാർക്കസ്, വാൾട്ടർ ബെഞ്ചമിൻ എന്നിവരും ഉൾപ്പെടുന്നു. സംസ്കാരവും സമൂഹവും എങ്ങനെ രൂപപ്പെടുന്നുവെന്നും ശക്തിയും പ്രത്യയശാസ്ത്രവും എങ്ങനെ വികസിക്കുന്നുവെന്നും വിശകലനം ചെയ്യുന്ന വിമർശനാത്മക സിദ്ധാന്തത്തിന്റെ വികാസത്തിന് അവർ സംഭാവന നൽകി. സാമൂഹ്യശാസ്ത്രം, തത്വചിന്ത, സാംസ്കാരിക പഠനം തുടങ്ങിയ മേഖലകളിൽ അവരുടെ പ്രവർത്തനങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തി. ആധുനികതയുടെയും മുതലാളിത്ത സമൂഹത്തിന്റെയും വിമർശനം, സാമൂഹിക വിമോചനത്തിന്റെ നിർവചനം, അതുപോലെ സമൂഹത്തിന്റെ രോഗാവസ്ഥകൾ കണ്ടെത്തൽ എന്നിവ സ്കൂളിന്റെ പ്രധാന വിഷയമാണ്.

ഫ്രാങ്ക്ഫർട്ട് സ്കൂൾ ഓഫ് ക്രിട്ടിക്കൽ തിയറിയിലെ പ്രമുഖ അംഗമായ തിയോഡോർ അഡോർണൊയ്ക്ക് സാംസ്കാരിക വ്യവസായത്തെക്കുറിച്ച് വിമർശനാത്മക വീക്ഷണമുണ്ടായിരുന്നു. സാംസ്കാരിക വ്യവസായം സാംസ്കാരിക വസ്തുക്കളെ സ്റ്റാൻഡേർഡ് ചരക്കുകളാക്കി മാറ്റുകയും പരമാവധി ലാഭം ഉറപ്പാക്കാൻ അവയെ വൻതോതിൽ ഉല്പാദിപ്പിക്കുകയും ചെയ്യുന്നുവെന്ന് അഡോർണോ വാദിച്ചു. ഈ പ്രക്രിയ സാംസ്കാരിക ഉൽപന്നങ്ങളുടെ ഏകീകൃതവൽക്കരണത്തിലേക്ക് നയിക്കുന്നു, അവിടെ വാണിജ്യ വിജയത്തിനായി മൗലികതയും യഥാർഥ സർഗാത്മകതയും ത്യജിക്കപ്പെടുന്നു. അഡോർണൊയുടെ അഭിപ്രായത്തിൽ, സാംസ്കാരിക വ്യവസായം ജനങ്ങളെ കൈകാര്യം ചെയ്യാനും നിയന്ത്രിക്കാനും സഹായിക്കുന്നു. ഉപഭോഗം ചെയ്യാൻ എളുപ്പമുള്ളതും പ്രവചിക്കാവുന്നതുമായ ഉള്ളടക്കം നിർമിക്കുന്നതിലൂടെ, അത് പ്രത്യയശാസ്ത്രപരമായ നിയന്ത്രണത്തിന് കൂടുതൽ സാധ്യതയുള്ള ഒരു നിഷ്ക്രിയ പ്രേക്ഷകരെ സൃഷ്ടിക്കുന്നു. യഥാർഥ കല, അഡോർണൊയുടെ അഭിപ്രായത്തിൽ, ചിന്തയെ വെല്ലുവിളിക്കുകയും പ്രകോപിപ്പിക്കുകയും വേണം. സാംസ്കാരിക വ്യവസായം, കലാപരമായ സമഗ്രതയെക്കാൾ വിനോദത്തിനും ലാഭത്തിനും മുൻഗണന നൽകുന്നു, ആഴവും വിമർശനാത്മക ഇടപെടലും ഇല്ലാത്ത സൃഷ്ടികളുടെ നിർമാണത്തിലേക്ക് നയിക്കുന്നു. ഇത് കലയുടെ പരിവർത്തന ശക്തിയെ കുറയ്ക്കുന്നു. സാംസ്കാരിക വ്യവസായത്തിന്റെ ആഗോള വ്യാപനം സാംസ്കാരിക ഏകീകരണത്തിന് സംഭാവന ചെയ്യുന്നു, അവിടെ പ്രാദേശികവും വൈവിധ്യപൂർണവുമായ സംസ്കാരങ്ങൾ പ്രബലവും വാണിജ്യപരമായി വിജയിച്ചതുമായ സാംസ്കാരിക രൂപങ്ങളാൽ പാർശ്വവല്കരിക്കപ്പെടുന്നു. ഈ പ്രക്രിയ സാംസ്കാരിക വൈവിധ്യത്തെ ഇല്ലാതാക്കുകയും സാംസ്കാരിക വ്യവസായത്തിന്റെ മൂല്യങ്ങൾ ആധിപത്യം പുലർത്തുന്ന ഒരു ഏകസംസ്കാരത്തിലേക്ക് നയിക്കുകയും ചെയ്യും. അഡോർണൊ സാംസ്കാരിക വ്യവസായത്തെ മുതലാളിത്ത പ്രത്യയശാസ്ത്രങ്ങൾ നിലനിർത്തുന്നതിനുള്ള ഒരു ഉപാധിയായി വീക്ഷിച്ചു. ഉപഭോക്തൃത്വവും ഭൗതികവാദവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ, അത് മുതലാളിത്ത വ്യവസ്ഥയുടെ മൂല്യങ്ങളെയും താൽപ്പര്യങ്ങളെയും ശക്തിപ്പെടുത്തുകയും അങ്ങനെ തൽസ്ഥിതി നിലനിർത്തുകയും സാമൂഹിക മാറ്റത്തെ തടസപ്പെടുത്തുകയും ചെയ്യുന്നു.

സ്കൂളുകൾ, പള്ളികൾ, കുടുംബം, മാധ്യമങ്ങൾ, നിയമസംവിധാനം തുടങ്ങിയ സ്ഥാപനങ്ങളെ വിവരിക്കാൻ അൽത്തൂസർ പ്രത്യയശാസ്ത്രപരമായ സംസ്ഥാന ഉപകരണങ്ങൾ (ISAs) എന്ന ആശയം അവതരിപ്പിച്ചു. പോലീസ്, പട്ടാളം, നീതിന്യായ വ്യവസ്ഥ എന്നിവ പോലുള്ള അക്രമത്തിലൂടെയും ബലപ്രയോഗത്തിലൂടെയും ക്രമവും ഭരണകൂട നിയന്ത്രണവും നടപ്പിലാക്കുന്ന സ്ഥാപനങ്ങളെ സൂചിപ്പിക്കുവാൻ റെപ്രസീവ് സ്റ്റേറ്റ് അപ്പാരറ്റസ് (RSA) ആശയം അവതരിപ്പിച്ചു. പ്രത്യയശാസ്ത്രത്തിനുള്ളിലെ വിഷയങ്ങളായി വ്യക്തികൾ എങ്ങനെ തിരിച്ചറിയുന്നു എന്ന് വിശദീകരിക്കാൻ അൽത്തൂസർ ഇന്റർപെല്ലേഷൻ എന്ന ആശയം അവതരിപ്പിച്ചു.

മനോവിശ്ലേഷണത്തിൽ നിന്ന് കടമെടുത്ത അമിതനിർണയം എന്ന പദം ഒരു സംഭവത്തിനോ, സാമൂഹിക പ്രതിഭാസത്തിനോ ഒന്നിലധികം ഘടകങ്ങൾ (സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക, പ്രത്യയശാസ്ത്ര) സംഭാവന നൽകുന്നതെങ്ങനെയെന്ന് വിശദീകരിക്കാൻ അൽത്തൂസർ പ്രയോഗിച്ചു. സമൂഹത്തിന്റെ വിവിധ തലങ്ങൾക്ക് (സാമ്പത്തിക, രാഷ്ട്രീയ, പ്രത്യയശാസ്ത്ര) പരസ്പരം ആപേക്ഷിക സ്വയംഭരണാധികാരമുണ്ടെന്ന് അൽത്തൂസർ വാദിച്ചു.

Assignments

1. മാർക്സ് ഹൊർഖൈമർ, ഹെർബർട്ട് മാർക്യൂസ്, തിയോഡോർ അഡോർണെ, എറിക് ഫ്രോം, വാൾട്ടർ ബെഞ്ചമിൻ എന്നിവരുടെ ചിന്തകളെ സംഗ്രഹിച്ച് കുറിപ്പെഴുതുക.
2. സംസ്കാരവ്യവസായം എന്ന പരികല്പനയെക്കുറിച്ച് കുറിപ്പെഴുതുക.
3. അതിനിർണയം എന്ന സങ്കൽപ്പനത്തെക്കുറിച്ച് കുറിപ്പെഴുതുക.

Suggested Readings

1. Greenblatt, Stephen. Renaissance Self-Fashioning: From More to Shakespeare. University of Chicago Press, 1980.
2. Gallagher, Catherine, and Stephen Greenblatt. Practicing New Historicism. University of Chicago Press, 2000.
3. Montrose, Louis Adrian. The Purpose of Playing: Shakespeare and the Cultural Politics of the Elizabethan Theatre. University of Chicago Press, 1996.

References

1. കെ.എം. അനിൽ (എഡിറ്റർ), സംസ്കാരനിർമിതി, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്.
2. പി.പി. രവീന്ദ്രൻ, ആധുനികനന്തരം വിചാരം വായന, എസ്.പി.സി.എസ്., കോട്ടയം.
3. സംസ്കാര പഠനം ചരിത്രം, സിദ്ധാന്തം പ്രയോഗം, മലയാള പഠന സംഘം, കാലടി(എഡി.) എൻ.ബി.എസ്., കോട്ടയം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

സാംസ്കാരിക ഭൗതികവാദം

Learning Outcomes

- നവചരിത്രവാദത്തെക്കുറിച്ച് അറിവു നേടുന്നു
- സാംസ്കാരിക ഭൗതികവാദ(Cultural Materialism)ത്തെ കുറിച്ച് മനസിലാക്കുന്നു
- സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു
- ഘടനാവാദത്തിന്റെ സൈദ്ധാന്തികമണ്ഡലത്തെ വിശകലനം ചെയ്യുന്നു
- റെയ്മണ്ട് വില്യംസ്, സ്റ്റീഫൻ ഗ്രീൻട്ടാറ്റ്, ഹൈഡൻ വൈറ്റ്, ദെല്യൂസ് (Gilles Deleuze), ഗ്വാട്ടാരി എന്നിവരുടെ ചിന്തകൾ പരിചയപ്പെടുന്നു

Background

1960-കളോടെ അമേരിക്കയിലെയും യൂറോപ്പിലെയും സാഹിത്യ വിമർശന രംഗത്ത് ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയ ഭാഷാ ശാസ്ത്ര സാഹിത്യ വിമർശന പ്രസ്ഥാനമാണ് ഘടനാവാദം. ഭാഷയെ ചിഹ്നവ്യവസ്ഥയായി കാണുകയും ചിഹ്നങ്ങളുടെ വ്യത്യസ്തമായ ഘടകങ്ങളിൽ നിന്നാണ് അർഥമുണ്ടാകുന്നതെന്ന് സിദ്ധാന്തിക്കുകയും ചെയ്യുന്ന ചിന്താ പദ്ധതിയാണ് ഘടനാവാദം. മനുഷ്യസംസ്കാരത്തിന്റെ എല്ലാ തലങ്ങളും ഒരു ചിഹ്ന വ്യവസ്ഥയുടെ ഭാഗം എന്ന നിലയിൽ വർത്തിക്കുന്നു എന്ന് ഇവർ വാദിക്കുന്നു. ഘടനാവാദത്തിലെ സാങ്കേതികപദ ശൈലികൾക്കും ആശയ ഗതികൾക്കും അടിസ്ഥാനമായിട്ടുള്ളത് സോസ്യൂറിന്റെ സാമാന്യ ഭാഷാ ശാസ്ത്രത്തെ പറ്റിയുള്ള ദർശനമാണ്. സൊസ്യൂറിന്റെ മരണശേഷം 1916 പ്രസിദ്ധീകരിച്ച 'എ കോഴ്സ് ഇൻ ജനറൽ ലിംഗ്വസ്റ്റിക്സ്' എന്ന പുസ്തകം ആധുനിക ഭാഷാ ശാസ്ത്രത്തിനും ഘടനാവാദത്തിനും സൈദ്ധാന്തിക അടിത്തറയിട്ടു. 1906-11 കാലത്ത് ജനീവാ സർവകലാശാലയിൽ നടത്തിയ ഭാഷാശാസ്ത്ര പ്രഭാഷണങ്ങളുടെ പിൽക്കാല സംഗ്രഹമാണ് ഈ പുസ്തകം.

സാമൂഹ്യനരവംശശാസ്ത്രജ്ഞനായ ക്ലോദ് ലെവിസ്ട്രോസ്, റഷ്യൻ ഫോർമലിസ്റ്റായ റോമൻ യാക്കോബ് തുടങ്ങിയവരുടെ ദർശനങ്ങൾ ഘടനാവാദത്തിന് പ്രേരകം ആയിട്ടുണ്ട്. സാഹിത്യ സാംസ്കാരിക വിമർശകനായ റൊളാങ്ബാർത്ത്, മനോവിശകലന വിദഗ്ധനായ ലകാൻ, ചരിത്രകാരനായ മിഷേൽ ഫൂക്കോ, മാർക്സിസ്റ്റ് സൈദ്ധാന്തികനായ അൾത്തൂസർ എന്നിവർ ഘടനാവാദ ചിന്തയിലെ പ്രധാനികളാണ്.

Keywords

ബെർമിംഗ് ഹാം സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്-റിച്ചാർഡ്ഹാഗ്ഗാർട്ട്, സ്റ്റുവർട്ട്ഹാൾ, ഇ.പി. താംപ്സൺ-സാംസ്കാരിക ഭൗതികവാദം (Cultural Materialism) -റെയ്മണ്ട് വില്യംസ്-നവചരിത്രവാദം-സ്റ്റീഫൻ ഗ്രീൻട്ടാറ്റ്, ഹൈഡൻ വൈറ്റ്-അബാധത്തിന്റെ രാഷ്ട്രീയം-ദെല്യൂസ് -ഗ്വാട്ടാരി

Discussion

ഘടനാവാദം

സാഹിത്യം ഉൾപ്പെടെയുള്ള എല്ലാ സാംസ്കാരിക സ്ഥാപനങ്ങളെയും ഭാഷയെ മാതൃകയാക്കി പഠിക്കാം എന്ന സിദ്ധാന്തം ഘടനാവാദം മുന്നോട്ടുവയ്ക്കുന്നു. മനുഷ്യനിർമിതമായ ഭാഷ തിരികെ മനുഷ്യനെയും അവന്റെ ലോകത്തെയും എങ്ങനെ പുനർ നിർമിച്ചു കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. ചരിത്രത്തിന്റെയും ക്രിയകളുടെയും കർത്താവായ മനുഷ്യന്റെ വികാരവിചാരങ്ങളുടെ അനുഭവാവിഷ്കാര മാധ്യമം എന്ന അവസ്ഥയിൽ നിന്ന് എല്ലാം ഭാഷാ നിർമിതമാണെന്ന എതിർ ദിശയിലേക്ക് മനുഷ്യ ചിന്തയെ ഘടനാവാദം കൊണ്ടെത്തിച്ചു. ഭാഷാരൂപമായ സാഹിത്യം മാത്രമല്ല ഭാഷേതരമായ എല്ലാ സ്ഥാപനങ്ങളും ഘടനാവാദം ഉപയോഗിച്ച് അപഗ്രഥിക്കാം എന്ന് വ്യക്തമായതോടെ നരവംശശാസ്ത്രം, മനശാസ്ത്രപഠനം തുടങ്ങിയ മേഖലകൾ ഘടനാവാദത്തിന്റെ സ്വാധീനത്തിൽപ്പെട്ടു. മനുഷ്യന്റെ എല്ലാ പ്രവൃത്തികളും അർഥയുക്തങ്ങൾ ആയതുകൊണ്ട് ജീവിതത്തിന്റെ സമസ്ത മേഖലകളെയും ഘടനാവാദം അപഗ്രഥന വിധേയമാക്കിയെങ്കിലും ഭാഷാരൂപമായ സാഹിത്യത്തിന്റെ പഠനത്തിലാണ് കൂടുതൽ സംഭാവന നൽകിയത്. വ്യത്യസ്ത ഘടകങ്ങളുടെ ആന്തരിക ഘടനയിൽ നിന്നാണ് അർഥം വ്യാപനമാകുന്നത് എന്ന കാഴ്ചപ്പാട് അതായത് കർതൃനിഷ്ഠമായ അർഥമല്ല സ്വയം പര്യാപ്തമായ ഒരു വ്യവസ്ഥയുടെ പ്രവർത്തനമാണ് ഭാഷയിൽ അർഥത്തെ നിർണയിക്കുന്നത് എന്ന സമീപനം കർത്തൃത്വത്തെയും വസ്തുനിഷ്ഠ യാഥാർഥ്യത്തെയും പറ്റിയുള്ള അർഥകല്പനകളെ തകർത്തു കളഞ്ഞു. നിലവിലുള്ള പഠന വിജ്ഞാന മേഖലകളുടെയെല്ലാം അപഗ്രഥനരീതിയിൽ നിന്നും വ്യത്യസ്തമാണ് ഘടനാവാദത്തിന്റെ അപഗ്രഥനരീതി. സ്വയം ഒരു വ്യവസ്ഥയാകാതെ, എല്ലാ വ്യവസ്ഥകളും എങ്ങനെ, എന്ത് സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്നുവെന്ന് അന്വേഷിക്കാനുള്ള ഇടം നൽകുകയാണ് ഘടനാവാദം. സാഹിത്യത്തിലൂടെ നാം അനുഭവിക്കുന്നത് എന്താണ് എന്നതിനേക്കാൾ എങ്ങനെയാണ് ഒരു ഭാഷാ വ്യവസ്ഥയെ നാം സാഹിത്യമായി തിരിച്ചറിയുന്നത് അതിന്റെ സാഹചര്യങ്ങൾ എന്തൊക്കെയാണ് എന്തെല്ലാം സൂചനകളാണ് സാഹിത്യപരമായ അർഥമോ അനുഭവമോ നമുക്ക് നൽകുന്നത് എന്നെല്ലാം അന്വേഷിക്കാൻ ഘടനാവാദ സാഹിത്യ വിശകലനരീതി ശ്രമിക്കുന്നു.

- ഘടനാവാദ സാഹിത്യ വിശകലനരീതി

എല്ലാറ്റിനേയും ഭാഷാ ഘടനയിലേക്ക് ചുരുക്കി കാണുന്ന ഘടനാവാദ രീതികളെ വിമർശിച്ചുകൊണ്ടാണ് ഘടനാവാദാനന്തര ചിന്തയുടെ ആവിർഭാവം. പാഠത്തിന്റെ ആഖ്യാനത്തെ നിർണയിക്കുന്നഘടകങ്ങളായി ഘടനാവാദം കരുതുന്ന സൂചകം, സൂചിതം, ചിഹ്നം എന്നിവയെ ഘടനാവാദാനന്തര ചിന്ത പ്രശ്നവല്കരിക്കുന്നു. സമാനതകളെക്കാൾ വ്യത്യാസത്തിൽ ഊന്നുന്നതിനാണ് ഘടനാവാദാനന്തര ചിന്ത ശ്രമിച്ചത്. ഘടനാവാദത്തിന്റെ 'അടഞ്ഞ ഘടന' എന്ന സമീപനത്തിന് പകരം 'തുറന്ന'തും 'ആയിത്തീരുന്നതു' മായ ഒന്നിനെയാണ് ഘടനാനന്തരവാദം വിശകലനം ചെയ്യുന്നത്. പാഠം, അധികാരം, കർതൃത്വം, വ്യവഹാരം എന്നിവയെ കുറിച്ചെല്ലാം പുതിയ ചിന്താ പദ്ധതികൾ ഘടനാവാദാനന്തര ചിന്തയിൽ വികസിച്ചു വന്നു. നവമനോവിജ്ഞാനീയം നവമാർക്സിസം, അപനിർമാണം, സ്ത്രീവാദം, നവചരിത്രവാദം, അപകോളനീകരണചിന്ത എന്നിവയെല്ലാം ഘടനാവാദത്തിന്റെ പരികല്പ്പനകളെ ചോദ്യം ചെയ്യുന്നു. അതിനാൽ അവയെല്ലാം ഘടനാവാദാനന്തര ചിന്തയുടെ ഭാഗമായി പരിഗണിക്കപ്പെടുന്നു.

- ഘടനാവാദാനന്തര ചിന്തയുടെ ആവിർഭാവം

പ്രത്യയശാസ്ത്രം (Ideology)

സംസ്കാരവിശകലനത്തിൽ പ്രാധാന്യമുള്ള ഒരു പരികല്പനയാണ് പ്രത്യയശാസ്ത്രം. ആശയപരമായ സങ്കീർണത ഉൾക്കൊള്ളുന്ന പദമാണിത്. റൂസോ, വോൾട്ടയർ, ലോക്ക് എന്നിവരൊക്കെ ഐഡിയോളജി എന്ന പദം ഉപയോഗിച്ചിട്ടുണ്ടെങ്കിലും മാർക്സിലൂടെയാണ് അത് പ്രചാരം നേടിയത്. ആശയങ്ങളുടെ ശാസ്ത്രം എന്ന അർഥത്തിൽ ഫ്രഞ്ച് ചിന്തകനായ ദെസ്റ്റട്ട് ഡെ ട്രേസി ആണ് പതിനെട്ടാം നൂറ്റാണ്ടിൽ ഐഡിയോളജി എന്ന വാക്ക് ഉപയോഗിച്ചത്. ഒരു സമൂഹത്തിനുമേൽ ആധിപത്യം ചെലുത്തുന്ന പ്രതിനിധാനങ്ങളും ആശയങ്ങളുടെ വ്യവസ്ഥയുമാണ് പ്രത്യയശാസ്ത്രം.

- സമൂഹത്തിനുമേൽ ആധിപത്യം ചെലുത്തുന്ന പ്രതിനിധാനങ്ങളും ആശയങ്ങളുടെ വ്യവസ്ഥയുമാണ് പ്രത്യയശാസ്ത്രം

കാൾമാർക്സ് ഐഡിയോളജിക്ക് കപടാവബോധം എന്നർഥമാണ് നല്കിയിട്ടുള്ളത്. സാധാരണ ജനങ്ങൾക്ക് അവരുടെ യാഥാർഥ്യം തിരിച്ചറിയാൻ കഴിയാതെയാകുന്നത് പ്രത്യയശാസ്ത്ര പ്രവർത്തന ഫലമായിട്ടാണ് എന്ന് മാർക്സ് ആരോപിച്ചു. മുതലാളിത്തം സാമാന്യ സമൂഹത്തിനുമേൽ കപടാവബോധം ഉണ്ടാക്കി തീർക്കുന്നതിൽ അതീവ ശ്രദ്ധാലുവാണ്. സമൂഹത്തിന്റെ ഒരു ജനതയുടെ യഥാർഥ സ്ഥിതി മറച്ചുവെക്കാനുള്ള മുതലാളിത്ത പ്രത്യയ ശാസ്ത്രത്തെ തലതിരിഞ്ഞതോ തെറ്റായതോ ആയ ബോധമായാണ് മാർക്സ് വിലയിരുത്തുന്നത്.

- കാൾമാർക്സ് ഐഡിയോളജി കപടാവബോധം

ജർമൻ ഐഡിയോളജി എന്ന് ഗ്രന്ഥത്തിൽ മാർക്സ്സ് അവതരിപ്പിച്ച പ്രത്യയശാസ്ത്ര വീക്ഷണത്തെ നവമാർക്സിസ്റ്റുകൾ പരിഷ്കരിക്കുന്നുണ്ട്. ചൂഷക വർഗമായ മുതലാളിത്തപക്ഷത്തിൽ മാത്രമല്ല ചൂഷിതരുടെ വർഗത്തിനുള്ളിലും പ്രത്യയശാസ്ത്രത്തിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. തലതിരിഞ്ഞ അവബോധം എന്ന അർഥത്തിലല്ല പില്ക്കാലചിന്തകർ ഐഡിയോളജിയെ ഉപയോഗിക്കുന്നത് ഗ്രാംഷി, അൽത്തൂസർ, ഹാബർമാസ്, തിയോഡോർ അഡോർണോ, മാർക്സ് ഹൊഖൈമർ എന്നീ ചിന്തകർ തങ്ങളുടെ രീതിയിൽ പ്രത്യയശാസ്ത്ര പഠനം നടത്തിയിട്ടുണ്ട്. ടെറി ഈഗിൾടൺ പ്രത്യയശാസ്ത്രമെന്ന

പദത്തിന് ഏകദേശം 16-ഓളം അർഥസൂചക ശബ്ദങ്ങൾ ചൂണ്ടിക്കാട്ടുന്നു. പ്രായോഗികതത്വചിന്താ വീക്ഷണം ആശയസംഹിത വിശ്വാസം എന്നിങ്ങനെ അതിസങ്കീർണവും പരസ്പരവിരുദ്ധവുമാണ് എടുത്ത് കാട്ടുന്ന പ്രത്യയശാസ്ത്രശബ്ദങ്ങൾ. ചരിത്രത്തിൽ ഉടനീളം പ്രത്യയശാസ്ത്രത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു എന്ന് വിശ്വസിച്ച ലൂയി അൽത്തൂസർ അതിനെ നിർവചിക്കുന്നത്. 'വ്യക്തികൾക്ക് അവരുടെ അസ്തിത്വത്തിന്റെ യഥാർഥ അവസ്ഥകളുമായുള്ള സാങ്കല്പിക ബന്ധത്തിന്റെ പ്രതിനിധാനം' എന്നാണ്.

- ചൂഷിതരുടെ വർഗത്തിനുള്ളിലും പ്രത്യയശാസ്ത്രത്തിന്റെ പ്രവർത്തനം നടക്കുന്നുണ്ട്

ഏതുതരം ആശയധാരയും പൊതുജനസമ്മതി നേടുന്നതിന്റെ ഭാഗമായി ജനങ്ങൾക്കിടയിൽ ഒരു സംവേദനീയത രൂപപ്പെടേണ്ടതാണ് എന്ന് ഹബർമാസ് അഭിപ്രായപ്പെടുന്നുണ്ട്. പൊതുജന വേദികളിലും ജനങ്ങളുടെ കൂട്ടായ ജീവിത സാഹചര്യത്തിലും നിരന്തരം ചർച്ച ചെയ്യപ്പെടുകയും സമൂഹത്തിൽ സംവാദ മണ്ഡലത്തിലൂടെ പ്രതിഷ്ഠ നേടുകയും ചെയ്തു കൊണ്ടാണ് പ്രത്യയശാസ്ത്രം പ്രാവർത്തിക മാകേണ്ടത്. സംവാദാത്മക വിനിമയബന്ധം, ജനാധിപത്യ സ്വഭാവം, കൃത്യമായ രാഷ്ട്രീയ നിലപാടുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ശേഷി, ആശയസ്ഥാപനം എന്നീ ഘട്ടങ്ങൾ ഐഡിയയോളജിക്കൽ രീതിശാസ്ത്രത്തിൽ ഉണ്ട്. ഡാനിയൽ ബെല്ലിന്റെ ദി എൻറ് ഒഫ് ഐഡിയോളജി എന്ന സങ്കല്പനം ശ്രദ്ധേയമാണ്. അനേകം പ്രത്യയശാസ്ത്രധാരകൾ ഉണ്ടെങ്കിലും ബഹുതല പ്രത്യയശാസ്ത്രത്തിന്റെ ഇടമായി സമൂഹത്തെ ഡാനിയൽ ബെൽ നിരീക്ഷിക്കുന്നു.

- സംവാദാത്മക വിനിമയബന്ധം, ജനാധിപത്യ സ്വഭാവം, കൃത്യമായ രാഷ്ട്രീയ നിലപാടുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ശേഷി, ആശയസ്ഥാപനം

പ്രത്യയശാസ്ത്രോപകരണങ്ങളും-ഭരണകൂടോപകരണങ്ങളും (ഐഡിയയോളജിക്കൽ സ്റ്റേറ്റ് അപാരറ്റസ് - റിപ്രസീവ് സ്റ്റേറ്റ് അപാരറ്റസ്)

ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പാരറ്റസ് (ഐഎസ്എ--ISA) റിപ്രസീവ് സ്റ്റേറ്റ് അപാരറ്റസ് എന്നീ ആശയങ്ങൾ വികസിപ്പിച്ചെടുത്തത് ഫ്രഞ്ച് മാർക്സിസ്റ്റ് തത്വചിന്തകനായ ലൂയിസ് അൽത്തൂസർ ആണ്. ഭരണകൂടം തങ്ങൾക്ക് വരുതിയിൽ നിർത്താൻ വേണ്ടി സമൂഹത്തിൽ രണ്ട് വിധത്തിലുള്ള പ്രത്യയശാസ്ത്ര ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ഒന്നാമത്തെത് ഐഡിയയോളജിക്കൽ സ്റ്റേറ്റ് അപാരറ്റസ് രണ്ടാമത്തേത് റിപ്രസീവ് സ്റ്റേറ്റ് അപാരറ്റസ്.

- ഐഡിയയോളജിക്കൽ സ്റ്റേറ്റ് അപാരറ്റസ്, റിപ്രസീവ് സ്റ്റേറ്റ് അപാരറ്റസ്

ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പാരറ്റസ് (ഐഎസ്എ)

ഭരണവർഗത്തിന്റെ അധികാരവും നിയന്ത്രണവും നിലനിർത്തിക്കൊണ്ട്, പ്രബലമായ പ്രത്യയശാസ്ത്രത്തെ പ്രചരിപ്പിക്കാനും ശക്തിപ്പെടുത്താനും സഹായിക്കുന്ന സമൂഹത്തിനുള്ളിലെ വിവിധ സ്ഥാപനങ്ങളെയും ഘടനകളെയും ഇത് സൂചിപ്പിക്കുന്നു. അക്രമത്തിലൂടെയോ ബലപ്രയോഗത്തിലൂടെയോ (പോലീസും സൈന്യവും പോലുള്ളവ) പ്രവർത്തിക്കുന്ന അടിച്ചമർത്തൽ ഭരണകൂട ഉപകരണങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഐഎസ്എ-കൾ പ്രത്യയശാസ്ത്രത്തിലൂടെയാണ് പ്രവർത്തിക്കുന്നത് കൂടുതൽ സൂക്ഷ്മവും വ്യാപകവുമാണ്. ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബം കോടതി, രാഷ്ട്രീയപാർട്ടികൾ, മാധ്യമങ്ങൾ കല, സ്പോർട്സ് തുടങ്ങിയ, മനുഷ്യനുമായി നിത്യസമ്പർക്കം പുലർത്തുന്ന എല്ലാ സാമൂഹ്യ സ്ഥാപനങ്ങളും

വ്യക്തിയെ ഭരണകൂടത്തിന് അനുയോജ്യരായ നിർമിതിയിൽ സഹായിക്കുന്നു. ഭരണകൂടം നിലനിർത്തി പോകാൻ സഹായകമായ കർതൃത്വങ്ങളാണ് ഐ.എസ്.എ. വഴി നിർമിക്കുന്നത് സ്കൂളുകളും സർവകലാശാലകളും. പാഠ്യപദ്ധതികളിലൂടെയും സാമൂഹിക മാനദണ്ഡങ്ങളിലൂടെയും പ്രത്യയശാസ്ത്രം പകർന്നുനൽകുന്നു. അതുപോലെ പള്ളികൾ, മോസ്ക്കുകൾ, ക്ഷേത്രങ്ങൾ, മറ്റ് മത സംഘടനകൾ തുടങ്ങിയവ, പ്രബലമായ പ്രത്യയശാസ്ത്രവുമായി യോജിച്ച് മൂല്യങ്ങളും വിശ്വാസങ്ങളും പ്രോത്സാഹിപ്പിക്കുന്നു. കുടുംബ ഘടനയും അതിന്റെ മാനദണ്ഡങ്ങളും സാമൂഹിക മൂല്യങ്ങളും റോളുകളും ശക്തിപ്പെടുത്തുന്നതിൽ പങ്കുവഹിക്കുന്നു. പത്രങ്ങൾ, ടെലിവിഷൻ, റേഡിയോ, ഡിജിറ്റൽ മാധ്യമങ്ങൾ തുടങ്ങിയവ വാർത്ത, വിനോദം, പരസ്യം എന്നിവയിലൂടെ പ്രബലമായ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കുന്നു. സാഹിത്യം, കല, കായികം, മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവയും പ്രബലമായ പ്രത്യയശാസ്ത്രത്തെ പ്രതിഫലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

- ഭരണകൂടവും പ്രത്യയശാസ്ത്രവും

ഐഎസ്എ-കൾ പ്രാഥമികമായി പ്രവർത്തിക്കുന്നത് പ്രത്യയശാസ്ത്രത്തിലൂടെയാണ്, അവ ആളുകളുടെ വിശ്വാസങ്ങളും മൂല്യങ്ങളും ആചാരങ്ങളും രൂപപ്പെടുത്തുകയും നിലവിലുള്ള സാമൂഹിക ക്രമം സ്വാഭാവികവും അനിവാര്യവുമാണെന്ന് ബോധം വികസിപ്പിക്കുകയും ചെയ്യുന്നു എന്ന് അൽത്തൂസർ വാദിക്കുന്നു. പ്രത്യക്ഷമായ അടിച്ചമർത്തലിന്റെ ആവശ്യമില്ലാതെ സമൂഹത്തിനുള്ളിലെ അധികാര ഘടനകളെ ശാശ്വതമാക്കാൻ ഇത് സഹായിക്കുന്നു. റിപ്രസീവ് സ്റ്റേറ്റ് അപ്പാരറ്റസിൽ (ആർഎസ്എ) നിർബന്ധിത മാർഗങ്ങളിലൂടെ ഭരണവർഗത്തിന്റെ ആധിപത്യം നിലനിർത്തുന്ന സ്ഥാപനങ്ങളും ഘടനകളും ഉൾപ്പെടുന്നു. അടിച്ചമർത്തലിലൂടെയും ബലപ്രയോഗത്തിലൂടെയും ഭരണകൂടം അതിന്റെ അധികാരം വിനിയോഗിക്കുന്ന സ്ഥാപനങ്ങളും സംവിധാനങ്ങളുമാണ് ആർഎസ്എകൾ. പോലീസ്, സൈന്യം, ജയിലുകൾ, കോടതികൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവ നിയമങ്ങളും നിയന്ത്രണങ്ങളും ഉപയോഗിച്ച് നിർബന്ധിത മാർഗങ്ങളിലൂടെ അധികാരം ഉറപ്പിക്കുന്നു.

- ഭരണകൂടവും അധികാര വിനിയോഗവും

ഭരണവർഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട് ഒരു സമൂഹത്തിനുള്ളിൽ ക്രമവും നിയന്ത്രണവും നിലനിർത്തുക എന്നതാണ് RSA-കളുടെ പ്രാഥമിക പ്രവർത്തനം. നിയമങ്ങൾ നടപ്പിലാക്കുന്നതിലൂടെയും വിയോജിപ്പുകളെ അടിച്ചമർത്തുന്നതിലൂടെയും നിലവിലെ അവസ്ഥയെ വെല്ലുവിളിക്കുന്നവരെ ശിക്ഷിക്കുന്നതിലൂടെയും ഇത് കൈവരിക്കുന്നു. ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പാരറ്റസുകളിൽ നിന്ന് (ISA) അൽത്തൂസർ ആർഎസ്എകളെ വേർതിരിക്കുന്നു, അവ പ്രധാനമായും ബലപ്രയോഗത്തിലൂടെയല്ല പ്രത്യയശാസ്ത്രത്തിലൂടെ പ്രവർത്തിക്കുന്നു. നിർബന്ധത്തിനു പകരം സമ്മതത്തിലൂടെ സാമൂഹിക നിയന്ത്രണം നിലനിർത്താൻ ഭരണവർഗത്തിന്റെ മൂല്യങ്ങളും വിശ്വാസങ്ങളും പ്രചരിപ്പിക്കുന്ന വിദ്യാലയങ്ങൾ, പള്ളികൾ, മാധ്യമങ്ങൾ, കുടുംബ ഘടനകൾ തുടങ്ങിയ സ്ഥാപനങ്ങൾ ഐഎസ്എ-കളിൽ ഉൾപ്പെടുന്നു. ഭരണവർഗം ആഗ്രഹിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥകൾ നിലനിർത്തുന്നത് ഉറപ്പാക്കുന്നതിൽ ആർഎസ്എ-കൾ നിർണായക പങ്ക് വഹിക്കുന്നു.

വിയോജിപ്പ് നിയന്ത്രിക്കുകയും അനുസരണം നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ, നിലവിലുള്ള അധികാര ഘടനകളെ സ്ഥിരപ്പെടുത്താൻ RSA-കൾ സഹായിക്കുന്നു. ഒരു സമൂഹത്തിൽ അധികാരം എങ്ങനെ നിലനിറുത്തുകയും വിനിയോഗിക്കുകയും ചെയ്യുന്നുവെന്ന് വിശകലനം ചെയ്യുന്നതിന് ആർഎസ്എ-കളെ മനസിലാക്കുന്നത് നിർണായകമാണ്, പ്രത്യേകിച്ചും ഭരണകൂടത്തിന് എങ്ങനെ എതിർപ്പിനെ അടിച്ചമർത്താനും നേരിട്ടുള്ള ബലപ്രയോഗത്തിലൂടെ നിയന്ത്രണം നിലനിർത്താനും കഴിയും എന്നറിയുവാൻ.

- ക്രമവും നിയന്ത്രണവും

ഫ്രെഡറിക് ജെയിംസൺ (Fredric Ruff Jameson)



ഫ്രെഡറിക് ജയിംസൺ

പ്രശസ്തനായ അമേരിക്കൻ എഴുത്തുകാരനും മാർക്സിസ്റ്റ് രാഷ്ട്രീയ സൈദ്ധാന്തികനും സാംസ്കാരിക വിമർശകനും അക്കാദമിക് വിദഗ്ധനുമായ ഫ്രെഡറിക് ജയിംസൺ സാഹിത്യ നിരൂപണത്തിലും സാംസ്കാരിക സിദ്ധാന്തത്തിലും ശ്രദ്ധേയമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തത്തിന്റെയും ഉത്തരാധുനികതയുടെയും മേഖലകളെ സാരമായി സ്വാധീനിച്ചവയാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ. സമകാലിക സമൂഹത്തിലെ സാംസ്കാരികവും സാമ്പത്തികവുമായ മാറ്റങ്ങൾ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്ന 'പോസ്റ്റ് മോഡേണിസം, അല്ലെങ്കിൽ, ദി കൾച്ചറൽ ലോജിക് ഓഫ് ലേറ്റ് ക്യാപിറ്റലിസം' ഉൾപ്പെടെയുള്ള വിമർശനാത്മക കൃതികൾ വിഖ്യാതങ്ങളാണ്. അദ്ദേഹത്തിന്റെ അന്തർവൈജ്ഞാനികസമീപനം സാഹിത്യം, തത്വചിന്ത, സാമൂഹിക സിദ്ധാന്തം എന്നിവയെ ബന്ധിപ്പിക്കുന്നു. ആധുനികവും ഉത്തരാധുനികവുമായ സാംസ്കാരിക മേഖലകൾ മനസിലാക്കുന്നതിൽ അദ്ദേഹത്തിന്റെ പഠനങ്ങൾ നിർണായകമാണ്.

- ആധുനികവും ഉത്തരാധുനികവുമായ സാംസ്കാരിക മേഖലകൾ

സാഹിത്യ നിരൂപകർ കൃതികളുടെ ഉള്ളടക്കത്തിന് നൽകുന്ന അതേ പ്രാധാന്യം രൂപത്തിനും നൽകേണ്ടതിന്റെ ആവശ്യകതയെ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. രൂപം കലാസൃഷ്ടിയുടെ കേവലം ബാഹ്യമായ അലങ്കാരങ്ങൾ അല്ലെന്നും മറിച്ച് ശക്തമായ പ്രത്യയശാസ്ത്ര സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്നുമാണ് ഫ്രെഡറിക് ജയിംസണിന്റെ നിലപാട് സംസ്കാരപഠനങ്ങളെയും സാഹിത്യപാഠങ്ങളെയും രാഷ്ട്രീയമായി വ്യാഖ്യാനിക്കേണ്ടതിന്റെ പ്രാധാന്യത്തിൽ ഊന്നുന്ന നിലപാടാണ് ജയ്സൺ പുലർത്തുന്നത്. ആത്യന്തിക വിശകലനത്തിൽ എല്ലാം രാഷ്ട്രീയമാണെന്ന് അദ്ദേഹം സമർഥിക്കുന്നു. ഘടനാവാദത്തെയും റഷ്യൻ ഫോർമലിസത്തെയും കുറിച്ചുള്ള വിമർശനപരമായ വിവരണം ഉൾക്കൊള്ളുന്നതാണ് 'ഭാഷയുടെ തടവറ' എന്ന രചന. ഇദ്ദേഹത്തിന്റെ ക്ലാസിക് കൃതിയായി വിശേഷിക്കപ്പെടുന്ന 'രാഷ്ട്രീയ അബോധം' 1981-ലാണ് പ്രസിദ്ധീകരിക്കുന്നത്. എപ്പോഴും ചരിത്രവത്കരിക്കുക എന്ന പ്രസ്താവനയോട് കൂടിയാണ് രാഷ്ട്രീയ അബോധത്തിന്റെ മുഖവുര ആരംഭിക്കുന്നത് ഉട്ടോപ്പിയൻ ആദർശലോകത്തെക്കുറിച്ചുള്ള ചർച്ചയോടെയാണ് ഗ്രന്ഥം അവസാനിക്കുന്നത്.

- സംസ്കാരപഠനങ്ങളെയും സാഹിത്യപാഠങ്ങളെയും രാഷ്ട്രീയമായി വ്യാഖ്യാനിക്കേണ്ടതിന്റെ പ്രാധാന്യം

രാഷ്ട്രീയ അബോധം (The Political Unconscious)

സംസ്കാരപാഠങ്ങളിൽ നിലനിൽക്കുന്നതും വ്യാഖ്യാനത്തിലൂടെ പുനർനിർമിക്കേണ്ടതുമായ വർഗസംഘർഷങ്ങളുടെ ദമിതയാഥാർഥ്യങ്ങളെയാണ് ഫ്രെഡറിക് ജയിംസൺ രാഷ്ട്രീയഅബോധം എന്ന് വിളിക്കുന്നത്. എല്ലാ പാഠത്തിലും ഉൾക്കൊണ്ടിരിക്കുന്നതും എന്നാൽ അപൂർവമായി മാത്രം പ്രത്യക്ഷപ്പെടുന്നതുമായ ചരിത്രമാണ് രാഷ്ട്രീയ അബോധം. ആഖ്യാനത്തിൽ ഒതുക്കി വയ്ക്കപ്പെട്ട സാമൂഹ്യവൈരുദ്ധ്യങ്ങൾ അഥവാ സമഗ്ര സാമൂഹ്യ വ്യവസ്ഥയാണ് രാഷ്ട്രീയ അബോധം. ആഖ്യാനങ്ങളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഉപരിതലത്തിൽ പ്രകടമല്ലാത്തതും അതേസമയം അമർത്തി വയ്ക്കപ്പെട്ടതുമായ യഥാർഥ ചരിത്രത്തിന്റെ ശകലങ്ങൾ കാണാൻ സാധിക്കും. പാഠത്തിന്റെ ഈ അബോധമാണ് രാഷ്ട്രീയ അബോധം. രാഷ്ട്രീയ അബോധത്തിലാണ് സാമൂഹ്യചരിത്രത്തിലെ യഥാർഥമായ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും ഉള്ളടങ്ങിയിരിക്കുന്നത്.

- സംസ്കാരപാഠങ്ങളിൽ നിലനിൽക്കുന്നതും വ്യാഖ്യാനത്തിലൂടെ പുനർനിർമിക്കേണ്ടതുമായ വർഗസംഘർഷങ്ങളുടെ ദമിതയാഥാർഥ്യങ്ങൾ

ഒരു പാഠത്തിന്റെ രാഷ്ട്രീയവത്കൃതവും ചരിത്രവത്കൃതവുമായ വായനയുടെ പ്രാധാന്യത്തിലൂന്നുന്ന ഫ്രെഡറിക് ജെയിംസൺ പാഠത്തെ ഗാഢവും സങ്കീർണവുമായ ചരിത്രപ്രക്രിയയുടെ പ്രഭാവമായി പരിഗണിക്കുന്നു. പാഠത്തിൽ നിന്നും ചരിത്ര യാഥാർഥ്യത്തെ വീണ്ടെടുക്കേണ്ടതുണ്ട്. ചരിത്രവത്കരിച്ചിട്ടുണ്ടെങ്കിലെ ആ വീണ്ടെടുപ്പ് സാധ്യമാകൂ. അതുകൊണ്ടാണ് ഫ്രെഡറിക് എല്ലായ്പ്പോഴും ചരിത്രവത്കരിക്കുക എന്ന പ്രസ്താവന ഉയർത്തിയത്. മനോഘടനയെക്കുറിച്ചുള്ള ഫ്രോയിഡിന്റെ ബോധം, അബോധം, ഉപബോധം (ഇദ്, ഈഗോ, സൂപ്പർ ഈഗോ) എന്നീ പരികല്പനകളും മാർക്സിന്റെ ഉപരിഘടന -അധോഘടന എന്ന ക്രമവും സംയോജിപ്പിക്കുന്ന ഒരു വിശകലനം രാഷ്ട്രീയ അബോധത്തിൽ കാണാം. അതോടൊപ്പം ഫ്രഞ്ച് ചിന്തകനായിരുന്ന ലൂയിഅൽത്തൂസറുടെ പ്രത്യയശാസ്ത്രം, ലകാന്റെ സാങ്കല്പികം, പ്രതീകാത്മകം, യാഥാർഥ്യം എന്നീ ക്രമങ്ങൾ, ആധുനിക നരവംശശാസ്ത്രത്തിന്റെ പിതാവായ ക്ലോഡ് ലവിസ്ട്രോസിന്റെ പുരാവൃത്താപഗ്രഥനം എന്നിവ രാഷ്ട്രീയ അബോധം എന്ന പരികല്പനയിൽ വൈരുദ്ധ്യാത്മകമായി സമന്വയിക്കപ്പെടുന്നു.

- എല്ലായ്പ്പോഴും ചരിത്രവത്കരിക്കുക

മാർക്സിസ്റ്റ് സിദ്ധാന്തപ്രകാരം സമൂഹത്തിന്റെ അടിത്തറ രൂപീകരിക്കുന്നത് അതിന്റെ സാമ്പത്തിക ഘടകങ്ങളാണ്. സാംസ്കാരിക ഘടകങ്ങൾ അതിന്റെ ഉപരിഘടനയെ ക്രമപ്പെടുത്തുന്നു. വ്യക്തിത്വത്തിന്റെ ഫ്രോയിഡിയൻ അധികാരശ്രേണീമാതൃക അനുസരിച്ച് കാമനയുടെ അബോധ അടിത്തറയിലാണ് വ്യക്തിയുടെ അഹംബോധത്തിന്റെ (ഈഗോ) ഉപരിഘടനയെ നിർണയിക്കുന്നത്. ജെയിംസ്ൺ, കൃതികളും ചലച്ചിത്രങ്ങളും ഉൾപ്പെടുന്ന സാംസ്കാരിക പഠനങ്ങളിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. അവയിലൂടെയാണ് ഉപരിഘടനയുടെ സ്വഭാവം അന്വേഷിച്ചത്. ഇവയെ രൂപപ്പെടുത്തുന്ന സാമ്പത്തികവും രാഷ്ട്രീയപരവുമായ അടിത്തറയുടെ ഗുപ്തവും ഗൂഢവുമായ പ്രകടനത്തെ കണ്ടെത്താനും വിശകലനം ചെയ്യുവാനും ശ്രമിച്ചു. ഏതൊരു പാഠത്തിന്റെയും ആത്യന്തികമായ ആവിഷ്കാര പ്രേരക ശക്തിയായി ചരിത്രത്തിന്റെ ധർമം എന്തെന്ന് ഫ്രെഡറിക് ജെയിംസ് അന്വേഷിക്കുന്നു. ഏതൊരു പാഠത്തിലും ചരിത്രത്തിന്റെ ചില ഭാഷ്യം എല്ലായ്പ്പോ

- അടിത്തറ രൂപീകരിക്കുന്നത് അതിന്റെ സാമ്പത്തിക ഘടകങ്ങളാണ്

ഴും ഉണ്ടെന്ന് ഫ്രെഡറിക് ജെയിംസൺ ഉറപ്പിക്കുന്നു. സാംസ്കാരികപഠനങ്ങളിലെ പാഠങ്ങളിലെ ചരിത്രത്തെ കണ്ടെത്തുകയായിരിക്കണം നിരൂപകന്റെ ദൗത്യം.

രൂപവും ഉള്ളടക്കവും

'മാർക്സിസം ആൻഡ് ഫോം' 1971 എന്ന പുസ്തകത്തിൽ, രൂപവും ഉള്ളടക്കവും എങ്ങനെ പ്രത്യയശാസ്ത്രത്തിനുള്ളിൽ ഉരുത്തിരിയുന്ന ഏകതയായി വർത്തിക്കുന്നു എന്ന അന്വേഷണമാണ് ഫ്രെഡറിക് ജെയിംസൺ നടത്തുന്നത്. രൂപം, ഉള്ളടക്കം എന്നിവയുടെ ചരിത്രപരതയിൽ ഊന്നുന്നു. രൂപത്തിന്റെ അഭാവത്തിൽ ഉള്ളടക്കമോ തിരിച്ചോ അസാധ്യമാണെന്നും രൂപത്തിലാണ് പ്രത്യയശാസ്ത്രം ഭൗതികമായി മൂർത്തം ആവുകയെന്നും അദ്ദേഹം വിശദീകരിക്കുന്നു. നൽകപ്പെട്ട ഒരു സാഹിത്യ പാഠത്തിന്റെ ഉള്ളടക്കവും രൂപവും അതിന്റെ സാമൂഹിക സാമ്പത്തിക ഘടകങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് അവബോധമുള്ളവനായിരിക്കണം നിരൂപകൻ. ചരിത്രപരമായ സാഹചര്യങ്ങൾ അവയെ എങ്ങനെ രൂപപ്പെടുത്തി എന്നയാൾ അന്വേഷിക്കണം.

- രൂപം, ഉള്ളടക്കം എന്നിവയുടെ ചരിത്രപരതയിൽ ഊന്നുന്നു

പ്രത്യയശാസ്ത്രഏകകം (Ideologeme)

മിഖായേൽ ബക്തിന്റെ കൃതിയിൽ നിന്ന് ഫ്രെഡ്രിക് ജെയിംസൺ ആവിഷ്കരിച്ച പദമാണ് ഐഡിയോളജിം. സാമൂഹിക വർഗങ്ങളുടെ, അടിസ്ഥാനപരമായി വിരുദ്ധമായ, കൂട്ടായ വ്യവഹാരങ്ങളുടെ ഏറ്റവും ചെറിയ മനസിലാക്കാവുന്ന യൂണിറ്റിനെ ഇത് സൂചിപ്പിക്കുന്നു. വ്യത്യസ്ത ഗ്രന്ഥങ്ങൾ, വിഭാഗങ്ങൾ, ചരിത്ര കാലഘട്ടങ്ങൾ എന്നിവയിലുടനീളം വിവിധ രൂപങ്ങളിൽ പ്രകടിപ്പിക്കാൻ കഴിയുന്ന പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന യൂണിറ്റുകളാണ് ഇവ.

- ഫ്രെഡറിക് ജെയിംസൺ ആവിഷ്കരിച്ച പദമാണ് ഐഡിയോളജിം

വ്യത്യസ്ത സാമൂഹിക രാഷ്ട്രീയ ശക്തികൾ ആധിപത്യത്തിനായി പോരാടുന്ന ഇടങ്ങളായി സാംസ്കാരിക ഗ്രന്ഥങ്ങളെ വിശകലനം ചെയ്യാൻ ജെയിംസൺ പ്രത്യയശാസ്ത്രഏകകം എന്ന ആശയം ഉപയോഗിക്കുന്നു. ഒരു പ്രത്യയശാസ്ത്ര ഏകകം ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്ന ഒരു അടിസ്ഥാന ആശയത്തെയോ തീമിനെയോ ഉൾക്കൊള്ളുന്നു. അത് സാംസ്കാരിക ആവിഷ്കാരത്തിന്റെ വിവിധ രൂപങ്ങളിൽ കണ്ടെത്താനാകും. ഒരു പാഠത്തിനുള്ളിലെ ആശയപരമായ വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ഒരു ഉപകരണമായി ഇത് പ്രവർത്തിക്കുന്നു. സാംസ്കാരിക പുരാവസ്തുക്കൾ എങ്ങനെ രൂപപ്പെടുന്നുവെന്നും അവ വിശാലമായ സാമൂഹിക രാഷ്ട്രീയ ശക്തികളോട് എങ്ങനെ പ്രതികരിക്കുന്നുവെന്നും നിരൂപകർക്ക് കാട്ടികൊടുക്കുന്നു. ചുരുക്കത്തിൽ, സാംസ്കാരിക ഗ്രന്ഥങ്ങൾക്കുള്ളിലെ ആഴത്തിലുള്ള രാഷ്ട്രീയവും സാമൂഹികവുമായ സംഘർഷങ്ങൾ വെളിപ്പെടുത്തുന്ന പ്രത്യയശാസ്ത്രപരമായ അർഥത്തിന്റെ ഒരു യൂണിറ്റാണ് പ്രത്യയശാസ്ത്രഏകകം. പ്രത്യയശാസ്ത്രങ്ങളെ തിരിച്ചറിയുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതിലൂടെ, സാംസ്കാരിക പുരാവസ്തുക്കൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്നും വിവിധ സാമൂഹിക വർഗങ്ങളും പ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള

- പ്രത്യയശാസ്ത്ര ഏകകം -പ്രത്യയശാസ്ത്രവിശകലനത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ്

നിരന്തരമായ പോരാട്ടത്തിന് എങ്ങനെ സംഭാവന നൽകുന്നുവെന്നും വിമർശകർക്ക് നന്നായി മനസിലാക്കാൻ കഴിയും.

വ്യാഖ്യാനപ്രക്രിയയ്ക്ക് മൂന്ന് ചക്രവാളങ്ങൾ ഉണ്ടെന്ന് ഫ്രെഡറിക് ജെയിംസൺ പറയുന്നു. ആദ്യത്തേത് പഠന വസ്തുവായ കൃതിയുടെ രാഷ്ട്രീയം അഥവാ ചരിത്ര സംഭവങ്ങളുടെ ലോകമാണ്. രണ്ടാമത്തെ ഘട്ടത്തിൽ പഠനലക്ഷ്യം പ്രത്യയശാസ്ത്ര ഏകകങ്ങളെ പ്രമാണീകരിക്കുക എന്നതാണ്. കൃതിയിലെ പ്രത്യയശാസ്ത്ര ഏകകങ്ങൾ അന്തിമമായ രൂപാന്തരീകരണത്തിലൂടെ പ്രത്യയശാസ്ത്ര രൂപം ആർന്നിരിക്കുന്നത് കണ്ടെത്തുകയാണ് മൂന്നാമത്തെ തലം. വിവിധ ചിഹ്ന വ്യവസ്ഥകളുടെ സഹവർത്തത്തിലൂടെ കൃതി പ്രതീകാത്മക സന്ദേശങ്ങൾ നമുക്ക് കൈമാറുന്നു. അവ ഉല്പാദന രീതിയുടെ പൂർവജ്ഞാനത്തെ പിന്തുടരുകയും അടയാളപ്പെടുത്തുകയും ചെയ്യുക വഴി കൃതി ഒരു സാംസ്കാരിക കലാശിൽപവുമായിത്തീരുന്നു. ഒരു കൃതിയുടെ രാഷ്ട്രീയ സാമൂഹികമാനങ്ങളെ വെളിപ്പെടുത്തി അവയുടെ പ്രസക്തി കണ്ടെടുക്കാൻ സാധിക്കണം.

- വ്യാഖ്യാനപ്രക്രിയയ്ക്ക് മൂന്ന് ചക്രവാളങ്ങളുണ്ട്

ആഖ്യാനം-ഒരു ജ്ഞാനശാസ്ത്ര സംവർഗം

ആഖ്യാനത്തെ ഒരു ജ്ഞാനശാസ്ത്ര സംവർഗമായാണ് ജെയിംസൺ കാണുന്നത്. ഏത് സാമൂഹിക പ്രതിഭാസവും ആഖ്യാനത്തിന്റെ മധ്യസ്ഥതയിലൂടെയെ, നമുക്ക് മുന്നിലെത്തുന്നുള്ളൂ. ഏത് ആഖ്യാനവും ഒരേസമയം ലോകത്തെ അവതരിപ്പിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യുന്നു. ചരിത്രവും ആഖ്യാനരൂപത്തിലാണ് നമുക്ക് ലഭ്യമാകുന്നത്. ചരിത്രപരമായ വൈരുദ്ധ്യങ്ങളെ ഒതുക്കി വെക്കാനുള്ള സവിശേഷമായ മാർഗമാണ് ആഖ്യാനം.


- ആഖ്യാനത്തെ ഒരു ജ്ഞാനശാസ്ത്ര സംവർഗമായാണ് ജെയിംസൺ കാണുന്നത്

പാഠം എന്നത് കേവലം പ്രതീകാത്മകമാണ്

ഒരു സവിശേഷ പാഠരൂപം നിശ്ചിത ചരിത്ര സന്ദർഭത്തിന്റെ ഉൽപാദന രീതികളും ആയി വൈരുദ്ധാത്മക ബന്ധം പുലർത്തുന്നു എന്ന മാർക്സിയൻ നിലപാടിനെ ജെയ്സൺ പിന്തുടരുന്നു. എല്ലാ ഉല്പാദന രീതികളും സാമ്പത്തിക ഉല്പാദന ബന്ധം മാത്രമല്ല എന്നും സാംസ്കാരികവും രാഷ്ട്രീയവും നരവംശ ശാസ്ത്രപരവുമായ ബന്ധവ്യവസ്ഥ കൂടിയാണ് എന്നും ജെയിംസൺ വിശദീകരിക്കുന്നു. ഉല്പാദനരീതി മാനുഷിക ജീവിതത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊള്ളുന്ന സമഗ്രതയാണ്. ഏത് സാംസ്കാരിക നിർമിതിയും നിശ്ചിത ചരിത്ര സന്ദർഭത്തിലെ നിർണായക വൈരുധ്യങ്ങളുടെ പരിഹാര നിർദ്ദേശം ആയാണ് ഉയർന്നുവരുന്നത്. ഇപ്രകാരം ഒരു സാമൂഹ്യ വൈരുദ്ധ്യത്തിന്റെ സാങ്കല്പിക പരിഹാരമായി കലാസൃഷ്ടിയെ കാണുന്നതോടെ അത് പുതിയൊരു അർഥചക്രവാളം തുറന്നുതരുന്നു.

- സാംസ്കാരികവും രാഷ്ട്രീയവും നരവംശ ശാസ്ത്രപരവുമായ ബന്ധവ്യവസ്ഥ

റിച്ചാർഡ് ഹൊഗാർട്ട് (Richard Hogarth)



റിച്ചാർഡ് ഹൊഗാർട്ട്

ബ്രിട്ടനിലെ ബർമിങ്ഹാം സർവകലാശാലയിൽ 1964-ൽ സ്ഥാപിക്കപ്പെട്ട സെന്റർ ഫോർ കണ്ടമ്പററി കൾച്ചറൽ സ്റ്റഡീസിന്റെ ആദ്യ ഡയറക്ടറും സാംസ്കാരിക പഠനത്തിന്റെ പ്രാരംഭ സൈദ്ധാന്തികരിൽ പ്രമുഖനും ആണ് റിച്ചാർഡ് ഹൊഗാർട്ട്.

സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് ജനപ്രിയ കലകളെ പഠിക്കുവാൻ ഉള്ള ശ്രമം ഹൊഗർട്ടിൽ പ്രകടമാണ്. അദ്ദേഹത്തിന്റെ 'സാക്ഷരതയുടെ ഉപയോഗങ്ങൾ' 'ദി യൂസ് ഓഫ് ലിറ്ററസി' (1967) എന്ന കൃതി 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടി ബ്രിട്ടനിൽ പ്രാഥമിക വിദ്യാഭ്യാസം നിയമപരമായി സൗജന്യവും നിർബന്ധിതവുമായി തീർന്നതിനെ തുടർന്ന് തൊഴിലാളികളുടെ ബോധനിലവാരത്തിലും അവരുടെ വിനോദ രീതികളിലും വായനാശീലത്തിലും സംഭവിച്ച പരിണാമങ്ങളും അവയുടെ സാമൂഹിക പ്രതിഫലനങ്ങളും പഠനവിധേയമാക്കുന്നു. ബ്രിട്ടീഷ് സംസ്കാര രൂപത്തിന്റെ നിർമിതിയിൽ തൊഴിലാളിവർഗ-കീഴാളവർഗ സംസ്കാരത്തിനുള്ള പങ്ക് വെളിപ്പെടുത്തുകയും തൊഴിലാളിവർഗ സംസ്കാരത്തിനുമേൽ അമേരിക്കൻ ജനപ്രിയ സംസ്കാരം എപ്രകാരമാണ് മേൽക്കൈ നേടിയതെന്ന് വിശകലനം നടത്തുകയും ചെയ്തു. ജനകീയമായതെല്ലാം ജനപ്രിയങ്ങളും ജനപ്രിയമായവ എല്ലാം ജനകീയങ്ങളും ആയി കാണുവാൻ ആവില്ല എന്ന് ഹൊഗർട്ട് വ്യക്തമാക്കുന്നുണ്ട്. ജനങ്ങൾ തങ്ങളുടെ ജീവിതത്തിലൂടെ സൃഷ്ടിക്കുന്നതാണ് ജനകീയ സംസ്കാരം. ജനപ്രിയ സംസ്കാരം ജനങ്ങൾ നേരിട്ട് സൃഷ്ടിക്കുന്നവയല്ല മറിച്ച് പരസ്യ തന്ത്രങ്ങളിലൂടെ ജനങ്ങളിൽ പ്രചരിക്കുന്നവയാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ വിശദീകരണം. ഉപഭോക്തൃ സംസ്കാരത്തെയും ജനപ്രിയ ലോകത്തെയും വിമർശിക്കുന്നു. പുതിയ ലോകത്തെ അദ്ദേഹം Candyfloss world എന്നാണ് വിശേഷിപ്പിച്ചത്. പുതിയ ബഹുജന വിനോദ മാധ്യമങ്ങളും കലാരൂപങ്ങളും പഴയ അധ്വാന വർഗ സംസ്കാരത്തെ തകർക്കുകയും ജീവിതവിരുദ്ധത പ്രകടിപ്പിക്കുകയും ആണ് ചെയ്യുന്നതെന്ന് നിരീക്ഷിച്ചു.

- ജനകീയമായതെല്ലാം ജനപ്രിയങ്ങളും ജനപ്രിയമായവ എല്ലാം ജനകീയങ്ങളും ആവണമെന്നില്ല

തൊഴിലാളി വർഗ സംസ്കാരവും ജനപ്രിയ സംസ്കാരവും തമ്മിലുള്ള അന്തരത്തെ ഹൊഗാർട്ട് കൃത്യമായി വ്യക്തമാക്കുന്നുണ്ട് തൊഴിലാളി വർഗം തലമുറകളായി കലയെ ഒരുതരം രക്ഷപ്പെടൽ ആയിട്ടാണ് കണ്ടിട്ടുള്ളത്. കല ജീവിതത്തിന്റെ അതിർത്തിയിൽ പറ്റിക്കിടക്കുന്ന രസങ്ങളാണ്. എന്നാൽ അത് യഥാർഥ ജീവിതമല്ല. കല ഉപയോഗിക്കാനുള്ളതാണ്. അതിൽ തൊഴിലാളി വർഗത്തിന് വേണ്ടത് ജീവിതത്തിന്റെ സാന്ദ്രാവിഷ്കാരങ്ങളാണ്. പരസ്യങ്ങളുടെ അകമ്പടിയോടെ വരുന്ന ജനപ്രിയ കലാലോകം പോലെ ജീവിതത്തോട് ബന്ധമില്ലാത്ത ബാഹ്യപ്രതിഭാസമല്ല അത്. കല ജീവിതത്തിന് പകരം നിൽക്കില്ലെങ്കിലും ജീവിതത്തോട് ചേർന്ന് നിൽക്കുന്നു. അതിൽ ജീവിതചിത്രണം തന്നെയാണ് തൊഴിലാളി വർഗം ആഗ്രഹിക്കുന്നത്. ജനപ്രിയ സംസ്കാരത്തിൽ രസങ്ങൾ പുറമേ നിർമി

- കലയിൽ തൊഴിലാളി വർഗത്തിന് വേണ്ടത് ജീവിതത്തിന്റെ സാന്ദ്രാവിഷ്കാരങ്ങളാണ്

ക്കപ്പെട്ട് പരസ്യങ്ങളിലൂടെ ജനങ്ങളിൽ വിതരണം ചെയ്യപ്പെടുകയാണ്. രസങ്ങളുടെ സൃഷ്ടാക്കൾ അല്ല ഉപഭോക്താക്കൾ മാത്രമാണ് ഇവിടെ ജനങ്ങൾ. (ജനപ്രിയ സംസ്കാര പഠനം നരേന്ദ്രൻ, സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം)

ഇ.പി. തോംസൺ (E.P. Thompson)


ഇ.പി. തോംസൺ

ബ്രിട്ടീഷ് സാംസ്കാരിക പഠനങ്ങൾക്ക് വളരെയേറെ സംഭാവന ചെയ്ത സൈദ്ധാന്തികനാണ് ഇ.പി. തോംസൺ. 1963-ൽ പ്രസിദ്ധീകരിച്ച മേക്കിങ് ഓഫ് ഇംഗ്ലീഷ് വർക്കിംഗ് ക്ലാസ് എന്ന കൃതിയിൽ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സാംസ്കാരിക ചരിത്രം വിശദമാക്കുന്നു. പോരാട്ടത്തിന്റെ സമഗ്രമായ ശൈലി എന്ന് സംസ്കാരത്തെ നിർവചിച്ച ഇ. പി. തോംസൺ സംസ്കാര പഠനത്തിന്റെ ആദ്യ കാല പ്രയോക്താവാണ്. ഇംഗ്ലണ്ടിലെ സാധാരണക്കാരായ ജനങ്ങളുടെ അനുഭവങ്ങളും മൂല്യങ്ങളും ആശയങ്ങളും പ്രവർത്തനങ്ങളും കൊണ്ട് വ്യവസായ വിപ്ലവാനന്തരഘട്ടത്തിൽ ഉയർന്ന പ്രതിരോധങ്ങളുടെ ചരിത്രമാണ് ആ കൃതി. ഇംഗ്ലണ്ടിലെ തൊഴിലാളി വർഗത്തിന്റെ ജനപ്രിയ സംസ്കാരത്തിന്റെ ചരിത്രമാവുമാണ് അത്. ജനപ്രിയ സംസ്കാരത്തിലെ താഴെത്തട്ടിലുള്ളവരുടെ ഇടപെടലിനെ സംസ്കാര പഠനത്തിന്റെ മുഖ്യധാരയിലേക്ക് തോംസൺ കൊണ്ടുവന്നു. ഈ വിധം ജീവിതത്തിന്റെ ദൈനംദിനത്തെ മുൻനിർത്തി കീഴാളപരിപ്രേഷ്യത്തിനുള്ളിൽ നിലയുറപ്പിച്ചു കൊണ്ട് ചരിത്രരചനയ്ക്കു വരികയാണ് തോംസൺ ചെയ്തത്.

- പോരാട്ടത്തിന്റെ സമഗ്രമായ ശൈലി

വർഗം എന്ന പരികല്പനയെ ഇ. പി. തോംസൺ പുനർനിർവചിക്കുന്നു. വർഗം എന്നത് ഒരു സാമൂഹിക സാംസ്കാരിക സ്വരൂപം ആണെന്നും നിശ്ചിതമായ കാലപരിധിക്കുള്ളിലെ പ്രവർത്തന ക്രമത്തെ മുൻനിർത്തി പഠനവിധേയമാക്കാവുന്ന പ്രക്രിയകളിലൂടെയാണ് അത് രൂപമെടുക്കുന്നതെന്നും തോംസൺ വിശദീകരിച്ചു. പാരമ്പര്യ സിദ്ധമോ പങ്കുവയ്ക്കപ്പെട്ടതോ ആയ സമാന അനുഭവങ്ങൾ മൂലം ഒരു ജനവിഭാഗങ്ങൾക്കിടയിൽ സമാനമായ ഒരു സ്വത്വധാരണയെ വിനിമയം ചെയ്യാനും, ഒപ്പം തന്നെ ഇതരങ്ങളായ സ്വത്വധാരണകളോട് വൈജാത്യമോ വിപരീതഭാവമോ പുലർത്താനും ഒരു വിഭാഗം ജനങ്ങൾക്ക് കഴിയുമ്പോഴാണ് വർഗം നിലവിൽ വരുന്നത് എന്ന് തോംസൺ വിശദമാക്കുന്നു. വർഗസങ്കല്പനത്തെ സംസ്കാര സ്വരൂപം എന്ന നിലയിൽ തോംസൺ കാണുന്നു. ചരിത്രരചനയുടെ കേന്ദ്ര പ്രമേയമായി സംസ്കാരത്തെ സ്ഥാപിച്ചുകൊണ്ട് സംസ്കാരം വർഗം എന്നീ പരികല്പനകളെ പുനർനിർവചിക്കുന്നു.

- വർഗം എന്ന പരികല്പനയെ ഇ. പി. തോംസൺ പുനർനിർവചിക്കുന്നു

റെയ്മണ്ട് വില്യംസ് (Raymond Williams)



റെയ്മണ്ട് വില്യംസ്

ഇടതുപക്ഷ രാഷ്ട്രീയത്തിലും സംസ്കാര പഠനത്തിലും സാഹിത്യ നിരൂപണത്തിലും മാധ്യമ പഠനത്തിലും ശ്രദ്ധേയമായ വിശകലനങ്ങൾ നടത്തിയ സൈദ്ധാന്തികനാണ് റെയ്മണ്ട് വില്യംസ്. രാഷ്ട്രീയം, സംസ്കാരം, സാഹിത്യം, ടെലിവിഷൻ അടക്കമുള്ള മാധ്യമങ്ങൾ എന്നിവ അദ്ദേഹത്തിന്റെ സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി. സോഷ്യലിസ്റ്റ് ആശയങ്ങൾ പിന്തുടർന്നിരുന്ന അദ്ദേഹം സദാ സാമൂഹ്യ വിഷയങ്ങളിൽ ഇടപെട്ടിരിക്കുന്നു. 1950-കൾ മുതൽ നവ ഇടതുപക്ഷത്തിന്റെ സജീവ വക്താക്കളിൽ ഒരാളായിരുന്നു റെയ്മണ്ട് വില്യംസ്. 1967-ൽ സോഷ്യലിസ്റ്റ് മാനിഫെസ്റ്റോയുടെ രചനയിൽ പ്രധാന പങ്കു വഹിച്ചു. ഓക്സ്ഫോർഡ് സർവകലാശാലയിൽ വയോജന വിദ്യാഭ്യാസ വകുപ്പിൽ അധ്യാപകനായിരിക്കെ തൊഴിലാളികളെയും സാധാരണക്കാരെയും സാഹിത്യം പഠിപ്പിക്കേണ്ടി വന്ന സാഹചര്യത്തിലാണ് വില്യംസ് സംസ്കാരവുമായി ചേർത്തുവച്ച് സാഹിത്യത്തെ വിശകലനം ചെയ്യേണ്ടതുണ്ടെന്ന് തിരിച്ചറിഞ്ഞത്. സംസ്കാര പഠനത്തിനും സാംസ്കാരിക ഭൗതികവാദത്തിനും മുഖ്യ പരിഗണന നൽകി. ബർമിങ്ഹാം യൂണിവേഴ്സിറ്റിയിലെ സെൻറർ ഫോർ കോണ്ടംപററി സ്റ്റഡീസിലെ സൈദ്ധാന്തികരോടൊപ്പം ചേർന്ന് സംസ്കാര പഠനത്തിന്റെ അക്കാദമികവളർച്ചയ്ക്ക് നിർണ്ണായകമായ സംഭാവനകൾ നൽകി. ഫെമിനിസം പരിസ്ഥിതി പ്രശ്നങ്ങൾ അണുവായുധ നിരായുധീകരണം മൂന്നാംലോക രാഷ്ട്രങ്ങളിലെ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനങ്ങൾ ഇവയിലെല്ലാം വില്യംസ് തല്പരനായിരുന്നു. The culture and Society, The long Revolution, The country and the city, Drama in performance, Drama from Ibsen to Brecht ,Modern Tragedy, Communications, Marxism and Literature, The English Novel from Dickens to Lawrence, Television:Technology and cultural form എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ

- ഇടതുപക്ഷ രാഷ്ട്രീയത്തിലും സംസ്കാര പഠനത്തിലും സാഹിത്യ നിരൂപണത്തിലും മാധ്യമ പഠനത്തിലും ശ്രദ്ധേയമായ വിശകലനങ്ങൾ

മാർക്സിസ്റ്റ് ആശയങ്ങളെ അതിന്റെ സാമ്പത്തികമാത്രവാദപരമായ അവസ്ഥയിൽ നിന്നും മോചിപ്പിക്കാൻ ആണ് വില്യംസ് ശ്രമിച്ചത് അതേസമയം മാർക്സിസത്തിന്റെ ആശയധാരകളിൽ നിന്ന് അദ്ദേഹം പൂർണമായും വിടുതൽ നേടിയിരുന്നില്ല. അടിത്തറ മേൽപ്പുരയെ നയിക്കുന്നു എന്നതിനെ അല്ല അസ്തിത്വം ബോധത്തെ നിർണയിക്കുന്നു എന്നതിനെയാണ് മാർക്സിസ്റ്റ് സംസ്കാരവിചാരത്തിൽ കേന്ദ്ര തത്വമായി പരിഗണിക്കേണ്ടത് എന്ന് പറഞ്ഞു. ചരിത്രവും സംസ്കാരവും തമ്മിലുള്ള ബന്ധം അദ്ദേഹത്തിന്റെ മുഖ്യ പഠന വിഷയമായിരുന്നു കലയുടെയും സാഹിത്യത്തിന്റെയും പാഠങ്ങളിൽ ചരിത്രം ഉറിക്കൂടിയിട്ടുണ്ടെന്ന് അദ്ദേഹം കരുതുന്നു. അനുഭൂതികളുടെ ഘടന എന്നാണ് ഈ പാഠങ്ങളെ അദ്ദേഹം വിശേഷിപ്പിച്ചത്.

- മാർക്സിസ്റ്റ് ആശയങ്ങളെ അതിന്റെ സാമ്പത്തികമാത്രവാദപരമായ അവസ്ഥയിൽ നിന്നും മോചിപ്പിക്കാൻ ശ്രമിച്ചു

റെയ്മണ്ട് വില്യംസിന്റെ അഭിപ്രായത്തിൽ, 'സംസ്കാരം എന്നത് മൂല്യങ്ങളുടെ ഒരു കൂട്ടം അല്ലെങ്കിൽ ആശയങ്ങളുടെ ഒരു സമ്പ്രദായമല്ല, മറിച്ച് ചരിത്രപരമായി ഒരു പ്രത്യേക ജീവിതരീതിയാണ്. 'സംസ്കാരം വളരെയധികം സങ്കീർണ്ണമായതുകൊണ്ട് അതിനെ നിർ

വചിക്കുക എളുപ്പമല്ല. സംസ്കാരത്തിന്റെ സങ്കീർണകളെ വിവിധ തലത്തിൽ നിന്ന് മനസിലാക്കാനാണ് ശ്രമിക്കേണ്ടത്. സാങ്കേതികവിദ്യയിൽ ഉണ്ടായ വികാസവും കലാസൃഷ്ടിയുടെ രൂപവും തമ്മിലുള്ള ബന്ധത്തെ വിശകലനം ചെയ്യാനും റെയ്മണ്ട് വില്യംസ് ശ്രമിച്ചിട്ടുണ്ട്. വില്യംസ് സംസ്കാരത്തെ ഒരു ഉല്പാദന പ്രക്രിയയായാണ് വീക്ഷിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഏത് കാലയളവിൽ ഉള്ള സാഹിത്യവും ആ സമൂഹത്തിന്റെ പ്രബലമായ മൂല്യങ്ങളെ പ്രതിഫലിപ്പിക്കും.

- സംസ്കാരം എന്നത് ചരിത്രപരമായി ഒരു പ്രത്യേക ജീവിതരീതിയാണ്

സാംസ്കാരിക ഭൗതികവാദം (Cultural Materialism)

1980-കളുടെ തുടക്കത്തിൽ പുതിയ ചരിത്രവാദത്തോടൊപ്പം ഉയർന്നുവന്ന ഒരു സൈദ്ധാന്തിക പ്രസ്ഥാനമാണ് സാംസ്കാരിക ഭൗതികവാദം. സംസ്കാരം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും ഭൗതിക ഉല്പാദനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന സാംസ്കാരിക പഠനങ്ങളോടുള്ള മാർക്സിസ്റ്റ് സമീപനമാണ് സാംസ്കാരിക ഭൗതികവാദം. വിശാല സാമൂഹിക ജീവിതത്തിൽ സംസ്കാരം ചെലുത്തുന്ന ഭൗതിക പ്രഭാവം' എന്ന് സാംസ്കാരിക ഭൗതികവാദത്തെ ചുരുക്കിപറയാം. ഉൽപാദനത്തിന്റെ ഭൗതിക ഉപാധികളുടെ സാമൂഹ്യോപയോഗം എന്ന നിലയിലുള്ള ഒരു കലാ സിദ്ധാന്തവുമാണത് (a theory of culture as a process and of specific practices, of arts as social uses of material means of production) പാഠങ്ങൾ ചരിത്രത്തിൽ നടത്തുന്ന പ്രതികരണങ്ങളും അവയുടെ പ്രത്യാഘാതങ്ങളും സംസ്കാരിക ഭൗതികവാദം അന്വേഷിക്കുന്നു. റെയ്മണ്ട് വില്യംസ് 'Notes on Marxism since 1945 എന്ന പ്രബന്ധത്തിൽ സാംസ്കാരിക ഭൗതികവാദം' എന്ന സംജ്ഞ ഉപയോഗിക്കുന്നു.

- വിശാല സാമൂഹിക ജീവിതത്തിൽ സംസ്കാരം ചെലുത്തുന്ന ഭൗതിക പ്രഭാവം

അദ്ദേഹം ചരിത്രപരമായ ഭൗതികവാദത്തിന്റെ വ്യാപ്തിയെ സംസ്കാരം, കല, സാഹിത്യം എന്നീ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നു. സാമൂഹികവും ഭൗതികവുമായ ഉല്പാദന പ്രക്രിയകളുടെയും സവിശേഷ പ്രയോഗങ്ങളുടേതുമായ ഒരു സാംസ്കാരിക സിദ്ധാന്തമായാണ് അതിനെ വില്ല്യംസ് വിശദീകരിച്ചത്. സമൂഹത്തിന്റെ വിവിധ ഭാഗങ്ങൾക്കിടയിൽ പരസ്പര ബന്ധമുണ്ട്, ഒരു ഭാഗത്തെ മാറ്റം മറ്റ് ഭാഗങ്ങളിലും മാറ്റം വരുത്തുന്നു. സാമൂഹിക-സാംസ്കാരിക വ്യവസ്ഥയുടെ അടിസ്ഥാനം പരിസ്ഥിതിയാണ്.

- സംസ്കാരം, കല, സാഹിത്യം

സമൂഹത്തിന്റെ ഭൗതിക സാഹചര്യങ്ങൾ (അതിന്റെ സാങ്കേതിക വിദ്യ, സമ്പദ്വ്യവസ്ഥ, സാമൂഹിക സംഘടന) സാമൂഹിക മാറ്റത്തിന് പിന്നിലെ പ്രാഥമിക ചാലകശക്തിയാണെന്ന് സാംസ്കാരിക ഭൗതികവാദം വാദിക്കുന്നു. സംസ്കാരം ഭൗതിക ലോകത്തിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുന്നില്ല; അവരുടെ ദൈനംദിന ജീവിതത്തിൽ ആളുകൾ അവരുടെ ഭൗതിക പരിസ്ഥിതിയുമായി ഇടപഴകുമ്പോൾ അത് ഉൽപാദിപ്പിക്കുന്നു. സാംസ്കാരിക ഭൗതികവാദികളെ സംബന്ധിച്ചിടത്തോളം, സംസ്കാരത്തെ മനസിലാക്കുന്നത് സമ്പദ്വ്യവസ്ഥയുമായുള്ള അതിന്റെ ബന്ധത്തെ പരിശോധിക്കുന്നു. കല, സാഹിത്യം, മതം, തത്വചിന്ത തുടങ്ങി സംസ്കാരത്തിന്റെ എല്ലാ വശങ്ങളും സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെ പ്രതിഫലി

പ്പിക്കുന്നുവെന്ന് അവർ വാദിക്കുന്നു. വ്യക്തികളുടെ വിശ്വാസങ്ങളും മൂല്യങ്ങളും മാനദണ്ഡങ്ങളും അവരുടെ 'അനുയോജ്യമായ' സംസ്കാരത്തെ നിർണയിക്കുന്നു, അതേസമയം അവർ ചെയ്യുന്ന നിരീക്ഷിച്ച പ്രവർത്തനം 'യഥാർഥ' സംസ്കാരം സൃഷ്ടിക്കുന്നു. സംസ്കാരവും സമൂഹവും എന്ന ഗ്രന്ഥവും ദീർഘ വിപ്ലവം എന്ന കൃതിയും പടിഞ്ഞാറൻ ചിന്തയിലെ സംസ്കാര സങ്കല്പത്തിന്റെ പുനർനിർവചനത്തിൽ സുപ്രധാനമായ പങ്കു വഹിച്ചു.

❍ സംസ്കാരം സമ്പദ് വ്യവസ്ഥയുമായുള്ള ബന്ധപ്പെട്ടിരിക്കുന്നു

സമഗ്ര ജീവിത രീതിയുടെ ഘടകസാമഗ്രികൾ തമ്മിലുള്ള സങ്കീർണ വ്യവസ്ഥയായി (complex relationships between elements in a whole way of life)സംസ്കാരത്തെ നിർവചിക്കുകയാണ് റെയ്മണ്ട് ചെയ്തത്. സംസ്കാരത്തെ ഒരു സൗന്ദര്യ വിഭാഗമായി (aesthetic category) ആയി പരിഗണിക്കുന്ന കുലീനതാവാദപരമായ (elitist) രീതിക്കും അതിനെ ദൈനംദിന ജീവിതപ്രയോഗങ്ങളിലെ പ്രജനതവ്യവസ്ഥയായി (generative system of everyday life) പരിഗണിക്കുന്ന നരവംശപരമായ രീതിക്കും ഇടയിൽ ഒരു മാധ്യസ്ഥം ചമയ്ക്കാനുള്ള ശ്രമം ആയിരുന്നു അദ്ദേഹത്തിന്റേത്. പാഠങ്ങളെ പ്രകരണനിഷ്ഠമായ സാംസ്കാരിക നിർമിതികളായി സാമൂഹ്യ-ചരിത്രബന്ധങ്ങൾക്കും അനുഭൂതി ഘടനയ്ക്കുമിടയിലെ മാധ്യസ്ഥമായി വിലയിരുത്തി കൊണ്ട് സാഹിത്യവിമർശനത്തെ സാംസ്കാരിക വിമർശനമായി വികസിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. സാംസ്കാരിക ഭൗതികവാദം എന്ന സൈദ്ധാന്തിക സമീക്ഷയുടെ അടിത്തറയായി തീർന്നതും ഈ വിശകലന പദ്ധതിയാണ് (സംസ്കാര പഠനം ചരിത്രം സിദ്ധാന്തം പ്രയോഗം: 134).

❍ സമഗ്ര ജീവിത രീതിയുടെ ഘടകസാമഗ്രികൾ തമ്മിലുള്ള സങ്കീർണ വ്യവസ്ഥ

പാഠവൽകൃതമായ അർഥങ്ങളുടെ ഉല്പാദന വിതരണ വിനിമയങ്ങളെക്കുറിച്ചുള്ള ശാസ്ത്രമായാണ് അദ്ദേഹം സാംസ്കാരിക പഠനത്തെ കണ്ടത്. കലാസൃഷ്ടികൾ വസ്തുക്കൾ എല്ലാം ചിഹ്നങ്ങളാണ് എന്ന വാദം ഉന്നയിച്ചു. ഒരു കലാസൃഷ്ടി ഉല്പാദിപ്പിച്ച സാഹചര്യങ്ങളെ അല്ല പരിഗണിക്കേണ്ടത് മറിച്ച് അതിന്റെ ഉപഭോഗ സന്ദർഭങ്ങളെയാണ് എന്ന് വിശദീകരിച്ചു. അതായത് ഒരു കൃതിയെപ്പറ്റി പറയുമ്പോൾ അതുണ്ടായ കാലത്തിൽ അല്ല അത് സ്വീകരിക്കപ്പെട്ട കാലങ്ങളിലാണ് ശ്രദ്ധ കൊടുക്കേണ്ടത് എന്ന് അർഥം.

❍ കലാസൃഷ്ടി സ്വീകരിക്കപ്പെട്ട കാലങ്ങളിലാണ് ശ്രദ്ധ കൊടുക്കേണ്ടത്

വ്യവസായം, വർഗം, കല മുതലായ വാക്കുകൾക്ക് പതിനെട്ടാം നൂറ്റാണ്ടിൽ സംഭവിച്ച അർഥവ്യത്യാസങ്ങളെപ്പറ്റി റെയ്മണ്ട് വിശദീകരിക്കുന്നുണ്ട്. ഭൗതികമായ വ്യവസ്ഥകളും പ്രവർത്തന രീതികളും മാറുന്നതിനനുസരിച്ച് ഭാഷയും സംസ്കാരവും മാറും. ഇതിനർഥം സാഹിത്യകൃതികളുടെ സത്തകൾ ഭൗതിക പരിസരങ്ങളുടെ നിർമിതികളാണെന്നാണ്. ഒരു സമൂഹത്തിന്റെ സാംസ്കാരിക ഉൽപ്പന്നങ്ങളെ സാകല്യാവസ്ഥയിൽ കാണേണ്ടതിന്റെ ആവശ്യം റെയ്മണ്ട് ഊന്നിപ്പറഞ്ഞു. സാഹിത്യകൃതികൾ മാത്രമല്ല ശില്പ കലയും സംഗീതവും ചരിത്രവും തത്വശാസ്ത്രവും സിനിമയും രാഷ്ട്രമീമാംസയും എല്ലാം വിശാലമായ അർഥത്തിൽ ഒരു സമൂഹത്തിന്റെ ആത്മാവിഷ്കാരങ്ങളാണ്. സംസ്കാരത്തിന്റെ വിശാലമായ വേദിയിൽ ഭിന്ന സംസ്കാരങ്ങളുടെ സഹവർത്തിത്വം ആണ് റെയ്മണ്ട് ദർശിച്ചത്.

❍ സമൂഹത്തിന്റെ ആത്മാവിഷ്കാരങ്ങളാണ്

നവചരിത്രവാദം

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഉയർന്നുവന്ന ഒരു സാഹിത്യ സാംസ്കാരിക സിദ്ധാന്തമാണ് നവചരിത്രവാദം. . 1980-കളിൽ മാർക്സിസത്തിന് സമാനമായി മിഷേൽ ഫൂക്കോയുടെയും സ്റ്റീഫൻ ഗ്രീൻബ്ലാറ്റിന്റെയും കൃതികളിലൂടെ വികസിച്ച ഈ വിമർശനാത്മക സമീപനം സാഹിത്യവും അതിന്റെ ചരിത്രപശ്ചാത്തലവും തമ്മിലുള്ള ബന്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സാഹിത്യകൃതികൾ, അവ എഴുതപ്പെട്ട കാലത്തിന്റെയും സംസ്കാരത്തിന്റെയും ഉൽപ്പന്നങ്ങളാണെന്ന് നവചരിത്രവാദം ഊന്നിപ്പറയുന്നു. അധികാരവും രാഷ്ട്രീയവും പ്രത്യയശാസ്ത്രവും ഗ്രന്ഥങ്ങളുടെ സൃഷ്ടിയിലും വ്യാഖ്യാനത്തിലും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് പുതിയ ചരിത്രകാരന്മാർ പരിശോധിക്കുന്നു. സാഹിത്യം അതിന്റെ കാലഘട്ടത്തിലെ സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങളെ എങ്ങനെ പ്രതിഫലിപ്പിക്കുകയും ഇടപെടുകയും ചെയ്യുന്നു എന്ന് മനസിലാക്കാൻ ഈ സമീപനം ശ്രമിക്കുന്നു. ഇത് പലപ്പോഴും വസ്തുനിഷ്ഠമായ സത്യത്തിന്റെ ആശയം നിരസിക്കുകയും പകരം ഒരു കൃതിക്കുള്ളിൽ ഒന്നിലധികം വ്യാഖ്യാനങ്ങളും കാഴ്ചപ്പാടുകളും അന്വേഷിക്കുകയും ചെയ്യുന്നു.

- കൃതികൾ അവ എഴുതപ്പെട്ട കാലത്തിന്റെയും സംസ്കാരത്തിന്റെയും ഉൽപ്പന്നങ്ങളാണ്

ചരിത്രത്തിന്റെ പാഠപരതയും പാഠങ്ങളുടെ ചരിത്രപരതയും

നവചരിത്രവാദം, 'ചരിത്രത്തിന്റെ പാഠപരതയും പാഠങ്ങളുടെ ചരിത്രപരതയും' കൈകാര്യം ചെയ്യുന്നു-(ലൂയിസ് മോൺട്രോസ്) ചരിത്രത്തിന്റെ പാഠപരത എന്നത് ചരിത്രം നിർമിക്കപ്പെടുകയും സാങ്കല്പികമാക്കപ്പെടുകയും ചെയ്യുന്നു എന്ന ആശയത്തെ സൂചിപ്പിക്കുന്നു. കൂടാതെ പാഠത്തിൻെറ ചരിത്രപരത അതിന്റെ നിർമാണത്തിന്റെയും വ്യാഖ്യാനത്തിന്റെയും സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങൾക്കുള്ളിൽ അതിന്റെ അനിവാര്യമായ ഉൾച്ചേർക്കലിനെയും സൂചിപ്പിക്കുന്നു. ഘടനാനന്തരവാദത്തിൻെറ പല അനുമാനങ്ങളെയും അത് നിരാകരിക്കുന്നുണ്ടെങ്കിലും, നവചരിത്രവാദം ഒരു തരത്തിൽ ഘടനാനന്തരവാദമാണ്. കാരണം, അത് രചയിതാവും കഥാപാത്രങ്ങളും വായനക്കാരും പങ്കിടുന്ന ഒരു പൊതു മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള സങ്കല്പത്തെ നിരാകരിക്കുന്നു; നവനിരൂപണം പോലെയുള്ള പാഠകേന്ദ്രീകൃത വിമർശന പദ്ധതികളിൽ നിന്ന് മാറി, നവചരിത്രവാദം സാഹിത്യത്തിന്റെ വ്യാഖ്യാനത്തെ, അത് സൃഷ്ടിച്ച സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ ചുറ്റുപാടുകളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു.

- പൊതു മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള സങ്കല്പത്തെ നിരാകരിക്കുന്നു

ഒരു നവചരിത്രകാരനെ സംബന്ധിച്ചിടത്തോളം ഒരു കൃതി ഒരു പ്രത്യേക സാംസ്കാരിക നിമിഷത്തിന്റെ അന്തിമഫലമാണ്. സങ്കൽപ്പങ്ങളും മനോഭാവങ്ങളും പ്രത്യയശാസ്ത്രങ്ങളും സാഹിത്യപരമല്ലാത്ത വിശാലമായ സാംസ്കാരിക തലങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ചിത്രീകരിക്കാൻ നവചരിത്രകാരന്മാർ ഒരു പ്രത്യേക ചരിത്രകാലഘട്ടത്തിലെ മറ്റ് സാംസ്കാരിക ഉൽപ്പന്നങ്ങൾക്കൊപ്പം സാഹിത്യത്തെ നോക്കുന്നു. ചരിത്രപരമായ സന്ദർഭത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും സ്വാധീനം വിശകലനം ചെയ്യുന്നതിനു പുറമേ, തങ്ങളുടെ ചരിത്രപരമായ നിലപാടിൽ നിന്നും പ്രത്യയശാസ്ത്രത്തിൽ

നിന്നും ഉരുത്തിരിഞ്ഞ പക്ഷപാതങ്ങൾ സ്വന്തം വിമർശനത്തിൽ അടങ്ങിയിട്ടുണ്ടെന്ന് നവചരിത്രകാരന്മാർ സമ്മതിക്കുന്നു. സ്വന്തം 'ചരിത്രപരത' യിൽ നിന്ന് രക്ഷപ്പെടുക അസാധ്യമായതിനാൽ, ഒരു കൃതിയുടെ അർഥം അസ്ഥിരമാകുന്നു. പുതിയ ചരിത്രകാരന്മാർ കലാപരമായ ഗ്രന്ഥങ്ങളെ ഒരു ചരിത്ര സന്ദർഭത്തിന്റെ ഉൽപന്നങ്ങളായും സാംസ്കാരികവും ബൗദ്ധികവുമായ ചരിത്രം മനസിലാക്കുന്നതിനുള്ള ഉപാധിയായും സ്ഥാപിക്കാൻ ശ്രമിക്കുന്നു.

- ഒരു കൃതി ഒരു പ്രത്യേക സാംസ്കാരിക നിമിഷത്തിന്റെ അന്തിമഫലമാണ്

നവചരിത്രകാരന്മാർ, ചരിത്രത്തെ എല്ലാ ഗ്രന്ഥങ്ങളുടെയും കേന്ദ്രമായി കാണുന്നു. നവചരിത്രവാദം ഉപയോഗിച്ച് ഒരു കൃതി വിലയിരുത്തുന്ന നിരൂപകന്റെയോ വ്യക്തിയുടെയോ സാമൂഹിക പശ്ചാത്തലവും പരിഗണിക്കപ്പെടേണ്ടതാണ്. ഒരു കൃതി സൃഷ്ടിക്കുമ്പോൾ ഒരു എഴുത്തുകാരൻ അവരുടെ കാലഘട്ടത്തെ സ്വാധീനിക്കുന്നതു പോലെ, അത് വായിക്കുമ്പോഴും വിശകലനം ചെയ്യുമ്പോഴും നമ്മുടെ കാലഘട്ടം നമ്മെ സ്വാധീനിക്കുന്നു. പുതിയതും പഴയതുമായ ചരിത്രവാദം തമ്മിൽ ചില പ്രധാന വ്യത്യാസങ്ങളുണ്ട്. നവചരിത്രവാദം ചരിത്രത്തെ, സാഹിത്യവിശകലനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണുമ്പോൾ, പഴയ ചരിത്രവാദം അതിനെ വിശകലന സമയത്ത് പരിഗണിക്കേണ്ട പശ്ചാത്തലമായി വീക്ഷിച്ചു. പഴയ ചരിത്രവാദം സാഹിത്യത്തെ ചരിത്രം സ്വാധീനിക്കുന്നതായി കാണുന്നു, അതേസമയം നവചരിത്രവാദം പരസ്പര ബന്ധത്തെ വീക്ഷിക്കുന്നു. ചരിത്രത്തിന് സാഹിത്യത്തെ സ്വാധീനിക്കാൻ കഴിയും, സാഹിത്യത്തിന് ചരിത്രത്തെ സ്വാധീനിക്കാൻ കഴിയും. ന്യൂ ഹിസ്റ്റോറിസിസത്തിന്റെ സിദ്ധാന്തവുമായി വരുമ്പോൾ, ഗ്രീൻബ്ലാറ്റ് പഴയ ചരിത്രവാദത്തിന്റെ ആശയങ്ങൾ വിപുലീകരിച്ചു.

- ചരിത്രത്തെ എല്ലാ ഗ്രന്ഥങ്ങളുടെയും കേന്ദ്രമായി കാണുന്നു

ഗില്ലെസ് ദെല്യൂസ് (Gilles Deleuze), ഫെലിക്സ് ഗ്വാട്ടാരി (Felix Guattari)



ഫെലിക്സ് ഗ്വാട്ടാരി



ഗില്ലെസ് ദെല്യൂസ്

തത്വചിന്ത രാഷ്ട്രീയ സിദ്ധാന്തം സാഹിത്യം സാംസ്കാരിക പഠനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയ ഫ്രഞ്ച് തത്വചിന്തകരായിരുന്നു ഗില്ലെസ് ദെല്യൂസ്, (Gilles Deleuze), ഫെലിക്സ് ഗ്വാട്ടാരി (Felix Guattari)എന്നിവർ. 1970-കളുടെ തുടക്കത്തോടെ രംഗത്തെത്തിയ അവർ പരമ്പരാഗത പാശ്ചാത്യ ദാർശനിക ആശയങ്ങളെ വെല്ലുവിളിക്കുകയും സമൂഹം, രാഷ്ട്രീയം, മനശാസ്ത്രം, കല എന്നിവയെ കുറിച്ചുള്ള നൂതനമായ ചിന്താ പദ്ധതികൾ അവതരിപ്പിക്കുന്ന ശ്രദ്ധേയ കൃതികൾ രചിക്കുകയും ചെയ്തു.

ഗില്ലെസ് ദെല്യൂസിന്റെയും ഫെലിക്സ് ഗ്വാട്ടാരിയുടെയും ശ്രദ്ധേയ മായ ദാർശനിക കൃതിയാണ് 1972-ൽ പ്രസിദ്ധീകരിച്ച,'ആന്റി-ഈഡിപ്പ സ്'. ഇത് അവരുടെ 'മുതലാളിത്തവും സ്കീസോഫ്രീനിയയും' എന്ന, ബൃഹത്കൃതിയുടെ ആദ്യ വാല്യമാണ്, രണ്ടാമത്തെ വാല്യം 'ആയിരം പീഠഭൂമികൾ' എന്ന പേരിലുള്ളതാണ്. തത്വചിന്ത, മനോവിശ്ലേഷണം, രാഷ്ട്രീയ സിദ്ധാന്തം, സെമിയോട്ടിക്സ് എന്നിവ സമന്വയിക്കുന്ന ഒരു കൃതിയാണ് 'ആന്റി-ഈഡിപ്പസ്'. ഈ കൃതി മുതലാളിത്തത്തെ ആഴ ത്തിൽ വിമർശിക്കുന്നു, സ്വന്തം ലക്ഷ്യങ്ങൾക്കുവേണ്ടി ആഗ്രഹങ്ങളെ വഴിതിരിച്ചുവിടുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു സംവിധാ നമായി മുതലാളിത്തത്തെ അതിൽ വിലയിരുത്തുന്നു.

- മുതലാളിത്തം സ്വന്തം ലക്ഷ്യങ്ങൾക്കുവേണ്ടി ആഗ്രഹങ്ങളെ വഴിതി രിച്ചുവിടുന്ന സംവി ധാനം

ആന്റി-ഈഡിപ്പസിൽ ഡീല്യൂസും ഗ്വാട്ടാരിയും പരമ്പരാഗത മനോ വിശ്ലേഷണ സമീപനത്തെ വിമർശിക്കുന്നു. പ്രത്യേകിച്ച് സിഗ്മണ്ട് ഫ്രോയിഡിന്റെ ആശയങ്ങളും ഈഡിപ്പസ് കോംപ്ലക്സ് ആശയവും. മനഃശ്ശാസ്ത്ര വിശകലനം നിയന്ത്രിത സാമൂഹിക മാനദണ്ഡങ്ങളും ഘടനകളും വ്യക്തികളിൽ അടിച്ചേൽപ്പിക്കുന്നുവെന്ന് അവർ വാദിക്കു ന്നു, പ്രത്യേകിച്ച് ഈഡിപ്പൽ ചട്ടക്കൂടിലൂടെ. മനുഷ്യന്റെ ആഗ്രഹം മനസിലാക്കുന്നതിനുള്ള അടിച്ചമർത്തൽ, സ്വേച്ഛാധിപത്യ മാതൃകയാ യി ഫ്രോയിഡിന്റെ ആശയങ്ങളെ കാണുന്ന ദെല്യൂസും, ഗ്വാട്ടാരിയും 'സ്കിസോ അനാലിസിസ്' എന്ന ആശയം നിർദ്ദേശിക്കുന്നു. അത് ആഗ്രഹത്തിന്റെ ചലനാത്മകവും ഉല്പാദനപരവുമായ സ്വഭാവത്തി ന് ഊന്നൽ നൽകുന്നു. ആഗ്രഹം അടിച്ചമർത്താനുള്ള ഒന്നല്ലെന്നും സ്ഥാപിത സാമൂഹിക ഘടനകളെ അട്ടിമറിക്കാൻ കഴിയുന്ന ഒരു ചാ ലകശക്തിയാണെന്നും അവർ വാദിക്കുന്നു. അതുമായി ബന്ധപ്പെട്ട 'അവയവങ്ങളില്ലാത്ത ശരീരം' (BwO) എന്ന ആശയം അവർ അവതരി പ്പിക്കുന്നു.

- ദെല്യൂസും, ഗ്വാട്ടാ രിയും പരമ്പരാഗത മനോവിശ്ലേഷണ സമീപനത്തെ വിമർ ശിക്കുന്നു

'BwO" എന്നത് ദെല്യൂസും, ഗ്വാട്ടാരിയും തത്വചിന്തയുടെ കേന്ദ്ര മായ ഒരു ആശയമാണ്, അവയവങ്ങളില്ലാത്ത ശരീരം എന്ന ആശയം ഉത്ഭവിച്ചത്. പരമ്പരാഗത ജീവശാസ്ത്രത്തിന്റെ സംഘടനാ നിയന്ത്ര ണങ്ങളിൽ നിന്ന് മുക്തമായ, ശുദ്ധമായ സാദ്ധ്യതയുടെയും ഘടനാ പരമായ അസ്തിത്വത്തിന്റെയും അവസ്ഥയെ വിവരിക്കാൻ ഈ പദം ഉപയോഗിച്ച അന്റോണിൻ അർട്ടോഡിന്റെ പ്രവർത്തനത്തിൽ നിന്നാ ണ്. 'ആന്റി-ഈഡിപ്പസിൽ', സമൂഹം അടിച്ചേൽപ്പിക്കുന്ന പരമ്പരാ ഗത ഘടനകളാൽ (ഈഡിപ്പൽ കോംപ്ലക്സ് പോലെ) പരിമിതപ്പെടു ത്താത്ത ശരീരത്തെയും ആഗ്രഹത്തെയും കുറിച്ചുള്ള ചിന്താരീതിയെ വിവരിക്കാൻ ദെല്യൂസും, ഗ്വാട്ടാരിയും ഈ ആശയം വികസിപ്പിക്കുന്നു. BwO എന്ന ആശയം അവരുടെ 'സ്കീസോഅനാലിസിസ്' എന്ന ആശയ ത്തിന്റെ കേന്ദ്രമാണ്, ഇത് പരമ്പരാഗത ഘടനകളിൽ നിന്ന് ആഗ്രഹം എന്നതിനെ മോചിപ്പിക്കാൻ ലക്ഷ്യമിടുന്നു, ഇത് പുതിയ തരത്തിലുള്ള ആത്മനിഷ്ഠതയ്ക്കും സാമൂഹിക സംഘടനയ്ക്കും ഇടംനൽകുന്നു. . 'സ്കിസോഫ്രീനിക്' ഒരു രോഗാവസ്ഥ ആയിട്ടല്ല, മറിച്ച് ആത്മനിഷ്ഠ തയെയും ആഗ്രഹത്തെയും കുറിച്ചുള്ള ഒരു പുതിയ ചിന്താഗതിയുടെ മാതൃകയായിട്ടാണ് ഇവർ കാണുന്നത്.

- BwO-പരമ്പരാഗത ഘടനകളിൽ നിന്ന് ആഗ്രഹം എന്ന തിനെ മോചിപ്പിക്കാൻ ലക്ഷ്യമിടുന്നു

വ്യക്തികളും സമൂഹങ്ങളും എങ്ങനെ പ്രവർത്തിക്കുന്നു എന്നതി നെക്കുറിച്ചുള്ള ചിന്തയുടെ പുതിയ വഴികൾ തുറക്കാൻ ലക്ഷ്യമിടുന്ന,

സ്വത്വം, ഘടന, ആഗ്രഹം എന്നിവയുടെ പരമ്പരാഗത സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുന്ന സങ്കീർണവും അമൂർത്തവുമായ ഒരു ആശയമാണ് BwO. ആഗ്രഹങ്ങൾ സംഘടിപ്പിക്കപ്പെടാതെ അല്ലെങ്കിൽ ശ്രേണിവൽക്കരിക്കപ്പെടാതെ സ്വതന്ത്രമായി ഒഴുകുന്ന ഒരു അന്തർലീനതയുടെ തലത്തെ BwO പ്രതിനിധീകരിക്കുന്നു. ദെല്യൂസിനും ഗ്വാട്ടാരിക്കും ആഗ്രഹം എന്നത് ഒരുകുറവല്ല, മറിച്ച് ഉല്പാദനപരവും സർഗാത്മകവുമായ ഒന്നാണ്. ഈ ഉല്പാദനക്ഷമമായ ആഗ്രഹത്തിന്റെ മേഖലയാണ് BwO, അഹം അല്ലെങ്കിൽ കുടുംബം പോലുള്ള ഘടനകൾക്ക് കീഴടങ്ങാതെ തന്നെ ആഗ്രഹത്തിന്റെ വ്യത്യസ്ത പ്രവാഹങ്ങൾ ബന്ധിപ്പിക്കാൻ കഴിയുന്ന ഒരു ഉപരിതലമാണ് അത്. BwO ഈഡിപ്പസ് കോംപ്ലക്സ് പോലുള്ള മനോവിശ്ലേഷണ ആശയങ്ങളെ വിമർശിക്കുന്നു. ആഗ്രഹം വ്യാഖ്യാനിക്കപ്പെടേണ്ടതും പ്രത്യേക കുടുംബപരവും സാമൂഹികവുമായ ഘടനകളിലൂടെ നയിക്കപ്പെടേണ്ടതുമാണ് എന്ന സങ്കൽപ്പത്തിന് BwO എതിരാണ്. പകരം, ഇത് കൂടുതൽ വഴക്കമുള്ളതും കുറച്ച് നിയന്ത്രിതവുമായ നിലനിൽപ്പിനെ സൂചിപ്പിക്കുന്നു.

- ഉല്പാദനപരവും സർഗാത്മകവുമായ ഒന്നാണ് ആഗ്രഹം

ആന്റി-ഈഡിപ്പസ്, ആയിരം പീഠഭൂമികൾ എന്നീ കൃതികളിൽ ദെല്യൂസും ഗ്വാട്ടാരിയും 'മൈക്രോപൊളിറ്റിക്സ്' 'മാക്രോപൊളിറ്റിക്സ്' എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്നു. അധികാരം, ആഗ്രഹം, സാമൂഹിക സംഘടന എന്നിവയുടെ പരമ്പരാഗത സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുന്ന ആശയങ്ങളാണ് അവ. സമൂഹത്തെ സംഘടിപ്പിക്കുന്ന വലിയ തോതിലുള്ള ഘടനകൾ, സ്ഥാപനങ്ങൾ, അധികാര സംവിധാനങ്ങൾ എന്നിവയെ മാക്രോപൊളിറ്റിക്സ് സൂചിപ്പിക്കുന്നു. ഇതിൽ സർക്കാരുകൾ, സംസ്ഥാനങ്ങൾ, നിയമസംവിധാനങ്ങൾ, ജനസംഖ്യയുടെ മേൽ നിയന്ത്രണം ചെലുത്തുന്ന മറ്റ് ഔപചാരിക സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്നു. മാക്രോപൊളിറ്റിക്സ് സമൂഹത്തെ വിശാലമായ തലത്തിൽ നിയന്ത്രിക്കുന്ന പ്രകടവും സ്ഥാപനവൽക്കരിക്കപ്പെട്ടതും സംഘടിതവുമായ അധികാര രൂപങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവിടെ ഐഡന്റിറ്റികളും റോളുകളും പലപ്പോഴും കർക്കശവും വ്യക്തവുമായി നിർവചിക്കപ്പെടുന്നു. മറുവശത്ത്, മൈക്രോപൊളിറ്റിക്സ് എന്നത് വ്യക്തിബന്ധങ്ങൾ, ഗ്രൂപ്പുകൾ, ദൈനംദിന സമ്പ്രദായങ്ങൾ എന്നിവയുടെ തലത്തിൽ പ്രവർത്തിക്കുന്ന ചെറിയ തോതിലുള്ള, പ്രാദേശികവും പലപ്പോഴും അത്രതന്നെ പ്രകടവും അല്ലാത്ത ശക്തിയുടെയും പ്രതിരോധത്തിന്റെയും രൂപങ്ങളെ സൂചിപ്പിക്കുന്നു. സൂക്ഷ്മ തലത്തിൽ പെരുമാറ്റം, ചിന്ത, ആഗ്രഹം എന്നിവയെ സ്വാധീനിക്കുന്ന, കൂടുതൽ സൂക്ഷ്മവും കൃത്യവും വികേന്ദ്രീകൃതവുമായ വഴികളിൽ അധികാരം എങ്ങനെ പ്രയോഗിക്കപ്പെടുന്നു എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അധികാരത്തിന്റെ വലിയ ഘടനകൾക്ക് പുറത്തോ അതിനിടയിലോ സാമൂഹിക ബന്ധങ്ങളെയും ആത്മനിഷ്ഠതകളെയും രൂപപ്പെടുത്തുന്ന ചഞ്ചലവും ചലനാത്മകവും പലപ്പോഴും വൈരുദ്ധ്യാത്മകവുമായ പ്രക്രിയകളുമായി മൈക്രോ പൊളിറ്റിക്സ് ബന്ധപ്പെട്ടിരിക്കുന്നു.

- മാക്രോപൊളിറ്റിക്സ്

മാക്രോപൊളിറ്റിക്സും മൈക്രോപൊളിറ്റിക്സും തമ്മിൽ പരസ്പരബന്ധിതവും പരസ്പരാശ്രിതവുമായ ബന്ധമാണുള്ളതെന്ന് ദെല്യൂസും ഗ്വാട്ടാരിയും വാദിക്കുന്നു. മാക്രോ പൊളിറ്റിക്കൽ ഘടനകൾ മൈക്രോ പൊളിറ്റിക്കൽ സമ്പ്രദായങ്ങളാൽ സംയോജിപ്പിക്കപ്പെടു

കയും നിലനിർത്തപ്പെടുകയും ചെയ്യുന്നു, അതേസമയം മൈക്രോ പൊളിറ്റിക്കൽ പ്രവർത്തനങ്ങൾക്ക് മാക്രോപൊളിറ്റിക്കൽ സിസ്റ്റങ്ങളെ വെല്ലുവിളിക്കാനോ രൂപാന്തരപ്പെടുത്താനോ ശക്തിപ്പെടുത്താനോ കഴിയും. ഉദാഹരണത്തിന്, ചെറിയ തോതിലുള്ള പ്രവർത്തനങ്ങളിലും വ്യക്തിഗത പരിവർത്തനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സാമൂഹിക പ്രസ്ഥാനം (മൈക്രോപൊളിറ്റിക്സ്) ഒരു താഴേത്തട്ടിൽ ആരംഭിച്ചേക്കാം, എന്നാൽ കാലക്രമേണ അത് വലിയ രാഷ്ട്രീയ സ്ഥാപനങ്ങളെ (മാക്രോപൊളിറ്റിക്സ്) സ്വാധീനിക്കുകയോ മാറ്റുകയോ ചെയ്യാം. നേരെമറിച്ച്, മാക്രോപൊളിറ്റിക്കൽ തീരുമാനങ്ങൾ (നിയമങ്ങൾ അല്ലെങ്കിൽ നയങ്ങൾ പോലെ) വ്യക്തിപരവും സംഘടിതവുമായ പെരുമാറ്റത്തിനുള്ള സാധ്യതകൾ രൂപപ്പെടുത്തുന്നതിലൂടെ സൂക്ഷ്മരാഷ്ട്രീയ തലത്തെ ബാധിക്കും.

- മാക്രോപൊളിറ്റിക്സും മൈക്രോപൊളിറ്റിക്സും പരസ്പരബന്ധിതവും പരസ്പരാശ്രിതവുമാണ്

മാക്രോപൊളിറ്റിക്സ്, മൈക്രോപൊളിറ്റിക്സ് എന്നിവയെക്കുറിച്ചുള്ള ദെല്യൂസിന്റെയും ഗ്വാട്ടാരിയുടെയും ആശയങ്ങൾ അധികാരത്തിന്റെ പരമ്പരാഗത വീക്ഷണങ്ങളെ വെല്ലുവിളിക്കുന്നു. അധികാരം ഒന്നിലധികം തലങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും വിവിധ രൂപങ്ങളിൽ പ്രതിരോധം എങ്ങനെ സംഭവിക്കാമെന്നും മനസിലാക്കേണ്ടതിന്റെ പ്രാധാന്യം അവർ ഊന്നിപ്പറയുന്നു. രാഷ്ട്രീയ സിദ്ധാന്തം, സാമൂഹ്യശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഈ വീക്ഷണം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

- അധികാരത്തിന്റെ പരമ്പരാഗത വീക്ഷണങ്ങളെ വെല്ലുവിളിക്കുന്നു

ഗില്ലെസ് ദെല്യൂസിന്റെയും ഫെലിക്സ് ഗ്വാട്ടാരിയുടെയും തത്വചിന്തയുടെ കേന്ദ്രബിന്ദുവാണ് 'റൈസോം' എന്ന ആശയം. വിജ്ഞാനം, സംസ്കാരം, സാമൂഹിക ഘടനകൾ എന്നിവയുടെ രൂപകമായി റൈസോം ഉപയോഗിക്കുന്നു. ഇത് പരമ്പരാഗത ശ്രേണിയിലുള്ള, വൃക്ഷം പോലുള്ള ചിന്തയുടെയും സംഘടനയുടെയും ഘടനകൾക്ക് ബദൽ വാഗ്ദാനം ചെയ്യുന്നു. വ്യക്തമായ തുടക്കത്തിലും അവസാനത്തിലും രേഖീയമായി, ശ്രേണിക്രമത്തിൽ വളരുന്ന മരങ്ങൾ അല്ലെങ്കിൽ വേരുകൾ എന്നിവയിൽ നിന്ന് വ്യത്യസ്തമായി, ഒരു റൈസോം തിരശ്ചീനമായും കേന്ദ്രബിന്ദുവില്ലാതെയും വ്യാപിക്കുന്നു. അതിന് തുടക്കമോ അവസാനമോ ഇല്ല, അത് എല്ലാ ദിശകളിലേക്കും വളരുകയും ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു മധ്യഭാഗം മാത്രം. ഇത് ആശയങ്ങളുടെ ബഹുത്വത്തെയും പരസ്പര ബന്ധത്തെയും പ്രതിനിധീകരിക്കുന്നു. അവിടെ ഏത് പോയിന്റിനും മറ്റേതൊരു പോയിന്റുമായി ബന്ധിപ്പിക്കാൻ കഴിയും.

- റൈസോം ആശയങ്ങളുടെ ബഹുത്വത്തെയും പരസ്പര ബന്ധത്തെയും പ്രതിനിധീകരിക്കുന്നു

റൈസോം ഒരു ബഹുത്വമാണ്, അതായത് ഇത് ഒരു ഏകീകൃത സ്ഥാപനമല്ല, പരസ്പര ബന്ധങ്ങളുടെ ഒരു ശൃംഖലയാണ്. ഏക സത്യമോ ഉത്ഭവമോ ഇല്ല; പകരം, വൈവിധ്യവും ബഹുത്വവും ഊന്നിപ്പറയുന്ന നിരവധി വഴികളും സാധ്യതകളും ഉണ്ട്. ദ്വന്ദ്വവൈരുദ്ധ്യങ്ങളെയും ദ്വൈത ചിന്തകളെയും (നല്ലത്/മോശം, ശരി/തെറ്റ് എന്നിങ്ങനെ) റൈസോം പ്രതിരോധിക്കുന്നു. പകരം, ഒന്നിലധികം ഘടകങ്ങൾ ഒന്നിച്ച് നിലനിൽക്കുകയും സങ്കീർണമായ വഴികളിൽ സംവദിക്കുകയും ചെയ്യുന്നകൂടിച്ചേരൽ എന്ന യുക്തിയെ അത് പ്രോത്സാഹിപ്പിക്കുന്നു. ഒരു റൈസോമിലെ ഏതൊരു ബിന്ദുവും മറ്റേതെങ്കിലും ബിന്ദുവുമായി ബന്ധിപ്പെട്ടിരിക്കുന്നു, അതിന്റെ മൂലകങ്ങൾ വൈവിധ്യപൂർണമാ

ണ് (പ്രകൃതിയിൽ വ്യത്യസ്തമാണ്). വ്യത്യസ്തമായ ആശയങ്ങൾ, സമ്പ്രദായങ്ങൾ, പ്രതിഭാസങ്ങൾ എന്നിവ മുൻകൂട്ടി നിശ്ചയിച്ച ക്രമമോ ഘടനയോ പാലിക്കാതെ ഒരുമിച്ച് ബന്ധിപ്പിക്കാൻ കഴിയുമെന്നാണ് ഇതിനർഥം. ഒരു റൈസോമാറ്റിക് സിസ്റ്റത്തിൽ, മൂലകങ്ങൾ നിരന്തരം ഡിറ്റെറിറ്റോറിയലൈസ് ചെയ്യപ്പെടുകയും (അവരുടെ സാധാരണ സന്ദർഭത്തിൽ നിന്നോ അതിരുകളിൽ നിന്നോ നീക്കം ചെയ്യുകയും) വീണ്ടും ടെറിട്ടോറിയലൈസ് ചെയ്യുകയും ചെയ്യുന്നു (പുതിയ വഴികളിൽ വീണ്ടും സാന്ദർഭികമാക്കുന്നത്). ഈ പ്രക്രിയ സിസ്റ്റത്തിനുള്ളിൽ തുടർച്ചയായ ചലനത്തിനും മാറ്റത്തിനും അനുവദിക്കുന്നു.

- ഒരു റൈസോമിലെ ഏതൊരു ബിന്ദുവും മറ്റേതെങ്കിലും ബിന്ദുവുമായി ബന്ധിപ്പെട്ടിരിക്കുന്നു

വിജ്ഞാന ഉല്പാദനത്തിന്റെ കാര്യത്തിൽ, രേഖീയ പുരോഗതിക്കും ശ്രേണിപരമായ ഘടനകൾക്കും (അറിവിന്റെ മരങ്ങൾ പോലെ) മുൻഗണന നൽകുന്ന പരമ്പരാഗത ചിന്താ മാതൃകകളെ റൈസോം വെല്ലുവിളിക്കുന്നു. പകരം, പ്രവചനാതീതമായ രീതിയിൽ ആശയങ്ങൾ പ്രചരിപ്പിക്കാനും ലയിപ്പിക്കാനും പരിണമിക്കാനും കഴിയുന്ന അറിവിനെക്കുറിച്ചുള്ള കൂടുതൽ വഴക്കമുള്ളതും ചലനാത്മകവുമായ ധാരണയെ ഇത് പ്രോത്സാഹിപ്പിക്കുന്നു. സമൂഹത്തെയും രാഷ്ട്രീയത്തെയും കുറിച്ച് നമ്മൾ എങ്ങനെ ചിന്തിക്കുന്നു എന്നതിലും റൈസോമിന് സ്വാധീനമുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ ജീവിതം മുകൾത്തട്ടിൽ രൂപപ്പെടുത്തിയതല്ലെന്നും പകരം വിവിധ രീതികളിൽ പുനഃക്രമീകരിക്കാൻ കഴിയുന്ന ബന്ധങ്ങളുടെ സങ്കീർണമായ ഒരു ശൃംഖല യാണെന്നും ഇത് സൂചിപ്പിക്കുന്നു. സാംസ്കാരിക പദങ്ങളിൽ, റൈസോം രൂപകം, സാംസ്കാരിക സമ്പ്രദായങ്ങളെ സ്ഥിരമായതോ ഒറ്റപ്പെട്ടതോ എന്നതിലുപരി പരസ്പരബന്ധിതവും നിരന്തരം വികസിക്കുന്നതുമായി ചിന്തിക്കാൻ നമ്മെ പ്രോത്സാഹിപ്പിക്കുന്നു. മൊത്തത്തിൽ, റൈസോം ആശയം സങ്കീർണത, പരസ്പരബന്ധം, എന്നിവ മനസിലാക്കുന്നതിനുള്ള ശക്തമായ ഉപകരണമാണ്, അവ സാമൂഹികമോ സാംസ്കാരികമോ ബൗദ്ധികമോ ആകട്ടെ. തത്വചിന്ത, സാംസ്കാരിക പഠനങ്ങൾ, രാഷ്ട്രീയ സിദ്ധാന്തം എന്നിവയുൾപ്പെടെ വിവിധ മേഖലകളെ ഇത് സ്വാധീനിച്ചിട്ടുണ്ട്.

- സമൂഹത്തെയും രാഷ്ട്രീയത്തെയും കുറിച്ച് നമ്മൾ എങ്ങനെ ചിന്തിക്കുന്നു എന്നതിലും റൈസോമിന് സ്വാധീനമുണ്ട്

ഗില്ലെസ് ദെല്യൂസും ഫെലിക്സ് ഗ്വാട്ടാരിയും അവരുടെ മുതലാളിത്തവും സ്കീസോഫ്രീനിയയും എന്ന കൃതിയുടെ രണ്ടാം വാല്യമായ 'ആയിരം പീഠഭൂമികൾ' എന്ന പുസ്തകത്തിൽ,, 'നോമഡോളജി'(Nomadology), 'ദി വാർ മെഷീൻ' (The war Machine) എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്നു. നോമഡോളജിയിലെ കേന്ദ്ര വിഷയം 'നാടോടികളും' 'സ്റ്റേറ്റ് ഉപകരണവും' തമ്മിലുള്ള വൈരുദ്ധ്യമാണ്. ശാരീരികമായി അലഞ്ഞുതിരിയുന്നതിനെക്കുറിച്ചല്ല ദെല്യൂസും ഗ്വാട്ടാരിയും നാടോടികളാകുക എന്നത് കൊണ്ട് വിവക്ഷിച്ചത്. മറിച്ച് സ്ഥാപിത ഘടനകളിൽ നിന്നും മാനദണ്ഡങ്ങളിൽ നിന്നും സ്വത്വബോധങ്ങളിൽ നിന്നും രക്ഷപ്പെടുന്ന ഒരു രൂപകല്പന പ്രക്രിയ ആയിട്ടാണ്. ഒരു പ്രത്യേക റോളിലേക്കോ സ്വത്വത്തിലേക്കോ സ്ഥിരീകരിക്കപ്പെടുന്നതിനുപകരം തുടർച്ചയായി മാറുന്ന പ്രക്രിയ ഇതിൽ ഉൾപ്പെടുന്നു. ഭരണസംവിധാനം ഘടനാപരവും ശ്രേണിപരവും ഉദാസീനവുമായ ശക്തിയെ പ്രതിനിധീകരിക്കുന്നു, അതേസമയം നാടോടി ചഞ്ചലവും വികേന്ദ്രീകൃതവും ചലനാത്മകമായ പ്രതിരോധവും ഉൾക്കൊള്ളുന്നു. നാടോടികൾ ഭരണ സംവിധാന ക്രമങ്ങളുമായി പൊ

- Nomadolgy-സ്ഥാപിത ഘടനകളിൽ നിന്നും മാനദണ്ഡങ്ങളിൽ നിന്നും സ്വത്വബോധങ്ങളിൽ നിന്നുള്ള രക്ഷപ്പെടൽ

രുത്തപ്പെടുന്നില്ല. കൂടാതെ സ്ഥിരമായ സ്വത്വം, പ്രദേശങ്ങൾ അല്ലെങ്കിൽ നിയന്ത്രണ സംവിധാനങ്ങൾ എന്നിവ അടിച്ചേൽപ്പിക്കുന്നതിനെ ചെറുക്കുന്നു.

ദെല്യൂസും ഗ്വാട്ടാരിയും 'യുദ്ധ യന്ത്രം' (The War Machine)എന്ന ആശയം സർക്കാർ സംവിധാനത്തിന് പുറത്തുള്ള ഒന്നായി അവതരിപ്പിക്കുന്നു. യുദ്ധ യന്ത്രം സുഗമമായ ഇടങ്ങളിൽ പ്രവർത്തിക്കുന്ന ഒരു ശക്തിയാണ് ഇത് സ്വാഭാവികമായും അക്രമമോ സൈനികമോ അല്ല; പകരം, അത് ഭരണകൂടത്തിന്റെ സംഘടിതവും ശ്രേണിയെ കൃതവുമായ നിയന്ത്രണത്തെയും സംഘടനയെയും വെല്ലുവിളിക്കുന്ന ശക്തികളെ പ്രതിനിധീകരിക്കുന്നു. അത് ഭരണകൂട നിയന്ത്രണത്തിന് പുറത്തായി തുടരുകയും സമൂലമായ സ്വാതന്ത്ര്യത്തിന്റെ ഒരു രൂപത്തെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. അത് സ്വന്തം തത്വങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കുന്നത് ഭരണകൂടത്തിന്റെ തത്വങ്ങൾക്ക് അനുസരിച്ച് അല്ല. ഇത് കലാപരമായ പ്രസ്ഥാനങ്ങളോ വിപ്ലവ രാഷ്ട്രീയ ഗ്രൂപ്പുകളോ സ്ഥാപിത മാതൃകകളെ വെല്ലുവിളിക്കുന്ന ചില ശാസ്ത്രീയ അന്വേഷണങ്ങളോ ആകാം. നാടോടിശാസ്ത്രം പരമ്പരാഗത രാഷ്ട്രീയ ഘടനകളെ വെല്ലുവിളിക്കുകയും വികേന്ദ്രീകൃതവും ശ്രേണീകൃതമല്ലാത്തതും വഴക്കമുള്ളതുമായ പ്രതിരോധത്തിന്റെ രൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഭരണകൂടത്തിന്റെ പരിധിക്കപ്പുറമുള്ള ശക്തി, പ്രതിരോധം, സംഘടന എന്നിവയെക്കുറിച്ച് ചിന്തിക്കാനുള്ള ഒരു മാർഗം ഇത് വാഗ്ദാനം ചെയ്യുന്നു. ഈ ആശയം സ്വത്വം, ഇടം, സാമൂഹിക ഘടനകൾ എന്നിവയുടെ ദാർശനിക പുനരാലോചനയെ ക്ഷണിക്കുന്നു, 'നോമാഡോളജി' ആയി ബന്ധപ്പെട്ട ഡീല്യൂസിന്റെയും ഗ്വാട്ടാരിയുടെയും പ്രവർത്തനം സങ്കീർണവും അമൂർത്തവുമാണ്, എന്നാൽ സമൂഹത്തിലെ പ്രബലമായ ശക്തികളെയും സംഘടനകളെയും വിശകലനം ചെയ്യുന്നതിനും ചെറുക്കുന്നതിനും ഇത് ശക്തമായ മാർഗദർശനം നൽകുന്നു.

- ഭരണകൂടത്തിന്റെ സംഘടിതവും ശ്രേണിയെ കൃതവുമായ നിയന്ത്രണത്തെയും സംഘടനയെയും വെല്ലുവിളിക്കുന്ന ശക്തി

ഗില്ലെസ് ദെല്യൂസും ഫെലിക്സ് ഗ്വാട്ടാരിയും അവതരിപ്പിച്ച ശ്രദ്ധേയമായ മറ്റൊരു ആശയമാണ് 'അസംബ്ലേജ്' (അല്ലെങ്കിൽ ഫ്രഞ്ച് ഭാഷയിൽ 'ഏജൻസ്മെന്റ്). വൈവിധ്യമാർന്ന മൂലകങ്ങൾ ചേർന്ന ചലനാത്മകവും സങ്കീർണവുമായ ഒരു സംവിധാനമാണ് അസംബ്ലേജ്. അവ താൽക്കാലികമായി ഒത്തുചേർന്ന് പ്രവർത്തനപരമായ ഒരു രൂപം ആർജിക്കുന്നു. ഈ ഘടകങ്ങൾ ഭൗതിക വസ്തുക്കളോ ജീവജാലങ്ങളോ സാമൂഹിക സമ്പ്രദായങ്ങളോ ആശയങ്ങളോ ആകാം. ഈ ഘടകങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത് അവയുടെ സമാനതയല്ല, മറിച്ച് സംവദിക്കാനും ബന്ധിപ്പിക്കാനും ബന്ധങ്ങളുടെ ഒരു ശൃംഖല രൂപപ്പെടുത്താനുമുള്ള അവയുടെ കഴിവാണ്. അസംബ്ലേജുകളുടെ സവിശേഷത ബഹുത്വമാണ്. അവയ്ക്ക് സ്ഥിരവും ഏകവുമായ ഐഡന്റിറ്റി ഇല്ല, മറിച്ച് ഒന്നിലധികം സാധ്യതകളും മാർഗങ്ങളും ഉൾക്കൊള്ളുന്നു. ഈ ബഹുത്വം അസംബ്ലേജിനെ കാലത്തിനനുസരിച്ച് മാറ്റാനും പൊരുത്തപ്പെടുത്താനും അനുവദിക്കുന്നു.

- വൈവിധ്യമാർന്ന മൂലകങ്ങൾ ചേർന്ന ചലനാത്മകവും സങ്കീർണവുമായ ഒരു സംവിധാനമാണ് അസംബ്ലേജ്

അസംബ്ലേജുകൾ ടെറിട്ടോറിയലൈസേഷൻ (അതിർത്തികൾ, ഐഡന്റിറ്റികൾ, സുസ്ഥിരമായ ബന്ധങ്ങൾ എന്നിവയുടെ സ്ഥാപനം), ഡിറ്റെറിറ്റോറിയലൈസേഷൻ (ഈ അതിരുകളുടെ തകർച്ചയും പുതിയ

ബന്ധങ്ങളുടെയും സാധ്യതകളുടെയും ആവിർഭാവവും) പ്രക്രിയകൾക്ക് വിധേയമാണ്. ഈ പ്രക്രിയകൾ അസംബ്ലേജുകളുടെ നിലവിലുള്ളതും ചലനാത്മകവുമായ സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു, കാരണം അവ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളോടുള്ള പ്രതികരണമായി നിരന്തരം പുനർക്രമീകരിക്കപ്പെടുന്നു. തത്വചിന്ത, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ എന്നിവയുൾപ്പെടെ ഒന്നിലധികം വിഷയങ്ങളിൽ അസംബ്ലേജ് എന്ന ആശയം സ്വാധീനം ചെലുത്തിയിട്ടുണ്ട്. സാമൂഹിക സംവിധാനങ്ങളും സംഘടനകളും മുതൽ കലാപരമായ പ്രവർത്തനങ്ങളും സാങ്കേതിക ശൃംഖലകളും വരെയുള്ള വിവിധ പ്രതിഭാസങ്ങളെ വിശകലനം ചെയ്യാൻ ഇത് ഉപയോഗിച്ചു. സാമൂഹിക രൂപീകരണങ്ങളുടെ സങ്കീർണവും ചഞ്ചലവുമായ സ്വഭാവം മനസിലാക്കാൻ അസംബ്ലേജുകൾ സഹായകമായി. സമൂഹത്തിന്റെ നിശ്ചലമോ സ്ഥിരമോ ആയ വീക്ഷണങ്ങൾ അത് നിരസിക്കുന്നു. ഒത്തുചേരൽ എന്ന ആശയം സർഗാത്മകത, നവീകരണം, പുതിയ സൃഷ്ടികളോ ആവിഷ്കാരങ്ങളോ രൂപപ്പെടുത്തുന്നതിന് വ്യത്യസ്ത ഘടകങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്ന പ്രക്രിയ എന്നിവയെക്കുറിച്ചുള്ള ചർച്ചകളെ വികസിപ്പിച്ചു.

- സാമൂഹിക രൂപീകരണങ്ങളുടെ സങ്കീർണവും ചഞ്ചലവുമായ സ്വഭാവം

ലോകത്തിന്റെ സങ്കീർണതയും ചലനാത്മകതയും മനസിലാക്കുന്നതിനുള്ള ഒരു ശക്തമായ ഉപകരണമാണ് ദെല്യൂസിന്റെയും ഗ്വാട്ടാരിയുടെയും അസംബ്ലേജ് എന്ന ആശയം. സ്ഥിരമായ സ്വത്വങ്ങളുടെയും അതിരുകളുടെയും പരമ്പരാഗത ആശയങ്ങളെ ഇത് വെല്ലുവിളിക്കുന്നു, പകരം എല്ലാ വസ്തുക്കളുടെയും അസ്ഥിരത, ബഹുസ്വരത, പരസ്പരബന്ധം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു.

- എല്ലാ വസ്തുക്കളുടെയും അസ്ഥിരത, ബഹുസ്വരത, പരസ്പരബന്ധം

Summarised Overview

സംസ്കാര വിശകലനത്തിൽ പ്രാധാന്യമുള്ള ഒരു പരികല്പനയാണ് പ്രത്യയശാസ്ത്രം. കാൾ മാർക്സ് ഐഡിയോളജിക്ക് കപടാവബോധം എന്ന അർഥമാണ് നൽകിയിട്ടുള്ളത്. സാധാരണ ജനങ്ങൾക്ക് അവരുടെ യാഥാർഥ്യം തിരിച്ചറിയാൻ കഴിയാതെ ആകുന്നത് പ്രത്യയശാസ്ത്ര പ്രവർത്തനഫലമായിട്ടാണ് എന്ന് മാർക്സ് ആരോപിച്ചു. ഗ്രാംഷി, അൽത്തൂസർ ഹാബർമാസ്, തിയഡോർ അഡോർണൊ, മാക്സ് ഹൊർഖൈമർ എന്നീ ചിന്തകൾ തങ്ങളുടേതായ രീതിയിൽ പ്രത്യയശാസ്ത്ര പഠനം നടത്തിയിട്ടുണ്ട്. വ്യക്തികൾക്ക് അവരുടെ അസ്തിത്വത്തിന്റെ യഥാർഥ അവസ്ഥകളുമായുള്ള സാങ്കല്പിക ബന്ധത്തിന്റെ പ്രതിനിധാനം എന്നാണ് ലൂയി അൽത്തൂസർ പ്രത്യയശാസ്ത്രത്തെ നിർവചിക്കുന്നത്. പ്രത്യയശാസ്ത്ര ഉപകരണങ്ങളും ഭരണകൂടോപകരണങ്ങളും എന്ന ആശയം ലൂയി അൽത്തൂസർ വികസിപ്പിച്ചു. ഭരണവർഗത്തിന്റെ അധികാരവും നിയന്ത്രണവും നിലനിർത്തിക്കൊണ്ട് പ്രബലമായ പ്രത്യയശാസ്ത്രത്തെ പ്രചരിപ്പിക്കാനും ശക്തിപ്പെടുത്താനും സഹായിക്കുന്ന സമൂഹത്തിനുള്ളിലെ വിവിധ സ്ഥാപനങ്ങളെയും ഘടനകളെയുമാണ് ഐഡിയോളജിക്കൽ സ്റ്റേറ്റ് അപ്പരറ്റസ് (ഐഎസ്എ)എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. ഇത് പ്രാഥമികമായി പ്രവർത്തിക്കുന്നത് പ്രത്യയശാസ്ത്രത്തിലൂടെയാണ്. അവ ആളുകളുടെ വിശ്വാസങ്ങളും മൂല്യങ്ങളും ആചാരങ്ങളും രൂപപ്പെടുത്തുകയും നിലവിലുള്ള സാമൂഹിക ക്രമം സ്വാഭാവികവും അനിവാര്യവും ആണെന്ന് ബോധം വികസിപ്പിക്കുകയും ചെയ്യുന്നു എന്ന് ലൂയി അൽത്തൂസർ വാദിക്കുന്നു. റിപ്രസീവ് സ്റ്റേറ്റ് അപ്പരറ്റസ്(ആർഎസ്എ) നിർബന്ധിത മാർഗങ്ങളിലൂടെ ഭരണവർഗത്തിന്റെ ആധിപത്യം നിലനിർത്തുന്ന സ്ഥാപനങ്ങളും ഘടനകളും ഉൾക്കൊള്ളുന്നു. അടിച്ചമർത്തലിലൂടെയും ബലപ്രയോഗങ്ങളിലൂടെയും ഭരണകൂ

ടം അതിന്റെ അധികാരം വിനിയോഗിക്കുന്ന സ്ഥാപനങ്ങളും സംവിധാനങ്ങളുമാണ് ആർഎ സ്എകൾ.

ഫ്രെഡറിക് ജെയിംസണിന്റെ നിരീക്ഷണങ്ങൾ മാർക്സിസ്റ്റ് സാഹിത്യ സിദ്ധാന്തത്തിന്റെയും ഉത്തരാധുനികതയുടെയും മേഖലകളെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. 'പോസ്റ്റ് മോഡേണിസം അല്ലെങ്കിൽ 'ദി കൾച്ചറൽ ലോജിക് ഓഫ് ലേറ്റ് ക്യാപിറ്റലിസം' ഫ്രെഡറിക് ജെയിംസണിന്റെ ശ്രദ്ധേയ കൃതിയാണ്. സംസ്കാര പഠനങ്ങളെയും സാഹിത്യ പഠനങ്ങളെയും രാഷ്ട്രീയമായി വ്യാ ഖ്യാനിക്കേണ്ടതിന്റെ പ്രാധാന്യത്തിൽ ഊന്നുന്ന നിലപാടാണ് ഫ്രെഡറിക് ജെയിംസൺ പുലർ ത്തിയത്. സംസ്കാര പാഠങ്ങളിൽ നിലനിൽക്കുന്നതും വ്യാഖ്യാനത്തിലൂടെ പുനർനിർമിക്കേണ്ട തുമായ വർഗ സംഘർഷങ്ങളുടെ ദമിത യാഥാർഥ്യങ്ങളെ രാഷ്ട്രീയ അബോധം എന്ന് വിളിച്ചു. ആഖ്യാനങ്ങളെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാണാൻ സാധിക്കുന്ന ഉപരിതലത്തിൽ പ്രകടമല്ലാത്തതും അതേസമയം അമർത്തി വയ്ക്കപ്പെട്ടതുമായ യഥാർഥ ചരിത്രത്തിന്റെ ശക ലങ്ങളെയാണ് രാഷ്ട്രീയ അബോധമായി ഫ്രെഡറിക് ജെയിംസൺ വിലയിരുത്തുന്നത്. അദ്ദേ ഹം ഒരു പാഠത്തിന്റെ രാഷ്ട്രീയവത്കൃതവും ചരിത്രവത്കൃതവും ആയ വായനയുടെ പ്രാധാ ന്യത്തിൽ ഊന്നുന്നു. ഒരു സവിശേഷ പാഠരൂപം നിശ്ചിത ചരിത്ര സന്ദർഭത്തിൽ ഉൽപാദന രീതികളുമായി വൈരുദ്ധ്യാത്മക ബന്ധം പുലർത്തുന്നു എന്ന മാർക്സിയൻ നിലപാടിനെ ജെ യിംസൺ പിന്തുടരുന്നു. സെന്റർ ഫോർ കണ്ടമ്പററി കൾച്ചറൽ സ്റ്റഡീസിന്റെ ആദ്യ ഡയറക്ടറും സാംസ്കാരിക പഠനത്തിന്റെ പ്രാരംഭ സൈദ്ധാന്തികരിൽ പ്രമുഖനുമായ റിച്ചാർഡ് ഹൊഗാർട്ട് സംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ ജനപ്രിയ കലകളെ പഠിക്കാൻ ശ്രമിച്ചു. ബ്രിട്ടീഷ് സം സ്കാര രൂപത്തിന്റെ നിർമിതിയിൽ തൊഴിലാളിവർഗ കീഴാളവർഗ സംസ്കാരത്തിനുള്ള പങ്ക് വെളിപ്പെടുത്തുകയും തൊഴിലാളിവർഗ സംസ്കാരത്തിനുമേൽ അമേരിക്കൻ ജനപ്രിയ സം സ്കാരം എപ്രകാരമാണ് മേൽക്കോയ്മ നേടിയത് എന്ന് വിശകലനം നടത്തുകയും ചെയ്തു. പോരാട്ടത്തിന്റെ സമഗ്രമായ ശൈലി എന്ന് സംസ്കാരത്തെ നിർവചിച്ച ഇ.പി. തോംസൺ സം സ്കാരപഠനത്തിന്റെ ആദ്യകാല പ്രയോക്താവാണ്. വർഗസങ്കല്പനത്തെ സംസ്കാര സ്വരൂപം എന്ന നിലയിൽ തോംസൺ കാണുന്നു. ചരിത്രരചനയുടെ കേന്ദ്ര പ്രമേയമായി സംസ്കാരത്തെ സ്ഥാപിച്ചുകൊണ്ട് സംസ്കാരം, വർഗം എന്നീ പരികല്പനകളെ പുനർനിർവചിച്ചു. റെയ്മണ്ട് വില്യംസ് മാർക്സിസ്റ്റ് ആശയങ്ങളെ അതിന്റെ സാമ്പത്തിക മാത്രാവാദപരമായ അവസ്ഥയിൽ നിന്നും മോചിപ്പിക്കുവാൻ ശ്രമിച്ചു. ചരിത്രവും സംസ്കാരവും തമ്മിലുള്ള ബന്ധം അദ്ദേഹ ത്തിന്റെ മുഖ്യ പഠന വിഷയമാണ്. സംസ്കാരത്തെ ഒരു പ്രത്യേക ജീവിതരീതി എന്നാണ് അദ്ദേ ഹം വിശദീകരിച്ചത്. സാംസ്കാരിക ഭൗതികവാദം എന്ന ആശയം അവതരിപ്പിച്ചു. അദ്ദേഹം ചരിത്രപരമായ ഭൗതികവാദത്തിന്റെ വ്യാപ്തിയെ സംസ്കാരം, കല, സാഹിത്യം എന്നീ മേഖല കളിലേക്ക് വ്യാപിപ്പിച്ചു. കല, സാഹിത്യം, മതം, തത്വചിന്ത തുടങ്ങി സംസ്കാരത്തിന്റെ എല്ലാ വശങ്ങളും സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നു എന്ന് സാംസ്കാരിക ഭൗതികവാദം വിശദീകരിക്കുന്നു.

1980-കളിൽ മാർക്സിസത്തിന് സമാനമായി മിഷേൽ ഫൂക്കോയുടെയും സ്റ്റീഫൻ ഗ്രീൻ ബ്ലാറ്റിന്റെയും കൃതികളിലൂടെ വികസിച്ച വിമർശനാത്മക സമീപനമാണ് നവചരിത്രവാദം. സാഹിത്യവും അതിന്റെ ചരിത്രപശ്ചാത്തലവും തമ്മിലുള്ള ബന്ധത്തിൽ അത് ശ്രദ്ധ കേന്ദ്രീ കരിക്കുന്നു. സാഹിത്യകൃതികൾ അവ എഴുതപ്പെട്ട കാലത്തിന്റെയും സംസ്കാരത്തിന്റെയും ഉൽപ്പന്നങ്ങളാണെന്ന് നവചരിത്രവാദം വ്യക്തമാക്കുന്നു. ചരിത്രത്തിന്റെ പാഠപരതയും പാഠ ങ്ങളുടെ ചരിത്രപരതയും നവചരിത്രവാദം കൈകാര്യം ചെയ്യുന്നു. നവചരിത്രവാദം സാഹി ത്യത്തിന്റെ വ്യാഖ്യാനത്തെ അത് സൃഷ്ടിച്ച സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ ചുറ്റുപാടുകളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. തത്വചിന്ത രാഷ്ട്രീയ സിദ്ധാന്തം സാഹിത്യം സാംസ്കാരിക പഠനങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ആഴത്തിലുള്ള സ്വാധീനം ചെലു ത്തിയ ഫ്രഞ്ച് തത്വചിന്തകരായിരുന്നു. ഗില്ലെസ് ദെല്യൂസ്, ഫെലിക്സ് ഗ്വാട്ടാരി എന്നിവർ. ഗി

ല്ലെസ് ദെല്യൂസിന്റെയും ഫെലിക്സ് ഗ്വാട്ടാരിയുടെയും ശ്രദ്ധേയമായ ദാർശനിക കൃതിയായ 'ആന്റി-ഈഡിപ്പസ്'ൽ മുതലാളിത്തത്തെ ആഴത്തിൽ വിമർശിക്കുന്നു. സ്വന്തം ലക്ഷ്യങ്ങൾക്കു വേണ്ടി ആഗ്രഹങ്ങളെ വഴിതിരിച്ചുവിടുകയും ചൂഷണം ചെയ്യുകയും ചെയ്യുന്ന ഒരു സംവിധാനമായി മുതലാളിത്തത്തെ അതിൽ വിലയിരുത്തുന്നുണ്ട്. സ്വേച്ഛാധിപത്യ മാതൃകയായി ഫ്രോയിഡിന്റെ ആശയങ്ങളെ കാണുന്ന ഡെല്യൂസും ഗ്വാട്ടാരിയും 'സ്കിസോഅനാലിസിസ്'എന്ന ആശയം നിർദ്ദേശിക്കുന്നു. ആഗ്രഹം അടിച്ചമർത്താനുള്ള ഒന്നല്ലെന്നും സ്ഥാപിത സാമൂഹിക ഘടനകളെ അട്ടിമറിക്കാൻ കഴിയുന്ന ഒരു ചാലകശക്തിയാണെന്നും അവർ വാദിക്കുന്നു. അതുമായി ബന്ധപ്പെട്ട 'അവയവങ്ങളില്ലാത്ത ശരീരം'(BwO) എന്ന ആശയം അവർ അവതരിപ്പിക്കുന്നു. ദെല്യൂസിനും ഗ്വാട്ടാരിക്കും ആഗ്രഹം എന്നത് ഉല്പാദനപരവും സർഗാത്മകവുമായ ഒന്നാണ്. ആന്റി-ഈഡിപ്പസ്, ആയിരം പീഠഭൂമികൾ എന്നീ കൃതികളിൽ ദെല്യൂസും ഗ്വാട്ടാരിയും 'മൈക്രോപൊളിറ്റിക്സ്', 'മാക്രോപൊളിറ്റിക്സ്' എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്നു. ഫെലിക്സ് ഗ്വാട്ടാരിയുടെ തത്വചിന്തയുടെ കേന്ദ്രബിന്ദുവാണ് 'റൈസോം'എന്ന ആശയം. വിജ്ഞാനം, സംസ്കാരം, സാമൂഹിക ഘടനകൾ എന്നിവയുടെ രൂപകമായി റൈസോം ഉപയോഗിക്കുന്നു. 'ആയിരം പീഠഭൂമികൾ' എന്ന പുസ്തകത്തിൽ 'നോമഡോളജി','ദി വാർ മെഷീൻ' എന്നീ ആശയങ്ങൾ അവതരിപ്പിക്കുന്നു. നോമഡോളജിയിലെ കേന്ദ്രവിഷയം നാടോടികളും സ്റ്റേറ്റ് ഉപകരണവും തമ്മിലുള്ള വൈരുദ്ധ്യമാണ്. ഗില്ലെസ് ദെല്യൂസും ഫെലിക്സ് ഗ്വാട്ടാരിയും അവതരിപ്പിച്ച ശ്രദ്ധേയമായ മറ്റൊരു ആശയമാണ് 'അസംബ്ലേജ്'.

Assignments

1. സംസ്കാര വിശകലനത്തിൽ പ്രത്യയശാസ്ത്രം എന്ന പദത്തിന്റെ പ്രാധാന്യം വിശദീകരിച്ച് 'ഭരണകൂടോപകരണങ്ങളും പ്രത്യയശാസ്ത്രോപകരണങ്ങളും' എന്ന ആശയത്തെ വിവരിക്കുക.
2. സാംസ്കാരിക ഭൗതികവാദം എന്തെന്ന് വിശദമാക്കുക.
3. സംസ്കാരപഠനത്തിൽ റിച്ചാർഡ് ഹൊഗാർട്ട്, ഇ.പി. തോംസൺ, റെയ്മണ്ട് വില്യംസ് എന്നിവരുടെ സംഭാവനകൾ വിവരിക്കുക.
4. നവചരിത്ര വാദം-വിശദമാക്കുക.

Suggested Readings

1. സി.ബി. സുധാകരൻ, ഉത്തരാധുനികത, ഡി.സി. ബുക്സ്, കോട്ടയം.
2. മലയാള പഠന സംഘം, സംസ്കാരപഠനം: ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ.
3. അജു കെ. നാരായണൻ.(എഡി.), താക്കോൽ വാക്കുകൾ, ഭൂമിമലയാളം, മലയാള വിഭാഗം, യു.സി കോളേജ്, ആലുവ.
4. കെ.വി. ശശി.(എഡി.), സൗന്ദര്യവും രാഷ്ട്രീയവും: സാഹിത്യ പഠനത്തിലെ സിദ്ധാന്തകാണ്ഡം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.
5. ദിലീപ് രാജ്, നവചരിത്രവാദം, ഡി.സി. ബുക്സ്, കോട്ടയം.

References

1. ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ.(എഡി.), നവസാഹിത്യം നവസംസ്കാരം ധാരകൾ ധാരണകൾ, പുസ്തകലോകം, കോഴിക്കോട്.
2. കെ. ജീവൻകുമാർ, റെയ്മണ്ട് വില്യംസ്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. വി.സി. ഹാരിസ്, പി.എസ്. രാധാകൃഷ്ണൻ.(എഡി.), സംസ്കാരപഠനം പുതിയ സങ്കല്പനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

മൂന്നാംലോകത്തിന്റെ സാംസ്കാരിക സങ്കല്പങ്ങൾ

Learning Outcomes

- മൂന്നാംലോകത്തിന്റെ സാംസ്കാരിക സങ്കല്പങ്ങൾ മനസിലാക്കുന്നു
- ഓറിയന്റലിസത്തിന്റെ വിമർശനം അറിയുന്നു
- ജനപ്രിയ സംസ്കാരത്തെ കുറിച്ച് അറിവ് നേടുന്നു
- ബഹുജന സംസ്കാരം എന്തെന്നറിയുന്നു
- ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ ചിന്തകൾ മനസിലാക്കുന്നു

Background

സാമൂഹികപരവും സാമ്പത്തികപരവും രാഷ്ട്രീയപരവുമായി ഒരു സമൂഹത്തിനുമേൽ ആധിപത്യം സ്ഥാപിച്ച് തങ്ങൾക്കിഷ്ടമുള്ള രീതിയിൽ പ്രവർത്തിക്കുകയെന്നത് സാമ്രാജ്യ ശക്തികളുടെ കാലങ്ങളായുള്ള സ്ഥിതിവിശേഷമാണ്. പ്രധാനമായും യൂറോപ്യൻ ശക്തികൾ ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഇപ്രകാരം ആധിപത്യം സ്ഥാപിച്ചു. പത്തൊൻപതാം നൂറ്റാണ്ടു മുതൽ ഉയർന്നുവന്ന ആധുനിക ചിന്തകൾ പുതിയ സാമ്പത്തിക ക്രമീകരണങ്ങളും മാനവികതാദർശനങ്ങളും രൂപപ്പെടുത്തി. കൊളോണിയലിസത്തിനെതിരെയും സാമ്രാജ്യത്വത്തിനെതിരെയും വിമർശനാത്മക ചിന്തകൾ രൂപപ്പെട്ടതോടെ സ്വത്വത്തെക്കുറിച്ചുള്ള ചിന്തകളും ആശയങ്ങളും പ്രബലമായി. ബൗദ്ധികമായും സാമൂഹികമായും സാംസ്കാരികമായും മെച്ചപ്പെട്ട ജീവിതാവസ്ഥ അവകാശമാണെന്ന ചിന്ത ദൃഢപ്പെട്ടു. സ്വത്വപ്രശ്നങ്ങൾ, ഘടനാപരമായ അനീതികൾ, ഭാഷാപരമായ ചിന്തകൾ എന്നിവയ്ക്കായി സൈദ്ധാന്തിക സമീപനങ്ങൾ രൂപം കൊണ്ടു. 'കൊളോണിയൽ ശക്തികളാൽ ചരിത്രപരമായി പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ സാംസ്കാരിക രീതികളും ആവിഷ്കാരങ്ങളും സ്വത്വങ്ങളും പരിശോധിക്കുന്ന ഒരു അക്കാദമിക് മേഖലയാണ് 'മൂന്നാംലോക സാംസ്കാരിക പഠനങ്ങൾ'. യൂറോപ്യൻ ശക്തികൾ കീഴടക്കി വച്ചിരുന്ന ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ ഭൂഖണ്ഡങ്ങളാണ് ഇന്ന് മൂന്നാംലോകമെന്ന് അറിയപ്പെടുന്നത്. സാംസ്കാരിക പഠനങ്ങളിലെ പാശ്ചാത്യ വീക്ഷണങ്ങളുടെ ആധിപത്യത്തോടുള്ള പ്രതികരണമായാണ് ഇത് ഉയർന്നുവന്നത്. കൊളോണിയൽ ചരിത്രങ്ങൾ, പ്രതിരോധം, ആഗോളവൽക്കരണം, സാമൂഹിക-സാമ്പത്തിക അസമത്വങ്ങളുടെ നിലവിലുള്ള ആഘാതം എന്നിവയാൽ മൂന്നാംലോകത്ത് സംസ്കാരങ്ങൾ എങ്ങനെ രൂപപ്പെട്ടുവെന്ന് ഈ അന്തർ വൈജ്ഞാനിക മേഖല വിശകലനം ചെയ്യുന്നു.

എയിം സെസയർ (Aime Cesaire) ആൽബർട്ട് മെമി (Albert Memmi), അമിൽകർ കബ്രാൾ (Amilcar Cabral), ക്വാമെ എൻക്രൂമ (Kwame Nkrumah), ഫ്രാൻസ് ഫാനൻ (Frantz Fanon), ഴാങ് പോൾ സാർത്ര് (Jean Paul Sartre), ഹോമി ഭാബ (Homi Bhabha), എഡ്വേർഡ് സെയ്ദ് (Edward said), വോൾ സോയിങ്ക (wole Soyinka), ഗായത്രി ചക്രവർത്തി സ്പിവാക്ക് (Gayatri Chakravorty Spivak) എന്നിവർ ഈ മേഖലയിൽ പ്രശസ്തരാണ്. ആൽബർട്ട് മെമിയുടെ 'Coloniser and the

Colonised' എന്ന ഗ്രന്ഥത്തിൽ കോളനീകരണം എങ്ങനെ അധിനിവേശകനെയും അധിനിവേശിതനെയും സൃഷ്ടിക്കുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്. കൊളോണിയലിസം എത്രത്തോളം ഹീനവും മനുഷ്യത്വരഹിതവും ചൂഷണ നിഷ്ഠവുമാണെന്ന് ഫ്രാൻസ് ഫാനൻ ചൂണ്ടിക്കാട്ടുന്നു. 'ഡീ കോളണൈസേഷൻ' പുതിയ മനുഷ്യന്റെ സൃഷ്ടിയെക്കുറിക്കുന്നു. കോളനിവത്കരിക്കപ്പെട്ട വസ്തു സ്വാതന്ത്ര്യം നേടുന്നതോടെ മനുഷ്യനായി രൂപാന്തരം പ്രാപിക്കുന്നു'' (ഡോ.ജെ. പ്രഭാഷ്, ഫ്രാൻസ് ഫാനൻ) എന്ന് ഫാനൻ നിരീക്ഷിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ടവന് പ്രഥമ പരിഗണന നൽകുക എന്നതാണ് പ്രാഥമിക ലക്ഷ്യം. ഈ മേഖലയിലെ പണ്ഡിതന്മാർ സാഹിത്യം, കല, സംഗീതം, സിനിമ, മറ്റ് സാംസ്കാരിക രൂപങ്ങൾ എന്നിവ വിശകലനം ചെയ്ത് പോസ്റ്റ് കൊളോണിയൽ സന്ദർഭങ്ങളിലെ സ്വത്വം, അധികാരം, പ്രാതിനിധ്യം എന്നിവയുടെ സങ്കീർണത മനസിലാക്കുന്നു.

Keywords

മൂന്നാംലോകം-ആശ്രിതത്വ സിദ്ധാന്തം-നവകൊളോണിയലിസം-സാങ്കല്പ്പിക കമ്മ്യൂണിറ്റി-ഫ്രാൻസ് ഫാനൻ-എഡ്വേർഡ് സെയ്ദ്-ഓറിയന്റലിസം-സബാൾട്ടേൺ-യൂറോ സെൻട്രിക്-നെഗ്രിറ്റ്യൂഡ്-ജനപ്രിയ ബഹുജന സംസ്കാരം-ഫ്രാങ്ക്ഫർട്ട് സ്കൂൾ-ചരക്ക്-പോളിസെമി-സാംസ്കാരിക ഭൗതികവാദം

Discussion

മൂന്നാംലോക സാംസ്കാരിക പഠനമേഖല, ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ രാജ്യങ്ങളെ കേന്ദ്രീകരിച്ച് പോസ്റ്റ് കൊളോണിയൽ സമൂഹങ്ങളിലെ സാംസ്കാരിക രീതികൾ, പ്രാതിനിധ്യങ്ങൾ, സ്വത്വങ്ങൾ എന്നിവ പരിശോധിക്കുന്നു. അധികാരം, പ്രതിരോധം, ആഗോളവൽക്കരണം എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്കാരം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് വിശകലനം ചെയ്യുന്നതിനായി പോസ്റ്റ് കൊളോണിയൽ പഠനങ്ങൾ, സാംസ്കാരിക പഠനങ്ങൾ, വിമർശനാത്മകസിദ്ധാന്തം എന്നിവയിൽ നിന്നുള്ള സിദ്ധാന്തങ്ങളെ സമന്വയിപ്പിക്കുന്നു. ആഗോളമുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും കൊളോണിയലിസത്തിന്റെ സാംസ്കാരിക ആഘാതങ്ങളുടെയും വിമർശനങ്ങളിൽ മൂന്നാംലോക സാംസ്കാരികപഠനങ്ങൾ ശ്രദ്ധയൂന്നുന്നു. ഫ്രാൻസ് ഫാനൻ, എഡ്വേർഡ് സെയ്ദ് തുടങ്ങിയ മൂന്നാംലോക പണ്ഡിതർ, സംസ്കാരം, സ്വത്വം, സാമൂഹികഘടന എന്നിവയിൽ കൊളോണിയലിസത്തിന്റെ ശാശ്വത സ്വാധീനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. തദ്ദേശീയ സംസ്കാരങ്ങളെ തുരങ്കം വച്ചുകൊണ്ട് കൊളോണിയൽ ശക്തികൾ അവരുടെ മൂല്യങ്ങളും മാനദണ്ഡങ്ങളും എങ്ങനെ അടിച്ചേൽപ്പിച്ചുവെന്ന് അവർ അന്വേഷിക്കുന്നു.

- മൂന്നാംലോക സാംസ്കാരിക പഠനങ്ങൾ

ആശ്രിതത്വസിദ്ധാന്തം, സാംസ്കാരികപ്രതിരോധം, സങ്കരത്വവും സമന്വയവും, സാമ്രാജ്യത്വവിരുദ്ധത, ആഗോളഐക്യദാർഢ്യം, സാംസ്കാരിക സ്വയംഭരണം, സാംസ്കാരിക സാമ്രാജ്യത്വം, ആഗോളവൽക്കരണവും അന്തർദേശീയതയും, പ്രവാസപഠനങ്ങൾ, ദേശീയതയും സ്വത്വരാഷ്ട്രീയവും, ലിംഗ-സ്ത്രീവാദ സിദ്ധാന്തങ്ങൾ, സാംസ്കാരികപ്രതിരോധവും ജനപ്രിയസംസ്കാരവും തുടങ്ങിയവ മൂന്നാംലോക സാംസ്കാരിക പഠനങ്ങളുമായി ബന്ധപ്പെട്ട മുഖ്യവിഷയങ്ങളാണ്.

ആന്ദ്രെ ഗുണ്ടർ ഫ്രാങ്ക് (Andre Gunder Frank), സമീർ അമീൻ (Samir Amin) തുടങ്ങിയ നിയോമാർക്സിസ്റ്റ് പണ്ഡിതന്മാർ വികസിപ്പിച്ചെടുത്ത ആശ്രിതത്വസിദ്ധാന്തം (Dependency theory), വികസിത രാജ്യങ്ങളുടെ സമ്പത്ത് മൂന്നാംലോക രാജ്യങ്ങളുടെ തുടർച്ചയായ അവികസിതാവസ്ഥയെ ആശ്രയിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നു. ആഗോള വടക്കും തെക്കും തമ്മിലുള്ള ചൂഷണബന്ധങ്ങളെ ഇത് എടുത്തുകാണിക്കുന്നു. നവകൊളോണിയലിസത്തിനും സാംസ്കാരിക സാമ്രാജ്യത്വത്തിനും എതിരായ പ്രതിരോധത്തിന്റെ ഒരു രൂപമെന്ന നിലയിൽ തദ്ദേശീയ സംസ്കാരങ്ങളെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം പല മൂന്നാംലോക രാജ്യങ്ങളും ഊന്നിപ്പറയുന്നു. പ്രാദേശിക ഭാഷകൾ. പാരമ്പര്യങ്ങൾ, കലകൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. മൂന്നാംലോക സാംസ്കാരിക വീക്ഷണങ്ങൾ പലപ്പോഴും സങ്കരത്വം സ്വീകരിക്കുന്നു. അവിടെ പാശ്ചാത്യ തദ്ദേശീയ സംസ്കാരങ്ങളുടെ ഘടകങ്ങൾ കൂടിച്ചേർന്ന് പുതിയതും അതുല്യവുമായ സാംസ്കാരിക രൂപങ്ങൾ സൃഷ്ടിക്കുന്നു. സാഹിത്യത്തിലും സംഗീതത്തിലും മറ്റ് സാംസ്കാരിക ആവിഷ്കാരങ്ങളിലും ഇത് കാണാൻ കഴിയും. പാശ്ചാത്യ ശക്തികൾ മൂന്നാംലോക രാജ്യങ്ങളെ സാമ്പത്തികമായും സാംസ്കാരികമായും എങ്ങനെ ചൂഷണം ചെയ്യുകയും ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നു എന്നതിനെ വിമർശിക്കുന്നു. ശക്തമായ സാമ്രാജ്യത്വ വിരുദ്ധ നിലപാട് പുലർത്തുക,അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കിടയിൽ ആഗോള ഐക്യദാർഢ്യത്തിനായി വാദിക്കുക, മുതലാളിത്ത, സാമ്രാജ്യത്വ ഘടനകളെ വെല്ലുവിളിക്കുന്നതിന് അന്താരാഷ്ട്ര സഹകരണത്തിന്റെ ആവശ്യകത ഊന്നിപ്പറയുക തുടങ്ങിയവ പ്രധാനപ്പെട്ട മൂന്നാലോക സാംസ്കാരിക വീക്ഷണങ്ങൾ ആണ്.

- നവകൊളോണിയലിസത്തിനും സാംസ്കാരിക സാമ്രാജ്യത്വത്തിനും എതിര്

മൂന്നാംലോക രാജ്യങ്ങൾ അവരുടെ സാംസ്കാരിക പൈതൃകം വീണ്ടെടുക്കുകയും പാശ്ചാത്യ സാംസ്കാരിക ആധിപത്യത്തെ ചെറുക്കുകയും ചെയ്യുന്ന സാംസ്കാരിക സ്വയംഭരണം എന്ന ആശയത്തെ പിന്തുണയ്ക്കുന്നു. പ്രാദേശിക സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും പാശ്ചാത്യമൂല്യങ്ങൾ അടിച്ചേൽപ്പിക്കുന്നതിനെ നിരാകരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം, മൂന്നാംലോകത്തിലെ ജനകീയ സംസ്കാരം പ്രബലമായ സാംസ്കാരിക വിവരണങ്ങൾക്കും സമ്പ്രദായങ്ങൾക്കും എതിരായ പ്രതിരോധത്തിന്റെ ഒരു മേഖലയായി എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പരിശോധിക്കുന്നു. സംഗീതം, സിനിമ, സാഹിത്യം, തുടങ്ങിയവയിലെ പ്രാദേശിക സ്വത്വങ്ങൾ വ്യക്ത

- സാംസ്കാരിക സ്വയംഭരണം എന്ന ആശയം

മാക്കുന്ന, ആഗോള മേധാവിത്വങ്ങളെ ചെറുക്കുന്ന, സാംസ്കാരിക രൂപങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുകയും ചെയ്യുന്നു.

പാശ്ചാത്യശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ആഗോള മാധ്യമങ്ങളും സാംസ്കാരിക വ്യവസായങ്ങളും അവരുടെ സാംസ്കാരിക മൂല്യങ്ങളും ആചാരങ്ങളും മൂന്നാംലോക സമൂഹങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിനെയും തത്ഫലമായി സാംസ്കാരിക ഏകീകരണവും തദ്ദേശീയ സംസ്കാരങ്ങളുടെ തകർച്ചകൾ സംഭവിക്കുന്നതിനെയും മൂന്നാംലോക സാംസ്കാരിക പഠനമേഖലയിലെ സിദ്ധാന്തങ്ങൾ പരിശോധിക്കുന്നു. മനുഷ്യരുടെ ആഗോള പ്രവാഹം, ചരക്കുകൾ, ആശയങ്ങൾ എന്നിവ മൂന്നാംലോകത്തിലെ സാംസ്കാരിക സ്വത്വങ്ങളെയും സമ്പ്രദായങ്ങളെയും എങ്ങനെ സ്വാധീനിക്കുന്നു എന്നും മനസിലാക്കുന്നു. കോളനിയനന്തര രാജ്യങ്ങൾ ദേശീയസ്വത്വങ്ങൾ രൂപപ്പെടുത്തുന്നതിനും നിയോകൊളോണിയൽ സ്വാധീനങ്ങളെ ചെറുക്കുന്നതിനും സംസ്കാരത്തെ എങ്ങനെ ഉപയോഗിക്കുന്നു എന്നും ഈ മേഖല വിശകലനം ചെയ്യുന്നു .

- പാശ്ചാത്യ ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ആഗോള മാധ്യമങ്ങൾ

ആഗോള സാംസ്കാരിക പ്രവാഹങ്ങളെയും അന്തർദേശീയതയെയും കുറിച്ചുള്ള അർജുൻ അപ്പാദുരൈ (Arjun Appadurai)യുടെ പ്രവർത്തനങ്ങൾ ആഗോളവൽക്കരിക്കപ്പെട്ട ലോകത്തിലെ സാംസ്കാരിക ഇടപെടലുകളുടെ സങ്കീർണതകളെ എടുത്തുകാണിക്കുന്നു. സാംസ്കാരിക സമ്പ്രദായങ്ങളിലൂടെ ദേശീയ സ്വത്വങ്ങൾ എങ്ങനെ നിർമിക്കപ്പെടുന്നു എന്ന് മനസിലാക്കുന്നതിൽ ബെനഡിക്റ്റ് ആൻഡേഴ്സന്റെ (Benedict Anderson) 'സാങ്കല്പിക കമ്മ്യൂണിറ്റികൾ' (Imagined Communities) എന്ന ആശയം സുപ്രധാനമാണ്. സ്റ്റുവർട്ട് ഹാളി (Stuart Hall) നെപ്പോലുള്ള പണ്ഡിതരുടെ കൃതികൾ, നാടുകടത്തൽ, സങ്കരത്വം, സമന്വയം തുടങ്ങിയ ആശയങ്ങളിലൂടെ പ്രവാസികൾ സാംസ്കാരിക സ്വത്വത്തെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്ന് പരിശോധിക്കുന്നു.ചന്ദ്ര തൽപാഡെ മൊഹന്തി (Chandra Talpade Mohanty) യെപ്പോലുള്ള മൂന്നാംലോക ഫെമിനിസ്റ്റ് പണ്ഡിതർ മൂന്നാംലോകത്തുള്ള സ്ത്രീകളുടെ പ്രത്യേക സാംസ്കാരിക രാഷ്ട്രീയ സന്ദർഭങ്ങളെ പരിഗണിക്കാതെയുള്ള പാശ്ചാത്യ ഫെമിനിസ്റ്റ് ചട്ടക്കൂടുകളെ വിമർശിക്കുന്നു. മൂന്നാംലോക സാംസ്കാരിക സിദ്ധാന്തങ്ങൾ, മൂന്നാംലോകത്തിലെ സംസ്കാരം, ശക്തി, സ്വത്വം എന്നിവയുടെ സങ്കീർണമായ പരസ്പരബന്ധം മനസിലാക്കുന്നതിനുള്ള ഫലപ്രദമായ ഒരു ചട്ടക്കൂട് നൽകുന്നു. സാംസ്കാരിക സമ്പ്രദായങ്ങൾ ചരിത്രപരവും സമകാലികവുമായ ശക്തികളാൽ രൂപപ്പെടുന്ന രീതികൾ എടുത്തുകാണിക്കുന്നു. ആഗോളശക്തി, സംസ്കാരം, പ്രതിരോധം എന്നിവയെക്കുറിച്ചുള്ള വിമർശനാത്മക ഉൾക്കാഴ്ചകൾ നൽകുകയും പാശ്ചാത്യ മുതലാളിത്തത്തിന്റെയും സംസ്കാരത്തിന്റെയും ആധിപത്യത്തെ വെല്ലുവിളിച്ച് കൂടുതൽ സമത്വവും സാംസ്കാരിക വൈവിധ്യവും ഉള്ള ഒരു ലോകത്തിന്റെ ആവശ്യകത ഉയർത്തിക്കാട്ടുകയും ചെയ്യുന്നു.

- സാങ്കല്പിക കമ്മ്യൂണിറ്റികൾ

ഫ്രാൻസ് ഫാനൻ (Frantz Fanon)

ഫ്രഞ്ച് അധിനിവേശരാജ്യമായിരുന്ന മാർട്ടിനിക്കിൽ (കരീബിയൻ ദ്വീപ് സമൂഹത്തിലെ ഒരു പ്രദേശം) ജനിച്ച മനഃശാസ്ത്രജ്ഞനും

രാഷ്ട്രീയ തത്വചിന്തകനുമായ ഫ്രാൻസ് ഫാനൻ, കൊളോണിയലിസത്തെക്കുറിച്ചും മൂന്നാംലോക സംസ്കാരങ്ങളിൽ അതിന്റെ സ്വാധീനത്തെക്കുറിച്ചും മനസിലാക്കുന്നതിൽ കാര്യമായ സംഭാവനകൾ നൽകി. അദ്ദേഹത്തിന്റെ 'ബ്ലാക്ക് സ്കിൻ, വൈറ്റ് മാസ്ക്' (Black Skin, White Masks), 'ദ റെച്ചഡ് ഓഫ് ദ എർത്ത് (The Wretched of the Earth), 'എ ഡൈയിംഗ് കൊളോണിയലിസം, റ്റുവേർഡ്സ് ദ ആഫ്രിക്കൻ റവല്യൂഷൻ' (A Dying colonialisam, Towards the African Revolution) എന്നീ കൃതികൾ കൊളോണിയലിസത്തിന്റെ മാനസികവും സാംസ്കാരികവുമായ മാനങ്ങളിലേക്ക് ആഴത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുന്നു. അൾജീരിയയിലേക്കുള്ള കുടിയേറ്റമാണ് ഫാനനിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. ഫ്രഞ്ച് അധിനിവേശത്തിനെതിരെ നടന്ന ദേശീയ സമരത്തിൽ പങ്കാളിയാകുന്നതോടെ അദ്ദേഹം സായുധ കലാപകാരിയായി മാറി. സ്വജീവിതാനുഭവങ്ങളാണ് ഫാനനെ കൊളോണിയൽ വിരുദ്ധ മുന്നേറ്റത്തിന്റെ സൈദ്ധാന്തികനായി രൂപപ്പെടുത്തിയത്.



ഫ്രാൻസ് ഫാനൻ

ഇടത്തരം നീഗ്രോ കുടുംബത്തിലാണ് ഫ്രാൻസ് ഫാനൻ ജനിച്ചത്. ആഫ്രിക്കൻ വംശജനായിരുന്നു മുതുമുത്തച്ഛൻ. അമ്മ എലനർ ഫാനൻ. അച്ഛൻ കാസിമിർ ഫാനൻ. ഫാനനിന്റെ ജീവിതം കറുത്തവനും വെളുത്തവനും തമ്മിലുള്ള സംഘർഷത്തിലൂടെയാണ് കടന്നു പോയത്. കറുത്തവനായിരിക്കെ വെളുത്തവനെ അനുകരിക്കാനുള്ള വ്യഗ്രത, ഒരർഥത്തിൽ താൻ വെളുത്തവൻ തന്നെയാണെന്ന വിശ്വാസം. ഇതായിരുന്നു ആദ്യനാളുകളിൽ ഉണ്ടായിരുന്നത്. ഫ്രഞ്ച് പട്ടാളത്തിൽ ചേരുന്നതോടെ വെളുത്ത സൈനികനും കറുത്ത സൈനികനും ഫ്രാൻസിനെയല്ല, മറിച്ച് രണ്ടു വർണങ്ങളെയാണ് പ്രതിനിധീകരിക്കുന്നതെന്ന സത്യം മനസിലാക്കി. മെഡിസിനും സൈക്യാട്രിയും പഠിക്കാൻ പാരീസിലെത്തുമ്പോഴും വർണവിവേചനത്തിന്റെ വൈഷമ്യങ്ങൾ അനുഭവിച്ചു. പാതയോരത്ത് വെച്ച് ഒരിക്കലുണ്ടായ അനുഭവം അദ്ദേഹത്തെ വല്ലാതെ ഉലച്ചു. അമ്മയോടൊപ്പം നടക്കുകയായിരുന്ന വെള്ളക്കാരിയായ ബാലിക ഫാനനെ കണ്ട് ഭയചകിതയാവുകയും അമ്മയോട് തനിക്ക് പേടിയാവുന്നു എന്ന് പറയുകയും ചെയ്തതാണ് സംഭവം. 'Mum, look at the Negro, I am frightened ". ഇത് ഒരിക്കലും ഉണങ്ങാത്ത മുറിവായി അദ്ദേഹത്തെ സദാ അലട്ടി. തുടർന്ന് വർണവിവേചനത്തിനും കോളണി വാഴ്ചയ്ക്കും എതിരായുള്ള സമരത്തിന്റെ തീക്കനൽ മനസിൽ ആളിക്കത്തി.(ഡോ.ജെ.പ്രഭാഷ് എഴുതിയ ഫ്രാൻസ് ഫാനൻ എന്ന കൃതിയിൽ നിന്ന്)

കൊളോണിയലിസം കോളനിവൽക്കരിക്കപ്പെട്ടവരിൽ ഒരു വിദേശ സംസ്കാരം അടിച്ചേൽപ്പിക്കുന്നു, ഇത് സാംസ്കാരിക അന്യവൽക്കരണത്തിലേക്ക് നയിക്കുന്നു എന്ന് ഫാനൻ വാദിച്ചു. തദ്ദേശീയരെ സ്വന്തം സംസ്കാരത്തെ താഴ്ന്നതായി കാണാനും കോളനിവൽക്കരണ സംസ്കാരത്തെ ആരാധനയോടെ വീക്ഷിക്കാനും ഉള്ള പ്രവണത ഇത് ഉളവാക്കുന്നു, അതിന്റെ ഫലമായി സാംസ്കാരിക സ്വത്വം നഷ്ടപ്പെടുന്നു. ഇതിന്റെ തുടർച്ചയായി മാനസികമായ വിവിധതരം ആഘാതങ്ങൾക്ക് കോളനിവൽക്കരിക്കപ്പെട്ടവർ വിധേയരാകുന്നു. അവരിൽ അപകർഷതാബോധവും സ്വയം സംശയവും ഉടലെടുക്കുന്നു. ഈ

- വിദേശസംസ്കാരം സാംസ്കാരിക അന്യവൽക്കരണത്തിന് കാരണമാകുന്നു

മനഃശാസ്ത്രപരമായ ആഘാതം അഗാധമാണ്, അത് സ്വയം ധാരണയെയും കൂട്ടായ സ്വത്വത്തെയും ബാധിക്കുന്നു.

കോളനിവൽക്കരിക്കപ്പെട്ടവർക്ക് അവരുടെ സ്വത്വവും സംസ്കാരവും വീണ്ടെടുക്കാൻ ആവശ്യമായ ഉപാധിയായാണ് ഫാനൻ അക്രമത്തെ കണ്ടത്. ചെറുത്തുനിൽപ്പിലൂടെയും പോരാട്ടത്തിലൂടെയും അടിച്ചമർത്തപ്പെട്ടവർക്ക് അവരുടെ പ്രവർത്തനബോധവും ആത്മാഭിമാനവും വീണ്ടെടുക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. കൊളോണിയലിസത്തിന്റെ അടിച്ചമർത്തൽ സ്വഭാവം ഉണ്ടായിരുന്നിട്ടും, കോളനിവൽക്കരിക്കപ്പെട്ട സംസ്കാരങ്ങൾ ചെറുത്തുനിൽപ്പിന്റെ ഘടകങ്ങൾ നിലനിർത്തുന്നുവെന്ന് ഫാനൻ അഭിപ്രായപ്പെട്ടു. തനത് സാംസ്കാരിക രൂപങ്ങളെ ഇല്ലാതാക്കാനുള്ള കൊളോണിയൽ ശ്രമങ്ങൾക്കിടയിലും നിലനിൽക്കുന്ന ഭാഷ, കല, പാരമ്പര്യങ്ങൾ എന്നിവയിലൂടെ ഇവ പ്രകടമാകും. വിമോചനത്തിനുശേഷമുള്ള ഒരു പുതിയ സംസ്കാരത്തിന്റെ ആവിർഭാവം ഫാനൻ വിഭാവനം ചെയ്തു, അത് തദ്ദേശീയ പാരമ്പര്യങ്ങളെ മറ്റ് സംസ്കാരങ്ങളുടെ നല്ല വശങ്ങളുമായി സമന്വയിപ്പിക്കുകയും, പുനരുജ്ജീവിപ്പിക്കുകയും സജീവമായ ഒരു സാംസ്കാരിക സ്വത്വത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.ജനങ്ങളുമായി വീണ്ടും ബന്ധപ്പെടാനും ജനങ്ങളുടെ സമരങ്ങളും അഭിലാഷങ്ങളും വ്യക്തമാക്കാൻ സഹായിക്കാനും മൂന്നാംലോക രാജ്യങ്ങളിലെ ബുദ്ധിജീവികളുടെ ഉത്തരവാദിത്തം ഫാനൻ ഊന്നിപ്പറഞ്ഞു. ഈ ബൗദ്ധിക ഇടപെടൽ സാംസ്കാരിക നവോത്ഥാനത്തിന് നിർണായകമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

- കോളനിവത്കരണത്തിന് എതിരായ ചെറുത്ത് നിൽപ്പ്

എഡ്വേർഡ് സെയ്ദ് (Edward Said)



എഡ്വേർഡ് സെയ്ദ്

കൊളോണിയലിസത്തെയും പോസ്റ്റ്-കൊളോണിയലിസത്തെയും കുറിച്ചുള്ള വിമർശനാത്മക പ്രവർത്തനങ്ങൾക്ക് പേരുകേട്ട ഒരു പ്രമുഖ ബുദ്ധിജീവിയായിരുന്നു എഡ്വേർഡ് സെയ്ദ് (Edward Said) പ്രത്യേകിച്ച് 1978-ൽ രചിച്ച 'ഓറിയന്റലിസം' (Orientalism) എന്ന തന്റെ പുസ്തകത്തിലൂടെ പലസ്തീൻ - അമേരിക്കൻ വിമർശകനായും ബൗദ്ധിക ചിന്തകനായും അദ്ദേഹം അറിയപ്പെട്ടു. കർതൃത്വ സങ്കല്പങ്ങളെ കുറിച്ചുള്ള അന്വേഷണങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം. അധിനിവേശാനുഭവമാണ് അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്ക് അടിസ്ഥാനം. കൊളോണിയൽ അനുഭവങ്ങളിൽ നിന്ന് ഉടലെടുത്തതാണ് ഓറിയന്റലിസം എന്ന കൃതി. പാശ്ചാത്യേതര ലോകത്തെ പാശ്ചാത്യ പ്രതിനിധാനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശാലമായ വിമർശനത്തിന്റെ പശ്ചാത്തലത്തിൽ മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ മനസിലാക്കാവുന്നതാണ്.

- സെയ്ദിന്റെ ഓറിയന്റലിസം

ഓറിയന്റലിസത്തിന്റെ വിമർശനം

കിഴക്കിനെക്കുറിച്ചുള്ള പാശ്ചാത്യ വിലയിരുത്തൽ അല്ലെങ്കിൽ 'ഓറിയന്റലിസം' എന്നത് കേവലം ഒരു അക്കാദമിക് അന്വേഷണ

മല്ല, മറിച്ച് അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ഒരു രൂപമാണെന്ന് സെയ്ദ് വാദിച്ചു. പൗരസ്ത്യ സമൂഹങ്ങളുടെ വികലമായ ഒരു പ്രതിച്ഛായ ഓറിയന്റലിസം സൃഷ്ടിച്ചു. പൗരസ്ത്യം വിചിത്രവും പിന്നാക്കവും പാശ്ചാത്യരിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യസ്തവും അപരിഷ്കൃതവുമാണെന്ന് സ്ഥാപിക്കാനുള്ള ബോധപൂർവമായ ശ്രമമാണതെന്ന് അദ്ദേഹം വിശദീകരിച്ചു . പാശ്ചാത്യ വീക്ഷണങ്ങൾ പലപ്പോഴും പാശ്ചാത്യേതര സംസ്കാരങ്ങളെ എങ്ങനെ തെറ്റായി പ്രതിനിധീകരിക്കുകയും അമിതമായി ലളിതമാക്കുകയും ചെയ്യുന്നു എന്നതിനെ എടുത്തുകാണിച്ചുകൊണ്ട് ഈ വിമർശനം മൂന്നാംലോക സാംസ്കാരിക പഠനങ്ങളിലേക്കും വ്യാപിക്കുന്നു.സാംസ്കാരിക പ്രതിനിധാനങ്ങൾ ശക്തിയുടെ ചലനാത്മകതയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

- പൗരസ്ത്യ സമൂഹങ്ങളുടെ വികലമായ പ്രതിച്ഛായ സൃഷ്ടിച്ചു

ഹോമി കെ. ഭാഭ (Homi Kharshedji Bhabha)



ഹോമി കെ. ഭാഭ

പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികരിൽ ശ്രദ്ധേയനായ പണ്ഡിതനാണ് ഹോമി കെ. ഭാഭ (Homi K Bhabha). മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ പ്രാധാന്യമർഹിക്കുന്നു. കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ സ്വത്വങ്ങളുടെ സങ്കീർണതകളിലും ചലനാത്മകതയിലും ഭാഭയുടെ കൃതികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രത്യേകിച്ചും അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും സന്ദർഭങ്ങളിൽ സംസ്കാരവും സ്വത്വവും എങ്ങനെ നിർമിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്യുന്നു എന്നതിൽ മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള ഭാഭയുടെ വീക്ഷണങ്ങൾ, പോസ്റ്റ് കൊളോണിയൽ സ്വത്വങ്ങളുടെയും സംസ്കാരങ്ങളുടെയും വിവിധ സ്വഭാവങ്ങൾ ഊന്നിപ്പറയുന്നു. ഹൈബ്രിഡിറ്റി, തേർഡ് സ്പേസ്, മിമിക്രി, അംബിവലൻസ്, സാംസ്കാരിക വിവർത്തനം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ പോസ്റ്റ് കൊളോണിയൽ സമൂഹങ്ങളിലെ സാംസ്കാരിക ഇടപെടലുകളുടെയും വ്യക്തിത്വങ്ങളുടെയും സങ്കീർണതകൾ വിശകലനം ചെയ്യുന്നതിനുള്ള വിലപ്പെട്ട ഉപാധികൾ നൽകുന്നു.

- പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികൻ

ഗായത്രി സ്പിവാക് (Gayatri Chakravorty Spivak)



ഗായത്രി സ്പിവാക്

മൂന്നാംലോകം സാംസ്കാരിക പഠനത്തെക്കുറിച്ചുള്ള വിമർശനാത്മക വീക്ഷണങ്ങൾക്ക് പേരുകേട്ട ഒരു പ്രമുഖ പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികയാണ് ഗായത്രി സ്പിവാക് (Gayatri Chakravorty Spivak). അപകീർത്തിപ്പെടുത്തൽ, മാർക്സിസം, ഫെമിനിസം എന്നിവ ഉൾപ്പെടുന്ന വിശാലമായ സൈദ്ധാന്തിക ചട്ടക്കൂടിലാണ് സ്പിവാകിന്റെ കാഴ്ചപ്പാടുകൾ അധിഷ്ഠിതമായിരിക്കുന്നത്. മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള സ്പിവാക്കിന്റെ വീക്ഷണങ്ങൾ പാശ്ചാത്യേ

തര സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണതകളോടും ബലതന്ത്രത്തോടും ഇടപെടാനും വിജ്ഞാന ഉല്പാദനത്തിൽ കൂടുതൽ നീതിപൂർവകമായ സമീപനത്തിനായി പരിശ്രമിക്കാനും പണ്ഡിതന്മാരെ ആഹ്വാനം ചെയ്യുന്നു. 'മൂന്നാംലോകം' എന്ന ഏകീകൃത പദത്തെ സ്പിവാക് വിമർശിക്കുന്നു. ഇത് പാശ്ചാത്യേതര രാജ്യങ്ങളുടെ വൈവിധ്യപൂർണമായ സംസ്കാരങ്ങളെയും ചരിത്രങ്ങളെയും അനുഭവങ്ങളെയും മായ്ക്കുന്നു എന്ന് വാദിക്കുന്നു. 'മൂന്നാംലോകം' എന്ന് വിശാലമായി ലേബൽ ചെയ്യപ്പെടുന്നതിലെ പ്രത്യേകതകളും വ്യത്യാസങ്ങളും തിരിച്ചറിയേണ്ടതിന്റെ ആവശ്യകത അവർ ഊന്നിപ്പറയുന്നു.

- മൂന്നാംലോകം എന്ന ഏകീകൃത പദത്തെ വിമർശിക്കുന്നു

സ്പിവാക്കിന്റെ കേന്ദ്ര സങ്കൽപ്പങ്ങളിലൊന്നാണ് 'സബാൾട്ടേൺ' (Subaltern)എന്ന ആശയം. ആധിപത്യ അധികാര ഘടനകളിൽ നിന്ന് ഒഴിവാക്കപ്പെട്ട പാർശ്വവൽക്കരിക്കപ്പെട്ടതും അടിച്ചമർത്തപ്പെട്ടതുമായ ഗ്രൂപ്പുകളെ പരാമർശിക്കാൻ അന്റോണിയോ ഗ്രാംഷിയിൽ നിന്ന് കടമെടുത്ത സബാൾട്ടേൺ എന്ന പദം ഉപയോഗിച്ചു. 'കാൻ ദി സബാൾട്ടേൺ സ്പീക്ക്?' (Can the Subaltern Speak?) എന്ന സെമിനാർ ലേഖനത്തിൽ, പാശ്ചാത്യവും പ്രാദേശികവുമായ വരേണ്യവ്യവഹാരങ്ങളിൽ സബാൾട്ടേൺ ശബ്ദങ്ങൾ പലപ്പോഴും നിശബ്ദമാക്കപ്പെടുകയോ തെറ്റായി അവതരിപ്പിക്കപ്പെടുകയോ ചെയ്യുന്ന വഴികൾ സ്പിവാക് വിശകലനം ചെയ്യുന്നു. മൂന്നാംലോക സാംസ്കാരിക പഠനങ്ങളുടെ പശ്ചാത്തലത്തിൽ, ഈ നിശബ്ദമായ ശബ്ദങ്ങളിലേക്കും അവയുടെ പ്രതിനിധാനത്തിന്റെ സങ്കീർണതകളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു.വികസനത്തിന്റെ വ്യവഹാരത്തെ വിമർശനാത്മകമായി പരിശോധിക്കുന്ന സ്പിവാക് ഇത് പലപ്പോഴും മൂന്നാംലോകത്തെ അഭാവത്തിന്റെയും കുറവിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നു എന്ന് നിരീക്ഷിച്ചു. ഈ വ്യവഹാരം കൊളോണിയൽ ചിന്താഗതിയെ ശാശ്വതമാക്കുന്നുവെന്നും പാശ്ചാത്യേതര സമൂഹങ്ങളുടെ ഏജൻസിയെയും സങ്കീർണതയെയും കണക്കിലെടുക്കുന്നതിൽ പരാജയപ്പെടുന്നുവെന്നും അവർ വാദിക്കുന്നു.

- കാൻ ദി സബാൾട്ടേൺ സ്പീക്ക് എന്ന ലേഖനം

സമീർ അമിൻ (Samir Amin)


സമീർ അമിൻ

ആഗോള മുതലാളിത്തത്തെക്കുറിച്ചും മൂന്നാംലോകത്തിൽ അതിന്റെ സ്വാധീനത്തെക്കുറിച്ചും ഉള്ള വിമർശനാത്മക വീക്ഷണങ്ങൾക്ക് പേരുകേട്ട ഒരു പ്രമുഖ മാർക്സിസ്റ്റ് സാമ്പത്തിക ശാസ്ത്രജ്ഞനും ബുദ്ധിജീവിയുമായിരുന്നു സമീർ അമിൻ(Samir Amin). മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ശ്രദ്ധേയങ്ങളാണ്. മൂന്നാംലോക സാംസ്കാരിക പഠനങ്ങളെക്കുറിച്ചുള്ള സമീർ അമിന്റെ വീക്ഷണങ്ങൾ യൂറോസെൻട്രിസത്തെ ചെറുക്കുക, സാമ്പത്തിക ആശ്രിതത്വത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങൾ മനസിലാക്കുക, സാംസ്കാരിക സാമ്രാജ്യത്വത്തിനെതിരെ പോരാടുക, മൂന്നാംലോക സമൂഹങ്ങളുടെ തനതായ സന്ദർഭങ്ങളുമായി

- പ്രമുഖ മാർക്സിസ്റ്റ് സാമ്പത്തിക ശാസ്ത്രജ്ഞൻ

പൊരുത്തപ്പെടുന്ന വിപ്ലവ സാംസ്കാരിക സമ്പ്രദായങ്ങൾ വളർത്തുക എന്നിവയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു.

സാംസ്കാരിക പഠനങ്ങളിൽ ആധിപത്യം പുലർത്തുന്ന യൂറോ സെൻട്രിക് വീക്ഷണങ്ങളെ അമിൻ വിമർശിച്ചു. മൂന്നാംലോകത്തിന്റെ സാംസ്കാരിക ചട്ടക്കൂടുകൾ പാശ്ചാത്യ മാനദണ്ഡങ്ങൾക്കനുസൃതമായി അളക്കേണ്ടതില്ല, മറിച്ച് അവരുടെ സ്വന്തം നിലയിൽ വിലമതിക്കപ്പെടണമെന്ന് അദ്ദേഹം വിശ്വസിച്ചു. മൂന്നാംലോക രാജ്യങ്ങളെ അവരുടെ ആശ്രിതത്വവും അവികസിതാവസ്ഥയും നിലനിറുത്തുന്ന തരത്തിൽ ആഗോള മുതലാളിത്ത വ്യവസ്ഥിതിയിൽ എങ്ങനെ സമന്വയിപ്പിച്ചുവെന്ന് അമിറിന്റെ കൃതികൾ പലപ്പോഴും ഊന്നിപ്പറയുന്നു. പാശ്ചാത്യ മാനദണ്ഡങ്ങളും മൂല്യങ്ങളും പലപ്പോഴും പ്രാദേശിക പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും മറികടക്കുന്നതിനാൽ ഈ സാമ്പത്തിക ആശ്രിതത്വത്തിന് സാംസ്കാരിക പരിണാമങ്ങളും ഉണ്ടെന്ന് അദ്ദേഹം വാദിച്ചു. പാശ്ചാത്യ സംസ്കാരവും മാധ്യമങ്ങളും മൂന്നാംലോക സമൂഹങ്ങളിൽ അടിച്ചേൽപ്പിക്കുകയും പ്രാദേശിക സംസ്കാരങ്ങളെയും സ്വത്വങ്ങളെയും തുരങ്കം വയ്ക്കുകയും ചെയ്യുന്ന സാംസ്കാരിക സാമ്രാജ്യത്വത്തിന്റെ ആഘാതം അമിൻ ഉയർത്തിക്കാട്ടി. ചെറുത്തുതോൽപ്പിക്കേണ്ട ആധിപത്യത്തിന്റെ ഒരു രൂപമായാണ് അദ്ദേഹം ഇതിനെ കണ്ടത്. പാശ്ചാത്യ അനുഭവങ്ങളുമായി പൊരുത്തപ്പെടാത്ത ആധുനികതയിലേക്കുള്ള വൈവിധ്യമാർന്ന പാതകൾ വ്യത്യസ്ത സമൂഹങ്ങൾക്ക് പിന്തുടരാമെന്ന ആശയത്തെ അമിൻ പിന്തുണച്ചു. മൂന്നാംലോക രാജ്യങ്ങളുടെ സവിശേഷമായ ചരിത്രപരവും സാംസ്കാരികവുമായ സന്ദർഭങ്ങളെ അടിസ്ഥാനമാക്കിയുള്ള ബദൽ ആധുനികതകളെ അംഗീകരിക്കുന്നതിനും വിലമതിക്കാനും അദ്ദേഹം വാദിച്ചു.യഥാർഥ വികസനം ഉണ്ടാകണമെങ്കിൽ മൂന്നാംലോക രാജ്യങ്ങൾ സാമ്പത്തിക ചൂഷണത്തെയും സാംസ്കാരിക ആധിപത്യത്തെയും വെല്ലുവിളിക്കുന്ന ഒരു വിപ്ലവ സംസ്കാരം വളർത്തിയെടുക്കേണ്ടതുണ്ടെന്ന് അമിൻ വിശ്വസിച്ചു.പ്രതിരോധത്തിന്റെയും സ്വാശ്രയത്വത്തിന്റെയും സംസ്കാരം വളർത്തിയെടുക്കുക എന്നതായിരുന്നു ഇതിനർഥം.

- യൂറോസെൻട്രിക് വീക്ഷണങ്ങളെ വിമർശിച്ചു

എയിം സെസെയർ (Aime Cesaire)


എയിം സെസെയർ

പ്രമുഖ പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികനായ എയിം സെസെയർ മൂന്നാംലോക സാംസ്കാരിക പഠനങ്ങളിൽ ശ്രദ്ധേയമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്, സാംസ്കാരിക സ്വത്വത്തിന്റെ പ്രാധാന്യം, കൊളോണിയൽ ആധിപത്യത്തിനെതിരായ പ്രതിരോധം, തദ്ദേശീയ സംസ്കാരങ്ങളുടെ വീണ്ടെടുപ്പ് എന്നിവയ്ക്ക് അദ്ദേഹം ഊന്നൽ നൽകി. കൊളോണിയൽ അടിച്ചമർത്തലിന്റെ പശ്ചാത്തലത്തിൽ ആഫ്രിക്കൻ സംസ്കാരത്തെയും സ്വത്വത്തെയും ആഘോഷിക്കാൻ ശ്രമിച്ച നെഗ്രിറ്റ്യൂഡ് പ്രസ്ഥാനത്തിന്റെ മുൻനിര വക്താവായിരുന്നു സെസെയർ. കൊളോണിയൽ ശക്തികൾ അടിച്ചേൽപ്പിക്കുന്ന മനുഷ്യത്വരഹിതമായ പ്രവർത്തനങ്ങളെ എതിർത്ത്

ആഫ്രിക്കൻ പൈതൃകത്തിന്റെ മൂല്യം നെഗ്രിറ്റ്യൂഡ് (Negritude) ഊന്നിപ്പറഞ്ഞു.(ആഫ്രിക്കയിലെയും കരീബിയനിലെയും ഫ്രഞ്ച് സംസാരിക്കുന്ന കറുത്തവർഗക്കാരായ ബുദ്ധിജീവികൾ, എഴുത്തുകാർ, രാഷ്ട്രീയക്കാർ എന്നിവർക്കിടയിൽ 1930-കളിൽ ഉയർന്നുവന്ന ഒരു സാംസ്കാരിക, ദാർശനിക, രാഷ്ട്രീയപ്രസ്ഥാനമാണ് നെഗ്രിറ്റ്യൂഡ്. കൊളോണിയലിസത്തിന്റെയും വംശീയതയുടെയും നേരെ കറുത്ത സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സ്വത്വത്തിന്റെയും മൂല്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രതിരോധിക്കാൻ ഉള്ള ശ്രമമായിരുന്നു അത്. കൊളോണിയൽ വിരുദ്ധ പോരാട്ടത്തിന്റെയും പൗരാവകാശങ്ങൾക്കായുള്ള പരിശ്രമങ്ങളുടെയും മേഖലയിൽ നെഗ്രിറ്റ്യൂഡ് പ്രധാന പങ്ക് വഹിച്ചു, കോളനിയനന്തര ചിന്തയുടെ വികാസത്തിന് ഗണ്യമായ സംഭാവന നൽകുകയും ചെയ്തു.കറുത്ത സംസ്കാരത്തിന്റെയും സ്വത്വത്തിന്റെയും ആഘോഷം അവരുടെ മുഖമുദ്രയായി.ആഫ്രിക്കൻ പൈതൃകത്തിലും കറുത്തവരുടെ തനതായ സാംസ്കാരിക, കല, ബൗദ്ധിക സംഭാവനകളിലും നെഗ്രിറ്റ്യൂഡ് അഭിമാനം പ്രകടിപ്പിച്ചു. കൊളോണിയൽ ഭരണത്തിനും യൂറോപ്യൻ ശക്തികളുടെ സാംസ്കാരിക ആധിപത്യത്തിനുമെതിരായ പ്രതിരോധത്തിന്റെ ഒരു രൂപമായി ഇത് പ്രവർത്തിച്ചു. ഈ പ്രസ്ഥാനം ലോകമെമ്പാടുമുള്ള കറുത്തവർഗക്കാർക്കിടയിൽ ഐക്യദാർഢ്യം പ്രോത്സാഹിപ്പിച്ചു, സ്വത്വബോധവും പൊതുബോധവും വളർത്തി.)

- നെഗ്രിറ്റ്യൂഡ് പ്രസ്ഥാനം

സെസെയറിന്റെ കൃതികൾ, പ്രത്യേകിച്ച് 'കൊളോണിയലിസത്തെക്കുറിച്ചുള്ള പ്രഭാഷണം', കൊളോണിയലിസത്തെയും അതിന്റെ സാമ്പത്തിക ചൂഷണത്തെയും സാംസ്കാരിക നാശത്തെയും രൂക്ഷമായ വിമർശനത്തിന് വിധേയമാക്കുന്നു. കൊളോണിയലിസം കോളനിവൽക്കരിച്ചവനെയും കോളനിവൽക്കരിക്കപ്പെട്ടവനെയും അപമാനവീകരിക്കുകയും അത് സാംസ്കാരിക അന്യവൽക്കരണത്തിലേക്കും സ്വത്വ നഷ്ടത്തിലേക്കും അവരെ നയിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം വാദിച്ചു.

- കൊളോണിയലിസത്തെക്കുറിച്ചുള്ള പ്രഭാഷണം

ജനപ്രിയസംസ്കാരം

നിർവചനങ്ങൾ

എന്താണ് ജനപ്രിയസംസ്കാരം എന്നതിനെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് നിലവിലുള്ളത്. റെയ്മണ്ട് വില്യംസ് ഈ സങ്കല്പത്തിന് നാല് വിവക്ഷകൾ നൽകുന്നു. ഒരു പാടുപേർ ഇഷ്ടപ്പെടുന്നത്; തരം താണസൃഷ്ടികൾ; ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റാൻ രൂപപ്പെടുത്തുന്നത്; ജനങ്ങൾതന്നെ അവർക്കു വേണ്ടി രൂപപ്പെടുത്തുന്ന സംസ്കാരം എന്നിങ്ങനെ. അതുപോലെ ജനപ്രിയസംസ്കാരം വിപണി സംസ്കാരമാണെന്നൊരു നിർവചനവും ഉണ്ട്. മുതലാളിത്ത, വിപണി സമ്പദ് വ്യവസ്ഥയിലാണ് സംസ്കാരത്തിന്റെയും ജനപ്രിയസംസ്കാരത്തിന്റെയും നിർവചനങ്ങളോരോന്നും രൂപപ്പെടുന്നത്. "വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും അനുഭവങ്ങൾക്കൊപ്പം ആധുനികതയിലും ആധുനികാനന്തരതയിലും ജനപ്രിയസംസ്കാരത്തിന് ഘടനാപരവും സാങ്കേതികവും ഉള്ളടക്കപരവും പ്രത്യയശാസ്ത്രപരവും പ്രതിനിധാനപരവുമൊക്കെയായ പരിണാമങ്ങൾ സംഭവിക്കുകയും ചെയ്തു''. (ഷാജി ജേക്കബ്, ജന

പ്രിയസംസ്കാരം: ചരിത്രവുംസിദ്ധാന്തവും) വ്യവസായവിപ്ലവത്തിന്റെ സൃഷ്ടിയായ ആധുനികതയുടെ ഉൽപ്പന്നമാണ് ജനപ്രിയ സംസ്കാരം എന്നും അത് തനത് സംസ്കാരത്തിൽ നിന്നും വരേണ്യ സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായ ഒന്നാണെന്നും നിരീക്ഷിക്കപ്പെടുന്നു. ഉന്നത സംസ്കാരം എന്ന പേരിൽ മാറ്റിനിർത്തപ്പെടുന്ന മുഴുവൻ സംസ്കാരങ്ങൾക്കും വെളിയിലുള്ളവയെ ജനപ്രിയ സംസ്കാരം എന്ന് വിളിക്കാം എന്നൊരു നിർവചനവും ഉണ്ട്. ശ്രേണീപരമായി ജനപ്രിയസംസ്കാരത്തിന് അധമത്വം കല്പിക്കപ്പെടുന്ന സന്ദർഭം കൂടിയാണത്. ഉന്നത സംസ്കാരം വ്യക്തിയുടെ സവിശേഷ പ്രതിഭയുടെ ഫലമാണെന്നും ജനപ്രിയ സംസ്കാരം ആൾക്കൂട്ട നിർമിതിയായ കച്ചവട ചരക്ക് ആണെന്നും ഉള്ള വിഭജനവും ഇതുമായി ബന്ധപ്പെട്ട് വരുന്നു. ജനപ്രിയ സംസ്കാരം വിപണി സംസ്കാരമാണെന്ന് നിർവചനത്തെ ഇത് ഉറപ്പിക്കുന്നു.

- ജനപ്രിയ സംസ്കാരത്തിന്റെ നിർവചനങ്ങൾ

ജനപ്രീതിയാർജ്ജിച്ച സംസ്കാരം എന്നത് ഒരു നിശ്ചിത സമയത്ത് ഒരു സമൂഹത്തിനുള്ളിൽ പ്രചാരത്തിലുള്ളതും വ്യാപകമായി അംഗീകരിക്കപ്പെട്ടതുമായ ആശയങ്ങൾ, സമ്പ്രദായങ്ങൾ, ചിത്രങ്ങൾ, വസ്തുക്കൾ, പ്രതിഭാസങ്ങൾ എന്നിവയെ സൂചിപ്പിക്കുന്ന ഒന്നാണെന്നും വിലയിരുത്തപ്പെടുന്നുണ്ട് . അതായത് ബഹുജനങ്ങളുടെ വിനോദോപാധികൾ മാത്രമല്ല അവരുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന എല്ലാ അനുഭവങ്ങളും പ്രയോഗവും ജനപ്രിയ സംസ്കാരത്തിന്റെ പരിധിയിൽ വരും. ചരിത്രപരവും സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവും ആയി രൂപപ്പെടുന്ന വിപുലമായ രാഷ്ട്രീയ അധികാര ബന്ധങ്ങൾ ഉള്ള ജീവിതാവസ്ഥകളും ആഖ്യാനങ്ങളും ആശയങ്ങളും സ്ഥാപനങ്ങളും ജനപ്രിയ സസ്കാരത്തിന്റെ ഭാഗങ്ങളാണ്. മുതലാളിത്തത്തിന്റെയും സാങ്കേതികതയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തിയും താല്പര്യങ്ങൾ സംരക്ഷിച്ചും കമ്പോളവൽക്കരിക്കപ്പെടുന്ന സംസ്കാരമാണ് ജനപ്രിയ സംസ്കാരം എന്നും നിർവചിക്കപ്പെട്ടിട്ടുണ്ട്.

- കമ്പോളവൽക്കരിക്കപ്പെടുന്ന സംസ്കാരമാണ് ജനപ്രിയ സംസ്കാരം

ബഹുജനസംസ്കാരം/ജനപ്രിയ സംസ്കാരം

മുതലാളിത്തം നഗരവത്കരണം വ്യവാസായവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട് രൂപപ്പെട്ട ബഹുജനം എന്ന സങ്കൽപ്പനത്തോടൊപ്പമാണ് ജനപ്രിയ സംസ്കാരത്തെ കുറിച്ചുള്ള ചിന്തകളും വികസിച്ചത്. ജനപ്രിയമായത് (Popular) എന്നതുമായി ബന്ധപ്പെട്ട് ബഹുജനത്തിന്റെത്(Mass) എന്ന സങ്കൽപ്പനവും ഉപയോഗിക്കാറുണ്ട്. ബഹുജനസംസ്കാരം ജനപ്രിയസംസ്കാരം എന്നിവ സമാനാർഥകമായി പ്രായേണ വിവക്ഷിക്കപ്പെടാറുണ്ടെങ്കിലും ഇവ തമ്മിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ട്. ജനപ്രിയ സംസ്കാരം സാധാരണക്കാരുടെ ദൈനംദിന ജീവിതത്തിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും ജൈവികമായി ഉയർന്നുവരുന്നതും പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾ, പ്രവണതകൾ, അഭിരുചികൾ എന്നിവ പ്രതിഫലിപ്പിക്കുന്നതുമാണ് (ഉദാഹരണങ്ങൾ : റോക്ക്, ഹിപ്-ഹോപ്പ്, പോപ്പ് തുടങ്ങിയ സംഗീതവിഭാഗങ്ങൾ,ഫാഷൻ ട്രെൻഡുകൾ, സോഷ്യൽ മീഡിയ പ്രതിഭാസങ്ങൾ, തെരുവ് കലകൾ,നാടോടിക്കഥകൾ, മെമ്മുകൾ, വൈറൽ ഇന്റർനെറ്റ് ഉള്ളടക്കം)

- ബഹുജനം എന്ന സങ്കൽപ്പനം

ജനപ്രിയസംസ്കാരം ചലനാത്മകവും നിരന്തരം വികസിക്കുന്നതും എല്ലാവരേയും ഉൾക്കൊള്ളുന്നതും പങ്കാളിത്തമുള്ളതും, താഴെത്തട്ടിൽ സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. അവ പലപ്പോഴും സാമൂഹിക മൂല്യങ്ങൾ, പ്രശ്നങ്ങൾ, അഭിലാഷങ്ങൾ തുടങ്ങിയവ പ്രതിഫലിപ്പിക്കുകയും ചെയ്യും.എന്നാൽ ബഹുജന സംസ്കാരം ആകട്ടെ വൻകിട, വാണിജ്യ, മാധ്യമ സംരംഭങ്ങൾ നിർമിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവയാണ്. അവ മുഖ്യമായും വിശാലമായ പ്രേക്ഷകരിലേക്ക് എത്താനും ലാഭം സൃഷ്ടിക്കാനും ഉതകുന്ന വിധം ആയിരിക്കും രൂപകല്പന ചെയ്തിരിക്കുക (ഉദാഹരണങ്ങൾ: ബ്ലോക്ക്ബസ്റ്റർ സിനിമകൾ, ടി.വി ഷോകൾ, മുഖ്യധാരാ വാർത്താ ഔട്ട്ലെറ്റുകൾ, വാണിജ്യപരമായ പരസ്യങ്ങൾ, ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന പുസ്തകങ്ങൾ, ബ്രാൻഡഡ് ചരക്കുകൾ, പ്രധാന കായിക പരിപാടികളും റിയാലിറ്റി ടി.വി ഷോകളും.) വിപുലമായ ജനസാമാന്യത്തെ ആകർഷിക്കാൻ തക്കവിധം സ്റ്റാൻഡേർഡൈസ് ചെയ്തതും ഏകീകരിക്കപ്പെട്ടതും കമ്പോള ശക്തികളാലും വാണിജ്യ താൽപ്പര്യങ്ങളാലും നയിക്കപ്പെടുന്നതും താഴെത്തട്ടിൽ ഉള്ള അല്ലെങ്കിൽ ഉപസാംസ്കാരിക പ്രവണതകളുടെ പ്രതിഫലനം കുറവുള്ളവയും ആണ് ബഹുജനസംസ്കാരം. ജനപ്രിയ സംസ്കാരം പലപ്പോഴും വ്യക്തികളോ ചെറിയ ഗ്രൂപ്പുകളോ സൃഷ്ടിക്കുകയും സോഷ്യൽ നെറ്റ്വർക്കുകൾ വഴി വ്യാപിക്കുകയും ചെയ്യുമ്പോൾ ബഹുജനസംസ്കാരം പ്രൊഫഷണൽ വ്യവസായങ്ങൾ സൃഷ്ടിക്കുകയും മീഡിയ ചാനലുകൾ വഴി വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നു. ജനപ്രിയസംസ്കാരം സാമുദായിക അനുഭവങ്ങളും സ്വത്വങ്ങളും പ്രകടിപ്പിക്കാനും പങ്കിടാനും ശ്രമിക്കുന്നു. അതേസമയം ബഹുജനസംസ്കാരം കഴിയുന്നത്ര വലിയ പ്രേക്ഷകരെ രസിപ്പിക്കാനും അറിയിക്കാനും ഉൽപ്പന്നങ്ങൾ വിൽക്കാനും ലക്ഷ്യമിടുന്നു. ചുരുക്കത്തിൽ, ജനപ്രിയസംസ്കാരം ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലും താൽപ്പര്യങ്ങളിലും വേരൂന്നിയതാണ്. അതേസമയം വാണിജ്യ സംരംഭങ്ങളും മാധ്യമങ്ങളും ആണ് ബഹുജനസംസ്കാരം രൂപപ്പെടുത്തുന്നത്.അവ വിശാലമായ പ്രേക്ഷകരിലേക്ക് എത്താൻ ലക്ഷ്യമിടുന്നു. ഇപ്രകാരം ഉല്പാദനം, വിതരണം, ഉപഭോഗം എന്നിവയുടെ സാങ്കേതിക സാമൂഹിക മാധ്യമതലങ്ങളിൽ അന്തരം പുലർത്തുന്ന ജനപ്രിയ സംസ്കാരം, ബഹുജനസംസ്കാരം എന്നിവയെ സമാനമായി കാണുന്ന പഠനങ്ങളും അവയുടെ വൈജാത്യങ്ങളെ സൂചിപ്പിക്കുന്ന പഠനങ്ങളും ഉണ്ടായിട്ടുണ്ട്.

- ജനപ്രിയസംസ്കാരവും ബഹുജനസംസ്കാരവും

ചരിത്രം

18-19 നൂറ്റാണ്ടുകളിൽ സാമൂഹിക കാഴ്ചപ്പാടുകളിൽ ആഴത്തിൽ നടന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ടതാണ് ജനപ്രിയസംസ്കാരമെന്ന സങ്കല്പനത്തിന്റെ വേരുകൾ.വിക്ടോറിയൻ കാലഘട്ടത്തിൽ തന്നെ ഇംഗ്ലണ്ടിൽ ജനപ്രിയസംസ്കാരങ്ങളെ കുറിച്ചുള്ള പഠനങ്ങൾ ആരംഭിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് കവിയും സാംസ്കാരിക നിരൂപകനുമായ മാത്യു അർനോൾഡ്, ജനകീയ സംസ്കാരത്തെക്കുറിച്ച് വിമർശനാത്മക വീക്ഷണം പുലർത്തിയിരുന്നു. ബൗദ്ധികവും ധാർമികവുമായ വികസനം വളർത്തിയെടുക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ 'ഉന്നത സംസ്ക്കാരം' അല്ലെങ്കിൽ 'ചിന്തിക്കുകയും പറയുകയും ചെയ്തിട്ടുള്ളതിൽ ഏറ്റവും മികച്ചത് '

എന്നതിന്റെ പ്രാധാന്യത്തിൽ അദ്ദേഹം വിശ്വസിച്ചു. വ്യാവസായിക വൽക്കരണവും വികസിപ്പിച്ചെടുത്ത ജനകീയസംസ്കാരത്തിന്റെ വ്യാപനം ഈ ഉയർന്ന ആദർശങ്ങളുടെ തകർച്ചയിലേക്ക് നയിക്കുമെന്ന് അർനോൾഡ് ആശങ്കാകുലനായിരുന്നു. അർനോൾഡിന് മുമ്പ് കോളറിഡ്ജിന്റെ Constitution of Church and state (1867)ലും തോമസ് കാർലൈന്റെ Signs of the times(1829) ലും സംസ്കാരത്തെ കുറിച്ചുള്ള ചിന്തകൾ കാണാം.

- മാത്യു അർനോൾഡിന്റെ ഉന്നത സംസ്കാരം

ജനപ്രിയ സംസ്കാരത്തെ സംബന്ധിച്ച യാഥാസ്ഥിതികമായ നിലപാടിന്റെ ഏറ്റവും ആധികാരികമായ രേഖ എന്ന് വിശേഷിപ്പിക്കാവുന്ന പഠനമാണ് അർനോൾഡിന്റെ 'സംസ്കാരവും അരാജകത്വവും' എന്ന രചന. യഥാർഥത്തിൽ ജനപ്രിയ സംസ്കാരത്തെക്കുറിച്ച് വിശദമാക്കുക എന്ന ഉദ്ദേശത്തോടെ ആയിരുന്നില്ല അർനോൾഡ് പഠനം നിർവഹിച്ചത്. ജനപ്രിയ സംസ്കാരം എന്ന പദം അദ്ദേഹം ഉപയോഗിച്ചിട്ടില്ല എങ്കിലും അത് ജനപ്രിയ സംസ്കാരത്തെക്കുറിച്ചുള്ള സാംസ്കാരിക സംവാദങ്ങളുടെ അടിസ്ഥാനമായി മാറി. 1860-കൾ മുതൽ 1950 വരെ പാശ്ചാത്യ രാജ്യങ്ങളിൽ സജീവമായ സാംസ്കാരിക സംവാദങ്ങൾക്ക് അടിസ്ഥാന പ്രേരണയായത് അർനോൾഡിന്റെ കാഴ്ചപ്പാടുകൾ ആയിരുന്നു. മനുഷ്യസമൂഹത്തിന്റെ ഉത്കൃഷ്ടമായ സംസ്കാരത്തെ നാശോന്മുഖം ആക്കുന്ന അരാജകത്വ പ്രവണതകളെ അപലപിക്കുവാനും യഥാർഥ സംസ്കാരം എന്ത് എന്നതിന് ഉചിതമായ നിർവചനം നൽകുവാനും ആയിരുന്നു അർനോൾഡ് ശ്രമിച്ചത്. സമൂഹത്തിലെ ഭൂരിപക്ഷ വർഗജന വിഭാഗമായ തൊഴിലാളി വർഗത്തിന്റെ സംസ്കാരത്തെയാണ് അർനോൾഡ് അരാജകമെന്ന് വിളിച്ചത്. അദ്ദേഹം അരാജകം എന്ന് ഇകഴ്ത്തിയ ഘടകങ്ങളെല്ലാം പില്കാലത്ത് ജനപ്രിയമെന്ന് പരിഗണിക്കപ്പെട്ടവയാണ്.

- സംസ്കാരവും അരാജകത്വവും

സംസ്കാരം എന്നാൽ ലോകത്തിൽ ഇന്നേവരെ പറയപ്പെട്ടതിലും ചിന്തിക്കപ്പെട്ടവയിലും ഏറ്റവും മികച്ചവയുടെ സാകല്യമാണ് എന്നാണ് അർനോൾഡിന്റെ നിരീക്ഷണം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർഥത്തോടെ ഇംഗ്ലണ്ടിലെ അധ്വാന വർഗം ട്രേഡ് യൂണിയനിസത്തിലും രാഷ്ട്രീയപ്രക്ഷോഭത്തിലും നിലവാരം കുറഞ്ഞ വിനോദങ്ങളിലും ഏർപ്പെട്ടു കൊണ്ട് സംസ്കാരത്തിന്റെ ഉദാത്തതകളെ ആകമാനം നശിപ്പിക്കുന്നതായി അർനോൾഡ് ആരോപിച്ചു. ഫ്യൂഡൽ പ്രഭുത്വത്തിന്റെ തകർച്ചയും ജനാധിപത്യത്തിന്റെ വളർച്ചയും സംഭവിച്ചതോടെ ഇംഗ്ലണ്ടിലെ അടിസ്ഥാന വർഗത്തിന്റെ സാമൂഹ്യ ജീവിതാവസ്ഥകളിലും ആവിഷ്കാര രൂപങ്ങളിലും സംഭവിച്ച പരിണാമത്തെ അരാജകത്വമായാണ് അർനോൾഡ് കാണുന്നത്. അധ്വാന വർഗത്തിന്റെ പ്രതിനിധികൾ രാഷ്ട്രീയത്തിൽ സ്ഥാനം പിടിക്കുന്നത് അംഗീകരിക്കാൻ അർനോൾഡിന് സാധിച്ചിരുന്നില്ല. വ്യവസായയുഗത്തിന്റെ ആവിഷ്കാരങ്ങളെയെല്ലാം ആശങ്കകളോടെയാണ് അർനോൾഡ് നിരീക്ഷിച്ചത്.

- ഏറ്റവും മികച്ചവയുടെ സാകല്യം

അർനോൾഡിന്റെ നിലപാടുകളെ പിന്തുടർന്ന് ഇരുപതാം നൂറ്റാണ്ടിൽ ജനപ്രിയ സംസ്കാരത്തിനെതിരെ നിലകൊണ്ടവരാണ് എഫ്. ആർ. ലീവിസ് (F.R Leavis), ക്യൂ.ഡി. ലീവിസ് (Q.D Leavis), ഡെനിസ് തോംസൺ (Denis Thomson), ഓർട്ടഗാ ഗസ്റ്റ് (0rtege Gasset), ടി.എസ്.

എലിയറ്റ് (T.S. Eliot) തുടങ്ങിയവർ. എഫ് ആർ ലീവിസിന്റെ 'ഫിക്ഷൻ ആൻഡ് റീഡിങ് കൾച്ചർ' (Fiction and Reading Culture, (1930) ക്യൂ.ഡി. ലീവിസിന്റെ 'ഫിക്ഷൻ ആൻഡ് റീഡിങ് പബ്ലിക്' (Fiction and the reading Public) (1932) എഫ്.ആർ ലീവിസും ഡെനിസ് തോംസണും ചേർന്നെഴുതിയ ' കൾച്ചർ ആൻഡ് എൻവിയോൺമെന്റ്' (Culture and Enviornment.1933) തുടങ്ങിയ കൃതികൾ ജനപ്രിയ സംസ്കാരത്തെ സംബന്ധിച്ച നിലപാടുകൾ അവതരിപ്പിക്കുന്നവയാണ്. ജനപ്രിയതയെ അരാജകത്തത്തിന്റെ രൂപം എന്നാണ് മാത്യു അർനോൾഡ് വിശേഷിപ്പിച്ചതെങ്കിൽ ഇപ്പറഞ്ഞവർ ജനപ്രിയ സംസ്കാരത്തെ സംസ്കാരത്തിന്റെ ജീർണഭാവമായാണ് കണ്ടത്.

❍ ജനപ്രിയതയ്ക്ക് എതിരായി നിന്നവർ

അർനോൾഡിന്റെ കാലത്തിൽ നിന്നും വ്യത്യസ്തമായി ഇരുപതാം നൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും തൊഴിലാളികൾ മധ്യവർഗ പ്രതിനിധികളായി മാറുകയും അവർ ജനഭൂരിപക്ഷമായി തീരുകയും ചെയ്തു. റേഡിയോ, സിനിമ, പരസ്യങ്ങൾ, നോവൽ തുടങ്ങിയവ ജനങ്ങൾക്കിടയിൽ വ്യാപകമായി. ലീവിസുകൾ ജനപ്രിയ സാഹിത്യം, ഹോളിവുഡ് സിനിമ പരസ്യങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായ വിമർശനങ്ങൾ പുറപ്പെടുവിച്ചു. തൊഴിലാളി മധ്യവർഗ കലാപ്രവർത്തനങ്ങൾ എല്ലാം തന്നെ അധമ സംസ്കാരരൂപങ്ങൾ ആയിട്ടാണ് ഇവർ കണ്ടത്. ഇരുപതാംനൂറ്റാണ്ടിൽ, സംസ്കാരത്തെ സാധാരണക്കാർക്ക് പ്രാപ്യമാകും വിധം താഴെത്തട്ടിലേക്ക് ഇറക്കി കൊണ്ടുവരുന്ന പ്രവണത ശക്തമായി കഴിഞ്ഞുവെന്നും ഈ പ്രവണതയെയും അതിന്റെ പ്രത്യാഘാതങ്ങളെയും തിരിച്ചറിയാനും അവയെ പ്രതിരോധിക്കാനും പൗരന്മാരെ പരിശീലിപ്പിക്കേണ്ടതുണ്ടെന്നുമുള്ള നിലപാടാണ് ലീവിസൈറ്റുകൾ ഉയർത്തിപ്പിടിച്ചത്. ബഹുജന സമ്മിതി കൈവരിച്ച മാധ്യമങ്ങളെ വാണിജ്യപരം എന്ന് ആരോപിച്ച് സംസ്കാര മണ്ഡലത്തിന്റെ പരിധിക്ക് പുറത്തായി സ്ഥാപിക്കുവാൻ ഇവർ ശ്രമിച്ചു. ബഹുജനത്തിന്റെ ഉപഭോഗത്തിനായി വിപണി നിർമിക്കുന്നതാണ് ഈ സംസ്കാരം എന്നും സാമ്പത്തിക ലാഭം മാത്രമാണ് ഇവിടെ മൂല്യനിർണയോപാധിയായി നിലകൊള്ളുന്നതെന്നും അവർ ആരോപിച്ചു.

❍ തൊഴിലാളി മധ്യവർഗ കലാപ്രവർത്തനങ്ങൾ അധമസംസ്കാരങ്ങൾ -ലീവിസൈറ്റുകൾ

ജനപ്രിയസാഹിത്യം ലഹരി പോലെ ജനങ്ങളെ ആകർഷിക്കുന്നു എന്നും അവ ജീവിതത്തെ നേരിടാൻ അല്ല മറിച്ച് ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ആണ് വായനക്കാരെ പ്രേരിപ്പിക്കുന്നതെന്നും എഫ്. ആർ. ലീവിസും ഡെനിസ് തോംസനും ചേർന്ന് എഴുതിയ 'കൾച്ചർ ആൻഡ് എൻവിയോൺമെൻറ്' എന്ന കൃതിയിൽ പരാമർശിക്കുന്നു. ഹോളിവുഡ് സിനിമകൾ ഉൾപ്പെടെയുള്ള ജനപ്രിയ സിനിമകൾ യഥാർഥ ജീവിതത്തെ പുനഃസൃഷ്ടിക്കുന്നുവെന്ന മിഥ്യാധാരണയാണ് ഉണ്ടാക്കുന്നത് എന്നും അവയുടെ മാന്ത്രിക ആകർഷണത്തിന് വശംവദരാകുന്ന പ്രേക്ഷകർ നിലവാരം കുറഞ്ഞ വൈകാരിക അനുഭൂതികൾക്ക് അടിപ്പെടുകയാണ് ചെയ്യുന്നതെന്നും ആയിരുന്നു മറ്റൊരു ആരോപണം. ജനപ്രിയ നോവലുകളും സിനിമകളും തരംതാണ അഭിരുചികളുടെ സൃഷ്ടിയും പ്രചരണവും ആണ് നിർവഹിക്കുന്നത് എന്നും അധമവികാരങ്ങളുടെ ചൂഷണമാണ് അവയുടെ മാർഗവും ലക്ഷ്യവും എന്നും ജീവിതത്തെ കുറിച്ചുള്ള വിഭ്രാന്തികൾ ബോധപൂർവം അടിച്ചേൽപ്പിക്കുകയാണ് അവ ചെയ്യുന്നതെന്നും ആരോപിച്ചു.

പൊതുജന മനസിന്റെ അറിവ് ചോർത്തുന്ന ഉപകരണം ആയിട്ടാണ് ജനപ്രിയ പത്രപ്രവർത്തനത്തെ ലീവിസൈറ്റുകൾ കണ്ടത്. റേഡിയോ ജനങ്ങളുടെ വിമർശനാത്മക ബുദ്ധിയെ ചോർത്തി കളയുന്നതായി ഇവർ ആരോപിച്ചു. പരസ്യങ്ങൾക്കെതിരെ അതിശക്തമായ ആക്രമണമാണ് ലീവിസൈറ്റുകൾ നടത്തിയത്. സംസ്കാരത്തെ ബാധിച്ചിരിക്കുന്ന രോഗത്തിന്റെ മൂർത്തരൂപം ആയിട്ടാണ് അവർ പരസ്യങ്ങളെ വിലയിരുത്തിയത്. വിദ്യാലയങ്ങളിൽ സംസ്കാരപ്രതിരോധ പരിശീലനം ഏർപ്പെടുത്തണമെന്നും വിദ്യാലയത്തിന് പുറത്ത് സായുധരും സജീവരുമായ ന്യൂനപക്ഷം തങ്ങളുടെ സംസ്കാരം സംരക്ഷിക്കാൻ രംഗത്തിറങ്ങണമെന്നും ആഹ്വാനം ചെയ്യാൻ പോലും ലീവിസൈറ്റുകൾ മുതിർന്നു. അത്രയധികം ശക്തമായിരുന്നു ജനപ്രിയ സംസ്കാരത്തിനെതിരെയുള്ള അവരുടെ നിലപാടുകൾ.

- പത്രപ്രവർത്തനവും പരസ്യങ്ങളും വിമർശനാത്മക ബുദ്ധിയെ ചോർത്തികളയുന്നു

ആധുനികതയുടെ സാംസ്കാരിക രൂപങ്ങൾ എന്ന നിലയിൽ ആവിർഭവിച്ച ജനപ്രിയ സംസ്കാരം തുടർന്ന് ആധുനികാനന്തര ലോകക്രമത്തിന്റെ സാംസ്കാരിക ഭാവുകത്വമായി പരിണമിക്കുകയാണ് ഉണ്ടായത്. 1950കൾക്ക് ശേഷം സംസ്കാരപഠനത്തിന്റെ സമീപനങ്ങളും രീതിശാസ്ത്രങ്ങളും അനുസരിച്ച് ജനപ്രിയസംസ്കാരം വിലയിരുത്തപ്പെടാൻ തുടങ്ങിയതോടുകൂടി അത് വ്യത്യസ്ത മാനങ്ങളിൽ വിശകലന വിധേയമാക്കപ്പെട്ടു. സവിശേഷമായ ചരിത്രസന്ദർഭത്തിലും സാംസ്കാരിക സ്വഭാവത്തിലും സാമൂഹിക പശ്ചാത്തലത്തിലും പ്രത്യയശാസ്ത്ര പരിസരത്തിലും ഉല്പാദന വിതരണ ഉപഭോഗ രീതികളിലും നിന്നാണ് സംസ്കാരചിന്തകളിൽ ജനപ്രിയസംസ്കാരമെന്ന സങ്കല്പനം കടന്നുവരുന്നത്. (ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും) റൊളാങ് ബാർത്ത് (Roland Barthes), മാർഷൽ മക്ലുഹാൻ (Marshal Mcluhan), റിച്ചാർഡ് ഹൊഗാർട്ട് (Richard Hoggart), സ്റ്റുവർട്ട് ഹാൾ (Stuart Hall), റെയ്മണ്ട് വില്യംസ് (Raymond Williams), തിയോഡോർ അഡോർണോ (Thiodor Adorno), മാക്സ് ഹോർഖൈമർ (Max Horkheimer), ഡിക്ക് ഹെബ്ഡിഗെ (Dick Hebdige)എന്നിവർ ജനപ്രിയസംസ്കാരത്തിന്റെ പ്രധാന സൈദ്ധാന്തികന്മാരാണ്. ജനകീയ സംസ്കാരം എങ്ങനെ പ്രവർത്തിക്കുന്നുവെന്നും സമൂഹത്തിൽ അതിന്റെ സ്വാധീനം എങ്ങനെയെന്നും മനസിലാക്കുന്നതിൽ അവർ കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

- ആധുനികാനന്തര കാലത്തെ ജനപ്രിയ സംസ്കാരം

ഫ്രാങ്ക്ഫർട്ട്സ്കൂൾ ചിന്തകൾ

ഫ്രാങ്ക്ഫർട്ട്സ്കൂൾ ചിന്തകരായ മാക്സ് ഹോർഖൈമർ, തിയോഡോർ അഡോർണോ, ഹെർബർട്ട് മാർക്കസ് തുടങ്ങിയ പ്രമുഖ വ്യക്തികൾ ജനകീയ സംസ്കാരത്തെക്കുറിച്ച് വിമർശനാത്മക വീക്ഷണം വികസിപ്പിച്ചെടുത്തു. ഫ്രാങ്ക്ഫർട്ട് സ്കൂൾ ജനകീയ സംസ്കാരത്തെ പ്രത്യയശാസ്ത്ര നിയന്ത്രണത്തിന്റെ ഒരു ഉപകരണമായി വീക്ഷിച്ചു. നിലവിലുള്ള അവസ്ഥ നിലനിർത്തുന്നതിനും മുതലാളിത്ത പ്രത്യയശാസ്ത്രങ്ങളെ ശാശ്വതമാക്കുന്നതിനുമുള്ള ഒരു മാർഗമായാണ് അവർ ജനപ്രിയസംസ്കാരത്തെ കണ്ടത്. മുതലാളിത്തത്തിന്റെ താൽപ്പര്യങ്ങൾ നിറവേറ്റുന്ന രീതിയിൽ ജനകീയ സംസ്കാരം എങ്ങനെ വൻതോതിൽ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് വിവരിക്കാൻ അഡോർണോയും ഹോർഖൈമറും 'സാംസ്കാരിക വ്യവസായം' എന്ന ആശയം

- ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകൾ

അവതരിപ്പിച്ചു. സാംസ്കാരിക വ്യവസായം ബഹുജന സമൂഹത്തെ നിഷ്ക്രിയത്വത്തിലേക്കും അനുസരണത്തിലേക്കും മാറ്റുന്ന നിലവാര മുള്ള സാംസ്കാരിക വസ്തുക്കൾ (സിനിമകൾ, സംഗീതം, മാസിക കൾ മുതലായവ) സൃഷ്ടിക്കുന്നുവെന്ന് അവർ വാദിച്ചു.

മുതലാളിത്ത സമൂഹങ്ങളിൽ സംസ്കാരം ചരക്കുകളായി മാറുമെ ന്ന് അവർ വാദിച്ചു. വാങ്ങാനും വിൽക്കാനുമുള്ള ഉൽപ്പന്നങ്ങളായി സംസ്കാരം രൂപാന്തരപ്പെടുന്നു. ഈ ചരക്കുവൽക്കരണം സംസ്കാര ത്തിന്റെ നിർണായകവും വിമോചനപരവുമായ സാധ്യതകളെ നശിപ്പി ക്കുന്നു. ജനകീയ സംസ്കാരം തിരഞ്ഞെടുപ്പിന്റെയും വ്യക്തിത്വത്തി ന്റെയും മിഥ്യാബോധം പ്രദാനം ചെയ്യുന്നുവെന്ന് ഫ്രാങ്ക്ഫർട്ട് സ്കൂൾ പണ്ഡിതന്മാർ വാദിച്ചു. വൈവിധ്യമാർന്നതായി തോന്നുമെങ്കിലും, സാംസ്കാരിക ഉൽപന്നങ്ങൾ അടിസ്ഥാനപരമായി സമാനമാണ്. സം സ്കാര വ്യവസായം അനുരൂപീകരണത്തെ പ്രോത്സാഹിപ്പിക്കുകയും, ബഹുജനങ്ങളുടെ വിമർശനാത്മക കഴിവുകളെ മന്ദീഭവിപ്പിക്കുകയും ചെയ്യുന്നു.സജീവമായ ഇടപെടലുകളേക്കാളും വിമർശനാത്മക ചിന്ത കളേക്കാളും ജനകീയ സംസ്കാരത്തിന്റെ ഉപഭോഗം നിഷ്ക്രിയമായ സ്വീകരണത്തിലേക്ക് നയിക്കുമെന്ന് അവർ ഊന്നിപ്പറഞ്ഞു. ഈ നിഷ് ക്രിയത്വം, ആശയപ്രചാരണത്തിനും പ്രത്യയശാസ്ത്രപരമായ കൃത്രിമ ത്വത്തിനും ആളുകളെ കൂടുതൽ വിധേയരാക്കുന്നു.

- സംസ്കാരം ചരക്കുക ളായി മാറുന്നു

അഡോർണോയും ഹോർഖൈമറും യുക്തിസഹതയിലും പുരോ ഗതിയിലും ഉള്ള ജ്ഞാനോദയവിശ്വാസത്തെ വിമർശിച്ചു. സാംസ്കാ രിക വ്യവസായത്തിന്റെ പശ്ചാത്തലത്തിൽ, യുക്തിബോധം ഉപക രണമായി മാറുന്നു എന്നും മനുഷ്യ വിമോചനത്തേക്കാൾ അവന്റെ കാര്യക്ഷമതയും നിയന്ത്രണവും മുഖ്യമായി മാറുന്നു എന്നും അവർ ആരോപിച്ചു. നിലവിലുള്ള സാമൂഹിക ശ്രേണികളെയും അധികാര ഘടനകളെയും ശക്തിപ്പെടുത്തുന്ന ഒന്നായി ഫ്രാങ്ക്ഫർട്ട് സ്കൂൾ ജന കീയ സംസ്കാരത്തെ കണ്ടു. ഒളിച്ചോട്ടവും തെറ്റായ സംതൃപ്തിയും നൽകുന്നതിലൂടെ, ജനപ്രിയ സംസ്കാരം യഥാർഥ പ്രശ്നങ്ങളിൽ നിന്ന് ആളുകളെ വ്യതിചലിപ്പിക്കുകയും യഥാർഥ സാമൂഹിക മാറ്റം തേടുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുന്നു.

- സാംസ്കാരിക വ്യവ സായം

റെയ്മണ്ട് വില്യംസ് (Raymond Williams)


റെയ്മണ്ട് വില്യംസ്

പ്രമുഖ സാംസ്കാരിക സൈദ്ധാന്തിക നും വിമർശകനുമായ റെയ്മണ്ട് വില്യംസ് (Raymond Williams)ജനകീയ സംസ്കാരത്തെ ക്കുറിച്ചുള്ള പഠനത്തിൽ കാര്യമായ സംഭാ വനകൾ നൽകി. സാംസ്കാരിക ചലനാ ത്മകത, ആശയവിനിമയം, സമൂഹത്തിൽ മാധ്യമങ്ങളുടെ പങ്ക് എന്നിവ മനസിലാ ക്കുന്നതിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടു ണ്ട്. സംസ്കാരം എന്നാൽ അത് ഒരു 'ജീ വിതത്തിന്റെ മുഴുവൻ വഴി' എന്നത് റെയ്മണ്ട് വില്യംസിന്റെ ഒരു സു പ്രധാന നിരീക്ഷണമാണ് . കലകളും ബൗദ്ധിക നേട്ടങ്ങളും മാത്രമല്ല,

ദൈനംദിന ആചാരങ്ങളും ഉൾപ്പെടെ ഒരു സമൂഹത്തിന്റെ മുഴുവൻ ജീവിതരീതിയും സംസ്കാരം ഉൾക്കൊള്ളുന്നുവെന്ന് വില്യംസ് വാദിച്ചു. സമൂഹത്തെ മനസിലാക്കുന്നതിന്റെ അവിഭാജ്യ ഘടകമായി ജനകീയ സംസ്കാരത്തെ പഠിക്കേണ്ടതിന്റെ പ്രാധാന്യം സംസ്കാരത്തെക്കുറിച്ചുള്ള ഈ സമഗ്ര വീക്ഷണം അടിവരയിടുന്നു.

❍ സംസ്കാരം ജീവിതത്തിന്റെ മുഴുവൻ വഴി -റെയ്മണ്ട് വില്യംസ്

വില്യംസ് വികസിപ്പിച്ചെടുത്ത സവിശേഷമായ സങ്കല്പനമാണ് സാംസ്കാരിക ഭൗതികവാദം.അത് സാംസ്കാരിക സമ്പ്രദായങ്ങളെ രൂപപ്പെടുത്തുന്ന ഭൗതിക സാഹചര്യങ്ങളെയും സാമ്പത്തിക ഘടകങ്ങളെയും ഊന്നിപ്പറയുന്നു. ഈ സമീപനം സംസ്കാരം എന്ന ആശയത്തെ ഒരു ഒറ്റപ്പെട്ട അല്ലെങ്കിൽ പൂർണമായും ബൗദ്ധിക മേഖലയായി ദർശിക്കുന്നതിനെ വെല്ലുവിളിക്കുന്നു. പകരം സാംസ്കാരിക ഉൽപന്നങ്ങളും സമ്പ്രദായങ്ങളും അവയുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിൽ എങ്ങനെ സ്വാധീനിക്കപ്പെടുന്നുവെന്ന് എടുത്തു കാണിക്കുന്നു. അദ്ദേഹം അവതരിപ്പിച്ച വികാരത്തിന്റെ ഘടന എന്ന ആശയം ഒരു പ്രത്യേക ചരിത്ര നിമിഷത്തിൽ ഒരു പ്രത്യേക ഗ്രൂപ്പിന്റെയോ സമൂഹത്തിന്റെയോ പങ്കിട്ട മൂല്യങ്ങൾ, വികാരങ്ങൾ, അനുഭവങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നു. ഒരു കാലഘട്ടത്തിലെ കൂട്ടായ വികാരങ്ങളും അനുഭവങ്ങളും പ്രകടിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ജനകീയ സംസ്കാരത്തിൽ 'വികാരത്തിന്റെ ഘടന' പലപ്പോഴും പ്രകടമാണെന്ന് വില്യംസ് അഭിപ്രായപ്പെട്ടു.

❍ സാംസ്കാരിക ഭൗതികവാദം

വില്യംസിന്റെ അഭിപ്രായത്തിൽ, സാംസ്കാരിക തിരഞ്ഞെടുപ്പിന്റെ പ്രക്രിയയിൽ ഏത് സാംസ്കാരിക രൂപങ്ങളും സമ്പ്രദായങ്ങളും സംരക്ഷിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നത് ഉൾപ്പെടുന്നു. ഈ തിരഞ്ഞെടുപ്പിനെ പലപ്പോഴും ആധിപത്യ ബലതന്ത്രങ്ങൾ സ്വാധീനിക്കുകയും ആധിപത്യ സംസ്കാരത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. തിരഞ്ഞെടുക്കപ്പെട്ട പാരമ്പര്യത്തെ ശാശ്വതമാക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രക്രിയയിൽ ജനപ്രിയ സംസ്കാരം നിർണായക പങ്ക് വഹിക്കുന്നു. അതായത് 'ചരിത്രനിഷ്ഠവും ആനുഭാവികവും സ്ഥലകാല കേന്ദ്രിതവുമായ ഒരു ജീവിത സംസ്കാരത്തെക്കുറിച്ചും എല്ലാതരത്തിലും പെട്ട രേഖപ്പെടുത്തപ്പെട്ട കാലിക സംസ്കാരത്തെക്കുറിച്ചും ഇവ രണ്ടും തമ്മിൽ ബന്ധിപ്പിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പാരമ്പര്യത്തെക്കുറിച്ചുള്ള വില്യംസിന്റെ നിരീക്ഷണങ്ങൾ ജനപ്രിയ സംസ്കാര ചർച്ചയിലേക്കുള്ള വഴി നേരിട്ട് തുറക്കുന്നുണ്ട്' (ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം: ചരിത്രവും സിദ്ധാന്തവും) അധ്വാന വർഗത്തിന്റെ സംസ്കാരം എന്നത് കലയോ ബൗദ്ധികമോ ഭാവനാത്മകമോ ആയ ഇതര വിനോദരൂപങ്ങളോ അല്ല എന്നും സാമൂഹികമായ ജീവിതശൈലിയെ നിശ്ചയിക്കുന്ന സ്ഥാപനങ്ങളോ പ്രയോഗങ്ങളോ ആണെന്നും വില്യംസ് നിരീക്ഷിക്കുന്നു.

❍ സാംസ്കാരിക രൂപങ്ങളും സമ്പ്രദായങ്ങളും സംരക്ഷിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

സംസ്കാര വ്യവസായത്തിന്റെ ഉൽപ്പന്നമായ ജനപ്രിയസംസ്കാരത്തിന്റെ വിപണി കേന്ദ്രിതവും മുതലാളിത്തപരവുമായ സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ അഡോണോയിൽ നിന്നും വ്യത്യസ്തമായ രീതിയിൽ വില്യംസ് അതിനെ വിലയിരുത്തുന്നു. ജനപ്രിയസംസ്കാരവും അധ്വാനവർഗ സംസ്കാരവും വിഭിന്നങ്ങളാണെ

ന്നും അടിസ്ഥാനവർഗം ജനപ്രിയ സംസ്കാരവുമായി പൂർണമായി സാദാത്മ്യം സ്ഥാപിക്കുകയാണെന്ന് പറയേണ്ടതില്ല എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. 'സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും ഒരു പദാവലി' (Keywords: A Vocabulary of culture and Society) എന്ന തന്റെ പുസ്തകത്തിൽ, സംസ്കാരവും സമൂഹവുമായി ബന്ധപ്പെട്ട പ്രധാന പദങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന അർഥങ്ങൾ വില്യംസ് പരിശോധിച്ചു. ജനകീയ സംസ്കാരത്തിൽ കാണപ്പെടുന്നവ ഉൾപ്പെടെയുള്ള സാംസ്കാരികവും സാമൂഹികവുമായ പ്രതിഭാസങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണയെ ഭാഷ എങ്ങനെ പ്രതിഫലിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു എന്ന് ഈ കൃതി എടുത്തുകാണിക്കുന്നു.

- സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും ഒരു പദാവലി

അന്റോണിയോ ഗ്രാംഷിയുടെ ആധിപത്യ സങ്കൽപ്പത്തെ അടിസ്ഥാനമാക്കി വില്യംസ്, ആധിപത്യ സാംസ്കാരിക ശക്തികൾ അവരുടെ ശക്തി എങ്ങനെ നിലനിർത്തുന്നു എന്ന് വിശദീകരിക്കാൻ ശ്രമിച്ചു. ആധിപത്യം എന്നത് ഭരണവർഗത്തിന്റെ മൂല്യങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയരായ വർഗങ്ങളുടെ സമ്മതം ഉൾക്കൊള്ളുന്നു.ഇവ പലപ്പോഴും ജനകീയ സംസ്കാരത്തിലൂടെ നേടിയെടുക്കുന്നു. മാധ്യമങ്ങൾക്കും സാംസ്കാരിക വ്യവസായങ്ങൾക്കും എങ്ങനെ സാമൂഹിക ശ്രേണികളെ പിന്തുണയ്ക്കാനും തുരങ്കം വയ്ക്കാനും കഴിയുമെന്ന് മനസിലാക്കുന്നതിന് ഈ ആശയം നിർണായകമാണ്. റെയ്മണ്ട് വില്യംസിന്റെ ഇപ്രകാരമുള്ള ആശയങ്ങൾ ജനകീയ സംസ്കാരത്തെ വിശകലനം ചെയ്യുന്നതിനും സാമൂഹിക മൂല്യങ്ങൾ, സ്വത്വങ്ങൾ, അധികാര ഘടനകൾ എന്നിവ പ്രതിഫലിപ്പിക്കുന്നതിലും രൂപപ്പെടുത്തുന്നതിലും ജനകീയ സംസ്കാരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നതിനും ഉപയുക്തമായി.

- ആധിപത്യ സാംസ്കാരിക ശക്തികൾ

സ്റ്റുവർട്ട് ഹാൾ (Stuart Hall)



സ്റ്റുവർട്ട് ഹാൾ

ജനപ്രിയസംസ്കാരത്തെ മനസിലാക്കുന്നതിൽ ഗണ്യമായ സംഭാവന നൽകിയസൈദ്ധാന്തികനാണ് സ്റ്റുവർട്ട് ഹാൾ (Stuart Hall). മികച്ചതും മോശമായതും വരേണ്യസംസ്കാരത്തിലും ജനപ്രിയസംസ്കാരത്തിലും കാണപ്പെടാം. അതിനാൽ ക്ലാസ് കൾച്ചർ (Class Culture)നന്നെന്നും മാസ് കൾച്ചർ (Mass Culture) മോശമാണെന്നും ഉള്ള മുൻവിധി ഉചിതമല്ല. ജനകീയ സംസ്കാരം എന്നത് ഒരു നിശ്ചിത ഉൽപന്നങ്ങളുടെ ഒരു കൂട്ടമല്ല, മറിച്ച് നടന്നുകൊണ്ടിരിക്കുന്ന ചർച്ചകളുടെയും അർഥ നിർമാണത്തിന്റെയും ഒരു മേഖലയാണ് എന്ന് അദ്ദേഹം വാദിച്ചു. സ്വത്വങ്ങളെ രൂപപ്പെടുത്തുന്നതിലും സാംസ്കാരിക പ്രാതിനിധ്യം മനസിലാക്കുന്നതിലും മാധ്യമങ്ങളുടെ പങ്കിനെ കേന്ദ്രീകരിച്ച് ഹാൾ നിരവധി പ്രധാന ആശയങ്ങൾ അവതരിപ്പിച്ചു.സ്റ്റുവർട്ട് ഹാളും, പാഡിവൈനും ചേർന്ന് എഴുതിയ പോപ്പുലർ ആർട്സ് (Popular Arts)എന്ന പുസ്തകത്തിൽ ജനപ്രിയ കലയും നാടൻ കലയും തമ്മിലുള്ള വൈജാത്യങ്ങൾ വ്യക്തമാക്കുന്നു 'നാടൻ കലയിൽ കലയവതരിപ്പിക്കുന്ന കലാകാരൻ എന്ന കർതൃത്വം ഇല്ല . വ്യക്തിക്ക് പകരം

സമൂഹമേ ഉള്ളൂ .എന്നാൽ ജനപ്രിയ കലാകാരൻ ഉണ്ട്. അയാൾ സാധാരണ മനുഷ്യരേക്കാൾ ഉയർന്ന തലത്തിൽ നിൽക്കുന്ന ,പ്രാവീണ്യവും പ്രതിഭയും ഉള്ള വ്യക്തിയാണ്. ആ നിലയ്ക്ക് ജനപ്രിയ കലയ്ക്ക് നാടൻ കലയോട് അല്ല ക്ലാസിക്കൽ എന്നോ സംസ്കൃതം എന്നോ വിശേഷിപ്പിക്കാവുന്ന കലയോടാണ് സാമ്യം. അതേസമയം ജനങ്ങളോട് നേരിട്ട് സംവദിക്കുന്ന കാര്യത്തിൽ ജനപ്രിയ കലയ്ക്ക് നാടൻ കലയോട് ആണ് സാമ്യം. ജനപ്രിയ കല നേരിട്ട് ജനങ്ങളുടെ ആഘോഷമായി മാറുന്നു' (സംസ്കാര പഠനം: ചരിത്രം സിദ്ധാന്തം പ്രയോഗം, കെ.എം. നരേന്ദ്രൻ (ലേഖനം)ജനപ്രിയ സംസ്കാരം പഠനം)

❍ ക്ലാസ് കൾച്ചറും മാസ് കൾച്ചറും

സാംസ്കാരിക സ്വത്വങ്ങളുടെ രൂപീകരണത്തിന് ജനകീയ സംസ്കാരം എങ്ങനെ സംഭാവന ചെയ്യുന്നുവെന്ന് ഹാൾ വിശകലനം ചെയ്തു. സ്വത്വങ്ങൾ സ്ഥിരതയുള്ളതല്ല, മറിച്ച് സാംസ്കാരിക സമ്പ്രദായങ്ങളിലൂടെയും പ്രാതിനിധ്യത്തിലൂടെയും ഭാഷയിലൂടെയുമാണ് നിർമിക്കപ്പെടുന്നതെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. ഈ പ്രക്രിയയിൽ ജനപ്രിയ സംസ്കാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു. ആധിപത്യ പ്രത്യയശാസ്ത്രങ്ങൾ ബലപ്രയോഗത്തിലൂടെയല്ല സമ്മതത്തിലൂടെയാണ് നിലനിർത്തപ്പെടുന്നത് എന്ന അന്റോണിയോ ഗ്രാംഷിയുടെ നിലപാടിനെ ഹാൾ പിന്തുടരുന്നു. ജനകീയ സംസ്കാരം, ഈ സന്ദർഭത്തിൽ, പ്രത്യയശാസ്ത്രങ്ങൾ പ്രചരിപ്പിക്കുന്നതിനും ബഹുജനങ്ങൾ അംഗീകരിക്കുന്നതിനുമുള്ള ഒരു ഉപാധിയായി മാറുന്നു. സാംസ്കാരിക ഗ്രന്ഥങ്ങൾ ഒന്നിലധികം വ്യാഖ്യാനങ്ങൾക്ക് വിധേയമാണെന്ന് ഹാൾ വാദിച്ചു. ഇത് പോളിസെമി (Polysemy) എന്നറിയപ്പെടുന്നു. വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്ക് ഒരേ സാംസ്കാരിക ഉള്ളടക്കത്തെ വ്യത്യസ്ത രീതികളിൽ വ്യാഖ്യാനിക്കാൻ കഴിയും, ഇത് സമൂഹങ്ങൾക്കുള്ളിലെ സങ്കീർണതയും വൈവിധ്യവും പ്രതിഫലിപ്പിക്കുന്നു. ജനകീയ സംസ്കാരം കേവലം ആധിപത്യത്തിനുള്ള ഒരു ഉപകരണമല്ലെന്നും അത് ചെറുത്തുനിൽപ്പിന്റെ ഒരു തലവുമാകുമെന്നും ഹാൾ അംഗീകരിച്ചു. മുഖ്യധാരാ പ്രത്യയശാസ്ത്രങ്ങളെയും അധികാര ഘടനകളെയും വെല്ലുവിളിക്കാൻ ഉപസംസ്കാരങ്ങളും എതിർ-ആധിപത്യ പ്രസ്ഥാനങ്ങളും ജനകീയ സംസ്കാരത്തെ ഉപയോഗിക്കുന്നു. മൊത്തത്തിൽ, സ്റ്റുവർട്ട് ഹാളിന്റെ സംഭാവനകൾ ജനകീയ സംസ്കാരം, അർഥ ഉല്പാദനം, സാമൂഹിക ശക്തി എന്നിവ തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നതിനുള്ള അടിസ്ഥാനം നൽകുന്നു.

❍ പോളിസെമി

പ്രമുഖ ഫ്രഞ്ച് സൈക്കോ അനലിസ്റ്റായ ഴാക് ലകാൻ (Jacques Lacan), ജനകീയ സംസ്കാരത്തിൽ വ്യക്തമായി ശ്രദ്ധ കേന്ദ്രീകരിച്ചില്ലെങ്കിലും, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ (കണ്ണാടി ഘട്ടം, യാഥാർഥ്യം സങ്കല്പം പ്രതീകാത്മകം എന്നീ ക്രമങ്ങൾ, ആഗ്രഹം, അഭാവം തുടങ്ങിയവ) ജനകീയ സംസ്കാരത്തിന്റെ വിശകലനത്തിൽ പരോക്ഷമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കണ്ണാടി ഘട്ടം (ദ മിറർ സ്റ്റേജ്): മിറർ സ്റ്റേജ് എന്ന ലകാന്റെ ആശയം കുട്ടിക്കാലത്തെ ഒരു ഘട്ടത്തെ വിവരിക്കുന്നു, അവിടെ കുട്ടി ആദ്യം സ്വന്തം പ്രതിഫലനം തിരിച്ചറിയുകയും അഹംഭാവത്തിന്റെ വികാസത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ജനപ്രിയ സംസ്കാരത്തിൽ, വ്യക്തികൾ കഥാപാത്രങ്ങളുമായും സെലിബ്രിറ്റികളുമായും എങ്ങനെ താദാത്മ്യം പ്രാപിക്കുന്നു എന്ന് വിശകലനം ചെയ്യാൻ ഈ ആശയം പലപ്പോഴും ഉപയോഗിക്കുന്നു, കഥാ

പാത്രങ്ങളെ പ്രേക്ഷകർ തങ്ങളുടെ അനുയോജ്യമായ പതിപ്പുകളായി കാണുന്നു. സാങ്കല്പികവും പ്രതീകാത്മകവും യഥാർഥവും ആയ മൂന്ന് ക്രമങ്ങൾ ലകാന്റെ സിദ്ധാന്തത്തിന്റെ കേന്ദ്രമാണ്. സാങ്കല്പികം ചിത്രങ്ങളോടും മിഥ്യാധാരണകളോടും, പ്രതീകാത്മകമായത് ഭാഷയോടും സാമൂഹിക ഘടനകളോടും, യഥാർഥമായത് ഭാഷയ്ക്കും പ്രതീകവൽക്കരണത്തിനും അപ്പുറത്തുള്ളതുമായി ബന്ധപ്പെട്ടിരിക്കുന്നു. ജനകീയ സംസ്കാരത്തിൽ, മാധ്യമങ്ങൾ എങ്ങനെ ചിത്രങ്ങൾ സൃഷ്ടിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നു എന്നും (സാങ്കല്പികം), സാംസ്കാരിക മാനദണ്ഡങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും ഉള്ളിൽ അവ എപ്രകാരം പ്രവർത്തിക്കുന്നു എന്നും (പ്രതീകാത്മകം), അവ എപ്രകാരം ഗൂഢമായും തീവ്രമായും (യഥാർഥം) ഇടപെടുന്നു എന്നും മനസിലാക്കാൻ ലകാന്റെ ആശയങ്ങൾ സഹായിക്കുന്നു.

- ഴാക്ക് ലകാന്റെ സിദ്ധാന്തങ്ങൾ – ജനപ്രിയ സംസ്കാരത്തിന്റെ ഉപാധി

മനുഷ്യന്റെ 'ആഗ്രഹം' അടിസ്ഥാനപരമായ 'അഭാവ'ത്തിൽ വേരൂന്നിയതാണെന്നും അത് മറ്റൊന്നിനോടുള്ള കൈവരിക്കാനാവാത്ത ആഗ്രഹത്താൽ ശാശ്വതമാണെന്നും ഉള്ള ലകാന്റെ ആശയം ഉപഭോക്തൃ സംസ്കാരത്തെ വിശകലനം ചെയ്യാൻ ഉപയോഗപ്രദമാണ്.അവിടെ പരസ്യങ്ങളും മാധ്യമങ്ങളും തുടർച്ചയായി പുതിയ ഉൽപ്പന്നങ്ങൾക്കും ജീവിതരീതികൾക്കും വേണ്ടിയുള്ള ആഗ്രഹങ്ങൾ സൃഷ്ടിക്കുന്നു. പൂർത്തീകരണം എല്ലായ്പ്പോഴും കൈയ്യെത്താത്തതാണെന്ന് സൂചിപ്പിക്കുന്നു. ലകാന്റെ നോട്ടത്തെക്കുറിച്ചുള്ള ആശയം ചലച്ചിത്ര സിദ്ധാന്തങ്ങളിലും ദൃശ്യസംസ്കാരപഠനത്തിലും നിർണായകമാണ്. കാഴ്ചക്കാർ ദൃശ്യമാധ്യമങ്ങളുമായി ഇടപഴകുന്ന രീതിയെയും ബലതന്ത്രവും ആഗ്രഹവും ഉപയോഗിച്ച് നോക്കുന്ന പ്രവൃത്തിയെ എങ്ങനെ സമീപിക്കാം എന്നതിനെ ഇത് സൂചിപ്പിക്കുന്നു. സിനിമകളിലും മറ്റ് മാധ്യമങ്ങളിലും ലിംഗഭേദം, വംശം, അധികാരം എന്നിവയുടെ ചിത്രീകരണത്തെ വിമർശിക്കുന്നതിൽ ഈ ആശയം പ്രധാനമാണ്. മനോവിശ്ലേഷണ സാഹിത്യനിരൂപണത്തിലുള്ള ലകാന്റെ സ്വാധീനം ജനകീയ സംസ്കാര ഗ്രന്ഥങ്ങളിലേക്കും വ്യാപിക്കുന്നു. സിനിമകൾ, ടിവി ഷോകൾ, സാഹിത്യം, മറ്റ് സാംസ്കാരിക പുരാവസ്തുക്കൾ എന്നിവയിലെ അബോധാവസ്ഥയിലുള്ള ഉദ്ദേശ്യങ്ങൾ, ആഗ്രഹങ്ങൾ, സംഘർഷങ്ങൾ എന്നിവ മറനീക്കികാട്ടുന്നതിനുള്ള ഉപാധികൾ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ നൽകുന്നു. ഇപ്പറഞ്ഞവയിലൂടെ, ലകാനിയൻ സിദ്ധാന്തം ജനകീയ സംസ്കാരം എങ്ങനെ മനുഷ്യ മനഃശാസ്ത്രം, സ്വത്വം, സാമൂഹിക ഘടന എന്നിവയെ രൂപപ്പെടുത്തുകയും പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള ഉൾക്കാഴ്ചകൾ നൽകുന്നു.

- ലകാൻ –'നോട്ടം' ദൃശ്യസംസ്കാരപഠന ഉപാധി

റോളണ്ട് ബാർത്തിന്റെ 'മിത്തോളജീസ് (Mythologies)', 'രചയിതാവിന്റെ മരണം' (The Death of the Author)' തുടങ്ങിയ രചനകൾ ജനകീയ സംസ്കാര ചിഹ്നങ്ങളെ നാം എങ്ങനെ വ്യാഖ്യാനിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു എന്നതിനെ സ്വാധീനിച്ചിട്ടുണ്ട്. ഫ്രഞ്ച് ജനപ്രിയ സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങളുടെ സമാഹാരമായ മിത്തോളജീസിൽ ചിഹ്നശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് ജനപ്രിയ സംസ്കാരത്തെ കുറിച്ച് പഠനം നടത്തുന്നു. ജനപ്രിയ സം

- റോളണ്ട് ബാർത്ത്- (Mythologies) - ജനകീയ സംസ്കാര ചിഹ്നങ്ങളുടെ വിശകലനം

സ്കാരത്തിന്റെ പാഠങ്ങളിലും പ്രയോഗങ്ങളിലും അന്തർഭവിച്ചിരിക്കുന്നതും എന്നാൽ പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നതുമായ അർഥങ്ങൾ അന്വേഷിക്കുകയാണ് ബാർത്ത്.

- അൽത്തൂസറിന്റെ സ്വാധീനം

പ്രത്യയശാസ്ത്രത്തെയും ഭരണകൂട ഉപകരണങ്ങളെയും കുറിച്ചുള്ള അൽത്തൂസറിന്റെ സിദ്ധാന്തങ്ങൾ ജനകീയ സംസ്കാരത്തിന്റെ വിവിധ വശങ്ങളിൽ സ്വാധീനം ചെലുത്തുകയും പ്രതിഫലിക്കുകയും ചെയ്യുന്നു. മാധ്യമങ്ങളും ജനകീയ സംസ്കാരവും പ്രത്യയശാസ്ത്രത്തിന്റെ ഉപകരണങ്ങളായി എങ്ങനെ പ്രവർത്തിക്കുന്നു എന്ന് വിശകലനം ചെയ്യാൻ ജനകീയ സംസ്കാര മേഖലയിലെ പണ്ഡിതന്മാർ പലപ്പോഴും അൽത്തൂസറിന്റെ സിദ്ധാന്തങ്ങൾ പ്രയോജനപ്പെടുത്തുന്നു. ഉദാഹരണത്തിന്, സ്റ്റുവർട്ട് ഹാളിന്റെയും ബർമിംഗ്ഹാം സ്കൂളിന്റെയും കൃതികൾ സാംസ്കാരിക ഉല്പാദനവും ഉപഭോഗവും പരിശോധിക്കുന്നതിനായി അൽത്തൂസേറിയൻ ആശയങ്ങളെ അടിസ്ഥാനമാക്കിയിട്ടുണ്ട്.

Summarised Overview

'മൂന്നാംലോകം' അല്ലെങ്കിൽ 'ഗ്ലോബൽ സൗത്ത്' എന്ന് പൊതുവെ അറിയപ്പെടുന്ന സമൂഹങ്ങളിലെ സാംസ്കാരിക ആവിഷ്കാരങ്ങൾ, സമ്പ്രദായങ്ങൾ, സ്വത്വങ്ങൾ എന്നിവ പരിശോധിക്കുന്ന ഒരു അന്തർവൈജ്ഞാനിക മേഖലയാണ് മൂന്നാംലോക സാംസ്കാരിക പഠനം. ഈ പ്രദേശങ്ങളിലെ ആളുകളുടെ വൈവിധ്യമാർന്ന അനുഭവങ്ങളും കാഴ്ചപ്പാടുകളും മനസിലാക്കാൻ സാഹിത്യം, കല, സംഗീതം, ഭാഷ, മറ്റ് സാംസ്കാരിക വശങ്ങൾ എന്നിവ വിശകലനം ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു, പലപ്പോഴും ഇത് യൂറോകേന്ദ്രിത കാഴ്ചപ്പാടുകളെ വെല്ലുവിളിക്കുന്നു. മൂന്നാംലോക രാജ്യങ്ങളിലെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ അവസ്ഥകളെ എപ്രകാരം സംസ്കാരം പ്രതിഫലിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നുവെന്ന് വിശകലനം ചെയ്യാൻ ഈ മേഖലയിലെ പണ്ഡിതന്മാർ ലക്ഷ്യമിടുന്നു. മനഃശാസ്ത്രജ്ഞനും തത്വചിന്തകനും 'ബ്ലാക്ക് സ്കിൻ, വൈറ്റ് മാസ്ക്സ്', 'ദ റെച്ചഡ് ഓഫ് ദ എർത്ത്'എന്നീ കൃതികളുടെ കർത്താവുമായ ഫ്രാൻസ് ഫാനൻ കൊളോണിയലിസം, അപകോളനിവൽക്കരണം, അടിച്ചമർത്തലിന്റെ മനഃശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പോസ്റ്റ്-കൊളോണിയൽ പഠനങ്ങൾക്ക് അടിത്തറയിട്ടു. പാലസ്തീൻ വംശജനായ സാഹിത്യ സൈദ്ധാന്തികനും വിമർശകനും 'ഓറിയന്റലിസം' എന്ന കൃതിയുടെ കർത്താവുമായ എഡ്വേർഡ് സെയ്ദ് കിഴക്കൻ ലോകത്തിന്റെ പാശ്ചാത്യ പ്രതിനിധാനങ്ങളെ വിമർശിക്കുന്നു. കോളനിയാനന്തര പഠനങ്ങളിലും സാംസ്കാരിക സാമ്രാജ്യത്വത്തെക്കുറിച്ചുള്ള ധാരണയിലും അദ്ദേഹത്തിന്റെ കൃതികൾ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഒരു ഇന്ത്യൻ പണ്ഡിതയും ഫെമിനിസ്റ്റ് നിരൂപകയുമായും 'കാൻ ദി സബാൾട്ടേൺ സ്പീക്ക്?' എന്ന പ്രബന്ധത്തിന്റെ കർത്താവും ആയ ഗായത്രി ചക്രവർത്തി സ്പിവാകിന്റെ സംഭാവനകളും, സാംസ്കാരിക സൈദ്ധാന്തികനും സാമൂഹ്യശാസ്ത്രജ്ഞനുമായ സ്റ്റുവർട്ട് ഹാളിന്റെ എൻകോഡിംഗ്/ഡീകോഡിംഗ്, സാംസ്കാരിക ആധിപത്യം എന്നിവയെക്കുറിച്ചുള്ള ആശയങ്ങളും, ഇന്ത്യൻ വംശജനായ പണ്ഡിതനും 'ദി ലൊക്കേഷൻ ഓഫ് കൾച്ചർ' എന്ന പുസ്തകത്തിന്റെ കർത്താവുമായ, ഹോമി കെ. ഭാഭയുടെ, സങ്കരത്വം, മിമിക്രി, മൂന്നാം ഇടം എന്നിവയെ കുറിച്ചുള്ള പ്രവർത്തനങ്ങളും, കെനിയൻ എഴുത്തുകാരനും അക്കാദമിക് വിദഗ്ധനും

ആഫ്രിക്കൻ സാഹിത്യത്തിലെയും കോളനിയാനന്തര അനന്തര സിദ്ധാന്തത്തിലെ ഒരു പ്രധാന വ്യക്തിത്വവുമായ Ngu-gi wa Thiongo' യുടെ തദ്ദേശീയ ഭാഷകളിൽ എഴുതാനുള്ള വാദവും കൊളോണിയൽ വിദ്യാഭ്യാസത്തെയും സംസ്കാരത്തെയും കുറിച്ചുള്ള വിമർശനങ്ങളും മൂന്നാംലോക സാംസ്കാരിക പഠനങ്ങളിലെ ശ്രദ്ധേയ ഘടകങ്ങളാണ്.

പത്തൊൻപതാം നൂറ്റാണ്ടിലെ കവിയും സാംസ്കാരിക നിരൂപകനുമായ മാത്യു അർനോൾഡ്, ജനപ്രിയ സംസ്കാരത്തെക്കുറിച്ച് സങ്കീർണമായ വീക്ഷണം പുലർത്തിയിരുന്നു, പ്രത്യേകിച്ചും അദ്ദേഹത്തിന്റെ 'സംസ്കാരവും അരാജകത്വവും' എന്ന കൃതിയിൽ ഇത് പ്രകടമാണ്. അദ്ദേഹം, ജനകീയ സംസ്കാരത്തിന്റെ വ്യാപനം സമൂഹത്തിന്റെ പരിഷ്കരണത്തിനും ധാർമിക പുരോഗതിക്കും ഭീഷണിയാണെന്ന് വിശ്വസിച്ചു. ലോകത്ത് ചിന്തിക്കുകയും പറയുകയും ചെയ്തിട്ടുള്ളതിൽ ഏറ്റവും മികച്ചത് എന്തോ അതാണ് ഉന്നത സംസ്ക്കാരം എന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അടിസ്ഥാന അഭിരുചികളും ഉടനടിയുള്ള ആനന്ദങ്ങളും നൽകുന്നതായി അദ്ദേഹം കണ്ട ജനപ്രിയ സംസ്കാരവുമായി അദ്ദേഹം ഉന്നത സംസ്കാരത്തെ താരതമ്യം ചെയ്തു. വാണിജ്യ താൽപ്പര്യങ്ങളും ബഹുജന ആകർഷണവും ആധിപത്യം പുലർത്തുന്ന ജനകീയ സംസ്കാരം ബൗദ്ധികവും ധാർമികവുമായ വികസനത്തിന് തുരങ്കം വയ്ക്കുമെന്ന് അർനോൾഡ് ഭയപ്പെട്ടു.അർനോൾഡ് സംസ്കാരത്തെ സ്വയം മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പുരോഗതിക്കുമുള്ള ഒരു ഉപാധിയായാണ് വീക്ഷിച്ചത്. ഉയർന്ന സംസ്കാരത്തിന്റെ ശക്തമായ അടിത്തറയില്ലെങ്കിൽ, അനിയന്ത്രിതമായ വ്യക്തിത്വവും പൊതുവായ സാംസ്കാരിക മാനദണ്ഡങ്ങളുടെ അഭാവവും മൂലം സമൂഹം അരാജകത്വത്തിലേക്ക് വീഴുമെന്ന് അദ്ദേഹം വിശ്വസിച്ചു.

ഫ്രാങ്ക്ഫർട്ട് സ്കൂൾ, സൈദ്ധാന്തികരായ അഡോർണോയും ഹോർഖൈമറും അവരുടെ 'സാംസ്കാര വ്യവസായം' എന്ന ആശയത്തിലൂടെ ജനപ്രിയ സംസ്കാരത്തെ വിമർശിച്ചു. നിഷ്ക്രിയ ഉപഭോഗവും അനുരൂപതയും പ്രോത്സാഹിപ്പിക്കുന്നതിലൂടെ മുതലാളിത്ത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന, വൻതോതിൽ ഉല്പാദിപ്പിക്കുന്ന സംസ്കാരം ജനങ്ങളെ നിഷ്ക്രിയരും അലസരും ആക്കുമെന്ന് വാദിച്ചു. 'സാംസ്കാരിക ഭൗതികവാദം' എന്ന ആശയം അവതരിപ്പിച്ചുകൊണ്ട് റെയ്മണ്ട് വില്യംസ് സംസ്കാരത്തെ അതിന്റെ ഭൗതിക സാഹചര്യങ്ങളുമായും ചരിത്രപരമായ സന്ദർഭങ്ങളുമായും ബന്ധപ്പെടുത്തി മനസിലാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. 'എൻകോഡിംഗ്/ഡീകോഡിംഗ്' എന്ന ആശയം വികസിപ്പിച്ചെടുത്തു കൊണ്ട് സ്റ്റുവർട്ട് ഹാൾ മാധ്യമ സന്ദേശങ്ങൾ എങ്ങനെ നിർമിക്കപ്പെടുന്നുവെന്നും വ്യാഖ്യാനിക്കപ്പെടുന്നുവെന്നും പരിശോധിച്ചു, അർഥം സൃഷ്ടിക്കുന്നതിൽ പ്രേക്ഷകരുടെ സജീവ പങ്ക് എടുത്തുകാണിച്ചു. സ്വത്വം, പ്രാതിനിധ്യം, സാംസ്കാരിക രാഷ്ട്രീയം എന്നിവയുടെ പ്രശ്നങ്ങളും ഹാൾ വിശകലനം ചെയ്തു. ലകാന്റെ കണ്ണാടി ഘട്ടം, യാഥാർഥ്യം, സങ്കല്പം, പ്രതീകാത്മകം എന്നീ ക്രമങ്ങൾ, ആഗ്രഹം, അഭാവം തുടങ്ങിയ ആശയങ്ങൾ ജനകീയ സംസ്കാരത്തിന്റെ വിശകലനത്തിൽ പരോക്ഷമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. റൊളാങ്ങ് ബാർത്തിന്റെ 'മിത്തോളജീസ്', 'രചയിതാവിന്റെ മരണം' തുടങ്ങിയ രചനകൾ ജനകീയ സംസ്കാര ചിഹ്നങ്ങളെ നാം എങ്ങനെ വ്യാഖ്യാനിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു എന്നതിനെ സ്വാധീനിച്ചിട്ടുണ്ട്.

Assignments

1. പോസ്റ്റ് കൊളോണിയൽ സിദ്ധാന്തങ്ങൾ ക്രോഡീകരിക്കുക
2. മൂന്നാംലോക സാംസ്കാരിക ചിന്തകളെ വിശദീകരിക്കുക
3. ജനപ്രിയസംസ്കാരം ബഹുജനസംസ്കാരം ഇവ വിശദമാക്കുക
4. ജനപ്രിയസംസ്കാരത്തെ സംബന്ധിച്ചുള്ള ഫ്രാങ്ക്ഫർട്ട് സ്കൂളിന്റെ ചിന്തകൾ ക്രോഡീകരിക്കുക.
5. ജനപ്രിയസംസ്കാരത്തെ സംബന്ധിച്ച് മാത്യു അർണോൾഡിന്റെ ചിന്തകൾ ക്രോഡീകരിക്കുക.
6. മൂന്നാം ലോകസംസ്കാരപഠനത്തിൽ സമീർ അമീൻ, എയിംസെസയർ എന്നിവരുടെ സംഭാവനകൾ വിശദമാക്കുക.
7. ഹോമി ജെ. ഭാഭാ, ഗായത്രി ചക്രവർത്തി, എഡ്വേർഡ് സെയ്ദ് എന്നിവരുടെ മൂന്നാം ലോകസാംസ്കാരിക പഠനചിന്തകൾ ക്രോഡീകരിക്കുക.

Suggested Readings

1. വി.സി. ഹാരിസ്, പി.എസ്. രാധാകൃഷ്ണൻ(എഡി.) സംസ്കാരപഠനം പുതിയ സങ്കല്പനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഷാജി ജേക്കബ്, സാംസ്കാരിക വിമർശവും മലയാള ഭാവനയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പ്രസാദ് പന്ന്യൻ, എഡ്വേർഡ് സെയ്ദ്: പൗരസ്ത്യം പാശ്ചാത്യം കർതൃത്വത്തിന്റെ രാഷ്ട്രീയം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
4. ജി. മധുസൂദനൻ, ചിന്തയുടെ നവലോകങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
5. പി. പവിത്രൻ, കോളനിയാനന്തരവാദം-സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും, കൈരളി ബുക്സ്, കണ്ണൂർ.

References

1. മലയാള പഠനസംഘം,സംസ്കാരപഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. ഡോ. ജെ. പ്രഭാഷ്, ഫ്രാൻസ് ഫാനൻ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

അധിനിവേശവിമർശം-അധീശത്വവിമർശം

BLOCK-03

Block Content

യൂണിറ്റ് - 1 കോളനിയാനന്തര വിമർശനം

യൂണിറ്റ് - 2 കോളനിയാനന്തര സാഹിത്യം

യൂണിറ്റ് - 3 കീഴാള പഠനം

യൂണിറ്റ് - 4 സാഹിത്യത്തിലെ വംശീയത

Unit 1

കോളനിയാനന്തര വിമർശനം

Learning Outcomes

- കോളനിയാനന്തര വിമർശനം എന്തെന്ന് മനസിലാക്കുന്നു
- ഫ്രാൻസ് ഫാനൻ, എഡ്വേർഡ് സെയ്ദ്, ഹോമി കെ. ഭാഭ തുടങ്ങിയവരുടെ ചിന്തകൾ നിരീക്ഷിക്കുന്നു
- ദേശീയതയെ പറ്റിയുള്ള വിവിധ വാദങ്ങൾ പരിശോധിക്കുന്നു
- ഗാന്ധി, മാർക്സ്, ഐജാസ് അഹമ്മദ് തുടങ്ങിയവരുടെ നിരീക്ഷണങ്ങൾ പരിശോധിക്കുന്നു

Background

കൊളോണിയലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സാംസ്കാരിക, രാഷ്ട്രീയ, സാമൂഹിക ആഘാതങ്ങൾ പരിശോധിക്കുന്ന ഒരു അക്കാദമിക് മേഖലയും സൈദ്ധാന്തിക ചട്ടക്കൂടുമാണ് പോസ്റ്റ് കൊളോണിയലിസം. ഇത് കൊളോണിയൽ ഭരണത്തിന്റെ പൈതൃകത്തിലും കോളനിവല്കരിക്കപ്പെട്ടിരുന്ന ദേശങ്ങളിൽ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങളിലും ഊന്നൽ നൽകുന്നു. കോളനീകരണവുമായി ബന്ധപ്പെട്ട അധികാരതന്ത്രങ്ങൾ സ്വത്വം, വംശം, സാംസ്കാരിക ഇടപെടലുകൾ എന്നിവ വിശകലനം ചെയ്യുന്നു. കൊളോണിയൽ ചരിത്രങ്ങൾ സമകാലിക സമൂഹങ്ങളെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും അപകോളനീകരണം, പ്രാതിനിധ്യം, പ്രതിരോധം തുടങ്ങിയ പ്രശ്നങ്ങളെ അവ എങ്ങനെ അഭിസംബോധന ചെയ്യുന്നു എന്ന് മനസിലാക്കാനും പോസ്റ്റ് കൊളോണിയലിസം ശ്രദ്ധിക്കുന്നു. 1961-ൽ ഫ്രഞ്ചിൽ പ്രകാശിതമായ ഫ്രാൻസ് ഫാനന്റെ "The wretched of the Earth' എന്ന കൃതിയിലാണ് പോസ്റ്റ് കൊളോണിയൽ വിമർശനത്തിന്റെ ആരംഭം എന്നു കരുതുന്നു. ഫാനന്റെ അഭിപ്രായത്തിൽ സ്വഭൂതകാലത്തെ വീണ്ടെടുക്കുന്നതിലൂടെ മാത്രമേ കോളനീകൃത ജനതയ്ക്ക് സ്വത്വവും ശബ്ദവും കണ്ടെത്താനാവൂ. എഡ്വേർഡ് സെയ്ദിന്റെ 'ഓറിയന്റലിസ'മാണ് പോസ്റ്റ് കൊളോണിയൽ വിമർശനത്തിന്റെ അടിസ്ഥാന തത്വങ്ങൾ തുറന്നുകാട്ടുന്ന ആദ്യ കൃതി. കോളനീകൃത രാഷ്ട്രങ്ങളെ മുൻനിർത്തി നിർമിച്ച രചനകളാണ് ആദ്യഘട്ടത്തിൽ പോസ്റ്റ് കൊളോണിയൽ വിമർശനത്തിന് ആധാരം.

രണ്ടാം ഘട്ടത്തിൽ എഴുത്തുകാർ സ്വസമുദായത്തെയും രാജ്യത്തെയും പുരസ്കരിച്ച് എഴുതുന്ന സാഹിത്യത്തിന്റെ വിമർശനത്തിൽ നിരൂപകർ ശ്രദ്ധിക്കുന്നു. മൂന്നാം ഘട്ടത്തിൽ, പോസ്റ്റ് കൊളോണിയൽ വിമർശനത്തിൽ സൈദ്ധാന്തികവും ആനുഭവികവു (empirical) മായ രണ്ടു ധാരകൾ ഉരുത്തിരിയുന്നു. സാംസ്കാരിക വ്യതിയാനങ്ങളിൽ പിൽക്കാലത്ത് വിമർശനം ശ്രദ്ധ വെയ്ക്കുന്നു. സ്വത്വബോധത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് പോസ്റ്റ് കൊളോണിയൽ വിമർശകന്റെ മറ്റൊരു പ്രത്യേകത. ദ്വിമാനസ്വത്വ (double identity) ത്തെ കുറിച്ചുള്ള ധാരണ വിമർശകരിൽ ഉണ്ടാവും. ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായ അന്റോണിയോ ഗ്രാംഷിയുടെ സൈദ്ധാന്തിക ചിന്തക

ളിൽ ഏറ്റവും സങ്കീർണമായ സങ്കല്പനമാണ് അധീശത്വം. അധികാരബന്ധങ്ങളുടെ വ്യവസ്ഥയിൽ നിന്നാണ് അധീശത്വം എന്ന സങ്കല്പനത്തിന്റെ തുടക്കം. ഈ സങ്കല്പനത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ബലപ്രയോഗമായും ധൈഷണികവും ധാർമികവുമായ നേതൃത്വമായും ആധിപത്യം രണ്ട് തരത്തിലുണ്ട് എന്ന് ഗ്രാംഷി പറയുന്നു. സാമൂഹികവും സാമ്പത്തികവുമായ അസമത്വത്തിനുമെതിരായ പ്രക്ഷോഭങ്ങളും എതിർപ്പുകളും ആധുനികത മുതൽ തന്നെ ലോകരാഷ്ട്രങ്ങളിൽ ഇടം പിടിച്ചിരുന്നു. അധിനിവേശ പ്രസ്ഥാനങ്ങൾക്കും ചിന്തകൾക്കും നേരെ വിമർശനങ്ങൾ ഉയർന്നിടുണ്ട്.

Keywords

കോളനിയനന്തരവാദം-ദേശീയതാപഠനങ്ങൾ-ഫ്രാൻസ് ഫാനൻ-എഡ്വേർഡ് സെയ്ദ്-ഹോമി കെ. ഭാഭ-മാർക്സിന്റെ സമീപനം-ഗാന്ധിയുടെ ആധുനികതാ വീക്ഷണം-ഐജാസ് അഹമ്മദ്-ഗായത്രി ചക്രവർത്തി സ്പിവാക്ക്

Discussion

സാമ്രാജ്യത്വം, കോളനീകരണം, അപകോളനീകരണം, കോളനിയാനന്തരം തുടങ്ങിയ സംജ്ഞകളെല്ലാം പരസ്പരബന്ധിതമാണ്. ഒരു രാജ്യം മറ്റൊരു രാജ്യത്തിനുമേൽ സാമ്പത്തികവും സൈനികവുമായ നിയന്ത്രണം അടിച്ചേൽപ്പിക്കുന്നത് വഴി ലഭിക്കുന്ന അധികാരത്തെയാണ് സാമ്രാജ്യത്വം എന്നു വ്യവഹരിക്കുന്നത്. സാമ്രാജ്യത്വത്തിന്റെ മറ്റൊരു പ്രയോഗമാണ് കോളനീകരണം. കൊളോണിയ 'Colonia' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് കോളനി, കൊളോണിയലിസം, കോളനീകരണം തുടങ്ങിയ സംജ്ഞകൾ ഉണ്ടായത്. കൊളോണിയ എന്നതിന് സ്ഥാപിക്കൽ, കുടിയേറിപാർക്കൽ തുടങ്ങിയ അർഥങ്ങളാണ് നിഘണ്ടുവിലുള്ളത്. സ്വന്തം നാട്ടിൽ നിന്ന് മറ്റൊരു രാജ്യത്ത് സന്ദർശനത്തിനും കച്ചവടത്തിനും വേണ്ടി എത്തുകയും ക്രമേണ തദ്ദേശീയരെയും അവരുടെ ഭൂപ്രകൃതിയെയും അധീനപ്പെടുത്തി, ആതിഥേയരെയും അതിഥിരാജ്യത്തെയും തങ്ങളുടെ നിയമങ്ങൾക്ക് വിധേയരാക്കുകയും ആതിഥേയ രാജ്യത്തിന്റെ അവകാശികളായി കുടിയേറ്റക്കാരും അവരുടെ പിന്തുടർച്ചക്കാരും മാറുകയും ചെയ്യുന്ന പ്രക്രിയയാണ് കോളനിവൽക്കരണം. പാശ്ചാത്യശക്തികൾ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ലോകമെമ്പാടുമുള്ള ഭൂപ്രദേശങ്ങളിൽ കടന്നുചെല്ലുകയും അവിടെയുള്ള പ്രകൃതി വിഭവങ്ങളും മനുഷ്യ വിഭവശേഷിയും അധീനമാക്കാൻ ശ്രമിക്കുകയും ചെയ്തതിലൂടെയാണ് കോളനീകരണം ആരംഭിക്കുന്നത്. 1492-ൽ കൊളംബസ് അമേരിക്കൻ ഭൂഖണ്ഡം കണ്ടെത്തിയത് മുതൽ ആരംഭിക്കുന്ന യൂറോപ്യൻ അധിനിവേശത്തിന്റെ ചരിത്രം, രണ്ടാം ലോകമഹായുദ്ധത്തോടെയാണ് ഭാഗികമായി അവസാനിക്കുന്നത്. ഏഷ്യ, ആഫ്രിക്ക, ഓസ്ട്രേലിയ, കാനഡ, കരീബിയൻ ദ്വീപുകൾ തുടങ്ങിയ ഇടങ്ങളിലെ നിരവധി ഭൂപ്രദേശങ്ങൾ ഇരുപതാം നൂറ്റാണ്ട് വരെ യൂറോപ്യൻ ശക്തികളുടെ അധീനതയിൽ ആയിരുന്നു. ദീർഘകാലത്തെ അധിനിവേശ സംസ്കാരം പ്രാദേശിക

വംശീയ സംസ്കാരങ്ങൾക്ക് മേൽ സാംസ്കാരികമായ ആധിപത്യം സ്ഥാപിച്ചിരുന്നു. തങ്ങൾ പുതുതായി കണ്ടെത്തിയ ഭൂവിഭാഗങ്ങളിലെ പ്രകൃതിവിഭവങ്ങൾക്കുമേലും തനതു ജനവിഭാഗങ്ങൾക്കും അവരുടെ സംസ്കൃതികൾക്ക് മുകളിലും അധിനിവേശ ശക്തികൾ ആധിപത്യം പുലർത്തി.

കൊളോണിയ എന്ന ലാറ്റിൻ പദത്തിൽ നിന്ന്

വൈവിധ്യമാർന്ന സമീപനങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ് പോസ്റ്റ് കൊളോണിയലിസം. കോളനിവൽക്കരിച്ച ജനങ്ങളുടെ വീക്ഷണത്തിൽ നിന്നുകൊണ്ട്, കൊളോണിയൽ ജീവിതത്തെ ആഴത്തിലും വ്യാപ്തിയിലും മനസിലാക്കാൻ ഈ വ്യവഹാരം സാമാന്യമായി ശ്രമിക്കുന്നു. കൊളോണിയലിസത്തെയും നിയോകൊളോണിയലിസത്തെയും നിലനിർത്തുന്ന സാമൂഹികവും രാഷ്ട്രീയവുമായ അധികാര ബന്ധങ്ങളെ പോസ്റ്റ് കൊളോണിയലിസം പരിശോധിക്കുന്നു. കോളനീകരണത്തോടെ ആരംഭിക്കുകയും അധിനിവേശ ശക്തികളിൽനിന്നും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം തുടരുന്നതുമായ അധിനിവേശിതരുടെ വ്യവഹാരങ്ങളെല്ലാം പഠനത്തിന്റെ പരിധിയിൽ വരുന്നു.

പോസ്റ്റ് കൊളോണിയലിസം

കോളനിയാനന്തരവിമർശനം

കൊളോണിയലിസത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സാംസ്കാരിക പൈതൃകത്തോടുള്ള പ്രതികരണമായി ഉയർന്നുവന്ന സാഹിത്യ സിദ്ധാന്തവും വിമർശനാത്മക സമീപനവുമാണ് പോസ്റ്റ് കൊളോണിയൽ നിരൂപണം. കോളനിസംസ്കാരത്തിന്റെ പ്രാരംഭം മുതൽ അന്ത്യം വരെ കോളനിവൽക്കരണത്തിന്റെ പ്രതിഫലനം എന്ന നിലയിൽ സൃഷ്ടിച്ച സാഹിത്യത്തിന്റെ വിശകലനമായി കോളനിയാനന്തരവിമർശനത്തെ കാണാം. കോളനിവൽക്കരിക്കപ്പെട്ടിരുന്ന പ്രദേശങ്ങളിൽ നിന്നുള്ള എഴുത്തുകാരുടെ നോവലുകൾ, കവിതകൾ, നാടകങ്ങൾ, അതുപോലെ കൊളോണിയൽ എഴുത്തുകാരുടെ കൃതികൾ എന്നിവ പോസ്റ്റ് കൊളോണിയൽ വിമർശനം വിശകലനം ചെയ്യുന്നു. അവയിലെ വംശം, സംസ്കാരം, വ്യക്തിത്വം എന്നിവയുടെ പ്രതിനിധാനങ്ങൾ പരിശോധിക്കുകയും കൊളോണിയൽ മനോഭാവങ്ങളും അസമത്വങ്ങളും നിലനിർത്തുന്ന ചരിത്രപരമായ ആഖ്യാനങ്ങളെയും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയും വിമർശിക്കുകയും ചെയ്യുന്നു. ഇത് സംസ്കാരങ്ങളിലും സമൂഹങ്ങളിലും കോളനിവൽക്കരണം സൃഷ്ടിച്ച ഫലങ്ങളെയും അതോടൊപ്പം സാഹിത്യത്തിലും കലയിലും മറ്റ് സാംസ്കാരിക ആവിഷ്കാര രൂപങ്ങളിലും ഈ ഫലങ്ങൾ എങ്ങനെയെല്ലാം പ്രതിനിധീകരിക്കപ്പെട്ടു എന്നതും പരിശോധിക്കുന്നു. കോളനിചരിത്രമുള്ള ദേശങ്ങളിലെ കൃതികളെ പഠിക്കുന്നതും കോളനിയാനന്തരകാലത്ത് എഴുതപ്പെട്ട കൃതികളെ പുനർവായിക്കുന്നതും കോളനിയാനന്തര നിരൂപണത്തിന്റെ പ്രയോഗരീതിയാണ്.

പോസ്റ്റ് കൊളോണിയൽ വിമർശനം

കോളനിവൽക്കരിക്കപ്പെട്ട ജനതയെയും സംസ്കാരങ്ങളെയും കൊളോണിയൽ ശക്തികൾ ചരിത്രപരമായി എങ്ങനെ പ്രതിനിധീകരിച്ചുവെന്ന് പോസ്റ്റ്കൊളോണിയൽ വിമർശനം വിശകലനം ചെയ്യുന്നു. അതുപോലെ, കൊളോണിയൽ ആധിപത്യത്തെ കോളനിവൽക്കരിക്കപ്പെട്ട ജനത എങ്ങനെ ചെറുത്തുവെന്നും കൊളോണിയൽ വിവരണങ്ങളെ അട്ടിമറിച്ചുവെന്നും ഈ സമീപനം പരിശോധിക്കുന്നു. കൊളോണിയൽ അധികാരത്തെ വെല്ലുവിളിക്കുകയും ബദൽ വീക്ഷണങ്ങൾ

വാഗ്ദാനം ചെയ്യുകയും ചെയ്യുന്ന സാഹിത്യകൃതികളും സാംസ്കാരിക രീതികളും കണ്ടെത്താൻ ശ്രമിക്കുന്നതും കൊളോണിയൽ വിമർശനത്തിന്റെ ഭാഗമാണ്. അധിനിവേശിത സമൂഹത്തിന്റെ അവസ്ഥകളെക്കുറിച്ചുള്ള സാഹിത്യ ആവിഷ്കാരങ്ങൾ കണ്ടെത്തുന്നതോടൊപ്പം, കോളനീകരണകാലത്തിനു ശേഷമുള്ള ആഗോളാവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ കണ്ടെത്തുവാനും പോസ്റ്റ് കൊളോണിയൽ വിമർശനം ശ്രദ്ധിക്കുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും തുടർന്നു കൊണ്ടിരിക്കുന്ന കൊളോണിയൽ ശക്തികളുടെ സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക സ്വാധീനങ്ങളെയും പോസ്റ്റ് കൊളോണിയൽ വിമർശനം അഭിസംബോധന ചെയ്യുന്നു.

- കൊളോണിയൽ അധികാരത്തെ ചോദ്യം ചെയ്യുന്നു

കൊളോണിയലിസത്തെ അനുസ്മരിപ്പിക്കുന്ന അസമത്വങ്ങളെ ആഗോള അധിനിവേശ ശക്തികൾ എങ്ങനെ നിലനിർത്തുന്നുവെന്ന് ഇത് വിമർശിക്കുന്നു. കൊളോണിയൽ ആഖ്യാനങ്ങളെ പുനർനിർമിക്കുക, പാർശ്വവത്കരിക്കപ്പെട്ട ശബ്ദങ്ങളെ ശാക്തീകരിക്കുക, വിമർശനാത്മക അവബോധം വളർത്തിയെടുക്കുക തുടങ്ങിയവ പോസ്റ്റ് കൊളോണിയൽ വിമർശനത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. പോസ്റ്റ് കൊളോണിയൽ വിമർശനം കൊളോണിയൽ ശക്തികൾ നിർമിച്ച പ്രബലമായ ആഖ്യാനങ്ങളെ വെല്ലുവിളിക്കുകയും തകർക്കുകയും, കൊളോണിയൽ, നിയോകൊളോണിയൽ സംവിധാനങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദങ്ങളും അനുഭവങ്ങളും ഉയർത്തിക്കാട്ടുകയും, സമകാലിക സമൂഹങ്ങളിൽ കൊളോണിയലിസത്തിന്റെ ചരിത്രപരവും നിലവിലുള്ളതുമായ ആഘാതങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണ വികസിപ്പിക്കുകയും ചെയ്യുന്നു. അപ്രകാരം ആധുനിക സംസ്കാരത്തിലും സമൂഹത്തിലും കൊളോണിയലിസത്തിന്റെ നില നിൽക്കുന്ന സ്വാധീനങ്ങൾ കണ്ടെത്താനും പരിഹരിക്കാനും പോസ്റ്റ് കൊളോണിയൽ വിമർശനം ശ്രമിക്കുന്നു. സാഹിത്യം വിശ്വമാനത്തിൽ ആണ് വിലയിരുത്തപ്പെടേണ്ടത് എന്നുള്ള വിശ്വാസത്തെ അധിനിവേശാനന്തരവിമർശനം തള്ളിക്കളയുന്നു. വിശ്വസൂചനകളെ അടിസ്ഥാനമാക്കുമ്പോൾ അവ യൂറോകേന്ദ്രിതമായ വ്യവസ്ഥകളെയും പ്രയോഗങ്ങളെയും പിന്തുടരുകയാണ് ചെയ്യുന്നതെന്ന് പോസ്റ്റ് കൊളോണിയൽ സമീപനം സമർഥിക്കുന്നു.

- സാഹിത്യം വിശ്വമാനത്തിൽ ആണ് വിലയിരുത്തപ്പെടേണ്ടത് എന്ന വിശ്വാസത്തെ തള്ളിക്കളയുന്നു

പോസ്റ്റ് കൊളോണിയൽ സാഹിത്യം

കൊളോണിയലിസത്തിന്റെ അനന്തരഫലങ്ങളോട് പ്രതികരിക്കുന്ന സാഹിത്യകൃതികളുടെ ഒരു കൂട്ടമാണ് പോസ്റ്റ് കൊളോണിയൽ സാഹിത്യം. സ്വത്വം, പ്രതിരോധം, സാംസ്കാരിക ഏറ്റുമുട്ടൽ, കൊളോണിയൽ ഭരണത്തിന്റെ ചരിത്രം തുടങ്ങിയ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്ന വൈവിധ്യമാർന്ന രചനകൾ ഇത് ഉൾക്കൊള്ളുന്നു. കോളനിവൽക്കരിച്ച ആളുകൾ കൊളോണിയൽ സംസ്കാരങ്ങളുടെ സ്വാധീനങ്ങൾക്കിടയിൽ അവരുടെ സ്വത്വം തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് പരിശോധിക്കുക, കോളനിക്കാർക്കും കോളനിവൽക്കരിക്കപ്പെട്ടവർക്കും ഇടയിലുള്ള അധികാരം, ആധിപത്യം, ചെറുത്തുനിൽപ്പ് എന്നിവയുടെ വിവിധ വശങ്ങൾ വിശകലനം ചെയ്യുക, സ്ഥാനചലനം, കുടിയേറ്റം, പ്രവാസം എന്നിവയുടെ അനുഭവങ്ങൾ കൈകാര്യം ചെയ്യുക, കൊളോണിയൽ ഭാഷകളുടെ

പോസ്റ്റ് കൊളോണിയൽ സാഹിത്യം ചെറുത്ത് നിൽപ്പിന്റേത്

ഉപയോഗം, തദ്ദേശീയ ഭാഷകളുടെ വീണ്ടെടുക്കൽ അല്ലെങ്കിൽ പുനർ മൂല്യനിർണയം എന്നിവ അന്വേഷിക്കുക, ചരിത്രസംഭവങ്ങളും വിവരണങ്ങളും ഓർമിക്കുന്നതിലും പുനർവ്യാഖ്യാനം ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുക തുടങ്ങിയവ പോസ്റ്റ് കൊളോണിയൽ സാഹിത്യത്തിന്റെ സ്വഭാവമാണ്.

പോസ്റ്റ് കൊളോണിയൽ രചനകൾ

നൈജീരിയയിലെ ഇഗ്ബോ സമൂഹത്തിൽ ബ്രിട്ടീഷ് കൊളോണിയലിസത്തിന്റെ സ്വാധീനം ചിത്രീകരിക്കുന്ന ചിനു അച്ചബേ (Chinua Achebe) യുടെ 'സർവവും ശിഥിലമാകുന്നു' (Things Fall Apart (1958), ബ്രിട്ടീഷ് കൊളോണിയലിസത്തിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ഇന്ത്യയുടെ പരിവർത്തനത്തെ കഥാപാത്രങ്ങളുടെ ജീവിതവുമായി ഇഴചേർത്ത സൽമാൻ റുഷ്ദിയുടെ (Salman Rushdie) മിഡ്നൈറ്റ്സ് ചിൽഡ്രൻ (Midnight's Children), കെനിയയിലെ മൗ മൗ പ്രക്ഷോഭത്തെയും കോളനിക്കാരും കെനിയൻ ജനതയും തമ്മിലുള്ള സങ്കീർണമായ ഇടപെടലുകളെയും അഭിസംബോധന ചെയ്യുന്ന എൻ ഗുഗിവാതിയോൻഗോയുടെ (Ngugi wa Thiong-'o) 'എ ഗ്രെയ്ൻ ഓഫ് വീറ്റ്' (A Grain of Wheat (1967) ജീൻ റൈസിന്റെ (Jean Rhys) - വൈഡ് സർഗാസ്സോ സീ (Wide Sargasso Sea (1966) ടോണി മോറിസന്റെ (Toni Morrison) - പ്രിയപ്പെട്ടവർ (Beloved (1987) തുടങ്ങിയവ ശ്രദ്ധേയ പോസ്റ്റ് കൊളോണിയൽ രചനകൾ ആണ്.

'അഡോപ്റ്റ്' (Adopt phase), 'അഡപ്റ്റ്' (Adept phase), 'അഡാപ്റ്റ്' (Adapt phase) ഘട്ടങ്ങൾ

അഡോപ്റ്റ്, അഡപ്റ്റ്, അഡാപ്റ്റ്

ബിൽ ആഷ്ക്രോഫ്റ്റ് (Bill Ashcroft) ഗാരെത്ത് ഗ്രിഫിത്ത്സ് (Gareth Griffiths), ഹെലൻ ടിഫിൻ (Helen Tiffin) എന്നിവർ 'ദ എംപയർ റൈറ്റ്സ് ബാക്ക്: തിയറി ആൻഡ് പ്രാക്ടീസ് ഇൻ പോസ്റ്റ്-കൊളോണിയൽ സാഹിത്യത്തിൽ' (The Empire writes Back: Post - colonial Literatures, Theory & Practice -1989) എന്ന കൃതിയിൽ പോസ്റ്റ് കൊളോണിയൽ സാഹിത്യത്തെ 'അഡോപ്റ്റ്' (Adopt phase) 'അഡപ്റ്റ്' (Adept phase) 'അഡാപ്റ്റ്' (Adapt phase) എന്നീ ഘട്ടങ്ങൾ ആയി വിഭജിച്ച് അവതരിപ്പിച്ചു. കോളനിവൽക്കരണ ശക്തികളുടെ സാംസ്കാരിക സ്വാധീനത്തോടും സാഹിത്യ പാരമ്പര്യങ്ങളോടും പോസ്റ്റ് കൊളോണിയൽ സാഹിത്യകാരന്മാർ പ്രതികരിക്കുന്ന പ്രക്രിയയെ ഈ ഘട്ടങ്ങൾ വിവരിക്കുന്നു.

Adopt phase

കോളനിവൽക്കരണ സംസ്കാരത്തെ സ്വീകരിക്കുന്നു

ഈ പ്രാരംഭ ഘട്ടത്തിൽ, കൊളോണിയൽ സമൂഹങ്ങളിൽ നിന്നുള്ള എഴുത്തുകാർ കോളനിവൽക്കരണ സംസ്കാരത്തിന്റെ സാഹിത്യരൂപങ്ങൾ, വിഭാഗങ്ങൾ, പ്രയോഗങ്ങൾ എന്നിവ സ്വീകരിക്കുന്നു. കോളനിക്കാരുടെ ഭാഷയിൽ എഴുതുന്നതും അവരുടെ സാഹിത്യ നിലവാരങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. ഈ ഘട്ടത്തിലെ ലക്ഷ്യം കോളനിക്കാരന്റെ ഭാഷയിലും സാഹിത്യ സങ്കേതങ്ങളിലും പ്രാവീണ്യം നേടുക എന്നതാണ്. പലപ്പോഴും ആധിപത്യ സംസ്കാരത്തിൽ നിന്ന് സ്വീകാര്യതയും സാധൂകരണവും നേടുക എന്നതും ലക്ഷ്യമായിരുന്നു.

Adept phase

ഈ ഘട്ടത്തിൽ എഴുത്തുകാർ, ആഫ്രിക്കൻ ഏഷ്യൻ പ്രതിപാദന ത്തിന് യൂറോപ്യൻ രൂപത്തെ സ്വീകരിക്കുകയും, സ്വീകരിച്ച രൂപങ്ങ ളിൽ പ്രാവീണ്യം നേടുകയും ആ രൂപങ്ങളിൽ പരീക്ഷണം ആരംഭി ക്കുകയും ചെയ്യുന്നു. അവർ അനുകരണം മാത്രമല്ല, വൈദഗ്ധ്യവും പ്രകടിപ്പിക്കുകയും സ്വന്തം ശബ്ദം ഉയർത്തിപ്പിടിക്കാൻ തുടങ്ങുകയും ചെയ്യുന്നു. ഈ ഘട്ടം കോളനിവൽക്കരണത്തിന്റെ ഭാഷയും സാഹി ത്യഘടനയും ഉപയോഗിക്കുന്നതിൽ വർദ്ധിച്ചുവരുന്ന ആത്മവിശ്വാ സത്തെ പ്രതിഫലിപ്പിക്കുന്നു. പക്ഷേ ഇപ്പോഴും കൊളോണിയൽ ശക്തി സ്ഥാപിച്ച ചട്ടക്കൂടുകൾ ഭേദിച്ച് പുറത്തേക്ക് വരുന്ന പ്രവണത പ്രകടിപ്പിക്കുന്നില്ല.

- യൂറോപ്യൻ സംസ് കാരത്തെ സ്വീകരി ക്കുന്നു

Adapt phase

ആഫ്രിക്കൻ ഏഷ്യൻ എഴുത്തുകാർ തങ്ങളുടേതായ നിർവചനവും ഇച്ഛയും അനുസരിച്ച് രൂപത്തെ പുനർനിർമാണ വിധേയമാക്കുന്നു. എഴുത്തുകാർ അവരുടെ സ്വന്തം സാംസ്കാരിക സന്ദർഭങ്ങളെയും യാഥാർഥ്യങ്ങളെയും പ്രതിഫലിപ്പിക്കുന്നതിന് സാഹിത്യ രൂപങ്ങളെ യും വിഭാഗങ്ങളെയും സജീവമായി പ്രയോഗിച്ചു. കൊളോണിയൽ അനുഭവങ്ങളും വീക്ഷണങ്ങളും പ്രകടിപ്പിക്കുന്നതിനായി കോളനി വൽക്കരണക്കാരുടെ സാമ്പ്രദായിക സാഹിത്യ മാനദണ്ഡങ്ങളെ പരി വർത്തന വിധേയമാക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. തദ്ദേശീയമായ പ്രമേയങ്ങളും ശൈലികളും ആഖ്യാനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സാഹിത്യം സാംസ്കാരിക വാദത്തിന്റെയും പ്രതിരോധത്തിന്റെയും ഒരു ഉപാധിയായി മാറുന്നു. കൃതികൾ പലപ്പോഴും കൊളോണിയൽ വ്യവഹാരത്തെ വെല്ലുവിളിക്കുകയും അട്ടിമറിക്കുകയും ചെയ്യുന്നു. ഈ ഘട്ടങ്ങൾ കർശനമായി രേഖീയമോ സാർവത്രികമോ അല്ല, എന്നാൽ അവ അനുകരണത്തിൽ നിന്ന് നവീകരണത്തിലേക്കും ചെ റുത്തുനിൽപ്പിലേക്കും ഉള്ള പോസ്റ്റ് കൊളോണിയൽ സാഹിത്യങ്ങളു ടെ വികാസത്തിന്റെയും പരിവർത്തനത്തിന്റെയും ചട്ടക്കൂട് കൂടിയാണ്.

- കൊളോണിയൽ വ്യവഹാരത്തെ അട്ടി മറിക്കുന്നു

ഫ്രാൻസ് ഫാനന്റെ അധിനിവേശാനന്തര ചിന്തകൾ

പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികരിൽ പ്രമുഖനാണ് ഫ്രാൻസ് ഫാനൻ. അധിനിവേശാനന്തര സിദ്ധാന്തങ്ങളെ കുറിച്ചുള്ള ചർച്ചകൾ പൊതുവിൽ ഫ്രാൻസ് ഫാനനിൽ നിന്നാണ് ആരംഭിക്കു ന്നത് 'ദ റെച്ചഡ് ഓഫ് ദ എർത്ത്, ബ്ലാക്ക് സ്കിൻ വൈറ്റ് മാസ്ക് എന്നിവയാണ് ശ്രദ്ധേയമായ കൃതികൾ. അവയിലൂടെ വംശീയവെറി, സ്വത്വം തുടങ്ങിയവയെ അദ്ദേഹം വിശദമാക്കുന്നു The Wretched of the Earth (1961) എന്ന കൃതിയിൽ, കൊളോണിയൽ ഭരണത്തിന്റെ ക്രൂരവും മനുഷ്യത്വരഹിതവുമായ അക്രമത്തെ ഫാനൻ ചർച്ച ചെയ്യുന്നു. ഭാഷ എപ്രകാരമാണ് ഒരു അധീശത്വ ഉപകരണം ആയി പ്രവർത്തിക്കുന്ന ത് എന്ന് അദ്ദേഹത്തിന്റെ പഠനങ്ങളിൽ വിവരിക്കുന്നു. ആഫ്രിക്കയിൽ ഭാഷാ പ്രതിരോധം കൊണ്ടുവരുന്നതിന് പ്രേരണയായ കൃതിയാണ് 'ബ്ലാക് സ്കിൻ വൈറ്റ് മാസ്ക്.' അധിനിവേശഭാഷയും സംസ്കാരവും ആന്തരവൽക്കരിച്ച ജനതയായി കൊളോണിയൽ ജനത പരിവർത്തനം

- ഭാഷയെ അധീശത്വ ഉപകരണമായി പ്രയോഗിക്കുക

ചെയ്യുന്നതായി ബ്ലാക്ക് സ്കിൻ വൈറ്റ് മാസ്കിൽ വിശദമാക്കുന്നു. വർണബോധവും വംശീയ അഹന്തയും തകർത്തെറിഞ്ഞുകൊണ്ട് കറുപ്പിന്റെ സ്വത്വത്തെ ഭാഷയിൽ പ്രതിഷ്ഠിക്കുവാൻ ആ കൃതിക്കു കഴിഞ്ഞു.

കോളനിവൽക്കരണം അന്തർലീനമായി അക്രമാസക്തമാണെന്ന് ഫാനൻ കാണുന്നു. കോളനിവൽക്കരിക്കപ്പെടുന്നവർ വിധേയമാകുന്ന ആക്രമണങ്ങളുടെ അനിവാര്യ പ്രതികരണമായി ഫാനൻ ഇതിനെ കാണുന്നു. കോളനിവൽക്കരിക്കപ്പെട്ടവർക്ക് അവരുടെ മനുഷ്യത്വവും വ്യക്തിത്വവും വീണ്ടെടുക്കാനുള്ള ഒരു മാർഗമാണ് വിപ്ലവകരമായ അക്രമമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.കൊളോണിയൽ വ്യവസ്ഥയെ ആവശ്യമായ ബലപ്രയോഗത്തിലൂടെ അട്ടിമറിക്കുന്നതിലൂടെ മാത്രമേ വിമോചനം കൈവരിക്കാൻ കഴിയൂ എന്ന നിലപാട് പുലർത്തി. കൊളോണിയൽ ഭരണം അടിച്ചമർത്തുകയോ വളച്ചൊടിക്കുകയോ ചെയ്ത തദ്ദേശീയ സംസ്കാരങ്ങളെ വീണ്ടെടുക്കേണ്ടതിന്റെയും പുനർനിർമിക്കുന്നതിന്റെയും പ്രാധാന്യം ഫാനൻ ഊന്നിപ്പറയുന്നു. അപകോളനീകരണ (decolonial) പ്രക്രിയയുടെ നിർണായക ഭാഗമാണ് സാംസ്കാരിക നവോത്ഥാനം എന്ന് അദ്ദേഹം വാദിക്കുന്നു.കോളനിവൽക്കരിക്കപ്പെട്ട ജനങ്ങളെ ഒന്നിപ്പിക്കുന്ന ഒരു ദേശീയ സംസ്കാരം സൃഷ്ടിക്കണമെന്നും, ഒപ്പം പങ്കിട്ട സ്വത്വത്തിന്റെയും ലക്ഷ്യത്തിന്റെയും ബോധം വളർത്തണമെന്നും അദ്ദേഹം വാദിച്ചു.

- തദ്ദേശീയ സംസ്കാരങ്ങളുടെ വീണ്ടെടുപ്പ്

കോളനികൾ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെങ്കിലും അതിനുശേഷവും മുൻ കൊളോണിയൽ ശക്തികൾ പുലർത്തിപ്പോരുന്ന സാമ്പത്തികവും സാംസ്കാരികവമായ ആധിപത്യത്തിനെതിരെ (നിയോകൊളോണിയലിസത്തിനെതിരെ) ഫാനൻ മുന്നറിയിപ്പ് നൽകുന്നു. സാമ്പത്തികവും സാമൂഹികവുമായ യഥാർഥ സ്വാതന്ത്ര്യത്തിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറയുകയും, ചൂഷണവും അസമത്വവും നിലനിറുത്തിക്കൊണ്ട് മുൻ കോളനിക്കാരുമായി സഹകരിക്കുന്ന തദ്ദേശീയ ബൂർഷ്വാസിയെ വിമർശിക്കുകയും ചെയ്യുന്നു. ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെട്ട ജനങ്ങൾക്കിടയിൽ അന്താരാഷ്ട്ര ഐക്യദാർഢ്യം ഫാനൻ ആഹ്വാനം ചെയ്യുന്നു. വിവിധ കൊളോണിയൽ വിരുദ്ധ സമരങ്ങൾക്കിടയിൽ അദ്ദേഹം ബന്ധം സ്ഥാപിക്കുകയും സാമ്രാജ്യത്വത്തിനെതിരെ ഒരു ഏകീകൃത മുന്നണിയുടെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യുന്നു. കൊളോണിയലിസം എന്നത് കേവലം ഭരണ അധികാര തലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ലെന്നും അധിനിവേശിതരാഷ്ട്രത്തിന്റെ പൂർവകാല ചരിത്രത്തെ വികലമാക്കുന്നതിനും ന്യൂനികരിക്കുന്നതിനും മാറ്റിത്തീർക്കുന്നതിനും കൊളോണിയൽ വ്യവഹാരങ്ങൾ ശ്രമിച്ചിരുന്നു എന്നും ഫാനൻ വ്യക്തമാക്കുന്നു. കോളനികളിലെ ജനതയെ തങ്ങളുടെ പൂർണമായ അധീനതയിൽ കൊണ്ടുവരുവാൻ അധീശശക്തികൾ ഉപയോഗിച്ച ധൈഷണികസ്വാധീനതയെക്കുറിച്ചും ഫാനൻ വിശദമാക്കുന്നു. ദേശീയബോധത്തെ ദേശീയവാദമായി കാണരുതെന്ന് ഫാനൻ വ്യക്തമാക്കുന്നു. ദേശീയ ബോധത്തിനു മാത്രമേ ഒരു അന്താരാഷ്ട്ര മാനം നൽകാൻ കഴിയൂ എന്നും. ദേശീയ ബോധത്തിൽ കേന്ദ്രീകരിച്ചാണ് അന്തർദേശീയ ബോധം വികസിക്കുന്നത് എന്നും അദ്ദേഹം വിശദീകരിച്ചു.

- സാമ്രാജ്യത്വത്തിനെതിരെ ഏകീകൃത മുന്നണിയുടെ ആവശ്യം

ഹോമി കെ. ഭാഭയുടെ ധൈഷണിക ചിന്തകൾ

പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികരിൽ ശ്രദ്ധേയനായ പണ്ഡിതനാണ് ഹോമി കെ. ഭാഭ. ഹൈബ്രിഡിറ്റി, തേർഡ് സ്പേസ്, മിമിക്രി, അംബിവലൻസ്, സാംസ്കാരിക വിവർത്തനം എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ പോസ്റ്റ് കൊളോണിയൽ സമൂഹങ്ങളിലെ സാംസ്കാരിക ഇടപെടലുകളുടെയും വ്യക്തിത്വങ്ങളുടെയും സങ്കീർണതകൾ വിശകലനം ചെയ്യുന്നതിനുള്ള വിലപ്പെട്ട ഉപാധികൾ നൽകുന്നു.

ഹൈബ്രിഡിറ്റി (Hybridity)

- സങ്കര സാംസ്കാരിക രൂപങ്ങൾ സൃഷ്ടിക്കുന്നു

ഭാഭ ഹൈബ്രിഡിറ്റി എന്ന ആശയത്തിന് ഊന്നൽ നൽകുന്നു.ഇത് സംസ്കാരങ്ങളുടെ സമ്മിശ്രമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. പ്രത്യേകിച്ച് പോസ്റ്റ്-കൊളോണിയൽ സന്ദർഭങ്ങളിൽ. കോളനിവൽക്കരണം, കോളനിവൽക്കരകനും കോളനിവൽക്കരിക്കപ്പെട്ടവനും തമ്മിലുള്ള വ്യക്തമായ അതിർത്തികളെ വെല്ലുവിളിക്കുന്ന സങ്കര സാംസ്കാരിക രൂപങ്ങൾ സൃഷ്ടിക്കുന്നുവെന്ന് അദ്ദേഹം വാദിക്കുന്നു. ഈ സങ്കരത്വം കൊളോണിയൽ ശക്തിയുടെ അധികാരത്തെ ദുർബലപ്പെടുത്തുകയും പുതിയ രൂപത്തിലുള്ള സ്വത്വവും പ്രതിരോധവും ഉയർന്നുവരാൻ അനുവദിക്കുകയും ചെയ്യുന്നു.

മൂന്നാം ഇടം (Third Space)

- പുതിയ അർഥങ്ങളും ഐഡന്റിറ്റിയും

ഭാഭ അവതരിപ്പിച്ച മറ്റൊരു പ്രധാന ആശയം 'മൂന്നാം ഇടം'ആണ്. പുതിയ സാംസ്കാരിക അർഥങ്ങളും ഐഡന്റിറ്റികളും സൃഷ്ടിക്കപ്പെടുന്ന ഇടമാണിത്. കോളനിവൽക്കരണം/കോളനിവൽക്കരകർ തുടങ്ങിയ ദ്വന്ദ്വവൈരുദ്ധ്യങ്ങളെ മറികടക്കുകയും പുതിയ സാംസ്കാരിക സ്വത്വങ്ങളുടെ ചർച്ചകൾ അനുവദിക്കുകയും ചെയ്യുന്ന ഇടമാണിത്.

മിമിക്രി (Mimicry)

- വ്യവഹാരത്തിന്റെ അവ്യക്തത

ഭാഭ മിമിക്രി എന്ന ആശയവും വിശകലനം ചെയ്യുന്നു. കോളനിവൽക്കരിക്കപ്പെട്ടവർ കോളനിവൽക്കരണക്കാരെ അനുകരിക്കുന്നു. എന്നാൽ കൊളോണിയൽ അധികാരത്തെ അട്ടിമറിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു. കോളനിവൽക്കരിക്കപ്പെട്ടവരിൽ അനുകരണം ഒരിക്കലും പൂർണമാകാത്തതിനാൽ, ചെറുത്തുനിൽപ്പിനും അട്ടിമറിക്കും ഇടം സൃഷ്ടിക്കുന്നതിനാൽ, കൊളോണിയൽ വ്യവഹാരത്തിന്റെ അവ്യക്തത മിമിക്രി വെളിപ്പെടുത്തുന്നു.

അവ്യക്തത (Ambiguity)

- പരസ്പരവിരുദ്ധമായ ആഗ്രഹങ്ങളും സ്വത്വങ്ങളും

ഭാഭ കൊളോണിയൽ, പോസ്റ്റ് കൊളോണിയൽ ബന്ധങ്ങളിൽ അന്തർലീനമായ അവ്യക്തതയെ എടുത്തുകാണിക്കുന്നു. കൊളോണിയൽ ഏറ്റുമുട്ടലിൽ ഉയർന്നുവരുന്ന പരസ്പരവിരുദ്ധമായ ആഗ്രഹങ്ങളിൽ നിന്നും സ്വത്വങ്ങളിൽ നിന്നും ഈ അവ്യക്തത ഉടലെടുക്കുന്നു, ഇത് കൊളോണിയൽ അധികാരത്തെ അസ്ഥിരതയിലേക്ക് നയിക്കുകയും ചെറുത്തുനിൽപ്പിനുള്ള സാധ്യതകൾ തുറക്കുകയും ചെയ്യുന്നു.

സാംസ്കാരിക വിവർത്തനം (Cultural Translation)

പോസ്റ്റ് കൊളോണിയൽ സന്ദർഭങ്ങളിൽ സാംസ്കാരിക വിവർത്തനത്തിന്റെ പ്രാധാന്യം ഭാഭ ഊന്നിപ്പറയുന്നു. സംസ്കാരങ്ങൾ നിശ്ചലമല്ലെന്നും സമ്പർക്കത്തിലൂടെയും വിനിമയത്തിലൂടെയും നിരന്തരം വിവർത്തനം ചെയ്യപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്യുന്നുവെന്നും അദ്ദേഹം വാദിക്കുന്നു. ഈ വിവർത്തന പ്രക്രിയ സംസ്കാരത്തെയും സ്വത്വത്തെയും കുറിച്ചുള്ള അവശ്യവാദ സങ്കൽപ്പങ്ങളെ വെല്ലുവിളിക്കുകയും കൂടുതൽ ക്രിയാത്മകമായ ധാരണയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

- അവശ്യവാദ സങ്കല്പത്തെ വെല്ലുവിളിക്കുന്നു

എഡ്വേർഡ് സെയ്ദിന്റെ പോസ്റ്റ് കൊളോണിയൽ സിദ്ധാന്തങ്ങൾ

പ്രമുഖ പാലസ്തീനിയൻ-അമേരിക്കൻ പണ്ഡിതനും എഴുത്തുകാരനും വിമർശകനുമായ എഡ്വേർഡ് സെയ്ദിന്റെ പോസ്റ്റ്-കൊളോണിയൽ സിദ്ധാന്തത്തെക്കുറിച്ചുള്ള പഠനങ്ങൾ പ്രാധാന്യമർഹിക്കുന്നവയാണ്. എഡ്വേർഡ് സെയ്ദിന്റെ നിരീക്ഷണങ്ങൾ സമകാലിക സംസ്കാരങ്ങളിലും സമൂഹങ്ങളിലും രാഷ്ട്രീയത്തിലും കൊളോണിയലിസത്തിന്റെ ശാശ്വതമായ സ്വാധീനം വിശകലനം ചെയ്യുന്നതിനുള്ള നിർണായക മാർഗദർശനങ്ങൾ നൽകുന്നു. അദ്ദേഹത്തിന്റെ കൃതികൾ സാംസ്കാരിക ഇടപെടലുകളെക്കുറിച്ചും കൊളോണിയൽ അധികാരത്തിന്റെ ചരിത്രത്തെക്കുറിച്ചും കൂടുതൽ സൂക്ഷ്മമായി മനസിലാക്കാൻ സഹായകങ്ങൾ ആണ്. മിഷേൽ ഫൂക്കോയുടെ ആശയങ്ങൾ പിന്തുടർന്നുകൊണ്ട്, സെയ്ദ് ശക്തിയും അറിവും തമ്മിലുള്ള ബന്ധത്തെ പഠനവിധേയമാക്കി. പാശ്ചാത്യ കൊളോണിയൽശക്തികൾ കോളനിവൽക്കരിച്ച ലോകത്തെക്കുറിച്ചുള്ള അറിവ് ഉല്പാദിപ്പിക്കുകയും അവരുടെ ആധിപത്യത്തെ ന്യായീകരിക്കുകയും ശാശ്വതമാക്കുകയും ചെയ്തുവെന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. ഈ അറിവ് നിഷ്പക്ഷമോ വസ്തുനിഷ്ഠമോ ആയിരുന്നില്ല, പകരം സാമ്രാജ്യത്വ ശക്തിയുടെ ഒരു ഉപകരണമായിരുന്നു.

- മിഷേൽ ഫൂക്കോയുടെ സ്വാധീനം

പാശ്ചാത്യ സാംസ്കാരിക ഉല്പന്നങ്ങൾ (സാഹിത്യം, കല, മാധ്യമങ്ങൾ) പലപ്പോഴും പാശ്ചാത്യേതര ലോകത്തെ കൊളോണിയൽ പ്രത്യയശാസ്ത്രങ്ങളെ പിന്തുണയ്ക്കുന്ന തരത്തിൽ ചിത്രീകരിക്കുന്നുവെന്ന് വാദിച്ചുകൊണ്ട് സെയ്ദ് തന്റെ വിമർശനം സാംസ്കാരിക മേഖലയിലേക്ക് വ്യാപിപ്പിക്കുന്നു. കൊളോണിയൽ ഭരണത്തിന്റെ ഔപചാരികമായ അവസാനത്തിനു ശേഷവും ഈ സാംസ്കാരിക സാമ്രാജ്യത്വം തുടരുന്നു. മുൻ കോളനികളെ ആഗോള പശ്ചാത്തലത്തിൽ എങ്ങനെ കാണുകയും സമീപിക്കുകയും ചെയ്യുന്നു എന്നതിനെ ഇത് സ്വാധീനിക്കുന്നു. ഈ ദ്വന്ദ്വങ്ങൾ വ്യത്യസ്ത സംസ്കാരങ്ങളുടെ സങ്കീർണതകളെ ലളിതമാക്കുകയും വികലമാക്കുകയും ചെയ്യുന്നു. ഇത് പടിഞ്ഞാറ് ശ്രേഷ്ഠവും കിഴക്ക് അധമം എന്ന തരത്തിലുള്ള വീക്ഷണത്തെ ശക്തിപ്പെടുത്തുന്നു.തന്റെ കൃതികളിൽ, സെയ്ദ് സങ്കരത്വത്തിന്റെയും സ്വത്വത്തിന്റെയും വിവിധമാനങ്ങൾ വിശകലനം ചെയ്തു. കൊളോണിയൽ വ്യവഹാരങ്ങൾ അടിച്ചേൽപ്പിക്കുന്ന കർക്കശമായ അതിരുകളെ അദ്ദേഹം വിമർശിക്കുകയും

സംസ്കാരങ്ങളുടെയും സ്വത്വങ്ങളുടെയും സമ്മിശ്രവും വൈവിധ്യപൂർണവുമായ സ്വഭാവത്തെ അംഗീകരിക്കുന്നതിന് പ്രത്യേകിച്ച് പോസ്റ്റ് കൊളോണിയൽ സമൂഹങ്ങളിൽ-അവർക്ക് വേണ്ടി വാദിക്കുകയും ചെയ്യുന്നു. കോളനിവൽക്കരിക്കപ്പെട്ട ജനങ്ങളുടെ പ്രതിരോധവും കർതൃത്വവും സെയ്ദ് ഊന്നിപ്പറയുന്നു. കൊളോണിയൽ പഠനങ്ങൾ കൊളോണിയലിസത്തിന്റെ ആഘാതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുക മാത്രമല്ല, കോളനിവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ കൊളോണിയൽ ആധിപത്യത്തെ ചെറുക്കുകയും അട്ടിമറിക്കുകയും ചെയ്ത വഴികൾ ഉയർത്തിക്കാട്ടുക കൂടി ചെയ്യണമെന്നും അദ്ദേഹം വാദിക്കുന്നു.

പ്രതിരോധവും കർത്തൃത്വവും മുഖ്യമാകുന്നു

സാഹിത്യത്തെക്കുറിച്ചുള്ള സെയ്ദിന്റെ വിശകലനം, പ്രത്യേകിച്ച് 'സംസ്കാരവും സാമ്രാജ്യത്വവും' (1993) എന്ന അദ്ദേഹത്തിന്റെ കൃതിയിൽ, സാഹിത്യ ഗ്രന്ഥങ്ങൾ കൊളോണിയൽ പ്രത്യയശാസ്ത്രങ്ങളെ എങ്ങനെ പ്രതിഫലിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു എന്ന് പരിശോധിക്കുന്നു. ഗ്രന്ഥങ്ങൾക്കുള്ളിലെ ഒന്നിലധികം ശബ്ദങ്ങളെയും വീക്ഷണങ്ങളെയും തിരിച്ചറിയുന്നു. കോളനിവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള സാഹിത്യത്തിന്റെ പരസ്പരവിരുദ്ധമായ വായനയ്ക്ക് അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

ഓറിയന്റലിസത്തിന്റെ വിമർശനം

എഡ്വേർഡ് സെയ്ദിന്റെ 'ഓറിയന്റലിസം' എന്ന കൃതി, പാശ്ചാത്യ ദേശത്തുള്ള പൗരസ്ത്യവാദ പണ്ഡിതർ കിഴക്കിനെ, ചരിത്രപരമായി ചിത്രീകരിക്കുകയും മനസിലാക്കുകയും ചെയ്ത രീതിയെ വിശകലനം ചെയ്യുന്നു. ഏഷ്യയിലെയും വടക്കേ ആഫ്രിക്കയിലെയും മിഡിൽ ഈസ്റ്റിലെയും സംസ്കാരങ്ങളെയും ചരിത്രങ്ങളെയും ജനങ്ങളെയും വൈവിധ്യമില്ലാത്തതും വിചിത്രവും സ്ഥിരവും ആയവ എന്ന രീതിയിൽ ചിത്രീകരിക്കുന്ന പ്രതിനിധാനങ്ങളുടെയും ധാരണകളുടെയും ചട്ടക്കൂടിനെ സൂചിപ്പിക്കുന്ന സാങ്കേതിക സംജ്ഞ എന്ന രീതിയിലാണ് സെയ്ദ് 'ഓറിയന്റലിസം' എന്ന പദം ഉപയോഗിക്കുന്നത്. പൗരസ്ത്യവാദത്തിന്റെ വ്യത്യസ്തമായ ഒരു മുഖം അനാവൃതം ആക്കാനാണ് സെയ്ദ് ശ്രമിച്ചത്. നിഗൂഢവും അപൂർവവുമായ വിജ്ഞാനങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും കേന്ദ്രമായി വ്യാഖ്യാനിക്കപ്പെട്ട പൗരസ്ത്യദേശം പാശ്ചാത്യ പണ്ഡിതരുടെ വ്യവഹാരങ്ങളിലൂടെ വികസിച്ച ഒന്നാണെന്ന് സെയ്ദ് സിദ്ധാന്തിച്ചു. യൂറോപ്പിന്റെ അപരമായി ഇതിനെ അവതരിപ്പിച്ചുകൊണ്ട് സ്വന്തം പ്രാദേശിക സ്വത്വത്തെ നിർവചിക്കുകയാണ് യഥാർഥത്തിൽ പാശ്ചാത്യ പൗരസ്ത്യവാദികൾചെയ്തിട്ടുള്ളത്. ഓറിയന്റലിസം കിഴക്ക്/പടിഞ്ഞാറ്, പരിഷ്കൃതം/അപരിഷ്കൃതം, യുക്തിപരം/യുക്തിരഹിതം തുടങ്ങിയ ദ്വന്ദ്വവൈരുദ്ധ്യങ്ങളെയാണ് ആശ്രയിക്കുന്നതെന്ന് സെയ്ദ് ചൂണ്ടിക്കാട്ടുന്നു.

പ്രാദേശിക സ്വത്വത്തെ നിർവചിക്കുക

പാശ്ചാത്യർ കിഴക്കൻ സംസ്കാരങ്ങളെ താഴ്ന്നതോ നിഗൂഢമോ ആയി ചിത്രീകരിക്കുന്നതിനെയും കിഴക്കൻ സംസ്കാരങ്ങളെ അവയുടെ വൈവിധ്യവും സങ്കീർണതയും അവഗണിച്ചുകൊണ്ട് ഏകശിലാത്മകവും മാറ്റമില്ലാത്തതുമായി വീക്ഷിക്കുന്നതിനെയും സെയ്ദ് വിമർശിച്ചു. പാശ്ചാത്യരുടെ കിഴക്കിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ

കൊളോണിയലിസത്തെയും സാമ്രാജ്യത്വത്തെയും ന്യായീകരിക്കാൻ ഉപയോഗിക്കുന്ന ഒരു അധികാര ഉപകരണമാണെന്ന് സെയ്ദ് വാദിച്ചു. ഇപ്രകാരം പാശ്ചാത്യ പണ്ഡിതന്മാർ കിഴക്കിനെ പ്രതിനിധീകരിക്കുകയും പഠിക്കുകയും ചെയ്യുന്ന രീതിയെ വിമർശിച്ച സെയ്ദ്, അത് പക്ഷപാതപരവും ആധിപത്യത്തിനായുള്ള ആഗ്രഹവും കൊണ്ട് മലിനവുമാണെന്ന് ആരോപിച്ചു. ഓറിയന്റലിസം കിഴക്കിനെ തെറ്റായി ചിത്രീകരിക്കുക മാത്രമല്ല, പാശ്ചാത്യ മേധാവിത്വത്തെയും പൗരസ്ത്യ ശബ്ദങ്ങളുടെ പാർശ്വവൽക്കരണത്തെയും ശക്തിപ്പെടുത്തുകയും ചെയ്തുവെന്ന് അദ്ദേഹം വാദിച്ചു. സെയ്ദിന്റെ നിരീക്ഷണങ്ങൾ വിവിധ വിഷയങ്ങളിൽ സംവാദങ്ങൾക്ക് തുടക്കമിടുകയും, കൊളോണിയൽ പഠനങ്ങൾ, സാംസ്കാരിക പഠനങ്ങൾ, വിമർശന സിദ്ധാന്തം എന്നിവയെ സ്വാധീനിക്കുകയും ചെയ്തു.

- പാശ്ചാത്യ വിശദീകരണങ്ങൾ സാമ്രാജ്യത്വ ന്യായീകരണങ്ങൾ

ദേശീയതാപഠനങ്ങൾ

ദേശീയത എന്നത് ഒരു പ്രത്യേക രാജ്യത്തിന്റെ അല്ലെങ്കിൽ ഒരു കൂട്ടം ആളുകളുടെ താല്പര്യങ്ങൾ, സംസ്കാരം, സ്വത്വം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രവും സാമൂഹികപ്രസ്ഥാനവുമാണ്. ദേശീയത ഒരു രാജ്യത്തിന്റെ അംഗങ്ങൾക്കിടയിൽ സംയോജിതമായ സ്വത്വബോധവും ഐക്യവും വളർത്തുന്നു, അത് പലപ്പോഴും പൊതു ഭാഷ, സംസ്കാരം, ചരിത്രം, മൂല്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്. ഒരു പരമാധികാര രാഷ്ട്രം സ്ഥാപിക്കാനോ നിലനിർത്താനോ ശ്രമിക്കുന്ന ഒരു രാജ്യത്തിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സ്വയം നിർണയത്തിനും വേണ്ടി ഇത് വാദിക്കുന്നു. ദേശീയത ഒരാളുടെ രാജ്യത്തോടുള്ള വിശ്വസ്തതയും ഭക്തിയും പ്രോത്സാഹിപ്പിക്കുന്നു, ചിലപ്പോൾ അന്താരാഷ്ട്ര പരിഗണനകളേക്കാൾ ദേശീയ താൽപ്പര്യങ്ങൾക്ക് മുൻഗണന നൽകുന്നു. ഇത് ഒരു രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം, പാരമ്പര്യങ്ങൾ, ഭാഷ എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും പിന്തുണ നൽകുന്നു.ചില സന്ദർഭങ്ങളിൽ, ദേശീയത പുറത്തുള്ളവരോ ദേശീയ സ്വത്വത്തിന്റെ ഭാഗമല്ലാത്തവരോ ആയി കരുതപ്പെടുന്നവരെ ഒഴിവാക്കുന്നതിനോ പാർശ്വവൽക്കരിക്കുന്നതിനോ ഇടയാക്കും. ദേശീയതയ്ക്ക് വിവിധ രൂപങ്ങളിൽ പ്രകടമാകാൻ കഴിയും.

- ദേശീയത സ്വത്വബോധവും ഐക്യവും വളർത്തുന്നു

ദേശീയതയും പോസ്റ്റ് കൊളോണിയലിസവും

ദേശീയതയും പോസ്റ്റ് കൊളോണിയലിസവും തമ്മിലുള്ള ബന്ധം സങ്കീർണവും ബഹുമുഖവുമാണ്. ചരിത്രപരവും രാഷ്ട്രീയവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ മാനങ്ങൾ അതിൽ ഉൾപ്പെടുന്നു.

കൊളോണിയലിസത്തിന്റെയും ആധുനികതയുടെയും അനന്തരഫലം എന്ന നിലയിലാണ് പൊതുവിൽ ദേശീയതാബോധത്തെ സമകാലിക സിദ്ധാന്തങ്ങൾ സമീപിക്കുന്നത്. കൊളോണിയൽ അധികാരവാഴ്ച ഓരോ കോളനിയിലും ദേശീയത രൂപപ്പെടുത്തുന്നതിന് പ്രേരണയായി. സ്വന്തം ദേശം ഒരു രാഷ്ട്രം എന്ന പദവിയിൽ വീക്ഷിക്കാൻ തുടങ്ങുന്നതാണ് ദേശീയതയുടെ പ്രാരംഭ ഘട്ടം. തങ്ങളുടെ ദേശത്തിലും ജീവിതത്തിലും സംസ്കാരത്തിലും ചരിത്രത്തിലും കട

ന്നുകയറി എല്ലാവിധ സുരക്ഷകൾക്കും ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന അധിനിവേശ ശക്തിയെക്കുറിച്ചുള്ള തിരിച്ചറിവ് പൗരന്മാരിൽ ദേശീയതയെക്കുറിച്ചുള്ള ശക്തമായ ബോധം ജനിപ്പിക്കുന്നതിന് ഇടവരുത്തി. കൊളോണിയലിസത്തിനെതിരായ പോരാട്ടത്തിലും അതിന്റെ അനന്തരഫലങ്ങളിലും ദേശീയത പലപ്പോഴും ഒരു ഉപകരണമായും ലക്ഷ്യമായും പ്രവർത്തിക്കുന്നു. ദേശീയതയ്ക്ക് പോസ്റ്റ് കൊളോണിയൽ രാഷ്ട്രങ്ങളെ ഏകീകരിക്കാനും ശാക്തീകരിക്കാനും കഴിയുമെങ്കിലും, അത് സ്വേച്ഛാധിപത്യത്തിനും ആഭ്യന്തര സംഘട്ടനത്തിനും ഉള്ള സാധ്യതകൾ ഉൾപ്പെടെയുള്ള വെല്ലുവിളികളും അവതരിപ്പിക്കുന്നു. സാമ്രാജ്യത്വ ഭരണത്തോടുള്ള പ്രതികരണമായി കൊളോണിയൽ സന്ദർഭങ്ങളിൽ ദേശീയത പലപ്പോഴും ഉയർന്നുവന്നു. കൊളോണിയൽ ശക്തികളിൽ നിന്ന് സ്വാതന്ത്ര്യം നേടിയെടുക്കാൻ ശ്രമിച്ച ദേശീയ പ്രസ്ഥാനങ്ങളിലൂടെയാണ് പല പോസ്റ്റ് കൊളോണിയൽ ദേശങ്ങളും രൂപപ്പെട്ടത്. അപകോളനീകരണ പ്രക്രിയയിൽ, ഒരു കൊളോണിയൽ പ്രദേശത്തിനുള്ളിൽ വൈവിധ്യമാർന്ന വിഭാഗങ്ങൾക്കിടയിൽ ഒരു ഏകീകൃത ദേശീയ സ്വത്വം രൂപപ്പെടുത്തുന്നതിൽ ദേശീയത നിർണായക പങ്ക് വഹിച്ചു.

- ദേശീയത ഉപകരണമായും ലക്ഷ്യമായും പ്രവർത്തിക്കുന്നു

കൊളോണിയൽ ഭരണം അടിച്ചമർത്തുകയോ വളച്ചൊടിക്കുകയോ ചെയ്ത സാംസ്കാരിക സ്വത്വത്തെയും പൈതൃകത്തെയും വീണ്ടെടുക്കുന്നത് പോസ്റ്റ് കൊളോണിയലിസത്തിൽ ഉൾപ്പെടുന്നു. തദ്ദേശീയ ഭാഷകൾ, പാരമ്പര്യങ്ങൾ, ചരിത്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്ന ഈ വീണ്ടെടുക്കലിനുള്ള ഒരു ഉപാധി ആക്കാൻ ദേശീയതയ്ക്ക് കഴിയും. ആഗോള പാശ്ചാത്യ സ്വാധീനത്തിന്റെ ഏകീകൃത ശക്തികൾക്കെതിരെ പ്രാദേശിക സംസ്കാരങ്ങളുടെ മൂല്യവും അതുല്യതയും ഊട്ടിയുറപ്പിച്ച് കൊളോണിയൽ ദേശീയത പലപ്പോഴും സാംസ്കാരിക സാമ്രാജ്യത്വത്തെ ചെറുക്കുന്നു. മുൻ കൊളോണിയൽ ശക്തികളിലുള്ള ആശ്രയം കുറയ്ക്കുന്നതിനും ആഭ്യന്തര വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം പിന്തുടരുന്നതിനും കോളനിയനന്തര രാജ്യങ്ങൾ ദേശീയവാദ നയങ്ങൾ പതിവായി ഉപയോഗിക്കുന്നു. സ്വാതന്ത്ര്യം നേടിയ ശേഷം, പല പോസ്റ്റ് കൊളോണിയൽ രാഷ്ട്രങ്ങളും തങ്ങളുടെ ജനതകൾക്കിടയിൽ ഐക്യവും, ലക്ഷ്യബോധവും വളർത്തിക്കൊണ്ട് ഒരു ഏകീകൃത രാഷ്ട്രം കെട്ടിപ്പടുക്കാൻ ദേശീയത ഉപയോഗിച്ചു. മുൻ കൊളോണിയൽ ശക്തികളോ പുതിയ ആഗോള ശക്തികളോ (മൾട്ടിനാഷണൽ കോർപ്പറേഷനുകൾ പോലെ) സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനം ചെലുത്തുന്നത് തുടരുന്ന നവ-കൊളോണിയൽ സമ്പ്രദായങ്ങളോടുള്ള എതിർപ്പ് കൊളോണിയൽ പശ്ചാത്തലത്തിൽ ദേശീയതയിൽ ഉൾപ്പെടുന്നു.

- നവ കൊളോണിയലിസത്തോടുള്ള എതിർപ്പ്

ദേശീയത-പരിമിതി, വെല്ലുവിളി

ചില സന്ദർഭങ്ങളിൽ, സ്വേച്ഛാധിപത്യ ഭരണത്തെ ന്യായീകരിക്കാൻ പോസ്റ്റ് കൊളോണിയൽ ദേശീയത ഉപയോഗിക്കുന്നു എന്നതും ചിന്തിക്കേണ്ടതാണ്. വിയോജിപ്പുകളെ അടിച്ചമർത്താനും അധികാരം ഉറപ്പിക്കാനും നേതാക്കൾ ദേശീയവാദ സങ്കല്പങ്ങൾ പ്രയോഗിക്കുന്നു. പോസ്റ്റ്-കൊളോണിയൽ രാജ്യങ്ങളിലെ ദേശീയത ആഭ്യന്തര

വിഭജനം വർധിപ്പിക്കും, പ്രത്യേകിച്ച് ബഹു-വംശീയ അല്ലെങ്കിൽ ബഹു-മത സമൂഹങ്ങളിൽ, സംഘട്ടനങ്ങളിലേക്കും വിഘടനവാദ പ്രസ്ഥാനങ്ങളിലേക്കും ദേശീയചിന്ത നയിക്കപ്പെടുന്നു. സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ പരസ്പര ബന്ധങ്ങൾ ദേശീയ അതിരുകൾ മറികടക്കുന്നതിനാൽ ആഗോളവൽക്കരണ ശക്തികൾ പോസ്റ്റ് കൊളോണിയൽ ദേശീയതയെ വെല്ലുവിളിക്കുന്നു. ചിലപ്പോൾ വ്യതിരിക്തമായ ദേശീയ സ്വത്വം നിലനിർത്താനുള്ള ശ്രമങ്ങളെ തുരങ്കം വയ്ക്കുന്നു. എഡ്വേർഡ് സെയ്ദ്, ഹോമി. കെ. ഭാഭ, ഗായത്രി ചക്രവർത്തി സ്പിവാക് തുടങ്ങിയ പണ്ഡിതർ കൊളോണിയൽ വ്യവഹാരങ്ങൾ എങ്ങനെയാണ് സ്വത്വങ്ങളെയും അധികാര ഘടനകളെയും രൂപപ്പെടുത്തിയതെന്ന് വിശകലനം ചെയ്യുന്നു. കൊളോണിയൽ തൈകങ്ങളെ പുനർനിർമിക്കേണ്ടതിന്റെ പ്രാധാന്യം അവർ ഊന്നിപ്പറയുന്നു.

- സ്വേച്ഛാധിപത്യ ഭരണത്തെ ന്യായീകരിക്കുന്നു

ദേശീയത-ഹോമി കെ. ഭാഭയുടെ കാഴ്ചപ്പാടുകൾ

ഒരു പ്രമുഖ പോസ്റ്റ് കൊളോണിയൽ സൈദ്ധാന്തികനായ ഹോമി കെ. ഭാഭ, ദേശീയതയെ സംബന്ധിച്ച ഒരു സൂക്ഷ്മമായ വീക്ഷണം അവതരിപ്പിക്കുന്നു. അദ്ദേഹം ദേശീയതയുടെ അവ്യക്തവും നിർമിതവുമായ സ്വഭാവം ഊന്നിപ്പറയുന്നു. ദേശീയത എന്നത് സ്ഥിരമോ ഏകീകൃതമോ ആയ ഒരു ആശയമല്ല, മറിച്ച് കാലക്രമേണ വ്യത്യസ്ത സന്ദർഭങ്ങളിൽ പരിണമിക്കുന്ന ചലനാത്മകവും അസ്ഥിരവും ആയ പ്രതിഭാസമാണെന്ന് ഭാഭ വാദിക്കുന്നു. ആഖ്യാനങ്ങളിലൂടെ രാഷ്ട്രങ്ങൾ എങ്ങനെ നിർമിക്കപ്പെടുന്നുവെന്നും, മുമ്പ് കോളനിവൽക്കരിക്കപ്പെട്ട ജനങ്ങളുടെ യാഥാർഥ്യങ്ങളെയും അഭിലാഷങ്ങളെയും പ്രതിഫലിപ്പിക്കുന്ന പുതിയ വിവരണങ്ങൾ സൃഷ്ടിക്കുന്നത് പോസ്റ്റ് -കൊളോണിയൽ ദേശീയതയെ എങ്ങനെ ഉൾക്കൊള്ളുന്നുവെന്നും ഹോമി കെ. ഭാഭ ചർച്ച ചെയ്യുന്നു. ഭാഭ ദേശീയവാദ വിവരണങ്ങളിൽ അന്തർലീനമായ അവ്യക്തതയെ എടുത്തുകാണിക്കുന്നു. ഏകത്വത്തിനായുള്ള ആഗ്രഹവും നാനാത്വത്തിന്റെ അംഗീകാരവും തമ്മിലുള്ള പിരിമുറുക്കമാണ് ദേശീയതയിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ദേശീയവാദ വ്യവഹാരങ്ങൾ പലപ്പോഴും ഒരു ഏകീകൃത ദേശീയ സ്വത്വം അവതരിപ്പിക്കാൻ ശ്രമിക്കുന്നു, എന്നാൽ വാസ്തവത്തിൽ അത് വൈരുദ്ധ്യങ്ങളും വ്യത്യാസങ്ങളും കൊണ്ട് അടയാളപ്പെടുത്തപ്പെടുന്നു. ദേശീയത ആഖ്യാനങ്ങളിലൂടെയും വ്യവഹാരങ്ങളിലൂടെയും നിർമിക്കപ്പെട്ടതാണെന്ന് ഭാഭ ഊന്നിപ്പറയുന്നു. ഈ വിവരണങ്ങൾ സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ ഘടകങ്ങളാൽ രൂപപ്പെട്ടതാണ്, കൂടാതെ ദേശീയ സ്വത്വബോധം സൃഷ്ടിക്കുന്നതിന് ചില ഘടകങ്ങളുടെ തിരഞ്ഞെടുപ്പും ഉൾപ്പെടുത്തലും ഒഴിവാക്കലും സംഭവിക്കുന്നു.

- സ്ഥിരമോ ഏകീകൃതമോ ആയ ആശയമല്ല

ഭാഭയുടെ സിദ്ധാന്തത്തിന്റെ കേന്ദ്രബിന്ദു സങ്കരം എന്ന ആശയമാണ്. ഇത് വിവിധ സാംസ്കാരിക ഘടകങ്ങളുടെ മിശ്രണത്തെയും പ്രതിപ്രവർത്തനത്തെയും സൂചിപ്പിക്കുന്നു. വിവിധ സാംസ്കാരികവും ചരിത്രപരവുമായ ഇടപെടലുകളാൽ സ്വാധീനിക്കപ്പെടുന്ന ദേശീയ സ്വത്വങ്ങൾ അന്തർലീനമായി സങ്കരമാണെന്ന് അദ്ദേഹം വാദിക്കുന്നു.

ഈ ഹൈബ്രിഡിറ്റി, 'ശുദ്ധ'മായ അല്ലെങ്കിൽ അനിവാര്യമായ ദേശീയ സ്വത്വത്തെ വെല്ലുവിളിക്കുന്നു. കൊളോണിയലിസം ആധുനിക ദേശീയതയെ എങ്ങനെ സ്വാധീനിച്ചുവെന്ന് ഭാഭ പരിശോധിക്കുന്നു. കൊളോണിയൽ ഏറ്റുമുട്ടലുകൾ ദേശീയ പ്രസ്ഥാനങ്ങളെയും സ്വത്വങ്ങളെയും ഗണ്യമായി രൂപപ്പെടുത്തിയിട്ടുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു, ഇത് പലപ്പോഴും കൊളോണിയൽ, തദ്ദേശീയ സാംസ്കാരിക ഘടകങ്ങൾ തമ്മിലുള്ള സങ്കീർണമായ ഇടപെടലിലേക്ക് നയിക്കുന്നു. ദേശീയ സ്വത്വം തുടർച്ചയായി ചർച്ച ചെയ്യപ്പെടുകയും പുനർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്ന സാംസ്കാരിക വിവർത്തനം എന്ന ആശയം ഭാഭ അവതരിപ്പിക്കുന്നു. ഈ വിവർത്തന പ്രക്രിയ ഒരു രാജ്യത്തിനുള്ളിൽ ഒന്നിലധികം വീക്ഷണങ്ങളുടെയും സ്വത്വങ്ങളുടെയും സഹവർത്തിത്വത്തെ അനുവദിക്കുന്നുവെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

- സങ്കരം എന്ന ആശയം

ദേശീയതയെ കർക്കശമായ പദങ്ങളിൽ നിർവചിക്കാൻ ശ്രമിക്കുന്ന ദേശീയതയുടെ അവശ്യവാദ വീക്ഷണങ്ങളെ ഭാഭ വിമർശിക്കുന്നു. രാഷ്ട്രങ്ങൾക്കുള്ളിലെ വൈവിധ്യത്തെയും ബഹുസ്വരതയെയും തിരിച്ചറിയുന്ന, ദേശീയതയെക്കുറിച്ച് കൂടുതൽ വഴക്കമുള്ള ധാരണയ്ക്കായി അദ്ദേഹം വാദിക്കുന്നു. മൊത്തത്തിൽ, ദേശീയതയെക്കുറിച്ചുള്ള ഭാഭയുടെ വീക്ഷണങ്ങൾ ദേശീയ സ്വത്വത്തിന്റെ ലളിതവും ഏകശിലാത്മകവുമായ ധാരണകളെ വെല്ലുവിളിക്കുന്നു, ദേശീയവാദ വ്യവഹാരങ്ങളുടെ സങ്കീർണവും വികസിക്കുന്നതുമായ സ്വഭാവത്തിന് ഊന്നൽ നൽകുന്നു. പോസ്റ്റ് കൊളോണിയൽ പശ്ചാത്തലത്തിൽ ദേശീയതയെ മനസിലാക്കുന്നതിനുള്ള കൂടുതൽ വിമർശനാത്മകവും പ്രതിഫലനപരവുമായ സമീപനത്തെ അദ്ദേഹത്തിന്റെ കൃതി പ്രോത്സാഹിപ്പിക്കുന്നു.

- വൈവിധ്യത്തേയും ബഹുസ്വരതയേയും തിരിച്ചറിയുന്നു

ദേശീയത-ഫ്രാൻസ് ഫാനന്റെ കാഴ്ചപ്പാടുകൾ

പോസ്റ്റ്-കൊളോണിയൽ ചിന്തകനും മനോരോഗ വിദഗ്ധനുമായ ഫ്രാൻസ് ഫാനന് ദേശീയതയെക്കുറിച്ച്, പ്രത്യേകിച്ച് അപകോളനിവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ സൂക്ഷ്മമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. ആഫ്രിക്കൻ ദേശീയതയെ കൊളോണിയലിസത്തിന് എതിരായി വികസിപ്പിച്ചു കൊണ്ടുവരുവാൻ ഫാനൻ ശ്രമിച്ചു. സ്വയം നിർവചിക്കേണ്ടതിന്റെ ആവശ്യകതയ്ക്കായി ഒരു ജനത നിർമിക്കുന്ന ബോധമായാണ് ഫാനൻ ദേശീയതയെ വിലയിരുത്തിയത്. ദേശീയത ഒരു സജീവ ബോധമായി മാറേണ്ടതുണ്ടെന്നും ആ ബോധം എപ്പോഴും ഉണ്ടായിരിക്കണമെന്നും അദ്ദേഹം ഓർമപ്പെടുത്തി.സ്വന്തം ദേശത്തെക്കുറിച്ചും ഭാഷയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള സജീവ ബോധമാണ് ദേശീയത. ദേശീയ സാംസ്കാരികത അവർ സ്വയം രൂപപ്പെടുത്തേണ്ടതാണ്. ദേശീയത രൂപപ്പെടുത്തുവാനുള്ള പ്രധാന വഴി ദേശീയ വിമോചന സമരങ്ങളിൽ പങ്കുചേരുക എന്നതാണെന്നും അദ്ദേഹം വിശദീകരിച്ചു. വിമോചനത്തിനായുള്ള പോരാട്ടത്തിൽ കോളനിവൽക്കരിക്കപ്പെട്ട ആളുകളെ ഒന്നിപ്പിക്കുന്നതിനുള്ള ശക്തമായ ഉപകരണമായി ഫാനൻ ദേശീയതയെ കണ്ടു. കൊളോണിയൽ അടിച്ചമർത്തലിനെതിരെ ജനങ്ങളെ അണിനിരത്താനും കൂട്ടായ സ്വത്വബോധം രൂപപ്പെടുത്താനും ഇത് സഹായിക്കുന്നു. ഫ്രഞ്ച് കൊളോണിയലിസത്തിന് എതിരായ സമരങ്ങളിൽ സ്ത്രീക

- ദേശീയ വിമോചന സമരങ്ങളിൽ പങ്കെടുക്കുക

ളുടെ പങ്കാളിത്തവും ജനകീയതയും അവിടെ ഒരു ദേശീയ സംസ്കാരം രൂപപ്പെടുന്നതിന് ഇടയാക്കിയെന്ന് ഫാനൻ വിശദീകരിക്കുന്നു.

ദേശീയതയെ താൽക്കാലികവും പരിവർത്തനപരവുമായ ഘട്ടമായി കാണണമെന്ന് അദ്ദേഹം വാദിച്ചു. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞാൽ, ദേശീയതയിൽ നിന്ന് ദേശീയ അതിർത്തികൾക്കതീതമായ സാമൂഹികവും രാഷ്ട്രീയവുമായ അവബോധം കെട്ടിപ്പടുക്കുന്നതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഫാനൻ വിശ്വസിച്ചു. ബൂർഷ്വാ ദേശീയതയുടെ കെണികൾക്കെതിരെ ഫാനൻ മുന്നറിയിപ്പ് നൽകി, അവിടെ ദേശീയ ബൂർഷ്വാസി കൊളോണിയൽ വരേണ്യവർഗത്തെ മാറ്റിസ്ഥാപിച്ചേക്കാം, പക്ഷേ ജനങ്ങളെ ചൂഷണം ചെയ്യുന്നത് തുടരും. ഈ ദേശീയതയുടെ രൂപം നിയോകൊളോണിയലിസത്തിൽ കലാശിച്ചേക്കാം, അവിടെ അടിച്ചമർത്തലിന്റെ ഘടനകൾ മാറ്റമില്ലാതെ തുടരും.

- ബൂർഷ്വാ ദേശീയതയെ വിമർശിച്ചു

അന്താരാഷ്ട്ര ബോധം

കോളനിവൽക്കരിക്കപ്പെട്ടിരുന്ന രാജ്യങ്ങൾക്കിടയിൽ ഒരു അന്തർദേശീയ ബോധത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ആത്യന്തികമായ വികാസത്തിനായി ഫാനൻ വാദിച്ചു. ദേശീയ അതിർത്തികൾ കൊണ്ടല്ല, മറിച്ച് പങ്കിട്ട മാനുഷിക മൂല്യങ്ങളാലും എല്ലാത്തരം അടിച്ചമർത്തലുകൾക്കുമെതിരായ പോരാട്ടത്തിലൂടെയും ആളുകൾ ഒന്നിക്കുന്ന ഒരു ദേശീയാനന്തര ലോകം അദ്ദേഹം വിഭാവനം ചെയ്തു. ഫാനനെ സംബന്ധിച്ചിടത്തോളം, ഒരു രാജ്യത്തിന്റെ യഥാർഥ വിമോചനം രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല, സാമ്പത്തികവും സാമൂഹികവുമായ പരിവർത്തനം കൂടിയാണ്. കൊളോണിയൽ ഭരണം അവശേഷിപ്പിച്ച അസമത്വങ്ങളും അനീതികളും പരിഹരിക്കുന്നതിന് വേണ്ടിയുള്ള സമൂഹത്തിന്റെ സമൂലമായ പുനർനിർമാണത്തിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു.

- സാമ്പത്തികവും സാമൂഹികവുമായ പരിവർത്തനം

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സാംസ്കാരിക നവോത്ഥാനത്തിന്റെ പ്രാധാന്യം അദ്ദേഹം വ്യക്തമാക്കി. കോളനിവൽക്കരിക്കപ്പെട്ട ജനങ്ങളുടെ അന്തസ്സും സ്വത്വവും പുനഃസ്ഥാപിക്കുന്നതിന് തദ്ദേശീയ സംസ്കാരങ്ങൾ വീണ്ടെടുക്കുകയും ആഘോഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ദേശീയതയെക്കുറിച്ചുള്ള ഫാനന്റെ വീക്ഷണങ്ങൾ അപകോളനീകരണത്തിന്റെ വിശാലമായ തത്വചിന്തയുമായി ആഴത്തിൽ ഇഴചേർന്നിരുന്നു. കേവലം രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം സമൂഹത്തിന്റെ സമഗ്രവും സമൂലവുമായ പരിവർത്തനത്തിന്റെ ആവശ്യകത അദ്ദേഹം എടുത്തു കാട്ടുന്നു.

- സാംസ്കാരിക നവോത്ഥാനം

ദേശീയത-എഡ്വേർഡ് സെയ്ദിന്റെ കാഴ്ചപ്പാടുകൾ

പ്രമുഖ സാഹിത്യ നിരൂപകനും സാംസ്കാരിക സൈദ്ധാന്തികനും ആയ എഡ്വേർഡ് സെയ്ദിന് ദേശീയതയെക്കുറിച്ച് സൂക്ഷ്മമായ കാഴ്ചപ്പാടുകൾ ഉണ്ടായിരുന്നു. ദേശീയതയെക്കുറിച്ചുള്ള എഡ്വേർഡ് സെയ്ദിന്റെ കാഴ്ചപ്പാടുകൾ സങ്കീർണവും ബഹുമുഖവുമായിരുന്നു. കൊളോണിയൽ വിരുദ്ധ സമരങ്ങളിൽ അതിന്റെ പ്രാധാന്യം അദ്ദേഹം തിരിച്ചറിഞ്ഞിരുന്നുവെങ്കിലും ദേശീയതയുടെ ഒഴിവാക്കലും അടിച്ചമർത്തലും ആകാനുള്ള സാധ്യതയെക്കുറിച്ച് അദ്ദേഹം ജാഗ്രത

പുലർത്തിയിരുന്നു. ദേശീയതയോടുള്ള സന്തുലിതവും വിമർശനാത്മകവുമായ സമീപനത്തിന്റെ ആവശ്യകതയെ അദ്ദേഹത്തിന്റെ കൃതി ഊന്നിപ്പറയുന്നു. പോസ്റ്റ് കൊളോണിയൽ പോരാട്ടങ്ങളുടെ പശ്ചാത്തലത്തിൽ സെയ്ദ് ദേശീയതയെ വിലയിരുത്താൻ ശ്രമിച്ചു. കോളനിവൽക്കരിക്കപ്പെട്ട പല ജനവിഭാഗങ്ങൾക്കും ദേശീയത എന്നത് സ്വത്വം സ്ഥാപിക്കുന്നതിനും സാമ്രാജ്യത്വ ശക്തികളിൽ നിന്ന് സ്വാതന്ത്ര്യം നേടുന്നതിനുമുള്ള ഒരു മാർഗമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പാലസ്തീൻ സ്വയം നിർണയത്തിനുള്ള അദ്ദേഹത്തിന്റെ പിന്തുണയിൽ ഇത് പ്രകടമായിരുന്നു, അവിടെ അദ്ദേഹം പലസ്തീൻ ദേശീയതയെ ഇസ്രായേൽ അധിനിവേശത്തോടുള്ള അവശ്യമായ പ്രതികരണമായും പാലസ്തീൻ സ്വത്വവും അവകാശങ്ങളും വീണ്ടെടുക്കുന്നതിനുള്ള ഒരു മാർഗമായും വീക്ഷിച്ചു.

- ദേശീയത സ്വത്വ സ്ഥാപനത്തിന്

ദേശീയത അതിന്റെ തീവ്രവും തീവ്രവാദവുമായ രൂപങ്ങളിൽ, വിഭക്തവും വിനാശകരവുമാണെന്ന് അദ്ദേഹം കണ്ടു. സങ്കീർണമായ മാനുഷിക സ്വത്വങ്ങളെയും ചരിത്രങ്ങളെയും ലളിതമായ ദേശീയ വിവരണങ്ങളിലേക്ക് ചുരുക്കുന്നതിന്റെ അപകടങ്ങൾക്കെതിരെ അദ്ദേഹം പലപ്പോഴും മുന്നറിയിപ്പ് നൽകി. പൂർണമായി നിരസിക്കുന്നതിനേക്കാൾ ദേശീയതയുമായി വിമർശനാത്മകമായി ഇടപഴകുന്നതിൽ സെയ്ദ് വിശ്വസിച്ചു. ദേശീയ പ്രസ്ഥാനങ്ങൾക്ക് ഉതകുന്ന ചരിത്രപരവും സാംസ്കാരികവുമായ സന്ദർഭങ്ങൾ മനസിലാക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു. എല്ലാവരെയും ഉൾക്കൊള്ളുന്ന, ജനാധിപത്യപരവും, ജനങ്ങളുടെയും സംസ്കാരങ്ങളുടെയും പരസ്പര ബന്ധത്തെക്കുറിച്ച് അറിയാവുന്നതുമായ ദേശീയതയുടെ ഒരു രൂപത്തിനായി അദ്ദേഹം വാദിച്ചു. സെയ്ദിന്റെ മാനവിക കാഴ്ചപ്പാട്, ദേശീയ അതിർത്തികൾക്കപ്പുറത്തുള്ള സാർവത്രികതയുടെ ഒരു രൂപത്തിന് വേണ്ടി വാദിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. വ്യത്യസ്ത ദേശീയ സാംസ്കാരികതകളിലുടനീളം ഐക്യദാർഢ്യത്തിനുള്ള സാധ്യതകളിൽ അദ്ദേഹം വിശ്വസിക്കുകയും വൈവിധ്യമാർന്ന ഗ്രൂപ്പുകൾ തമ്മിലുള്ള ധാരണയും സംഭാഷണവും പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വാദിക്കുകയും ചെയ്തു.

- ദേശീയ ഐക്യദാർഢ്യത്തിനുള്ള സാധ്യതകൾ

മഹാത്മാഗാന്ധിയുടെ ആധുനികതാവീക്ഷണം

മഹാത്മാഗാന്ധിക്ക് ആധുനികതയെക്കുറിച്ച് സങ്കീർണവും സൂക്ഷ്മവുമായ വീക്ഷണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ വിമർശനാത്മകവും എന്നാൽ അഗാധമായ ഉൾക്കാഴ്ചയുള്ളതും ആണ്. അവ അദ്ദേഹത്തിന്റെ അനുഭവങ്ങളിലൂടെയും ദാർശനിക പ്രതിഫലനങ്ങളിലൂടെയും രൂപപ്പെട്ടവയും ആണ്.

വ്യവസായവൽക്കരണത്തിന്റെ വിമർശനം

ആധുനിക പാശ്ചാത്യ നാഗരികതയുടെ സവിശേഷതയായ വ്യവസായവൽക്കരണത്തെയും ഭൗതികവാദത്തെയും ഗാന്ധി വിമർശിച്ചു. സാമ്പത്തിക വളർച്ചയ്ക്കും സാങ്കേതിക പുരോഗതിക്കും വേണ്ടിയുള്ള അശ്രാന്ത പരിശ്രമം സാമൂഹിക അസമത്വത്തിനും പാരിസ്ഥിതിക തകർച്ചയ്ക്കും ആത്മീയ മൂല്യങ്ങളുടെ നഷ്ടത്തിനും കാരണമായി

- വ്യവസായവൽക്കരണത്തെയും ഭൗതികവാദത്തെയും വിമർശിച്ചു.

എന്ന് അദ്ദേഹം വിശ്വസിച്ചു. കേവലം സാമ്പത്തിക പുരോഗതിയെക്കാൾ മനുഷ്യന്റെ ക്ഷേമത്തിന് മുൻഗണന നൽകുന്ന കൂടുതൽ സമതുലിതമായ സമീപനത്തിനായി അദ്ദേഹം വാദിച്ചു.

ഗ്രാമ സമ്പദ്‌വ്യവസ്ഥ

- വികേന്ദ്രീകൃതവും ഗ്രാമാധിഷ്ഠിതവുമായ സമ്പദ്‌വ്യവസ്ഥ

വികേന്ദ്രീകൃതവും ഗ്രാമാധിഷ്ഠിതവുമായ സമ്പദ്‌വ്യവസ്ഥയ്ക്ക് വേണ്ടി ഗാന്ധി വാദിച്ചു. സുസ്ഥിരവും നീതിയുക്തവുമായ ഒരു സമൂഹത്തിന്റെ നട്ടെല്ലാണ് സ്വയംപര്യാപ്തമായ ഗ്രാമങ്ങളെന്ന് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ, ചെറിയ തോതിലുള്ള പ്രാദേശിക വ്യവസായങ്ങൾ സമൂഹത്തിന്റെ ആവശ്യങ്ങൾക്കും പരമ്പരാഗത കരകൗശലവസ്തുക്കൾ സംരക്ഷിക്കുന്നതിനും സാമ്പത്തിക സ്വാതന്ത്ര്യം പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കും.

- സ്വരാജ് അല്ലെങ്കിൽ സ്വയം ഭരണം ആണ്

സ്വരാജ് (സ്വയം ഭരണം) എന്നത് ആയിരുന്നു ഗാന്ധിയെ സംബന്ധിച്ചിടത്തോളം, യഥാർഥ ആധുനികത. സ്വരാജ് അല്ലെങ്കിൽ സ്വയം ഭരണം കൊളോണിയൽ ഭരണത്തിൽ നിന്നുള്ള രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമല്ല അത്, വ്യക്തിയുടെയും സമൂഹത്തിന്റെയും തലങ്ങളിലെ സ്വയം ഭരണം കൂടിയാണ്. വ്യാവസായിക സമൂഹങ്ങൾ വളർത്തിയ ആശ്രിതത്വത്തിനും അന്യവൽക്കരണത്തിനും വിപരീതമായി, യഥാർഥ സ്വാതന്ത്ര്യത്തിനും ശാക്തീകരണത്തിനുമുള്ള ഒരു പാതയായി അദ്ദേഹം ഇതിനെ കണ്ടു.

- ധാർമികവും ആത്മീയവുമായ മാനങ്ങൾ

ജീവിതത്തിൽ ധാർമികവും ആത്മീയവുമായ മാനങ്ങളുടെ പ്രാധാന്യം ഗാന്ധി ഊന്നിപ്പറഞ്ഞു. ഭൗതിക ആവശ്യങ്ങൾക്ക് അനുകൂലമായി ഈ വശങ്ങളെ അവഗണിക്കുന്നതിന് ആധുനിക നാഗരികതയെ അദ്ദേഹം വിമർശിച്ചു. അഹിംസ, സത്യം, ലാളിത്യം തുടങ്ങിയ മൂല്യങ്ങൾ അദ്ദേഹം പ്രോത്സാഹിപ്പിച്ചു, അവ സംതൃപ്തവും യോജിപ്പുള്ളതുമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

- ഉചിതമായ സാങ്കേതികവിദ്യ

എല്ലാത്തരം സാങ്കേതികവിദ്യകൾക്കും ഗാന്ധി എതിരല്ലെങ്കിലും, 'ഉചിതമായ സാങ്കേതികവിദ്യ' - ലളിതവും സുസ്ഥിരവും ജനങ്ങൾക്ക് പ്രാപ്യവുമായ സാങ്കേതികവിദ്യ എന്ന് അദ്ദേഹം വിശേഷിപ്പിച്ചു. സാങ്കേതികവിദ്യ ജനങ്ങളുടെ സാമൂഹിക ഘടനയെയും പരിസ്ഥിതി സന്തുലിതാവസ്ഥയെയും തടസപ്പെടുത്താതെ അവരുടെ ആവശ്യങ്ങൾ നിറവേറ്റണമെന്ന് അദ്ദേഹം വിശ്വസിച്ചു.

- പാശ്ചാത്യ ശൈലിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ വിമർശിച്ചു


യൂണിറ്റ് - 1 സ്ത്രീവാദം വികാസഘട്ടങ്ങൾ

യൂണിറ്റ് - 2 മൂന്നാംലോക സ്ത്രീവാദം

യൂണിറ്റ് - 3 പാരിസ്ഥിതികചിന്തകൾ

യൂണിറ്റ് - 4 പാരിസ്ഥിതിക സ്ത്രീവാദം

Unit 1

സ്ത്രീവാദം വികാസഘട്ടങ്ങൾ

Learning Outcomes

- സ്ത്രീവാദത്തിന്റെ വികാസഘട്ടങ്ങൾ ഗ്രഹിക്കുന്നു
- സാഹിത്യത്തിലെ സ്ത്രീപക്ഷ എഴുത്തുകാരെ അറിയുന്നു
- ക്യൂർ തിയറിയെക്കുറിച്ച് വിശകലനം നടത്തുന്നു
- കറുത്തസ്ത്രീവാദത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു
- ലെസ്ബിയൻസ്ത്രീവാദത്തെ പറ്റി ഗ്രഹിക്കുന്നു
- ഗൈനോക്രിട്ടിസിസത്തെ വിശകലനം ചെയ്യുന്നു
- ഫ്രഞ്ച്സ്ത്രീവാദത്തിന്റെ പ്രത്യേകതകൾ വിലയിരുത്തുന്നു

Background

നാളിതുവരെയുള്ള മനുഷ്യസമൂഹത്തിന്റെ സമസ്ത വ്യവഹാരങ്ങളിലും പുരുഷാധിപത്യപ്രത്യയശാസ്ത്രമാണ് നിയാമക കേന്ദ്രമായി വർത്തിച്ചു പോരുന്നത്. രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക സമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി വാദിക്കുന്ന ഒരു സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക പ്രസ്ഥാനമാണ് ഫെമിനിസം. ലിംഗസമത്വം നിർവചിക്കുന്നതിനും സ്ഥാപിക്കുന്നതിനും കൈവരിക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിരവധി ആശയങ്ങളും പ്രസ്ഥാനങ്ങളും ഇത് ഉൾക്കൊള്ളുന്നു. സ്ത്രീവാദ പ്രവർത്തകർ സ്ത്രീയുടെ തുല്യപങ്കാളിത്തം, സ്വത്തവകാശം, വിദ്യാഭ്യാസം, സമ്മതിദാനാവകാശം തുടങ്ങിയ നിയമപരമായ അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങൾക്ക് മുന്നിട്ടിറങ്ങി. അതുപോലെ സ്വാശ്രയത്വത്തിനുവേണ്ടിയും രാഷ്ട്രീയപരമായ അധികാരത്തിനു വേണ്ടിയും ശാരീരികമായ സ്വാതന്ത്ര്യത്തിനു വേണ്ടിയും ശബ്ദമുയർത്തി. ഇത് വ്യവസ്ഥാപരമായ ലൈംഗികതയെയും പുരുഷാധിപത്യത്തെയും വെല്ലുവിളിക്കുന്നു. ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹിക മനോഭാവങ്ങളിലും നിയമപരമായ ഘടനകളിലും മാറ്റങ്ങൾക്ക് വേണ്ടി വാദിക്കുന്നു. സ്ത്രീകളും പെൺകുട്ടികളും അനുഭവിക്കുന്ന വിവിധതരം ഗാർഹികപീഡനങ്ങൾക്കെതിരെയും പരിശുദ്ധിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിരവധി അനാചാരങ്ങൾക്കും വിവേചനങ്ങൾക്കും എതിരെയും പ്രസവാവധി, തുല്യവേതനം തുടങ്ങി തൊഴിലിടത്തെ അവകാശങ്ങൾക്ക് വേണ്ടിയും ഉള്ള പ്രവർത്തനങ്ങൾക്കും സ്ത്രീവാദ പ്രവർത്തകർ നേതൃത്വം നല്കി.

ഫെമിനിസം വിശാലമായ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്ന ഒന്നാണ്. ലിംഗസമത്വത്തിന് വേണ്ടി വാദിക്കുക, പുരുഷാധിപത്യ മാനദണ്ഡങ്ങളെയും ഘടനകളെയും വെല്ലുവിളിക്കുക, സ്ത്രീകളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുക, എല്ലാ ലിംഗക്കാർക്കും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ നീതിക്കായി പരിശ്രമിക്കുക എന്നിവ ഇവരുടെ കാഴ്ചപ്പാടുകളിൽ ഉൾപ്പെടുന്നു. ലിംഗാധിഷ്ഠിത വിവേചനം ഇല്ലാതാക്കുകയും ലിംഗ വ്യക്തിത്വം

പരിഗണിക്കാതെ തുല്യാവസരങ്ങളും അവകാശങ്ങളും ലഭിക്കാൻ വ്യക്തികളെ ശാക്തീകരിക്കുകയും ചെയ്യുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. വംശം, വർഗം, ലൈംഗികത, കഴിവ് തുടങ്ങിയ ഘടകങ്ങൾ ലിംഗഭേദവുമായി കൂടിച്ചേരുന്നുവെന്നും ആളുകളുടെ അനുഭവങ്ങളെയും അസമത്വങ്ങളെയും രൂപപ്പെടുത്തുന്നുവെന്നും ഇത് തിരിച്ചറിയുന്നു. സ്ത്രീ പുരുഷന്മാർ തമ്മിലുള്ള ജീവശാസ്ത്ര വ്യത്യാസങ്ങൾക്കപ്പുറത്ത് സാമൂഹികമാനങ്ങളെ വിമർശിക്കുവാനും സ്ത്രീവാദ സിദ്ധാന്തങ്ങൾ ശ്രമിക്കുന്നു. ലിംഗപദവിയെ സംബന്ധിച്ച് ധാരണകൾ കാലാനുസൃതം മാറിക്കൊണ്ടിരുന്നു. ആൺ-പെൺ ബന്ധത്തിൽ അധിഷ്ഠിതമായ സിദ്ധാന്തങ്ങളിൽ നിന്ന് പലതരം ലിംഗപദവികൾ എന്ന കാഴ്ചപ്പാടിലേക്ക് നാം ഇന്ന് എത്തിനിൽക്കുകയാണ്.

Keywords

സ്ത്രീവാദം-വികാസഘട്ടങ്ങൾ-ലൈംഗികതയും അധികാരവും-എലൈൻ ഷോവാൾട്ടർ -ജൂലിയ ക്രിസ്തേവ, ഷൂലാമിത് ഫയർസ്റ്റോ, ജൂലിയറ്റ് മിച്ചൽ എന്നിവരുടെ സങ്കല്പങ്ങൾ-ജൂഡിത് പമേല ബട്ട്ലർ-ക്യൂർ തിയറി-കറുത്ത സ്ത്രീവാദം-ലെസ്ബിയൻ സ്ത്രീവാദം-ഗൈനോക്രിട്ടിസിസം-ഫ്രഞ്ച് സ്ത്രീവാദം

Discussion

സ്ത്രീവാദത്തിലെ നാല് തരംഗങ്ങൾ

ഒന്നാം തരംഗം

- ഒന്നാം തരംഗം- ഭൗതിക സാഹചര്യങ്ങളിലെ പ്രതികൂലാവസ്ഥയ്ക്ക് പ്രാധാന്യം

അമേരിക്ക ബ്രിട്ടൻ തുടങ്ങിയ പാശ്ചാത്യ നാടുകളിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ഉണ്ടായിരുന്ന സ്ത്രീവാദ പ്രവർത്തനങ്ങളെയാണ് ഒന്നാം തരംഗ സ്ത്രീവാദമായി കണക്കാക്കുന്നത്. സമ്മതിദാനാവകാശം, സ്വത്തവകാശം എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണം, കുടുംബവ്യവസ്ഥയ്ക്കുള്ളിൽ ഭർത്താവിനുള്ള ആധിപത്യത്തെ ചോദ്യംചെയ്യൽ, സ്ത്രീകളുടെ ലൈംഗികവും പ്രത്യുല്പാദനപരവും സാമ്പത്തികവുമായ അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടം തുടങ്ങിയവ ഈ കാലയളവിൽ സജീവമായി. സമത്വം, ഭൗതിക സാഹചര്യങ്ങളിലെ പ്രതികൂലാവസ്ഥ തുടങ്ങിയവയ്ക്കാണ് ഒന്നാം തരംഗം പ്രാധാന്യം നൽകിയത്.

രണ്ടാം തരംഗം

1960 കൾ മുതൽ 80 കളുടെ അന്ത്യം വരെയുള്ള കാലഘട്ടത്തെയാണ് രണ്ടാം തരംഗ സ്ത്രീവാദമായി കണക്കാക്കുന്നത്. രണ്ടാം തരംഗത്തിന്റെ കാലത്ത് സ്ത്രീവാദ പഠനങ്ങൾ ഗൗരവകരമായ നിലയിൽ സ്ത്രീപുരുഷ വിവേചനത്തെ സമീപിച്ചു. സ്ത്രീവിമോചന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളും പ്രവർത്തനങ്ങളും ഈ കാലഘട്ടത്തിൽ ശക്തമാകുന്നു. സ്ത്രീകളുടെ നിയമപരവും സാമൂഹികവുമായ സമത്വത്തിനുവേണ്ടിയുള്ള പ്രയത്നങ്ങളും സജീവമായി തുല്യതാപ്രശ്നങ്ങളെ മുന്നോട്ടുവെക്കുകയായിരുന്നു. രണ്ടാം തരം

ഗക്കാർ മുഖ്യമായി ചെയ്തത് സ്ത്രീയുടെ അനുഭവം, ലിംഗഭേദം, ലൈംഗികത തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. പുരുഷമേധാവിത്വത്തെ മുഖ്യവിഷയമായി കണ്ടു. ഈ ഘട്ടത്തിൽ, ശരീരത്തെ വിമർശനാത്മകമായി വിലയിരുത്തുന്ന പഠനങ്ങൾ ഉണ്ടായി. ശരീരം എന്നത് കേവലം ജൈവീകമായ നിർമിതി അല്ലെന്നും സാംസ്കാരികമായ പല ഘടകങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ഒന്നാണെന്നും നിരീക്ഷിക്കപ്പെട്ടു. ശരീരമെന്നത് സ്ത്രീയുടെ ഭാഗം ആണെന്നും അത് പുരുഷന്റെ പ്രലോഭന വിഷയമാണെന്നും സ്ത്രീശരീരം വിധേയപ്പെടുത്തി കഴിയണമെന്നുമുള്ള അന്നുവരെ നിലനിന്നു പോന്ന കല്പനകൾ ചോദ്യം ചെയ്യപ്പെട്ടു.

- ഗൗരവതരമായി സ്ത്രീപുരുഷ വിവേചനത്തെ സമീപിച്ചു

മൂന്നാം തരംഗം

രണ്ടാം തരംഗഫെമിനിസത്തിന്റെ പരിമിതികളോടുള്ള പ്രതികരണമായിട്ടായിരുന്നു, 1990-കളിൽ മൂന്നാം തരംഗ ഫെമിനിസം ഉയർന്നു വന്നത്. പ്രത്യേകിച്ചും മധ്യവർഗ വെള്ളക്കാരായ സ്ത്രീകളെ പ്രാഥമികമായി ബാധിക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വർഗം, ലിംഗഭേദം, ലൈംഗികത, മറ്റ് സ്വത്വങ്ങൾ എന്നിവയുടെ വിഭജനത്തെ അഭിസംബോധന ചെയ്യാൻ മൂന്നാം തരംഗ ഫെമിനിസം ശ്രമിച്ചു. സ്ത്രീകളുടെ അനുഭവങ്ങൾ വൈവിധ്യപൂർണവും സങ്കീർണവുമാണെന്ന് അവർ ഊന്നിപ്പറയുന്നു. വംശീയത, ലിംഗവിവേചനം, തുടങ്ങിയ അടിച്ചമർത്തൽ രൂപങ്ങൾ എങ്ങനെ സ്ത്രീകളുടെ ജീവിതത്തെ വ്യത്യസ്തമായി ബാധിക്കുന്നു എന്ന് മനസിലാക്കേണ്ടതിന്റെ ആവശ്യകത മൂന്നാം തരംഗ ഫെമിനിസ്റ്റുകൾ എടുത്തുകാണിച്ചു. മൂന്നാംതരംഗ ഫെമിനിസം ലിംഗഭേദത്തെയും ലൈംഗികതയെയും കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളെ ചോദ്യം ചെയ്തു. മുമ്പത്തെ തരംഗങ്ങളിൽ നിന്ന് വ്യത്യസ്തമായി, മൂന്നാം തരംഗ ഫെമിനിസ്റ്റുകൾ വ്യക്തിഗത ശാക്തീകരണത്തിനും സ്ത്രീകൾക്ക് ഫെമിനിസത്തെ സ്വയം നിർവചിക്കാമെന്ന ആശയത്തിനും ഊന്നൽ നൽകി. ഈ തരംഗത്തിൽ നിറമുള്ള സ്ത്രീകൾ, LGBTQIA+ വ്യക്തികൾ, വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ആളുകൾ തുടങ്ങി വൈവിധ്യമാർന്ന വിഭാഗങ്ങളുടെ വീക്ഷണങ്ങളും അനുഭവങ്ങളും ഉൾപ്പെടുന്നു. മുൻകാല ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ തള്ളിക്കളയുകയോ വിമർശിക്കുകയോ ചെയ്ത സ്ത്രീത്വത്തിന്റെ വശങ്ങൾ വീണ്ടെടുക്കാൻ മൂന്നാം തരംഗം ഫെമിനിസ്റ്റുകൾ ശ്രമിച്ചു. സ്ത്രീകൾക്ക് അവരുടെ സ്ത്രീത്വമോ പുരുഷത്വമോ മുൻവിധിയില്ലാത്ത രീതിയിൽ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന് മൂന്നാംതരംഗ ഫെമിനിസ്റ്റുകൾ വാദിച്ചു. മൂന്നാം തരംഗ ഫെമിനിസ്റ്റുകൾ ജനപ്രിയസംസ്കാരവുമായി കൂടുതൽ ഇടപഴകി വാർപ്പ് മാതൃകകളെ വെല്ലുവിളിക്കാനും ഫെമിനിസ്റ്റ് ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും മീഡിയയും കലയും ഉപയോഗിച്ചു. ഫെമിനിസ്റ്റ് സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ മാധ്യമങ്ങളുടെ ഉപയോഗം പോലെ, മാധ്യമ പ്രാതിനിധ്യത്തെക്കുറിച്ചുള്ള ഫെമിനിസ്റ്റ് വിമർശനങ്ങൾ ഒരു പ്രധാന ശ്രദ്ധാകേന്ദ്രമായി.

- ലിംഗഭേദത്തെയും ലൈംഗികതയെയും കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങളെ ചോദ്യം ചെയ്തു

നാലാം തരംഗം

നാലാം തരംഗഫെമിനിസം രണ്ടായിരത്തോടെ ഉയർന്നുവന്നതും ഇന്നും തുടരുന്നതുമായ ഒരു പ്രസ്ഥാനമാണ്. ഇന്റർസെക്ഷണാലിറ്റി, ഡിജിറ്റൽ ആക്ടിവിസം, ലിംഗസമത്വത്തെക്കുറിച്ചുള്ള വിശാലമായ

ധാരണ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് ഇതിന്റെ സവിശേഷത. നാലാം തരംഗ ഫെമിനിസം, വംശം, വർഗം, ലൈംഗിക ആഭിമുഖ്യം, ലിംഗസ്വത്വം എന്നിവയുൾപ്പെടെയുള്ള വിവേചനത്തിന്റെ വിവിധ രൂപങ്ങളുടെ പരസ്പരബന്ധത്തിന് ഊന്നൽ നൽകുന്നു. വ്യത്യസ്ത സ്ത്രീസമൂഹങ്ങൾ അടിച്ചമർത്തൽ വ്യത്യസ്തമായി അനുഭവിക്കുന്നുവെന്ന് ഇവർ തിരിച്ചറിയുന്നു. നാലാംതരംഗ ഫെമിനിസത്തിൽ സോഷ്യൽ മീഡിയയുടെ ഉയർച്ച ഒരു പ്രധാന ശക്തിയാണ്. ട്വിറ്റർ, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകൾ അവബോധം വളർത്തുന്നതിനും ക്യാമ്പെയ്നുകൾ സംഘടിപ്പിക്കുന്നതിനും കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കുന്നു. **#MeToo, #TimesUp, #Yes All Women** തുടങ്ങിയ ഹാഷ്ടാഗുകൾ ലൈംഗിക പീഡനം, അക്രമം, ലിംഗ അസമത്വം എന്നിവയെ കുറിച്ചുള്ള ചർച്ചകൾക്ക് വേദിയാകുന്നു. ലൈംഗിക പീഡനം, ആക്രമണം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയ്ക്കെതിരെ പോരാടുന്നതിന് ശക്തമായ ഊന്നൽ നൽകിയാണ് നാലാം തരംഗത്തെ അടയാളപ്പെടുത്തിയിരിക്കുന്നത്. **#MeToo** പോലുള്ള പ്രസ്ഥാനങ്ങൾ ഈ പ്രശ്നങ്ങളുടെ വ്യാപനത്തിലേക്ക് ശ്രദ്ധ കൊണ്ടുവരുകയും സാംസ്കാരികവും നിയമപരവുമായ നിർണായക വ്യതിയാനങ്ങളിലേക്ക് നയിക്കുകയും ചെയ്തു. ഈ തരംഗം, അയഥാർഥ സൗന്ദര്യമാനദണ്ഡങ്ങളെ വെല്ലുവിളിക്കുന്നു, സ്വയംസ്വീകാര്യത പ്രോത്സാഹിപ്പിക്കുന്നു. ഗർഭനിരോധനത്തിനും ഗർഭഛിദ്രത്തിനുമുള്ള അവകാശം ഉൾപ്പെടെയുള്ള പ്രത്യുല്പാദന അവകാശങ്ങൾ കേന്ദ്രവിഷയമായി കാണുന്നു. നാലാംതരംഗ ഫെമിനിസം എൽ. ജി. ബി. ടി. വിഭാഗങ്ങളെ കൂടുതൽ ഉൾക്കൊള്ളുന്നതാണ്. ഇത് ലിംഗഭേദത്തെക്കുറിച്ചുള്ള പരമ്പരാഗത ധാരണയെ വെല്ലുവിളിക്കുകയും എല്ലാ ലിംഗസ്വത്വങ്ങളുടെയും അവകാശങ്ങൾക്കും അംഗീകാരത്തിനും വേണ്ടി വാദിക്കുകയും ചെയ്യുന്നു.

- ഹാഷ്ടാഗുകൾ ലൈംഗിക അതിക്രമചർച്ചകൾക്ക് വേദിയാകുന്നു

വെർജീനിയ വൂൾഫ് (Vergina Woolf)



വെർജീനിയ വൂൾഫ്

വെർജീനിയ വൂൾഫ് സാഹിത്യ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഫെമിനിസ്റ്റ് ശബ്ദങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിനും ബൗദ്ധിക സ്വാതന്ത്ര്യത്തിനും വേണ്ടി വാദിച്ചു. ഒരു സ്ത്രീക്ക് എഴുതാൻ സ്വന്തമായി ഒരു മുറിയും അതായത് സാമ്പത്തിക സ്വാതന്ത്ര്യവും വ്യക്തിഗത ഇടവും ആവശ്യമാണെന്ന വൂൾഫിന്റെ വാദം പ്രസിദ്ധമാണ്. 'എ റൂം ഓഫ് വൺസ് ഓൺ,' (A Room of One's Own) (1929) എന്ന ലേഖനത്തിൽ, ഭൗതിക സാഹചര്യങ്ങളും സർഗാത്മക സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അഭാവം സാഹിത്യവും കലയും നിർമിക്കാനുള്ള സ്ത്രീകളുടെ കഴിവിനെ സാരമായി പരിമിതപ്പെടുത്തിയെന്ന് സൂചിപ്പിക്കുന്നു. പുരുഷമേധാവിത്വമുള്ള സമൂഹം

സ്ത്രീകളെ ബൗദ്ധിക-പൊതുമേഖലകളിൽ നിന്ന് ആസൂത്രിതമായി ഒഴിവാക്കിയെന്ന് വൂൾഫ് വിശ്വസിച്ചു. 'ത്രീ ഗിനിയസിൽ' (1938), എന്ന രചനയിൽ വിദ്യാഭ്യാസവും തൊഴിൽ സംവിധാനങ്ങളും ഉൾപ്പെടെയുള്ള പുരുഷാധിപത്യഘടനകൾ സ്ത്രീകളെ അടിച്ചമർത്തുകയും തുല്യത കൈവരിക്കുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യുന്ന രീതികളെ അവർ വിമർശിക്കുന്നു. വൂൾഫ് തന്റെ കൃതികളിൽ ലിംഗത്തിന്റെ കർക്കശമായ അതിരുകളെ വെല്ലുവിളിച്ചു. 'ഒർലാൻഡോ' (OrIando) (1928) എന്ന നോവലിൽ, കേന്ദ്രകഥാപാത്രം പുരുഷനിൽ നിന്ന് സ്ത്രീയിലേക്ക് ലിംഗഭേദം മാറ്റുന്നതായി ചിത്രീകരിച്ചുകൊണ്ട് ലിംഗഭേദത്തിന്റെ അസ്ഥിരത വിശദമാക്കാനും ലിംഗ അവസ്ഥകളുടെയും സ്വത്വത്തിന്റെയും പരമ്പരാഗത ആശയങ്ങളെ ചോദ്യം ചെയ്യാനും വൂൾഫ് ശ്രമിച്ചു.

- ബൗദ്ധികസ്വാതന്ത്ര്യവും സാമ്പത്തിക സ്വാതന്ത്ര്യവും

പുരുഷ എഴുത്തുകാർ സാഹിത്യത്തിൽ സ്ത്രീകളെ ചിത്രീകരിക്കുന്ന രീതിയെ വൂൾഫ് വിമർശിച്ചു. പുരുഷ സാഹിത്യപാരമ്പര്യത്തെ അനുകരിക്കുന്നതിനുപകരം സ്ത്രീകൾ സ്വന്തം കാഴ്ചപ്പാടിൽ നിന്ന് എഴുതേണ്ടതുണ്ടെന്ന് അവർ വാദിച്ചു. സ്ത്രീകളുടെ അതുല്യമായ അനുഭവങ്ങളും അവബോധവും പ്രതിഫലിപ്പിക്കുന്ന ഒരു പുതിയതരം സാഹിത്യത്തിന് അവർ ആഹ്വാനം ചെയ്തു. ഫെമിനിസം മധ്യവർഗസ്ത്രീകളുടെ ആശങ്കകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കരുതെന്ന് വൂൾഫ് സമ്മതിച്ചു. എ റൂം ഓഫ് വൺസ് ഓൺ എന്നതിൽ, തൊഴിലാളിവർഗ സ്ത്രീകളുടെ പങ്കിനെയും അവരുടെ സമത്വത്തിനായുള്ള പോരാട്ടങ്ങളെയും കുറിച്ച് ചിന്തിക്കുന്നുണ്ട്. വിദ്യാസമ്പന്നയായ, മധ്യവർഗസ്ത്രീയുടെ വീക്ഷണകോണിൽ നിന്നാണ് വൂൾഫ് പ്രാഥമികമായി എഴുതിയിരുന്നത് എങ്കിലും, സ്ത്രീകളുടെ അനുഭവങ്ങൾ രൂപപ്പെടുത്തുന്നതിൽ സാമ്പത്തികാവസ്ഥയുടെ പ്രാധാന്യം അവർ തിരിച്ചറിഞ്ഞിരുന്നു. ചുരുക്കത്തിൽ, വെർജീനിയ വൂൾഫിന്റെ ഫെമിനിസം സാമ്പത്തികസ്വാതന്ത്ര്യം, ബൗദ്ധിക സ്വാതന്ത്ര്യം, സാമൂഹിക ഘടനകൾ, സാഹിത്യത്തിൽ സ്ത്രീകൾ സ്വന്തം ശബ്ദം കണ്ടെത്തുന്നതിന്റെ പ്രാധാന്യം എന്നിവയിൽ കേന്ദ്രീകരിച്ചിരുന്നു എന്ന് എടുത്തു പറയേണ്ടതുണ്ട്.

- സ്ത്രീകളുടെ അതുല്യമായ അനുഭവങ്ങളും അവബോധവും പ്രതിഫലിപ്പിക്കുന്ന സാഹിത്യം

എലൈൻ ഷോവാൾട്ടർ (Elaine Showalter)


എലൈൻ ഷോവാൾട്ടർ

സ്ത്രീവാദത്തെ ശ്രദ്ധേയമായ ഒരു സൈദ്ധാന്തിക മേഖലയായി വികസിപ്പിക്കുന്നതിൽ ശക്തമായ ഇടപെടൽ നടത്തിയ എലൈൻ ഷോവാൾട്ടർ 'സ്ത്രീവാദവിമർശനം' എന്ന പ്രബന്ധത്തിൽ ഇംഗ്ലണ്ടിലെ സ്ത്രീപദവിയെ സംബന്ധിച്ച ശ്രദ്ധേയമായ നിരീക്ഷണം അവതരിപ്പിച്ചു. പുരുഷമേൽക്കോയ്മ നിലനിൽക്കുന്ന സമൂഹത്തിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന സാഹിത്യം പുരുഷകേന്ദ്രിതമാണെന്നും പുരുഷൻ സൃഷ്ടിച്ച സ്ത്രീ മാതൃകകളാണ് സ്ത്രീ എന്നതിന്റെ പ്രതീകമായി സാഹിത്യത്തിൽ കാണപ്പെടുന്നതെന്നും ഷോവാൾട്ടർ നിരീക്ഷിച്ചു. പുരുഷന്റെ സ്ത്രൈണതാസങ്കല്പങ്ങൾ അല്ലെങ്കിൽ സ്ത്രൈണതയെക്കുറിച്ചുള്ള

പുരുഷവ്യാഖ്യാനങ്ങൾ ആണ് സാഹിത്യത്തിൽ നിറഞ്ഞുനിൽക്കുന്നത്. പുരുഷാധിപത്യ വ്യവഹാരത്തിന്റെ മൂല്യബോധമാണ് അവയിൽ പ്രകടമാകുന്നത്. പുരുഷന് ആധിപത്യമുള്ള സാഹിത്യമേഖലയെ സ്ത്രൈണമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് ഷോവാൾട്ടർ ഒരു 'സ്ത്രീകാവ്യശാസ്ത്രം' അവതരിപ്പിച്ചു. സ്ത്രീവാദ കാവ്യശാസ്ത്രത്തിന് രണ്ട് മണ്ഡലങ്ങൾ ഉണ്ട്. സ്ത്രീയെന്ന വായനക്കാരി ആണ് ഒരു മണ്ഡലത്തിൽ, ആ വായനക്കാരിയെ ഫെമിനിസ്റ്റ് ക്രിട്ടിക് എന്ന് വിളിച്ചു. പുരുഷരചനകളെ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് വിലയിരുത്തുകയാണ് ഫെമിനിസ്റ്റ്ക്രിട്ടിക്ക്. രണ്ടാമത്തേതിൽ എഴുത്തുകാരിയായ സ്ത്രീയാണ്. സ്ത്രീ എഴുത്തുകാരി ആകുന്നതിനെ ഗൈനോക്രിറ്റിക് (പ്രസൂതികാവിമർശനം) എന്ന് വിളിക്കുന്നു. സ്ത്രീ വായനക്കാരി എന്ന നിലയിൽ കൃതികളെ സമീപിക്കുന്നതിനെ ഷോവാൾട്ടർ സ്ത്രീവാദ വിമർശനം എന്ന് വിളിച്ചു. പുരുഷൻ വിരചിച്ച സാഹിത്യത്തിൽ സ്ത്രീകൾ എങ്ങനെയാണ് അടയാളം ചെയ്യപ്പെട്ടിരിക്കുന്നത് എന്നാണ് ഇവിടെ വിമർശിക്കുന്നത്. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീകൾ പാഠത്തിന്റെ അർഥോല്പാദകയായി മാറുന്നതാണ് രണ്ടാം മേഖലയിൽ നടക്കുന്നത്. സ്ത്രീഭാഷയുടെ പ്രസക്തിയും പ്രസൂതികാ വിമർശനം എന്ന മേഖലയിൽ മുഖ്യവിഷയമാകുന്നു. സ്ത്രീവിമർശനം മുഖ്യമായും സ്ത്രീഎഴുത്തുകാരികളുടെ പാരമ്പര്യത്തെ കണ്ടെടുക്കണമെന്നും ഷോവാൾട്ടർ അഭിപ്രായപ്പെട്ടു.

- പുരുഷാധിപത്യസാഹിത്യമേഖലയെ സ്ത്രൈണമാക്കി

ഇംഗ്ലീഷ് സാഹിത്യത്തിലെ സ്ത്രീരചനാ പാരമ്പര്യത്തെ ചരിത്രപരമായി വിശകലനം ചെയ്തുകൊണ്ട് അതിന് മൂന്ന് ഘട്ടങ്ങൾ ഉള്ളതായി ഷോവാൾട്ടർ നിരീക്ഷിച്ചു. ഫെമിനിൻ ഘട്ടം(സ്ത്രൈണം) ഫെമിനിസ്റ്റ് ഘട്ടം (സ്ത്രീവാദപരം) ഫീമെയിൽ ഘട്ടം(സ്ത്രീപക്ഷപരം) എന്നിവയാണ് അവ. 1840–1880നും ഇടയ്ക്കുള്ള കാലത്തെ ആണ് സ്ത്രൈണം എന്ന് വിളിക്കുന്നത്. ആ കാലഘട്ടത്തെ രചനകളിൽ സ്ത്രീകൾ പുരുഷന്മാരുമായി സാമൂഹികരംഗത്തെ സമത്വത്തിനായി വാദിച്ച കാലത്തിന്റെ ആവിഷ്കാരങ്ങളാണ് ഉൾപ്പെടുന്നത്. അവയിൽ പുരുഷധാരണകളിലെ സ്ത്രീചിത്രമാണ് ഉള്ളതെന്നും 1880 മുതൽ 1920 വരെയുള്ള ഘട്ടം സ്ത്രീവാദപരമായ ഘട്ടമാണെന്നും പുരുഷാധിപത്യത്തിന്റെ എല്ലാ വ്യവഹാരങ്ങളെയും എതിർക്കുന്ന രചനകളാണ് ആ കാലഘട്ടത്തിൽ ഉണ്ടായതെന്നും 1920 ശേഷമുള്ളവ ഫീമെയിൽ ഘട്ടം (പ്രതിഷേധം വെടിഞ്ഞ് സ്ത്രീസ്വത്വത്തെ സ്വയം കണ്ടെത്തുന്നവയാണെന്നും ഷോവാൾട്ടർ നിരീക്ഷിച്ചു. പുതിയ ഭാഷയും പുതിയ രചനയും ഈ കാലഘട്ടത്തിൽ സ്ത്രീരചനകൾക്ക് കൈവന്നു. ഈ ഘട്ടം പുരുഷസ്വാധീനത്തിൽ നിന്നും സ്വതന്ത്ര്യമായ ഒരു പുതിയ സാഹിത്യ സൗന്ദര്യശാസ്ത്രം വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു

- ഫെമിനിൻ ഘട്ടം(സ്ത്രൈണം) ഫെമിനിസ്റ്റ് ഘട്ടം (സ്ത്രീവാദപരം) ഫീമെയിൽ ഘട്ടം

സിമോൺ ദി ബുവ (ബൊവ) (Simone de Beauvoir)

സിമോൺ ദി ബുവ സെക്കൻഡ് സെക്സ് എന്ന പ്രബന്ധത്തിൽ സ്ത്രീയുടെ വിവിധതരത്തിലുള്ള അടിച്ചമർത്തപ്പെടലിനെയും സ്ത്രീവാദത്തിന്റെ ആവശ്യകതയെയും വിശകലനം ചെയ്തു. ഒരാൾ സ്ത്രീയായി ജനിക്കുകയല്ല അങ്ങനെയായി തീരുകയാണ് എന്ന് സിമോൺ അഭിപ്രായപ്പെടുന്നു. സ്ത്രീപുരുഷ ശരീരങ്ങൾ വ്യതിരക്തമാണെന്നും പുരുഷശരീരം പൂർണമായ ശരീരമാതൃകയാണെന്നും സ്ത്രീ

അപൂർണയാണെന്നും ഉള്ള ആശയഗതികളെ ശക്തമായി ഖണ്ഡിച്ചു. പുരുഷൻ മനുഷ്യന്റെ ആകമാനം പ്രതിനിധിയായി പ്രതിനിധീകരിക്കുന്ന കർത്താവായും സ്ത്രീയെ പുരുഷന്റെ അപരയായും കാണുന്ന സാംസ്കാരിക സമീപനത്തെ സിമോൺ വിമർശിച്ചു. സ്ത്രീയുടെ അടിച്ചമർത്തപ്പെടലിനെയും സ്ത്രീവാദത്തിന്റെ അടിത്തറയെയും ചെറുത്തുനിൽപ്പുകളെയും വിശദമായി അപഗ്രഥിക്കുന്ന ബുവറിന്റെ കൃതിയാണ് 'സെക്കൻഡ് സെക്സ് '.

- ഒരാൾ സ്ത്രീയായി ജനിക്കുകയല്ല അങ്ങനെയായി തീരുകയാണ്

കേറ്റ് മില്ലറ്റ് (Kate Millett)



കേറ്റ് മില്ലറ്റ്

രണ്ടാം തരംഗത്തിന് ശക്തി പകർന്ന മറ്റൊരു ശ്രദ്ധേയ കൃതിയാണ് കേയ്റ്റ് മില്ലറ്റിന്റെ 'സെക്ഷ്വൽ പൊളിറ്റിക്സ്.' സാമൂഹിക ക്രമീകരണങ്ങൾ എല്ലാം പുരുഷന്മാർക്ക് സ്ത്രീകളുടെ മേൽ അധീശത്വം നൽകാൻ സാധിക്കുന്ന വിധത്തിൽ ആസൂത്രണം ചെയ്യപ്പെട്ടവയാണ്. ഗർഭപാത്രത്തിന്റെ ഇരുളിൽ നിന്നും ശവക്കല്ലറയുടെ ഇരുട്ടിലേക്ക് ഉള്ള യാത്രയാണ് സ്ത്രീജീവിതമെന്ന് മില്ലറ്റ് അഭിപ്രായപ്പെട്ടു. ഫ്രോയിഡിന്റെ മനഃശാസ്ത്രവിശകലനത്തിൽ പുരുഷ മേധാവിത്വ പ്രവണതകൾ തെളിഞ്ഞു കാണാം എന്നും അവർ ചൂണ്ടിക്കാട്ടി. 1970-ൽ പ്രസിദ്ധീകരിച്ച കേറ്റ് മില്ലറ്റിന്റെ പ്രധാന കൃതിയായ 'ലൈംഗിക രാഷ്ട്രീയം' രണ്ടാംതരംഗ ഫെമിനിസത്തിന്റെ അടിസ്ഥാനശിലയാണ്. പുരുഷാധിപത്യം എന്നത് ഒരു സാമൂഹിക വ്യവസ്ഥയാണെന്ന് മില്ലറ്റ് വാദിക്കുന്നു, അതിൽ പുരുഷന്മാർ പ്രാഥമിക അധികാരം കൈവശം വയ്ക്കുകയും രാഷ്ട്രീയം, സാമ്പത്തികം, സാമൂഹിക ഇടപെടലുകൾ എന്നിവയുൾപ്പെടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അത് വ്യാപിക്കുകയും ചെയ്യുന്നു. ഈ അധികാരഘടന എങ്ങനെയാണ് സ്ത്രീകളെ കീഴ്പ്പെടുത്തുന്നതെന്ന് മില്ലറ്റ് പരിശോധിക്കുന്നു. മില്ലറ്റ് അവതരിപ്പിച്ച 'ലൈംഗിക രാഷ്ട്രീയം' എന്ന പദം ലിംഗങ്ങൾ തമ്മിലുള്ള അധികാര രാഷ്ട്രീയബന്ധങ്ങളെ സൂചിപ്പിക്കുന്നു. പുരുഷ മേധാവിത്വം പ്രകടിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഒരു പ്രധാന മേഖലയാണ് ലൈംഗികതയെന്ന് മില്ലറ്റ് അഭിപ്രായപ്പെടുന്നു. D.H. ലോറൻസ്, ഹെൻറി മില്ലർ, നോർമൻ മെയിലർ തുടങ്ങിയ പ്രമുഖ പുരുഷ എഴുത്തുകാരുടെ കൃതികൾ വിശകലനം ചെയ്യുന്ന മില്ലറ്റ്, സ്ത്രീകളെയും ലൈംഗികതയെയും കുറിച്ചുള്ള അവരുടെ പ്രതിനിധാനങ്ങളെ വിമർശിക്കുകയും സാഹിത്യം എങ്ങനെ പുരുഷാധിപത്യമൂല്യങ്ങളെ പ്രതിഫലിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നു എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ലിംഗപരമായ അവസ്ഥകൾ ജൈവശാസ്ത്രപരമായി നിർണയിക്കപ്പെട്ടതാണെന്ന ധാരണയെ മില്ലറ്റ് വെല്ലുവിളിക്കുന്നു.

- 'സെക്ഷ്വൽ പൊളിറ്റിക്സ്,' രണ്ടാം തരംഗ ഫെമിനിസത്തിന്റെ അടിസ്ഥാനശില

സ്ത്രീയും പുരുഷനും തമ്മിലുള്ള 'സ്വാഭാവിക' വ്യത്യാസങ്ങളായി സമൂഹം വീക്ഷിക്കുന്നവ യഥാർഥത്തിൽ സാമൂഹികമായി നിർമിക്കപ്പെട്ടതും നടപ്പിലാക്കിയതുമാണെന്ന് അവർ വാദിക്കുന്നു. കുടുംബം,

വിദ്യാഭ്യാസം, മാധ്യമങ്ങൾ എന്നിവയുൾപ്പെടെയുള്ള സാംസ്കാരിക സ്ഥാപനങ്ങൾ എങ്ങനെയാണ് ലിംഗ അസമത്വം അംഗീകരിക്കുന്നതിനും നിലനിർത്തുന്നതിനും വ്യക്തികളെ പ്രേരിപ്പിക്കുന്നത് എന്ന് അന്വേഷിക്കുകയും പുരുഷാധിപത്യഘടനകളെ ഇല്ലാതാക്കാൻ സമൂഹത്തിന്റെ അടിസ്ഥാനപരമായ പുനഃസംഘടനയ്ക്ക് ആഹ്വാനം നൽകുകയും ചെയ്തു. പൊതു-സ്വകാര്യ മേഖലകളിലെ മാറ്റങ്ങൾ, ലൈംഗിക വിമോചനം, ലിംഗസമത്വം, പരമ്പരാഗത അധികാര ശ്രേണികൾ ഇല്ലാതാക്കൽ എന്നിവയ്ക്കായി മില്ലറ്റ് ശക്തമായി വാദിച്ചു. സങ്കീർണമായ അടിച്ചമർത്തൽ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് വംശവും വർഗവും പോലുള്ള ഘടകങ്ങൾ ലിംഗഭേദവുമായി കൂടിച്ചേരുന്നുവെന്ന് മില്ലറ്റ് തിരിച്ചറിഞ്ഞു. ഈ പരസ്പരബന്ധങ്ങളെ അഭിസംബോധന ചെയ്യുന്ന വിശാലമായ ഒരു ഫെമിനിസ്റ്റ് പ്രസ്ഥാനത്തെ അവർ വിഭാവന ചെയ്തു.

- സ്ത്രീ, പുരുഷഭേദം 'സ്വാഭാവിക' മല്ല. അത് സ്വാഭാവികമായി നിർമിക്കപ്പെട്ട ഒന്നാണ്

കേറ്റ് മില്ലറ്റ്, സിഗ്മണ്ട് ഫ്രോയിഡിനെയും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെയും കുറിച്ചുള്ള വിമർശനാത്മക വിശകലനം നടത്തി. ഫ്രോയിഡിന്റെ സിദ്ധാന്തങ്ങൾ പുരുഷാധിപത്യഘടനകളെയും ലിംഗ അസമത്വങ്ങളെയും ശക്തിപ്പെടുത്തുന്നുവെന്ന് മില്ലറ്റ് വാദിക്കുന്നു. സ്ത്രീലൈംഗികതയെ കുറിച്ചുള്ള ഫ്രോയിഡിന്റെ കാഴ്ചപ്പാടുകളെയും ലിംഗഅസൂയ, സ്ത്രീഹിസ്റ്റീരിയ എന്നിവയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയങ്ങളെയും മില്ലറ്റ് വിമർശിക്കുന്നു. അവ ലൈംഗികതയെ ശാശ്വതമാക്കുന്നുവെന്ന് അവർ വിശ്വസിക്കുന്നു. അവ അനുഭവപരമായ തെളിവുകളെ അടിസ്ഥാനമാക്കിയുള്ളതല്ല, മറിച്ച് സാംസ്കാരിക പക്ഷപാതങ്ങളെയും ലിംഗഭേദത്തെക്കുറിച്ചുള്ള അനുമാനങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണെന്ന് സമർഥിച്ചു. മനഃശാസ്ത്രത്തിന്റെയും മനോവിശകലനത്തിന്റെയും പുരുഷമേധാവിത്വചട്ടക്കൂടുകളെ പുനർനിർമിക്കാനും വെല്ലുവിളിക്കാനുമുള്ള വിശാലമായ ഫെമിനിസ്റ്റ് ശ്രമത്തിന്റെ ഭാഗമായി മാറി മില്ലറ്റിന്റെ വിമർശനം

- സിഗ്മണ്ട് ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളെ വിമർശനാത്മകമായി സമീപിച്ചു

ജൂലിയറ്റ് മിച്ചൽ (Juliet Mithell)



ജൂലിയറ്റ് മിച്ചൽ

പ്രമുഖ ബ്രിട്ടീഷ് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റും സൈക്കോ അനലിസ്റ്റുമായ ജൂലിയറ്റ് മിച്ചലിന്റെ പ്രവർത്തനം ഫെമിനിസ്റ്റ് ചിന്തയെ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്ത്രീകളുടെ അടിച്ചമർത്തലിനെ മനസിലാക്കുന്നതിനും ചെറുക്കുന്നതിനും മനോവിശ്ലേഷണവും മാർക്സിസ്റ്റ് വീക്ഷണങ്ങളും സമന്വയിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മിച്ചൽ എടുത്തുകാട്ടി സ്ത്രീകളുടെ അടിച്ചമർത്തലിനെ വിശകലനം ചെയ്യാൻ മിച്ചൽ മാർക്സിസ്റ്റ്, മനോവിശ്ലേഷണ വീക്ഷണങ്ങളെ സമന്വയിപ്പിക്കുന്നു. സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങളിലൂടെ മാത്രം സ്ത്രീകളുടെ വിമോചനം പൂർണമായി കൈവരിക്കാനാവില്ലെന്നും ലിംഗബന്ധങ്ങളുടെ മനഃശാസ്ത്രപരമായ വശങ്ങളെക്കുറിച്ചുള്ള ധാരണയും ആവശ്യമാണെന്നും ഇവർ വാദിച്ചു.

'വുമൺസ് എസ്റ്റേറ്റ്' (1971) കൃതിയിൽ, മിച്ചൽ സ്ത്രീകളുടെ അടിച്ച മർത്തൽ ബഹുമുഖമാണ് എന്നും അതിൽ ഉല്പാദനം (ജോലിസ്ഥ ലം), പുനരുല്പാദനം (കുടുംബവും മാതൃത്വവും), ലൈംഗികത, സാ മൂഹികവൽക്കരണം (സാംസ്കാരികത) എന്നിവ ഉൾപ്പെടുന്നു എന്നും വിശദമാക്കി. യഥാർഥ ലിംഗസമത്വം കൈവരിക്കുന്നതിന് ഈ വശങ്ങ ളെല്ലാം അഭിസംബോധന ചെയ്യണമെന്ന് അവർ വാദിച്ചു. പുരുഷാധി പത്യ ഘടനകളെയും സ്ത്രീകളുടെ ജീവിതത്തിൽ അവ ചെലുത്തുന്ന സ്വാധീനത്തെയും മിച്ചൽ വിമർശിക്കുന്നു. പൊതു-സ്വകാര്യ മേഖല കളിൽ പുരുഷാധിപത്യം എങ്ങനെ പ്രവർത്തിക്കുന്നു എന്നും അത് സ്ത്രീകളുടെ സ്ഥാനങ്ങളെയും സ്വത്വങ്ങളെയും ബാധിക്കുന്നതെങ്ങ നെയെന്നും അവർ എടുത്തുകാട്ടി.

❍ ലിംഗബന്ധങ്ങളുടെ മനഃശാസ്ത്രപര മായ ധാരണ സ്ത്രീ വിമോചനത്തിന് അനിവാര്യം

'സൈക്കോ അനാലിസിസ് ആൻഡ് ഫെമിനിസം (1974), എന്ന രചനയിൽ മിച്ചൽ, സ്ത്രീകളുടെ അടിച്ചമർത്തലിന്റെ ആഴത്തിലുള്ള മനഃശാസ്ത്രപരമായ വേരുകൾ മനസിലാക്കാൻ മാനസിക വിശകലന സിദ്ധാന്തങ്ങൾ, പ്രത്യേകിച്ച് ഫ്രോയിഡിന്റെയും ലക്കാന്റെയും സിദ്ധാ ന്തങ്ങൾ എങ്ങനെ ഉപയോഗിക്കാമെന്ന് വിശകലനം ചെയ്യുന്നു. ലിം ഗപരമായ അസമത്വങ്ങൾ നിലനിർത്തുന്ന അബോധാവസ്ഥയിലുള്ള പ്രക്രിയകളെ മനോവിശ്ലേഷണത്തിന് വെളിപ്പെടുത്താൻ കഴിയുമെന്ന് മിച്ചൽ വിശ്വസിച്ചു. സാമ്പത്തികവും രാഷ്ട്രീയവുമായ പരിഷ്കാര ങ്ങൾക്കൊപ്പം സാമൂഹികവും സാംസ്കാരികവുമായ മാറ്റത്തിനായും മിച്ചൽ വാദിക്കുന്നു. ലിംഗസമത്വം കൈവരിക്കുന്നതിന് സാമൂഹിക മനോഭാവങ്ങളും സാംസ്കാരിക മാനദണ്ഡങ്ങളും മാറ്റുന്നത് നിർണാ യകമാണെന്ന് അവർ വിശ്വസിക്കുന്നു. സ്ത്രീവാദ വിശകലനത്തിൽ, സ്വത്വത്തിന്റെ സങ്കീർണതയും വർഗം, വംശം, ലൈംഗികത തുടങ്ങിയ അടിച്ചമർത്തലിന്റെ ഒന്നിലധികം തലങ്ങളെ പരിഗണിക്കേണ്ടതിന്റെ പ്രാധാന്യവും മിച്ചൽ തിരിച്ചറിയുന്നു. സ്ത്രീകളുടെ വ്യത്യസ്ത വി ഭാഗങ്ങളുടെ വൈവിധ്യമാർന്ന അനുഭവങ്ങളെ അഭിസംബോധന ചെ യ്യുന്ന വിശാലമായ ഫെമിനിസത്തിന് അവർ ആഹ്വാനം ചെയ്യുന്നു.

❍ സ്ത്രീവാദത്തെ മാർക്സിസ്റ്റ്, മനോ വിശ്ലേഷണ വീക്ഷണ ങ്ങളുമായി സമന്വയി പ്പിക്കുന്നു

ലൂസ് ഇരിഗറേ (Luce Irigaray)



ലൂസ് ഇരിഗറേ

പ്രമുഖ ഫ്രഞ്ച് ഫെമിനിസ്റ്റും തത്വ ചിന്തകയും മനോവിശകലന വിദഗ്ധ യുമായ ലൂസ് ഇരിഗറേ, ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്, പ്രത്യേകിച്ച് സൈ ക്കോ അനാലിസിസ്, ഭാഷ, ലിംഗപഠനം എന്നീ മേഖലകളിൽ നൽകിയ സംഭാവ നകൾ പ്രശസ്തമാണ്. പാശ്ചാത്യ തത്വ ചിന്തയുടെയും മനോവിശ്ലേഷണത്തിന്റെ യും പുരുഷകേന്ദ്രീകൃത സ്വഭാവത്തെ ഇരിഗറേ വിമർശിക്കുന്നു. സ്ത്രീകളെ പാർശ്വവൽക്കരിക്കുകയും മൂല്യച്യുതി വരുത്തുകയും ചെയ്യുന്ന ഒരു ഫാലോസെൻട്രിക് (പുരുഷാധിപത്യപരം) കാഴ്ചപ്പാടാണ് ഈ മേ ഖലകളിൽ പരമ്പരാഗതമായി ആധിപത്യം പുലർത്തുന്നതെന്ന് അവർ വാദിക്കുന്നു. ഇരിഗറേയുടെ ചിന്തയുടെ കേന്ദ്രം ലൈംഗിക വ്യത്യാസ ത്തെക്കുറിച്ചുള്ള ആശയമാണ്. സ്ത്രീകളെ കൂടുതൽ പുരുഷന്മാരെ

പ്പോലെയാക്കാൻ ശ്രമിക്കുന്നതിനുപകരം ലിംഗഭേദങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പുരുഷനും സ്ത്രീയും തമ്മിലുള്ള യഥാർഥ സമത്വം കൈവരിക്കാൻ കഴിയൂ എന്ന് അവർ വിശ്വസിക്കുന്നു. ഭാഷയും പ്രതീകാത്മക സംവിധാനങ്ങളും ലിംഗഭേദം വരുത്തുന്ന രീതികൾ ഇരിഗറേ ഊന്നിപ്പറയുന്നു. പാശ്ചാത്യ സംസ്കാരത്തിലെ ഭാഷയുടെയും പ്രാതിനിധ്യത്തിന്റെയും ഘടനകൾ പുരുഷ മേധാവിത്വമുള്ളതാണെന്നും സ്ത്രീകളുടെ അനുഭവങ്ങളെയും സ്വത്വങ്ങളെയും വേണ്ടത്ര പ്രതിനിധീകരിക്കുന്നതിൽ അവ പരാജയപ്പെടുന്നതായും അവർ വാദിക്കുന്നു. പുരുഷാധിപത്യ സമൂഹം സ്ത്രീകൾക്കുമേൽ അടിച്ചേല്പിച്ചിട്ടുള്ള പെരുമാറ്റങ്ങളും വേഷങ്ങളും സ്ത്രീകൾ അനുകരിക്കുന്ന മിമിസിസ് തന്ത്രമാണ് ഇരിഗറേ ഉപയോഗിക്കുന്നത്. ആ വേഷങ്ങളെ തുറന്നുകാട്ടാനും തുരങ്കം വയ്ക്കാനും. പരമ്പരാഗത ലിംഗപരമായ വേഷങ്ങളിൽ അന്തർലീനമായ പരിമിതികളും പക്ഷപാതങ്ങളും വെളിപ്പെടുത്താനും ഈ തന്ത്രം ലക്ഷ്യമിടുന്നു.

- ലൈംഗിക വ്യത്യാസത്തെഅടിസ്ഥാനമാക്കിയുള്ള ധാർമികത

കർക്കശമായ ദ്വന്ദ്വവൈരുദ്ധ്യങ്ങൾക്ക് വിരുദ്ധമായി, സ്വത്വത്തെയും ആത്മനിഷ്ഠതയെയും കുറിച്ച് കൂടുതൽ അസ്ഥിരവും ബഹുസ്വരവുമായ ധാരണകൾ ഇരിഗറേ നിർദ്ദേശിക്കുന്നു. സ്ത്രീസ്വത്വത്തെ വിവരിക്കുന്നതിന് അവർ പലപ്പോഴും അസ്ഥിരതയുടെയും ബഹുസ്വരതയുടെയും രൂപകങ്ങൾ ഉപയോഗിക്കുന്നു, പരമ്പരാഗതവും രേഖീയവുമായ ആഖ്യാനങ്ങളിലൂടെ സ്ത്രീകളുടെ അനുഭവങ്ങൾ പൂർണമായി പകർത്താൻ കഴിയില്ലെന്ന് സൂചിപ്പിക്കുന്നു. ലൈംഗിക വ്യത്യാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ധാർമികതയ്ക്ക് ഇരിഗറേ ആഹ്വാനം ചെയ്യുന്നു, അവിടെ പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള ബന്ധം പരസ്പര അംഗീകാരത്തിലും അവരുടെ വ്യത്യാസങ്ങളോടുള്ള ബഹുമാനത്തിലും അധിഷ്ഠിതമായിരിക്കും. സ്ത്രീകളുടെ ശബ്ദങ്ങളും കാഴ്ചപ്പാടുകളും യഥാർഥമായി വിലമതിക്കുന്ന ഇടങ്ങൾ സൃഷ്ടിക്കുന്നതിന് നിലവിലുള്ള സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ ഘടനകളെ പുനർവിചിന്തനം ചെയ്യുന്നത് ഇതിൽ ഉൾപ്പെടുന്നു. സ്ത്രീയുടെ ആത്മനിഷ്ഠതയുടെ നിർമാണത്തിൽ സ്ത്രീശരീരത്തിന്റെ പ്രാധാന്യം ഇരിഗറേ ഊന്നിപ്പറയുന്നു. പുരുഷാധിപത്യ വ്യവസ്ഥിതികളാൽ സ്ത്രീകളുടെ ശരീരത്തെ വസ്തുനിഷ്ഠമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതികളെ അവർ വിമർശിക്കുകയും ശക്തിയുടെയും സ്വത്വത്തിന്റെയും ഉറവിടമായി സ്ത്രീശരീരത്തിന്റെ പുനർമൂല്യനിർണയത്തിനായി വാദിക്കുകയും ചെയ്യുന്നു. സൈക്കോ അനലിറ്റിക് തിയറിയും ഫെമിനിസ്റ്റ് വിമർശനവും ദാർശനിക വിശകലനവും സമന്വയിപ്പിച്ചുകൊണ്ട് ഇരിഗറേയുടെ വീക്ഷണങ്ങൾ സങ്കീർണവും ബഹുമുഖവുമാണ്. അവ സമകാലിക ഫെമിനിസ്റ്റ് ചിന്തയെ ഗണ്യമായി സ്വാധീനിക്കുകയും ലിംഗഭേദം, ഭാഷ, സ്വത്വം എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ സുപ്രധാന സ്ഥാനം വഹിക്കുകയും ചെയ്യുന്നു.

- ശക്തിയുടെയും സ്വത്വത്തിന്റെയും ഉറവിടമായി സ്ത്രീയുടെ പ്രാധാന്യം

ജൂഡിറ്റ് ബട്ട്ലർ (Judith Butler)


ജൂഡിത്ത് ബട്ട്ലർ

ജൂഡിറ്റ് ബട്ട്ലർ പ്രമുഖ അമേരിക്കൻ തത്വ ചിന്തകയും ഫെമിനിസ്റ്റ് സൈദ്ധാന്തികയും ആണ്. രാഷ്ട്രീയതത്വചിന്ത, മൂന്നാം തരംഗ ഫെമിനിസം, ക്വിയർ തിയറി തുടങ്ങിയവയിൽ ശ്രദ്ധേയ വീക്ഷണങ്ങൾ അവർ അവതരിപ്പിച്ചു ലിംഗഭേദത്തെ സംബന്ധിച്ച് പരമ്പരാഗത സങ്കല്പങ്ങളെ വെല്ലുവിളിച്ചു. ബട്ട്ലറുടെ കാഴ്ചപ്പാടുകൾ സമകാലിക ഫെമിനിസ്റ്റ് ചിന്തയെ ഗണ്യമായി രൂപപ്പെടുത്തിയിട്ടുണ്ട്. ബട്ട്ലറുടെ പ്രധാന കൃതിയായ 'ജെൻഡർ ട്രബിൾ' (1990), ജെൻഡർ പെർഫോമറ്റിവിറ്റി എന്ന ആശയം അവതരിപ്പിച്ചു. ബട്ട്ലറുടെ അഭിപ്രായത്തിൽ, ലിംഗഭേദം നമുക്ക് അന്തർലീനമായി ഉള്ള ഒന്നല്ല, മറിച്ച് നമ്മുടെ പ്രവർത്തനങ്ങളിലൂടെയും പെരുമാറ്റങ്ങളിലൂടെയും പലപ്പോഴും സാമൂഹിക മാനദണ്ഡങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി രൂപം കൊള്ളുന്ന ഒന്നാണ്. സ്ത്രീകൾക്ക് സുസ്ഥിരവും അനിവാര്യവുമായ സ്വത്വം അനുമാനിക്കുന്ന പരമ്പരാഗത ഫെമിനിസ്റ്റ് സങ്കൽപ്പങ്ങളെ ബട്ട്ലർ വിമർശിക്കുന്നു. പകരം ലിംഗസ്വത്വങ്ങളുടെ അസ്ഥിരതയും വ്യതിയാനവും ഊന്നിപ്പറയുന്നു. സ്ത്രീത്വത്തിന്റെ ഒരു സാർവത്രിക അനുഭവമുണ്ടെന്ന ആശയത്തെ ബട്ട്ലർ വെല്ലുവിളിക്കുന്നു, ആൺ/പെൺ എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളെ പുനർനിർമിക്കുന്നതിലും ഈ ദ്വന്ദ്വങ്ങളെ ഉയർത്തിപ്പിടിക്കുന്ന അധികാര ഘടനകളെ വെല്ലുവിളിക്കുന്നതിലും ബട്ട്ലറുടെ പ്രവർത്തനങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. സ്ഥാപിത ലിംഗ മാനദണ്ഡങ്ങൾ അട്ടിമറിക്കുന്നതിന് ബട്ട്ലർ വാദിക്കുന്നു. ഈ മാനദണ്ഡങ്ങളെ വെല്ലുവിളിക്കുകയും തടസപ്പെടുത്തുകയും ചെയ്യുന്നതിലൂടെ, വ്യക്തികൾക്ക് സമൂഹം അടിച്ചേൽപ്പിക്കുന്ന നിയന്ത്രണ ചട്ടക്കൂടുകളെ ചെറുക്കാനും ലിംഗാഭിപ്രായത്തിന്റെ പുതിയ രൂപങ്ങൾക്കുള്ള സാധ്യതകൾ തുറക്കാനും കഴിയും. സ്വത്വരൂപീകരണത്തിന്റെ ധാർമികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങൾ ബട്ട്ലർ വിശകലനം ചെയ്യുന്നു. വ്യക്തികളുടെ പരാധീനതയും പരസ്പരാശ്രിതത്വവും തിരിച്ചറിയേണ്ടതിന്റെ പ്രാധാന്യത്തിനായി അവർ വാദിക്കുന്നു, വൈവിധ്യമാർന്ന സ്വത്വങ്ങളെ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നു.

- ലിംഗ സമത്വങ്ങളുടെ അസ്ഥിരതയും വ്യതിയാനവും ചർച്ച ചെയ്യുന്നു

ക്വിയർ തിയറി (Queer Theory)

1990-കളുടെ തുടക്കത്തിൽ ഫെമിനിസ്റ്റ് സിദ്ധാന്തവും LGBTQ+ പഠനങ്ങളും അടിസ്ഥാനമാക്കി വികസിച്ച ഘടനാവാദാനന്തര വിമർശനാത്മക സിദ്ധാന്തങ്ങളിൽ ഒന്നാണ് ക്വിയർ തിയറി. അത് സമൂഹത്തിൽ നിലവിലുള്ള ഹെട്രോ സെക്ഷ്വൽ വ്യവസ്ഥയ്ക്കെതിരായ പ്രതികരണവും യാഥാസ്ഥിതിക ലൈംഗിക സങ്കല്പങ്ങളെ തകർക്കുന്ന ചിന്താരീതിയും ആണ്. ജൂഡിറ്റ് ബട്ലർ, ആൻഡ്രിയൻ റിച്ച്, ഡയാന ഫസ്റ്റ് എന്നിവർ ഈ ചിന്താപദ്ധതിക്ക് അടിസ്ഥാനമിട്ടവരാണ്. ലിംഗഭേദം, ലൈംഗികത, സ്വത്വം എന്നിവയെക്കുറിച്ചുള്ള പരമ്പരാഗത ആശയങ്ങളെ ക്വിയർ തിയറി വെല്ലുവിളിക്കുകയും പുനർനിർമിക്കുകയും ചെയ്യുന്നു. ഈ ആശയങ്ങളെ സ്ഥിരവും സുസ്ഥിരവുമായി വീക്ഷി

ക്കുന്നതിനുപകരം, അവ അസ്ഥിരമായിട്ടുള്ളതും സാമൂഹികമായി നിർമിക്കപ്പെട്ടതും അധികാരഘടന നിലനിർത്താൻ പലപ്പോഴും ഉപയോഗിക്കുന്നതുമാണെന്ന് ക്വിയർ സിദ്ധാന്തം വാദിക്കുന്നു. ലിംഗഭേദം, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ട ഐഡന്റിറ്റികൾ സ്ഥിരമോ സഹജമോ അല്ല, പകരം അയവുള്ളവയും കാലത്തിനനുസരിച്ചും വ്യത്യസ്ത സന്ദർഭങ്ങളിലും മാറ്റത്തിന് വിധേയവുമാണ് എന്ന് ക്വിയർ സിദ്ധാന്തം പറയുന്നു. ഭിന്നലിംഗത്തെ 'സാധാരണ' അല്ലെങ്കിൽ 'സ്വാഭാവിക' ലൈംഗിക ആഭിമുഖ്യമായി നിർവചിക്കുന്ന സാമൂഹിക മാനദണ്ഡങ്ങളെ സിദ്ധാന്തം വിമർശിക്കുന്നു. പ്രത്യുല്പാദനക്ഷമമായ ആൺ പെൺ ലൈംഗികബന്ധത്തിന് മാത്രം സാമൂഹികാംഗീകാരം ലഭിക്കുന്ന അവസ്ഥക്കു പകരം എല്ലാത്തരം ലൈംഗികതയെയും അംഗീകരിക്കേണ്ടതാണ് എന്ന നിലപാടാണ് ക്വിയർ സിദ്ധാന്തത്തിന്റെ അടിസ്ഥാനം.

- യാഥാസ്ഥിതിക ലൈംഗിക സങ്കല്പങ്ങളെ തകർക്കുന്ന ചിന്താരീതി

ആൺ/പെൺ, സ്വവർഗാനുരാഗി/നേരായ എന്നിങ്ങനെയുള്ള വിഭജനങ്ങളെ ക്വിയർ സിദ്ധാന്തം ചോദ്യം ചെയ്യുന്നു. സാഹിത്യം, സാംസ്കാരിക പഠനം, സാമൂഹ്യശാസ്ത്രം, വിദ്യാഭ്യാസം എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ക്വിയർ സിദ്ധാന്തം കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അടിച്ചമർത്തൽ സംവിധാനങ്ങളെ വെല്ലുവിളിക്കുന്നതിനും **LGBTQ+** വ്യക്തികളുടെയും കമ്മ്യൂണിറ്റികളുടെയും അവകാശങ്ങൾക്കും അംഗീകാരത്തിനും വേണ്ടി വാദിക്കുന്നതിനും മാർഗരേഖ നൽകി. ക്വിയർ തിയറി, മാധ്യമങ്ങളിലും ജനപ്രിയ സംസ്കാരത്തിലും എൽജിബിടിക്യു+ വിഭാഗങ്ങൾക്ക് വേണ്ട പ്രാതിനിധ്യത്തെക്കുറിച്ചുള്ള ചർച്ചകൾക്കിടനൽകി. വാർപ്പ് മാതൃകകൾക്കും ലളിതമായ വർഗീകരണങ്ങൾക്കും അപ്പുറത്തേക്ക് നീങ്ങുന്ന കൂടുതൽ വൈവിധ്യമാർന്നതും സങ്കീർണവുമായ ചിത്രീകരണങ്ങൾക്ക് പ്രേരണയായി. സ്ത്രീകളുടെ സ്വവർഗാനുരാഗം (ലെസ്ബിയൻ) പുരുഷന്മാരുടെ സ്വവർഗാനുരാഗം(ഗേ) ഇവയെ ക്വിയർ തിയറി അംഗീകരിക്കുന്നു. സമൂഹം അംഗീകരിച്ച ലൈംഗിക സങ്കല്പങ്ങളെ, ലിംഗപദവിയെ നിരാകരിച്ചുകൊണ്ടുള്ള ലൈംഗിക സ്വഭാവ വൈചിത്രങ്ങളുടെ പ്രകടനമാണ് സ്വവർഗ അനുരാഗികളിൽ കാണുന്നത്. ക്വിയർ എന്ന പദം ആദ്യകാലത്ത് സ്വവർഗാനുരാഗികളെ അപമാനിക്കുന്നതിന് ഉപയോഗിച്ചിരുന്നതാണ് വിചിത്രമായ 'വിലക്ഷണം ആയത്' എന്ന അർഥവും ആ പദത്തിന് ഉണ്ട്.

- സ്ത്രീകളുടെ സ്വവർഗ അനുരാഗത്തെയും (ലെസ്ബിയൻ) പുരുഷന്മാരുടെ സ്വവർഗ അനുരാഗത്തെയും(ഗേ) അംഗീകരിക്കുന്നു

ബ്ലാക്ക് ഫെമിനിസം (Black Feminism)

കറുത്തസ്ത്രീകളുടെ അനുഭവങ്ങളും കാഴ്ചപ്പാടുകളും ഫെമിനിസ്റ്റ് സിദ്ധാന്തവും വിമർശനവും സമന്വയിപ്പിക്കുന്ന ഒരു വിഭാഗമാണ് ബ്ലാക്ക് ഫെമിനസം. അത് വംശം, ലിംഗഭേദം, വർഗം എന്നിവയുടെ വിഭജനത്തെ അഭിസംബോധന ചെയ്യുന്ന ഒരു പ്രസ്ഥാനവും സൈദ്ധാന്തിക ചട്ടക്കൂടുമാണ്. വ്യത്യസ്ത രൂപത്തിലുള്ള വിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും ഒരേസമയം ഉണ്ടാകുന്ന ഫലങ്ങളാൽ രൂപപ്പെട്ടതാണ് കറുത്തവർഗക്കാരായ സ്ത്രീകളുടെ അനുഭവങ്ങൾ എന്ന് ഫെമിനിസം തിരിച്ചറിയുന്നു. ബ്ലാക്ക് ഫെമിനിസ്റ്റുകൾ വാദിക്കുന്നത് കറുത്തസ്ത്രീകളുടെ അനുഭവങ്ങൾ വംശമോ ലിംഗഭേദമോ നോക്കുന്നതിലൂടെ മാത്രം മനസിലാക്കാൻ കഴിയില്ല എന്നാണ്. കറുത്തസ്

ത്രീകളുടെ സാംസ്കാരിക പ്രതിനിധാനങ്ങളെ ബ്ലാക്ക് ഫെമിനിസം വിമർശനാത്മകമായി പരിശോധിക്കുകയും വാർപ്പ് മാതൃകകളെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രത്യുല്പാദന അവകാശങ്ങൾ, ആരോഗ്യ അസമത്വങ്ങൾ, സാമ്പത്തിക അസമത്വം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയ പ്രശ്നങ്ങളും ഇത് അഭിസംബോധന ചെയ്യുന്നു. കറുത്ത സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങളും അവകാശങ്ങളും ലക്ഷ്യമാക്കുന്ന നയങ്ങൾക്കും സമ്പ്രദായങ്ങൾക്കും വേണ്ടി അവർ വാദിക്കുന്നു.

- കറുത്തവർഗക്കാരായ സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നു

ടോണി മോറിസൺ കറുത്ത വ്യക്തിത്വത്തെയും സ്ത്രീത്വത്തെയും കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. ശ്രദ്ധേയമായ കൃതികളിൽ 'പ്രിയപ്പെട്ടവൻ', 'ദ ബ്ലൂസ്റ്റ് ഐ', 'സോംഗ് ഓഫ് സോളമൻ' എന്നിവ ഉൾപ്പെടുന്നു. മികച്ച എഴുത്തുകാരിയും സൈദ്ധാന്തികയും ആയ ബെൽ ഹുക്ക്സിന്റെ പുസ്തകങ്ങളായ 'ഞാൻ ഒരു സ്ത്രീയല്ലേ?: ബ്ലാക്ക് വിമൻ ആൻഡ് ഫെമിനിസം', 'ഫെമിനിസ്റ്റ് തിയറി: ഫ്രം മാർജിൻ ടു സെന്റർ' എന്നിവ ബ്ലാക്ക് ഫെമിനിസ്റ്റ് ചിന്തയുടെ അടിസ്ഥാന ഗ്രന്ഥങ്ങളാണ്. കവിയും ഉപന്യാസകാരിയും ആയ ഓഡ്രെ ലോർഡിന്റെ 'സിസ്റ്റർ ഔട്ട്സൈഡർ', 'സാമി: എ ന്യൂ സ്പെല്ലിംഗ് ഓഫ് മൈ നെയിം' തുടങ്ങിയ കൃതികൾ വംശം, ലൈംഗികത, ഐഡന്റിറ്റി എന്നിവയുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നു. ആലിസ് വാക്കറിന്റെ 'ദ കളർ പർപ്പിൾ' എന്ന പേരിൽ അറിയപ്പെടുന്ന കൃതികൾ, ആക്ടിവിസ്റ്റും പണ്ഡിതയും ആയ ഏഞ്ചല ഡേവിസിന്റെ 'സ്ത്രീകൾ, വർഗം, ക്ലാസ്' എന്നിവയുൾപ്പെടെയുള്ള രചനകൾ സയൻസ് ഫിക്ഷൻ എഴുത്തുകാരി ആയ ഒക്ടാവിയ ബട്ട്ലറിന്റെ 'കിൻഡ്രെഡ്', 'പാരബിൾ ഓഫ് ദി സോവർ' തുടങ്ങിയ കൃതികൾ, സോഷ്യോളജിസ്റ്റായ പട്രീഷ്യ ഹിൽ കോളിൻസിന്റെ 'ബ്ലാക്ക് ഫെമിനിസ്റ്റ് ചിന്ത: അറിവ്, ബോധം, ശാക്തീകരണത്തിന്റെ രാഷ്ട്രീയം' എന്ന കൃതി തുടങ്ങിയവ വംശം, ലിംഗഭേദം, ലൈംഗികത എന്നിവയുടെ വിവിധ തലങ്ങൾ വിശകലനം ചെയ്യുന്നു. ഈ രചയിതാക്കളും അവരുടെ കൃതികളും കറുത്തവർഗക്കാരായ സ്ത്രീകളുടെ ജീവിതാനുഭവങ്ങളുടെ വൈവിധ്യമാർന്നതും ആഴത്തിലുള്ളതുമായ പഠനം നടത്തുകയും, സാഹിത്യപരവും സ്ത്രീവാദവുമായ വ്യവഹാരങ്ങൾക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്തിട്ടുണ്ട്.

- കറുത്ത വ്യക്തിത്വത്തെയും സ്ത്രീത്വത്തെയും കുറിച്ച് ആഴത്തിലുള്ള പഠനങ്ങളും കൃതികളും

ലെസ്ബിയൻ ഫെമിനിസം (Lesbian Feminism)

1960 കളുടെ അവസാനത്തിലും 1970 കളുടെ തുടക്കത്തിലും, പ്രാഥമികമായി യുണൈറ്റഡ് സ്റ്റേറ്റ്സിലും പടിഞ്ഞാറൻ യൂറോപ്പിലും ഉയർന്നുവന്ന ഒരു രാഷ്ട്രീയ സാമൂഹിക പ്രസ്ഥാനമാണ് ലെസ്ബിയൻ ഫെമിനിസം. ഇത് ഫെമിനിസത്തിന്റെയും ലെസ്ബിയനിസത്തിന്റെയും ഘടകങ്ങളെ സംയോജിപ്പിക്കുന്നു. വിശാലമായ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിലും പൊതുസമൂഹത്തിലും ലെസ്ബിയൻമാരുടെ അവകാശങ്ങൾക്കും ദൃശ്യപരതയ്ക്കും വേണ്ടി വാദിക്കുന്നു. ലെസ്ബിയൻ ഫെമിനിസം ഭിന്നലൈംഗികതയെയും പുരുഷാധിപത്യത്തെയും വിമർശിക്കുന്നു. പരമ്പരാഗത ലിംഗപരമായ റോളുകൾക്കും പുരുഷമേധാവിത്വത്തിനും എതിരായ പ്രതിരോധത്തിന്റെ ഒരു രൂപമെന്ന നിലയിൽ ലെസ്ബിയൻ ബന്ധങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുന്നു. പുരുഷ

മേൽക്കോയ്മയും സ്ത്രീകളുടെ കീഴാളത്തവും നിലനിർത്താൻ രൂപ കല്പന ചെയ്തിട്ടുള്ള ഒരു സാമൂഹിക നിർമിതിയാണ് ഭിന്ന ലൈംഗികതയെന്ന് ലെസ്ബിയൻ ഫെമിനിസ്റ്റുകൾ വാദിക്കുന്നു. അവർ ലെസ്ബിയനിസത്തെ ഒരു രാഷ്ട്രീയ തിരഞ്ഞെടുപ്പായും പരമ്പരാഗത ലിംഗപരമായ റോളുകളുടെ നിയന്ത്രണങ്ങളിൽ നിന്ന് സ്ത്രീകളെ മോചിപ്പിക്കുന്നതിനുള്ള ഒരു മാർഗമായും പ്രോത്സാഹിപ്പിക്കുന്നു. മുഖ്യധാരാ ഫെമിനിസം പലപ്പോഴും ലെസ്ബിയൻ പ്രശ്നങ്ങളെ പാർശ്വവത്കരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നുവെന്ന് പല ലെസ്ബിയൻ ഫെമിനിസ്റ്റുകളും കരുതി. ലൈംഗിക ആഭിമുഖ്യവുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ എല്ലാത്തരം സ്ത്രീപീഡനങ്ങളെയും ഫെമിനിസം അഭിസംബോധന ചെയ്യണമെന്ന് വാദിച്ചുകൊണ്ട് അവർ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിനുള്ളിൽ ലെസ്ബിയൻ കാഴ്ചപ്പാടുകൾ കൂടുതൽ ഉൾപ്പെടുത്താൻ ശ്രമിച്ചു. ലെസ്ബിയൻ ഫെമിനിസ്റ്റുകൾ പലപ്പോഴും സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള ഇടങ്ങളും കമ്മ്യൂണിറ്റികളും സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകിയിരുന്നു, അവിടെ ലെസ്ബിയൻ ബന്ധങ്ങളും സ്വത്വങ്ങളും പുരുഷന്മാരുടെ സ്വാധീനമില്ലാതെ വികസിക്കുന്നു. ലെസ്ബിയൻ സാഹിത്യം, കല, സാംസ്കാരിക ആചാരങ്ങൾ എന്നിവയുടെ പ്രോത്സാഹനവും ഇതിൽ ഉൾപ്പെടുന്നു. ലിംഗവിവേചനം, വംശീയത, എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള അടിച്ചമർത്തലുകളുടെ പരസ്പരബന്ധം തിരിച്ചറിഞ്ഞ ആദ്യകാല പ്രസ്ഥാനമായിരുന്നു ലെസ്ബിയൻ ഫെമിനിസം. ലെസ്ബിയൻ ഫെമിനിസത്തിലെ പ്രമുഖ വ്യക്തികൾ ഓഡ്രെ ലോർഡ്, അഡ്രിയൻ റിച്ച്, ഷാർലറ്റ് ബഞ്ച് എന്നിവരാണ്. ലിംഗഭേദം, ലൈംഗികത, അധികാരം എന്നിവയെക്കുറിച്ചുള്ള ചർച്ചകൾ രൂപപ്പെടുത്തുന്നതിൽ ഈ പ്രസ്ഥാനം നിർണായക പങ്ക് വഹിച്ചു, അതിന്റെ പാരമ്പര്യം സമകാലീന ഫെമിനിസത്തെയും LGBTQ+ ആക്ടിവിസത്തെയും സ്വാധീനിച്ചു കൊണ്ടിരിക്കുന്നു.

- സ്ത്രീകളെ കേന്ദ്രീകരിച്ചുള്ള ഇടങ്ങളും കമ്മ്യൂണിറ്റികളും സൃഷ്ടിക്കുന്നതിന് ഊന്നൽ നൽകുന്നു

ഗൈനോക്രിട്ടിസിസം (Gynocriticism)

1970-കളിൽ എലെയ്ൻ ഷോവാൾട്ടർ ആവിഷ്കരിച്ച പദമാണ് ഗൈനോക്രിട്ടിസിസം. സ്ത്രീകളുടെ എഴുത്തിലും സ്ത്രീകളുടെ അനുഭവങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സാഹിത്യ നിരൂപണ സമീപനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഗൈനോക്രിറ്റിസിസം സാഹിത്യത്തെ വിശകലനം ചെയ്യുന്നതിനുള്ള ഒരു സ്ത്രീ ചട്ടക്കൂട് സൃഷ്ടിക്കാൻ ശ്രമിക്കുന്നു. അതിൽ സ്ത്രീകൾ എഴുതിയ സാഹിത്യത്തിന്റെ ചരിത്രം, പ്രമേയങ്ങൾ, വിഭാഗങ്ങൾ, ഘടനകൾ എന്നിവ ഉൾപ്പെടുന്നു. സാഹിത്യത്തിലെ സ്ത്രീപാരമ്പര്യത്തെ അനാവരണം ചെയ്യുക, സാഹിത്യത്തിലെ സ്ത്രീകളുടെ ശബ്ദങ്ങളെ ചരിത്രപരമായി പാർശ്വവത്കരിക്കുകയോ തെറ്റായി പ്രതിനിധീകരിക്കുകയോ ചെയ്ത പുരുഷമേധാവിത്വ കാഴ്ചപ്പാടുകളെ വെല്ലുവിളിക്കുക തുടങ്ങിയവയാണ് ഇത് ലക്ഷ്യമിടുന്നത്.

- സാഹിത്യത്തെ വിശകലനം ചെയ്യുന്നതിന് സ്ത്രീചട്ടക്കൂട് സൃഷ്ടിക്കാൻ ശ്രമിക്കുന്നു

ഫ്രഞ്ച് ഫെമിനിസം

ഫ്രഞ്ച് ഫെമിനിസ്റ്റുകൾ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്ത്രീകളുടെ അവകാശങ്ങൾ, ലിംഗ സമത്വം, പുരുഷാധിപത്യ ഘടനകൾ പൊളിച്ചെഴുതൽ എന്നിവയ്ക്കാ

യി വാദിച്ചു. ഫ്രാൻസിലെ ഫെമിനിസത്തിന്റെ ചരിത്രം വിപ്ലവകാരികൾ മുതൽ സമകാലിക പ്രവർത്തകർ വരെയുള്ള വൈവിധ്യമാർന്ന ശബ്ദങ്ങളാൽ അടയാളപ്പെട്ടിരിക്കുന്നു. ഫ്രഞ്ച് വിപ്ലവകാലത്തെ ഒരു പ്രമുഖ ഫെമിനിസ്റ്റായിരുന്ന ഒലിംപ് ഡി ഗോഗെസ് (Olympe de Gouges) (1748–1793). ഗോഗെസിന്റെ 'സ്ത്രീയുടെയും സ്ത്രീ പൗരന്റെയും അവകാശങ്ങളുടെ പ്രഖ്യാപനം' (1791)എന്ന കൃതി മനുഷ്യന്റെയും പൗരന്റെയും അവകാശങ്ങളുടെ യഥാർഥ പ്രഖ്യാപനത്തിലെ സ്ത്രീകളുടെ അവകാശങ്ങളുടെ അഭാവത്തെ വെല്ലുവിളിച്ചു. ഒലിംപ് ഡി ഗോഗെസ് ലിംഗസമത്വത്തിന് വേണ്ടി വാദിക്കുകയും അത്തരം പോരാട്ടത്തിന്റെ പേരിൽ വധിക്കപ്പെടുകയും ചെയ്തു. ഫ്രഞ്ച് ഫെമിനിസം, മറ്റ് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ സൈദ്ധാന്തികവും ദാർശനികവുമാണ്. ഭാഷ, സ്വത്വം, മനോവിശ്ലേഷണം എന്നിവ സ്ത്രീകളുടെ അനുഭവങ്ങളെ എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. രാഷ്ട്രീയവും നിയമപരവുമായ അവകാശങ്ങളിൽ കൂടുതൽ പ്രായോഗികശ്രദ്ധ കേന്ദ്രീകരിക്കുന്ന ആംഗ്ലോ-അമേരിക്കൻ ഫെമിനിസവുമായി ഇത് പലപ്പോഴും വ്യത്യസ്തത പുലർത്തുന്നു. ഫ്രഞ്ച് ഫെമിനിസ്റ്റുകൾ ഭൗതികശരീരത്തിലും അതിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പ്രത്യുല്പാദന അവകാശങ്ങൾ, ജോലിസ്ഥലത്ത് ലിംഗസമത്വം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ ചെറുത്തുനിൽക്കൽ, ഇന്റർസെക്ഷണാലിറ്റി എന്നിവയിലാണ് ഫ്രഞ്ച് ഫെമിനിസ്റ്റുകൾ മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. വിവിധ തൊഴിലിടങ്ങളിൽ തുല്യവേതനത്തിനും പ്രാതിനിധ്യത്തിനു മുള്ള പോരാട്ടം നടത്തുകയും ഗാർഹിക പീഡനത്തിനും ലൈംഗികാതിക്രമത്തിനും എതിരായ പ്രചാരണങ്ങളിൽ മുൻനിരയിൽ നിൽക്കുകയും (പ്രത്യേകിച്ച് #MeToo പ്രസ്ഥാനത്തെ തുടർന്ന്) ചെയ്തു. ഫ്രഞ്ച് ഫെമിനിസ്റ്റുകളുടെ പോരാട്ടങ്ങളുടെ, സ്വാധീനം 1975-ൽ വെയിൽ നിയമം ഉപയോഗിച്ച് ഗർഭച്ഛിദ്രം നിയമവിധേയമാക്കുന്നതിൽ കലാശിച്ചു.

- ലിംഗസമത്വം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ ചെറുത്തുനിൽക്കൽ, ഇന്റർസെക്ഷണാലിറ്റി എന്നിവയിൽ മുഖ്യ ശ്രദ്ധ

ആധുനിക ഫ്രഞ്ച് ഫെമിനിസ്റ്റുകൾ വംശം, വർഗം, കുടിയേറ്റ സ്ത്രീകളുടെ അനുഭവങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടുതലായി അഭിസംബോധന ചെയ്യുന്നു. കൂടാതെ പരമ്പരാഗത ലിംഗ മാനദണ്ഡങ്ങൾക്കപ്പുറത്തേക്കിറങ്ങിയുള്ള വ്യവഹാരങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്തു. ഫ്രഞ്ച് സമൂഹത്തെയും ആഗോള ഫെമിനിസ്റ്റ് വ്യവഹാരത്തെയും രൂപപ്പെടുത്തുന്നതിൽ ഈ ഫെമിനിസ്റ്റുകളും പ്രസ്ഥാനങ്ങളും നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. സിമോൺ ഡി ബ്യൂവേ, ഹെലൻ സിക്സസ്, എലിസബത്ത് ബാഡിന്റർ, ആന്റോനെറ്റ് ഫൂക്ക്, കരോലിൻഡി ഹാസ് തുടങ്ങിയവർ ഫ്രഞ്ച് ഫെമിനിസത്തിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളാണ്. തത്വചിന്തകയും എഴുത്തുകാരിയും അസ്തിത്വവാദിയുമായ സിമോൺ ഡി ബ്യൂവേ ആധുനിക ഫെമിനിസ്റ്റ് സിദ്ധാന്തത്തിലെ അടിസ്ഥാന വ്യക്തികളിൽ ഒരാളായി കണക്കാക്കപ്പെടുന്നു. ദി സെക്കൻഡ് സെക്സ് എന്ന കൃതിയിൽ ചരിത്രത്തിലുടനീളമുള്ള സ്ത്രീകളോടുള്ള പെരുമാറ്റവും 'അദർ' എന്ന ആശയവും വിശകലനം ചെയ്യുന്നു, ഇത് സുപ്രധാനമായ ബൗദ്ധിക വും സാമൂഹികവുമായ സംവാദങ്ങൾക്ക് തുടക്കമിട്ടു.

- 'ദി സെക്കൻഡ് സെക്സ്' എന്ന കൃതി ബൗദ്ധികവും സാമൂഹികവുമായ സംവാദങ്ങൾക്ക് തുടക്കമിട്ടു

ഫെമിനിസ്റ്റ് സാഹിത്യ സിദ്ധാന്തത്തിലെ ഒരു പ്രധാന വ്യക്തിയാണ് ഹെലൻ സിക്സസ്. സാഹിത്യത്തിലെ സ്ത്രീകളുടെ അതുല്യമായ ശബ്ദത്തിന് ഊന്നൽ നൽകുകയും പുരുഷ മേധാവിത്വമുള്ള സാഹിത്യ പാരമ്പര്യത്തെ വെല്ലുവിളിക്കുകയും ചെയ്യുന്ന Ecriture feminine (സ്ത്രീകളുടെ എഴുത്ത്) എന്ന ആശയം അവതരിപ്പിക്കുകയും ചെയ്തു. ഭാഷയുടെ പുരുഷാധിപത്യ ഘടനകളെ അട്ടിമറിക്കുന്ന വിധത്തിൽ എഴുതാൻ സിക്സസ് സ്ത്രീകളെ പ്രോത്സാഹിപ്പിച്ചു. ലിംഗബന്ധങ്ങൾ, മാതൃത്വം, സ്ത്രീകളുടെ അവകാശങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച എലിസബത്ത് ബാഡിന്റർ (ബി. 1944) ഫ്രഞ്ച് ഫെമിനിസത്തിലെ ശ്രദ്ധേയമായ മറ്റൊരു വ്യക്തിത്വമാണ്. മാതൃത്വത്തെക്കുറിച്ചുള്ള ആധുനിക സങ്കൽപ്പങ്ങളെയും കുടുംബത്തിനുവേണ്ടി ഔദ്യോഗിക മേഖലയെയും വ്യക്തിപരമായ അഭിലാഷങ്ങളെയും ത്യജിക്കാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്ന പൊതു മനോഭാവത്തെയും എലിസബത്ത് ബാഡിന്റർ വിമർശിച്ചു. ഒരു സൈക്കോ അനലിസ്റ്റും ഫെമിനിസ്റ്റുമായ ആന്റോനെറ്റ് ഫൂക്ക് (1936-2014) 1970-ൽ ഫ്രാൻസിലെ ഏറ്റവും പ്രധാനപ്പെട്ട ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളിലൊന്നായ 'മൂവ്മെന്റ് ഡി ലിബറേഷൻ ഡെസ് ഫെമ്മെസ്' (Movement de Liberation des Femmes-MLF) സ്ഥാപിക്കുകയും. പുരുഷന്മാരിൽ നിന്നുള്ള സ്ത്രീകളുടെ ജൈവശാസ്ത്രപരവും സാംസ്കാരികവുമായ വ്യത്യാസങ്ങൾ ഊന്നിപ്പറയുന്ന 'സ്ത്രീത്വം' എന്ന ആശയവും വികസിപ്പിച്ചെടുക്കുകയും ചെയ്തു. മൂവ്മെന്റ് ഡി ലിബറേഷൻ ഡെസ് ഫെമ്മെസ് (MLF) 1968 മെയ് പ്രതിഷേധങ്ങളും രണ്ടാം തരംഗ ഫെമിനിസവും സ്വാധീനിച്ച ഈ പ്രസ്ഥാനം പ്രത്യുല്പാദന അവകാശങ്ങൾക്കും തുല്യവേതനത്തിനും പുരുഷാധിപത്യ നിയമങ്ങൾ നിർത്തലാക്കുന്നതിനും വേണ്ടി പോരാടി. 1975-ൽ ഫ്രാൻസിൽ ഗർഭച്ഛിദ്രം നിയമവിധേയമാക്കുന്നതിൽ MLF നിർണായക പങ്ക് വഹിച്ചു. സമകാലിക ഫെമിനിസ്റ്റും ആക്ടിവിസ്റ്റുമായ കരോലിൻ ഡി ഹാസ് ലിംഗസമത്വത്തിന് വേണ്ടി വാദിക്കുന്നതിലും ലൈംഗിക പീഡനത്തിനെതിരെ പോരാടുന്നതിലും മുൻനിരയിൽ നിൽക്കുകയും ഫ്രഞ്ച് സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി പ്രചാരണം നടത്തുന്ന **'Osez le Feminisme!'** എന്ന ഫെമിനിസ്റ്റ് സംഘടന 2009-ൽ സ്ഥാപിക്കുകയും ചെയ്തു.

- പ്രത്യുല്പാദന അവകാശങ്ങൾക്കും തുല്യവേതനത്തിനും പുരുഷാധിപത്യ നിയമങ്ങൾ നിർത്തലാക്കുന്നതിനും വേണ്ടി MLF പോരാടി

ഹെലൻ സിക്സസ് (Helene Cixous)



ഹെലൻ സിക്സസ്

പ്രമുഖ ഫ്രഞ്ച് ഫെമിനിസ്റ്റ് സൈദ്ധാന്തികയും തത്വചിന്തകയും എഴുത്തുകാരിയുമായ ഹെലൻ സിക്സസിന്റെ കൃതികൾ സമകാലിക ഫെമിനിസ്റ്റ് ചിന്തയെ രൂപപ്പെടുത്തുന്നതിൽ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്, പ്രത്യേകിച്ച് സാഹിത്യ സിദ്ധാന്തത്തിന്റെയും പോസ്റ്റ്-സ്ട്രക്ചറലിസ്റ്റ് ഫെമിനിസത്തിന്റെയും മണ്ഡലത്തിൽ. സംസ്കാരത്തിലും ഭാഷയിലും പുല്ലിംഗ വീക്ഷണത്തിന്റെ വിശേഷാധികാരമായ ഫാലോസെൻട്രിസത്തെ സിക്സസ് ശക്തമായി വി

മർശിക്കുന്നു. ഫാലോസെൻട്രിക് സംവിധാനങ്ങൾ രാഷ്ട്രീയത്തിലും സമൂഹത്തിലും മാത്രമല്ല, നമ്മുടെ ചിന്തയുടെയും ആശയവിനിമയത്തിന്റെയും രീതികളിലും ആധിപത്യം സ്ഥാപിക്കുന്നുവെന്ന് അവർ വാദിക്കുന്നു. സ്ത്രീത്വത്തിനായുള്ള പോരാട്ടത്തിൽ പുരുഷകേന്ദ്രീകൃത മാതൃകകളിൽ നിന്ന് മാറി കൂടുതൽ വ്യാപ്തിയുള്ളതും വ്യതിയാനവിധേയവുമായ ആവിഷ്കാര രൂപത്തിലേക്ക് എത്തുന്നതിന് ഭാഷയെ തന്നെ പുനർവിചിന്തനം ചെയ്യുകയും പുനർനിർമിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് സിക്സസ് വിശദീകരിക്കുന്നു. പുരുഷാധിപത്യ ഘടനകളാൽ ചരിത്രപരമായി അടിച്ചമർത്തപ്പെട്ട സ്ത്രൈണ ഇച്ഛകളുടെ പ്രാധാന്യത്തിന് സിക്സസ് വലിയ ഊന്നൽ നൽകുന്നു. സാമൂഹിക മാനദണ്ഡങ്ങളുടെ നിയന്ത്രണങ്ങളില്ലാതെ സ്ത്രീകൾക്ക് അവരുടെ ആഗ്രഹങ്ങളും സുഖങ്ങളും ലൈംഗികതയും സ്വതന്ത്രമായി പ്രകടിപ്പിക്കാൻ സാധിക്കണമെന്ന് സിക്സസ് വാദിക്കുന്നു. സ്ത്രീകളുടെ സ്വരങ്ങളും അനുഭവങ്ങളും ചരിത്രപരമായി നിശബ്ദമാക്കപ്പെട്ടിരിക്കുന്നുവെന്ന് വിശ്വസിക്കുന്നതിനാൽ, സ്ത്രീകളുടെ ആഗ്രഹത്തിന്റെ ഈ വീണ്ടെടുപ്പ് സുപ്രധാനമായി സിക്സസ് കാണുന്നു.

- പുരുഷാധിപത്യ ഘടനകളാൽ അടിച്ചമർത്തപ്പെട്ടതായ സ്ത്രൈണ ഇച്ഛകളുടെ പ്രാധാന്യത്തിന് ഊന്നൽ

ഫെമിനിൻ റൈറ്റിംഗ് (Écriture feminine)

ഹെലൻ സിക്സസിന്റെ 'എക്രിചർ ഫെമിനിൻ' ('സ്ത്രീലിംഗ എഴുത്ത്') എന്ന ആശയം പേരുകേട്ടതാണ്. ഭാഷയുടെ പരമ്പരാഗത, പുരുഷാധിപത്യ ഘടനകളെ മറികടക്കുന്ന ഒരു രചനയാണിത്. പരമ്പരാഗത ഭാഷയും സാഹിത്യവും ഫാലോസെൻട്രിക് (പുരുഷാധിപത്യപരം) ആണെന്ന് അവർ വാദിക്കുന്നു. അതായത് പുരുഷവീക്ഷണങ്ങളെയും അധികാര ഘടനകളെയും പ്രതിഫലിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ് അവ രൂപകല്പന ചെയ്തിരിക്കുന്നത്. സ്ത്രീലിംഗ എഴുത്ത്, നേരെമറിച്ച്, വഴക്കമുള്ളതും തുറന്നതും സ്ത്രീ അനുഭവത്തിന്റെ സങ്കീർണതയും ബഹുത്വവും ഉൾക്കൊള്ളുന്നതും സ്ഥാപിത മാനദണ്ഡങ്ങളെ അട്ടിമറിക്കുന്നതും ആണ്. Écriture feminine എന്നത് ശൈലിയെക്കുറിച്ചല്ല, മറിച്ച് പുരുഷ മാനദണ്ഡങ്ങളുടെ നിയന്ത്രണങ്ങളില്ലാതെ സ്ത്രീകൾക്ക് സ്വയം പ്രകടിപ്പിക്കാൻ കഴിയുന്ന ഒരു പുതിയ സാഹിത്യ ഇടം സൃഷ്ടിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. അത് ഫെമിനിസ്റ്റ് സിദ്ധാന്തത്തെയും സാഹിത്യപഠനത്തെയും സ്വാധീനിച്ചു, ലിംഗഭേദം, അധികാരം, ഭാഷയുടെ രാഷ്ട്രീയം എന്നിവയെക്കുറിച്ചുള്ള വിശാലമായ ചർച്ചകളിലേക്ക് പുതിയ വാതായനങ്ങൾ തുറന്നു. 'ദി ലാഫ് ഓഫ് ദി മെഡൂസ' (1975) എന്ന രചനയിൽ സിക്സസ് സ്ത്രീകളോട് അവരുടെ ശരീരം കൊണ്ട് എഴുതാനും, പുരുഷമേധാവിത്വമുള്ള ഭാഷാപരമായ മാനദണ്ഡങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന എഴുത്തിലൂടെ അവരുടെ ആത്മനിഷ്ഠത വീണ്ടെടുക്കാനും പ്രേരിപ്പിക്കുന്നു. 'സ്ത്രീ സ്വയം പാഠത്തിലേക്ക്-ലോകത്തിലേക്കും ചരിത്രത്തിലേക്കും -തന്റെ സ്വന്തം പ്രസ്ഥാനത്തിലൂടെ സ്വയം ഉൾപ്പെടുത്തണം.' എന്ന് സിക്സസ് വിശദീകരിച്ചു. സിക്സസ് പരമ്പരാഗത ദ്വന്ദ്വൈരുദ്ധ്യങ്ങളെ വെല്ലുവിളിക്കുന്നു. പ്രത്യേകിച്ച് പുരുഷ/പെൺ ദ്വിമുഖത, പുരുഷാധിപത്യ ചിന്തയുടെ കേന്ദ്രമാണെന്ന് അവർ വിശ്വസിക്കുന്നു. ഈ വൈരുദ്ധ്യത്തിൽ പുരുഷലിംഗം പലപ്പോഴും പ്രവർത്തനം, യുക്തി, ശക്തി

എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു, അതേസമയം സ്ത്രീലിംഗം നിഷ്ക്രിയത, വികാരം, ബലഹീനത എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ദ്വൈതവാദം പുരുഷന്മാരുടെയും സ്ത്രീകളുടെയും സാധ്യതകളെ പരിമിതപ്പെടുത്തുകയും ശ്രേണിപരമായ അധികാര ഘടനകളെ ശക്തിപ്പെടുത്തുകയും ചെയ്യുന്നുവെന്ന് സിക്സസ് വാദിക്കുന്നു. സിക്സസ് ഈ ദ്വിമുഖതയെ തകർക്കാൻ ശ്രമിക്കുന്നു, ലിംഗസ്വത്വം കൂടുതൽ അസ്ഥിരവും സങ്കീർണവുമാണെന്ന് സൂചിപ്പിക്കുന്നു. സിക്സസ്, പുരുഷാധിപത്യ പ്രത്യയശാസ്ത്രങ്ങളെ വെല്ലുവിളിക്കുന്നതിനും പുനർനിർമിക്കുന്നതിനും ലിംഗഭേദത്തെയും ലൈംഗികതയെയും കുറിച്ചുള്ള മനോവിശ്ലേഷണ സിദ്ധാന്തങ്ങൾ ഉപയോഗിച്ചു. എന്നിരുന്നാലും, സ്ത്രീകളെ അവരുടെ അഭാവത്താൽ (ഫാലസിന്റെ അഭാവം) നിർവചിക്കുന്നുവെന്ന് വിശ്വസിക്കുന്ന ലകാന്റെ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായി സിക്സസ് സ്ത്രീ ശരീരത്തിന്റെ സൃഷ്ടിപരവും ഉല്പാദനപരവുമായ സാധ്യതകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു, അത് പോരായ്മയെക്കാൾ ശക്തിയുടെ ഉറവിടമായി കാണുന്നു.

- പുരുഷാധിപത്യ പ്രത്യയശാസ്ത്രങ്ങളെ പുനർനിർമിക്കുന്നതിന് മനോവിശ്ലേഷണ സിദ്ധാന്തങ്ങൾ ഉപയോഗിച്ചു

ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തിൽ സിക്സസിന്റെ സ്വാധീനം

സിക്സസിന്റെ ആശയങ്ങൾ ഫെമിനിസ്റ്റ് സാഹിത്യ വിമർശനത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. പ്രത്യേകിച്ചും സ്ത്രീകളുടെ ശബ്ദം സാഹിത്യത്തിൽ എങ്ങനെ പ്രകടിപ്പിക്കാം, സ്ത്രീകൾ എഴുതിയ ഗ്രന്ഥങ്ങൾക്ക് പുരുഷാധിപത്യ ഘടനകളെ എങ്ങനെ ചെറുക്കാനോ അട്ടിമറിക്കാനോ കഴിയും എന്നതിന്റെ വിശദീകരണ സന്ദർഭത്തിൽ. വർഗീകരണത്തെ ധിക്കരിക്കുകയും ബഹുത്വവും മാറ്റവും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു രചനാരീതി സ്വീകരിച്ചുകൊണ്ട് സ്ത്രീകൾ അവരുടെ അനുഭവങ്ങൾക്ക് അനുയോജ്യമായ രീതിയിൽ എഴുതണം എന്ന ആശയം അവർ പ്രോത്സാഹിപ്പിക്കുന്നു. ഹെലൻ സിക്സസിന്റെ ഫെമിനിസ്റ്റ് ചിന്ത ഭാഷയിലൂടെയും ആവിഷ്കാരത്തിലൂടെയും ഉള്ള വിമോചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പുരുഷ കേന്ദ്രീകൃത സംവിധാനങ്ങളിൽ നിന്നുള്ള വിച്ഛേദത്തിന് വേണ്ടി അവർ വാദിക്കുകയും സ്ത്രീകളെ അവരുടെ അതുല്യമായ അനുഭവങ്ങളും ആഗ്രഹങ്ങളും ശരീരവും പ്രതിഫലിപ്പിക്കുന്ന എഴുത്തിലൂടെ അവരുടെ ശബ്ദം വീണ്ടെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സിക്സസിന്റെ കൃതി ഫെമിനിസ്റ്റ് സിദ്ധാന്തം, പുനർനിർമാണം, സാഹിത്യ വിമർശനം എന്നിവയിൽ അഗാധമായ സ്വാധീനം ചെലുത്തി. സർഗാത്മകവും ബൗദ്ധികവുമായ മേഖലകളിലെ പുരുഷാധിപത്യ മാനദണ്ഡങ്ങളെ വെല്ലുവിളിക്കാൻ ഒരു പുതിയ തലമുറയിലെ ഫെമിനിസ്റ്റ് ചിന്തകരെയും എഴുത്തുകാരെയും സിക്സസ് പ്രചോദിപ്പിച്ചു.

- ഭാഷയിലൂടെയും ആവിഷ്കാരത്തിലൂടെയും ഉള്ള വിമോചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു

Summarised Overview

സ്ത്രീകളുടെ തുല്യ അവകാശവും നിയമപരിരക്ഷയും ലക്ഷ്യമിടുന്ന ആശയസംഹിതയാണ് സ്ത്രീവാദം. ഫെമിനിസത്തിന്റെ പരിണാമത്തെ വ്യത്യസ്ത ഘട്ടങ്ങളായി തിരിക്കാം. ഓരോന്നും ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെ വികാസത്തിനും വിവിധ സാമൂഹിക പ്രശ്നങ്ങളിൽ അതിന്റെ പ്രയോഗത്തിനും സംഭാവന നൽകുന്നു. ആദ്യകാല ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ അടിസ്ഥാന അവകാശങ്ങളിലും നിയമപരമായ സമത്വത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു, പിന്നീടുള്ള തരംഗങ്ങൾ ലൈംഗികത, അധികാര ചലനാത്മകത, ഭിന്നലൈംഗികത തുടങ്ങിയ കൂടുതൽ സങ്കീർണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ശ്രമിച്ചു.

ഫെമിനിസ്റ്റ് സിദ്ധാന്തത്തിലെ കേന്ദ്ര വിഷയങ്ങളാണ് ലൈംഗികതയും അധികാരവും. ഷോവാൾട്ടർ, ലൂസ് ഇരിഗരെ, ജൂലിയ ക്രിസ്റ്റെവ, ഷുലാമിറ്റ് ഫയർസ്റ്റോൺ, ജൂലിയറ്റ് മിച്ചൽ തുടങ്ങിയ പണ്ഡിതർ പല അടിസ്ഥാന ഉൾക്കാഴ്ചകൾ നൽകുന്നു. ഷോവാൾട്ടറുടെ കൃതി ലിംഗഭേദത്തെയും ലൈംഗികതയെയും ചുറ്റിപ്പറ്റിയുള്ള സാമൂഹിക ഘടനകളെക്കുറിച്ച് അന്വേഷിക്കുന്നു. അതേസമയം ലൂസ് ഇറിഗരെ ഭാഷയെയും വിഷയാത്മകതയെയും കുറിച്ചുള്ള പരമ്പരാഗത ആശയങ്ങളെ വെല്ലുവിളിക്കുകയും ലിംഗവ്യത്യാസങ്ങൾ എങ്ങനെ കാണുകയും പ്രതിനിധീകരിക്കുകയും ചെയ്യുന്നു എന്നതിനെക്കുറിച്ച് പുനർവിചിന്തനം നടത്താൻ ശ്രമിക്കുകയും ചെയ്യുന്നു. പുരുഷാധിപത്യത്തെക്കുറിച്ചുള്ള ഷുലാമിറ്റ് ഫയർസ്റ്റോണിന്റെ ഫെമിനിസ്റ്റ് വിമർശനവും ലിംഗ-തുല്യ സമൂഹത്തെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാടും സ്വാധീനം ചെലുത്തുന്നു. അതുപോലെ തന്നെയാണ് ജൂലിയറ്റ് മിച്ചലിന്റെ ലിംഗപരമായ റോളുകളെയും സാമൂഹിക ഘടനകളിൽ അവയുടെ സ്വാധീനത്തെയും കുറിച്ചുള്ള വിശകലനവും സുപ്രധാനമാണ്.

ജൂഡിറ്റ് ബട്ട്ലറുടെ കൃതി ലിംഗപരമായ പ്രകടനസിദ്ധാന്തത്തിലൂടെ ലിംഗപഠനങ്ങളിൽ വിപ്ലവം സൃഷ്ടിച്ചു. ലിംഗഭേദം ഒരു അന്തർലീനമായ സ്വത്വമല്ല, മറിച്ച് സാമൂഹിക മാനദണ്ഡങ്ങളാൽ രൂപപ്പെടുത്തിയ പ്രവർത്തനങ്ങളുടെയും പ്രകടനങ്ങളുടെയും ഒരു പരമ്പരയാണെന്ന് വാദിച്ചു. ബട്ട്ലറുടെ വീക്ഷണം കിയർ സിദ്ധാന്തത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഇത് ലിംഗഭേദത്തെയും ലൈംഗികതയെയും കുറിച്ചുള്ള ദ്വിമുഖ ആശയങ്ങളെ വെല്ലുവിളിക്കുകയും സ്വത്വത്തെക്കുറിച്ച് കൂടുതൽ പഴക്കമുള്ള ധാരണയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

കറുത്ത ഫെമിനിസവും ലെസ്ബിയൻ ഫെമിനിസവും ലിംഗഭേദവുമായി വംശവും ലൈംഗികതയും എങ്ങനെ സംയോജിക്കുന്നു എന്നതിനെക്കുറിച്ചുള്ള വിമർശനാത്മക കാഴ്ചപ്പാടുകൾ നൽകുന്നു. കറുത്തവരും ലെസ്ബിയൻ വ്യക്തികളും അഭിമുഖീകരിക്കുന്ന വ്യത്യസ്തമായ അനുഭവങ്ങളും പോരാട്ടങ്ങളും ഉയർത്തിക്കാട്ടുന്നു. ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്കുള്ളിലെ വൈവിധ്യത്തെ കൂടുതൽ ഉൾക്കൊള്ളാനും ശ്രദ്ധിക്കാനും ഈ കാഴ്ചപ്പാടുകൾ മുഖ്യധാരാ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളെ വെല്ലുവിളിക്കുന്നു.

ഗൈനോക്രിട്ടിസിസവും ഫ്രഞ്ച് ഫെമിനിസവും ഫെമിനിസ്റ്റ് വ്യവഹാരത്തെ കൂടുതൽ സമ്പന്നമാക്കുന്നു. സ്ത്രീകേന്ദ്രീകൃത വീക്ഷണകോണിൽ നിന്ന് സ്ത്രീകൾ സമൂഹത്തെ നയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്ന ആശയത്തിലാണ് ഗൈനോക്രിട്ടിസിസം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതേസമയം ഫ്രഞ്ച് ഫെമിനിസം, ഭാഷയ്ക്കും മനഃശാസ്ത്ര വിശകലനത്തിനും ഊന്നൽ നൽകിക്കൊണ്ട് സ്ത്രീവിധേയത്വത്തെയും അധികാരത്തെയും കുറിച്ചുള്ള പുതിയ ചിന്താരീതികൾ അവതരിപ്പിക്കുന്നു. മൊത്തത്തിൽ, ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ ലൈംഗികത, അധികാരം, പാരിസ്ഥിതിക ആശങ്കകൾ എന്നിവയുമായി എങ്ങനെ വികസിക്കുകയും സംയോജിക്കുകയും ചെയ്തു എന്നതിന്റെ സമഗ്രമായ അവലോകനം ഈ യൂണിറ്റ് നൽകുന്നു. വിവിധ പണ്ഡിതരുടെ കാഴ്ചപ്പാടുകളും സംഭാവനകളും പരിശോധിക്കുന്നതിലൂടെ, ഫെമിനിസ്റ്റ് ചിന്തയെ വിശാലമായ സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എങ്ങനെ രൂപപ്പെടുത്തി എന്ന് എടുത്തു കാണിക്കുന്നു.

Assignments

1. ഫ്രഞ്ച് ഫെമിനിസത്തെ കുറിച്ച് വിവരിക്കുക
2. ഫെമിനിസത്തിന്റെ വികാസ ചരിത്രത്തെ കുറിച്ച് വിലയിരുത്തുക
3. കിയർ തിയറിയെപ്പറ്റി വിശകലനം ചെയ്യുക
4. ലെസ്ബിയൻ സ്ത്രീവാദത്തെപ്പറ്റി ചർച്ച ചെയ്യുക
5. കറുത്ത സ്ത്രീവാദം എന്തെന്ന് അപഗ്രഥിക്കുക
6. സ്ത്രീവാദത്തിലെ വിവിധ തരംഗങ്ങളെ അപഗ്രഥിക്കുക
7. സാഹിത്യത്തിലെ സ്ത്രീപക്ഷരചനകളെപ്പറ്റി വിവരിക്കുക

Suggested Readings

1. ഡോ.എ.എം. ഉണ്ണിക്കൃഷ്ണൻ.(എഡി.) നവസാഹിത്യം, നവസംസ്കാരം ധാരകൾ ധാരണകൾ, പുസ്തകലോകം, കോഴിക്കോട്.
2. ടി. വിജയൻ, നവസാഹിത്യസിദ്ധാന്തങ്ങൾ, എൻ.ബി.എസ്., കോട്ടയം 14.
3. വി.സി. ഹാരിസ്, പി.എസ്.രാധാകൃഷ്ണൻ.(എഡി.), സംസ്കാരപഠനം പുതിയ സങ്കല്പനങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം
4. ദിലീപ് രാജ്, നവചരിത്രവാദം ഡി.സി. ബുക്സ്, കോട്ടയം, 2000.
5. ടി. ശ്രീവത്സൻ, നവമനോവിശ്ലേഷണം, ഡി.സി. ബുക്സ്, കോട്ടയം, 2000.

References

1. ജെ. ദേവിക, സ്ത്രീവാദം, ഡി.സി. ബുക്സ് കോട്ടയം, 2000.
2. പി.പി. രവീന്ദ്രൻ, സംസ്കാരപഠനത്തിന് ഒരു ആമുഖം, ഡി.സി. ബുക്സ് കോട്ടയം, 2002.
3. പി. പവിത്രൻ, കോളനിയനന്തരവാദം-സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും, കൈരളി ബുക്സ്, കണ്ണൂർ.
4. ഷാജി ജേക്കബ്, സാംസ്കാരികവിമർശനവും മലയാളഭാവനയും (സമ്പാ.), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
5. ജാൻസി ജയിംസ്(എഡിറ്റർ), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. ജി. മധുസൂദനൻ (എഡിറ്റർ), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 2

മൂന്നാംലോക സ്ത്രീവാദം

Learning Outcomes

- മൂന്നാംലോക സ്ത്രീവാദത്തെക്കുറിച്ച് അറിയുന്നു
- സൈബർ ഫെമിനിസത്തെപ്പറ്റി വിശകലനം ചെയ്യുന്നു
- സമീപകാല ലിംഗപരികല്പനങ്ങളെപ്പറ്റി ഗ്രഹിക്കുന്നു
- സമകാലിക സ്ത്രീവാദത്തെപ്പറ്റി ചർച്ച ചെയ്യുന്നു
- ലോക സാഹിത്യത്തിലെ സൈബർ ഫെമിനിസത്തെ അറിയുന്നു
- മലയാളത്തിലെ സൈബർ ഫെമിനിസ്റ്റ് കൃതികളെ അപഗ്രഥിക്കുന്നു

Background

മൂന്നാംലോക ഫെമിനിസം എന്നത് ഗ്ലോബൽ സൗത്തിലെ, പ്രത്യേകിച്ച് ചരിത്രപരമായി പാർശ്വവൽക്കരിക്കപ്പെട്ട അല്ലെങ്കിൽ കോളനിവൽക്കരിക്കപ്പെട്ട രാജ്യങ്ങളിലെ സ്ത്രീകളിൽ നിന്ന് ഉയർന്നുവരുന്ന ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെയും സിദ്ധാന്തങ്ങളെയും സൂചിപ്പിക്കുന്നു. മുഖ്യധാരാ പാശ്ചാത്യ ഫെമിനിസം പ്രധാനമായും വെള്ളക്കാരായ, മധ്യവർഗ സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്യുന്നതെന്ന് മൂന്നാംലോക സ്ത്രീവാദം ആരോപിക്കുന്നു. വംശം, കൊളോണിയലിസം, സാമ്പത്തിക ചൂഷണം എന്നിവയുൾപ്പെടെ മൂന്നാംലോകത്തിൽ നിന്നുള്ള സ്ത്രീകളുടെ പ്രത്യേക അനുഭവങ്ങളെയും പോരാട്ടങ്ങളെയും പലപ്പോഴും മുഖ്യധാരാ പാശ്ചാത്യ സ്ത്രീവാദം അവഗണിക്കുന്നുവെന്ന് ഇവർ വാദിക്കുന്നു. വംശം, വർഗം, കൊളോണിയലിസം പോലുള്ള വിവിധ തരത്തിലുള്ള അടിച്ചമർത്തലുകൾ, വ്യത്യസ്ത സന്ദർഭങ്ങളിൽ എങ്ങനെ സ്ത്രീകളുടെ ജീവിതത്തെ വിഭജിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു എന്ന് മനസിലാക്കേണ്ടതിന്റെ പ്രാധാന്യം മൂന്നാംലോക ഫെമിനിസം ഊന്നിപ്പറയുന്നു.

സൈബർ ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന പുരുഷാധിപത്യത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള സ്ത്രീവാദമുന്നേറ്റം 1990 കളോടെ വികസിച്ചു. നവമാധ്യമ പശ്ചാത്തലം അടിസ്ഥാനമാക്കി സ്ത്രീകൾ അവരുടെ അസ്തിത്വത്തെ പുനർനിർണയിക്കാൻ ശ്രമിക്കുന്നു. സ്ത്രീയുടെ ബൗദ്ധികവും സർഗാത്മകവുമായ ഇടങ്ങളെയെല്ലാം പുനർനിർണയത്തിന് വിധേയമാക്കുന്നതിൽ ഊന്നൽ നൽകിയ മൂന്നാംതരംഗ ഫെമിനിസം ഈ ചിന്താധാരയെ സ്വാധീനിച്ചു. ഡോണോ ഹാർവെയുടെ 'എ സൈബോർഗ് മാനിഫെസ്റ്റോ' എന്ന ഉപന്യാസം സൈബർ ഡിജിറ്റൽ സൈബർ സാങ്കേതികവിദ്യകൾക്ക് പരമ്പരാഗത ലിംഗസങ്കല്പങ്ങളെയും ബല തന്ത്രങ്ങളെയും എങ്ങനെ ശക്തിപ്പെടുത്താനും വെല്ലുവിളിക്കാനും കഴിയും എന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

Keywords

മൂന്നാംലോക സ്ത്രീവാദം-സൈബർ ഫെമിനിസം-സമീപകാല ലിംഗപരികല്പനങ്ങൾ -വിശകലനങ്ങൾ സമീപനങ്ങൾ

Discussion

മൂന്നാംലോക ഫെമിനിസം

മൂന്നാംലോക ഫെമിനിസ്റ്റുകൾ പാശ്ചാത്യ ഫെമിനിസത്തെ അത് പലപ്പോഴും വംശീയ കേന്ദ്രീകൃതമാണെന്ന് വിമർശിക്കുന്നു. അവ പാശ്ചാത്യ സ്ത്രീകളുടെ അനുഭവങ്ങളും മുൻഗണനകളും സാർവത്രികമാണെന്ന് അനുമാനിക്കുന്നു. ഈ കാഴ്ചപ്പാട് മൂന്നാംലോകത്തു നിന്നുള്ള സ്ത്രീകളെ പാർശ്വവൽക്കരിക്കുന്നതിലേക്ക് നയിക്കുമെന്ന് അവർ വാദിക്കുന്നു. മൂന്നാംലോക ഫെമിനിസം പോസ്റ്റ് കൊളോണിയൽ സിദ്ധാന്തവുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ഇത് മുമ്പ് കോളനിവൽക്കരിക്കപ്പെട്ട സമൂഹങ്ങളിൽ കൊളോണിയലിസത്തിന്റെ സ്വാധീനം പരിശോധിക്കുന്നു. മൂന്നാംലോക ഫെമിനിസ്റ്റുകൾ പോസ്റ്റ് കൊളോണിയൽ രാജ്യങ്ങളിലെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക ചൂഷണത്തിന്റെയും ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തിന്റെയും വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഈ പ്രദേശങ്ങളിലെ പാവപ്പെട്ട സ്ത്രീകളെ പ്രതികൂലമായി ബാധിക്കുന്ന നവലിബറൽ സാമ്പത്തിക നയങ്ങളെ അവർ വിമർശിക്കുകയും സാമ്പത്തിക നീതിക്കും തുല്യതയ്ക്കും വേണ്ടി വാദിക്കുകയും ചെയ്യുന്നു.

- പാശ്ചാത്യഫെമിനിസം-വംശീയ കേന്ദ്രീകൃതം

പാശ്ചാത്യ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുടെ ആധിപത്യത്തെ വെല്ലുവിളിക്കുന്നതും മൂന്നാംലോകത്തുനിന്നുള്ള സ്ത്രീകളുടെ ബൗദ്ധിക സംഭാവനകളും നേതൃത്വവും തിരിച്ചറിയുന്നതും ഉൾപ്പെടുന്ന ഫെമിനിസ്റ്റ് ചിന്തയുടെയും പ്രയോഗത്തിന്റെയും അപകോളനീകരണത്തിന് മൂന്നാംലോക ഫെമിനിസം ആഹ്വാനം ചെയ്യുന്നു. പാശ്ചാത്യ മാനദണ്ഡങ്ങളാൽ പാർശ്വവൽകരിക്കപ്പെട്ടതോ തള്ളിക്കളയുന്നതോ ആയ തദ്ദേശീയ വിജ്ഞാന സമ്പ്രദായങ്ങളെ വിലമതിക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. തദ്ദേശീയരായ സ്ത്രീകൾ, ഗ്രാമീണ സ്ത്രീകൾ, സ്ത്രീ തൊഴിലാളികൾ എന്നിവരുടെ നേതൃത്വത്തിൽ മൂന്നാംലോകത്തിലെ വിവിധ പ്രസ്ഥാനങ്ങൾ, വിശാലമായ ആഗോളസന്ദർഭങ്ങളിൽ ലിംഗനീതിയുടെ പ്രാദേശിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് മൂന്നാംലോക ഫെമിനിസത്തിന്റെ തത്വങ്ങൾ ഉൾക്കൊള്ളുന്നു. മൂന്നാംലോക ഫെമിനിസം ആഗോളതലത്തിൽ സ്ത്രീകളുടെ അനുഭവങ്ങളെക്കുറിച്ച് കൂടുതൽ വിശാലവും സൂക്ഷ്മവുമായ ധാരണയ്ക്ക് പ്രേരണ നൽകിക്കൊണ്ട് ഫെമിനിസ്റ്റ് സിദ്ധാന്തത്തിന്റെയും പ്രയോഗത്തിന്റെയും വ്യാപ്തി ഗണ്യമായി വിപുലീകരിച്ചു. സ്ത്രീകളുടെ പോരാട്ടങ്ങളുടെ വൈവിധ്യത്തെ മാനിച്ചുകൊണ്ട് അതിർത്തികൾക്കപ്പുറത്ത് ഐക്യദാർഢ്യം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന, അന്തർദേശീയ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങളെ ഇത് സ്വാധീനിച്ചിട്ടുണ്ട്.

- ഫെമിനിസ്റ്റ് ചിന്തയുടെയും പ്രയോഗത്തിന്റെയും അപകോളനീകരണം

സൈബർ ഫെമിനിസം

സൈബർ ഫെമിനിസം ലിംഗഭേദത്തിന്റെയും സാങ്കേതികവിദ്യയുടെയും മേഖലകളെ സംയോജിപ്പിച്ച് വിശകലനം ചെയ്യുന്നു. സാങ്കേതികവിദ്യയുടെയും ഇന്റർനെറ്റിന്റെയും അതിവേഗമുള്ള വികാസഘട്ടത്തിലാണ് സൈബർ ഫെമിനിസം ആവിർഭവിച്ചത്. വ്യക്തിശാക്തീകരണവും സ്ത്രീകളുടെ അനുഭവങ്ങളുടെ വൈവിധ്യവും ഫെമിനിസത്തിന്റെ അടിസ്ഥാനമായി പരക്കെ കണക്കാക്കപ്പെടുന്നു. സൈബർ സാംസ്കാരിക പഠനങ്ങളുമായി ബന്ധപ്പെട്ട് മനുഷ്യന്റെയും യന്ത്രത്തിന്റെയും സങ്കരസൃഷ്ടിയായ 'സൈബോർഗ്' എന്ന കല്പന അവതരിപ്പിച്ച ഡോണോ ഹാർവെയുടെ നിരീക്ഷണങ്ങൾ സൈബർ ഫെമിനിസത്തിന്റെ രൂപീകരണത്തിന് ശക്തമായ പ്രേരണയായി. സ്ത്രീകളെ പ്രകൃതിയോടും അതിന്റെ സൗന്ദര്യത്തോടും ബന്ധപ്പെടുത്തുന്ന രീതിയെ നിരാകരിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രകൃതിയോടുള്ളതിനേക്കാൾ സാമ്യവും അടുപ്പവും സാങ്കേതികതയോട് ആണ് എന്ന് ഡോണ ഹാർവെ അഭിപ്രായപ്പെട്ടു. വംശം, വർഗം എന്നിവയുടെ പരമ്പരാഗത അതിർവരമ്പുകളെ മറികടക്കുന്ന ഒരു പുതിയതരം ഫെമിനിസ്റ്റ് കർതൃത്വത്തിന്റെ രൂപകമായി യന്ത്രത്തിന്റെയും ജീവിയുടെയും സങ്കരയിനമായ സൈബോർഗിന്റെ രൂപം ഹാർവെ ഉപയോഗിക്കുന്നു. പാശ്ചാത്യചിന്തയെ ദീർഘകാലമായി രൂപപ്പെടുത്തിയിട്ടുള്ള ദ്വൈതവാദങ്ങളിൽ നിന്ന് പുറത്തു കടക്കാനുള്ള ഒരു മാർഗത്തെയാണ് സൈബോർഗ് പ്രതിനിധീകരിക്കുന്നത്.

- യന്ത്രത്തിന്റെയും ജീവിയുടെയും സങ്കരയിനമായ സൈബോർഗിന്റെ രൂപം ഹാർവെ ഉപയോഗിക്കുന്നു

പുരുഷൻ/സ്ത്രീ, മനുഷ്യൻ/ മൃഗം, ജീവി/യന്ത്രം, പൊതു/സ്വകാര്യം തുടങ്ങിയ അതിർവരമ്പുകൾ ലഘൂകരിക്കുന്നതിലൂടെ സൈബോർഗ് സ്വത്വത്തിനും രാഷ്ട്രീയത്തിനും പുതിയ സാധ്യതകൾ തുറക്കുന്നു. ഉദാഹരണത്തിന് നൂതന സാങ്കേതികവിദ്യയുടെ യുഗത്തിൽ നാം എല്ലാവരും ഇതിനകം തന്നെ ഒരർഥത്തിൽ സൈബോർഗികൾ ആണെന്ന് വാദിക്കുന്നു. ഇന്റർനെറ്റ് മറ്റ് സാങ്കേതികവിദ്യകൾ എന്നിവയെ ആശ്രയിക്കുന്നത് ലോകവുമായും, പരസ്പരവുമായുള്ള നമ്മുടെ ബന്ധത്തെ അടിസ്ഥാനപരമായി മാറ്റിമറിച്ചു. ഈ സൈബോർഗ അസ്തിത്വം നിയന്ത്രിത ലിംഗവിഭാഗങ്ങൾക്ക് അപ്പുറത്തേക്ക് നീങ്ങാനും സാമൂഹിക ഘടനയുടെ പുതിയ രൂപങ്ങൾ സംഘടിപ്പിക്കാനും നമ്മെ അനുവദിക്കുമെന്ന് ഹാർവെ വിശദമാക്കുന്നു. വെർജീനിയ ബാരറ്റ്, ജൂലിയാന പിയേഴ്സ് ഫ്രാൻസെസ്ക ദെ റൂമിന്, ജോസഫൈൻ ബാറ്റ്സ്മാൻ എന്നീ സ്ത്രീ കലാകാരികളുടെ കൂട്ടായ്മയായ വി.എൻ.എസ് മാട്രിക്സ് സൈബർ ലോകത്തെ സ്ത്രീകൾക്കായി സൈബർ ഫെമിനിസ്റ്റ് മാനിഫെസ്റ്റോ പുറത്തിറക്കി. സാങ്കേതികജ്ഞാനത്തിലൂടെ സ്ത്രീകൾക്ക് ആധിപത്യം ലഭിക്കുന്ന ഒരു ലോകത്തെയാണ് വി.എൻ.എസ് വിഭാവനം ചെയ്യുന്നത്. സൈബർ സ്പേസിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പുരുഷാധിപത്യത്തെ അവർ ചോദ്യം ചെയ്തു. സാങ്കേതിക മേഖലയിൽ സ്ത്രീ സാന്നിധ്യം ശക്തമാക്കാൻ വേണ്ട ആശയ പ്രചാരണവും ഇവർ നിർവഹിച്ചു. സ്ത്രീശരീരത്തിൽ ഉദ്വേഗജനകമായി ഒന്നുമില്ലെന്ന് അവർ ആശയ പ്രചാരണത്തിലൂടെ പ്രഖ്യാപിച്ചു. സ്ത്രീശരീരം കരുത്തിന്റെയും സാധ്യതയുടെയും ഇടമാണെന്ന പ്രവണതയെ പ്രതിരോധിച്ചു എന്ന് അവർ പ്രഖ്യാപിച്ചു.

- സൈബർ സ്പേസിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പുരുഷാധിപത്യത്തെ ചോദ്യം ചെയ്യുന്നു

സാങ്കേതികവിദ്യ എങ്ങനെ സ്ത്രീകളുടെ അടിച്ചമർത്തലിന്റെയും വിമോചനത്തിന്റെയും ഒരു ഉപകരണം ആകാമെന്ന് സൈബർ ഫെമിനിസം പരിശോധിക്കുന്നു. പുരുഷാധിപത്യ സംവിധാനങ്ങൾ സാങ്കേതികവിദ്യയെ പലപ്പോഴും ലിംഗവിവേചനപരമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രീതികളെ സൈബർ ഫെമിനിസം വിമർശിക്കുന്നു. ഇതിനു മറുപുറം എന്നോണം സ്ത്രീകൾക്ക് സ്വയം ശാക്തീകരണത്തിന് സാങ്കേതികവിദ്യകളെ എങ്ങനെ അട്ടിമറിക്കാൻ കഴിയുമെന്നും സൈബർ ഫെമിനിസ്റ്റുകൾ അന്വേഷിക്കുന്നു. രാഷ്ട്രീയമായി സംഘടിക്കാൻ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുക, ഓൺലൈനിൽ ഫെമിനിസ്റ്റ് ഇടങ്ങൾ സൃഷ്ടിക്കുക, ലിംഗഭേദത്തെയും ലൈംഗികതയെയും കുറിച്ചുള്ള പരമ്പരാഗത ആശയങ്ങളെ വെല്ലുവിളിക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. സോഷ്യൽ മീഡിയകൾ ഒരു ഭാഗത്ത് സ്ത്രീവിരുദ്ധമായ ആശയങ്ങളുടെ പ്രചാരണത്തിന് വഴിയൊരുക്കുന്നു എങ്കിലും മറുവശത്ത് ഫെമിനിസ്റ്റ് ആശയപ്രചരണത്തിനുള്ള നിർണായക ഉപാധികളായി അവ മാറുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. സ്ഥിരമായ സ്വത്വസങ്കൽപ്പങ്ങളെ തടസപ്പെടുത്താനുള്ള ഇന്റർനെറ്റിന്റെ സാധ്യതകളെ സൈബർ ഫെമിനിസ്റ്റുകൾ പ്രത്യേക താൽപര്യത്തോടെ വീക്ഷിക്കുന്നു. ഓൺലൈൻ ഇടങ്ങളിൽ വ്യക്തികൾക്ക് പരമ്പരാഗത സങ്കല്പങ്ങളെ വെല്ലുവിളിക്കുന്ന രീതിയിൽ ലിംഗഭേദവും സ്വത്വവും പരീക്ഷിക്കാൻ സാധിക്കും. ഇത് ലിംഗഭേദത്തെ സഹജമായിട്ടുള്ള ഒന്നായി കാണുന്നതിനേക്കാൾ സാഹചര്യങ്ങളാൽ സൃഷ്ടിക്കപ്പെടുന്ന ഒന്നാണെന്ന് വാദിക്കുന്ന ഉത്തരാധുനിക ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുമായി യോജിച്ചു പോരുന്നു. ഉദാഹരണത്തിന് ഓൺലൈൻ ഗെയിമുകളിൽ ഉപയോക്താക്കൾക്ക് അവരുടെ യഥാർഥ ലിംഗസ്വത്വത്തിൽ നിന്നും വിഭിന്നമായ 'അവതാർ' സൃഷ്ടിക്കാൻ സാധിക്കും. വ്യത്യസ്ത ലിംഗസ്വത്വങ്ങളെ പരീക്ഷിക്കാനുള്ള ഈ സാധ്യത വിമോചനം നൽകുകയും ലിംഗഭേദത്തെ കുറിച്ചുള്ള സാമ്പ്രദായിക ആശയങ്ങളെ വെല്ലുവിളിക്കുകയും ചെയ്യും.

- ഫെമിനിസ്റ്റ് ആശയ പ്രചരണത്തിനുള്ള നിർണായക ഉപാധികളായി സോഷ്യൽ മീഡിയ

സൈബർ ഫെമിനിസത്തിന് കലകളിൽ ശക്തമായ സാന്നിധ്യം ഉണ്ട്. ഡിജിറ്റൽ ആർട്ട് ഹാക്കിവിസം, സൈബർ ആർട്ട് ഇൻസ്റ്റാളേഷനുകൾ എന്നിവയിലൂടെ ലിംഗമാനദണ്ഡങ്ങളെ വിമർശിക്കുകയും ഫെമിനിസ്റ്റ് ആശയങ്ങൾ വിശകലനം നടത്തുകയും ചെയ്യുന്നത് ഇതിനു ഉദാഹരണമാണ്. ജനാധിപത്യ വീക്ഷണം പുലർത്തുന്ന സാങ്കേതിക വിദ്യാലോകം മുന്നോട്ട് വെക്കുന്ന രീതികൾ അംഗീകരിക്കുന്നതിന് പകരം ഫെമിനിസ്റ്റ് ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സാങ്കേതികവിദ്യകളുടെ പുനർനിർമാണവും നടത്തുന്നതിനായി ഫെമിനിസ്റ്റുകൾ വാദിക്കുന്നു. ഫെമിനിസ്റ്റ് കോഡിങ് ഭാഷകൾ സൃഷ്ടിക്കുക, സ്ത്രീകളുടെ നിർദ്ദിഷ്ട ആവശ്യങ്ങൾ അഭിസംബോധന ചെയ്യുന്ന ആപ്ലിക്കേഷനുകൾ വികസിപ്പിക്കുക, ലൈംഗികപീഡനം രേഖപ്പെടുത്തുന്നതിനും നേരിടുന്നതിനും സാങ്കേതികവിദ്യ ഉപയോഗിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഓൺലൈൻ കൂട്ടായ്മകളും നെറ്റ്വർക്കുകളും സൈബർ ഫെമിനിസത്തിന്റെ കേന്ദ്രമാണ്. പരമ്പരാഗത പുരുഷാധിപത്യ ഘടനകൾക്ക് പുറത്തുള്ള വിഭവങ്ങൾ, പിന്തുണ എന്നിവ പങ്കിടാൻ ഈ ഇടങ്ങൾ അവസരം നൽകുന്നു. പാർശ്വവല്കരിക്കപ്പെട്ട ശബ്ദങ്ങൾക്ക് സുരക്ഷിതമായ ഇടം നൽകാനും ഭൂമിശാസ്ത്രപരമായ അതിർത്തി

കൾക്കപ്പുറത്ത് ഫെമിനിസ്റ്റുകൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കാനും നവമാധ്യമ ശൃംഖലകൾക്ക് സാധിക്കും. അതേസമയം ഇത്തരം ഇടങ്ങൾ നിലവിലുള്ള അസമത്വങ്ങൾ പുനർനിർമിക്കാനുള്ള സാധ്യത ഏകുന്നതിനെ കുറിച്ചുള്ള ബോധം ഫെമിനിസ്റ്റുകൾക്ക് ഉണ്ട്. ലിംഗഭേദത്തിനൊപ്പം വംശം, വർഗം, ലൈംഗികത തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുന്ന സംയോജിത സമീപനങ്ങളുടെ ആവശ്യകത സൈബർ ഫെമിനിസം ഊന്നിപ്പറയുന്നു. ആദ്യകാല സൈബർ ഫെമിനിസം വെളുത്ത പാശ്ചാത്യ മധ്യവർഗസ്ത്രീകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വംശം, വർഗം, ആഗോളസമത്വം എന്നിവയുടെ പ്രശ്നങ്ങൾ അവഗണിക്കുകയും ചെയ്തതായി വിമർശനമുണ്ട്.

- ഓൺലൈൻ കൂട്ടായ്മകളും നെറ്റ്വർക്കുകളും സൈബർ ഫെമിനിസത്തിന്റെ കേന്ദ്രമാണ്

ഡോണ ഹാർവേ (Donna Haraway)യുടെ 'എ മാനിഫെസ്റ്റോ ഓഫ് സൈബോർഗ്' (1985) സൈബർ ഫെമിനിസത്തിലെ ഏറ്റവും സ്വാധീനമുള്ള കൃതിയാണ്. ലിംഗപരവും മനുഷ്യ-സാങ്കേതികവുമായ ബന്ധങ്ങളെക്കുറിച്ചുള്ള പരമ്പരാഗത ആശയങ്ങളെ വെല്ലുവിളിച്ചുകൊണ്ട് സൈബോർഗിന്റെ രൂപകത്തിലൂടെ ഫെമിനിസ്റ്റ് സ്വത്വത്തിന്റെ പുനർനിർമാണത്തിനായി ഹാർവേ വാദിക്കുന്നു. 'സീറോസ് + വൺസ്: ഡിജിറ്റൽ വുമൺ ആൻഡ് ദി ന്യൂ ടെക്നോകൾച്ചർ' (1997) എന്ന പുസ്തകത്തിലൂടെ പ്രശസ്തയായ ബ്രിട്ടീഷ് സാംസ്കാരിക സൈദ്ധാന്തികൻ സാഡി പ്ലാന്റ് (Sadi Plant)ഡിജിറ്റൽ സാങ്കേതികവിദ്യ അടിസ്ഥാനപരമായി സ്ത്രീസ്വഭാവമുള്ളതാണെന്ന് വാദിച്ചു. പ്ലാന്റ്, സ്ത്രീകളും സാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു. 1991-ൽ രൂപീകൃതമായ വിഎൻഎസ് മാട്രിക്സ് എന്ന ഓസ്ട്രേലിയൻ കൂട്ടായ്മ പ്രകോപനപരമായ ഡിജിറ്റൽ കലയും മാനിഫെസ്റ്റോകളും സൃഷ്ടിച്ചു. ഇത് ആദ്യകാല സൈബർ ഫെമിനിസത്തെ നിർവചിക്കാൻ സഹായിച്ചു. സാങ്കേതികവിദ്യയിലെ പുരുഷാധിപത്യത്തെ വെല്ലുവിളിക്കാൻ അവരുടെ കൃതികൾ പലപ്പോഴും വിരോധാഭാസവും നർമവും ഉപയോഗിച്ചു. അമേരിക്കൻ അക്കാദമികയും കലാകാരിയുമായ സാൻഡി സ്റ്റോണി (Sandy Stone)ന്റെ 'ദി എംപയർ സ്ട്രൈക്ക്സ് ബാക്ക്: എ പോസ്റ്റ്ട്രാൻസ്സെക്ഷ്വൽ മാനിഫെസ്റ്റോ' (The Empire Strikes Back: A Posttransexual Manifesto)(1987) എന്ന ഉപന്യാസം ട്രാൻസ്ജെൻഡർ പഠനങ്ങളിലും സൈബർ ഫെമിനിസത്തിലും സ്വാധീനം ചെലുത്തി. അലൂകയർ റോസൻ സാൻഡി സ്റ്റോണിന്റെ 'ദി വാർ ഓഫ് ഡിസയർ ആൻഡ് ടെക്നോളജി അറ്റ് ദി ക്ലോസ് ഓഫ് ദി മെക്കാനിക്കൽ ഏജ്' (1995) എന്ന പുസ്തകം ഡിജിറ്റൽ സാങ്കേതികവിദ്യകൾ സ്വത്വത്തെയും സാമൂഹിക ഇടപെടലിനെയും കുറിച്ചുള്ള നമ്മുടെ ധാരണയെ എങ്ങനെ മാറ്റുന്നുവെന്ന് പരിശോധിക്കുന്നു.

- സൈബർ ഫെമിനിസത്തിലും സ്വാധീനം ചെലുത്തിയ പ്രധാന കൃതികൾ

ലോകസാഹിത്യത്തിലെ സൈബർ ഫെമിനിസം

ലിംഗഭേദം, സാങ്കേതികവിദ്യ, സ്വത്വം എന്നിവയുടെ പരസ്പരബന്ധം അന്വേഷിക്കുന്ന വിവിധ ലോക സാഹിത്യകൃതികളിൽ സൈബർ ഫെമിനിസ്റ്റ് ആശയങ്ങൾ പ്രതിഫലിച്ചിട്ടുണ്ട്. വില്യം ഗിബ്സ(William Gybson)ന്റെ 'ന്യൂറോമാൻസർ' (1984): എന്ന സൈബർപങ്ക് നോവൽ സൈബർ ഫെമിനിസ്റ്റ് വ്യവഹാരത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതിലെ മോളി എന്ന കഥാപാത്രം സൈബോർഗിന്റെ സൈബർ ഫെമിനിസ്റ്റ് ആശയത്തെ ഉൾക്കൊള്ളുന്നു. മോളിയുടെ സാങ്കേതിക

പരിഷ്കാരങ്ങൾ മനുഷ്യനും യന്ത്രവും തമ്മിലുള്ള അതിർത്തിരേഖ കുറയ്ക്കുകയും പരമ്പരാഗത ലിംഗപരമായ റോളുകളെ വെല്ലുവിളിക്കുകയും ചെയ്യുന്നു. സ്വത്വത്തിന്റെ അസ്ഥിരതയും ചഞ്ചലതയും പ്രകടമാകുന്ന ഒരു മേഖലയെന്ന നിലയിൽ സൈബർസ്പേസിനെക്കുറിച്ചുള്ള നോവലിന്റെ നിരീക്ഷണം സ്ഥിരസ്വത്വങ്ങളെ തകർക്കാനുള്ള സാങ്കേതികവിദ്യയുടെ സാധ്യതകളെക്കുറിച്ചുള്ള സൈബർ ഫെമിനിസ്റ്റ് ആശയങ്ങളുമായി പ്രതിധ്വനിക്കുന്നു. എന്നിരുന്നാലും, നോവലിന്റെ സൈബർ ഫെമിനിസ്റ്റ് വായനകൾ ലിംഗഭേദത്തെ വിമർശിക്കുന്നു.

❍ 'ന്യൂറോമാൻസർ'എന്ന നോവലിലെ സൈബർ ഫെമിനിസ്റ്റ് വ്യവഹാരം

മാർഗരറ്റ് അറ്റ്വുഡി (Margaret Atwood)ന്റെ 'ദി ഹാൻഡ്മെയ്ഡ്സ് ടെയിൽ' (The Handmaid's Tale) (1985) എന്ന ഡിസ്റ്റോപിയൻ നോവൽ, നിരീക്ഷണത്തിനും പ്രത്യുല്പാദന നിയന്ത്രണത്തിനും സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഒരു ദിവ്യാധിപത്യ ഭരണത്തിലൂടെ സ്ത്രീകളുടെ ശരീരത്തെ നിയന്ത്രിക്കുന്ന ഒരു ഭാവി വിവരിക്കുന്നു. പ്രത്യക്ഷത്തിൽ സൈബർ ഫെമിനിസ്റ്റ് അല്ലെങ്കിലും, സൈബർ ഫെമിനിസത്തിന്റെ കേന്ദ്രമായ പുരുഷാധിപത്യ അധികാരം നടപ്പാക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനെ നോവൽ വിമർശിക്കുന്നു. മാർഗെ പിയർസി (Marge Piercy)യുടെ 'ഹി, ഷീ ആൻഡ് ഇറ്റ്' (He, She and it) (1991) എന്ന് നോവൽ സൈബർ ഫെമിനിസ്റ്റ് ആശയങ്ങളുമായി നേരിട്ടുള്ള ഇടപെടലാണ്. തന്റെ കമ്മ്യൂണിറ്റിയെ സംരക്ഷിക്കാൻ ഒരു സൈബോർഗ് സൃഷ്ടിക്കുന്ന ഒരു വനിതാശാസ്ത്രജ്ഞയുടെ കഥയാണ് ഇത് അവതരിപ്പിക്കുന്നത്. മനുഷ്യരും യന്ത്രങ്ങളും തമ്മിലുള്ള ബന്ധം, ലിംഗഭേദവും സാങ്കേതികവിദ്യയും, നിർമിത ബുദ്ധിയുടെ ധാർമികത എന്നിവ നോവൽ വിശകലനം ചെയ്യുന്നു. സാങ്കേതികവിദ്യ എങ്ങനെ നിയന്ത്രണത്തിനുള്ള ഉപകരണവും ശാക്തീകരണത്തിനുള്ള മാർഗവുമാകാം, പ്രത്യേകിച്ച് സ്ത്രീകൾക്ക് എന്നതിനെ മുൻനിർത്തിയുള്ള ഡോണ ഹാർവേയുടെ ആശയങ്ങളെ ഇത് പ്രതിഫലിപ്പിക്കുന്നു.

❍ സൈബോർഗ് സൃഷ്ടിക്കുന്ന ഒരു വനിതാ ശാസ്ത്രജ്ഞയുടെ കഥ

നവോമി ആൽഡർമാ(Naomi Alderman)ന്റെ 'ദി പവർ' (The Power) (2016) എന്ന നോവൽ, സ്ത്രീകൾ അവരുടെ ശരീരത്തിൽ നിന്ന് വൈദ്യുതോർജം ഉല്പാദിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുന്ന ഒരു ലോകത്തെ സങ്കൽപ്പിക്കുന്നു. സാങ്കേതികവിദ്യയിലൂടെ സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള സൈബർ ഫെമിനിസ്റ്റ് ആശയങ്ങളുടെ മൂർത്തരൂപമായി ഇതിനെ കാണാം. സാങ്കേതിക പരിണാമത്തിന്റെ ഒരു രൂപത്തിലൂടെ പരമ്പരാഗത ലിംഗ ചലനാത്മകത വിപരീതമാകുമ്പോൾ എന്ത് സംഭവിക്കുമെന്ന് നോവൽ പരിശോധിക്കുന്നു. സൈബർ ഫെമിനിസ്റ്റ് വ്യവഹാരത്തിന്റെ കേന്ദ്രമായ അധികാരത്തിന്റെയും നിയന്ത്രണത്തിന്റെയും സ്വഭാവത്തെക്കുറിച്ച് ഇത് ചോദ്യങ്ങൾ ഉയർത്തുന്നു. മസാമുൻ ഷിറോ (Masamune Shirow)യുടെ 'ഗോസ്റ്റ് ഇൻ ദ ഷെൽ' (Ghost in the Shell) (1989) എന്ന ജാപ്പനീസ് മംഗ സീരീസ് ഒരു സർക്കാർ സുരക്ഷാ ഏജൻസി ജോലി ചെയ്യുന്ന സൈബോർഗായ മേജർ മോട്ടോകോ കുസനാഗിയെ കേന്ദ്രീകരിക്കുന്നു. ബോധം, സ്വത്വം, മനുഷ്യനും യന്ത്രവും തമ്മിലുള്ള അതിർവരമ്പുകളുടെ മങ്ങൽ എന്നിവ ചർച്ച ചെയ്യുന്നു. പരമ്പരാഗത ലിംഗമാനദണ്ഡങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ പ്രതീകമായി സൈബോർഗിനെക്കുറിച്ചുള്ള സൈബർ ഫെമിനിസ്റ്റ് ആശയങ്ങളുമായി മേജർ കുസനാഗിയുടെ പോരാട്ടങ്ങൾ പ്രതിധ്വനിക്കുന്നു. വില്യം ഗിബ്സൺ (William Gibson) എഴു

തിയ 'പാറ്റേൺ റെക്കഗ്നിഷൻ' (2003) എന്ന നോവൽ, സ്വത്വത്തിലും സംസ്കാരത്തിലും സാങ്കേതികവിദ്യയുടെ സ്വാധീനം, സ്വത്വത്തിന്റെ അസ്ഥിരത, ദൈനംദിന ജീവിതത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപകമായ സ്വാധീനം തുടങ്ങിയ സൈബർ ഫെമിനിസവുമായി ബന്ധപ്പെട്ട വിഷയങ്ങളെ പരിശോധിക്കുന്നു. ഉപഭോക്തൃ സംസ്കാരത്തെക്കുറിച്ചും ഡിജിറ്റൽ യുഗത്തിൽ സ്വത്വത്തിന്റെ ചരക്കുവത്കരണത്തെക്കുറിച്ചുമുള്ള സൈബർ ഫെമിനിസ്റ്റ് വിമർശനമായി ഈ കൃതി വായിക്കാം. സ്റ്റിഗ് ലാർസൺ (Stieg Larsson) എഴുതിയ 'ദി ഗേൾ വിത്ത് ദി ഡ്രാഗൺ ടാറ്റൂ' (The girl with the Dargon Tatoo) (2005): മെലിസ സ്കോട്ട് എഴുതിയ 'ട്രബിൾ ആൻഡ് ഹെർ ഫ്രണ്ട്സ്' (1994) എന്നിവ സൈബർ ഫെമിനിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുന്ന ശ്രദ്ധേയമായ കൃതികളാണ്.

❍ സൈബർ ഫെമിനിസ്റ്റ് ആശയങ്ങൾ ഉൾക്കൊള്ളുന്ന ശ്രദ്ധേയമായ കൃതികൾ

മലയാള സാഹിത്യത്തിലെ സൈബർ ഫെമിനിസം

അംബികാസുതൻ മാങ്ങാട് എഴുതിയ 'എൻമകജെ' (2009) എന്ന് നോവൽ, പ്രധാനമായും പാരിസ്ഥിതിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ട താണെങ്കിലും, കേരളത്തിലെ സ്ത്രീകളുടെ ജീവിതത്തിൽ ആധുനിക സാങ്കേതികവിദ്യയുടെയും വ്യവസായവൽക്കരണത്തിന്റെയും സ്വാധീനത്തെ സ്പർശിക്കുന്നു. മുതലാളിത്ത താൽപ്പര്യങ്ങളാൽ നയിക്കപ്പെടുന്ന സാങ്കേതിക മുന്നേറ്റങ്ങൾ പലപ്പോഴും സ്ത്രീകൾ ഉൾപ്പെടെയുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്ന് കഥ വിമർശിക്കുന്നു. ബെന്യാമിൻ എഴുതിയ 'മഞ്ഞവെയിൽ മരണങ്ങൾ' (2011) ആഗോളവൽക്കരണത്തിന്റെയും ആധുനികതയുടെയും പ്രത്യാഘാതങ്ങൾ കേരളീയ സമൂഹത്തിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുന്നു. സൈബർ ഫെമിനിസത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നില്ലെങ്കിലും, ആധുനിക സാങ്കേതികവിദ്യകളും ആഗോളബന്ധങ്ങളും സ്വത്വങ്ങളെയും ലിംഗ ചലനാത്മകതയെയും എങ്ങനെ പുനർനിർമിക്കുന്നുവെന്ന് അന്വേഷിക്കുന്നു. വ്യക്തിഗത ജീവിതത്തിൽ ആഗോള സാങ്കേതികവിദ്യയുടെ സ്വാധീനവും സാങ്കേതിക സംവിധാനങ്ങളിൽ ഉൾച്ചേർന്നിരിക്കുന്ന തന്ത്രത്തെക്കുറിച്ചുള്ള സൈബർ ഫെമിനിസ്റ്റ് ആശങ്കകളുമായി യോജിക്കുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക ഭൂപ്രകൃതിയിൽ ആധുനിക സാങ്കേതികവിദ്യകൾ വ്യക്തിഗതസ്വത്വത്തെയും ലിംഗപരമായ റോളുകളെയും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ഇത് പ്രതിഫലിപ്പിക്കുന്നു. സാങ്കേതികവിദ്യ ലിംഗപരമായ റോളുകളെയും ബന്ധങ്ങളെയും എങ്ങനെ സ്വാധീനിക്കുന്നു എന്നതുൾപ്പെടെ ആധുനിക ജീവിതത്തിന്റെ സങ്കീർണതകളെ കല്പ്പറ്റ നാരായണന്റെ കൃതികൾ പലപ്പോഴും അഭിസംബോധന ചെയ്യുന്നു. കേരളത്തിൽ, പ്രത്യേകിച്ച് സ്ത്രീജീവിതത്തിന്റെ പശ്ചാത്തലത്തിൽ, സാങ്കേതിക മാറ്റങ്ങൾ വരുത്തിയ ഉത്കണ്ഠകളെയും പരിവർത്തനങ്ങളെയും അദ്ദേഹത്തിന്റെ കഥകൾ പ്രതിഫലിപ്പിക്കുന്നു. സൈബർ ഫെമിനിസ്റ്റ് സിദ്ധാന്തവുമായി വ്യക്തമായി ഇടപഴകുന്നില്ലെങ്കിലും, സാങ്കേതികവിദ്യ കേരള സമൂഹത്തിലെ സാമൂഹിക ചലനാത്മകതയെയും ലിംഗപരമായ റോളുകളെയും എങ്ങനെ മാറ്റുന്നു എന്നതിനെക്കുറിച്ച് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തത നൽകുന്നു.

❍ ആധുനിക സാങ്കേതികവിദ്യയുടെ സ്വാധീനത്തെ സ്പർശിക്കുന്ന കൃതികൾ

Summarised Overview

കോളനിവൽക്കരിക്കപ്പെട്ട രാജ്യങ്ങളിലെ സ്ത്രീകളിൽ നിന്നും ഉയർന്നുവന്ന ഫെമിനിസ്റ്റ് പ്രസ്ഥാനമാണ് മൂന്നാംലോക ഫെമിനിസം. മുഖ്യധാര പാശ്ചാത്യ ഫെമിനിസം പ്രധാനമായും വെള്ളക്കാരായ മധ്യവർഗ സ്ത്രീകളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ് ചെയ്ത് എന്നതിന്റെ അടിസ്ഥാനത്തിലാണ് മൂന്നാംലോക സ്ത്രീവാദം രൂപീകൃതമാകുന്നത്. പാശ്ചാത്യ ഫെമിനിസം വംശീയ കേന്ദ്രീകൃതമാണെന്ന് മൂന്നാംലോക ഫെമിനിസ്റ്റുകൾ വിമർശിക്കുന്നു. കൊളോണിയലിസം പോലുള്ള അടിച്ചമർത്തലുകൾ വ്യത്യസ്ത സന്ദർഭങ്ങളിൽ എങ്ങനെ സ്ത്രീകളുടെ ജീവിതത്തെ സ്വാധീനിച്ചു എന്ന് മനസിലാക്കേണ്ടതിന്റെ ആവശ്യകത മൂന്നാംലോക ഫെമിനിസം ഉയർത്തുന്നു. പാശ്ചാത്യ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങളുടെ ആധിപത്യത്തെ വെല്ലുവിളിക്കാനും മൂന്നാംലോകത്തുനിന്നുള്ള സ്ത്രീകളുടെ ഭൗതിക സംഭാവനകളും നേതൃത്വവും അടയാളപ്പെടുത്താനും ഇത് ആഹ്വാനം ചെയ്യുന്നു. സൈബർ ലോകത്തുള്ള പുരുഷാധിപത്യത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള സ്ത്രീമുന്നേറ്റ വാദമാണ് സൈബർ ഫെമിനിസം. ഡോണോ ഹാർവെയുടെ 'എ മാനിഫെസ്റ്റോ ഒഫ് സൈബോർഗ്' എന്ന ഉപന്യാസം സൈബർ ഫെമിനിസത്തിന്റെ അടിസ്ഥാനമായി കണക്കാക്കപ്പെടുന്നു. മനുഷ്യന്റെയും യന്ത്രത്തിന്റെയും സങ്കരസൃഷ്ടിയായ സൈബോർഗ് എന്ന കല്പന ഡോണോ ഹാർവെ അവതരിപ്പിച്ചു. സ്ത്രീകളെ പ്രകൃതിയോടും അതിന്റെ സൗന്ദര്യത്തോടും ബന്ധപ്പെടുത്തുന്ന രീതിയെ നിരാകരിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രകൃതിയോടുള്ളതിനേക്കാൾ സാമ്യവും അടുപ്പവും സാങ്കേതികതയോടാണ് എന്ന് ഡോണോ ഹാർവെ അഭിപ്രായപ്പെട്ടു. അതോടൊപ്പം സാങ്കേതിക വിദ്യ എപ്രകാരം സ്ത്രീകളുടെ അടിച്ചമർത്തലിന്റെയും വിമോചനത്തിന്റെയും ഒരു ഉപകരണം ആകാമെന്നും സൈബർ ഫെമിനിസം പരിശോധിക്കുന്നു.

സൈബർ ഫെമിനിസം പിൽക്കാല ഡിജിറ്റൽ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകി. സ്ത്രീവിരുദ്ധതയ്ക്കും ലൈംഗിക പീഡനത്തിനും എതിരായ കൂട്ടായ്മകൾ, വിവരസാങ്കേതിക മേഖലയിലെ ലിംഗസമത്വം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ, ഡിജിറ്റൽ ഇടങ്ങളിലെ ലിംഗഭേദത്തെയും സ്വത്വത്തെയും കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ എന്നിവയിൽ സൈബർ ഫെമിനിസം ശക്തമായ സ്വാധീനം ചെലുത്തി. ലിംഗഭേദം, സാങ്കേതികവിദ്യ, സ്വത്വം എന്നിവയുടെ പരസ്പരബന്ധം അന്വേഷിക്കുന്ന വിവിധ ലോകസാഹിത്യകൃതികളിൽ സൈബർ ഫെമിനിസ്റ്റ് ആശയങ്ങൾ പ്രതിഫലിച്ചിട്ടുണ്ട്. സൈബർ ഫെമിനിസം പിൽക്കാല ഡിജിറ്റൽ ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് അടിത്തറ പാകി. സ്ത്രീവിരുദ്ധതയ്ക്കും ലൈംഗിക പീഡനത്തിനും എതിരായ ഓൺലൈൻ ക്യാമ്പെയ്നുകൾ, ടെക് വ്യവസായങ്ങളിൽ ലിംഗസമത്വം വർധിപ്പിക്കാനുള്ള ശ്രമങ്ങൾ, ഡിജിറ്റൽ ഇടങ്ങളിൽ ലിംഗഭേദത്തെയും സ്വത്വത്തെയും കുറിച്ച് നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ എന്നിവയിൽ ശക്തമായ സ്വാധീനം ചെലുത്തി.

Assignments

1. മൂന്നാംലോക ഫെമിനിസത്തെക്കുറിച്ച് ഉപന്യസിക്കുക
2. സൈബർ ഫെമിനിസത്തെക്കുറിച്ച് വിശദീകരിക്കുക
3. ലോകസാഹിത്യത്തിലെ സൈബർ ഫെമിനിസത്തിന്റെ വക്താക്കളെ അവരുടെ കൃതികളെ മുൻനിർത്തി വിലയിരുത്തുക
4. മലയാള സാഹിത്യത്തിലെ സൈബർ ഫെമിനിസത്തിന്റെ അടയാളപ്പെടുത്തലുകളെപ്പറ്റി അപഗ്രഥിക്കുക
5. സൈബർ ഫെമിനിസ്റ്റ് കൃതികളെ അടയാളപ്പെടുത്തുക

Suggested Readings

1. സച്ചിദാനന്ദൻ, സൗന്ദര്യവും അധികാരവും, ഡി.സി. ബുക്സ്, കോട്ടയം, 2000.
2. സി.ബി. സുധാകരൻ, ഉത്തരാധുനികത, ഡി.സി. ബുക്സ്, കോട്ടയം, 2000.
3. വി.സി. ശ്രീജൻ, വിമർശനാത്മകസിദ്ധാന്തം, ഡി.സി. ബുക്സ്, കോട്ടയം,
4. വി.സി. ശ്രീജൻ, അർഥാന്തരന്യാസം, കറന്റ് ബുക്സ്, തൃശൂർ.
5. ജി. മധുസൂദനൻ, ചിന്തയുടെ നവലോകങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

References

1. വി.സി. ഹാരിസ്, പി.എസ്. രാധാകൃഷ്ണൻ(എഡി.), സംസ്കാരപഠനം പുതിയ സങ്കല്പനങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
2. പി. പവിത്രൻ, കോളനിയനന്തരവാദം-സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും, കൈരളി ബുക്സ്, കണ്ണൂർ.
3. ടി. ശ്രീവത്സൻ, നവമനോവിശ്ലേഷണം, ഡി.സി. ബുക്സ് കോട്ടയം, 2000.
4. ഷാജി ജേക്കബ്, സാംസ്കാരികവിമർശനവും മലയാളഭാവനയും (സമ്പാ.), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
5. ജാൻസി ജയിംസ്(എഡിറ്റർ), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. ജി. മധുസൂദനൻ (എഡിറ്റർ), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 3

പാരിസ്ഥിതികചിന്തകൾ

Learning Outcomes

- ആധുനികതയുടെ വിമർശനമെന്ന നിലയിൽ പരിസ്ഥിതിവാദത്തിന്റെ പങ്ക് പരിശോധിക്കുന്നു
- പാരിസ്ഥിതിക ആശങ്കകളും ഫെമിനിസ്റ്റ് ചിന്തയും കൂടിച്ചേരുന്നതിന് വിവിധ ചിന്തകരുടെ സംഭാവനകൾ വിശകലനം ചെയ്യുന്നു.
- പാരിസ്ഥിതിക വിമർശനങ്ങൾ ആധുനികതയുടെ അനുമാനങ്ങളെ എങ്ങനെ വെല്ലുവിളിക്കുന്നുവെന്ന് പരിശോധിക്കുന്നു
- പാരിസ്ഥിതിക, ഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിയ പ്രധാന വ്യക്തികളുടെ സംഭാവനകളെ ഉയർത്തിക്കാട്ടുന്നു

Background

ഒരു പ്രദേശത്ത് വസിക്കുന്ന വിവിധ ജീവജാലങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും അവയ്ക്ക് ഭൗതിക ചുറ്റുപാടുമായുള്ള ബന്ധവും വിശകലനം ചെയ്യുന്ന ശാസ്ത്രം ആണ് ഇക്കോളജി എന്ന് ആദ്യകാലത്ത് നിർവചിച്ചിരുന്നത്. ഇന്ന് ഇക്കോളജി അഥവാ പരിസ്ഥിതി എന്നതിന് വിപുലമായ അർഥം കൈവന്നിരിക്കുന്നു. പ്രകൃതിയും അതിന്റെ ആവാസ വ്യവസ്ഥകളും അതിലെ ജീവജാലങ്ങളും തമ്മിലുള്ള സ്വാഭാവികവും നൈസർഗികവുമായ ബന്ധാവസ്ഥയായി പരിസ്ഥിതിയെ കാണാം. പഞ്ചഭൂതങ്ങളും മനുഷ്യനും ജന്തുജാലങ്ങളും സസ്യവൈവിധ്യങ്ങളും പരിസ്ഥിതിയിലെ ഘടകങ്ങളാണ്. ജീവന്റെ നിലനിൽപ്പിന് അനിവാര്യമായ സമസ്ത ഘടകങ്ങളും പരിസ്ഥിതിയിൽ അടങ്ങിയിരിക്കുന്നു. മനുഷ്യവംശത്തിന്റെയും പരിസ്ഥിതിയുടെയും സമവായവും അതുവഴി ഭൂമിയുടെ സുസ്ഥിരഭാവിയും വിശകലനം ചെയ്യുന്ന വിപുലമായ ഒരു പഠനശാഖയായി പരിസ്ഥിതി ശാസ്ത്രം ഇന്ന് നിലകൊള്ളുന്നു. പ്രാരംഭം മുതൽ തന്നെ ആധുനികതയുടെ ചൂഷണപരവും അധീശത്തപരവുമായ പ്രകൃതി വീക്ഷണത്തെ എതിർക്കുന്ന പ്രതിബോധങ്ങൾ യൂറോപ്പിൽ ഉണ്ടായിട്ടുണ്ട്. റൂസ്സോ മുതൽ അഡോണോയും ഫൂക്കോയും വരെയുള്ളവർ അക്കൂട്ടത്തിൽപെടുന്നു. ആധുനിക പരിഷ്കൃതിയുടെ ഉല്പാദനസമ്പ്രദായം, വൈദ്യസമ്പ്രദായം, അറിവ്, വിതരണ സമ്പ്രദായം, പുരുഷ കേന്ദ്രീകൃത വീക്ഷണം ഇവയ്ക്കൊക്കെ എതിരായ പ്രതിബോധങ്ങൾ 70 കളോടെ പാശ്ചാത്യദേശത്ത് വികസിക്കാൻ തുടങ്ങി. ആ പ്രതിബോധങ്ങളിൽ ഏറ്റവും പ്രധാനമായതാണ് പരിസ്ഥിതി ബോധം

ഒരു സമൂഹത്തിലെ വ്യക്തികൾ പരസ്പരം അവരുടെ പരിസ്ഥിതിയുമായി എങ്ങനെ ഇടപഴകുന്നു എന്ന് സംസ്കാരം നിർവചിക്കുന്നു. ഐഡന്റിറ്റികൾ, മൂല്യങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിൽ ഇത് നിർണായക പങ്ക് വഹിക്കുന്നു. ചില സംസ്കാരങ്ങൾ അവയുടെ സ്വാഭാവിക ചുറ്റുപാടുകളുമായി അടുത്ത ബന്ധത്തിൽ വികസിക്കുകയും സാംസ്

കാരിക ഭൂപ്രകൃതികളിലേക്ക് നയിക്കുകയും ചെയ്യുന്നു. സാംസ്കാരിക സമ്പ്രദായങ്ങൾ പ്രകൃതിയെ അനുകൂലമായും പ്രതികൂലമായും സ്വാധീനിക്കും. പരമ്പരാഗത കൃഷി പോലെയുള്ള സുസ്ഥിരമായ രീതികൾക്ക് ആവാസവ്യവസ്ഥയെ സംരക്ഷിക്കാൻ കഴിയും, അതേസമയം വ്യാവസായിക പ്രവർത്തനങ്ങൾ പാരിസ്ഥിതിക തകർച്ചയിലേക്ക് നയിച്ചേക്കാം. കവിതയും ചിത്രകലയും മുതൽ ആചാരങ്ങളും വാസ്തുവിദ്യയും വരെയുള്ള സാംസ്കാരിക ആവിഷ്കാരങ്ങളിൽ പ്രകൃതി പലപ്പോഴും പ്രചോദനമായി വർത്തിക്കുന്നു. ചുരുക്കത്തിൽ സംസ്കാരം നാം പ്രകൃതിയെ എങ്ങനെ കാണുകയും ഇടപഴകുകയും ചെയ്യുന്നു എന്നതിനെ രൂപപ്പെടുത്തുന്നു. അതേസമയം പ്രകൃതി സംസ്കാരങ്ങളുടെ വികാസത്തെയും പരിണാമത്തെയും സ്വാധീനിക്കുന്നു. പ്രാശ്ചാത്യ ദേശത്ത് ഉദയം ചെയ്തതും ഇന്ന് ലോകം മുഴുവൻ പരന്നു കഴിഞ്ഞിട്ടുള്ളതുമായ ആധുനിക പരിഷ്കാരത്തിന്റെ പ്രകൃതി വീക്ഷണം, ആധുനികതയുടെ സാങ്കേതികവും വ്യാവസായികവുമായ മുന്നേറ്റങ്ങൾ, പരിസ്ഥിതി മലിനീകരണം, വിഭവങ്ങൾ വേർതിരിച്ചെടുക്കൽ, ആവാസവ്യവസ്ഥയുടെ നാശം എന്നിവ ഗണ്യമായി വർധിപ്പിച്ചു.

Keywords

പരിസ്ഥിതി-ആധുനികതാ വിമർശനം എന്ന നിലയിൽ-മുൻഗാമികൾ-സിമോൺദബുവ്വ -പരിസ്ഥിതിവാദവും സ്ത്രീവാദവും-റേച്ചൽകഴ്സൺ-പരിസ്ഥിതിവിമർശനം-എമേഴ്സൺ, മാർഗരറ്റ് ഫുള്ളർ, തോറോ എന്നിവരുടെ നിരീക്ഷണങ്ങൾ

Discussion

പരിസ്ഥിതി

'വസതി' എന്ന അർഥമുള്ള 'ഇക്കോസ്' ശാസ്ത്രം എന്നർഥമുള്ള 'ലോഗോസ്' എന്നീ രണ്ട് ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഇക്കോളജി എന്ന വാക്ക് ഉണ്ടായത് 1866 ജർമൻ ജീവശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെഗൽ ആണ് ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത്. ഇക്കോളജിക്ക് തുല്യമായി പരിസ്ഥിതി എന്ന പദമാണ് മലയാളത്തിൽ സ്വീകരിച്ചിരിക്കുന്നത്. ജീവശാസ്ത്രത്തിന്റെ ഒരു വിഭാഗം ആയിട്ടാണ് ഇക്കോളജി ആദ്യകാലത്ത് അറിയപ്പെട്ടിരുന്നത്. ജൈവലോകത്തെ ബാധിക്കുന്ന എല്ലാ വിഷയങ്ങളെക്കുറിച്ചുള്ള പഠനമാണ് ഇന്ന് പരിസ്ഥിതി പഠനം. ജലം, മണ്ണ്, കാലാവസ്ഥ തുടങ്ങിയ നിരവധി ഘടകങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു. മനുഷ്യന്റെ പ്രവൃത്തികൾ പ്രകൃതിയെ എപ്രകാരമെല്ലാം സ്വാധീനിക്കുന്നു എന്നും ജൈവസമൂഹത്തെ അതെങ്ങനെ ബാധിക്കുന്നു എന്നതും പരിസ്ഥിതി ശാസ്ത്രത്തിൽ ഉൾപ്പെടുന്നു.

- ജൈവലോകത്തെ ബാധിക്കുന്ന എല്ലാ വിഷയങ്ങളെയും കുറിച്ചുള്ള പഠനം

പരിസ്ഥിതി ആധുനികതാവിമർശനം എന്ന നിലയിൽ

ഊർജത്തിനും ഗതാഗതത്തിനുമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് ഹരിതഗൃഹവാതക ഉദ്ഗമനത്തിനും ആഗോളതാപനത്തിനും കാരണമായി. ആധുനിക വികസനം നഗരങ്ങളുടെയും

അടിസ്ഥാന സൗകര്യങ്ങളുടെയും വളർച്ചയിലേക്ക് നയിച്ചു. നഗര വിപുലീകരണം വനനശീകരണത്തിനും ജൈവവൈവിധ്യത്തിന്റെ നാശത്തിനും പ്രാദേശിക കാലാവസ്ഥയിലെ മാറ്റത്തിനും കാരണമാ യി. വ്യവസായ സംസ്കൃതിയുടെ അനിയന്ത്രിതമായ മുന്നേറ്റത്തിന് ഇടയിൽ മനുഷ്യൻ പ്രകൃതി സാന്നിധ്യത്തിന്റെ പ്രസക്തി വിസ്മരി ച്ചു. ശാസ്ത്രത്തിന്റെയും സാങ്കേതികതയുടെയും വിവേചനശൂന്യമായ വളർച്ച പ്രപഞ്ചത്തിലെ ജൈവാവസ്ഥയുടെ സന്തുലനം തകർത്തു. അധികാരം അതിഭൗതികതയുടെ വക്താക്കളിൽ എത്തപ്പെട്ടതോടെ പ്രകൃതിചൂഷണവും പാരിസ്ഥിതിക പ്രശ്നങ്ങളും അനിയന്ത്രിതമാ യി. പരിസ്ഥിതിയെ യന്ത്രവത്കരിക്കയും രാസവത്കരിക്കുകയും ചെ യ്തതോടെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യം നഷ്ടപ്പെ ടുകയും അത് പ്രപഞ്ചത്തെ വിനാശകരമായ ഒരു അവസ്ഥയിൽ എത്തിക്കുകയും ചെയ്തു. ഈ ഒരു പശ്ചാത്തലത്തിൽ ആധുനിക സമൂഹത്തിന്റെ കുതിച്ചു പായലിന്റെ പ്രതിപ്രവർത്തനം എന്നോണം പരിസ്ഥിതി നവോഥാനം മാനവരാശിയുടെ ബാധ്യതയായി. ഈ നവ്യ ദർശനം ഉദാരവത്കൃത, ഉല്പന്ന കേന്ദ്രിത സാമൂഹിക നീതിയോടുള്ള പ്രതിരോധമാണ്. ആധുനിക പരിഷ്കൃതി മനുഷ്യൻ അധിവസിക്കുന്ന ഭൂമിക്കും അവനെ നിലനിർത്തുന്ന ജലത്തിനും അവൻ ശ്വസിക്കുന്ന വായുവിനും ഏൽപ്പിക്കുന്ന പ്രത്യക്ഷവും ഭൗതികവുമായ ആഘാത ദൂഷണങ്ങളാണ് 1970 കളിൽ പരിസ്ഥിതിബോധത്തിനും പരിസ്ഥിതി പ്രസ്ഥാനത്തിനും രൂപം നൽകിയത്. ഈ പരിസ്ഥിതിബോധം ലളിത മായ ഒരു പച്ചില സ്നേഹം മാത്രമല്ല, പ്രകൃതിയെന്നാൽ മനുഷ്യന് അവന്റെ ഇഷ്ടാനുസരണം ഉപഭോഗം നടത്തി തീർക്കാനുള്ള ഒരു ഇട മല്ലെന്നും മനുഷ്യനും പ്രകൃതിയും തമ്മിൽ അധീശത്വത്തിന് പകരം സർഗാത്മകതയുടെ ബന്ധമാണ് വേണ്ടത് എന്നുമുള്ള ബോധമാണ് സമകാല പരിസ്ഥിതി വീക്ഷണം (കെ.സി നാരായണൻ. പ്രതിബോധ ത്തിന്റെ സൗന്ദര്യശാസ്ത്രം, ഹരിതനിരൂപണം മലയാളത്തിൽ)


- മനുഷ്യനും പ്രകൃതിയും തമ്മിൽ സർഗാത്മകതയുടെ ബന്ധമാണ് വേണ്ടത്

റേച്ചൽ കാഴ്സൺ (Rachel Carson)

റേച്ചൽ കാഴ്സൺ ഒരു അമേരിക്കൻ മറൈൻ ബയോളജിസ്റ്റും, പ്രകൃതി സംരക്ഷകയും, എഴുത്തുകാരിയുമാണ്. 1962-ൽ റേച്ചൽ കാഴ്സൺ എഴുതി പ്രസിദ്ധീകരിച്ച ശ്രദ്ധേയമായ ഒരു പരിസ്ഥിതി ശാ സ്ത്രപുസ്തകമാണ് 'സൈലന്റ് സ്പ്രിംഗ്'(നിശബ്ദ വസന്തം). ആധു നിക പാരിസ്ഥിതിക പ്രസ്ഥാനത്തിന് തുടക്കമിട്ടതിന്റെ ബഹുമതി ഈ പുസ്തകത്തിനുണ്ട്. പരിസ്ഥിതിയിൽ, പ്രത്യേകിച്ച് പക്ഷികളിൽ കീട നാശിനികളുടെ പ്രതികൂലഫലങ്ങൾ ഈ പുസ്തകം എടുത്തുകാണി ക്കുന്നു. കാഴ്സന്റെ പ്രവർത്തനം പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള പൊതുജന അവബോധം വർധിപ്പിക്കുന്നതിനും ആത്യന്തികമായി യു നൈറ്റഡ് സ്റ്റേറ്റ്സിൽ ഡിഡിടി എന്ന കീടനാശിനി നിരോധിക്കുന്നതി നും കാരണമായി. 'നിശബ്ദ വസന്തം' എന്ന ശീർഷകം കീടനാശിനി യുടെ ഉപയോഗം മൂലം പക്ഷികളൊന്നും പാടാത്ത ഭാവി ഋതുക്കളെ സൂചിപ്പിക്കുന്നു.

- നിശബ്ദ വസന്തം - പാടാത്ത ഭാവിഋതുക്കൾ

റാൽഫ് വാൾഡോ എമേഴ്സൺ (Ralph Waldo Emerson)



റാൽഫ് വാൾഡോ എമേഴ്സൺ

പത്തൊൻപതാം നൂറ്റാണ്ടിലെ അമേരിക്കൻ അതീന്ദ്രിയവാദിയായ റാൽഫ് വാൾഡോ എമേഴ്സൺ, ഇക്കോക്രിട്ടിസിസത്തിന് കാര്യമായ സംഭാവനകൾ നൽകി. മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തിന് ഊന്നൽ നൽകിയ അദ്ദേഹത്തിന്റെ രചനകൾ പലപ്പോഴും പ്രകൃതിയെക്കുറിച്ചുള്ള ഒരു ആദർശപരമായ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്നു. പ്രകൃതിയെ അദ്ദേഹം ആത്മീയവും ധാർമികവുമായ ഉൾക്കാഴ്ചയുടെ ഉറവിടമായി കാണുന്നു. അദ്ദേഹത്തിന്റെ കൃതികളിലും ലേഖനങ്ങളിലും എമേഴ്സൺ പ്രകൃതി മനുഷ്യന്റെ അനുഭവത്തോടും ബോധത്തോടും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അന്വേഷിക്കുന്നു. പ്രകൃതി സത്യങ്ങളുടെ പ്രതിഫലനമാണെന്നും പ്രകൃതിയെ മനസിലാക്കുന്നത് വ്യക്തിപരവും ദാർശനികവുമായ പ്രബുദ്ധതയിലേക്ക് നയിക്കുമെന്നും അദ്ദേഹം വാദിക്കുന്നു. എമേഴ്സൺ പ്രകൃതിയെ മനുഷ്യപ്രവർത്തനങ്ങളുടെ കേവലം പശ്ചാത്തലമായി കാണുന്നതിനുപകരം ജീവനുള്ളതും ചലനാത്മകവുമായ ഒരു അസ്തിത്വമായാണ് വീക്ഷിച്ചത്. മനുഷ്യരും പ്രകൃതിയും തമ്മിലുള്ള അന്തർലീനമായ ബന്ധത്തിൽ അദ്ദേഹം വിശ്വസിച്ചു.

- മനുഷ്യരും പ്രകൃതിയും തമ്മിലുള്ള അന്തർലീനമായ ബന്ധം

പ്രകൃതി, മനുഷ്യന്റെ ചിന്തയെയും സംസ്കാരത്തെയും രൂപപ്പെടുത്തുന്നതിൽ സുപ്രധാനവും ചലനാത്മകവുമായ സ്വാധീനം ചെലുത്തുന്ന ശക്തികൂടിയാണെന്ന വിശ്വാസത്തിന് അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ അടിവരയിടുന്നു. പ്രകൃതിയെ മനസിലാക്കുന്നത്, തന്നെയും പ്രപഞ്ചത്തെയും കുറിച്ച് ആഴത്തിലുള്ള ധാരണയിലേക്ക് നയിക്കുമെന്ന് അദ്ദേഹം വാദിച്ചു. സ്വാശ്രയത്തിനും ലാളിത്യത്തിനു വേണ്ടിയുള്ള എമേഴ്സന്റെ വാദത്തിൽ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാനുള്ള ആഹ്വാനം ഉൾപ്പെടുന്നു. വ്യക്തിഗത വളർച്ചയും സാമൂഹിക പുരോഗതിയും പ്രകൃതിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചു. തന്റെ 'The Over-Soul' എന്ന ലേഖനത്തിൽ, എല്ലാ ജീവജാലങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു സാർവത്രിക ചൈതന്യത്തെക്കുറിച്ച് എമേഴ്സൺ വിവരിക്കുന്നു. ഈ ആശയം മനുഷ്യരുടെയും പ്രകൃതിയുടെയും പരസ്പരബന്ധത്തെ അടിവരയിടുന്നു. പ്രകൃതിയെ ദ്രോഹിക്കുന്നത് ആത്യന്തികമായി മനുഷ്യരാശിയെ ദോഷകരമായി ബാധിക്കുമെന്ന് സൂചിപ്പിക്കുന്നു. ജ്ഞാനവും ധാർമിക മാർഗനിർദേശവും നൽകാൻ കഴിവുള്ള ഒരു അധ്യാപകനായിട്ടാണ് എമേഴ്സൺ പ്രകൃതിയെ വീക്ഷിച്ചത്. പ്രകൃതിയെ നിരീക്ഷിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നതിലൂടെ വ്യക്തികൾക്ക് ഉയർന്നബോധവും ധാർമിക ജീവിതവും കൈവരിക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. ഇപ്രകാരം എമേഴ്സന്റെ സമീപനം പ്രകൃതിയെക്കുറിച്ചുള്ള സമഗ്രമായ കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കുന്നതിലൂടെ പരിസ്ഥിതിവാദത്തെ പൂർത്തീകരിക്കുന്നു.

- പ്രകൃതി ജ്ഞാനവും ധാർമികമാർഗനിർദേശവും നൽകുന്ന അധ്യാപകൻ

മാർഗരറ്റ് ഫുള്ളർ (Margaret Fuller)


മാർഗരറ്റ് ഫുള്ളർ

അമേരിക്കൻ പത്രപ്രവർത്തകയും സ്ത്രീകളുടെ അവകാശ പ്രവർത്തകയുമായിരുന്ന മാർഗരറ്റ് ഫുള്ളറുടെ (1810-1850) ചില ആശയങ്ങൾക്ക് ഇക്കോക്രിട്ടിസിസത്തിൽ പ്രസക്തിയുണ്ട്. പ്രകൃതിയുടെയും മാനവികതയുടെയും പരസ്പരബന്ധത്തിൽ ഫുള്ളർ വിശ്വസിച്ചു. അതീന്ദ്രിയതയും ഇക്കോക്രിട്ടിസിസവും കേന്ദ്രപ്രമേയമാകുന്ന ഫുള്ളറിന്റെ കൃതികൾ പലപ്പോഴും പ്രകൃതിയെ മനസിലാക്കുന്നത് സ്വയംബോധം വികസിക്കുന്നതിലേക്കും ആത്മീയ വളർച്ചയിലേക്കും നയിക്കുമെന്ന ആശയം പ്രതിഫലിപ്പിക്കുന്നു. ഫുള്ളർ പ്രകൃതിയെ പ്രചോദനത്തിന്റെയും ജ്ഞാനത്തിന്റെയും അഗാധമായ ഉറവിടമായി കണ്ടു. മനുഷ്യന്റെ സർഗാത്മകതയിലും ബൗദ്ധിക വികാസത്തിലും പ്രകൃതിയുടെ പങ്ക് ഫുള്ളർ ഊന്നിപ്പറയുന്നു. സ്ത്രീകളുടെ അവകാശങ്ങളുടെയും പാരിസ്ഥിതിക അവബോധത്തിന്റെയും വക്താവെന്ന നിലയിൽ ഫുള്ളർ പരിസ്ഥിതിബോധം ഉൾപ്പെടുന്ന സാമൂഹിക പരിഷ്കരണത്തെക്കുറിച്ച് വിശാലമായ കാഴ്ചപ്പാട് പുലർത്തി. സുസ്ഥിരതയിലും പാരിസ്ഥിതിക സന്തുലിതാവസ്ഥയിലും ഊന്നുകയും അതോടൊപ്പം പാരിസ്ഥിതിക ഊന്നലിന് സമാന്തരമായുള്ള മികച്ച ഒരു മനുഷ്യ-പ്രകൃതിബന്ധത്തിനായി വാദിക്കുകയും ചെയ്തു. വ്യവസായവൽകരണത്തിന്റെ ആഘാതം രൂക്ഷം ആകുന്നതിന് മുമ്പാണ് ഫുള്ളർ രചനയിൽ ഏർപ്പെട്ടതെങ്കിലും, വ്യാവസായിക പുരോഗതിയുടെ മനുഷ്യത്വരഹിതമായ വശങ്ങളെക്കുറിച്ചുള്ള ഫുള്ളറുടെ ഉത്കണ്ഠ പിൽക്കാല പാരിസ്ഥിതിക വിമർശനങ്ങളുമായി യോജിക്കുന്നു.

- പ്രകൃതിയെ പ്രചോദനത്തിന്റെയും ജ്ഞാനത്തിന്റെയും ഉറവിടമായി കണ്ടു

ഹെൻറി ഡേവിഡ് തോറോ (Henry David Thoreau)


ഹെൻറി ഡേവിഡ് തോറോ

അമേരിക്കൻ അതീന്ദ്രിയവാദിയും പ്രകൃതിശാസ്ത്രജ്ഞനുമായ ഹെൻറി ഡേവിഡ് തോറോ തന്റെ നിരീക്ഷണങ്ങളിലൂടെയും രചനകളിലൂടെയും പാരിസ്ഥിതിക ചിന്തകൾക്ക് ഗണ്യമായ സംഭാവന നൽകി. പരിസ്ഥിതി സംരക്ഷണത്തിന്റെ ആദ്യകാല വക്താവായിരുന്നു തോറോ. വ്യവസായവൽക്കരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനങ്ങളും, പരിസ്ഥിതിയിൽ മനുഷ്യന്റെ പ്രവർത്തനത്തിന്റെ സ്വാധീനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും ആധുനിക പാരിസ്ഥിതിക ആശങ്കകളുമായി ചേർന്നുപോകുന്നു. അദ്ദേഹത്തിന്റെ കൃതികൾ പ്രത്യേകിച്ച് 'വാൾഡൻ', 'സിവിൽ ഡിസോബിഡിയൻസ്' എന്നിവ പാരിസ്ഥിതിക ചിന്തയെ സ്വാധീനിച്ച അടിസ്ഥാന ആശയങ്ങൾ നൽകുന്നു. 'വാൾഡൻ' എന്ന രചനയിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ പ്രകൃതിയെക്കുറിച്ചുള്ള തോറോയുടെ വിശദമായ നിരീക്ഷണങ്ങൾ ആവാസവ്യവസ്ഥയുടെ പരസ്പര ബന്ധത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നു.

കാലാനുസൃതമായ മാറ്റങ്ങൾ, മൃഗങ്ങളുടെ പെരുമാറ്റം, സസ്യജീവിതം എന്നിവയുടെ സൂക്ഷ്മമായ റെക്കോർഡിംഗ് സ്വാഭാവിക പ്രക്രിയകൾ മനസിലാക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നു 'വാൾഡനി'ൽ. മനുഷ്യാത്മാവിന്റെ ആന്തരിക പ്രവർത്തനങ്ങളെ പ്രകൃതി പ്രതിഫലിപ്പിക്കുന്നു എന്ന ആശയം തോറോ വിശകലനം ചെയ്യുന്നു. പ്രകൃതിയിൽ മുഴുകിയാൽ വ്യക്തികൾക്ക് സ്വന്തം ജീവിതത്തിലേക്കും ആത്മീയതയിലേക്കും ഉൾക്കാഴ്ച ലഭിക്കുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

- ആവാസവ്യവസ്ഥയുടെ പരസ്പര ബന്ധത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ

പ്രകൃതിയുമായി അടുത്ത ബന്ധം പുലർത്തുന്നത് കൂടുതൽ അർഥവത്തായതും സംതൃപ്തവുമായ ജീവിതത്തിലേക്ക് നയിക്കുമെന്ന് വിശ്വസിക്കുന്ന തോറോ ലളിതവും ചുരുങ്ങിയതുമായ ജീവിതശൈലിക്ക് വേണ്ടി വാദിച്ചു. ഭൗതിക വസ്തുക്കളോടുള്ള ആശ്രിതത്വം കുറയ്ക്കുകയും പ്രകൃതിയുമായി അടുത്ത ബന്ധം വളർത്തുകയും ചെയ്യുന്ന ലളിതവും ചുരുങ്ങിയതുമായ ജീവിതശൈലിക്ക് വേണ്ടി തോറോ വാദിക്കുന്നു. ഈ ആശയം വാൾഡൻ പോണ്ടിലെ അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രകടമാണ്. അവിടെ അദ്ദേഹം ഒരു ചെറിയ ക്യാബിൻ നിർമിക്കുകയും ചുരുങ്ങിയ ഭൗതികവസ്തുക്കളുമായി ജീവിക്കുകയും ചെയ്തു. ലാളിത്യത്തിനുള്ള അദ്ദേഹത്തിന്റെ ഊന്നൽ വിശാലമായ പാരിസ്ഥിതിക അവബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു.

- പ്രകൃതിയിൽ മുഴുകിയാൽ ആത്മീയതയിലേക്കുള്ള ഉൾക്കാഴ്ച ലഭിക്കുമെന്ന വിശ്വാസം

മനുഷ്യന്റെ പ്രവർത്തനങ്ങൾ പലപ്പോഴും പ്രകൃതി സന്തുലിതാവസ്ഥയെ തടസപ്പെടുത്തുന്നുവെന്ന് അദ്ദേഹം തിരിച്ചറിയുന്നു. തോറോയുടെ രചനകൾ എല്ലാ ജീവജാലങ്ങളുടെയും പരസ്പരാശ്രിതത്വത്തെക്കുറിച്ചുള്ള ധാരണയെ പ്രതിഫലിപ്പിക്കുന്നു. മനുഷ്യരെ പ്രകൃതിലോകത്തിൽ നിന്ന് വേർപെടുത്തുന്നതിനുപകരം അതിന്റെ അവിഭാജ്യഘടകമായി അദ്ദേഹം കണ്ടു, പ്രകൃതിയെ ബഹുമാനിക്കുകയും പ്രകൃതിയുമായി ഇണങ്ങി ജീവിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. പ്രകൃതിയെക്കുറിച്ചുള്ള തോറോയുടെ വിശകലനത്തിൽ മനുഷ്യർ പരിസ്ഥിതിയുമായി എങ്ങനെ ഇടപഴകണം എന്നതിനെക്കുറിച്ചുള്ള ധാർമിക പരിഗണനകൾ ഉൾക്കൊള്ളുന്നു. തോറോ എല്ലാ ജീവജാലങ്ങളുടെയും പരിസ്ഥിതിയുടെയും പരസ്പരബന്ധത്തിന് ഊന്നൽ നൽകുന്നു. മനുഷ്യർ പ്രകൃതിയിൽ നിന്ന് വേറിട്ട് നിൽക്കുന്നവരല്ല, മറിച്ച് ഒരു വലിയ പാരിസ്ഥിതിക വ്യവസ്ഥയുടെ ഭാഗമാണെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. ആധുനിക പാരിസ്ഥിതിക ചിന്തയുടെ അടിസ്ഥാനമായ ആശയമാണിത്. വ്യവസായവൽക്കരണത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും പ്രതികൂല പ്രത്യാഘാതങ്ങളെ തോറോ വിമർശിക്കുന്നു. പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനും വ്യവസായവൽക്കരണം മൂലം പ്രകൃതിയിൽനിന്ന് ആളുകൾ അന്യവൽക്കരിക്കപ്പെടുന്നതിനും എതിരെ അദ്ദേഹം മുന്നറിയിപ്പ് നൽകുന്നു. തോറോയുടെ പ്രവർത്തനങ്ങൾ ഭാവിയിലെ പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് അടിത്തറയിട്ടു, അവയിൽ പലതും ഇന്നും പാരിസ്ഥിതിക ചിന്തയെ സ്വാധീനിക്കുന്നു.

- മനുഷ്യർ പ്രകൃതിയുടെ, ഒരു വലിയ പാരിസ്ഥിതിക വ്യവസ്ഥയുടെ ഭാഗമാണ്

Summarised Overview

ആധുനികതയുടെ ഒരു വിമർശനമെന്ന നിലയിൽ പരിസ്ഥിതിവാദം വ്യവസായവൽക്കരണത്തിന്റെയും സാങ്കേതിക പുരോഗതിയുടെയും ഫലങ്ങൾ പ്രകൃതി ലോകത്തിൽ ചെലുത്തുന്ന സ്വാധീനത്തെ ചോദ്യം ചെയ്യുന്നു. പാരിസ്ഥിതിക സുസ്ഥിരതയേക്കാൾ സാമ്പത്തിക വളർച്ചയ്ക്കും സാങ്കേതിക മുന്നേറ്റത്തിനും മുൻഗണന നൽകുന്ന ആധുനികതയുടെ ആധിപത്യ ആഖ്യാനങ്ങളെ ഇത് വെല്ലുവിളിക്കുന്നു. ആധുനിക സമ്പ്രദായങ്ങൾ പാരിസ്ഥിതിക തകർച്ചയിലേക്ക് നയിച്ചതെങ്ങനെയെന്ന് ഈ വിമർശനം എടുത്തുകാണിക്കുകയും സമൂഹങ്ങൾ പ്രകൃതിയുമായി എങ്ങനെ ഇടപഴകുന്നു എന്നതിന്റെ പുനർമൂല്യനിർണയം ആവശ്യപ്പെടുകയും ചെയ്യുന്നു.

'സൈലന്റ് സ്പ്രിംഗ്' (നിശബ്ദ വസന്തം) എന്ന ശ്രദ്ധേയമായ കൃതിയിലൂടെ റേച്ചൽ കാഴ്സൺ പരിസ്ഥിതിവാദത്തിന് കാര്യമായ സംഭാവനകൾ നൽകി. കാഴ്സന്റെ പുസ്തകം കീടനാശിനി ഉപയോഗത്തിന്റെ അപകടങ്ങളും ആവാസവ്യവസ്ഥയിൽ അതിന്റെ സ്വാധീനവും തുറന്നുകാട്ടി, സാങ്കേതികവിദ്യയുടെയും രാസവസ്തുക്കളുടെയും അനിയന്ത്രിതമായ ഉപയോഗത്തിലുള്ള ആധുനിക വിശ്വാസത്തെ വെല്ലുവിളിച്ചു. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പൊതുജന അവബോധം വളർത്തുന്നതിലും ആധുനിക പാരിസ്ഥിതിക പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും അവരുടെ പ്രവർത്തനങ്ങൾ നിർണായക പങ്ക് വഹിച്ചു.

ഒരു പഠനമേഖലയായി ഉയർന്നുവന്ന പരിസ്ഥിതി വിമർശനം സാഹിത്യത്തെയും സംസ്കാരത്തെയും പാരിസ്ഥിതിക വീക്ഷണത്തിലൂടെ പരിശോധിക്കുന്നു. പ്രകൃതിയെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും കുറിച്ചുള്ള കാഴ്ചപ്പാടുകളെ ഗ്രന്ഥങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നുവെന്ന് ഇത് അന്വേഷിക്കുന്നു. എമേഴ്സ്, മാർഗരറ്റ് ഫുള്ളർ, ഹെൻറി ഡേവിഡ് തോറോ തുടങ്ങിയ പരിസ്ഥിതി വിമർശനത്തിലെ പ്രധാന വ്യക്തികൾ ഈ സംവാദത്തിന് സംഭാവന നൽകിയിട്ടുണ്ട്. സ്ത്രീകളുടെ അവകാശങ്ങൾക്കും പാരിസ്ഥിതിക അവബോധത്തിനും വേണ്ടിയുള്ള ആദ്യകാല അഭിഭാഷകയായ മാർഗരറ്റ് ഫുള്ളർ തന്റെ രചനകളിൽ മാനുഷികവും പ്രകൃതിപരവുമായ ലോകങ്ങളുടെ പരസ്പരബന്ധത്തിന് ഊന്നൽ നൽകി. 'വാൾഡൻ' എന്ന കൃതിയിലൂടെ പ്രശസ്തനായ തോറോ, പ്രകൃതിയുടെയും സ്വാശ്രയത്വത്തിന്റെയും വിഷയങ്ങൾ വിശകലനം ചെയ്യുകയും ആധുനിക സമൂഹത്തിന്റെ പ്രകൃതിയിൽ നിന്നുള്ള വിച്ഛേദത്തെ വിമർശിക്കുകയും ചെയ്തു. ലളിതമായ ജീവിതത്തെയും പ്രകൃതി നിരീക്ഷണത്തെയും കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രതിഫലനങ്ങൾ പാരിസ്ഥിതിക ചിന്തയെ സ്വാധീനിക്കുന്നു. ഈ ചിന്തകരും പ്രസ്ഥാനങ്ങളും ഒരുമിച്ച് പരിസ്ഥിതിവാദവും ആധുനികതയും തമ്മിലുള്ള സംഭാഷണത്തെ ഉയർത്തിക്കാട്ടുന്നു. ആധുനിക സമ്പ്രദായങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും വിമർശനങ്ങൾ മനുഷ്യന്റെയും പാരിസ്ഥിതിക ആശങ്കകളോട് കൂടുതൽ സുസ്ഥിരവും തുല്യവുമായ സമീപനത്തിലേക്ക് എങ്ങനെ നയിക്കുമെന്ന് വിശദീകരിക്കുന്നു.

പ്രമുഖ ഫെമിനിസ്റ്റ് ചിന്തകയായ സിമോൺ ഡി ബുവാ അസ്തിത്വവാദത്തെയും ലിംഗസമത്വത്തെയും കുറിച്ചുള്ള വിമർശനത്തിന്റെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക ആശങ്കകളെ അഭിസംബോധന ചെയ്തു. പ്രാഥമികമായി ലിംഗഭേദത്തെയും അസ്തിത്വവാദത്തെയും കുറിച്ചുള്ള കൃതികൾക്ക് പേരുകേട്ടതാണെങ്കിലും, യുക്തിവാദത്തിനും പുരോഗതിക്കും നൽകുന്ന ആധുനികതയുടെ ഊന്നൽ സ്ത്രീകളെയും പാരിസ്ഥിതിക പരിഗണനകളെയും എങ്ങനെ പാർശ്വവത്കരിക്കുമെന്നതിനെക്കുറിച്ചും സിമോൺ ഡി ബ്യൂവേയുടെ രചനകൾ സ്പർശിക്കുന്നു. സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളുടെ പരസ്പരബന്ധം മനസിലാക്കുന്നതിനുള്ള കൂടുതൽ സംയോജിത സമീപനത്തെ അവരുടെ കാഴ്ചപ്പാട് പ്രോത്സാഹിപ്പിക്കുന്നു.

Assignments

1. എമേഴ്സൺ, ഹെൻറി ഡേവിഡ്തോറോ എന്നിവരുടെ നിരീക്ഷണങ്ങളെ കുറിച്ച് വിവരിക്കുക.
2. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി ആധുനികതാ വിമർശന പദ്ധതിയുടെ കാഴ്ചപ്പാടുകൾ വിലയിരുത്തുക.
3. പരിസ്ഥിതിവാദവും സ്ത്രീവാദവും സമകാലിക വിമർശനരീതികളെ മുൻനിർത്തി വിശകലനം ചെയ്യുക.
4. റേച്ചൽ കാഴ്സന്റെ പരിസ്ഥിതി വിമർശന കാഴ്ചപ്പാടുകൾ അപഗ്രഥിക്കുക.
5. മാർഗരറ്റ് ഫുള്ളർ, തോറോ തുടങ്ങിയവരുടെ പാരിസ്ഥിതിക കാഴ്ചപ്പാടുകളും നിരീക്ഷണങ്ങളും ചർച്ച ചെയ്യുക.

Suggested Reading

1. മലയാള പഠനസംഘം, സംസ്കാരപഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. ഷാജി ജേക്കബ്, ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
3. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2011.
4. ടി. ശ്രീവത്സൻ, നവമനോവിശ്ലേഷണം, ഡി.സി. ബുക്സ് കോട്ടയം, 2000.

References

1. ഷാജി ജേക്കബ്, സാംസ്കാരികവിമർശനവും മലയാളഭാവനയും (സമ്പാ.) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014.
2. ജാൻസി ജയിംസ്(എഡിറ്റർ), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ജി. മധുസൂദനൻ (എഡിറ്റർ), ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.
4. മലയാള പഠനസംഘം (സമ്പ), സംസ്കാര പഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം, കറന്റ് ബുക്സ്, കോട്ടയം, 2007.
5. നെല്ലിക്കൽ മുരളീധരൻ, വിശ്വസാഹിത്യ ദർശനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 2011.

Space for Learner Engagement for Objective Questions

Learners are encouraged to develop objective questions based on the content in the paragraph as a sign of their comprehension of the content. The Learners may reflect on the recap bullets and relate their understanding with the narrative in order to frame objective questions from the given text. The University expects that 1 - 2 questions are developed for each paragraph. The space given below can be used for listing the questions.

SGOU

Unit 4

പാരിസ്ഥിതിക സ്ത്രീവാദം

Learning Outcomes

- ഇക്കോ ക്രിട്ടിസിസത്തെ പറ്റി വിശകലനം ചെയ്യുന്നു
- ബ്രിട്ടീഷ് റൊമാന്റിക് ഗ്രീൻസ്റ്റഡീസിനെപ്പറ്റി ഗ്രഹിക്കുന്നു
- ലൈറ്റ് ഗ്രീൻസ്, ഡാർക്ക് ഗ്രീൻസ് എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നു
- കേറ്റ് സോപ്പറിന്റെ പ്രകൃതിസിദ്ധാന്തങ്ങളെപ്പറ്റി വിലയിരുത്തുന്നു
- സാമൂഹിക നിർമിതിവാദത്തെ പറ്റി അറിയുന്നു
- ഭാഷാപര നിർണയവാദത്തെ വിലയിരുത്തുന്നു
- പാരിസ്ഥിതികസ്ത്രീവാദത്തെ വിശകലനം ചെയ്യുന്നു
- ദലിത് പരിപ്രേഷ്യം ചർച്ച ചെയ്യുന്നു

Background

സാഹിത്യവും സംസ്കാരവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന സാഹിത്യ സാംസ്കാരിക നിരൂപണത്തിന്റെ ഒരു അന്തർ വൈജ്ഞാനിക മേഖലയാണ് ഇക്കോ ക്രിട്ടിസിസം. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വളർന്നുവന്ന പാരിസ്ഥിതിക അവബോധത്തോടുള്ള പ്രതികരണമായും പ്രകൃതിയുടെ മേൽ മനുഷ്യന്റെ പ്രവർത്തനങ്ങളുടെ സ്വാധീനത്തെക്കുറിച്ചുള്ള ആശങ്കകളായും ഇത് ഉയർന്നുവന്നു. സാഹിത്യവും മറ്റ് സാംസ്കാരിക ഗ്രന്ഥങ്ങളും പരിസ്ഥിതിയെ എങ്ങനെ പ്രതിനിധീകരിക്കുന്നു എന്നും പ്രകൃതിയുമായുള്ള മനുഷ്യന്റെ ഇടപെടൽ അവയിൽ എങ്ങനെ ചിത്രീകരിക്കപ്പെടുന്നുവെന്നും ഈ ചിത്രീകരണങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചുള്ള നമ്മുടെ ധാരണയെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും മനസിലാക്കാൻ ഇക്കോക്രിട്ടിസിസം ശ്രമിക്കുന്നു. പാരിസ്ഥിതിക മൂല്യങ്ങളെയും മനോഭാവങ്ങളെയും സാഹിത്യം എങ്ങനെ പ്രതിഫലിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നു എന്ന് വിശകലനം ചെയ്യാൻ ഇക്കോക്രിട്ടിസിസം, തത്വചിന്ത, പരിസ്ഥിതി ശാസ്ത്രം സസ്യശാസ്ത്രം തുടങ്ങി വിവിധ ജ്ഞാനമേഖലകളുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഒരു അന്തർവൈജ്ഞാനിക സമീപനം സ്വീകരിക്കുന്നു. പ്രപഞ്ചവും ഭൂപ്രകൃതിയും അതിലെ മനുഷ്യ-മനുഷ്യേതര സത്തകളും ആഖ്യാനവുമായുള്ള ബന്ധത്തെ ഇഴപിരിച്ച് പഠിക്കുക എന്നത് ഹരിതനിരൂപണത്തിലെ ഒരു മുഖ്യധാരയാണ്.

ബ്രിട്ടീഷ് ഗ്രന്ഥകാരന്മാരും ചിന്തകരും പ്രകൃതി, പരിസ്ഥിതി, പാരിസ്ഥിതികവാദം തുടങ്ങിയ വിഷയങ്ങളിൽ എങ്ങനെ ഇടപെട്ടുവെന്ന് പരിശോധിക്കുന്നു. ബ്രിട്ടീഷ് സാഹിത്യം പാരിസ്ഥിതിക മനോഭാവങ്ങളെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു അല്ലെങ്കിൽ സ്വാധീനിക്കുന്നു, ബ്രിട്ടീഷ് എഴുത്തിലെ പ്രകൃതിദൃശ്യങ്ങളുടെയും പ്രകൃതിയുടെയും പ്രാതിനിധ്യം, ബ്രിട്ടീഷ് സാംസ്കാരിക വിവരണങ്ങളിൽ പാരിസ്ഥിതിക മാറ്റങ്ങളുടെ സ്വാധീനം എന്നിവയുൾപ്പെടെ

നിരവധി വിഷയങ്ങൾ ബ്രിട്ടീഷ് റൊമാന്റിക് ഗ്രീൻ സ്റ്റഡീസ് എന്ന മേഖല ഉൾക്കൊള്ളുന്നു. റൊമാന്റിസിസവും ഇക്കോക്രിട്ടിസിസവും വ്യത്യസ്തവും എന്നാൽ പരസ്പരം ബന്ധപ്പെട്ടതുമായ രണ്ട് സാഹിത്യ പഠനമേഖലകളാണ്. പ്രകൃതിയെ എങ്ങനെ ചിത്രീകരിക്കുന്നുവെന്നും ഗ്രന്ഥങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ എങ്ങനെ അഭിസംബോധന ചെയ്യപ്പെടുന്നുവെന്നും പരിഗണിച്ച് സാഹിത്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പരിശോധിക്കുക എന്നത് ഇക്കോക്രിട്ടിസിസത്തിന്റെ പ്രയോഗരീതിയാണ്.

'സാമൂഹികനിർമിതിവാദം' എന്നത് സാമൂഹ്യശാസ്ത്രത്തിലും മനഃശാസ്ത്രത്തിലും ഉള്ള ഒരു സിദ്ധാന്തമാണ്. അത് യാഥാർഥ്യമായി നാം കരുതുന്ന പലതും സാമൂഹികമായി നിർമിച്ചതാണെന്ന് സൂചിപ്പിക്കുന്നു. സങ്കൽപ്പങ്ങൾ, സ്വത്വങ്ങൾ, പരിസ്ഥിതി എന്നിവയെക്കുറിച്ചുള്ള നമ്മുടെ ഗ്രാഹ്യങ്ങൾ പൂർണമായും വസ്തുനിഷ്ഠമോ സ്വാഭാവികമോ എന്നതിലുപരി സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ സന്ദർഭങ്ങളാൽ രൂപപ്പെട്ടതാണ് എന്നാണ് ഇതിനർഥം. അറിവ് വസ്തുനിഷ്ഠമോ സാർവത്രികമോ ആയി കാണുന്നില്ല, പകരം അത് വികസിപ്പിച്ചെടുത്ത സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തെ ആശ്രയിച്ചിരിക്കുന്നു. ഈ യാഥാർഥ്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ മനുഷ്യഏജൻസി, ഭാഷ, ശക്തി എന്നിവയുടെ പങ്ക് സോഷ്യൽ കൺസ്ട്രക്റ്റിവിസം ഊന്നിപ്പറയുന്നു. സാമൂഹിക പ്രക്രിയകളിലൂടെയാണ് യാഥാർഥ്യം നിർമിക്കപ്പെടുന്നത്. ആളുകൾ സാമൂഹിക മാനദണ്ഡങ്ങളും മൂല്യങ്ങളും സ്ഥാപനങ്ങളും സൃഷ്ടിക്കുന്നു, അത് യാഥാർഥ്യത്തെക്കുറിച്ചുള്ള അവരുടെ ധാരണകളും അനുഭവങ്ങളും രൂപപ്പെടുത്തുന്നു.

പാരിസ്ഥിതിക സ്ത്രീവാദവുമായുള്ള കെയ്റ്റ് സോപ്പറിന്റെ ഇടപെടൽ പരമ്പരാഗത പരിസ്ഥിതിവാദത്തെയും അതിന്റെ ചില രൂപങ്ങളെയും കുറിച്ചുള്ള സൂക്ഷ്മമായ വിമർശനം നൽകുന്നു. പരമ്പരാഗത പാരിസ്ഥിതികവാദം പലപ്പോഴും പുരുഷമേധാവിത്വപരമാണെന്നും പാരിസ്ഥിതിക പ്രശ്നങ്ങളുടെ ലിംഗപരമായ മാനങ്ങളെ അഭിസംബോധന ചെയ്യുന്നതിൽ അത് പരാജയപ്പെട്ടുവെന്നും അവർ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിന് പല പാരിസ്ഥിതിക പ്രസ്ഥാനങ്ങളും ചരിത്രപരമായി സ്ത്രീകളുടെ ശബ്ദങ്ങളെ പാർശ്വവത്കരിക്കുകയും പാരിസ്ഥിതിക തകർച്ച സ്ത്രീകളെ ആനുപാതികമായി ബാധിക്കുന്ന രീതികളെ അവഗണിക്കുകയും ചെയ്തു. പ്രത്യേകിച്ചും വികസ്വരരാജ്യങ്ങളിൽ സ്ത്രീകൾ അവരുടെ ഉപജീവനത്തിനായി പ്രകൃതിവിഭവങ്ങളെ നേരിട്ട് ആശ്രയിക്കുന്നു. സ്ത്രീചൂഷണത്തെയും പരിസ്ഥിതിയുടെ അധഃപതനത്തെയും ആധിപത്യം, നിയന്ത്രണം, ചൂഷണം എന്നിവയെ വിലമതിക്കുന്ന പുരുഷാധിപത്യ വ്യവസ്ഥകളുമായി ഇക്കോഫെമിനിസ്റ്റുകൾ എങ്ങനെ ബന്ധിപ്പിക്കുന്നുവെന്ന് സോപ്പർ ചർച്ച ചെയ്യുന്നു. പരിചരണത്തിന്റെ ഇക്കോഫെമിനിസ്റ്റ് ധാർമികതയെ അവർ ഉയർത്തിക്കാട്ടുന്നു. ഇത് ആളുകളോടും പരിസ്ഥിതിയോടുമുള്ള പരിപോഷണം, ബന്ധാത്മകത, ഉത്തരവാദിത്തം എന്നിവയ്ക്ക് ഊന്നൽ നൽകുന്നു. സ്വയംഭരണം, മത്സരം, നിയന്ത്രണം എന്നിവയ്ക്ക് മുൻഗണന നൽകുന്ന പ്രബലമായ പുരുഷാധിപത്യ ധാർമികതയിൽ നിന്നും ഈ ധാർമികത വ്യത്യസ്തമാണ്. എന്നിരുന്നാലും, പ്രകൃതിയുമായുള്ള സ്ത്രീകളുടെ അന്തർലീനമായ അടുപ്പത്തെക്കുറിച്ചുള്ള അവശ്യആശയങ്ങളെ ആശ്രയിക്കുന്ന ഇക്കോഫെമിനിസത്തിന്റെ രൂപങ്ങളെ സോപ്പർ വിമർശിക്കുന്നു. ഫെമിനിസ്റ്റ് സിദ്ധാന്തം തകർക്കാൻ ശ്രമിക്കുന്ന ലിംഗപരമായ സ്റ്റീരിയോടൈപ്പുകളെ അശ്രദ്ധമായി ശക്തിപ്പെടുത്താൻ ഈ കാഴ്ചപ്പാടുകൾക്ക് കഴിയുമെന്ന് കെയ്റ്റ്സോപ്പർ വാദിക്കുന്നു.

Keywords

ഇക്കോക്രിട്ടിസിസം-വില്യം റൂക്കർട്ട്-ബ്രിട്ടീഷ്- റൊമാൻറിക്-ഗ്രീൻ സ്റ്റഡീസ്-ജോനാഥൻ ബെയ്റ്റ്-ലൈറ്റ് ഗ്രീൻസ്-ഡാർക്ക് ഗ്രീൻസ് -കെയ്റ്റ്സോപ്പർ-എന്താണ് പ്രകൃതി-പ്രകൃതി സംസ്കാരദ്വന്ദ്വം-സാമൂഹിക നിർമിതവാദം-ഭാഷാപരനിർണയവാദം-ഇവയ്ക്കെതിരെ അന്തർ വൈജ്ഞാനികസമീപനം-പാരിസ്ഥിതികസ്ത്രീവാദം-ദലിത് പരിപ്രേക്ഷ്യം

Discussion

ഇക്കോക്രിട്ടിസിസം (Ecocriticism)

ഇക്കോക്രിട്ടിസിസം നരവംശ കേന്ദ്രീകൃത (മനുഷ്യകേന്ദ്രീകൃത) വീക്ഷണങ്ങളെ വെല്ലുവിളിക്കുന്നു. പാരിസ്ഥിതിക നീതിയുടെ പ്രശ്നങ്ങൾ പരിശോധിക്കുകയും, പാരിസ്ഥിതിക തകർച്ച പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ എങ്ങനെ ബാധിക്കുന്നുവെന്നും സാഹിത്യം ഈ അസമത്വങ്ങളെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു അല്ലെങ്കിൽ വെല്ലുവിളിക്കുന്നുവെന്നും ഇക്കോ ക്രിട്ടിക്കുകൾ വിശകലനം ചെയ്യുന്നു. 1978-ലെ 'സാഹിത്യവും പരിസ്ഥിതിശാസ്ത്രവും: പാരിസ്ഥിതികവാദത്തിൽ ഒരു പരീക്ഷണം' എന്ന ലേഖനത്തിൽ വില്യം റൂക്കർട്ട് ആണ് 'ഇക്കോക്രിട്ടിസിസം' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. സാഹിത്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പരിശോധിക്കുന്ന പാരിസ്ഥിതിക പ്രസ്ഥാനത്തിന്റെ ആരംഭബിന്ദുവായി ഈ ലേഖനം പലപ്പോഴും കണക്കാക്കപ്പെടുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും പരിസ്ഥിതിശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവബോധം വളർത്തുന്നതിന് സാഹിത്യത്തെ ഉപയോഗിക്കാവുന്ന വഴികളിൽ റൂക്കർട്ടിന്റെ കൃതി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റൂക്കർട്ടിന്റെ പ്രധാന ചിന്തകൾ ഇപ്രകാരമാണ്. 'ജീവിതം പോലെ സാഹിത്യവും ഊർജ കൈമാറ്റം ആണ്. സർഗഭാവനയിൽ നിന്നാണ് അതിലെ ഊർജമത്രയും വരുന്നത്'-വായനയിലൂടെ കൃതിയിലെ ഊർജം കൈമാറ്റം ചെയ്യപ്പെടുന്നു. ഒരു കാവ്യത്തിലെ സംഭരിത ഊർജം ആവർത്തിച്ചുള്ള വായനയിലൂടെ വായനക്കാരിലേക്ക് പകരുന്ന പുനരുപയോഗ ക്ഷമമായ വിഭവമാണ്. പരിസ്ഥിതിശാസ്ത്രത്തിലെ ഒന്നാമത്തെ നിയമം (എല്ലാം മറ്റെല്ലാമായും ബന്ധപ്പെട്ടിരിക്കുന്നു എന്നത്) പ്രകൃതിയെ പോലെ കാവ്യങ്ങൾക്കും ബാധകമാണ് - സാഹിത്യത്തിന്റെ ഏറ്റവും ഉന്നതമായ ലക്ഷ്യം ആനന്ദവും സത്യവും തേടലല്ല സർഗപരതയും സഹജീവനവും ആണ്. കവികൾ സൂര്യന്മാരും കവിത ഹരിതനിറത്തിലെ ചെടികളുമാണ്. കവിയെന്ന സൂര്യന്റെ ഊർജം ശേഖരിച്ചുവയ്ക്കുന്ന ചെടികളാണ് കാവ്യങ്ങൾ (ജി.മധുസൂദനൻ, ആധുനികാനന്തര മലയാളസാഹിത്യവിമർശനം, എഡി. ഷാജി ജേക്കബ്)

> കവിയെന്ന സൂര്യന്റെ ഊർജ്ജം ശേഖരിച്ചുവയ്ക്കുന്ന ചെടികളാണ് കാവ്യങ്ങൾ

സാഹിത്യപഠനത്തിൽ ഇക്കോളജിയും പാരിസ്ഥിതികതത്വങ്ങളും ഉപയോഗിക്കുന്നത് എങ്ങനെയെന്ന് പരീക്ഷിക്കുവാനാണ് തന്റെ ശ്രമം എന്നും, കാരണം നാം എല്ലാം ജീവിക്കുന്ന ലോകത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്കും ഭാവിക്കും ഏറ്റവും പ്രസക്തമായ വിഷയമാണ് ഇക്കോ

ളജി എന്നും റുക്കർട്ട് വിശദമാക്കി. ഷെരിൽ ഗ്ലോഫെൽറ്റി ഇക്കോ ക്രിട്ടിസിസത്തെ നിർവചിക്കുന്നത് ഇനി പറയുന്ന വിധമാണ് "മനുഷ്യൻ പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയും അതിനെ സ്വാധീനിക്കുന്നത് പോലെ തന്നെ അതിനാൽ സ്വാധീനിക്കപ്പെടുകയും ചെയ്യുന്നു. പ്രകൃതിയും സംസ്കാരവും ആയുള്ള ബന്ധത്തിന്റെ കെട്ടുപാടുകൾ ഇക്കോക്രിട്ടിസിസം അന്വേഷിക്കുന്നു. ഒരു വിമർശന സമീപനം എന്ന നിലയിൽ അതിന്റെ ഒരു പാത സാഹിത്യത്തിലും മറ്റൊന്ന് ഭൂമിയിലുമാണ്. ഒരു സൈദ്ധാന്തിക വ്യവഹാരമെന്ന നിലയിൽ അത് ഒരേസമയം മനുഷ്യരും മനുഷ്യേതരസത്തകളുമായി ബന്ധപ്പെട്ട് വർത്തിക്കുന്നു,'' "പ്രപഞ്ചവും മനുഷ്യചേതനയുമായുള്ള ചാർച്ചയും ഭൂമിശാസ്ത്രവും ഭൂദൃശ്യങ്ങളും സാഹിത്യവുമായുള്ള ബന്ധത്തിന്റെ പഠനങ്ങളും മുതൽ ഘടനാവാദാനന്തര സങ്കേതങ്ങൾ ഉപയോഗിച്ച് നവീനകലയെ കുറിച്ച് നടത്തുന്ന പഠനങ്ങൾ വരെ ഉൾക്കൊള്ളാൻ കഴിയുന്ന ഒരു വലിയ സംരക്ഷണത്തിൽ ആയിരിക്കണം ഇക്കോക്രിട്ടിസിസം'' എന്നാണ് ഹാർവാർഡ് യൂണിവേഴ്സിറ്റി പ്രൊഫസറും നിരൂപകനുമായ പ്രൊഫസർ ലോറൻസ് ബുവൽ വിശദീകരിക്കുന്നത്.

❍ ഇക്കോളജിയും പാരിസ്ഥിതികതത്വങ്ങളും

ബ്രിട്ടീഷ് റൊമാന്റിക് ഗ്രീൻ സ്റ്റഡീസ് (British Romantic Green Studies)

ബ്രിട്ടീഷ് ഗ്രീൻ സ്റ്റഡീസ് എന്നത് ബ്രിട്ടീഷ് സാഹിത്യം, സംസ്കാരം, ചരിത്രം എന്നിവയുടെ വീക്ഷണത്തിലൂടെ പരിസ്ഥിതി വിഷയങ്ങൾ വിശകലനം ചെയ്യുന്ന ഒരു അക്കാദമിക് മേഖലയെ സൂചിപ്പിക്കുന്നു. റൊമാന്റിക് എഴുത്തുകാർ പ്രകൃതിയെ പ്രചോദനം, സൗന്ദര്യം, ആത്മീയ നവീകരണം എന്നിവയുടെ ഉറവിടമായി കാണുകയും പ്രകൃതിയുടെ വിസ്മയിപ്പിക്കുന്നതും വിശാലവും, ചിലപ്പോൾ ഭയപ്പെടുത്തുന്നതുമായ വശങ്ങളോട് ആകർഷണം പുലർത്തുകയും ചെയ്യുന്നു, റൊമാന്റിക് കൃതികളിൽ സമൃദ്ധമായി കാണുന്ന പ്രകൃതി സാന്നിധ്യവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളുടെ വിവരണവും പാരിസ്ഥിതിക വിശകലനത്തിന് വേണ്ട ഉപാധിയായി തീരുന്നു. പ്രകൃതിയെക്കുറിച്ചുള്ള ചരിത്രപരമായ വീക്ഷണങ്ങളും സമകാലിക പാരിസ്ഥിതിക ചിന്തകളെ ഇവ എങ്ങനെ സ്വാധീനിച്ചുവെന്നും മനസിലാക്കാൻ ഇക്കോക്രിട്ടിക്സ് പലപ്പോഴും റൊമാന്റിക് ഗ്രന്ഥങ്ങൾ പഠിക്കുന്നു. വില്യം വേർഡ്സ്വർത്ത്, സാമുവൽ ടെയ്ലർ, കോൾറിഡ്ജ്, ലോർഡ് ബൈറൺ, പെർസി ബൈഷെ ഷെല്ലി, ജോൺ കീറ്റ്സ് തുടങ്ങിയ പ്രമുഖ റൊമാന്റിക് കവികളുടെ കൃതികളിൽ പ്രകൃതിയും പ്രകൃതി – മനുഷ്യൻ ബന്ധവും സൂക്ഷ്മവും തീക്ഷ്ണവുമായി ആവിഷ്കരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് വേഡ്സ്വർത്തിന്റെ കൃതികൾ, പ്രകൃതിയുമായുള്ള ആഴമേറിയതും വ്യക്തിപരവുമായ ബന്ധത്തെ ഉയർത്തിക്കാട്ടുന്നതിനാൽ അവയെ പാരിസ്ഥിതിക വിശകലനത്തിനുള്ള പ്രധാന വിഷയമായി ഇക്കോക്രിട്ടിക്കുകൾ സമീപിക്കുന്നു. ഷെല്ലിയുടെ മോണ്ട് ബ്ലാങ്ക് പ്രകൃതിദൃശ്യങ്ങളുടെ ശക്തിയും നിഗൂഢതയും പരിശോധിക്കുന്നു, ഉദാത്തമായ കാല്പനിക കാഴ്ചയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വാഗ്ദാനം ചെയ്യുന്നു. കോൾറിഡ്ജിന്റെ 'ദി റിം ഓഫ് ദ ഏൻഷ്യന്റ് നാവികൻ' പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമായ പാരിസ്ഥിതിക തകർച്ചയുടെയും പ്രകൃതിയിൽ മനുഷ്യന്റെ സ്വാധീനത്തിന്റെയും വിഷയങ്ങളെ അഭിസംബോധന ചെയ്യു

- ബ്രിട്ടീഷ് സാഹിത്യം, പരിസ്ഥിതി വിഷയങ്ങൾ വിശകലനം ചെയ്യുന്നു

ന്നു. റൊമാന്റിസിസത്തിന്റെ പ്രകൃത്യാഭിമുഖ്യവും മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ വിശകലനവും അതിനെ, പരിസ്ഥിതിയെക്കുറിച്ചുള്ള ചരിത്രപരമായ മനോഭാവങ്ങളെക്കുറിച്ചും സമകാലിക പാരിസ്ഥിതിക ചിന്തകളിൽ അവയുടെ ശാശ്വതമായ സ്വാധീനത്തെക്കുറിച്ചും ഉള്ള ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുന്ന ഒരു മൂല്യവത്തായ പഠനമേഖലയാക്കി മാറ്റുന്നു.

ജോനാഥൻ ബേറ്റ് (Jonathan Bate)

ഒരു പ്രമുഖ സാഹിത്യപണ്ഡിതനായ ജോനാഥൻ ബേറ്റ് ഇക്കോക്രിട്ടിസിസത്തിന്റെ മേഖലയിൽ കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സാഹിത്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കി പഠനം നടത്തിയിട്ടുണ്ട്. ഇക്കോക്രിട്ടിസിസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ 'ദ സോംഗ് ഓഫ് ദ എർത്ത്' (2000) എന്ന കൃതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രകൃതിയെ കുറിച്ചുള്ള നമ്മുടെ ധാരണയെ സാഹിത്യം എങ്ങനെ പ്രതിഫലിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നുവെന്ന് അദ്ദേഹം പരിശോധിക്കുന്നു. സാഹിത്യത്തിന്റെയും പരിസ്ഥിതിശാസ്ത്രത്തിന്റെയും പരസ്പരബന്ധം വിശകലനം ചെയ്തുകൊണ്ട്, മനുഷ്യരും പ്രകൃതിലോകവും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം പ്രകടിപ്പിക്കാൻ സാഹിത്യത്തിന് അതുല്യമായ കഴിവുണ്ടെന്ന് ബേറ്റ് വാദിക്കുന്നു. കവിതകൾക്കും സാഹിത്യഗ്രന്ഥങ്ങൾക്കും പാരിസ്ഥിതിക അവബോധം ഉണർത്താനും പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയാൻ വായനക്കാരെ സഹായിക്കാനും കഴിയുമെന്ന് അദ്ദേഹം വിശ്വസിക്കുന്നു.

- സാഹിത്യഗ്രന്ഥങ്ങൾക്ക് പാരിസ്ഥിതിക അവബോധം ഉണർത്താൻ സാധിക്കും

